www.malankaralibrary.com

# ബഥനി ആശ്രമത്തിന്റെ നാൾവഴികളിലൂടെ



എഡിറ്റേഴ്സ്

ഫാ. ജയിംസ് പുതുപ്പറമ്പിൽ ഒ.ഐ.സി.

ഫാ. എബി ഏബ്രഹാം ഒ.ഐ.സി.

BETHANY PUBLICATIONS www.malankaralibrary.com

www.malankaralibrary.com

# ബഥനി ആശ്രമത്തിന്റെ
# നാൾവഴികളിലൂടെ

www.malankaralibrary.com

BETHANY PUBLICATIONS www.malankaralibrary.com

# ബഥനി ആശ്രമത്തിന്റെ നാൾവഴികളിലൂടെ

## ബഥനി സന്യാസി സമൂഹത്തിന്റെ ചരിത്രരേഖകൾ – 2

ഫാ. ജയിംസ് പുതുപ്പറമ്പിൽ ഒ.ഐ.സി.
ഫാ. എബി ഏബ്രഹാം ഒ.ഐ.സി.
എഡിറ്റേഴ്സ്

BP. No. 181

Bethany Ashram Centenary Series - 17
(1919 - 2019)

ബഥനി പബ്ലിക്കേഷൻസ്
കോട്ടയം – 686 010
2018

www.malankaralibrary.com

**bethany asramathinte naalvazhikaliloode**
*(malayalam)*

●

**Fr. James Puthuparampil OIC**
**Fr. Aby Abraham OIC**
Editors

●

First Edition
08 January 2018

●

Publisher

fr. varghese thykkoottathil oic
bethany publications, kottayam-686 010
Ph: 0481 - 2578494
e-mail: bethanyktm@gmail.com

●

Printing
bethany offset printers, kottayam-686 010

●

cover
gibu jacob, nanma

●

rights reserved
bethany publications

●

Price
Rs. 250/-

www.malankaralibrary.com

# മുഖമൊഴി

വിസ്മയത്തോടും ദൈവസ്തുതികളോടുംകൂടി മാത്രമേ തൊണ്ണൂറ്റി ഒമ്പതാം വയസ്സിൽ എത്തിനില്ക്കുന്ന ബഥനിയെക്കുറിച്ച് ചിന്തിക്കാനാവൂ. സത്ത നഷ്ടപ്പെട്ടുകൊണ്ടിരുന്ന പുത്തൻകൂർ വിഭാഗത്തിന്റെ ആത്മീയരോഗങ്ങൾക്കും, അനൈക്യത്തിന്റെ മുറിവുകൾക്കുമുള്ള ഔഷധശാലയായി മാറിയ ബഥനി ആശ്രമം ഏറ്റവും ദ്രുതഗതിയിൽ വളരുന്ന ഒരു വ്യക്തിഗതസഭയുടെ - മലങ്കര കത്തോലിക്കാ സഭയുടെ - ആത്മീയ അടിസ്ഥാനവും പ്രചോദനവുമാണ്. സെറാമ്പൂർ കോളേജ് പ്രൊഫസർ ഉദ്യോഗം രാജിവച്ചുകൊണ്ട് ഫാ. പി. റ്റി. ഗീവറുഗീസ് സന്യാസം വരിച്ചു. അദ്ദേഹം സ്ഥാപിച്ചു പരിപാലിച്ച് മലങ്കരയുടെ ആത്മീയ ഉറവിടമാക്കിത്തീർത്ത ബഥനി ആശ്രമവും, അത് കൊടുത്ത സംരക്ഷണവും പരിത്യജിച്ചുകൊണ്ട് യേശുവിന്റെ ഐക്യദർശനം അദ്ദേഹം തന്റെ ജീവിതകാലത്ത് യാഥാർത്ഥ്യമാക്കി തീർത്തു. പരിശുദ്ധാത്മാവ് സഭയെ നയിക്കുന്നു എന്ന ദൈവിക രഹസ്യത്തിന്റെ വലിയ അടയാളമായി മലങ്കര സുറിയാനി കത്തോലിക്കാ സഭയും ബഥനി ആശ്രമവും നിലകൊള്ളുന്നു. മാർ ഈവാനിയോസ് തിരുമേനി സ്വർഗ്ഗീയ മദ്ധ്യസ്ഥത വഹിച്ചുകൊണ്ട് നമുക്കു വഴികാട്ടുന്നു.

അഞ്ചുലക്ഷത്തോളം വരുന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭാംഗങ്ങൾ തങ്ങളുടെ സ്വത്വത്തെ തിരിച്ചറിയാൻ ഏറ്റവും സഹായകമായ അറിവ് പ്രദാനം ചെയ്യുന്ന ഗ്രന്ഥമാണ് 'ബഥനി ആശ്രമത്തിന്റെ നാൾവഴികളിലൂടെ'. ബഥനി ആശ്രമസ്ഥാപകനായ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയും, അദ്ദേഹത്തിന്റെ ആത്മസുഹൃത്തായിരുന്ന മാർ തെയോഫിലോസ് തിരുമേനിയും, സഹസന്യാസികളും ബഥനി ആശ്രമസ്ഥാപനത്തിലും, കാതോലിക സംസർഗ്ഗം വീണ്ടെടുക്കുന്നതിലും ദൈവിക വെളിപാട് സ്വീകരിച്ച് ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ട് "അവനിൽ വിശ്വസിക്കാൻ മാത്രമല്ല അവനെ പ്രതി സഹിക്കാനുമുള്ള ഭാഗ്യം" പ്രാപിച്ചവരാണെന്ന് വ്യക്തമാക്കുന്നതുമാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. ബഥനിയിൽ ആശ്രമസ്ഥർ പട്ടിണി കിടന്നാലും അനാഥക്കുഞ്ഞുങ്ങൾ വിശക്കരുതെന്ന് ബഥനിക്കാർക്ക് നിർബന്ധമായിരുന്നു. അതിനുവേണ്ടി

www.malankaralibrary.com

ഭിക്ഷാടനം ചെയ്യുന്നത് സന്യാസി അഭിമാനക്ഷതമായി കണ്ടില്ല. തങ്ങളുടെ സഭയുടെ കെടുതി, ചരിത്രഗതിവിഗതികളിൽ പെട്ട് ശീശ്മയിൽപ്പെട്ടതാണെന്നും, അത് പാപകരമായ അവസ്ഥയാണെന്നും തിരിച്ചറിഞ്ഞു. അതിനു പരിഹാരം ചെയ്യുന്നതിനായി ബഥനിക്കാർ തങ്ങളുടെ വാസസ്ഥലവും, സുരക്ഷിതത്വവും വെടിഞ്ഞ് ഒരു സഞ്ചി യിൽ പേറാവുന്ന സാധനങ്ങൾ മാത്രമെടുത്ത് ബഥനിമല വിട്ടിറങ്ങിയത്, ദൈവനാമത്തിന് തങ്ങളാൽ അപകീർത്തി ഉണ്ടാകരുതെന്നും ദൈവത്തിന് ഭൂമിയിൽ മഹത്വം കൊടുക്കണമെന്ന ഉദ്ദേശ്യത്തോടെ യുമായിരുന്നു. ഈ മലയിറക്കത്തിനുശേഷം മൂന്ന് പതിറ്റാണ്ടുകൾ വിശ്വാസത്തിന്റെ പരീക്ഷണത്തിലൂടെ, വാസയോഗ്യമായ ഭവനങ്ങളി ല്ലാതെയും, സന്യാസജീവിതത്തിന് അനുയോജ്യമായ സാഹചര്യങ്ങളി ല്ലാതെയും യുവസന്യസ്തരെ രൂപീകരിക്കാൻ സന്ദർഭങ്ങളില്ലാതെയും കഴിഞ്ഞുപോയി. യേശുവിനെപ്രതി സഹിക്കാനും, അവന്റെ ശൂന്യവൽ ക്കരണത്തിൽ പങ്കാളികളാകാനുമുള്ള ഭാഗ്യമായി ആ കാലഘട്ടം അവർ സ്വീകരിച്ച് ദൈവത്തെ മഹത്വപ്പെടുത്തി. ദൈവപരിപാലനയും, പരിശുദ്ധ സിംഹാസനത്തിന്റെ കരുതലും വളരെയധികം സ്വീകരിച്ച ഒരു സന്യാസി സമൂഹമാണ് ബഥനി ആശ്രമം. ബഥനിയിലെ പൂർവ സൂരികളുടെ അനുഭവങ്ങളുടെ ഒരു രൂപരേഖ ഏറ്റവും സന്തോഷ ത്തോടെ മലങ്കര മക്കൾക്കും ബഥനി ആശ്രമസ്ഥർക്കും ലഭ്യമാക്കു മ്പോൾ അത് സാദ്ധ്യമാക്കിത്തീർത്ത ചരിത്രകമ്മീഷന് അഭിനന്ദനങ്ങൾ നേർന്നു കൊള്ളുന്നു.

ഫാ. ജോസ് കുരുവിള പീടികയിൽ ഒ.ഐ.സി.
സുപ്പീര്യർ ജനറൽ

www.malankaralibrary.com

# എഡിറ്റോറിയൽ

മിശിഹാനുകരണ ബഥനി സന്യാസി സമൂഹത്തിന്റെ ചരിത്രം എഴുതുന്നതിനായി സമൂഹത്തിന്റെ പത്തൊമ്പതാം പൊതു സംഘത്തിന്റെ തീരുമാന പ്രകാരം 2017 മാർച്ചു മാസത്തിൽ, ഒരു കമ്മീഷൻ രൂപപ്പെടുത്തുകയുണ്ടായി.ഫാദർ ജോൺ ബർക്കുമാൻസ് ഒ.ഐ.സി., ഫാദർ ജോർജ് തോമസ് ഒ.ഐ.സി., ഫാദർ ജയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി., ഫാദർ ജോസ് മരിയദാസ് ഒ.ഐ.സി., ഫാദർ മത്തായി കടവിൽ ഒ.ഐ.സി., ഫാദർ ജയിംസ് പുതുപ്പറമ്പിൽ ഒ.ഐ.സി. (പ്രസിഡന്റ്), ഫാദർ ആന്റണി പടിപ്പുരയ്ക്കൽ ഒ.ഐ.സി. എന്നിവരാണ് കമ്മീഷനിലെ അംഗങ്ങൾ.

ആശ്രമ സ്ഥാപനത്തിന്റെ നൂറാം വർഷത്തിലേക്കു പ്രവേശിക്കുന്ന ബഥനി സന്യാസി സമൂഹം, സ്ഥാപനോദ്ദേശ്യം നേടുന്നതിൽ കൊടുക്കുന്ന ശ്രദ്ധ വിലയിരുത്താനും, തീക്ഷ്ണമായ പുനരർപ്പണത്തോടുകൂടി ഭാവി പരിപാടികൾ ക്രമപ്പെടുത്താനും ബഥനിയെ പ്രാപ്തയാക്കുകയാണ് ഈ ചരിത്രപഠനം കൊണ്ടുദ്ദേശിക്കുന്നത്.

ചരിത്രരചനയ്ക്കുപയുക്തമായ രേഖകൾ പലതുണ്ട്. 'ബഥനി ആശ്രമത്തിന്റെ നാൾവഴികളിലൂടെ' എന്ന ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിലൂടെ കൈയ്യെഴുത്തു രൂപത്തിലുള്ള ഈ രേഖകൾ സമൂഹാംഗങ്ങൾക്കും ചരിത്രപഠിതാക്കൾക്കും ലഭ്യമാക്കാനാഗ്രഹിക്കുന്നു. 1980-വരെയുള്ള ബഥനിയുടെ ചരിത്രം, മാർ തെയോഫിലോസ് തിരുമേനിയുടെ ഹ്യസ്വജീവചരിത്രം, സഭാധികാരികളുമായി സമൂഹാദ്ധ്യക്ഷന്മാർ നടത്തിയിട്ടുള്ള കത്തിടപാടുകൾ എന്നിവയാണ് ഈ ഗ്രന്ഥത്തിലെ ഉള്ളടക്കം. 'ബഥനി ചരിത്രം', 1919 മുതൽ 1969 വരെയും, 1980 വരെയുമുള്ള 'നാളാഗമങ്ങൾ' എന്നിവ ക്രോഡീകരിച്ചാണ് ബഥനിയുടെ ചരിത്രം എന്ന ഭാഗം ക്രമീകരിച്ചിരിക്കുന്നത്. ആശ്രമജീവിതം, സന്യാസ പരിശീലനം, ആശ്രമത്തിന്റെ ജീവിതക്രമം, അജപാലനം, സുവിശേഷീകരണം എന്നിങ്ങനെ സ്ഥാപനത്തിന്റെ നൂറാം വർഷത്തിലേക്കു പ്രവേശിക്കുന്ന ബഥനിക്ക്, അവളുടെ 'ഉറവിടം' എന്തായിരുന്നെന്ന് മനസ്സിലാക്കാനും, നഷ്ടപ്പെട്ടതൊക്കെ തിരിച്ചു പിടിക്കാനും സഹായകമാകുന്ന അനേകം സൂചനകൾ ഉൾക്കൊള്ളുന്ന

താണ്, ഈ രേഖ. നിരണം ഭദ്രാസനാധിപനും പിന്നീട് കാതോലിക്കോസുമായ മാർ ഗ്രീഗോറിയോസ് തിരുമേനി മാർ ഈവാനിയോസ് തിരുമേനിക്ക് റമ്പാൻപട്ടം നല്കിയതിനുശേഷം അദ്ദേഹത്തെ അഭിനന്ദിച്ചും ആശംസകൾ അർപ്പിച്ചും എഴുതിയ കത്തും, മാർ ഈവാനിയോസ് പിതാവ് ഫാ. അലക്സിയോസിനെ പണപ്പിരിവിനായി സിംഗപ്പൂരിലേക്ക് അയച്ചപ്പോൾ ചുമതലപ്പെടുത്തിക്കൊണ്ട് കൊടുത്ത കത്തും ഈ ഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ചരിത്രത്തിന്റെ ഭാഗമായി കൊടുത്തിരിക്കുന്ന മാർ തെയോഫിലോസ് തിരുമേനിയുടെ ജീവചരിത്രം അപൂർണ്ണമാകയാൽ, ബഹു.ഏബ്രഹാം അച്ചനും, ബഹു.പക്കോമിയോസ് അച്ചനും മാർ തെയോഫിലോസ് തിരുമേനിയെക്കുറിച്ച് എഴുതിയിട്ടുള്ള കുറിപ്പുകളുടെ സഹായത്തോടെയാണ് മാർ തെയോഫിലോസ് തിരുമേനിയുടെ ജീവചരിത്രം ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ബഥനി സമൂഹാദ്ധ്യക്ഷന്മാർ സഭാധികാരികളുമായി നടത്തിയിട്ടുള്ള കത്തിടപാടുകളുടെ പകർപ്പാണ് ഈ ഗ്രന്ഥത്തിലെ മൂന്നാമത്തെ ഭാഗം.

**നാളാഗമ രചയിതാക്കൾ**

സന്യാസികൾ, തങ്ങൾ ചെയ്യുന്ന ഒരു പ്രവൃത്തിക്കും ഉടമസ്ഥത അവകാശപ്പെടുന്ന രീതി പൗരസ്ത്യ സന്യാസ പാരമ്പര്യത്തിലില്ല. സന്യാസികൾ സ്ഥാപനങ്ങൾക്ക് പ്രാരംഭം കുറിച്ചാൽ, അവയുടെ നിർമ്മിതിയിലുള്ള അവരുടെ പങ്ക് സ്മരിക്കപ്പെടാൻ ഫലകങ്ങൾ ഉണ്ടാക്കുകയോ, അവർ പുസ്തകങ്ങൾ എഴുതിയാൽ രചയിതാവിന്റെ പേര് രേഖപ്പെടുത്തുകയോ ചെയ്യാറില്ലായിരുന്നു. 1929 വരെ വിശ്വാസ പരിശീലനത്തിനും ഭക്തി വർദ്ധനയ്ക്കുമായി ബഥനിയിൽ നിന്നു പ്രസിദ്ധീകരിച്ച കൃതികളിൽ ലേഖകന്മാരുടെ പേരുകൾ ചേർക്കാതിരുന്നത് ഈ കാരണത്താലാണ്. എങ്കിലും ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുമ്പോൾ അതിന്റെ രചയിതാക്കളെ പരിചയപ്പെടുത്തേണ്ടത് ആവശ്യമാണ്. നാളാഗമം എഴുതാൻ നിയോഗിക്കപ്പെട്ടിരുന്ന ജോൺ ശെമ്മാശനും, അദ്ദേഹത്തിന്റെ അസാന്നിധ്യത്തിൽ 'ഗുരു' ആയിരുന്ന ജോഷ്വാ അച്ചനുമാണ് ആദ്യത്തെ കൃതിയുടെ രചയിതാക്കൾ.

**1. ഫാ.ജോഷ്വാ താവളത്തിൽ ഒ.ഐ.സി.**

'എം. എ. അച്ചൻ' എന്ന പേരിൽ മലങ്കരയിൽ അറിയപ്പെട്ടിരുന്ന ബഥനി സന്യാസ സമൂഹ സ്ഥാപകനായ ഫാദർ പി.റ്റി. ഗീവർഗീസ്

കഴിഞ്ഞാൽ, ആശ്രമ പ്രവേശനം തേടിയവരിൽ ഏറ്റവും വിദ്യാസമ്പന്ന നായിരുന്നു ബഥനി ആശ്രമത്തിൽ 15-ാമത്തെ അംഗമായി 1924-ൽ ചേർന്ന താവളത്തിൽ ജോഷ്വാ. വിദ്യാഭ്യാസ യോഗ്യതയ്ക്ക് ആനു പാതികമായ ഗുണനിലവാരം അദ്ദേഹം വ്യക്തിജീവിതത്തിലും, ജീവിത ദർശനത്തിലും പുലർത്തിയിരുന്നു. കുടുംബ-സാമൂഹിക ബന്ധങ്ങ ളിലും, വ്യക്തിജീവിതത്തിലും കാത്തു സൂക്ഷിക്കേണ്ട അകലം പാലിച്ചും നിർമാർജ്ജനം ചെയ്യേണ്ടതിനെ നിർമാർജ്ജനം ചെയ്തും ഏകാഗ്രത, ദൈവഭക്തി, സുകൃതാഭ്യാസനം എന്നിവയിൽ തഴക്കം നേടിയും സന്യാസജീവിതത്തിന്റെ ഉത്തുംഗശൃംഗത്തിലേക്കു ഉയർന്നുകൊണ്ടിരുന്ന ജോഷ്വാ അച്ചൻ മലങ്കര സഭയ്ക്കും, ബഥനി പ്രസ്ഥാനത്തിനും വേണ്ടി ഏതു ജോലിയും അത് അർഹിക്കുന്ന പ്രാധാന്യത്തോടെ നിർവഹിക്കാനുള്ള കർമനിരത നേടിയെടുത്ത വ്യക്തിയായിരുന്നു.

1929 ഏപ്രിൽ 29-ാം തീയതി പെരുനാട് ബഥനി ആശ്രമത്തിൽ വച്ച് മാർ ഈവാനിയോസ് തിരുമേനി അദ്ദേഹത്തിന് വൈദികപട്ടം കൊടുത്തു. 1929 മുതൽ ആശ്രമത്തിലെ 'ഗുരു', വെണ്ണിക്കുളത്ത് ഹൃസ്വകാലത്ത് ആബൂനാ, ബഥനിട്രസ്റ്റിന്റെ ധനകാര്യദർശി, അതിന്റെ സിക്രട്ടറി, മലങ്കര സുറിയാനി കത്തോലിക്കാ ഹയരാർക്കി ഉദ്ഘാടനം ചെയ്യപ്പെട്ട പാളയം സെന്റ് മേരീസ് പ്രോ-കത്തീഡ്രൽ ദേവാലയത്തിനു വേണ്ടി സ്ഥലം കണ്ടുപിടിച്ച് 1933 ജൂൺമാസം 11-ാം തീയതി അത് സംബന്ധിച്ചുള്ള പരിശുദ്ധ സിംഹാസനത്തിന്റെ ഉത്തരവ് നടപ്പിലാ ക്കാൻ ക്രമീകരണങ്ങൾ ചെയ്യുകയും അതിന്റെ ആദ്യത്തെ വികാരിത്വം വഹിക്കുകയും ചെയ്ത വ്യക്തി, തുടർന്ന് തെക്കൻപ്രദേശങ്ങളിൽ അക്രൈസ്തവരുടെയിടയിലുള്ള സുവിശേഷീകരണ ശുശ്രൂഷക്ക് നേതൃത്വം കൊടുക്കാൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയാൽ നിയോഗിക്കപ്പെട്ട വൈദികൻ, ആർച്ചുബിഷപ്പിന്റെ സെക്രട്ടറി, പുനരൈക്യ ശുശ്രൂഷയ്ക്കുവേണ്ടി അയയ്ക്കപ്പെട്ട ബഥാനിയരുടെ ശിഥിലമായിക്കൊണ്ടിരുന്ന സന്യാസജീവിത തനിമ പുനഃസ്ഥാപിക്കാനായി ബഥനി ആശ്രമത്തിന്റെ കാനോനിക സ്ഥാപനത്തിനായി ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്, അഭിവന്ദ്യ മാർ സേവേറിയോസ് തിരുമേനി, അപ്പസ്തോലിക പ്രതിനിധി എന്നിവരു മായി സമയോചിതമായ കത്തിടപാടുകൾ നടത്തിക്കൊണ്ടിരുന്ന ബഥനി ആശ്രമസ്ഥരിൽ പ്രമുഖൻ, ഇന്റർഡയോസിസൻ മ്ശിഹാനുകരണ

സന്യാസി സമൂഹത്തിന്റെ സുപ്പീരിയർ ജനറലായി രണ്ടു പ്രാവശ്യം ശുശ്രൂഷ ചെയ്ത വ്യക്തി, ബഥനി ആശ്രമം 1966-ൽ പൊന്തിഫിക്കൽ പദവി പ്രാപിക്കത്തക്കവണ്ണം ബഥനി ആശ്രമത്തിന്റെ തനിമയും സിദ്ധിയുമനുസരിച്ച് അതിനു നേതൃത്വം കൊടുത്ത ആൾ എന്നിങ്ങനെ ശുശ്രൂഷയിലുള്ള വൈവിധ്യംകൊണ്ടും, സമർപ്പണ ജീവിതത്തിന്റെ നൈർമല്യ വൈശിഷ്ട്യത്താലും അനന്യ വ്യക്തിത്വത്തിന്റെ ഉടമയാണ് ബ.ജോഷ്വാ അച്ചൻ.

നാലാഞ്ചിറ ആശ്രമത്തിൽ വിശ്രമജീവിതം നയിച്ചു കൊണ്ടിരുന്ന ജോഷ്വാ അച്ചൻ 1983 ഏപ്രിൽ 2 ന് കാലം ചെയ്തു. ജീവിതംകൊണ്ടും കർമ്മംകൊണ്ടും മാതൃകയായിരുന്ന ജോഷ്വാ അച്ചൻ ബഥാന്യർക്ക് പ്രചോദനമാകട്ടെ.

**2. ഫാ. ജോൺ കുഴിമേപ്പുറത്ത് ഒ.ഐ.സി.**

ബഥനി ആശ്രമത്തിന്റെ 1930 ലെ നാളാഗമം എഴുതാൻ നിയോഗിക്കപ്പെട്ട വ്യക്തിയായിരുന്നു ജോൺ ശെമ്മാശൻ. ബഥനി ആശ്രമത്തെക്കുറിച്ച് കേട്ടറിഞ്ഞ ജോൺ ശെമ്മാശൻ പെരുനാട് ആശ്രമം സന്ദർശിച്ചു. ആശ്രമസ്ഥരുടെ ദൈവാശ്രയവും ലാളിത്യ ജീവിതവും അദ്ദേഹത്തെ സന്യാസത്തിലേക്കാകർഷിച്ചു. അങ്ങനെ 1927 നവംബർ 29-ാം തീയതി സന്യാസപരിശീലനത്തിനായി ആശ്രമത്തിൽ പ്രവേശിച്ചു. 1929 ൽ സന്യാസപദം സ്വീകരിച്ച അദ്ദേഹം കത്തോലിക്കാ സഭയോട് പുനരൈക്യപ്പെടാൻ പെരുനാട് വിട്ടിറങ്ങിയ വരുടെ കൂടെ വെണ്ണിക്കുളത്തുവന്നു താമസിച്ചു. 1930 സെപ്റ്റംബർ 10-ാം തീയതി മാർ ഈവാനിയോസ് തിരുമേനി അദ്ദേഹത്തിന് വൈദികപട്ടം കൊടുത്തു. തിരുമേനിയെ കാണാൻ സെപ്റ്റംബർ 18-ാം തീയതി തിരുമൂലപുരത്ത് എത്തിയ ജോണച്ചനോട്, കത്തോലിക്കാസഭയോടു പുനരൈക്യപ്പെടാൻ കൊല്ലം അരമനയിലേക്ക് പുറപ്പെടാൻ തുടങ്ങിയപ്പോൾ തന്റെകൂടെ പോരാൻ മാർ ഈവാനിയോസ് തിരുമേനി ആവശ്യപ്പെട്ടു. അങ്ങനെ സെപ്റ്റംബർ 20 ന് പുനരൈക്യപ്പെട്ട ആദ്യ അഞ്ച് അംഗങ്ങളിൽ ഒരാളാവാൻ ജോണച്ചനു ഭാഗ്യം ലഭിച്ചു.

കത്തോലിക്കാസഭയിലുള്ള സന്യാസപരിശീലനം നടത്തുന്ന തിനും ഭാവിയിൽ ബഥനി ആശ്രമാർത്ഥികളുടെ ചുമതല ഏൽപ്പിക്കുന്നതിനുംവേണ്ടി ജോണച്ചനെ പാങ്ങോട്ടുള്ള കർമ്മലീത്താ

ഒന്നാം സമൂഹത്തിലേക്ക് 1931 ൽ അയച്ചു. ഒരുവർഷത്തെ പരിശീലനം കഴിഞ്ഞ് തിരിച്ചെത്തിയ ജോണച്ചൻ 1933 ഫെബ്രുവരി 2-ാം തീയതി പുല്ലാട് ബഥനി ആശ്രമത്തിൽവച്ച് നിത്യവ്രതമെടുത്തു. തിരുവല്ലാ രൂപതയിലും തിരുവനന്തപുരം അതിരൂപതയിലും പ്രേഷിതവേലയിൽ ഏർപ്പെട്ടിരുന്ന ജോണച്ചൻ ധ്യാനപ്രസംഗങ്ങൾ, ആത്മീയോപദേശ ങ്ങൾ എന്നിവ വഴിയായി അനേകരുടെ ആദ്ധ്യാത്മിക വളർച്ചയിൽ മാർഗ്ഗദർശിയായി. പുനരൈക്യപ്രസ്ഥാനത്തോട് കടുത്ത എതിർപ്പ് പ്രദർശിപ്പിച്ചിരുന്ന കാലയളവിൽ അനേകകുടുംബങ്ങളുടെ പുന രൈക്യം സാധിതമായത് അദ്ദേഹത്തിന്റെ ദൈവാശ്രയത്തിന്റെയും ത്യാഗസന്നദ്ധതയുടെയും അടയാളമാണ്. തിരുവല്ലാ രൂപതയിൽ സ്ഥാപിതമായിരുന്ന ദിവ്യരക്ഷ ആശ്രമത്തിന്റെ സുപ്പീരിയർ ജനറലും, തിരുവല്ലാ ബിഷപ്പിന്റെ പ്രതിനിധിയുമായി അച്ചൻ ചുമതല വഹിച്ചിട്ടുണ്ട്. നവസന്യാസഗുരു എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ ശുശ്രൂഷയ്ക്ക് കർമ്മലീത്താ ആശ്രമത്തിൽനിന്ന് ലഭിച്ച പരിശീലന ത്തിന്റെ പിൻബലം ഉണ്ടായിരുന്നു.

തിരുവനന്തപുരം അതിരൂപതയിലും, തിരുവല്ലാ രൂപതയിലുമായി വിഭജിതമായിരുന്ന സമൂഹാംഗങ്ങളുടെ ചിരകാലാഭിലാഷമായിരുന്നു ബഥനി സന്യാസിസമൂഹം ഒരു അദ്ധ്യക്ഷന്റെ കീഴിൽ ഒന്നായി തീരണമെന്നുള്ളത്. ഈ ആഗ്രഹം സഫലീകരിച്ച് ആശ്രമസംയോജനം യാഥാർത്ഥ്യമായപ്പോൾ അതിന്റെ പ്രഥമ സുപ്പീര്യർ ജനറലായി ജോണച്ചനാണ് തിരഞ്ഞെടുക്കപ്പെട്ടത്. 1948 സെപ്റ്റംബർ 21-നായിരുന്നു പ്രസ്തുത തെരഞ്ഞെടുപ്പ് നടന്നത്. ഒരുവർഷത്തേക്കായിരുന്നു കാലാവധി എങ്കിലും അനാരോഗ്യംമൂലം അത് പൂർത്തിയാക്കാൻ കഴിയാതെ വന്ന ജോണച്ചൻ ആരോഗ്യം വീണ്ടെടുത്തശേഷം വീണ്ടും വ്യത്യസ്ത മേഖലകളിൽ പ്രവർത്തി ച്ചിരുന്നു.

ജീവകാരുണ്യപ്രവർത്തനങ്ങളിലൂടെയും, രോഗികളെയും അഗതികളെയും സന്ദർശിച്ചാശ്വസിപ്പിക്കുന്നതിലൂടെയും ബഥനിയുടെ സിദ്ധിയും കരുണയുടെ സുവിശേഷവും മറ്റുള്ളവരിൽ എത്തിക്കു ന്നതിൽ അച്ചന് സാധിച്ചിരുന്നു. പാവപ്പെട്ടവർക്ക് തൊഴിൽ കൊടുക്കണമെന്ന ലക്ഷ്യത്തോടെ പർപ്പടക നിർമ്മാണം സംഘടി പ്പിച്ചതും പുലയനാർ കോട്ടയിലുള്ള ക്ഷയരോഗ പുനരധിവാസകേന്ദ്രം

ആരംഭിച്ചതും അദ്ദേഹത്തിന്റെ പാർശ്വവൽക്കരിക്കപ്പെട്ടവരോടുള്ള ഹൃദയാർദ്രതയ്ക്ക് ഉദാഹരണമാണ്.

നാലാഞ്ചിറ ആശ്രമത്തിൽ വിശ്രമജീവിതം നയിച്ചുകൊണ്ടിരുന്ന ജോണച്ചൻ 1995 ജനുവരി 28-ാം തീയതി ഇഹലോകവാസം വെടിഞ്ഞു. ലാളിത്യത്തിലൂടെ അനേകരുടെ ഹൃദയത്തിൽ പ്രതിഷ്ഠ നേടിയ ഈ താപസൻ അനേകർക്ക് ആത്മീയജീവിതത്തിൽ പുരോഗമിക്കുന്നതിന് പ്രചോദനമായിട്ടുണ്ട്.

**ബഥനി ആശ്രമം: ആത്മീയ രോഗത്തിന്റെയും അനൈക്യത്തിന്റെയും മുറിവുണക്കുന്ന ഔഷധശാല**

ഭാരതത്തിലെ മർത്തോമ്മാ ക്രിസ്ത്യാനികൾ കൂനൻ കുരിശു സത്യത്തെ തുടർന്ന് പഴയ കൂറ്റുകാർ, പുത്തൻകൂറ്റുകാർ എന്നിങ്ങനെ രണ്ടായി തിരിഞ്ഞതും, പുത്തൻകൂർ വിഭാഗം യാക്കോബായ വിശ്വാസം സ്വീകരിച്ച് അന്ത്യോക്യൻ പാത്രിയർക്കീസിന്റെ ഭരണത്തിൻ കീഴിൽ വന്നതും, യാക്കോബായ സഭാ വിഭാഗം വീണ്ടും പിളർന്ന് 'ബാവാ കക്ഷി', മെത്രാൻ കക്ഷി' എന്നിങ്ങനെ രണ്ടായിത്തീർന്നതും ചരിത്രസംഭവങ്ങളാണ്. ദോഷവും നഷ്ടവും വരുത്തുന്നതിനെ ഒക്കെയും, ശുഭകരവും അനുഗ്രഹപ്രദവുമാക്കിത്തീർക്കുന്ന ദൈവം സ്വാർത്ഥമായ മാനുഷിക മനോഭാവത്തെ അതിജീവിക്കുന്നതിനായി ആത്മീയ നേതാക്കന്മാരിലൂടെ എങ്ങനെ തന്റെ സഭയെ കരുതി പരിപാലിക്കുന്നു എന്നതിന്റെ ഉത്തമ ഉദാഹരണമാണ് യാക്കോബായ സഭയുടെ ആദ്ധ്യാത്മിക നവീകരണത്തിനായി പി.റ്റി.ഗീവർഗീസ് പണിക്കരുവീട്ടിൽ എം.എ. അച്ചനെ ഒരുക്കിയതും വിളിച്ചു വേർതിരിച്ച്, അദ്ദേഹം വഴിയായി ബഥനി ആശ്രമം എന്നു വിളിക്കപ്പെടുന്ന മ്ശിഹാനുകരണ സന്യാസി സമൂഹം സ്ഥാപിച്ചതും, 1653-ാമാണ്ടിൽ നഷ്ടപ്പെട്ട സാർവ്വത്രിക സഭയുമായുള്ള സംസർഗ്ഗം വീണ്ടെടുക്കാൻ ഈ ചെറിയ സമൂഹത്തെ ഉപകരണമാക്കിത്തീർ ത്തതും. പുത്തൻകൂർ വിഭാഗത്തിൽ നിന്നും പ്രൊട്ടസ്റ്റന്റു വിഭാഗങ്ങളിൽ നിന്നും കത്തോലിക്കാസഭാംഗങ്ങളായവരും, അക്രൈസ്തവരുടെ കൂട്ടത്തിൽ നിന്നും ക്രിസ്തുവിശ്വാസം സ്വീകരിച്ചവരുമായി 9 രൂപതകളിലും പൂനാ-കഡ്കി എക്സാർക്കേറ്റിലുമായി 5 ലക്ഷത്തോളം വരുന്ന മലങ്കര കത്തോലിക്കാ സഭാംഗങ്ങളുടെ സഭാതനിമയും, ആദ്ധ്യാത്മിക പൈതൃകവും 1919 ആഗസ്റ്റ് 15-ന് പത്തനംതിട്ട താലൂക്കിൽ പെരുനാട്

വില്ലേജിൽ മുണ്ടൻമല എന്ന കുന്നിൽ ദൈവദാസൻ മാർ ഈവാനി യോസ് എന്ന് ഇപ്പോൾ അറിയപ്പെടുന്ന ഫാദർ പി.റ്റി.ഗീവർഗീസിനാൽ സ്ഥാപിതമായ ബഥനി ആശ്രമത്തിന്റെ ദർശനവും, ആദ്ധ്യാത്മികതയും, ചരിത്രവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.

കൂനൻകുരിശു സത്യത്തെ തുടർന്ന് സഭയിലുണ്ടായ പിളർപ്പും, അതിനുശേഷം കടന്നുകൂടിയ ശീശ്മയും ക്രിസ്തുവിന്റെ ശരീരത്തിനുണ്ടായ മുറിവാണെന്നു മനസ്സിലാക്കിയ ബഥനി മെത്രാപ്പോലീത്താ, സഭാഗാത്രത്തിലുണ്ടായ മുറിവുണക്കുന്നതിന് തന്നാലാവുന്നതെല്ലാം ചെയ്യണമെന്നാഗ്രഹിക്കയും, അത് ദൈവിക പദ്ധതിയാണെന്ന് തിരിച്ചറിയുകയും ചെയ്തു. ശീശ്മയെ ഇല്ലായ്മ ചെയ്യുന്നതിനായി സ്വയം എളിമപ്പെട്ട്, ശൂന്യവല്കരിച്ച സംഭവമാണ്, അദ്ദേഹം സ്ഥാപിച്ചു വളർത്തി മലങ്കരയുടെ ആത്മീയ ശക്തി കേന്ദ്രമാക്കിത്തീർത്ത മുണ്ടൻ മലയിലെ ബഥനി ആശ്രമത്തോട് യാത്ര പറഞ്ഞ്, ഒരു തീർത്ഥാടകനായി, ഒരു ഭാണ്ഡത്തിൽ പേറാവുന്ന അവശ്യസാധനങ്ങൾ മാത്രം എടുത്തുകൊണ്ട് 'മുണ്ടൻ മലയേ! സമാധാനത്തോടെ വസിക്കുക' (പുശ്ബശ്ലോമോ) എന്നാശംസിച്ചു കൊണ്ട് അവിടെ നിന്നു പടിയിറങ്ങുമ്പോൾ നാം കാണുന്നത്. 1930 ആഗസ്റ്റ് 20-ന് മുണ്ടൻ മലയിൽ നിന്നിറങ്ങുമ്പോൾ എങ്ങോട്ടു പോകണമെന്ന് ഉദ്ദേശിച്ചുവോ, അവിടേക്കു പോകാതെ 20 പേരടങ്ങുന്ന ആ തീർത്ഥാടകസംഘം സന്ധ്യയോടുകൂടി വെണ്ണിക്കുളത്ത് എത്തിച്ചേർന്നത് മാനുഷിക ക്രമീകരണമനുസരിച്ചായിരുന്നില്ല; അത് ദൈവപരിപാലനയായിരുന്നു. തിരുവല്ലായ്ക്ക് പോകേണ്ടതിനു പകരം വെണ്ണിക്കുളത്തെത്തിച്ചേർന്ന ബഥനി ആശ്രമസ്ഥർക്കും 4 അനാഥ ബാലന്മാർക്കും ആ നാട്ടുകാർ അന്ന് അത്താഴം കൊടുത്തു. അടുത്ത ദിവസം മുതൽ ഒരു മാസത്തേക്ക് കാഞ്ഞരത്തുങ്കൽ ഭവനം ബഥനി ആശ്രമസ്ഥരുടെ വാസസ്ഥലം. ബഥനിത്തിരുമേനിയുടെയും, സഹസന്യസ്തരുടെയും ആശ്രിതാവസ്ഥ കണ്ട് മനസ്സലിഞ്ഞ ഒരു ഹൈന്ദവസഹോദരൻ (വരിക്കണ്ണാമല വൈദ്യൻ) സ്വന്തമായി പണം കണ്ടെത്തി ബഥനി ആശ്രമം സ്ഥാപിക്കാനായി നാലര ഏക്കർ സ്ഥലം പുല്ലാട്ട് വാങ്ങിച്ചുകൊടുത്തു. ദൈവഹിതമനുസരിച്ചുള്ള ഒരു ജോലിയാണ് തങ്ങൾ ചെയ്യാനിറങ്ങി യിരിക്കുന്നതെന്നു ബഥനിക്കാരെ ബോധ്യപ്പെടുത്തുന്നതിനുള്ള സ്വർഗ്ഗത്തിന്റെ സ്ഥിരീകരണമായിരുന്നു ഇതെല്ലാം.

ഈജിപ്തിന്റെ അടിമത്വത്തിൽനിന്നും മോചിതരാവാൻ ഇസ്രായേൽക്കാർക്ക് പുറപ്പാട് അനിവാര്യമായിരുന്നു. നഷ്ടപ്പെട്ട കാതോലിക സംസർഗം പുനസ്ഥാപിച്ചുകൊണ്ട് ഐക്യത്തിന്റെ പുളിമാവായിത്തീരാൻ തിരഞ്ഞെടുക്കപ്പെട്ട ബഥനിയും ഒരു പുറപ്പാടനുഭവത്തിന്, ശൂന്യവല്ക്കരണത്തിന് വിധേയമാകണമെന്നത് ദൈവപദ്ധതിയായിരുന്നു. പല തലമുറകൾ ജീവിച്ച് സ്വന്തനാടായി കരുതിയിരുന്ന ഈജിപ്തിൽ നിന്ന് ഇസ്രായേൽക്കാർ പുറപ്പെടുമ്പോൾ, താമസം, ആഹാരം, വസ്ത്രം തുടങ്ങി സുരക്ഷിതത്വം പ്രദാനം ചെയ്യുന്ന യാതൊന്നിനെക്കുറിച്ചും അവർക്ക് ഉറപ്പില്ലായിരുന്നു. എങ്കിലും ദൈവം അവരെ നയിച്ച് വാഗ്ദത്ത നാട്ടിലെത്തിച്ചു. മാർ ഈവാനിയോസ് എന്ന താപസനും, സഹപ്രവർത്തകൻ മാർ തിയോഫിലോസും "എല്ലാം ഉപേക്ഷിച്ച് നാഥനെ പിഞ്ചെല്ലുക" എന്നു തങ്ങൾ കേട്ട ആന്തരിക സ്വരം പിഞ്ചെന്നു. 'പകൽ മേഘസ്തംഭവും, രാത്രിയിൽ അഗ്നിത്തൂണും പ്രദാനം ചെയ്ത് നയിക്കുകയും, പരിപാലിക്കുകയും ചെയ്യുന്നവൻ വേണ്ടത് പ്രദാനം ചെയ്യും' എന്ന ബോധ്യത്തോടെ അവർ തങ്ങളുടെ വാസസ്ഥലം വിട്ടിറങ്ങി. ദൈവത്തെ ആരാധിക്കാനായിരുന്നു ഇസ്രായേല്യർ ഈജിപ്ത് വിട്ടിറങ്ങിയത്. പണത്തിനും പദവിക്കും വേണ്ടിയുള്ള ദുർമോഹത്താൽ ക്രൈസ്തവചൈതന്യം നഷ്ടപ്പെടുത്തിയ സംവിധാനത്തിൽ നിന്നും, പുത്തൻകൂർ സഭാവിഭാഗത്തെ സ്വതന്ത്രയാക്കി വി.പത്രോസ് ശ്ലീഹായുടെ പിൻഗാമിയായ മാർപാപ്പാ നേതൃത്വം കൊടുക്കുന്ന സത്യസഭയുമായുള്ള സംസർഗ്ഗം നേടിയെടുക്കുന്നതിനായിരുന്നു, പ്രാർത്ഥനയും, പരിത്യാഗജീവിതവുംകൊണ്ട് പണിതുയർത്തി തീർത്ഥാടന കേന്ദ്രമായിത്തീർന്ന മുണ്ടൻമല വിട്ടിറങ്ങാൻ ബഥനി ആശ്രമസ്ഥർ തീരുമാനിച്ചത്.

277 വർഷത്തെ ഇടവേളയ്ക്കുശേഷം 1930 സെപ്റ്റംബർ 20-ന് കത്തോലിക്കാസഭയുമായുള്ള സംസർഗ്ഗം പുനസ്ഥാപിക്കപ്പെട്ടു. ദൈവനാമം മഹത്വപ്പെടുത്തണമെന്നുള്ള ഏകോദ്ദേശ്യത്തോടുകൂടി ദൈവവിളി സ്വീകരിച്ച് സന്യാസജീവിതം നയിച്ചുവന്ന മാർ ഈവാനിയോസ് തിരുമേനിയുടെ ഒരു വ്യക്തിഗത നേട്ടം കൂടിയായിരുന്നു ഈ ചരിത്രസംഭവം.

### പുനരൈക്യശുശ്രൂഷയ്ക്കുവേണ്ടി സ്വയം ശൂന്യരാക്കിയ ബഥാന്യർ

1930 ആഗസ്റ്റ് 20 മുതൽ 1933-ൽ നാലാഞ്ചിറയിലേക്കു വാസം മാറ്റുന്നതുവരെയുള്ള കാലം ബഥനി ആശ്രമസ്ഥർക്ക് പ്രവാസ

ജീവിതമായിരുന്നു. പുനരൈക്യപ്പെട്ടതിനുശേഷം, മാർ ഈവാനിയോസ് തിരുമേനിയും, മാർ തിയോഫിലോസ് തിരുമേനിയും നേതൃത്വം കൊടുത്തുകൊണ്ടിരുന്ന ഈ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിൽ ഇവർ പൂർണ്ണമായി വ്യാപൃതരായിരുന്നു. ആ കാലത്ത്, ഒരു സന്യാസ സമൂഹമെന്നുള്ള തനിമ നേടാൻ കഴിയാതിരുന്നതും, അർത്ഥികളെ സ്വീകരിക്കാനും പരിശീലിപ്പിക്കാനും പര്യാപ്തമായ അവസരവും, സൗകര്യങ്ങളും ഇല്ലാതെ പോയതും അതിജീവനത്തിനു വേണ്ടി പോരാടിക്കൊണ്ടിരുന്ന ബഥനിയുടെ നാൾവഴികളാണ് അവശേഷിപ്പി ക്കുന്നത്. ബഥനി ആശ്രമത്തെ കാനോനികമായി സ്ഥാപിക്കുന്നതിന് തനിക്ക് കഴിഞ്ഞിട്ടില്ലെന്നും, അതിനായി ഒരു ആസ്ഥാനകേന്ദ്രം അവർ ക്കില്ലാത്തത് ഒരു കാരണമാണെന്നും, പുനരൈക്യ പ്രസ്ഥാനത്തിനു വേണ്ടി സകല ത്യാഗവും സഹിച്ച് ഇറങ്ങി ത്തിരിച്ച ആശ്രമസ്ഥ രെക്കുറിച്ച് സമൂഹസ്ഥാപകനും അതിന്റെ സുപ്പീരിയർ ജനറലു മായിരുന്ന ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനി തിരുവനന്തപുരം അതിരൂപത സ്ഥാപിച്ച് 15 വർഷങ്ങൾ കഴിയുമ്പോൾ എഴുതിയിട്ടുണ്ട്. മലങ്കര കത്തോലിക്കാസഭയുടെ വളർച്ചയ്ക്കുവേണ്ടി ആയുസ് കൊടുത്ത ബഥനി ആശ്രമസ്ഥരുടെ പരീക്ഷണത്തിന്റെയും അത് നേരിട്ട അവരുടെ ആധ്യാത്മിക ബലത്തിന്റെയും അനുഭവമാണ് ഈ കാലഘട്ടം സാക്ഷ്യം വഹിക്കുന്നത്. എന്നാൽ 1948-ൽ ബഥനി ആശ്രമം ഇന്റർഡയോസിഷനായി രൂപപ്പെട്ടതും, 1966-ൽ ബഥനി ആശ്രമത്തിനു പൊന്തിഫിക്കൽ പദവി ലഭിച്ചതും ബഥനിയുടെ നിലനില്പിന്റെ ചരിത്രത്തിലെ നിർണായക വഴിത്തിരിവുകളാണ്.

**വിശ്വസ്തതയോടുകൂടിയ പുനരർപ്പണം ഇന്നിന്റെ ആവശ്യം**

1980 വരെയുള്ള ബഥനിയുടെ ചരിത്രം രചിക്കപ്പെടുമ്പോൾ നിലനില്പിനുവേണ്ടിയുള്ള ബഥനിയുടെ ശ്രമങ്ങൾ വിജയത്തിലെത്തി യതായി നാം കാണുന്നു. പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും ജീവിതം നയിച്ചുകൊണ്ട് സമൂഹ ജീവിതത്തിലൂടെ ക്രൈസ്തസാക്ഷ്യം നല്കി, ഭാരത മാനസാന്തരത്തിനായി സ്വയം സമർപ്പണം ചെയ്യുക എന്നതാണല്ലോ ബഥനിയുടെ സിദ്ധി. ബഥനിയുടെ പൂർവ സൂരികൾ ഈ ലക്ഷ്യം നേടുന്നതിനായി സ്വായത്തമാക്കിയിരുന്ന പൗരസ്ത്യ സന്യാസമുറകളിലും, ഭാരതീയ ആത്മീയപാരമ്പര്യങ്ങളിലും ദൃശ്യമായി രിക്കുന്ന മൂല്യങ്ങൾ - ധ്യാനം, ഏകാന്തത, മൗനം, ഏകാഗ്രത, അദ്ധ്വാനം

ആദിയായവ – ബഥനി ആശ്രമത്തിന്റെ ഓരോ ശാഖാമന്ദിരത്തിന്റെയും മുഖമുദ്രയും അവിടെ വസിക്കുന്നവരുടെ കൈമുതലുമാകുമ്പോൾ, ബഥാനിയന് അഭിമാനിക്കാം. അതാണ് ബഥനിയുടെ തനിമ. ആ സ്ഥിതി പ്രാപിക്കുന്നതിന് അഹമകമികയാ ശ്രമിക്കാൻ ഓരോ ബഥനി ആശ്രമ സ്ഥനും കടമയുണ്ട്. മുണ്ടൻ മലയോട് 'പുശ്ബശ്ലോമോ' പറയാനും, പ്രവാസകാലത്തെ യാതനകൾ ദൈവഹിതമായി മനസിലാക്കാനും കഴിഞ്ഞ ബഥനി ആശ്രമസ്ഥരെക്കുറിച്ച് "നിന്റെ യൗവനത്തിലെ വിശ്വസ്തതയും വധുവിനടുത്ത സ്നേഹവും ഞാൻ ഓർമ്മിക്കുന്നു. മരുഭൂമിയിൽ, കൃഷി യോഗ്യമല്ലാത്ത നാട്ടിൽ നീ എന്നെ അനുഗമിച്ചത് ഞാൻ ഓർക്കുന്നു" (ജെറമിയാ 2:2) എന്ന വചനം അന്വർത്ഥമാണ്. നൂറാം വയസ്സിലേക്കു പ്രവേശിക്കുന്ന ബഥനിയുടെ വിശ്വസ്തതയെ ക്കുറിച്ചും ഇപ്രകാരമുള്ള ഒരു സംതൃപ്തി അതിന്റെ പരിപാലകൻ പ്രകടിപ്പിക്കാൻ തക്കവണ്ണം ബഥനി ഭാഗ്യം പ്രാപിക്കട്ടെ. മുൻഗണനാ ക്രമത്തിൽ ബഥനിയുടെ അപ്പസ്തോലിക പ്രവർത്തനങ്ങൾ നടപ്പിൽ വരുത്താൻ പൂർവപിതാക്കന്മാർ പ്രദർശിപ്പിച്ച ഇച്ഛാശക്തിയും, കർമ്മധീരതയും ബഥനി ആശ്രമ നേതൃത്വത്തിനുണ്ടാകട്ടെ. അതു നടപ്പിലാക്കാൻ സമൂഹാംഗങ്ങൾക്ക് കഴിയട്ടെ.

ഈ പുസ്തകം ബഥനി പ്രസിദ്ധീകരണത്തിന്റെ 181-ാമത്തെയും ബഥനി സെന്റിനറി സീരിസിലെ 15-ാമത്തെയും കൃതിയായിട്ടാണ് പ്രസിദ്ധീകരിക്കുന്നത്. ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തിനു വേണ്ട പ്രോത്സാഹനവും സഹായവും തന്ന പെ.ബ.ജനറാളച്ചനോടും ജനറൽ കൗൺസിൽ അംഗങ്ങളോടുമുള്ള കൃതജ്ഞത രേഖപ്പെടുത്തി ക്കൊള്ളുന്നു. പ്രസിദ്ധീകരണത്തിന്റെ കാര്യദർശിയായ ബ.വർഗീസ് തൈക്കൂട്ടത്തിലച്ചനും, ബഥനിപ്രസിന്റെ ചുമതല വഹിക്കുന്ന ബ. ബ്രദർ ഗ്രേഷ്യസിനും ഹൃദയംഗമായ നന്ദി.

എഡിറ്റേഴ്സ്

# ഉള്ളടക്കം

| | |
|---|---|
| എഡിറ്റോറിയൽ | 7 |
| **ഭാഗം ഒന്ന് : ബഥനി ആശ്രമചരിത്രം 1919-1980** | **29** |
| മലങ്കരസഭാ ചരിത്രത്തിലേക്ക് ഒരു എത്തിനോട്ടം | 29 |
| ബഥനി സ്ഥാപകനും സ്ഥാപനവും | 32 |
| നവാഗതർ | 45 |
| ഉപജീവനം | 45 |
| ബഥനി അനാഥശാല | 47 |
| ബഥനിയിലെ കൃഷികൾ | 49 |
| ബഥനിയിലെ കന്നുകാലിവർഗ്ഗം | 51 |
| പെരുനാട്ടിലെ ഔദാര്യവാനായ കൃഷിക്കാരൻ | 52 |
| മുറിമറ്റം കുര്യൻ പൗലോസ് | 52 |
| ആശ്രമഗുരുവും ശിഷ്യന്മാരും | 53 |
| ബഥനിപ്രസും പ്രസിദ്ധീകരണങ്ങളും | 54 |
| ആദ്ധ്യാത്മികസംഭാവനകൾ | 55 |
| ആബൂനായും നാഥനും | 55 |
| ആശ്രമ പിതാവിന്റെ റമ്പാൻ സ്ഥാനാഭിഷേകം (28-1-1925) | 56 |
| മാർ ഗ്രിഗോറിയോസ് തിരുമേനി പി.റ്റി.ഗീവർഗീസ് റമ്പാച്ചന് എഴുതിയ കത്ത് | 57 |
| ആബോ ഗീവർഗ്ഗീസ് മെത്രാനായി വാഴിക്കപ്പെട്ടു | 60 |
| മാർ ഈവാനിയോസിനു മുടക്കു കല്പന | 60 |
| പട്ടംകൊടയും സന്യാസ വ്രതാനുഷ്ഠാനവും | 61 |
| തിരുവല്ലാ പട്ടണത്തിൽ ഒരു ബഥനിപ്പള്ളി | 62 |
| പെരുനാട് ആശ്രമത്തിൽ പുതിയ ക്രമീകരണം | 63 |

BETHANY PUBLICATIONS www.malankaralibrary.com

ഫാദർ അലക്സിയോസ് ബഥനിയ്ക്കു വേണ്ടി
പണപ്പിരിവിനായി സിംഗപ്പൂരിലേയ്ക്ക് 63

Authorisation of the Bishop 63

നവശിഷ്യപദത്തിലേയ്ക്ക് 64

ബഥനിയും കത്തോലിക്കാസഭയും 64

ബഥനി മെത്രാപ്പോലീത്തായും എപ്പിസ്കോപ്പായും 65

ബഥനിക്ക് രണ്ട് കശീശാമാർകൂടെ 66

കഷ്ടാനുഭവ ശുശ്രൂഷകൾക്ക് ഇടവകപ്പള്ളിയിലേക്ക് 66

ഫാദർ ഗീവർഗ്ഗീസ് യാക്കോബായ സഭ വിട്ടു 67

പ്രാർത്ഥനായോഗങ്ങൾക്കു പോകുന്നു 70

സന്ന്യാസിമാരുടെ അദ്ധ്വാനം 70

മാർ ഈവാനിയോസിനും, മാർ തെയോഫിലോസിനും ലഭിച്ച
നിരോധന കല്പന 75

പെരുനാട്ടു സത്രത്തിലെ ബഥനിയോഗം 78

ധർമ്മനിധിദായകന്മാരുടെ മീറ്റിംഗ് 80

യോഗ നിശ്ചയങ്ങൾ 84

ആബൂനായുടെ ആഗമനം 99

ആബൂനായുടെ രോഗം 112

ഒരു സന്തോഷവാർത്ത 113

വലിയ സന്തോഷദൂത് 113

ഒരു റോമാ ന്യൂസ് വാഹിനി 121

പുനരൈക്യചിന്തകൾ 128

രഹസ്യ സന്ദർശനങ്ങൾ 129

പുലിക്കോട്ടു റമ്പാച്ചനും ചേപ്പാട്ടു റമ്പാച്ചനും കാതോലിക്കാ
ബാവയുടെ കല്പന 131

തിരുവല്ലാ ബഥനിപ്പള്ളിയിൽ കശപിശ 131

തിരുവല്ലാ ബഥനിപ്പള്ളി പൂട്ടിയിടുന്നു 132

ഫാദർ അലക്സിയോസിന്റെ എതിർ പ്രചരണം 132
പെരുനാട് ആശ്രമംവിട്ടിറങ്ങാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു എന്നുള്ള ആശ്രമപിതാവിന്റെ പ്രസ്താവന 133
വന്ദ്യപിതാവിന്റെ ക്ഷമായാചന 133
ബഥനി ചാപ്റ്റർ 134
ആശ്രമാദ്ധ്യക്ഷന്റെ ഹൃദയസ്പൃക്കായ രോദനം 134
ആശ്രമപിതാവും അശ്രമസ്ഥരും മാതൃമന്ദിരം വിട്ടിറങ്ങുന്നു 135
കാഞ്ഞരത്തുങ്കൽ ഭവനം പുതിയ ബഥനി ആശ്രമമായി രൂപാന്തരപ്പെടുന്നു 137
വന്ദ്യപിതാവും വട്ടശ്ശേരിൽ പിതാവുമായുള്ള സംഗമം 137
എവുപ്പതിയക്നോൻ പട്ടവും മ്ശംശോനോ പട്ടവും 139
ആശ്രമസ്ഥന്മാരുടെ ത്രിശങ്കു സ്വർഗ്ഗവാസം 139
ഫാദർ ബർസ്കീപ്പായുടെ വിഭ്രാന്തി 140
കോട്ടയത്തു അസോസിയേഷൻ കമ്മിറ്റിയോഗം 142
ബഥനിക്കു ഒരു പുതിയ കശീശാ കൂടെ 143
ചരിത്രം സൃഷ്ടിച്ച പുനരൈക്യം 1930 സെപ്റ്റംബർ 20-ാം തീയതി 143
ഫാദർ സ്തേഫാനോസിന്റെ രോഗം 144
ബഥന്യാശ്രമസ്ഥർ പുതിയ വസതിയിലേയ്ക്ക് 144
ആശ്രമപ്പറമ്പിലേയ്ക്ക് റോഡ് 145
പുല്ലാട്ട് വിജാതീയമിഷൻ 148
ബഥനിയുടെ പ്രഥമരക്തസാക്ഷി ഫാദർ സ്തേഫാനോസ് 148
ബ.ഫാദർ പ്രൊത്താസിസ് റ്റി.ഒ.സി.ഡി 149
പുല്ലാട്ട് ആശ്രമത്തിൽ നവശിഷ്യ പരിശീലനം 149
ഫാ. ജോൺ പാങ്ങോട്ട് ആശ്രമത്തിലേയ്ക്ക് 150
പുതിയ ആസ്പിരൻസ് 150
ഗ്രേമൂറിലെ Atonement Society യുമായി Affiliation 150

www.malankaralibrary.com

തിരുവല്ലായിൽ Petit seminary തുറന്നു 152
വിചിത്രമായ വ്രതാനുഷ്ഠാനം 152
ഇന്നു രാത്രി അതിർത്തി കടക്കണം 153
ആർച്ചു ബിഷപ്പു തിരുമേനി റോമിൽ 155
അതിരൂപതയുടെ ആസ്ഥാനം തിരുവനന്തപുരത്തായിരിക്കണം 155
ബഥനി ബ്രദേഴ്സിന്റെ സിമ്മനാരിപഠനം ചെത്തിപ്പുഴയിൽ 156
ആശ്രമസ്ഥന്മാർ തിരുവനന്തപുരത്തേയ്ക്ക് 156
ലത്തീൻ റീത്തിലെ ഉന്നതാധികാരികൾ കുന്നുകുഴിയിലെ വസതിയിൽ 157
ഫാ. ജോൺ പാങ്ങോട്ട് ആശ്രമത്തിലെ നോവിഷ്യേറ്റ് പരിശീലനം കഴിഞ്ഞ് ബഥനിയിലേയ്ക്കു പോകുന്നു 158
ആർച്ചുബിഷപ്പ് തിരുമേനി യൂറോപ്യൻ പര്യടനം കഴിഞ്ഞ് തിരിച്ചെഴുന്നെള്ളി 159
ബഥന്യാശ്രമത്തിനുവേണ്ടി നാലാഞ്ചിറ ഒരു സ്ഥലം വാങ്ങി 160
സിനിമാഹാൾ പള്ളിയായി രൂപാന്തരപ്പെടുന്നു 161
അതിരൂപതാ - രൂപതകളുടെ കാനോനിക ഉദ്ഘാടനം 161
വാണാച്ചിറ യോഗം 162
ആശ്രമ സുപ്പീരിയറിന്റെ തിരഞ്ഞെടുപ്പ് 163
പുതിയ സന്യാസാർത്ഥികൾ 163
ബഥന്യാശ്രമം നാലാഞ്ചിറയിലേയ്ക്ക് 164
അലക്സന്ത്രയോസ് ശെമ്മാശ്ശൻ മുതൽ പേർ സിമ്മനാരി പഠനം കഴിഞ്ഞ് തിരിച്ചെത്തുന്നു 164
ശെമ്മാശ്ശപ്പട്ടം, നവശിഷ്യപദ പ്രവേശനം 164
ആർച്ചുബിഷപ്പു തിരുമനസ്സിലെ ശിപാർശ കത്ത് 165
പട്ടംകൊട 166
തിരുവല്ലായിൽ ഒരു പുതിയ ഡയോസിസൻ സന്യാസ സമൂഹം 166
കത്തോലിക്കാ സഭയിൽ നാലു സംവത്സരങ്ങൾ പിന്നിട്ട ബഥനി 167

| | |
|---|---|
| ബഥനിക്കാർ തിരുവല്ലയിലേയ്ക്ക് | 172 |
| ഫാ. പയസ് TOCD തിരുവനന്തപുരം ആശ്രമത്തിൽ വികാരിയായി നിയമിക്കപ്പെടുന്നു | 174 |
| ദലഗാദ് അപ്പസ്തോലിക്ക് തിരുമനസ്സിലെ സന്ദർശനം | 174 |
| മാർ തിയോഫിലോസ് തിരുമേനിയുടെ ആലസ്യം | 175 |
| തിരുവനന്തപുരം ആശ്രമത്തിലെ വ്രതനവീകരണം, പട്ടംകൊട | 176 |
| പാളയം സെന്റ് മേരീസ് പ്രോ-കത്തീഡ്രൽ | 177 |
| ബ. പയസ് അച്ചന്റെ പിൻഗാമി ഫാദർ യൗനാൻ | 177 |
| കശീശാപട്ടം | 177 |
| റൂൾസ് കമ്മിറ്റി: 1 | 177 |
| മാർ സേവേറിയോസു തിരുമേനിയുടെ കത്തോലിക്കാ പുനരൈക്യവും അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ നിയമനവും | 178 |
| ഫാദർ ഗീവർഗ്ഗീസ് വീണ്ടും തിരുവല്ലാ ബഥനി ആശ്രമത്തിലേക്ക് | 178 |
| വ്രതാനുഷ്ഠാനം | 179 |
| ബ്രദർ ബനഡിക്ടിന്റെ നിത്യവ്രതാനുഷ്ഠാനം | 179 |
| അപ്പസ്തോലിക വിദ്യാർത്ഥികൾ, ഒരു പുതിയ പരീക്ഷണം | 180 |
| തിരുവല്ലാ ആശ്രമത്തിലെ മറ്റു ദൈവവിളികൾ | 181 |
| ഫാദർ പക്കോമിയോസ് തിരുവല്ലാ ആശ്രമസുപ്പീരിയർ | 182 |
| അഞ്ചു ബഥനി പട്ടക്കാർ കൂടെ | 182 |
| ഫാദർ സെറാഫിയോൻ നാലാഞ്ചിറ ആശ്രമസുപ്പീരിയർ | 182 |
| കറ്റാണം ആശ്രമം | 183 |
| പൂളച്ചിറ | 184 |
| കറ്റാണം വിദ്യാലയം | 186 |
| ഫാദർ ജോൺ തിരുവല്ലാ സുപ്പീരിയർ ജനറലായി തിരഞ്ഞെടുക്കപ്പെട്ടു | 189 |
| ആശ്രമസംയോജനം (ഇന്റർഡയോസിഷൻ ആശ്രമം) | 189 |
| ഫാദർ ബനഡിക്ട് ബിരുദധാരിയായി മടങ്ങിയെത്തുന്നു | 191 |

സംയോജനാനന്തരമുള്ള രണ്ടാമത്തെ ജനറൽ ചാപ്റ്റർ 192

നിയമ സംഹിത അംഗീകരണാർത്ഥം സമർപ്പിക്കപ്പെട്ടു 193

ആചാരഗ്രന്ഥ നിർമ്മാണം 193

ജനറൽ കൗൺസിൽ യോഗം 194

മാർ ഈവാനിയോസ് തിരുമേനിയുടെ മെത്രാഭിഷേക
സിൽവർ ജൂബിലി 195

നോവിഷ്യറ്റ് പരിശീലനമാരംഭിച്ചു 196

പുതിയ നിയമസംഹിതകൾ 196

പട്ടംകൊട 198

പുതിയ നിയമ സംഹിത ഔദ്യോഗികമായി നല്കപ്പെട്ടു 198

നൊവിഷ്യേറ്റ് പ്രവേശനം 199

തിരുവനന്തപുരം ആശ്രമത്തിൽ നവശിഷ്യ പരിശീലനം 200

19-ാം ശതവർഷ ജൂബിലി 200

ഫാദർ മൈക്കിളിന്റെ പട്ടാഭിഷേകം 200

എറണാകുളത്തു നടന്ന ശതവർഷാഘോഷങ്ങൾ 201

ബനഡിക്ട് അച്ചനു റമ്പാൻ പട്ടം 201

ബനഡിക്ട് തിരുമേനിയുടെ മെത്രാഭിഷേകം 201

ബ. മൈക്കിളച്ചൻ മാർ ഈവാനിയോസ് കോളജിൽ
സിറിയക് പ്രൊഫസർ 201

മോൺസിഞ്ഞോർ ലൊംബാർഡി അപ്പസ്തോലിക വിസിറ്റർ 202

അപ്പസ്തോലിക വിസിറ്ററുടെ മുമ്പാകെ ആദ്യ വ്രതാനുഷ്ഠാനം 202

ഇന്റർനൺഷ്യോ തിരുമേനിയുടെ ആശ്രമ സന്ദർശനം 202

വെണ്ണിക്കുളം ഇടവകപ്പള്ളി വികാരിയും അസിസ്റ്റന്റും 203

ഫാദർ ആൻഡ്രൂസ് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ 203

മോൺസിഞ്ഞോർ ലൊംബാർഡി (Apostolic visitor) യുടെ
ഔദ്യോഗിക സന്ദർശനം 203

www.malankaralibrary.com

നിയമക്കമ്മറ്റി 203

മോൺസിഞ്ഞോർ ലൊംബാർഡി സുപ്പീരിയർ ജനറൽ
സ്ഥാനം വച്ചൊഴിയുന്നു 204

സന്ന്യാസിസഹോദരന്മാരുടെ ആദ്യവ്രതാനുഷ്ഠാനം 204

മാർ ഈവാനിയോസ് പിതാവിന്റെ കബറടക്കം 205

ആസ്പിരൻസ് തിരുവല്ലായിലേക്കും നോവിസസ്സ്
തിരുവനന്തപുരത്തേക്കും 205

ലീജിയൻ എൻവോയ് ബ്രദർ സെസിൽ ഡിസൂസ 206

അത്യുന്നത കർദ്ദിനാൾ ടിസരാന്റ് തിരുമേനി 207

പൂനാ ആശ്രമസ്ഥാപനം 207

പോസ്റ്റുലൻസിനെ നവശിഷ്യ പദത്തിലേയ്ക്കു സ്വീകരിച്ചു 208

സന്യാസ സഹോദരന്മാർ തല്ക്കാല വ്രതം പുതുക്കുന്നു 208

മാർ സേവേറിയോസു തിരുമേനി ദേഹവിയോഗം ചെയ്തു 209

ബഥനിയ്ക്ക് ഒരു പുതിയ നിയമം 209

ഫാദർ മൈക്കിൽ ഉപരിപഠനത്തിനായി ത്രിശ്ശിനാപ്പള്ളിയിലേക്ക് 212

തല്ക്കാല വ്രതാനുഷ്ഠാനം 212

പുനരൈക്യ രജത ജൂബിലി 213

ബ.തിയോഫിലസച്ചൻ ആശ്രമം വിടുന്നു 213

മറ്റൊരു ബാച്ചിന്റെ നോവിഷ്യറ്റു പ്രവേശനം 213

ബ്രദർ അലോഷ്യസ് ബി.റ്റി. കോളജിലേക്ക് 213

മാർ തിയോഫിലോസ് തിരുമേനിയുടെ ദേഹവിയോഗം 214

ആശ്രമസ്ഥന്മാരുടെ പൊതു സ്ഥലം മാറ്റം 214

നവശിഷ്യരുടെ ആദ്യ വ്രതാനുഷ്ഠാനം 215

കുളച്ചിറ റബ്ബർ പ്ലാന്റേഷൻസ് 215

കറ്റാണം മിഷൻസ് 216

മേക്കോണം എസ്റ്റേറ്റ് 217

സന്യാസാർത്ഥികൾ ധർമ്മശിഷ്യപദത്തിലേക്ക് 217

നിത്യവ്രതവും ടോൺഷറും 218

മലങ്കര സുറിയാനി ഹയരാർക്കിയുടെ രജതജൂബിലി ആഘോഷം 218

ആർച്ചുബിഷപ്പു മാർ ഗ്രീഗോറിയോസ് തിരുമനസ്സിലെ
അദ്ധ്യക്ഷതയിൽ പ്രത്യേക കോൺഫറൻസ് 218

വിദ്യാഭ്യാസ ബില്ലിനെക്കുറിച്ച് ചർച്ച ചെയ്യാനുള്ള കോൺഫറൻസ് 219

പ്രാർത്ഥനാദിനം 219

പൂനാ ആശ്രമസ്ഥന്മാർക്ക് ചെറിയ പട്ടങ്ങൾ 219

ഫാദർ സെറാഫിയോന്റെ വൈദിക പട്ടത്തിന്റെ രജത ജൂബിലി 219

നാഗപ്പൂർ ആർച്ചുബിഷപ്പു തിരുമേനിയുടെ നാലാഞ്ചിറ
ആശ്രമ സന്ദർശനം 220

മലങ്കര സുറിയാനി ഹയരാർക്കി സ്ഥാപന ജൂബിലി 220

തിരുവല്ലാ രൂപതയുടെ അധികാരസീമ മലബാറിലേക്കു നീട്ടുന്നു 220

ഫാദർ മൈക്കിൾ മലബാറിലേയ്ക്ക് 221

എട്ടു നവശിഷ്യരുടെ ആദ്യവ്രതാനുഷ്ഠാനം 221

ചെങ്ങന്നൂർ മിഷൻഹൗസ് നിർത്തലാക്കപ്പെടുന്നു 222

7 വ്രതസ്ഥന്മാർ പൂനായിലേയ്ക്ക് 222

ബ. ബർസ്ലീബാ അച്ചന്റെ ദേഹവിയോഗം 222

ഒരു പുതിയ മാർപാപ്പ 222

ഫാദർ യോബിന്റെ ദേഹവിയോഗം 223

മേക്കോണം നിലം 223

ബ്രദർ സെബാസ്റ്റ്യൻ പൂനാ ആശ്രമം വിടുന്നു 224

കൗൺസിലേഴ്സ് ജനറലിന്റെ രാജി 224

ജനറൽ ചാപ്റ്റർ കൂടുന്നതിനുള്ള അപേക്ഷ 224

ജനറൽ ചാപ്റ്റർ 225

നവശിഷ്യപദത്തിലേക്ക് 226

പൂനായിലെ ബഥന്യാശ്രമസ്ഥരുടെ പ്രഥമ പട്ടം കൊട 227

കാർഡിനൽ ടിസറന്റ് തിരുസംഘത്തിന്റെ സിക്രട്ടറി സ്ഥാനം ഒഴിയുന്നു 227

ആചാരഗ്രന്ഥ കമ്മറ്റി 227

പരിശീലന പദ്ധതികമ്മിറ്റി 228

അപ്പസ്തോലിക്ക് ഇന്റർനൺഷ്യോ ഡോ. നോക്സ് തിരുമേനി തിരുവനന്തപുരത്ത് 228

വിശുദ്ധ നിയമത്തിലെ ചില വകുപ്പുകൾക്കുള്ള വിശദീകരണങ്ങൾ 228

ബഥനിക്ക് ഒരു ആചാരഗ്രന്ഥം 229

വ്രതത്തിൽനിന്നുള്ള വിടുതൽ 230

ആചാരഗ്രന്ഥ നക്കൽ ചാപ്റ്റർ പാസ്സാക്കി 230

C.R.I 230

വ്രതാനുഷ്ഠാനവും പട്ടംകൊടയും 231

പൂനാ സ്കൊളാസ്റ്റിക്കേറ്റിന്റെ പണി പുനരാരംഭിക്കുന്നു 231

നോവിസ് മാസ്റ്റർക്ക് വയഃക്ലിപ്തത്തിൽ നിന്ന് വിടുതൽ 232

നെല്ലിക്കാക്കുഴി മിഷൻ മന്ദിരം 232

ഫാദർ കൂസാ മെത്രാനായി അഭിഷേചിക്കപ്പെടുന്നു 233

ഫാദർ സിറിൽ ഉപരിപഠനത്തിനായി ഡമഷീനോയിലേക്ക് 233

നവശിഷ്യപദത്തിലേയ്ക്ക് 233

Religious Assistant നിയമനം 233

പട്ടംകൊട 233

കുസാ തിരുമേനി കാർഡിനൽ പദവിയിലേയ്ക്ക് 233

സ്കോളാസ്റ്റിക്കേറ്റു വികസനത്തിനുള്ള സംഭാവന 234

അസാധാരണ ജനറൽ ചാപ്റ്റർ 234

മലബാർ മിഷനിലേയ്ക്ക് പോകാനുള്ള ബ. അച്ചന്മാരെ നേരത്തേ തിരുവല്ലാ ആശ്രമത്തിലേക്ക് അയയ്ക്കുന്നു 237

www.malankaralibrary.com


| | |
|---|---|
| കുമ്പഴ ആശ്രമസ്ഥലം | 237 |
| ബാംഗ്ലൂർ മെഡിക്കൽ കോളേജിനുള്ള ആശ്രമ സംഭാവന | 238 |
| സ്ഥലം മാറ്റം | 238 |
| ആദ്യവ്രതാനുഷ്ഠാനം | 238 |
| ബ്രദർ ആന്റണിയുടെ ദേഹവിയോഗം | 238 |
| അസാധാരണ ജനറൽ ചാപ്റ്ററിൽ പാസ്സാക്കപ്പെട്ട നിയമ വ്യതിയാനങ്ങൾ | 240 |
| കുമ്പഴ ആശ്രമ സ്ഥാപനം | 241 |
| പരിശുദ്ധ പിതാവിന്റെ ദേഹവിയോഗം | 241 |
| ഇന്റർനൺഷ്യോ തിരുമേനിയുടെ ആശ്രമസന്ദർശനം | 241 |
| അഞ്ചേരി മിഷൻ ഹൗസ് | 242 |
| വത്തിക്കാൻ കൗൺസിൽ | 242 |
| ഫാദർ അത്തനേഷ്യസ്സ് ഉന്നതവിദ്യാഭ്യാസാർത്ഥം റോമിലേയ്ക്ക് | 242 |
| വ്രതാനുഷ്ഠാനം, പട്ടംകൊട | 243 |
| ഇന്റർനൺഷ്യോ തിരുമേനിയുടെ ആഗമനം | 243 |
| വെങ്ങോല ആശ്രമസ്ഥാപനം | 243 |
| മീനങ്ങാടി ആശ്രമസ്ഥാപനം | 244 |
| ബോംബെ യൂക്കരിസ്റ്റിക്ക് കോൺഗ്രസ്സ് | 244 |
| ബ. മൈക്കിൾ അച്ചന്റെ ദേഹവിയോഗം | 245 |
| നാലാഞ്ചിറ ആശ്രമത്തിന്റെ വിപുലീകരണം | 245 |
| ബ. മൈക്കിൾ അച്ചനു പകരം ഫാദർ മാത്യു | 246 |
| മുക്കംപാല എസ്റ്റേറ്റ് | 246 |
| കത്തീഡ്രൽ പള്ളി പണിയ്ക്ക് ആശ്രമസംഭാവന | 247 |
| Religious Assistant-ന്റെ കാലാവധി | 247 |
| ആർച്ചു ബിഷപ്പ് തിരുമേനി അമേരിക്കയിൽ | 247 |
| ഉന്നതവിദ്യാഭ്യാസാർത്ഥം വിദേശത്തേക്ക് | 249 |

| | |
|---|---|
| തിരഞ്ഞെടുപ്പുകൾക്കുശേഷം മൂന്നാം സമ്മേളനം മുതൽ പ്രമേയങ്ങളുടെ ചർച്ച | 250 |
| പര്യവസാന സമ്മേളനം | 250 |
| വ്രതവാഗ്ദാന ജൂബിലി മഹാമഹം | 253 |
| മിശിഹാനുകരണ സമൂഹവും ഉന്നതവിദ്യാഭ്യാസവും | 255 |
| പൗരസ്ത്യ തിരുസംഘത്തിന്റെ ഡിക്രി | 259 |
| മുക്കംപാല വസ്തു | 260 |
| ഉപരിപഠനം | 260 |
| ഫാദർ ആൻഡ്രൂസ് PhD-യ്ക്ക് അമേരിക്കയിലേയ്ക്ക് | 261 |
| സുപ്പീരിയേഴ്സ് കോൺഫറൻസ് | 261 |
| ആലുവാ ബഥന്യാശ്രമം | 261 |
| കറ്റാണം ആശ്രമത്തിൽ പുതിയ സുപ്പീരിയർ | 262 |
| നെല്ലിക്കാകുഴി മിഷൻ ഹൗസിൽ പുതിയ സുപ്പീരിയർ | 262 |
| ആലുവായിൽ നവശിഷ്യ മന്ദിരത്തിനു ശിലാസ്ഥാപനം | 263 |
| കർദ്ദിനാൾ മാക്സിമില്യൻ തിരുമേനിക്ക് തിരുവല്ലാ ആശ്രമത്തിൽ സ്വീകരണം | 263 |
| അസാധാരണ ജനറൽ ചാപ്റ്ററും പുതിയ ഭരണസമിതിയും | 264 |
| ആശ്രമാധ്യക്ഷന്മാരുടെ തിരഞ്ഞെടുപ്പും നിയമനവും | 264 |
| പൂനാ (1968) സിമ്മനാരിയിലേക്ക് | 265 |
| കറ്റാണം ബഥനി ബോർഡിംഗ് | 267 |
| മുക്കംപാല ആശ്രമസ്ഥാപനം | 267 |
| ബഥനി മിഷൻ ബോർഡ് | 267 |
| നെടുമങ്ങാട്ടു മിഷ്യൻ മന്ദിരം | 267 |
| നാലാഞ്ചിറ Health Centre ഉൽഘാടനം | 268 |
| PFS Conference നെടുമങ്ങാട് | 268 |
| പൂങ്കാവ് ക്ലിനിക് | 268 |

ബഥനി സുവർണ്ണജൂബിലി 268
കോട്ടയം ബഥനി ആശ്രമം - ജനറലേറ്റ് വെഞ്ചരിപ്പ് 270
General Chapter & Election of General Governing Body 271
ബ.യൗനാൻ അച്ചന്റെ നിര്യാണം 272
ബഥനി പോസ്റ്റുലൻസ് ആലുവായിലേക്ക് 272
തൊഴിയൂർ മാർ പീലക്സിനോസ് തിരുമേനിയുടെ പുനരൈക്യം 273
മൈലപ്ര മൗണ്ട് ബഥനി സ്കൂൾ 273
വെങ്ങോല ബഥനി ബാലഭവൻ ഉദ്ഘാടനം 274
ഉപരിപഠനം 274
ബഥനിക്കൊരു പുതിയ മെത്രാൻ 274
ബ്രദർ ജോസ് പ്രകാശും, ബ്രദർ സഖറിയാ നന്തിയാട്ടും വൈദിക പദവിയിലേക്ക് 276
കർണാടകത്തിൽ ബഥനി 277
പുനരൈക്യ കനക ജൂബിലി സെപ്റ്റംബർ 20ന് ആരംഭിക്കുന്നു 277
Late Vocation 277
പൂനാ ബഥനി ആശ്രമത്തിന്റെ സിൽവർ ജൂബിലി 278
ജനറൽ ചാപ്റ്റർ 1980 ഏപ്രിൽ 15-ാം തീയതി മുതൽ കോട്ടയം ജനറലേറ്റ് ഹൗസിൽവച്ച് 278
**ഭാഗം രണ്ട് : യാക്കോബ് മാർ തിയോഫിലോസ് തിരുമേനി 280**
**ഭാഗം മൂന്ന് : സഭാധികാരികളുമായി ബഥനി സമൂഹാദ്ധ്യക്ഷന്മാർ നടത്തിയിട്ടുള്ള കത്തിടപാടുകൾ 288**

# ഭാഗം ഒന്ന്

## ബഥനി ആശ്രമചരിത്രം 1919–1980

### മലങ്കരസഭാ ചരിത്രത്തിലേക്ക് ഒരു എത്തിനോട്ടം

നമ്മുടെ കർത്താവിന്റെ ശിഷ്യസത്തമന്മാരിൽ ഒരുവനായ വി. തോമ്മാശ്ലീഹാ ക്രിസ്താബ്ദം 51–ൽ കൊടുങ്ങല്ലൂരിൽ വന്നിറങ്ങുകയും, കേരളത്തിൽ ഉടനീളം ചുറ്റിസഞ്ചരിച്ച് സുവിശേഷം പ്രസംഗിക്കുകയും, നിരണം, ചായൽ, കൊല്ലം, കൊക്കമംഗലം, കൊട്ടക്കാവ്, കൊടുങ്ങല്ലൂർ, പാലയൂർ എന്നീ സ്ഥലങ്ങളിൽ പള്ളി സ്ഥാപിക്കുകയും ചെയ്തതായി പരമ്പരയ്ക്കു വിശ്വസിച്ചു വരുന്നു. വി. തോമ്മാശ്ലീഹാ മാനസാന്തരപ്പെടുത്തിയവരുടെ കൂട്ടത്തിൽ രാജകുടുംബാംഗങ്ങളും കൊടുങ്ങല്ലൂരിൽ സ്ഥിരതാമസക്കാരായിരുന്ന ഏതാനും യഹൂദന്മാരും ഉൾപ്പെട്ടിരുന്നു. കേരള നൃപന്റെ മരുമകനായ കേപ്പായിക്കു ശ്ലീഹാ പൗരോഹിത്യപദം കല്പിച്ചുകൊടുത്തതായും രേഖയുണ്ട്. വിശുദ്ധൻ ചോളരാജ്യത്തും സഞ്ചരിച്ച് അനേകരെ മാനസാന്തരപ്പെടുത്തുകയും, അക്കൂട്ടത്തിലുള്ള പൗലോസ് എന്ന യാളിന് മേല്പട്ടസ്ഥാനം കൊടുക്കുകയും ചെയ്തു. തദനന്തരം വിശുദ്ധൻ കേരളത്തിലേക്കു മടങ്ങി വന്ന് താൻ സ്ഥാപിച്ച ഏഴു പള്ളികളും സന്ദർശിച്ചശേഷം തിരുവഞ്ചിക്കുളത്തെത്തി. അവിടെ താമസിച്ചിരുന്ന കേപ്പായെ കേരള സഭയുടെ അധിപനായി നിയമിച്ചു. അവിടെ നിന്നു തിരിച്ച് കിഴക്കൻ സമുദ്രതീരത്തു കൂടെ യാത്ര ചെയ്കയിൽ മൈലാപ്പൂരിനടുത്തുവച്ച് വിശുദ്ധൻ രക്തസാക്ഷി മരണം പ്രാപിച്ചു. വിശുദ്ധന്റെ കാലങ്ങളിൽ വിശുദ്ധനാൽ കേരളസഭയുടെ അധിപനായി നിയമിക്കപ്പെട്ട കേപ്പായും, പിൻഗാമികളും പ്രസ്തുത സഭയെ ആദ്യശതകങ്ങളിൽ ഭരിച്ചുവന്നു.

പേർഷ്യയിൽ മതപീഢനം ഭയന്ന് ഒരു വലിയ സംഘം ക്രിസ്ത്യാനികൾ കേരളത്തിൽ കുടിയേറിപ്പാർത്തു. കേരളരാജാക്കന്മാർ അവരെ സസന്തോഷം സ്വാഗതം ചെയ്തു. ആവശ്യമായ സഹായങ്ങൾ അവർക്കു ചെയ്തു കൊടുക്കുകയുണ്ടായി. അവരും മാർത്തോമ്മാ ക്രിസ്ത്യാനികളോട് ഇടകലർന്ന് ഒരു ജനപദമായി വളർന്നുവന്നു.

ക്രിസ്താബ്ദം 325–ൽ നടന്ന നിഖ്യാസുനഹദോസു നിശ്ചയ പ്രകാരം കിഴക്കുള്ള സഭകളെല്ലാം അന്ത്യോക്യാപാത്രിയാർക്കീ സിന്റെ

കീഴിലായി. പാത്രിയാർക്കീസിന്റെ കീഴിലുള്ള ബാഗ്ദാദിലെ കാതോലിക്കോസ് ആവശ്യാനുസരണം മെത്രാന്മാരെ കേരളത്തിലേക്ക് അയച്ചുകൊണ്ടിരുന്നു. പോർട്ടുഗീസുകാരുടെ ആഗമനം വരെ സുറിയാനി റീത്തുമാത്രമാണ് മലങ്കരയിൽ പ്രാബല്യത്തിലിരുന്നത്. 16-ാം നൂറ്റാണ്ടോടുകൂടി ലത്തീൻ റീത്തും പ്രാബല്യത്തിൽ വന്നു. സുറിയാനിക്കാരെ റീത്തുമാറ്റി ലത്തീൻ ഭരണത്തിൽ കൊണ്ടുവരുന്നതിനുള്ള ഒരു ശ്രമമാണ് 1599 ലെ ഉദയംപേരൂർ സുനഹദോസ് നടത്തിയത്. സുറിയാനിക്കാരാകട്ടെ, സ്വന്തം റീത്തിലുള്ള മെത്രാന്മാരെ ലഭിക്കുവാൻ അനവരതം ശ്രമിച്ചുകൊണ്ടിരുന്നു. ഈ മത്സരത്തിൽ നിന്നും ഉളവായ തിക്തഫലങ്ങളാണ് കൂനൻകുരിശു സത്യവും തുടർന്നുള്ള വലിയ ശീശ്മയും.

കൂനൻകുരിശു സത്യത്തോടെ സുറിയാനിക്കാർ ലത്തീൻ ബന്ധത്തിൽ നിന്നും പിരിഞ്ഞെങ്കിലും, പിന്നെയും സ്വന്തം റീത്തിലുള്ള മെത്രാന്മാരെ കിട്ടുന്നതിനായി റോമാസിംഹാസനത്തിലേയ്ക്ക് തുടരെ അപേക്ഷകൾ സമർപ്പിച്ചുകൊണ്ടിരുന്നു. കടലിലും കരയിലും ആധിപത്യം സ്ഥാപിച്ചിരുന്ന പോർട്ടുഗീസുകാരുടെ എതിർപ്പുമൂലം സുറിയാനിക്കാരുടെ പ്രസ്തുത ശ്രമങ്ങളെല്ലാം വിഫലമായിപ്പോയി. ഈ സാഹചര്യത്തിലാണ് അപ്പസ്തോലിക കൈവയ്പുള്ള മേല്പട്ടക്കാരെ കിട്ടുന്നതിനുവേണ്ടി മാർത്തോമാ ക്രിസ്ത്യാനികൾ അർമ്മീനിയൻ പാത്രിയാർക്കീസിനും, കോപ്റ്റിക്ക് പാത്രിയാർക്കീസിനും, യാക്കോബായ പാത്രിയർക്കീസിനും അപേക്ഷകൾ അയക്കുന്നതും, അപേക്ഷപ്രകാരം ഗ്രിഗോറിയോസ് എന്നു പേരുള്ള ഒരു യാക്കോബായ മെത്രാൻ 1665 ൽ കേരളത്തിൽ വരുന്നതിനും ഇടയായയത്. ഈ സമയത്തോടടുപ്പിച്ച് പരിശുദ്ധ റോമ്മാ സിംഹാസനത്തിൽ നിന്നു സുറിയാനിക്കാരനായ പറമ്പിൽ ചാണ്ടി കത്തനാരെ മെത്രാനായി അഭിഷേകം ചെയ്യുകയും, അതോടെ കൂനൻകുരിശിൽ പിടിച്ച് സത്യം ചെയ്ത പലരും, ശീശ്മ ഉപേക്ഷിച്ച് അദ്ദേഹത്തിനു കീഴ്വഴങ്ങുകയും ചെയ്തു. ബാക്കിയുള്ളവർ യാക്കോബായ വിശ്വാസത്തിൽ നിപതിച്ചുപോയി. ശീമക്കാരനായ ഗ്രിഗോറിയോസു മെത്രാൻ ആറുവർഷത്തേയ്ക്ക് അവരെ ഭരിക്കയും കേരളത്തിൽ തന്നേ കാലധർമ്മം പ്രാപിക്കുകയും ചെയ്തു. അദ്ദേഹം സുറിയാനിക്കാരുടെ ജാതിത്തലവനായിരുന്ന മർത്തോമ്മാ അർക്കദിയാക്കോനു മെത്രാൻ പട്ടം കൊടുക്കുമെന്നു പ്രതീക്ഷയുണ്ടായിരുന്നെങ്കിലും അതിനിട

www.malankaralibrary.com

യായില്ല. തുടർന്നു വന്ന യാക്കോബായ മെത്രാന്മാരും, അർക്കദിയാക്കോന്റെ പിൻഗാമികൾക്കു മെത്രാൻ പട്ടം കൊടുക്കാതെ തങ്ങൾതന്നേ ഭരണം നടത്തുകയാണുണ്ടായത്. അവസാനം, അഞ്ചാം മർത്തോമ്മാ അർക്കദിയാക്കോൻ ഡച്ചുകാരുടെ സഹായത്തോടെ, ബസ്സേലിയോസ്, ഗ്രീഗോറിയോസ്, യോഹന്നാൻ എന്നീ മൂന്നു യാക്കോബായ മെത്രാന്മാരെയും, ഗീവർഗ്ഗീസ് എന്ന ഒരു കോർ എപ്പിസ്കോപ്പായെയും കേരളത്തിൽ വരുത്തി. താമസിയാതെ അഞ്ചാം മാർത്തോമ്മ സ്വന്തം അനന്തിരവനെ ആറാം മാർത്തോമ്മ എന്ന നാമത്തിൽ തന്റെ പിൻഗാമിയായി വാഴിച്ചിട്ട് ചരമം പ്രാപിച്ചു. കേരളത്തിലെ യാക്കോബായ സഭയിൽ സ്വയം ഭരണം ഉണ്ടായിരുന്നെങ്കിലും യാക്കോബായ പാത്രിയാർക്കീസന്മാർ പലവിധത്തിൽ സഭയുടെ ഉൾഭരണത്തിൽ ഇടപെട്ടുകൊണ്ടിരുന്നു. അതിന്റെ ഒരു പ്രത്യക്ഷ, ലക്ഷണമാണ് തൊഴിയൂർ അഥവാ അഞ്ഞൂർ സഭ. സഭാന്തരീക്ഷം ആകപ്പാടെ അസ്വസ്ഥമായി. ഈ തക്കം നോക്കി C.M.S. മിഷനറിമാർ അധീശഗവൺമെന്റിന്റെ പിൻതുണയോടുകൂടെ പുത്തൻകൂറുകാരുടെ ഇടയിൽ സുവിശേഷവേലയും തുടങ്ങി. അതിന്റെ ഫലമായി സഭാംഗങ്ങളിൽ ഒരു നല്ല ഭാഗം C.M.S. കാരായി മാറി. ഏറെ താമസിയാതെ മറ്റൊരു ഭാഗം നവീകരണക്കാരായി തിരിഞ്ഞു. പഴയകൂറ്റിലും ചില്ലറ പൊട്ടിത്തെറിക്കലുകളുണ്ടായെങ്കിലും അവയൊന്നും ശക്തിപ്പെട്ടില്ല. അവയുടെ അവശിഷ്ടമായി ശേഷിക്കുന്നത് ത്രിശ്ശൂരിലെ നെസ്തോറിയൻ സഭ മാത്രമാണ്.

സഭാഗാത്രത്തിലുണ്ടായ ഏതാദൃശ മുറിവുകൾ ഉണങ്ങുന്നതിനു മുമ്പ് 1909-ൽ അബ്ദുള്ളാസത്തൂഫ് എന്ന യാക്കോബായ പാത്രിയാർക്കീസ് കേരളത്തിൽ വരികയും, അന്ന് മലങ്കര യാക്കോബായ സഭയെ ഭരിച്ചുകൊണ്ടിരുന്ന മാർ ദിവന്നാസ്യോസ് ആറാമനെ, (വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസു മെത്രാപ്പോലീത്തായെ) പാത്രിയാർക്കീസിനു മലങ്കര യാക്കോബായ സഭയുടെ മേലുള്ള ലൗകികാധികാരം സമ്മതിച്ച് രേഖ കൊടുക്കാഞ്ഞതിന്റെ പേരിൽ, മുടക്കുകയും ചെയ്തു. ഇതോടെ, മുടക്കപ്പെട്ട മാർ ദിവാന്നാസ്യോസിനെ അനുകൂലിക്കുന്ന കക്ഷിയും, എതിർക്കുന്ന കക്ഷിയും എന്നിങ്ങനെ കേരളത്തിലെ യാക്കോബായ സഭ രണ്ടായി പിളർന്നു. ഈ കാലത്ത് മെത്രാപ്പോലീത്തായുടെ വലം കൈയായി പ്രവർത്തിച്ചിരുന്ന ആളാണ് M.A അച്ചൻ എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഫാദർ ഗീവർഗീസ്

 www.malankaralibrary.com

എം. എ. അഥവാ ബഥനിസ്ഥാപകനായ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത. ഇരുപതാം നൂറ്റാണ്ടിൽ ഭാരതന്യൂമാൻ എന്ന പ്രഖ്യാതി നേടിയ പുനരൈക്യപിതാവായ അദ്ദേഹത്തിനാണ് ബഥനി സന്യാസിനി സന്യാസി സമൂഹങ്ങളുടെ സ്ഥാപകനാകുവാനുള്ള വരം ലഭിച്ചത്.

**ബഥനി സ്ഥാപകനും സ്ഥാപനവും**

റവ. ഫാദർ പി.റ്റി. ഗീവർഗ്ഗീസ് മാവേലിക്കര പണിക്കരുവീട്ടിൽ തോമ്മാപണിക്കരുടെയും അന്നമ്മയുടെയും മകനായി ക്രിസ്താബ്ദം 1882 സെപ്റ്റംബർ 21-ാം തീയതി ഭൂജാതനായി. മാതാവായ അന്നമ്മ കായംകുളത്തിനു സമീപം പള്ളിയ്ക്കൽ അരീപ്പുറത്തു മത്തായി ആശാന്റെ മകളും വിദ്യാസമ്പന്നയും ദൈവഭക്തയുമായിരുന്നു. തോമാപ്പണിക്കരുടെ സഹോദരനായ പണിക്കരുവീട്ടിൽ തര്യതു സ്കറിയ പണിക്കർ കത്തനാർ പുതിയകാവു യാക്കോബായ പള്ളിയിൽ വച്ച് ശിശുവിനെ ഗീവർഗ്ഗീസ് എന്ന പേരിൽ സ്നാനപ്പെടുത്തി. തലത്തൊട്ടപ്പനാകുവാനുള്ള ഭാഗ്യം സിദ്ധിച്ചത് തോമ്മാപണിക്കരുടെ ജ്യേഷ്ഠ സഹോദരനായ മല്ലിട്ടിപറമ്പിൽ ഗീവർഗ്ഗീസ് പണിക്കരിനായിരുന്നു.

കൊച്ചു കീവറിച്ചൻ എന്ന ഓമനപ്പേരിലാണ് കഥാപുരുഷനായ ഫാദർ ഗീവർഗ്ഗീസ് ബാല്യകാലത്ത് അറിയപ്പെട്ടിരുന്നത്. അഞ്ചാമത്തെ വയസ്സിൽ മാവേലിക്കര പുതിയകാവു പള്ളിയോട് അനുബന്ധിച്ചുള്ള ദാവീദ് ആശാന്റെ കുടിപള്ളിക്കൂടത്തിൽ ബാലനെ എഴുത്തിനിരുത്തി. ബാലൻ പഠനത്തിൽ അനിതരസാധാരണമായ സാമർത്ഥ്യം കാണിച്ചിരുന്നതിനാൽ "ഈ ബാലൻ ഭാവിയിൽ ഒരു മഹാനായിതീരും" എന്ന് ആശാൻ പ്രവചിച്ചിരുന്നതായി പറയപ്പെടുന്നു. കൊച്ചു കീവറിച്ചന്റെ കാര്യശേഷിയിൽ സംതൃപ്തനായ ആശാൻ തന്റെ പള്ളിക്കൂടത്തിലെ "ചട്ടംപിള്ള" (മോണിറ്റർ) ഉദ്യോഗം അവനു നല്കിയിരുന്നു.

കഥാപുരുഷന്റെ ജീവിതത്തിൽ സ്വാധീനം ചെലുത്തിയ ഒരു ചെറിയ സംഭവം ഈ കാലത്തുനടന്നതായി പറയപ്പെടുന്നു. ഒരിക്കൽ തന്റെ സഹോദരി ഏതോ രോഗം പിടിപ്പെട്ടു കിടപ്പിലായി. രോഗിണിയ്ക്കു വേണ്ടി പ്രാർത്ഥിക്കുന്നതിനായി മാതാവായ അന്നമ്മ കീവറിച്ചനെയും വിളിച്ചുകൊണ്ട് അടുത്തുള്ള കത്തോലിക്ക ദേവാലയത്തിൽ പോയി. ആ പള്ളിയിലെ ശാന്തമായ അന്തരീക്ഷത്തിൽ

അവൻ മുട്ടുകുത്തി പ്രാർത്ഥിച്ചു. തിരികെ മടങ്ങുമ്പോൾ അമ്മ മകനോടു പറയുകയാണ്. “മകനേ, സാക്ഷാൽ പള്ളി അതാണ്. നമുക്ക് ആ പള്ളിയിൽ ചേരണം.” ഇങ്ങനെ കത്തോലിക്ക പുനരൈക്യമെന്ന ആശയം തന്റെ മനസ്സിൽ അങ്കുരിപ്പിച്ചത് സ്വമാതാവാണെന്ന് കഥാപുരുഷൻ പിൽക്കാലങ്ങളിൽ പലപ്പോഴും പറയാറുണ്ടായിരുന്നു.

സ്തുത്യർഹമാംവണ്ണം ഗ്രാമീണ വിദ്യാഭ്യാസം പൂർത്തിയാക്കിയ ബാലനെ അവന്റെ മാതാവിന്റെ നിർബന്ധപൂർവ്വമായ അപേക്ഷയും, സ്കറിയാകത്തനാരുടെ സ്നേഹപൂർവ്വമായ ഉപദേശവും ആദരിച്ച് ഉന്നതവിദ്യാഭ്യാസത്തിന് അയയ്ക്കണമെന്ന് തോമ്മാപണിക്കർ തീരുമാനിച്ചു. കഥാനായകന്റെ അടുത്ത അഞ്ചു വർഷത്തെ പഠിത്തം നടന്നത് മാവേലിക്കര കോട്ടയ്ക്കകത്തുള്ള സർക്കാർ സ്കൂളിലായിരുന്നു. വീട്ടിൽ നിന്ന് സ്കൂളിലേയ്ക്ക് ഒരു മൈൽ ദൂരമുണ്ടായിരുന്നു. എല്ലാ ക്ലാസ്സിലും കഥാനായകൻ ഒന്നാമനായിത്തന്നെ പാസ്സായി. ഇനി പഠനം തുടരേണ്ടത് ഹൈസ്കൂളിലാണ്. വീടിന് ഏറ്റം അടുത്ത ഹൈസ്കൂൾ, 30 മൈൽ ദൂരെയുള്ള കോട്ടയത്താണ്. വീട്ടിൽ നിന്ന് ദിവസം തോറും സ്കൂളിൽ പോയി വരിക എന്നത് അസാദ്ധ്യം. കോട്ടയത്തു താമസത്തിനു സൗകര്യവുമില്ല. എന്തു ചെയ്യേണ്ടു എന്നറിയാതെ മാതാപിതാക്കന്മാർ ക്ലേശിച്ചു. ദൈവഗത്യാ അതിനും യഥാസമയം പോംവഴിയുണ്ടായി.

ക്രിസ്ത്വബ്ദം 1865 മുതൽ 1909 വരെ സ്തുത്യർഹമാംവണ്ണം യാക്കോബായ സഭയെ ഭരിച്ച പുലിക്കോട്ട് മാർ ദിവന്നാസ്യോസ് തിരുമേനി ആയിടെ ഇടവക സന്ദർശനാർത്ഥം മാവേലിക്കര പള്ളിയിൽ എഴുന്നെള്ളിപ്പാർത്തു. വലിയ കൂരിരുട്ടും കാറ്റും മഴയുമുണ്ടായിരുന്ന ഒരു സന്ധ്യാവേളയിൽ തിരുമേനി ചുറ്റും നിന്നിരുന്നവരോടു ചോദിക്കുകയാണ്. “നമുക്ക് വീട്ടിനാൽ ശെമ്മാശ്ശനെ ഒന്നു കാണേണ്ടിയിരിക്കുന്നു. ഇപ്പോൾ തന്നെ അത്രടം പോയി അദ്ദേഹത്തെ വിളിച്ചു കൊണ്ടുവരുവാൻ ആർക്കെങ്കിലും സാധിക്കുമോ?” ചുറ്റും നിന്നിരുന്നവരെല്ലാം മൗനം പാലിച്ചു. അപ്പോൾ എല്ലാവരെയും അത്ഭുത പരതന്ത്രരാക്കുവാൻ തക്കവണ്ണം ഒരു ബാലൻ മുമ്പോട്ടുവന്നു പറയുകയാണ്. “ഞാൻ പോകാം തിരുമേനി.” അവനെക്കുറിച്ചുള്ള വിവരങ്ങളെല്ലാം ചോദിച്ചറിഞ്ഞശേഷം തിരുമേനി അവനെ അനുഗ്രഹിച്ചു പറഞ്ഞയച്ചു. ഉത്തരക്ഷണത്തിൽ തന്നേ വിളക്കും കത്തിച്ചുകൊണ്ടു ബാലൻ യാത്രയായി. കൂരിരുട്ടത്ത് ഒരു മൈൽ ദൂരെയുള്ള വഴിവാടിയിൽ

www.malankaralibrary.com

പോയി വീട്ടിനാൽ ശെമ്മാശ്ശനെയും വിളിച്ചുകൊണ്ടു ബാലൻ വന്നു ചേർന്നു. ഈ ധൈര്യശാലിയായ ബാലൻ നമ്മുടെ കഥാനായക നായിരുന്നു എന്നു വിശേഷിച്ചു പറയേണ്ടല്ലോ. ഇതിങ്കൽ അതീവ സന്തുഷ്ടനായ തിരുമേനി പിറ്റെ ദിവസം തോമ്മാപണിക്കരെയും സ്കറിയാ കത്തനാരെയും വിളിച്ചു വരുത്തി ബാലനെ ദൈവ ശുശ്രൂഷക്കായി വിടണമെന്നും കോട്ടയത്തു കൊണ്ടുപോയി പഠിപ്പിച്ചു കൊള്ളാമെന്നും പറഞ്ഞു. രക്ഷകർത്താക്കൾക്ക് അതിൽ സന്തോഷമേ ഉണ്ടായിരുന്നുള്ളൂ. അടുത്ത സ്കൂൾ വർഷാരംഭത്തിൽ തന്നേ സ്കറിയാകത്തനാർ നമ്മുടെ കഥാനായകനായ ഗീവർഗീസിനെ കോട്ടയത്തു കൊണ്ടുപോയി മാർ ദിവന്നാസ്യോസു തിരുമേനിയെ ഏല്പിച്ചു. കഥാനായകൻ പഴയ സിമ്മനാരിയിൽ താമസിച്ചുകൊണ്ട് രണ്ടുമൈൽ ദൂരത്തുള്ള എം.ഡി. ഹൈസ്കൂളിൽ അഞ്ചാം ഫാറം മുതലുള്ള പഠനം തുടർന്നു. അന്ന് പ്രസ്തുത സ്കൂൾ ഹെഡ്മാസ്റ്റ റായിരുന്നത് സുപ്രസിദ്ധനും കേരള ചരിത്രത്തിൽ വ്യക്തിമുദ്ര പതിച്ചിട്ടുള്ളതുമായ ശ്രീ. കെ. സി. മാമ്മൻ മാപ്പിളയായിരുന്നു. പഠനത്തിലും സ്വഭാവത്തിലും അദ്വിതീയനായിരുന്ന ഗീവർഗ്ഗീസ് ഹെഡ്മാസ്റ്ററുടെ വാത്സല്യാതിരേകത്തിന് പാത്രീഭൂതനായതിൽ അതിശയിപ്പാനില്ലല്ലോ.

ആദ്ധ്യാത്മിക കാര്യങ്ങളിൽ കഥാനായകനുണ്ടായിരുന്ന അതിയായ താല്പര്യം നിമിത്തം, അന്നത്തെ ഹൈസ്കൂൾ പ്രിൻസിപ്പളായിരുന്ന വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മല്പാൻ അവനെ എം.ഡി. ചാപ്പലിന്റെ സൂക്ഷിപ്പുകാരൻ (sacristan) ആയി നിയമിക്കയുണ്ടായി. വി. കുർബാനയ്ക്കു ശുശ്രൂഷിക്കുക, ചാപ്പലും സാമഗ്രികളും വൃത്തിയായി സൂക്ഷിക്കുക, മുതലായ ജോലികളെല്ലാം കഥാപുരുഷൻ വിശ്വസ്തതാപൂർവ്വം നിവർത്തിച്ചിരുന്നു. എം.ഡി. ഹൈസ്കൂളിൽ നിന്ന് മെട്രിക്കുലേഷൻ ക്ലാസ്സിൽ പ്രശസ്തമായി വിജയം പ്രാപിച്ച പീ.റ്റി. ഗീവർഗ്ഗീസിനെ സഭാശുശ്രൂഷയ്ക്കായി എടുക്കുന്നതിന് മുമ്പിനാലേ മാർ ദിവന്നാസ്യോസിൽ അങ്കുരിച്ചിരുന്ന ആഗ്രഹം പ്രാവർത്തികമാക്കു വാനുള്ള അവസരമായി. രക്ഷകർത്താക്കളുടെയും ഇടവകാംഗങ്ങളു ടെയും സമ്മതം അറിയുവാനായി തോമ്മാപണിക്കർക്കും സ്കറിയാ കത്തനാർക്കും, മാവേലിക്കര ഇടവകാംഗങ്ങൾക്കും തിരുമേനി കത്തെഴുതി. അവരുടെ എല്ലാം സമ്മതത്തോടെ, 1899 ജനുവരി 8-ാം തീയതി പുത്തൻകാവു പള്ളിയിൽ വച്ച് തിരുമേനി തന്നെ കഥാ

പുരുഷനു ശെമ്മാശ്ശപ്പട്ടം നല്കി. തദനന്തരം തിരുമേനിയുടെ നിർദ്ദേശാനുസരണം ഗീവർഗ്ഗീസു ശെമ്മാശ്ശൻ പഴയ സെമിനാരിയിൽ താമസിച്ചു കൊണ്ട് സി.എം.എസ്. കോളജിൽ പഠനം ആരംഭിച്ചു. പ്രസ്തുത കോളജിൽ രണ്ടു വർഷം പഠിച്ച് അന്നത്തെ എഫ്.എ. പാസ്സായ ശെമ്മാശ്ശനെ, വട്ടശ്ശേരിൽ മല്പാനച്ചന്റെ ആലോചന യോടുകൂടെ പുലിക്കോട്ടു മാർ ദിവന്നാസ്യോസ്. ബി.എയ്ക്കു പഠിക്കുവാൻ വേണ്ടി മദ്രാസ് ക്രിസ്ത്യൻ കോളജിലേക്ക് അയച്ചു. അവിടെ രണ്ടു വർഷം പഠിച്ച് ശെമ്മാശ്ശൻ ബി.എ. പാസ്സായി. അതിനു ശേഷം പുലിക്കോട്ടു തിരുമേനിയുടെ താല്പര്യപ്രകാരം ശെമ്മാശ്ശൻ എം. എ. ബിരുദത്തിനുള്ള പഠനമാരംഭിച്ചു. "സുറിയാനി ക്രിസ്ത്യാ നികൾ നെസ്തോറിയരായിരുന്നുവോ" എന്ന വിഷയത്തെപ്പറ്റിയുള്ള പ്രബന്ധമാണ് എം. എ. ഡിഗ്രിക്കുവേണ്ടി ശെമ്മാശ്ശന് തയ്യാറാക്കേണ്ടി യിരുന്നത്. പുതുപ്പേട്ട കോണിമേറ ലൈബ്രറിയിലെ പുരാതന രേഖകൾ വായിച്ചു പഠിച്ച് ഒരു വർഷം കൊണ്ട് ശെമ്മാശ്ശൻ പ്രബന്ധം തയ്യാറാക്കി യൂണിവേഴ്സിറ്റിക്ക് സമർപ്പിച്ചു. പ്രസ്തുത പ്രബന്ധത്തെ ആദരിച്ച് യൂണിവേഴ്സിറ്റി അധികൃതകർ സസന്തോഷം ശെമ്മാശ്ശനു എം. എ. ബിരുദം നല്കി.

ഇങ്ങനെ എം. എ. ബിരുദധാരിയായി സ്വദേശത്തെത്തിയ പണിക്കർ ശെമ്മാശ്ശനെ, പുലിക്കോട്ടു മാർ ദിവന്നാസ്യോസു തിരുമേനിയും വട്ടശ്ശേരിൽ മല്പാനച്ചനും കൂടെ ആലോചിച്ച്, എം. ഡി. സെമിനാരി ഹൈസ്കൂളിന്റെ പ്രിൻസിപ്പളായി നിയമിച്ചു. അക്കാലത്തെ ശെമ്മാശ്ശന്റെ പ്രതിദിന പരിപാടി നാലുമണിക്കൂർ മാത്രം ഉറക്കം. ഇരുപതുമണിക്കൂർ ജോലി എന്നതായിരുന്നു. പ്രഭാതത്തിൽ ഉണർന്നാലുടനെ 15 മിനിറ്റു സമയത്തേയ്ക്ക് "ക്രിസ്താനുകരണം" വായിക്കുക. തദനന്തരം സുറിയാനിയിലുള്ള നമസ്ക്കാരം, രഹസ്യ പ്രാർത്ഥനകൾ എന്നിവ നടത്തുക; പിന്നീട് മാത്രം ഇതര ജോലികളിൽ ഏർപ്പെടുക; ഇതായിരുന്നു ശെമ്മാശ്ശന്റെ പതിവ്.

കഥാപുരുഷൻ എം. ഡി. സിമ്മനാരി ഹൈസ്കൂളിന്റെ പ്രിൻസിപ്പ ളായിരുന്ന കാലത്താണ് വട്ടശ്ശേരി ഗീവർഗ്ഗീസു മല്പാനും പൗലോസു റമ്പാനും അന്ത്യോക്യയിൽ പോയി അബ്ദുള്ള പാത്രിയർക്കീസിൽ നിന്ന് യഥാക്രമം മാർ ദിവന്നാസ്യോസ്, മാർ കൂറിലോസ് എന്നീ നാമങ്ങളിൽ മെത്രാൻ പട്ടം സ്വീകരിച്ചു മടങ്ങി വന്നത്. അന്നു കോട്ടയത്തു നടന്ന ഗംഭീരമായ അനുമോദനയോഗത്തിന്റെ സൂത്ര

ധാരത്വം വഹിച്ചിരുന്നത് പണിക്കർ ശെമ്മാശ്ശനായിരുന്നു എന്നത് ഒരു പരസ്യമായ രഹസ്യമാണ്. അധികതാമസമെന്യേ - 1905 ആഗസ്റ്റു 15-ാം തീയതി പി. റ്റി. ഗീവർഗ്ഗീസ് ശെമ്മാശ്ശനെ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസു തിരുമേനി വൈദിക പദത്തിലേക്ക് ഉയർത്തി. അന്നു മുതൽ കഥാപുരുഷൻ എം. എ അച്ചൻ എന്ന പേരിൽ അറിയപ്പെടുവാൻ തുടങ്ങി.

ഇക്കാലത്താണ് അന്ത്യോക്യാ പാത്രിയർക്കീസായ അബ്ദുള്ളാ മലങ്കര സന്ദർശനാർത്ഥം ബോംബെയിൽ വന്നിറങ്ങിയത്. അദ്ദേഹത്തെ അവിടെ നിന്ന് ആഘോഷപൂർവ്വം സ്വീകരിച്ച് കേരളത്തിലേക്കു കൂട്ടികൊണ്ടുവരുന്നതിനായി കോനാട്ടു മല്പാനച്ചൻ, ഇ.എം. ഫിലിപ്പ്, കെ. സി. മാമ്മൻ മാപ്പിള, താമരപ്പള്ളിൽ ഏബ്രഹാം കത്തനാർ എന്നിവരോടുകൂടെ എം. എ. അച്ചനെ വട്ടശ്ശേരിൽ ദിവന്നാസ്യോസ് തിരുമേനി കല്പിച്ചയച്ചു. ബോംബെയിൽ വച്ച്, പാത്രിയർക്കീസു ബാവായെ സംബന്ധിച്ച എല്ലാകാര്യങ്ങളിലും കഥാപുരുഷനുള്ള താത്പര്യം കണ്ട് കുതൂഹുലചിത്തനായ ബാവാ അദ്ദേഹത്തെ തന്റെ സിക്രട്ടറിയായി നിയമിച്ചു. 1909 ഒക്ടോബർ 19-ാം തീയതി പാത്രീയർക്കീസുബാവാ കോട്ടയത്തു വന്നു ചേർന്നു. അവിടെ നിന്ന് അദ്ദേഹം തിരുവനന്തപുരത്തെത്തി മഹാരാജാവിനെ മുഖംകാണിച്ച ശേഷം തിരിച്ചെത്തി പഴയ സിമ്മനാരിയിൽ മെത്രാപ്പോലീത്തായുടെ മുറിക്കടുത്ത മുറിയിൽ താമസമാക്കി. അന്നു തുടങ്ങി പാത്രിയാർ ക്കീസും മെത്രാപ്പോലീത്തായും തമ്മിൽ അധികാരത്തിനുള്ള വടംവലി. അതിന്റെ പരിണതഫലമായി 1911 ജൂൺ 10-ാം തീയതി പാത്രിയാർ ക്കീസിന്റെ മുടക്കാകുന്ന ഖഡ്ഗം മെത്രാപ്പോലീത്തായുടെ മേൽ നിപതിച്ചു. അതോടെ മലങ്കര യാക്കോബായസഭ പാത്രിയാർക്കീസു (ബാവാ) കക്ഷിയെന്നും മെത്രാൻ കക്ഷിയെന്നും രണ്ടായി പിളർന്നു. അന്യോന്യം കേസും വഴക്കും തുടങ്ങി. പഴയ സിമ്മനാരി തന്നെ പല അനിഷ്ട സംഭവങ്ങളുടെയും വിളനിലമായി മാറി. പരിസരങ്ങൾ ചട്ടമ്പികളുടെ സ്വൈരവിഹാര രംഗങ്ങളായി തീർന്നു. കൊലപാത കങ്ങളും വിരളമായിരുന്നില്ല. മെത്രാൻ കക്ഷിയിലെ ഒരു പ്രമുഖ വ്യക്തിയെന്ന നിലയിൽ എം. എ. അച്ചൻ എതിർ കക്ഷിയുടെ ഒരു നോട്ട പുള്ളിയായിരുന്നു. അദ്ദേഹത്തിന്റെ ജീവൻ തന്നേ ത്രാസിൽ തൂങ്ങിയ പല സംഭവങ്ങൾ ഉണ്ടായി. ആ കാലത്തെ അനുഭവങ്ങൾ യാക്കോബായ സഭയെ ശരിയായി മനസ്സിലാക്കുവാനും അതിന്റെ ഭാവി

ഗതിവിഗതികളെപ്പറ്റി അനുമിപ്പാനും കഥാപുരുഷന് അവസരം നല്കി. അങ്ങനെയിരിക്കവെയാണ് കല്ക്കട്ടായിലെ സെറാംപൂർ കോളജിൽ ഒരു പ്രൊഫസർ ഉദ്യോഗം സ്വീകരിപ്പാനായി അദ്ദേഹം ക്ഷണിക്കപ്പെട്ടതും, മെത്രാപ്പോലീത്തായുടെ ആശീർവാദത്തോടെ 1913-ൽ അദ്ദേഹം അങ്ങോട്ടു യാത്രയായതും.

എം. ഡി. സിമ്മനാരിയുടെ പ്രിൻസിപ്പളായതു മുതലുള്ള കഥാപുരുഷന്റെ ചിന്ത, കേരളത്തിലെ സുറിയാനി സമുദായത്തെയും തദ്വാരാ ഇവിടത്തെ ക്രൈസ്തവ സമുദായത്തെ മുഴുവനും അഭിവൃദ്ധ്യുന്മുഖമായ പന്ഥാവിലേക്കു നയിക്കാനുള്ള മാർഗ്ഗത്തെപ്പറ്റി യായിരുന്നു. അന്ത്യോക്യാ പാത്രിയാർക്കീസിന്റെ കീഴിലായിരിക്കുന്നിട ത്തോളം കാലം യാതൊരു പുരോഗതിയും സാധ്യമല്ലെന്നു ബോധ്യമായതിനാൽ പാത്രിയാർക്കീസിന്റെ പിടിയിൽ നിന്ന് സഭയെ സ്വാതന്ത്ര്യപ്പെടുത്തി ഒരു കാതോലിക്കോസിന്റെ കീഴിലാക്കുന്നതിന് അദ്ദേഹം മുന്നിട്ട് പ്രവർത്തിക്കാൻ തുടങ്ങി. അബ്ദുള്ളാ പാത്രി യാർക്കീസിന്റെ മുൻഗാമിയായിരുന്ന അബ്ദദ് മ്ശിഹാ പാത്രിയർക്കീ സിനെ കേരളത്തിൽ വരുത്തുന്നതിലും, 1912 സെപ്റ്റംബർ 15-ാം തീയതി അദ്ദേഹം മുഖാന്തിരം നിരണത്തു പള്ളിയിൽ വച്ച് കണ്ടനാട്ടു മാർ ഈവാനിയോസ് തിരുമേനിയെ പ്രഥമ കാതോലിക്കോസ് ആയി വാഴിച്ചുകൊണ്ട്, കാതോലിക്കാ സിംഹാസനം ഇവിടെ ഉറപ്പിക്കു ന്നതിലും പ്രധാന പങ്കുവഹിച്ചിരുന്നത് സ്മര്യ പുരുഷനായിരുന്നു എന്നത് സുവിദിതമത്രെ.

സ്വസമുദായാംഗങ്ങളായ യുവാക്കന്മാർക്ക് ഉൽകൃഷ്ട വിദ്യാഭ്യാസം നല്കുന്നത് സമുദായോന്നമനത്തിന് സഹായകമാണെ ന്നുള്ള ബോദ്ധ്യം നിമിത്തം എം. ഡി. സിമ്മനാരി ഹൈസ്കൂളിനെ ഒരു ഒന്നാം ഗ്രേഡ് കോളജായി ഉയർത്തുന്നതിന് കഥാപുരുഷൻ ആഗ്രഹിച്ചെങ്കിലും പ്രതികൂല സാഹചര്യങ്ങൾ നിമിത്തം അത് സാധിതപ്രായമായില്ല. ഈ ഉദ്ദേശ്യസാധ്യത്തിനായി സെറാംപൂരിൽ ഉദ്യോഗം സ്വീകരിച്ചശേഷം കേരളത്തിൽ നിന്ന് അനേകം യുവാക്കന്മാരെയും യുവതികളെയും ഉത്തരേന്ത്യയിലേയ്ക്ക് കൊണ്ടുപോവുകയും അവിടെയുള്ള വിവിധ കോളജുകളിൽ അവർക്ക് പ്രവേശനം വാങ്ങിക്കൊടുക്കുകയും ചെയ്തു. പണ്ഡിതന്മാരും സമർത്ഥന്മാരുമായ വൈദികർ മുഖാന്തിരം സമുദായോന്നമനം

സാധിക്കാമെന്നുള്ള ഉദ്ദേശ്യത്തോടെ എം. ഡി. സിമ്മനാരിക്കു സമീപം ഒരു വൈദിക കോളജ് സ്ഥാപിക്കുവാൻ വേണ്ടി, ഏതാനും ശെമ്മാശ്ശന്മാരെ കഥാപുരുഷൻ സെറാംപൂരിലേക്കു കൊണ്ടുപോയി. അവിടുത്തെ വൈദികകോളജിൽ അവർക്കു പഠനസൗകര്യമുണ്ടാക്കി ക്കൊടുത്തു. അവരെ തന്നോടു കൂടെ താമസിപ്പിച്ച് ആവശ്യമായ പരിശീലനം നല്കിയതിനു പുറമേ, കോളജിൽ നിന്നു തനിക്കു ലഭിച്ച വരുമാനത്തിന്റെ സിംഹഭാഗവും അവർക്കുവേണ്ടി ചെലവഴിക്കുകയും ചെയ്തു. ശെമ്മാശ്ശന്മാരിൽ പലരും ഉൽകൃഷ്ട ബിരുദധാരികളായി ത്തീരുന്നതു കണ്ടപ്പോൾ അദ്ദേഹത്തിന് അതിയായ സന്തോഷ മുണ്ടായി. അവരെ എങ്ങനെ സഭോന്നമനത്തിനു പ്രയോജനപ്പെടുത്താ മെന്നായി പിന്നത്തെ ആലോചന. കേരളത്തിനു പുറമേ, ഇൻഡ്യയുടെ ഇതര ഭാഗങ്ങളിലും ക്രിസ്തുവിന്റെ സുവിശേഷം ഘോഷിക്കുന്നതിന് സമർത്ഥരായ മിഷനറിമാരെ അവരിൽ നിന്നും കണ്ടുപിടിക്കാമെന്നും അങ്ങനെ തോമ്മാശ്ലീഹായിൽ നിന്നു സുവിശേഷ വെളിച്ചം സ്വീകരിച്ച മലങ്കര ക്രൈസ്തവരുടെ രണ്ടായിരം കൊല്ലത്തെ കൃത്യവിലോപത്തിനു പരിഹാരം വരുത്താമെന്നും അദ്ദേഹം ആശിച്ചു. കേരളത്തിലേക്കു മടങ്ങിവരാതെ, സുവിശേഷ പ്രചരണാർത്ഥം എല്ലാവരും കൂടെ പഞ്ചാബിലേക്കോ, മറ്റേതെങ്കിലും ഉത്തരേന്ത്യൻ പ്രദേശത്തേക്കോ ഇറങ്ങിത്തിരിച്ചാലോ എന്നും ചിന്തിക്കാതിരുന്നില്ല. എന്തു കരണീയ മെന്ന് ചിന്തിപ്പാനും, ദൈവഹിതം അറിവാനായി ഉള്ളു നീറി പ്രാർത്ഥി ക്കുവാനും കഥാപുരുഷൻ തുടങ്ങി. ദീർഘനാളത്തെ ആലോചന യുടെയും പ്രാർത്ഥനയുടെയും ഫലമായി ലോകത്തോടുള്ള സർവ്വ ബന്ധവും പരിത്യജിച്ച്, ദൈവത്തെ മാത്രം സമ്പാദ്യമായി കരുതിയിറ ങ്ങുന്ന സന്യാസിമാരുടെ ഒരു സമൂഹത്തെ പടുത്തുയർത്തു കയാണ് ആവശ്യമെന്ന് അദ്ദേഹം നിശ്ചയിച്ചുറച്ചു. അതിനു തയ്യാറുള്ള വൈദിക വിദ്യാർ ത്ഥികളെ ഉപദേശിക്കുക മാത്രം ചെയ്യാതെ, താൻ തന്നേ മുന്നിട്ടിറങ്ങി മാതൃക കാണിച്ചു കൊടുക്കണമെന്ന് അദ്ദേഹം തീരുമാനിച്ചു. അങ്ങനെ ശൈശവാവസ്ഥയിലുള്ള ഒരു ആശ്രമം മനസ്സിൽ സങ്കല്പിച്ചുകൊണ്ട് സെറാംപൂരിൽ വച്ചു തന്നെ പലയാളുകൾ ഒന്നിച്ച് ജീവിച്ച് ചില തപശ്ചര്യകൾ അനുഷ്ഠിച്ചു തുടങ്ങി. കൃത്യസമയങ്ങളിലുള്ള നമസ്കാരത്തിന് ആരും മുടക്കം വരുത്തരുത്; ധ്യാനവും ആത്മശോധനയും ദിനംപ്രതി നിർവിഘ്നം നടത്തണം; സൂത്താറാ പ്രാർത്ഥന കഴിഞ്ഞാൽ പിന്നീട് രാവിലത്തെ

www.malankaralibrary.com

പ്രാർത്ഥനയും ധ്യാനവും കഴിഞ്ഞിട്ടേ സംസാരിക്കാവൂ എന്നിങ്ങനെയുള്ള തപശ്ചര്യകളാണ് അന്ന് പൊതുവേ അംഗീകരിച്ച് നടപ്പിൽ വരുത്തിയിരുന്നത്.

ഒരു സന്യാസ സമൂഹം സ്ഥാപിക്കണമെന്നുള്ള ആശയം ഉറച്ചു കഴിഞ്ഞതോടെ അതിന്റെ പൂർത്തീകരണത്തിനായി എന്തു ചെയ്യണം; എവിടെ പോകണം എന്ന് ആലോചനയായി. സന്ദർഭവശാൽ ഈ കാര്യം മി. ഇ. ജെ. ജോൺ വക്കീലിനെ കഥാപുരുഷൻ എഴുതി അറിയിക്കയുണ്ടായി. അതിന് അദ്ദേഹം ഇപ്രകാരമാണ് മറുപടി നല്കിയത്. "അതിനായി ഉത്തരേന്ത്യയിലെങ്ങും പോകേണ്ടയാവശ്യമില്ല. ഈ നാട്ടിൽ തന്നേ വിജനമായ ഒരു സ്ഥലത്ത് ആശ്രമം സ്ഥാപിച്ചു താമസിക്കയാണു വേണ്ടത്. അതിലേക്കു പെരുനാട്ടിലുള്ള എന്റെ വക 100 ഏക്കർ സ്ഥലം തരാൻ തയ്യാറാണ്." "അങ്ങനെ തന്നേ" എന്നു കഥാനായകനും തീർച്ചപ്പെടുത്തി. അടുത്ത പ്രാവശ്യം നാട്ടിൽ വന്നപ്പോൾ സ്നേഹിതനായ മി. കെ. ജി. ചെറിയാനോടുകൂടെ കഥാപുരുഷൻ പെരുനാട്ടിൽ പോയി മി. ജോൺ വക്കീൽ നിർദ്ദേശിച്ച സ്ഥലം കാണുകയും അതോടു ചേർന്നുള്ള ഗവൺമെന്റ് വക കുറെ സ്ഥലം കൂടെ പതിപ്പിച്ചെടുക്കണമെന്നു തീരുമാനിക്കുകയും ചെയ്തു. ഗവൺമെന്റു വക സ്ഥലം പതിപ്പിക്കുന്നതിന്, തറപ്പാട്ടം കെട്ടിവയ്ക്കുന്നതിനുള്ള പണം തല്ക്കാലം കൈവശമില്ലാതിരുന്നതിനാൽ, സ്വപിതാവിന്റെ കൈയിൽ നിന്ന് പണം കടമെടുത്താണ് ആ കാര്യം സാധിച്ചത്. അങ്ങനെ മി. കെ. സി. മാമ്മൻ മാപ്പിള, മി. കെ. കെ. ലൂക്കോസ് മുതലായവരുടെ സഹായത്തോടെ ഏക്കറിന് 5 രൂപാ വച്ച് 300 ഏക്കർ സ്ഥലം ഗവൺമെന്റിൽ നിന്നും പതിച്ചെടുത്തു. അതോടു ചേർത്തു കുറെ സ്ഥലം വ്യക്തികളിൽ നിന്നും വിലയ്ക്കു വാങ്ങുകയും ചെയ്തു. ഇപ്രകാരം പത്തനംതിട്ട താലൂക്കിൽ റാന്നി പകുതിയിൽ പെരുനാടു വില്ലേജിൽ, പമ്പയാറിന്റെയും കക്കാട്ടാറിന്റെയും സംഗമസ്ഥലത്തിനു അല്പം കിഴക്കുമാറി മുണ്ടൻമല എന്ന് അറിയപ്പെടുന്ന കുന്നിൽ 400 ഏക്കറോളം സ്ഥലം ആശ്രമത്തിനു സ്വന്തമായി ലഭിച്ചു കഴിഞ്ഞു. ഈ മലയുടെ അടിവാരത്തിൽ കൂടെയാണ് ഈ ഭാഗങ്ങളിൽ നിന്നുള്ള ശബരിമല തീർത്ഥാടകർ യാത്ര ചെയ്തിരുന്നത്. സമീപവാസികളായ ഹൈന്ദവർ മലമുകളിൽ ശിവാരാധനയും നടത്തി വന്നിരുന്നു.

www.malankaralibrary.com

ആശ്രമസ്ഥാപനം സംബന്ധിച്ച പ്രാരംഭ നടപടികളെല്ലാം നിർവ്വഹിച്ചിട്ട് സെറാംപൂരിലേക്കു മടങ്ങിയെങ്കിലും കഥാപുരുഷന്റെ പിന്നീടുള്ള ചിന്തയെല്ലാം ആശ്രമത്തെ ചുറ്റിപ്പറ്റിയുള്ളതായിരുന്നു.

മുണ്ടൻമലയിൽ കെട്ടിടങ്ങൾ കെട്ടി വാസയോഗ്യമാക്കുന്നതിനും, കൃഷി ചെയ്യുന്നതിനുമായി കഥാപുരുഷൻ കൽക്കട്ടായിലുള്ള ഒരു യൂറോപ്യനിൽനിന്ന് ചുരുങ്ങിയ പലിശയ്ക്ക് 7000 രൂപ കടംവാങ്ങി. ആശ്രമകെട്ടിടങ്ങൾ കെട്ടുന്നതിനും, അനാഥശാല, ആശുപത്രി മുതലായവ സ്ഥാപിക്കുന്നതിനും, കൃഷിയുടെ പ്രാരംഭാവശ്യങ്ങൾക്കുമായി ഈ പണമെല്ലാം ചെലവായി. അപ്പോഴാണ് കഥാപുരുഷൻ പണപ്പിരിവിനായി ഇറങ്ങിയത്. അതിനായി പൊതു ജനങ്ങളെ സമീപിക്കുന്നതിനുമുമ്പ്, തന്റെ കാലശേഷം ആശ്രമവസ്തുക്കൾ സ്വവീട്ടുകാരുടെയോ, മറ്റാരുടെയെങ്കിലുമോ അധീനതയിലാകാതിരിക്കാൻ വേണ്ടി, അദ്ദേഹം ഒരു വിൽപത്രം എഴുതി രജിസ്റ്റർ ചെയ്തത് പ്രത്യേകം പ്രസ്താവ്യമാണ്. 1919 മുതൽ 1923 വരെ കേരളത്തിന്റെ നാനാഭാഗങ്ങളിൽ ചുറ്റി സഞ്ചരിച്ച് കഥാപുരുഷൻ പണപ്പിരിവ് നടത്തി. ഈ മഹത്തായ യത്നത്തിൽ നാനാ-ജാതിമതസ്ഥരായ പൊതുജനങ്ങൾ നിർലോഭം സഹകരിച്ചിരുന്നു എന്ന് നന്ദിപൂർവ്വം രേഖപ്പെടുത്തിക്കൊള്ളുന്നു.

ആശ്രമത്തിനു വേണ്ടി സ്ഥലം സമ്പാദിച്ചശേഷം, അതിന് ഏത് നാമമാണ് നല്കേണ്ടതെന്ന് കഥാപുരുഷൻ ആലോചനയായി. ആ ഉദ്ദേശ്യത്തോടെ ഒരു ദിവസം പ്രാർത്ഥനാപൂർവം വേദപുസ്തകം തുറന്നുനോക്കിയപ്പോൾ ദൃഷ്ടിയിൽപ്പെട്ട പേരാണ് ബഥാനിയാ. ബഥനിയിലെ ലാസറിന്റെയും സഹോദരിമാരുടെയും, ദൈവസേവനത്തെയും പരോപകാര പ്രവൃത്തികളെയും പറ്റി ചിന്തിച്ചപ്പോൾ ആശ്രമത്തിനു പറ്റിയ നാമം അതുതന്നേ എന്നു തീർച്ചപ്പെടുത്തുകയും, ആശ്രമത്തിന് ആ പേരു നല്കുകയും ചെയ്തു. ആശ്രമസ്ഥന്മാർ ക്രിസ്തുവിനെ അടുത്ത് അനുകരിക്കേണ്ടവരാകയാൽ അവരുടെ സമൂഹത്തിന് ക്രിസ്താനുകരണ സമൂഹമെന്ന നാമവും നല്കി.

ആശ്രമാംഗങ്ങൾക്ക് എന്തു വേഷമാണ് നല്കേണ്ടതെന്നതിനെപ്പറ്റിയായി കഥാപുരുഷന്റെ അനന്തര ചിന്ത. തങ്ങൾ ദൈവത്തിനായി വേർതിരിക്കപ്പെട്ട ഒരു കൂട്ടമാണെന്ന് ആശ്രമാംഗങ്ങൾക്കും മറ്റുള്ളവർക്കും തോന്നത്തക്കതും ഇൻഡ്യൻ സംസ്ക്കാരത്തിനു ചേർന്നതും, നിവൃത്തിയുള്ളിടത്തോളം ചെലവു കുറഞ്ഞതു

മായിരിക്കണം വേഷം എന്ന് അദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നു. ഈ ലക്ഷണങ്ങളെല്ലാമൊത്തത് ഹിന്ദു സന്യാസിമാരുടെ കാഷായ വേഷമാണെന്നും അതിനാൽ അതുതന്നെ ആശ്രമാംഗങ്ങളുടെ വേഷമായിരിക്കണമെന്നും ഒടുവിൽ തീരുമാനിച്ചു. താൻ മണ്ണാണെന്നും മണ്ണിലേക്കു തിരികെ ചേരേണ്ടവനാണെന്നും സന്യാസിയെ ഓർപ്പിക്കുന്നതിനും തദ്വാര അയാളെ താഴ്മയിൽ നിലനിർത്തുന്നതിനും കാവിനിറം ഉപകരിക്കുന്നതാണല്ലോ.

ഇനി ആശ്രമത്തിലെ ജീവിതരീതി, നിയമസംഹിത, മുതലായ വയ്ക്ക് ഒരു രൂപം കൊടുത്താൽ മതിയാവും. അതിനുവേണ്ടി ആശ്രമസ്ഥാപകൻ മഹാത്മാഗാന്ധിയുടെ സബർമതി, ടാഗോറിന്റെ വിശ്വഭാരതി മുതലായ ഹൈന്ദവാശ്രമങ്ങളും, പ്രൊട്ടസ്റ്റന്റുകാരും കത്തോലിക്കരും നടത്തുന്ന പല ക്രൈസ്തവാശ്രമങ്ങളും സന്ദർശിക്കുകയും അവയിൽ പലതിന്റെയും നിയമാവലി വാങ്ങി വായിച്ചു ഹൃദിസ്ഥമാക്കുകയും ചെയ്തു. ആരംഭത്തിൽ നിഷ്കൃഷ്ടമായ നിയമാവലി ഒന്നുമുണ്ടായിരുന്നില്ല; എങ്കിലും രണ്ടു കാര്യങ്ങൾ തീർച്ചപ്പെടുത്തിയിരുന്നു. അന്ത്യോക്യാ പാത്രിയർക്കീസോ, പുറമേ നിന്നുള്ള മറ്റേതെങ്കിലും അധികാരിയോ ആശ്രമത്തിന്റെ ഉൾക്കാര്യങ്ങളിൽ ഇടപെടുന്ന പക്ഷം ആശ്രമം കൊണ്ടുദ്ദേശിക്കുന്ന ലക്ഷ്യം നടപ്പാകയില്ല എന്ന കാരണത്താൽ ബാഹ്യമായ എല്ലാ ഇടപാടുകളിൽ നിന്നും ആശ്രമം സ്വതന്ത്രമായിരിക്കണം; പാശ്ചാത്യ സന്യാസമുറകളെ അന്ധമായി അനുകരിക്കാതെ, ഇൻഡ്യൻ സന്യാസത്തിന്റെ സ്തുത്യർഹമായ മുറകളെ കഴിയുന്നിടത്തോളം സ്വീകരിക്കണം, ഇവയായിരുന്നു തീർച്ചപ്പെടുത്തിയിരുന്ന കാര്യങ്ങൾ.

ബഥനിയിലെ പ്രാരംഭജോലികളുടെ നടത്തിപ്പിനായി, സെറാംപൂരിൽ തന്നോടുകൂടെ താമസിച്ച് വൈദിക കോളജിൽ പഠിച്ചുകൊണ്ടിരുന്ന നിരണം സ്വദേശിയായ മട്ടയ്ക്കൽ അലക്സ്യോസു ശെമ്മാശ്ശന് വൈദിക പട്ടം കൊടുപ്പിച്ച് അദ്ദേഹത്തെ കഥാനായകൻ പെരുനാട്ടിലേക്ക് അയച്ചു. അദ്ദേഹത്തിനു സഹായികളായി ശൂരനാട്ടു സ്വദേശിയും, കോട്ടയം എം. ഡി. പ്രൈമറി സ്കൂളിലെ ഒരു അധ്യാപകനായിരുന്ന ഉമ്മൻ വാദ്ധ്യാരെയും, കഥാപുരുഷന്റെ സഹോദരൻ മത്തായി പണിക്കരെയും, കിളീലേത്തു ചാക്കോയെയും നിയോഗിച്ചു. ഈ കാലത്താണ് വടശ്ശേരിക്കര രാജാമ്പാറ റോഡ് ഗവൺമെന്റ് ചെലവിൽ വെട്ടിത്തീർത്തത്. ഈ റോഡ് മുണ്ടൻമലയുടെ

www.malankaralibrary.com

അടിവാരത്തിൽ കൂടെ കടന്നുപോകുന്നു. ഇങ്ങനെ മുണ്ടൻ മലയിലേക്ക് യാത്രാ സൗകര്യമുണ്ടായി. ബഥനിയിലെ പ്രാരംഭ ജോലികൾക്കായി നിയോഗിക്കപ്പെട്ടവർ മുണ്ടൻമലയിൽ 1000 അടി ഉയരത്തിലുള്ള സമനിരപ്പായ ഒരു സ്ഥാനത്തെത്തി ചേർന്നു. അവർ ആദ്യമായി ചെയ്തത് ഈ റോഡിന്റെ വശത്തായി ഒരു സത്രം പണിതീർക്കുക യായിരുന്നു. തുടർന്നു വന്യമൃഗങ്ങളുടെ സങ്കേതസ്ഥലമായിരുന്ന മുണ്ടൻമലയിലെ കാടുകൾ വെട്ടിത്തെളിച്ച്, ചാപ്പൽ, ആശ്രമസ്ഥ ന്മാർക്കു താമസിപ്പാനുള്ള കെട്ടിടങ്ങൾ, ഭക്ഷണശാല മുതലായവയും കാട്ടുമുളയും വൃക്ഷക്കൊമ്പുകളും കൊണ്ട് പണിത്തീർത്ത് പുല്ലുമേഞ്ഞ് ഉപയോഗയോഗ്യമാക്കി തീർത്തു.

സെറാംപൂരിൽ താമസിച്ചു കൊണ്ടു തന്നേ ഈ വിധം ആശ്രമസ്ഥാപനം സംബന്ധിച്ച കാര്യങ്ങളെല്ലാം പൂർത്തിയാക്കിയ ശേഷം കഥാനായകൻ കോളജിലെ പ്രൊഫസർ ഉദ്യോഗം രാജിവച്ചിട്ട് നാട്ടിലേക്കു പോന്നു. 1919 ആഗസ്റ്റു 15-ാം തീയതി ബഥനി ആശ്രമം ഔദ്യോഗികമായി ഉൽഘാടനം ചെയ്യപ്പെട്ടു.

ഉൽഘാടന ദിവസം ഫാദർ പീ. റ്റി. ഗീവർഗ്ഗീസ്, ഫാദർ അലക്സ്യോസ് എന്നിവരോടുകൂടെ ആശ്രമസ്ഥരായി ചേർന്നത് കോട്ടയം ഒളശ്ശ സ്വദേശിയായ കളപ്പുരയ്ക്കൽ യാക്കോബു ശെമ്മാശ്ശനും, ശൂരനാട്ടു കുറ്റിയിൽ കോശി ശെമ്മാശ്ശനും മാത്രമായിരുന്നു.

ആശ്രമസ്ഥാപനാനന്തരം മേൽപ്പറഞ്ഞ സ്ഥാപകാംഗങ്ങൾ ആദ്യമായി ചെയ്തിരുന്നത് ഒരു ഭരണഘടന എഴുതി ഉണ്ടാക്കുകയാണ്. 1919 ആഗസ്റ്റ് 23-ാം തീയതി ഭരണഘടന എഴുതിയുണ്ടാക്കി. 4 പേരും ഒപ്പിട്ട് അംഗീകരിക്കുകയും 1920 മാർച്ച് 9-ാം തീയതി അത് അൾത്താരയിൽ സമർപ്പിക്കുകയും ചെയ്തു. ഭരണഘടനപ്രകാരം ഫാദർ പി. റ്റി. ഗീവർഗ്ഗീസ് മൂന്നു വർഷത്തേക്ക് ആശ്രമ സുപ്പീരിയറായി തിരഞ്ഞെടുക്കപ്പെട്ടു. ആശ്രമസ്ഥാപനത്തോടുകൂടെ തന്നെ ഒരു അനാഥശാലയും, ആശുപത്രിയും സ്ഥാപിക്കപ്പെട്ടു. ആശ്രമസ്ഥരു ടെയും അനാഥകുഞ്ഞുങ്ങളുടെയും ഉപജീവനാർത്ഥം പലതര കൃഷികളും ആശ്രമസ്ഥലത്ത് ഇറക്കുകയും ചെയ്തു.

www.malankaralibrary.com

ആശ്രമസ്ഥാപന വാർത്ത നാടെങ്ങും പരന്നു. ആശ്രമാംഗങ്ങളായി തീരുവാൻ പല യുവാക്കന്മാരും വെമ്പൽകൊണ്ടിരുന്നു. ആദ്യമായി പ്രവേശനം ലഭിച്ചവർ താഴെപ്പറയുന്നവരാണ്.

1. ശൂരനാട്ട് ദൈവുള്ളതിൽ മാത്തുണ്ണി ഉമ്മൻ
2. പുളിക്കീഴ് കാട്ടായിൽ വഴിപ്പറമ്പിൽ പോത്തൻ വർഗ്ഗീസ്
3. കല്ലൂപ്പാറ പടിഞ്ഞാറെ മണ്ണിൽ വർഗ്ഗീസ് അബ്രഹാം
4. മാവേലിക്കര കല്ലുമ്പ്രത്തു പൂവത്തൂർ മാത്യു ഇസ്സാക്ക്
5. മാവേലിക്കര കല്ലുമ്പ്രത്തു സ്തേഫാനോസ് യാക്കോബ്

18-9-1919-ൽ ഇവരെ ആശ്രമത്തിൽ പ്രവേശിപ്പിക്കുകയും, 23-9-1919-ൽ ആശ്രമവസ്ത്രം നല്കി ആയാതരായി സ്വീകരിക്കുകയും ചെയ്തു. ഇവരുടെ സന്യാസ പരിശീലനത്തിനുള്ള ചുമതല യാക്കോബു ശെമ്മാശ്ശനെയാണ് ഭരമേലിപ്പിച്ചിരുന്നത്. ഇവരെ തുടർന്ന് സെറാംപൂർ വൈദിക കോളജിൽ പഠിച്ചുകൊണ്ടിരുന്ന ചെങ്ങന്നൂർ മാമ്പഴക്കാട്ടിൽ ചാക്കോ ഗീവർഗ്ഗീസിനെ 26.5.1920-ലും, കല്ലൂപ്പാറ മൂലമണ്ണിൽ ചെറിയാൻ സ്കറിയായെ 27-5-1920-ലും ആശ്രമസ്ഥരായി സ്വീകരിച്ചു.

സമൂഹത്തിന്റെ ഔദ്യോഗിക സ്ഥാപനാനന്തരം അധിക നാൾ കഴിയുന്നതിന് മുമ്പ് സ്ഥാപകാംഗങ്ങളിൽ ഒരാളായ കോശി ശെമ്മാശ്ശൻ, മനസ്സാക്ഷി പ്രേരണപ്രകാരം യാക്കോബായ സഭ വിട്ട് കത്തോലിക്ക ഐക്യം പ്രാപിക്കുകയും, കത്തോലിക്കാ സഭയിലെ ഒരു സന്യാസ സഭയായ സുറിയാനി കർമ്മലീത്താ ആശ്രമത്തിൽ ചേരുകയും ചെയ്തു. മറ്റൊരു ആശ്രമാംഗമായിരുന്ന കല്ലൂമ്പ്രത്ത് ഇസ്സാക്ക് സന്യാസജീവിതം ഉപേക്ഷിച്ച് സ്വന്തം വീട്ടിലേക്കു പിന്തിരിഞ്ഞു. ആറു മാസത്തെ സന്യാസ പരിശീലന ശേഷം, ഫാദർ പി. റ്റി. ഗീവർഗ്ഗീസ്, ഫാദർ അലക്സ്യോസ്, യാക്കോബ് ശെമ്മാശ്ശൻ എന്നിവർ 1920 -ലെ പെന്തിക്കോസ്തു തിരുനാളിൽ (9-3-1920) പെരുനാട്ട് ആശ്രമ ചാപ്പലിൽ വച്ച് സന്യാസ ജീവിതത്തിനുള്ള അവരുടെ പ്രഥമ പ്രതിഷ്ഠ നടത്തി. അന്നേ ദിവസം കഥാപുരുഷൻ, സന്യാസ പ്രതിഷ്ഠയുടെ മാഹാത്മ്യത്തെ ക്കുറിച്ച് നടത്തിയ പ്രഭാഷണം ഏവരെയും ഇരുത്തി ചിന്തിപ്പിക്കുന്ന ഒന്നായിരുന്നു.

www.malankaralibrary.com

പ്രസ്തുത പ്രഭാഷണത്തിന്റെ സംക്ഷേപം താഴെ ചേർക്കുന്നു:

“സന്യാസിയെ ഒരു യാഗപ്പശുവിനോട് ഉപമിക്കാം. യാഗപ്പശു നാല് അവസ്ഥാന്തരങ്ങളിൽകൂടെ കടന്നു പോകേണ്ടതായുണ്ട്. ഒന്നാമതായി യാഗപശുവിനെ കൂട്ടത്തിൽ നിന്നു വേർതിരിക്കുന്നു. രണ്ടാമതായി അതിനെ ദേവാലയത്തിനു പുറത്തു കെട്ടുന്നു. മൂന്നാമതായി യാഗദിവസം ആരാധകൻ വന്ന് അതിന്റെ കഴുത്തുവെട്ടി തോലുരിച്ച് പല കഷണങ്ങളായി ഭാഗിക്കുകയും അതിൽനിന്ന് ചീത്ത ഭാഗങ്ങൾ നീക്കിക്കളകയും, മാംസവും രക്തവും പ്രത്യേക പാത്രങ്ങളിലാക്കി ദൈവാലയത്തിലേക്ക് കൊണ്ടുപോയി ആചാര്യനെ ഏല്പിക്കുകയും ചെയ്യുന്നു. നാലാമതായി ആചാര്യൻ മാംസകഷണങ്ങളെ യാഗപീഠത്തിന്മേൽ വച്ചു ഹോമിക്കുകയും രക്തത്തെ പീഠത്തിന്മേൽ ഒഴിക്കുകയും ചെയ്യുന്നു.

യഹൂദന്മാർക്കു പല യാഗങ്ങളുള്ളതിൽ അതിശ്രേഷ്ഠമായതു സർവാംഗഹോമയാഗമത്രേ. മറ്റു യാഗങ്ങളിൽ ആരാധകനും മറ്റും ചില ഓഹരികളുണ്ട്. ഒരു ഭാഗം മാത്രമേ യാഗപീഠത്തിന്മേൽ വച്ചു ഹോമിക്കയുള്ളു. സർവാംഗഹോമത്തിലാകട്ടെ എല്ലാം ദൈവത്തിനു മാത്രമായി ഹോമിക്കപ്പെടുന്നു. അതത്രേ സന്യാസം.

പ്രസംഗത്തിനുശേഷം ആശ്രമപിതാവും മറ്റുള്ളവരും രഹസ്യ പ്രാർത്ഥന നടത്തുകയും, തദനന്തരം ത്രോണോസിൻമുമ്പിൽ മുട്ടുകുത്തികൊണ്ട് പ്രതിജ്ഞ നിർവഹിക്കുകയും ചെയ്തു.

ഏവർക്കും മാതൃകാപരമാം വണ്ണം സന്യാസ ജീവിതം നയിക്കുകയും, നവാഗതരെ പരിശീലിപ്പിക്കുകയും ചെയ്തു കൊണ്ടിരിക്കുന്ന യാക്കോബ് ശെമ്മാശ്ശൻ 1924–ൽ വൈദിക പദത്തിലേക്ക് ഉയർത്തപ്പെട്ടു. അതോടുകൂടെ അദ്ദേഹം നവശിഷ്യഗുരുവായി നിയമിക്കപ്പെടുകയും ചെയ്തു. സന്യാസാർത്ഥികളായി സ്വീകരിക്കപ്പെടുന്നവർ “സാധു” എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. അവരുടെ സന്യാസവസ്ത്രം, സാധാരണ ഉടുമുണ്ടും, ഉടുപ്പും അതിനു മീതെ ഒരു ഷോളുമായിരുന്നു. നവശിഷ്യരായി സ്വീകരിക്കുമ്പോഴും പേരിലും വേഷത്തിലും വ്യത്യാസമൊന്നും വരുത്തിയിരുന്നില്ല. ശിഷ്യരെ പരിശീലിപ്പിക്കുന്നതി നായി ഉപയോഗിച്ചിരുന്നത് ഒട്ടുമുക്കാലും കത്തോലിക്ക ഗ്രന്ഥങ്ങളായിരുന്നു. സന്യാസ ഗ്രന്ഥങ്ങളും, വേദശാസ്ത്ര പുസ്തകങ്ങളും പുണ്യവാന്മാരുടെ ചരിത്രങ്ങളും ഇവയിൽ ഉൾക്കൊണ്ടിരുന്നു. പരിശീലനകാലത്ത്

പ്രാർത്ഥനാ ജീവിതത്തിനു പുറമേ കൃഷി, കന്നുകാലി വളർത്തൽ, അടുക്കളവേല മുതലായി ആശ്രമത്തിനകത്തുള്ള എല്ലാ വേലകളിലും ശിഷ്യന്മാർക്ക് അഭ്യസനം നല്കിയിരുന്നു. കായിക വേലയ്ക്ക് പൊതുവേ, സമൂഹത്തിൽ ഒരു പ്രത്യേക സ്ഥാനം കല്പിച്ചിരുന്നു.

പരോപകാരങ്ങളായ നിരവധി കാര്യങ്ങൾ നിർവഹിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയാണ് ബഥനി സ്ഥാപിക്കപ്പെട്ടത്. ആശ്രമസ്ഥാപന കാലത്തുതന്നെ ഒരു അനാഥശാലയും ആശുപത്രിയും ആരംഭിച്ചു. ഏറെ താമസിയാതെ സ്ത്രീകൾക്കായി തിരുവല്ലായിൽ ഒരു കന്യകാമഠം സ്ഥാപിച്ചു. വിവാഹ ജീവിതം നയിക്കുന്നവരെയും ആശ്രമാധ്യക്ഷൻ വിസ്മരിച്ചില്ല. അവരുടെ ആത്മീയോന്നമനത്തിനായി ബഥനി ത്രിദീയാശ്രമം എന്ന പേരിൽ ഒരു സംഘടന സ്ഥാപിക്കുകയും അതിന്റെ അംഗങ്ങളായി ഏതാനും പേരെ ചേർക്കുകയും ചെയ്തു.

**നവാഗതർ**

1921-ൽ തിരുവല്ല ഇരുവള്ളിപ്ര വാഴത്ര യാക്കോബു തോമ്മസും 1922-ൽ ഇലന്തൂർ പര്യാരത്ത് തെക്കേതറയിൽ ഗീവർഗ്ഗീസ് യോബും, 1923-ൽ റാന്നി കരിമ്പിനാംകുഴി കരിമ്പനേത്ത് മത്തായി മത്തായിയും, പള്ളം കാക്കുരു എണ്ണയ്ക്കൽ പുത്തൻപുരയ്ക്കൽ ജോൺ എബ്രഹാം, പാത്താമുട്ടം എണ്ണശ്ശേരിൽ കരിമ്പിൻകാലയിൽ വർഗ്ഗീസ് പുന്നൂസ്, ഇരവിപേരൂർ തെക്കേതിൽ കുര്യൻ വർക്കി എന്നിവരും ആശ്രമത്തിൽ അംഗങ്ങളായി ചേർന്നു. തുമ്പമൺ നരിയാപുരത്തു താവളത്തിൽ കിഴക്കേതിൽ ചാണ്ടി യോശുവാ, കല്ലൂപ്പാറ കല്ലറയ്ക്കൽ ചാണ്ടി ചെറിയാൻ, കല്ലൂപ്പാറ കാക്കനാട്ടിൽ അബ്രഹാം കോശി എന്നിവർ 1924-ൽ ബഥനി ആശ്രമത്തിൽ സ്വീകരിക്കപ്പെട്ടു. ഇവരിൽ വാഴത്ര തോമസ്, തെക്കേതിൽ വർക്കി എന്നിവർ 1924 അവസാനിക്കുന്നതിന് മുമ്പ് ആശ്രത്തിൽ നിന്നു പിരിഞ്ഞുപോയി.

**ഉപജീവനം**

ആശ്രമസ്ഥാപകനായ ഫാദർ പീ.റ്റി. ഗീവർഗ്ഗീസ് 1923-ൽ നാനാഭാഗങ്ങളിൽ സഞ്ചരിച്ച് ആശ്രമാവശ്യങ്ങൾക്കായി പണപ്പിരിവ് നടത്തിയിരുന്നെങ്കിലും പിന്നീട് അതു നിറുത്തുകയാണുണ്ടായത്. പെരുനാട്ടിൽ ആശ്രമം വക സ്ഥലത്ത് ആണ്ടുതോറും കൃഷിയിറക്കിക്കൊണ്ടിരുന്നെങ്കിലും, അതിൽ നിന്ന് പറയത്തക്ക ആദായമൊന്നും ലഭിക്കാതായി. ഫലവൃക്ഷങ്ങൾ കുറെയൊക്കെ നട്ടുപിടിപ്പിച്ചിരുന്നെങ്കിലും അവയിൽ നിന്ന് ആദായമുണ്ടാകാൻ ഇനി വർഷങ്ങൾ തന്നെ

വേണ്ടിവരും. ആ സ്ഥിതിക്ക് ആശ്രമസ്ഥന്മാരുടെയും അനാഥക്കുട്ടികളുടെയും ചെലവുകൾ എങ്ങനെ നടന്നുപോയി എന്ന് ആർക്കും സംശയമുണ്ടാകാം. ഭിക്ഷാടനം കൊണ്ടും ഗുണകാംക്ഷികളുടെ സ്വമനസ്സാലെയുള്ള സംഭാവനകളാലും എന്ന് ചുരുക്കത്തിൽ ഉത്തരം കൊടുക്കാനേ നിവൃത്തിയുള്ളു. അടുത്തുള്ള തോട്ടങ്ങളിൽ നിന്നും ചുറ്റുപാടുമുള്ള ഇടവകകളിൽ നിന്നും പിടിയരിയിനത്തിൽ മാസം തോറും കുറെ അരി ലഭിക്കുന്നുണ്ടായിരുന്നു. ആശ്രമാംഗങ്ങൾ തന്നേ മാസംതോറും പ്രസ്തുത സ്ഥലങ്ങളിൽ പോയി പിടിയരി പിരിക്കുകയായിരുന്നു പതിവ്. കൊയ്ത്തുകാലത്ത് ആശ്രമാംഗങ്ങളിൽ ഒന്നോ രണ്ടോ പേർ കുട്ടനാടൻ പ്രദേശങ്ങളിൽ പോയി കൃഷിക്കാരിൽ നിന്ന് നെല്ല് ശേഖരിച്ചു വന്നു. അതിനുവേണ്ടി കൂടുതൽ ബദ്ധപ്പെട്ടിട്ടുള്ളത് ഫാദർ അലക്സ്യോസ് ആയിരുന്നുവെന്ന് പ്രത്യേകം രേഖപ്പെടുത്തേണ്ടതുണ്ട്. പ്രതിഫലേച്ഛ കൂടാതെ കാട്ടൂർ, വയലത്തല മുതലായ സ്ഥലങ്ങളിൽ നിന്ന് ആശ്രമത്തിനു വേണ്ടി പിടിയരി, തേങ്ങ മുതലായവ പിരിച്ചു കൊണ്ടുവരികയും, ആശ്രമത്തിലെ കൃഷിയുടെ ചുമതല മുഴുവൻ ഏറ്റെടുക്കുകയും ചെയ്തിരുന്ന കാട്ടൂക്കാരൻ വല്യപ്പനെ ബഥനിയ്ക്കു വിസ്മരിക്കാനാവില്ല. ഇങ്ങനെയുള്ള വരവുകൾക്കു പുറമേ വല്ലപ്പോഴുമൊക്കെ ഗുണകാംക്ഷികളിൽ നിന്ന് ചെറിയ സംഭാവനകളും ലഭിച്ചിട്ടുണ്ട്. ഉള്ളതുകൊണ്ട് ഓണം പോലെ കഴിയാൻ ആശ്രമസ്ഥന്മാർ പഠിച്ചിരുന്നതുകൊണ്ട് എല്ലാവർക്കും എപ്പോഴും തൃപ്തിയായിരുന്നു. ദാരിദ്ര്യാംബികയുടെ ഉപാസകരായ ബഥനിക്കാർക്ക് ആഡംബരജീവിതം ആശിക്കാവുന്നതല്ലല്ലോ.

തിരുവല്ലാ തിരുമൂലയിൽ ബഥനി പ്രസ്സ് സ്ഥാപിക്കപ്പെട്ടതോടുകൂടി ആശ്രമ ഗുരുവായ യാക്കോബു കശീശായും അദ്ദേഹത്തിന്റെ കീഴിലുള്ള ആശ്രമസ്ഥരും അവിടേയ്ക്ക് താമസം മാറ്റി. പ്രസ്സു കെട്ടിടത്തിന് അടുത്തായി ഉണ്ടാക്കിയിരുന്ന ചെറിയ കെട്ടിടത്തിൽ താമസിച്ചുകൊണ്ട് ആശ്രമപിതാവ് ആശ്രമസ്ഥന്മരുടെയും മഠത്തിലെ കന്യാസ്ത്രീകളുടെയും കാര്യങ്ങൾ അന്വേഷിച്ചിരുന്നു. ആശ്രമസ്ഥന്മാർ പ്രസ്സിന്റെ ചുമതല വഹിച്ചതിനു പുറമേ ചുറ്റുപാടുമുള്ള ഇടവകകളിൽ വേദോപദേശം പഠിപ്പിക്കുകയും, പൗരോഹിത്യവൃത്തിയ്ക്കു തങ്ങളെ ഒരുക്കുന്നതിനായി സുറിയാനി ഭാഷയും തത്വശാസ്ത്രം, വേദശാസ്ത്രം മുതലായ ശാസ്ത്രങ്ങളും പഠിക്കുകയും ചെയ്തിരുന്നു. പുതുതായി വരുന്ന സന്യാസാർത്ഥികളെ സ്വീകരിച്ചിരുന്നത് പെരുനാട്

ആശ്രമത്തിലായിരുന്നു. അവരെ പരിശീലിപ്പിക്കുന്നതിനായി ചെങ്ങന്നൂർ സ്വദേശിയായ സാധു ഗീവർഗ്ഗീസിനെയാണ് നിയോഗിച്ചിരുന്നത്. 'നാഥൻ' എന്ന പേരിൽ അദ്ദേഹം അറിയപ്പെട്ടിരുന്നു. ആശ്രമ പിതാവിന്റെ വികാരിയും അസിസ്റ്റന്റും എന്ന നിലയിൽ പൊതുകാര്യാ ന്വേഷകനായ ഫാദർ അലക്സ്യോസും അവിടെ താമസിച്ചിരുന്നു. ഒരു ഡസനിലധികം വരുന്ന അനാഥകുഞ്ഞുങ്ങളെ ആദ്യം കുറെ നാളത്തേയ്ക്ക് തിരുവല്ലാ ബഥനി മഠത്തിൽ വളർത്തിയിരുന്നെങ്കിലും 1924-നു മുമ്പ് അവരെയും പെരുനാട് അനാഥശാലയിലേക്കു മാറ്റുകയുണ്ടായി.

**ബഥനി അനാഥശാല**

ആശ്രമക്കെട്ടിടം സ്ഥാപിക്കപ്പെട്ട് അവിടെ താമസം തുടങ്ങിയ പ്പോൾ തന്നെ ഒരു അനാഥശാലയും സ്ഥാപിച്ചിരുന്നു. മാതാപിതാക്ക ളില്ലാത്തവരായും അനാഥരായും അശരണരായും കാണപ്പെട്ട കുട്ടികളെയും ജാതിമതഭേദമെന്യേ ബഥനിയുടെ അഭ്യുദയകാംക്ഷികൾ പലപ്പോഴായി ആശ്രമത്തിൽ കൊണ്ടുവന്നേൽപിക്കുവാൻ തുടങ്ങി. ഇവരിൽ പലരുടെയും പൂർവചരിത്രങ്ങൾ രസാവഹങ്ങളാണ്.

ആശ്രമസ്ഥാപകനായ ഫാദർ പീ.റ്റി ഗീവർഗ്ഗീസ് പലേടങ്ങളിലും ചുറ്റി സഞ്ചരിച്ച് ബഥനിക്കുവേണ്ടി പണപ്പിരിവു നടത്തിക്കൊണ്ടി രിക്കുകയായിരുന്നു. അന്നൊരിക്കൽ അദ്ദേഹം ഒരു പള്ളിയിൽചെന്ന് സുവിശേഷപ്രസംഗങ്ങൾ പ്രാർത്ഥനകൾ, ധ്യാനങ്ങൾ മുതലായവ നടത്തി തുടങ്ങി. ബഥനിയുടെ നാനാമുഖങ്ങളായ ആദർശങ്ങളെപ്പറ്റി എവിടെയും എന്നപോലെ അവിടെയും അദ്ദേഹം വിശദീകരിച്ചു. അനാഥശാല പ്രസ്ഥാനത്തെയും അദ്ദേഹം വിട്ടുകളഞ്ഞില്ല. അങ്ങനെ യിരിക്കെ ഒരു ദിവസം പത്തുപതിനാലു വയസ്സു പ്രായമായ ഒരു പെൺകുട്ടി ഒരു കുഞ്ഞിനെയും വഹിച്ചുകൊണ്ട് അദ്ദേഹത്തെ കാണു വാനായി വന്നു. താൻ കൊണ്ടുവന്ന കുഞ്ഞിനെ അനാഥ ശാലയിലേക്ക് എടുത്തു സംരക്ഷിക്കണമെന്ന് ആ പെൺകുട്ടി അഭ്യർത്ഥിച്ചു. "ആരുമേവരുമില്ലാത്ത കുട്ടികളെ മാത്രമേ ബഥനി അനാഥശാലയിൽ സ്വീകരിക്കയുള്ളു. നീ ഈ കുഞ്ഞിന്റെ പെങ്ങളാകകൊണ്ട് നീ തന്നേ അതിനെ സംരക്ഷിച്ചുകൊള്ളണം" എന്നുപറഞ്ഞ് അദ്ദേഹം അവളെ മടക്കിയയച്ചു. മാതാപിതാക്കളില്ലാത്ത പെൺകുട്ടി വളരെ മനോവിഷമ ത്തോടുകൂടെയാണ് പോയതെന്നും, വല്ല വീടുകളിലും വേല ചെയ്തുപ

 www.malankaralibrary.com

ജീവനം കഴിച്ചുവന്ന അവളെ എപ്പോഴും കരഞ്ഞുകൊണ്ടിരിക്കുന്ന കുഞ്ഞാങ്ങള നിമിത്തം ഇപ്പോൾ ആരും ജോലിക്കു നിറുത്താറില്ലെന്നും, തന്നിമിത്തം കുഞ്ഞും അവളും ഏതാനും ദിവസങ്ങളായി പട്ടിണിയാണെന്നും അവിടെ കൂടിയ ആളുകൾ അദ്ദേഹത്തോടു പറഞ്ഞു. "ഇതു നാം അറിഞ്ഞില്ലല്ലോ. നിങ്ങൾ ആരെങ്കിലും ആ പെൺകുട്ടിയെ കണ്ട് കുഞ്ഞിനെ ഇവിടെ കൊണ്ടു വരുവാൻ പറയണം" എന്ന് അദ്ദേഹം അവരോടായി പറഞ്ഞു. കുറെ ദിവസം കഴിഞ്ഞ് ആ പെൺകുട്ടി കുഞ്ഞാങ്ങളെയും കൊണ്ട് പള്ളിയിൽ വന്നു. അപ്പോൾ ആശ്രമാദ്ധ്യക്ഷൻ പലരോടും സംസാരിച്ചുകൊണ്ടിരിക്കയായിരുന്നതിനാൽ, അവൾ കുട്ടിയെ പള്ളിയുടെ ഒരു മൂലയിൽ ആക്കിയിട്ട് ആരോടും ഒന്നും പറയാതെ കടന്നുകളഞ്ഞു. അവൾ എന്താണ് അങ്ങനെ കടന്നുകളഞ്ഞതെന്ന് അദ്ദേഹം തിരക്കിയപ്പോൾ ആളുകൾ പറയുകയുണ്ടായി. "അവിടുന്ന് വീണ്ടും കുഞ്ഞിനെ തിരസ്കരിച്ചെങ്കിലോ എന്ന് കരുതി ആ പെൺകുട്ടി ബുദ്ധിപൂർവ്വം കണ്ടുപിടിച്ച സൂത്രമായിരിക്കും അത്." പള്ളിയിൽ കിടന്ന ആ കുഞ്ഞിനെ അദ്ദേഹം തന്റേതായിതന്നെ ഏറ്റെടുത്തു.

പണപ്പിരിവു സംബന്ധിച്ച് ആശ്രമാദ്ധ്യക്ഷൻ മറ്റൊരു സ്ഥലത്ത് ആയിരിക്കയിൽ, ശക്തിമത്തായ വിഷൂചിക നിമിത്തം അച്ചനും അമ്മയുമൊക്കെ മരിച്ചുപോയ ഒരു പാവപ്പെട്ട കുടുംബത്തെപ്പറ്റി കേൾക്കാനിടയായി. അദ്ദേഹം വേറെ ചിലരോടുകൂടെ ആ ഭവനത്തിലേക്കു ചെന്നു. അവരെ കണ്ടയുടനെ മൂത്തകുട്ടികൾ രണ്ടും പരിഭ്രമിച്ച് ഓടിക്കളഞ്ഞു. ബാക്കി മൂന്നുപേരെയും അദ്ദേഹം അനാഥശാലയിലേക്കു സ്വീകരിച്ചു.

മറ്റൊരു കുഞ്ഞിനെ മുണ്ടക്കയത്തുനിന്ന് ഫാദർ അലക്സ്യോസിനാണ് ലഭിച്ചത്. "ബഥനിക്കു വല്ലതുമുണ്ടോ" എന്ന് അദ്ദേഹം ഒരു സുഹൃത്തിനോട് ചോദിച്ചു. "ഉണ്ട്; ഇരിക്കണം" എന്നു പറഞ്ഞ് അയാൾ അടുത്ത മുറിയിലേക്കു പോയി. അല്പസമയം കഴിഞ്ഞ് ഒരു കുഞ്ഞിനെയും കൊണ്ടാണ് സുഹൃത്ത് വന്നത്. അദ്ദേഹം പറഞ്ഞു. "ഇവനെ അവിടുത്തേക്കു തന്നിരിക്കുന്നു. ആരുമേവരുമില്ലാതെ വഴിയിൽ കിടന്നു കിട്ടയതാണ്. നാലഞ്ചു ദിവസംകൊണ്ട് ഞാൻ വലഞ്ഞു. അച്ചൻ വരട്ടെ എന്നു ഞാൻ കാത്തിരിക്കയായിരുന്നു." വളരെ വളരെ സന്തോഷം എന്നു പറഞ്ഞു ഫാദർ അലക്സ്യോസ് ആ കുഞ്ഞിനെ കൈയിൽ വാങ്ങി ബഥനി അനാഥശാലയിലെത്തിച്ചു. കുറെ

നാളത്തേക്ക് ആ കുഞ്ഞ് ഒരക്ഷരവും ശബ്ദിച്ചിരുന്നില്ല. പിന്നീട് അവിടെ പരിചയിച്ചപ്പോൾ ചങ്ങാതികളൊന്നിച്ച് അവനും കളിക്കാനും ചിരിക്കാനും തുടങ്ങി. ഒരവസരത്തിൽ അനാഥശാലയുടെ ചുമതല ക്കാരനായ ആശ്രമസ്ഥൻ അനാഥക്കുഞ്ഞുങ്ങളോടായി പറഞ്ഞു "എല്ലാവരും ഓരോ പാട്ടുപാടിയാൽ ഞാൻ സമ്മാനം തരാം" കൂട്ടത്തിൽ നമ്മുടെ വിദ്വാൻ കൈകൊണ്ട് വാരിഭാഗത്തു കൊട്ടി താളം പിടിച്ചിട്ടു പാടാൻ തുടങ്ങി. അപ്പോഴാണ് സംഗീതം ഉപജീവനമാർഗ്ഗമായി സ്വീകരി ച്ചിരിക്കുന്ന 'കൊട്ടിയാൻ' ജാതിയിൽപെട്ട ഒരു സ്ത്രീയുടെ മകനായി രിക്കും ആ കുഞ്ഞെന്ന് ഊഹിക്കാൻ ഇടയായത്. ഇങ്ങനെ പലവിധ ത്തിൽ ബഥനി അനാഥശാലയിൽ അംഗങ്ങളായി തീർന്നവരുണ്ട്.

അനാഥക്കുട്ടികൾ അവരുടെ മാസ്റ്ററായി നിയമിക്കപ്പെട്ടിരുന്ന ആശ്രമസ്ഥന്റെ നിയന്ത്രണത്തിൽ ജീവിക്കുകയും ആശ്രമത്തിനടു ത്തുള്ള പ്രൈമറി സ്കൂളിൽ പഠിക്കുകയും ചെയ്തുവന്നു. ആശ്രമത്തിൽ സ്വീകരിക്കപ്പെടുന്നതിനുമുമ്പ് വിവിധ സ്ഥലങ്ങളിൽ വ്യത്യസ്ഥ സാഹചര്യങ്ങളിൽ ജീവിച്ചിരുന്ന ഇവരെല്ലാം ആശ്രമം വക അനാഥ ശാലയിൽ ഏകോദരസഹോദരങ്ങളെപ്പോലെ വർത്തിച്ചിരുന്നു. പ്രൈമറി സ്കൂളിൽ നിന്നു പാസ്സായവരെ മിഡിൽ സ്കൂളിലും അവിടെ നിന്നു പാസ്സായവരെ ഹൈസ്കൂളിലും വിട്ടു പഠിപ്പിച്ചിട്ടുണ്ട്. ബഥനിയിൽ ലഭിച്ച പരിശീലനമാണ് ജീവിതായോധനത്തിന് തങ്ങളെ ഒരുക്കിയതെന്ന് ഇന്നു സാമാന്യം നല്ല നിലയിൽ കഴിഞ്ഞുകൂടുന്ന അവരിൽ പലരും തീർച്ചയായും ചിന്തിക്കുന്നു. അനാഥ കുഞ്ഞുങ്ങളിൽ ഏതാനും ചിലരുടെ പേരുകൾ താഴെ ചേർക്കുന്നു:

| | | |
|---|---|---|
| 1. നൈനാൻ | 2. മർക്കോസ് | 3. ചാക്കോ |
| 4. അബ്രഹാം | 5. തോമസ് | 6. ലൂക്കോസ് |
| 7. ജോണി | 8. താവു | 9. ദാനി |
| 10. മാത്യു | 11. കൊച്ച് അബ്രഹാം | 12. ഫിലിപ്പ് |
| 13. ജോസഫ് | 14. പൗലോസ് | |

ഇവരിൽ പലരും ഇപ്പോൾ നല്ല നിലയിൽ കുടുംബജീവിതം നയിക്കുന്നവരാണ്. ഗവൺമെന്റ് ഉദ്യോഗത്തിൽ കഴിയുന്നവരുമുണ്ട്.

### ബഥനിയിലെ കൃഷികൾ

പെരുന്നാട്ടിൽ താമസസ്ഥലമാക്കിയ കാലത്തുതന്നെ, 60 ഏക്കറോളം വരുന്ന സ്ഥലം, കല്ലുകയ്യാലവച്ച്, കാട്ടുമൃഗങ്ങൾ കയറാത്ത

വണ്ണം അടച്ചുകെട്ടി, അതിനകത്ത് തെങ്ങ്, മാവ്, പ്ലാവ്, നാരകം ആദിയായ ഫലവൃക്ഷങ്ങൾ വച്ചുപിടിച്ചിരുന്നു. പ്രസ്തുത വളപ്പിനകത്ത് എല്ലാത്തരം കൃഷികളും ചെയ്തിരുന്നെങ്കിലും അവയിൽ പ്രധാനം, നെല്ല്, കപ്പ, വാഴ, ചേന, കാച്ചിൽ, കിഴങ്ങ് എന്നിവയായിരുന്നു. വൻ കൃഷികൾ മിക്കവാറും ചെയ്തിരുന്നത് കൂലിക്കാരുടെ സഹായ ത്തോടെയായിരുന്നു. ആശ്രമസ്ഥന്മാരും അനാഥക്കുഞ്ഞുങ്ങളും ശ്രമിച്ചിരുന്നത് വെണ്ട, വഴുതന, പയർ, പാവൽ, ചീര, തക്കാളി മുതലായ ചെറുകൃഷികളിലായിരുന്നു. അവ വർഷംതോറും യഥാസമയം കൃഷിയിറക്കി സമൃദ്ധമായ ഫലമെടുത്തിരുന്നു.

മലയിലെ നെൽകൃഷി വയലുകളിലെ കൃഷിയിൽ നിന്നു വ്യത്യ സ്ഥമാണ്. കാലാവസ്ഥ ഒത്തു കിട്ടിയാൽ നല്ല വിളവുകിട്ടും. അല്ലാത്ത പക്ഷം അദ്ധ്വാനം മുഴുവൻ പ്രയോജനരഹിതമാകയും ചെയ്യും. മകര കുംഭമാസങ്ങളിൽ മലകളിലെ കാടുവെട്ടിത്തെളിച്ച് ചുടും, ഇടവപ്പാതി തുടങ്ങുമ്പോഴേക്ക് വിത്തുവാരി വിതച്ചു കിളയായി. കിളക്കാർ ലൈനായി നിന്ന് നേതാവിന്റെ പാട്ടിന്റെയും കൊട്ടിന്റെയും താളത്തി നൊപ്പിച്ച് കിളച്ചുകയറുന്ന കാഴ്ച കണ്ണിനും ചെവിക്കും ആഹ്ലാദം നൽ കുന്നതാണ്. യഥാസമയം മഴ കിട്ടാഞ്ഞാൽ വിത്തുകിളിച്ചെന്നു വരിക യില്ല. ശരിയാക്കി കിളച്ചു കയറിയാൽ പിന്നീട് കാട് തെളിച്ച് കൊടുക്കു വാൻ വേണ്ടി അങ്ങോട്ടൊന്നു നോക്കിയാൽ മതി. ഇടയ്ക്കൊക്കെ വന്യ മൃഗങ്ങളുടെയും കാട്ടുതീയുടെയും ഉപദ്രവമുണ്ടാകരുതെന്നേയുള്ളു.

ബഥനിയിലെ ഏത്തക്കുല വടശ്ശേരിക്കര ചന്തയിലെ പ്രിയങ്കര ചരക്കായിരുന്നു. ഏത്തക്കുല മലമുകളിൽ തലചുമടേ, കക്കാട്ടാറിൽ കൊണ്ടുവന്നു ചെറുവള്ളങ്ങളിലാക്കി വടശ്ശേരിക്കര ചന്തയിലാക്കും. അവിടെനിന്ന് ആവശ്യക്കാർ വാങ്ങിക്കൊണ്ടു പൊയ്ക്കൊള്ളും. ഏത്തപ്പഴം സുലഭമായുള്ള കാലങ്ങളിൽ, നല്ലപോലെ പഴുത്ത ഏത്തയ്ക്കാ തൊലികളഞ്ഞ് ഉണക്കിവരട്ടി ഭരണികളിലാക്കി അടച്ചുവയ്ക്കുന്ന പതിവുണ്ടായിരുന്നു. ബഥനി സന്ദർശകർക്ക് അതൊരു വിശേഷപലഹാരം തന്നെയായിരുന്നു.

പെരുനാട്ടിലെ കൃഷികളിൽ ഏറ്റം ചെലവുകുറഞ്ഞത് കപ്പയാണ്. അല്പം മണ്ണുകാണുന്നിടത്ത് കപ്പത്തണ്ട് കുഴിച്ചുവയ്ക്കും. നല്ല വളക്കൂറുള്ള മണ്ണാകകൊണ്ട് കപ്പച്ചെടി ആർത്തിരമ്പി കയറും. വിളഞ്ഞു പാകമാകുമ്പോൾ പറിച്ചെടുക്കുകയോ കച്ചവടക്കാർക്കു വിൽക്കുകയോ

ചെയ്യും. ആശ്രമസ്ഥരുടെയും അനാഥകുഞ്ഞുങ്ങളുടെയും കൂലിക്കാരുടെയും സാധാരണ ഭക്ഷണമാണ് കപ്പ.

എല്ലാ കൃഷികളുടെയും പ്രത്യേകിച്ച് കപ്പയുടെയും ആജന്മശത്രുവാണ് കാട്ടുപന്നി. രാത്രിതോറും അവ കൂട്ടമായി ആശ്രമവളപ്പിലേക്കു പ്രവേശിച്ച് കപ്പച്ചെടികൾ മാന്തിത്തുടങ്ങും. ചെടിയുടെ ചെറുപ്രായത്തിൽ അവ മാന്തി തുടങ്ങിയാൽ വിള നശിച്ചതുതന്നെ. വെടിവച്ചും, കുഴിയിൽ ചാടിച്ചും പന്നിയുടെ ഉപദ്രവം കുറെയൊക്കെ കുറച്ചിട്ടുണ്ട്. മനുഷ്യവാസം കൂടുന്തോറും പന്നികളുടെ ഉപദ്രവവും കുറഞ്ഞുവരുന്നു. പെരുനാട്ടിൽ ആശ്രമം തുടങ്ങിയപ്പോൾ തന്നെ അമ്പത് ഏക്കറോളം റബർകൃഷി ചെയ്തു. അതെല്ലാം കാട്ടുതീ നശിപ്പിച്ചു കളഞ്ഞു. പിന്നീട് ഏഴെട്ടുവർഷം കഴിഞ്ഞശേഷമാണ് റബർകൃഷി പുനരാരംഭിച്ചത്. അത് അഭിവൃദ്ധിപ്പെട്ടു വരുന്നു.

**ബഥനിയിലെ കന്നുകാലിവർഗ്ഗം**

ബഥനിയിൽ ഒരു കാലത്ത് അമ്മച്ചി, കൊച്ചമ്മിണി, സീത തുടങ്ങി അൻപതോളം പശുക്കളുണ്ടാ യിരുന്നു. കന്നുകാലികളുടെ ചുമതലക്കാരനായി ഒരു ആശ്രമസ്ഥൻ ഉണ്ടായിരിക്കും. അയാൾ ഒരു കൂലിക്കാരന്റെ സഹായത്തോടുകൂടെ കന്നുകാലികളെ തൊഴുത്തിൽ നിന്നഴിച്ച് കാട്ടിലേക്കു കൊണ്ടുപോകും. പകൽ മുഴുവനും അവ കാട്ടിൽ മേയും. സൂക്ഷിപ്പുകാർക്കുള്ള ഉച്ചഭക്ഷണം ആശ്രമത്തിൽനിന്നും രാവിലെ കൊണ്ടുപോയിരിക്കും. വല്ല വൃക്ഷച്ചുവട്ടിലും ഇരുന്ന് അവർ അതു ഭക്ഷിക്കും. തൊഴുത്തിലേക്കു പോകേണ്ട സമയമാകുമ്പോൾ സൂക്ഷിപ്പുകാരൻ ഒരു ശബ്ദമുണ്ടാക്കും. അതുകേട്ട് കൂട്ടത്തോടെ കന്നുകാലി തൊഴുത്തിലേക്കു മടങ്ങും. കന്നുകാലിക്കു മേയാൻ ധാരാളം പുല്ലുണ്ട്. പക്ഷേ അവിടെയും ഒരു ഉപദ്രവം പതിയിരിപ്പുണ്ട്. കടുവായും പുലിയും. ഒരിക്കൽ ആശ്രമ കുശിനിക്കാരൻ കാട്ടിൽ കൂടെ കടന്നുപോകുകയായിരുന്നു. അപ്പോൾ ഒരു പുലി ഒരു പശുവിന്റെ പുറത്തു കയറിയിരുന്ന് അതിന്റെ കുരവള്ളി കടിച്ചുപറിക്കുന്നതാണു കണ്ടത്. മൂപ്പൻ നിലവിളിക്കുകയും കൂകുകയുമെല്ലാം ചെയ്തിട്ടും പുലിയ്ക്ക് യാതൊരു കൂസലുമില്ല. മൂപ്പൻ മുമ്പിൽ കണ്ട കരിങ്കൽ കഷണമെടുത്ത് പുലിയുടെ തലയ്ക്ക് ഉന്നം വച്ച് ഒരേറ്. ഏറ് പുലിയുടെ തലയ്ക്കുതന്നെ കൊണ്ടു. തല്ക്കാല ത്തേക്ക് അവൻ കണ്ണുരുട്ടി മൂപ്പനെ ഒന്നു നോക്കിയിട്ട് കാട്ടിലേക്കു മറഞ്ഞു. ചോരയൊലിപ്പിച്ചുകൊണ്ടു

നിന്ന "സീതപശു"വിനെയും അടിച്ചുകൊണ്ട് കാവൽക്കാരും മൂപ്പീന്നും ആശ്രമത്തിലേക്കു മടങ്ങി. വന്യമൃഗങ്ങളുടെ ഏതാദൃശമായ ഉപദ്രവങ്ങൾ കന്നുകാലി വർദ്ധനവിന് വലിയ പ്രതിബന്ധമായിരുന്നു.

**പെരുനാട്ടിലെ ഔദാര്യവാനായ കൃഷിക്കാരൻ**

ആശ്രമം സ്ഥാപിച്ച് അധികകാലം കഴിയുന്നതിനുമുമ്പ് കാട്ടൂർ കാരനായ ഒരു മനുഷ്യസ്നേഹി ആശ്രമത്തിന്റെ സഹായിയായി വന്നുകൂടി. ആദ്യകാലങ്ങളിൽ ആശ്രമത്തിന് ആവശ്യമുള്ള പിടിയരി, തേങ്ങാ മുതലായവ കാട്ടൂർ, വയലത്തല ഭാഗങ്ങളിൽനിന്ന് ശേഖരിച്ചു കൊണ്ടുവരികയായിരുന്നു പ്രസ്തുത മാന്യന്റെ പതിവ്. പ്രതിഫലമായി അദ്ദേഹം യാതൊന്നും ആവശ്യപ്പെട്ടില്ല. ആശ്രമം അതിനു കെല്പുറ്റ തുമായിരുന്നില്ല. അങ്ങനെ കറേനാൾ കഴിഞ്ഞപ്പോൾ വല്യപ്പനും അദ്ദേഹത്തിന്റെ രണ്ടു മക്കളും കൂടെ ആശ്രമത്തിലെ കൃഷി ചുമതല മുഴുവൻ ഏറ്റെടുത്തു. കൂലിക്കാരോടുകൂടെ അവരും ജോലി ചെയ്തി രുന്നു. കാട്ടൂർ വല്യപ്പൻ വരുന്നു എന്നു കേട്ടാലുടനെ അനാഥകുഞ്ഞു ങ്ങൾ ആശ്രമഗേറ്റിലേക്ക് ഒരു ഓട്ടമാണ്. അദ്ദേഹത്തിന്റെ തലയിലെ ചാക്കുകെട്ടിൽ അവർക്കു വിശപ്പ് അടക്കാനുള്ള വകകൾ ഉണ്ടായിരി ക്കുമെന്ന് അവർക്കറിയാം.

പ്രായാധിക്യമായപ്പോൾ, ആശ്രമത്തിലെ കൃഷി ചുമതല തന്റെ മക്കളെ ഏല്പിച്ചിട്ട് വല്യപ്പൻ പിൻമാറിയെങ്കിലും കൂടെകൂടെ വന്ന് അവരുടെ ജോലികൾ പരിശോധിച്ചുകൊണ്ടിരുന്നു. കാലാന്തരത്തിൽ പ്രസ്തുത മക്കൾ പെരുനാട്ടിലെ മാതൃപൗരന്മാരായി ഭവിച്ചു. തങ്ങളുടെ നിസ്വാർത്ഥസേവനത്തിന് വല്യപ്പനും മക്കൾക്കും ലഭിച്ച പ്രതിഫലം! ഈ വല്യപ്പന്റെ മകളാണ് മേരിമക്കൾ (D.M.) സന്ന്യാസിനി സമൂഹ ത്തിലെ പ്രഥമ അംഗങ്ങളിൽ ഒരുവളായ ബ. സിസ്റ്റർ ത്രേസ്യാ D.M.

**മുറിമറ്റം കുര്യൻ പൗലോസ്**

കാലം ചെയ്ത മുറിമറ്റം ബാവായുടെ അടുത്ത ചാർച്ചക്കാരനാണ് മിസ്റ്റർ കുര്യൻ പൗലോസ്. കുടുംബത്തിന്റെ സാമ്പത്തികനില ശുഷ്കിച്ചപ്പോൾ മൂവാറ്റുപുഴനിന്ന് തെക്കൻ നാട്ടിലേക്കു വച്ചുപിടിച്ചു. കവിയൂർ കലയക്കാട്ടിൽ ഭവനത്തിൽ വന്നുചേർന്നു. ബഹു.കലയ ക്കാട്ടിൽ തോമസ് അച്ചൻ അദ്ദേഹത്തെ സസന്തോഷം സ്വാഗതം ചെയ്തു. വർഷങ്ങളോളം കലയക്കാട്ടിൽ ഭവനത്തിലും പെരുനാടു

ബഥനിയിലുമായി കുശിനിവേല ചെയ്തു ജീവിച്ചു. മരിച്ചതും കലയക്കാട്ടിൽ ഭവനത്തിൽവച്ചുതന്നെയാണ്. ബഥനിക്ക് കുര്യൻ പൗലോസിനെ വിസ്മരിക്കാൻ വഹിയാ. ആശ്രമത്തിൽ എത്രയധികം ആളുകൾ ഉണ്ടായിരുന്നാലും കുശിനിവേലയ്ക്ക് സ്വന്തസഹായിയായ ലൂക്കോസിനെ അല്ലാതെ മറ്റാരെയും കുര്യൻ പൗലോസിന് ആവശ്യമില്ല. വയസ്സു കുറെയായെങ്കിലും കുരിശിനി വേലയ്ക്ക് കയറുമ്പോൾ യുവാവിനെ പോലെ ചുറുചുറുക്കാണ്. കുറെ അധികനാളത്തേക്ക് കുശിനിയിലെ പുകയേറ്റ് കഴിയുമ്പോൾ, കുശി നിയ്ക്കു പുറത്ത് എന്തെങ്കിലും ജോലിയിൽ ഏർപ്പെടുകയോ, കലയ ക്കാട്ടിൽ ഭവനത്തിലേക്ക് ഒന്നു സ്ഥലം മാറുകയോ ചെയ്യും. കലയ ക്കാട്ടിൽ വന്നതിന്റെ ശേഷമുള്ള സ്ഥിതിയും ഇതുതന്നെ. കലയക്കാട്ടിൽ നിന്നു ബഥനിയിലേക്കും ബഥനിയിൽനിന്നു കലയക്കാട്ടിലേക്കുമല്ലാതെ മറ്റൊരിടത്തേക്കും പോകുവാൻ മൂപ്പനു താല്പര്യമില്ല. കുശിനിവേല കഴിഞ്ഞാൽ പിന്നീട് മൂപ്പിലേക്ക് ഏറ്റം ഇഷ്ടമുള്ളത് കന്നുകാലി സംരക്ഷണമാണ്. രാവിലെ കന്നുകാലിയെ അഴിച്ചുകൊണ്ട് കാട്ടിലേക്ക് പൊയ്ക്കൊള്ളും. ഭക്ഷണം മൂപ്പിലേക്ക് അത്ര വലിയ കാര്യമല്ല. ദിവസം നാലഞ്ചു ബീഡി പുകയ്ക്കണമെന്നു മാത്രം.

**ആശ്രമഗുരുവും ശിഷ്യന്മാരും**

ഏവർക്കും മാതൃകാപരമായി സന്യാസജീവിതം നയിക്കയും നവാഗതരെ പരിശീലിപ്പിക്കയും ചെയ്തുകൊണ്ടിരുന്ന യാക്കോബു ശെമ്മാശൻ 1924ൽ വൈദിക പദത്തിലേക്ക് ഉയർത്തപ്പെട്ടു. അതോടു കൂടെ അദ്ദേഹം നവശിഷ്യഗുരുവായി നിയമിക്കപ്പെടുകയും ചെയ്തു. ഉപദേശം കൊണ്ടും മാതൃകകൊണ്ടും നവശിഷ്യരെ പരിശീലിപ്പിക്കുക എന്നത് ഗുരുവിന്റെ പ്രധാന ചുമതലയായിരുന്നു. അദ്ദേഹം അവരെ പ്രാർത്ഥിപ്പാനും ധ്യനിപ്പാനും പഠിപ്പിച്ചു. ഭാഷകളും ശാസ്ത്രങ്ങളും പഠിപ്പിച്ചു. സന്ന്യാസ ഗ്രന്ഥങ്ങളും, വേദശാസ്ത്ര പുസ്തകങ്ങളും പുണ്യവാന്മാരുടെ ചരിത്രങ്ങളും അവരുടെ പരിശീലനക്രമത്തിൽ ഉൾപ്പെട്ടിരുന്നു. എളിമ, അനുസരണം, സ്നേഹം ആദിയായ പുണ്യങ്ങളുടെ അഭ്യസനത്തിന് അദ്ദേഹം അവർക്ക് ഉത്തേജനം നൽകി യിരുന്നു. കൃഷി, കന്നുകാലി വളർത്തൽ, അടുക്കളജോലി മുതലായി ആശ്രമത്തിനകത്തുള്ള ഗാർഹിക വേലകളിൽ അവർക്ക് അഭ്യസനം

നല്കിയിരുന്നു. അങ്ങനെ പെരുനാട്ടിൽ ആരംഭിച്ച ഗുരുശിഷ്യബന്ധം അവരിൽ അരക്കിട്ടുറപ്പിക്കുകതന്നേ ചെയ്തു.

**ബഥനിപ്രസും പ്രസിദ്ധീകരണങ്ങളും**

പ്രസിദ്ധീകരണങ്ങൾ കൊണ്ടുള്ള പ്രയോജനങ്ങൾ ശരിയായി മനസ്സിലാക്കിയിരുന്ന ആശ്രമാധ്യക്ഷൻ ആ വഴിക്കും വളരെയൊക്കെ പ്രവർത്തിക്കുക യുണ്ടായി. ബഥനി പ്രസ്സ് എന്ന പേരിൽ തിരുവല്ലായിൽ തിരുമൂല പുരത്ത് ഒരു അച്ചടിശാല സ്ഥാപിച്ചതും അവിടെ നിന്ന് 'ബഥനിമാസിക' എന്ന പേരിൽ ഒരു മാസിക മാസം തോറും പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നതും ഇവയിൽ പ്രാധാന്യമർഹിക്കുന്ന വയാണ്. കൂടാതെ പ്രസ്തുത മുദ്രാലയത്തിൽ നിന്ന് ആദ്ധ്യാത്മിക ഗ്രന്ഥങ്ങൾ, നമസ്കാരക്രമങ്ങൾ സൺഡേസ്കൂൾ പുസ്തകങ്ങൾ മുതലായവയും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവയിൽ ചിലവയുടെ പേരുകൾ താഴെ ചേർക്കുന്നു.

1. കുർബാന ധ്യാനം
2. ജീവപ്രകാശം (3 ഭാഗങ്ങൾ)
3. ആത്മപ്രകാശം
4. പ്രതിദിനപ്രകാശം
5. ചോദ്യോത്തരങ്ങൾ
6. വേദപാഠ പുസ്തകങ്ങൾ
7. ആരാധനാസഹായി
8. പാപമോചനം (4 ഭാഗങ്ങൾ)
9. മാർഗ പ്രകാശിക
10. സത്യവേദകഥകൾ
11. നമസ്ക്കാര കഥ
12. കുർബാനക്രമം
13. മിശിഹാനുകരണം
14. നമ്മുടെ കർത്താവിന്റെ ജീവചരിത്രം
15. ബഥനി ബാലപാഠം
16. അത്ഭുതകരമായ കൊടിയടയാളം
17. ബഥനി ഹാർദ്ദവപ്രാർത്ഥന
18. ബഥനി ലഘു പ്രാർത്ഥനകൾ
19. ചെറുപൈതങ്ങളുടെ സന്മാർഗ്ഗ പാത
20. രഹസ്യ പ്രാർത്ഥനകൾ.

പ്രസ്സിന്റെയും പ്രസിദ്ധീകരണങ്ങളുടെയും ചുമതല നിർവഹിച്ചിരുന്നത് ആശ്രമസ്ഥർ തന്നെയായിരുന്നു. പ്രസ്സ് തിരുമൂലപുരത്ത് സ്ഥാപിക്കപ്പെട്ടതോടെ ആശ്രമഗുരുവും ശിഷ്യന്മാരും പെരുനാട്ടിൽ നിന്ന് അങ്ങോട്ടു താമസംമാറ്റി. ആശ്രമപിതാവ് പ്രസ്സ് കെട്ടിടത്തോടടുത്തുള്ള ഒരു ചെറിയ കെട്ടിടത്തിൽ താമസിച്ചുകൊണ്ട് ആശ്രമത്തിന്റെയും മഠത്തിന്റെയും കാര്യങ്ങൾ അന്വേഷിച്ചു കൊണ്ടിരുന്നു. ബഥനിപ്രസ്സും ബഥനിമാസികയും കൊണ്ട് സുറിയാനി സമുദായത്തിന് ഉണ്ടായിട്ടുള്ള പ്രയോജനം അപരിമിതമാണ്.

www.malankaralibrary.com

**ആദ്ധ്യാത്മികസംഭാവനകൾ**

കേരളത്തിലുള്ള ഒട്ടനേകം സ്ഥലങ്ങളിൽ സഞ്ചരിച്ച് മതപരമായ പ്രസംഗങ്ങളും കോൺഫറൻസുകളും നടത്തി ജനങ്ങളെ പ്രബുദ്ധരാക്കുന്നതിന് ആശ്രമപിതാവും അനുയായികളും ശ്രദ്ധിച്ചിരുന്നു. ആശ്രമപിതാവിന്റെ വിജ്ഞാനപ്രദവും ആത്മീയ ചൈതന്യം തുളുമ്പുന്നതുമായ പ്രസംഗങ്ങൾ ശ്രവിക്കുന്നതിന് ഓരോ യോഗങ്ങളിലും സഹസ്രകണക്കിന് ജനങ്ങൾ തടിച്ചുകൂടുക പതിവായിരുന്നു. പ്രതിവർഷം പീഡാനുഭവയാഴ്ചയിൽ അദ്ദേഹം നടത്തിക്കൊണ്ടിരുന്ന ഭക്തിദ്യോതകമായ പ്രസംഗങ്ങൾ നിമിത്തം വിശ്വാസികൾക്ക് ഉണ്ടായിട്ടുള്ള ആത്മീയപ്രയോജനം നിസ്സീമമാണ്. ആ ദിവസങ്ങളിൽ വിദൂരസ്ഥലങ്ങളിൽ നിന്നുപോലും ആളുകൾ അദ്ദേഹം കർമ്മങ്ങൾ നടത്തുന്ന പള്ളിയിൽ വന്നു കൂടുകയും കഷ്ടാനു ഭവയാഴ്ച മുഴുവനും അവിടെ താവളമടിച്ചു കിടക്കുകയും പതിവായിരുന്നു. പത്തനംതിട്ട മാക്കാംകുന്നിൽ പ്രതിവർഷം നടത്തുന്ന കൺവെൻഷനിൽ തുടർച്ചയായി പത്തു വർഷത്തോളം പ്രധാന പ്രാസംഗികൻ അദ്ദേഹമായിരുന്നു.

പരിശീലനകാലത്തുതന്നേ ഗുരുവും ശിഷ്യന്മാരും തിരുമൂലപുരത്തിന്, സമീപേയുള്ള ഇടവക പള്ളികളിൽ പോയി സൺഡേസ്കൂൾ നടത്തുക, പ്രാർത്ഥനായോഗങ്ങൾ നിയന്ത്രിക്കുക, പ്രസംഗിക്കുക മുതലായ ആദ്ധ്യാത്മിക കൃത്യങ്ങൾ നിർവഹിച്ചിരുന്നു. ബഥനിയിലെ സാധുക്കളുടെ ആദ്ധ്യാത്മിക സഹായങ്ങൾ ലഭിക്കുന്നതിന് വിവിധ ഇടവകക്കാർ അഹമഹമികയാ ശ്രമിച്ചു വന്നു.

**ആബൂനായും നാഥനും**

1920 മാർച്ച് 9-ാം തീയതി ഫാദർ ഗീവർഗ്ഗീസ്, ഡീക്കൻ യാക്കോബ് എന്നിവരോടുകൂടെ സന്യാസ പ്രതിഷ്ഠ നടത്തിയ ആളാണ് ഫാദർ അലക്സ്യോസ്. സന്യാസത്തിന്റെ ഉയർന്ന പടികളിൽ പ്രവേശിക്കുവാൻ അദ്ദേഹത്തിന് അവസരം ലഭിച്ചില്ല. ആശ്രമത്തിന്റെ ഭൗതികകാര്യങ്ങൾ അന്വേഷിക്കുന്നതിലാണ് അദ്ദേഹത്തിന്റെ ശ്രദ്ധ മുഴുവൻ പതിഞ്ഞത്. ആശ്രമസ്ഥർ സ്നേഹദ്യോതകമായി അദ്ദേഹത്തെ കൊച്ചുപിതാവ് (ആബൂനാ) എന്നു വിളിച്ചിരുന്നു. പെരുനാട് ആശ്രമമായിരുന്നു അദ്ദേഹത്തിന്റെ സ്ഥിരമായ വസതി. പെരുനാട് ഇടവകയുടെ ചുമതലയും അദ്ദേഹം തന്നേ വഹിച്ചിരുന്നു. പെരുനാട്, നാറാണമൂഴി

www.malankaralibrary.com

മുതലായ ഗ്രാമങ്ങൾക്കുപുറമേ ചുറ്റുപാടുമുള്ള തോട്ടങ്ങളും പെരുനാട് ഇടവകയുടെ സീമയിൽ പെട്ടിരുന്നു. അദ്ദേഹം ഈ സ്ഥലങ്ങളിലെല്ലാം സഞ്ചരിച്ച് ഇടവകജനങ്ങളെ മതകാര്യങ്ങളിൽ പ്രബുദ്ധരാക്കി തീർത്തിരുന്നു. അവരിൽനിന്നുള്ള പിടിയരി മുതലായ ചെറിയ ചെറിയ സംഭാവനകൾ ആശ്രമത്തിലേക്ക് വരുത്തുന്നതും അദ്ദേഹത്തിന്റെ ചുമതലയായിരുന്നു. കൂടാതെ കൊയ്ത്തുകാലത്ത് കുട്ടനാടൻ പ്രദേശങ്ങളിൽ പോയി ബഥനിക്കുവേണ്ടി നെല്ലു ശേഖരിക്കുന്നതിലും അദ്ദേഹം ശ്രദ്ധാലുവായിരുന്നു. ഇങ്ങനെ എല്ലാ വിധത്തിലും ആശ്രമത്തിലെ കൊച്ചുപിതാവ് എന്ന നാമം അദ്ദേഹം അർത്ഥവത്താക്കി ത്തീർത്തു.


പുതുതായി ആശ്രമജീവിതം ആഗ്രഹിച്ചു വരുന്നവരെ അഭ്യസിപ്പാൻ ചുമതലപ്പെട്ട ആളിന്റെ പേരാണ് നാഥൻ. ആത്മീയവും ലൗകികവുമായ എല്ലാ കാര്യങ്ങളിലും ഒരു മൂത്തസഹോദരനെപ്പോലെ അദ്ദേഹം അവർക്കു നേതൃത്വം നൽകുന്നു. ആശ്രമഗുരുവും ശിഷ്യന്മാരും പെരുനാട്ടിൽനിന്ന് തിരുമൂലപുരത്തേക്കു താമസം മാറ്റിയശേഷം, പെരുനാട് ആശ്രമത്തിന്റെ അധ്യക്ഷൻ എന്ന നിലയിൽ ചുമതല മുഴുവൻ വഹിച്ചിരുന്നത് ഗീവർഗ്ഗീസ് സാധു ആയിരുന്നു. പുറമേ നിന്നുകൊണ്ട് ആവശ്യമായ സഹായസഹകരണങ്ങൾ അദ്ദേഹത്തിനു നല്കിക്കൊണ്ടിരുന്നത് ആബൂനായും.

**ആശ്രമ പിതാവിന്റെ റമ്പാൻ സ്ഥാനാഭിഷേകം (28-1-1925)**

ആശ്രമക്കാര്യങ്ങളെല്ലാം ഈ വിധം പുരോഗമിച്ചു കൊണ്ടിരിക്കേ, ആശ്രമാധ്യക്ഷനെ മെത്രാനായി അഭിഷേചിക്കണമെന്ന് മലങ്കര മെത്രാപ്പോലീത്താ, വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനിയും ഇതര മെത്രാന്മാരും ആലോചിച്ചു നിശ്ചയിച്ചു. സുദീർഘമായ ആലോചനയുടെയും പ്രാർത്ഥനയുടെയും ശേഷം ബഥനിയുടെ മാത്രം മെത്രാനായി അഭിഷേചിക്കപ്പെടുന്നതിന് അദ്ദേഹം സമ്മതം നല്കി. അതിനു പ്രാരംഭമായി 1925 ജനുവരി 28-ാം തീയതി തിരുമൂലപുരം ബഥനി ചാപ്പലിൽ വച്ച് നിരണം ഇടവകയുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് കഥാനായകൻ റമ്പാൻ പട്ടം സ്വീകരിച്ചു. റമ്പാൻ സ്ഥാനത്തിന്റെ അംശവസ്ത്രമായി അദ്ദേഹം സ്വീകരിച്ചത് കാഷായനിറത്തിലുള്ള മസനപ്സാ, ളോഹ, പുറംകുപ്പായം ഇവയാണ്. മൂന്നുമാസങ്ങൾക്കുശേഷം 1925 മേയ് 01-ാം തീയതി നിരണത്തുപള്ളിയിൽ വച്ച് ബഥനിയുടെ ഗീവർഗ്ഗീസ് റമ്പാനെ

www.malankaralibrary.com

## നിരണം ഭദ്രാസനാധിപനും പിന്നീട് കാതോലിക്കോസുമായ മാർ ഗ്രിഗോറിയോസ് തിരുമേനി മാർ ഈവാനിയോസ് തിരുമേനിക്ക് റമ്പാൻപട്ടം നല്കിയതിനുശേഷം എഴുതിയ കത്ത്



The Orthodox Syrian Catholic Church of Malabar.

From Most Rev. Mar Gregorious
Metropolitan of Niranam &c.

MAR THOMA SYRIAN SEMINARY,
KUNDARA,
KOTTARACARA P. O.

1100
192

To
The Right-Rev. Abo P. J. Gevarghis O. I. C.
By the Grace of God Abbot of Bethany.

[illegible]

www.malankaralibrary.com

# The Orthodox Syrian Catholic Church of Malabar.

Most Rev. Mar Gregorious
Metropolitan of Niranam &c.

MAR THOMA SYRIAN SEMINARY,
KUNDARA.
KOTTARACARA P. O.

1100

[illegible]

BETHANY PUBLICATIONS

www.malankaralibrary.com

# The Orthodox Syrian Catholic Church of Malabar.

Most Rev. Mar Gregorious
Metrapolitan of Nirannam &c.

MAR THOMA SYRIAN SEMINARY,
KUNDARA.
KOTTARACARA P. O.

1100

[illegible] (Abbot) [illegible]

[illegible] (Abbot) [illegible]

[illegible]

[illegible]

മെത്രാനായി അഭിഷേചിക്കുന്നതിന് ഇതര മെത്രാന്മാരുടെ ആലോചനയോടുകൂടെ മാർ ദിവന്നാസ്യോസു മെത്രാപ്പോലീത്താ തീരുമാനിച്ചു. അതിന്റെ തലേ ദിവസം പ്രസ്തുത ദേവാലയത്തിൽ വച്ചു തന്നേ മലങ്കരയുടെ ദ്വിതീയ കാതോലിക്കായെ വാഴിക്കണമെന്നുള്ള സമുദായ പ്രമുഖന്മാരുടെ അപേക്ഷയെ അംഗീകരിച്ച് അതിനുള്ള ഒരുക്കങ്ങൾ ചെയ്യുന്നതിനും മെത്രാപ്പോലീത്താ തിരുമേനി അനുവദിച്ചു. ഒരുക്കങ്ങളെല്ലാം ഝടിതി പൂർത്തിയാക്കിക്കൊണ്ട് 1925 ഏപ്രിൽ 30-ാം തീയതി വി. തോമാശ്ലീഹായാൽ സ്ഥാപിതമായ നിരണത്തു പള്ളിയിൽ വച്ച് കോട്ടയം ഇടവകയുടെ മെത്രാനായ വാകത്താനം മാർ പീലക്സിനോസു തിരുമേനിയെ ബസ്സേലിയോസ് രണ്ടാമൻ എന്ന പേരിൽ കാതോലിക്കായായി വാഴിച്ചു.

### ആബോ ഗീവർഗ്ഗീസ് മെത്രാനായി വാഴിക്കപ്പെട്ടു (1925 മേയ് 1-ാം തീയതി)

1925 മേയ് 1-ാം തീയതി നിരണം പള്ളിയിൽ വച്ചു തന്നേ, നവമായി വാഴിക്കപ്പെട്ട കാതോലിക്കാബാവായും, കണ്ടനാട് ഇടവകയുടെ യൂയാക്കീം മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും, നിരണം ഇടവകയുടെ മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്തായും കൂടി ബ. ഗീവർഗ്ഗീസ് റമ്പാനെ മാർ ഈവാനിയോസ് എന്ന പേരിൽ ബഥനിയുടെ മെത്രാനായി അഭിഷേകം ചെയ്തു. മെത്രാഭിഷേകാനന്തരം, ദേവാലയാങ്കണത്തിൽ സജ്ജമാക്കിയിരുന്ന വിശാലമായ പന്തലിൽ വച്ച്, അഭിനവ കാതോലിക്കാബാവായെയും, അഭിനവ മെത്രാനെയും അനുമോദിക്കുന്നതിനു കൂടിയ യോഗത്തിൽ, സുദീർഘവും ആശയ സംപുഷ്ടവുമായ ഒരു പ്രസംഗം മാർ ഈവാനിയോസ് തിരുമേനി ചെയ്കയുണ്ടായി. ബഥനി ആശ്രമത്തിന്റെ ആദർശങ്ങൾ സുറിയാനി ക്രിസ്ത്യാനികളുടെ ധർമ്മങ്ങൾ, കാതോലിക്കാബാവായുടെ ചുമതലകൾ, ക്രൈസ്തവ പുനരൈക്യത്തിന്റെ ആവശ്യകത എന്നിവയെല്ലാം പ്രസ്തുത സമ്മേളനത്തിൽ തിരുമേനി സവിസ്തരം പ്രതിപാദിച്ചിരുന്നു.

### മാർ ഈവാനിയോസിനു മുടക്കു കല്പന

മലങ്കരയിൽ ദ്വിതീയ കാതോലിക്കായെ വാഴിച്ചു എന്നും എം. എ. അച്ചനെ മെത്രാനായി അഭിഷേചിച്ചു എന്നും, മെത്രാഭിഷേകാനന്തരം, അന്ത്യോക്യാ സിംഹാസനത്തിനെതിരായി എം.എ. അച്ചൻ പ്രസംഗിച്ചു എന്നും മറ്റുമുള്ള വിവരങ്ങൾ, പാത്രീയർക്കീസിന്റെ

പ്രതിനിധിയായി മഞ്ഞനിക്കരെ താമസിച്ചിരുന്ന മാർ യൂലിയോസും ആ കക്ഷിയിൽപെട്ട മറ്റു മെത്രാന്മാരും കൂടി പൊടിപ്പും തൊങ്ങലും കെട്ടി അന്ത്യോക്യാപാത്രിയാർക്കീസിന്റെ പേർക്ക് എഴുതി അയച്ചു. പ്രസ്തുത റിപ്പോർട്ട് പാത്രിയാർക്കീസിനെ അത്യന്തം കോപാകുലനാക്കിത്തീർത്തു എന്നു വിശേഷിച്ചു പറയേണ്ടല്ലോ. ഒട്ടും താമസിയാതെ കാതോലിക്കാ ബാവായെയും എം.എ. അച്ചനെയും ഹീനമായ ഭാഷയിൽ ശപിച്ചു കൊണ്ട് 1925 ചിങ്ങം 28 എന്ന് തീയതി വച്ചുള്ള ഒരു മുടക്കു കല്പന, ഇടവകകളിൽ വായിക്കുവാനായി ഏലിയാസ് പാത്രിയാർക്കീസ് അയയ്ക്കുകയുണ്ടായി. ഇതോടെ മാർ ഈവാനിയോസു തിരുമേനിയും അന്ത്യോക്യാ യാക്കോബായ സിംഹാസനവുമായുള്ള ബന്ധം പാടെ വിഛേദിക്കപ്പെട്ടു.

**നവാഗതർ**

വെണ്മണി ദേശത്ത് ആറ്റുപുറത്തുള്ള ഈശോ മകൻ അലക്സന്ത്രയോസ് ശെമ്മാശ്ശൻ 1926-ലും മാവേലിക്കര കൊട്ടാരത്തിൽ തോമസ്സ് അബ്രഹാമും, കുടശനാട്ടു കീപ്പള്ളിൽ ഗീവർഗ്ഗീസു ജോൺ, ഓമല്ലൂർ കുഴിമേപ്പുറത്ത് ഈപ്പൻ മകൻ ജോൺ ശെമ്മാശ്ശൻ എന്നിവർ 1927-ലും ആശ്രമത്തിൽ അംഗങ്ങളായി ചേർന്നു.

**പട്ടംകൊടയും സന്യാസ വ്രതാനുഷ്ഠാനവും**

മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമേനി 1926-ൽ ഉമ്മൻ സാധു, അബ്രഹാം സാധു, യാക്കോബു സാധു, ഗീവർഗ്ഗീസു സാധു എന്നിവർക്ക് മ്ശംശോനോ പട്ടവും, യോശുവാ സാധുവിന് കോറൂയോ പട്ടവും കൊടുക്കുകയുണ്ടായി. 2-7-27-ൽ അലക്സന്ത്രയോസു ശെമ്മാശ്ശനെ സന്യാസാർത്ഥിയായി സ്വീകരിക്കുകയും, യോബു സാധു, യോശുവാ ശെമ്മാശ്ശൻ എന്നിവർ തല്ക്കാല വ്രതമെടുക്കുകയും ചെയ്തു.

നവശിഷ്യഗുരുവായ യാക്കോബു കശീശായിക്കും അദ്ദേഹത്തോടുകൂടെ തിരുമൂലപുരത്ത് പഠനവും പരിശീലനവുമായി കഴിഞ്ഞുകൂടിയിരുന്ന ഉമ്മൻ ശെമ്മാശൻ, അബ്രഹാം ശെമ്മാശ്ശൻ യാക്കോബു ശെമ്മാശ്ശൻ, സ്കറിയാ സാധു എന്നിവർക്കും നിത്യ വ്രതാനുഷ്ഠാനത്തിനു സമയമായി. അതിന് ഒരുക്കമായി കുറച്ചു നാളത്തേക്കു പുറംകാര്യങ്ങളിൽ നിന്നെല്ലാം ഒഴിഞ്ഞുമാറി പ്രാർത്ഥനയിലും ധ്യാനത്തിലും ഏർപ്പെട്ടിരിക്കാൻ വേണ്ടി അവരെ പെരുനാട്

ആശ്രമത്തിലേക്കു വരുത്തി താമസിപ്പിച്ചു. അവരോടു കൂടെ ഗീവർഗ്ഗീസു ശെമ്മാശ്ശൻ, യോശുവാ ശെമ്മാശ്ശൻ, യോബു സാധു എന്നിവരെയും ഉൾപ്പെടുത്തി മൂന്നു മാസത്തേയ്ക്ക് നിഷ്കർഷയായ തപോജീവിതം നടപ്പിലാക്കി. ഇങ്ങനെ നന്നായി ഒരുങ്ങിയതിന്റെ ശേഷം യാക്കോബൂ കശീശാ, ഉമ്മൻ ശെമ്മാശ്ശൻ, അബ്രഹാം ശെമ്മാശ്ശൻ, യാക്കോബു ശെമ്മാശ്ശൻ, സ്കറിയ സാധു എന്നിവർ പെരുന്നാട് ചാപ്പലിൽ വച്ച് 1927 ഒക്ടോബർ 21-ാം തീയതി നിത്യവ്രതമെടുത്തു തങ്ങളെ മുഴുവനായി ദൈവത്തിനു പ്രതിഷ്ഠിച്ചു. തത്സമയം ഉമ്മൻ ശെമ്മാശ്ശൻ ബർസ്കീപ്പാ എന്നും, യാക്കോബു ശെമ്മാശ്ശൻ ബർസ്ലീബാ എന്നും സ്കറിയാ സാധു സ്തേഫാനോസ് എന്നുമുള്ള പുതിയ നാമങ്ങൾ സ്വീകരിച്ചു. നിത്യവ്രതസ്ഥരായ എല്ലാവർക്കും 13 കുരിശോടുകൂടിയ പട്ടത്തൊപ്പി നൽകപ്പെട്ടു.

നവശിഷ്യഗുരുവായ ഫാദർ യാക്കോബു 12-12-27ൽ മഹദ് വ്രത മെടുത്തു റമ്പാനായിത്തീർന്നു. അബ്രഹാം ശെമ്മാശ്ശൻ, ബർസ്കീപ്പാ ശെമ്മാശ്ശൻ എന്നിവരെ 13-12-27 ലും ബർസ്ലീബാ ശെമ്മാശ്ശൻ, ഗീവർഗ്ഗീസു ശെമ്മാശ്ശൻ എന്നിവരെ 14-12-27 ലും മാർ ഈവാനിയോസ് മെത്രാപ്പോലീത്താ വൈദിക പദവിയിലേയ്ക്ക് ഉയർത്തി.

### തിരുവല്ലാ പട്ടണത്തിൽ ഒരു ബഥനിപ്പള്ളി

തിരുവല്ലാ പട്ടണവാസികളായ ചേരിയിൽ കൊച്ചുകുഞ്ഞു, ചാത്തമല ചാക്കോച്ചൻ, പുരയ്ക്കൽ ചാക്കോച്ചൻ, പള്ളത്തു മത്തായിച്ചൻ മുതലായ മാന്യന്മാരുടെ നിർബന്ധപൂർവമായ അപേക്ഷനിമിത്തം തിരുവല്ലാ ടൗണിൽ ഒരു ബഥനപ്പള്ളി സ്ഥാപിക്കണമെന്ന് മാർ ഈവാനിയോസ് തിരുമേനി നിശ്ചയിച്ചു. ടൗണിന്റെ കേന്ദ്രസ്ഥാനത്ത് ഒരു വസ്തു സമ്പാദിക്കയും പള്ളിപണി ആരംഭിക്കുകയും ചെയ്തു. പള്ളിപണി തീർന്നപ്പോൾ അച്ചന്മാർക്കു താമസത്തിനുള്ള കെട്ടിടത്തിന്റെ പണി ആരംഭിച്ചു. കെട്ടിടത്തിന്റെ പണി നടന്നുകൊണ്ടിരിക്കുമ്പോൾ തന്നെ, യാക്കോബു റമ്പാച്ചനും ഫാദർ ഗീവർഗ്ഗീസും അവിടേക്ക് താമസം മാറ്റി. തുടർന്നുള്ള ഏതാനും വർഷത്തേക്ക് തിരുവല്ലാ ബഥനിപ്പള്ളി ഒരു തീർത്ഥാടനകേന്ദ്രം തന്നെയായിരുന്നു. ഭക്തനായ റമ്പാച്ചന്റെ പ്രാർത്ഥനയും ആശീർവാദവും യാചിക്കുന്നതിനായി നാനാജാതി മതസ്ഥരായ ആളുകൾ ബഥനിപ്പള്ളിയിലേക്കു പ്രവഹിച്ചു കൊണ്ടിരുന്നു. അല്പ കാലത്തിനുള്ളിൽ പട്ടണത്തിന്റെ മുഖച്ഛായ തന്നെ മാറി. ആളുകൾ കൂടുതൽ മതബോധമുള്ളവരായിത്തീർന്നു.

www.malankaralibrary.com

**പെരുനാട് ആശ്രമത്തിൽ പുതിയ ക്രമീകരണം**

ആശ്രമ ഗുരുവായിരുന്ന യാക്കോബു റമ്പാനും അർത്ഥി നാഥനായിരുന്ന ഗീവർഗ്ഗീസ് അച്ചനും ആശ്രമാദ്ധ്യക്ഷന്റെ കല്പനപ്രകാരം തിരുവല്ലാ പള്ളിയിലേക്കു താമസം മാറ്റിയതിനാൽ പകരം ഫാദർ അബ്രഹാം റീശ്ദയറായായും യോശുവാ ശെമ്മാശൻ നവശിഷ്യ ഗുരുവായും നിയമിക്കപ്പെട്ടു. പുതിയ ക്രമീകരണം എങ്ങനെ പുരോഗമിക്കുന്നു എന്നു കാണ്മാനായി ആശ്രമപിതാവായ തിരുമേനി കൂടെക്കൂടെ പെരുനാട്ടിലേക്കു വരികയും ആശ്രമസ്ഥരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. കാനോനിക നവശിഷ്യ പരിശീലനം കൂടുതൽ നിഷ്കർഷമാക്കിത്തീർത്തത് ഇക്കാലത്താണ്. നവശിഷ്യർ പുറത്തുള്ളവരോടുമാത്രമല്ല ആശ്രമത്തിലുള്ള മറ്റ് ആശ്രമസ്ഥരോടു പോലും ഇടപെട്ടുകൂടാ എന്നും നിയമമുണ്ടാക്കി.

**ഫാദർ അലക്സിയോസ് ബഥനിയ്ക്കു വേണ്ടി പണപ്പിരിവിനായി സിംഗപ്പൂരിലേയ്ക്ക്**

ആശ്രമാദ്ധ്യക്ഷന്റെ കല്പന പ്രകാരം, ബഥനിയ്ക്കുവേണ്ടി പണപ്പിരിവ് നടത്താൻ, കുന്നംകുളം കാരൻ വാറുവുമൊന്നിച്ച്, ഫാദർ അലക്സ്യോസ് 1927-ൽ സിംഗപ്പൂരിലേയ്ക്ക് യാത്രയായി.

## Authorisation of the Bishop

*From*

*The Rt. Reverend Ma Ivanios,*
*Bishop of Bethany*

This is to certify that the Rev. Father Alexios, O.I.C., is a member of the Bethany Brotherhood and is sent out on duty to collect funds towards the upkeep of the charitable work connected with Bethany. Since the printed prospectus details the nature of the work I do not desire to mention it in this letter.

(Sd.)
Mar Ivanios
Bethany

1-5-28 ൽ ചേപ്പാട്ടു പള്ളിയിൽ കൊച്ചുകോശി മകൻ, പീലിപ്പോസു കത്തനാർ ആശ്രമത്തിൽ സ്വീകരിക്കപ്പെട്ടു. 25-5-28 ൽ ഫാദർ ഗീവർഗീസ് നിത്യവ്രതവാഗ്ദാനം ചെയ്തു.

**നവശിഷ്യപദത്തിലേയ്ക്ക്**

സന്യാസാർത്ഥികളായിരുന്ന മത്തായി, ചെറിയാൻ, കോശി എന്നിവരെ 4-6-28 ൽ നവശിഷ്യപദത്തിലേയ്ക്കു പ്രവേശിപ്പിച്ചു. യോശുവാ ശെമ്മാശ്ശന്റെ കീഴിൽ അവർ പരിശീലനം ആരംഭിച്ചു. അക്കാലം മുതലാണ് ഒരു വർഷത്തേയ്ക്ക് നിഷ്കർഷയായ നവശിഷ്യ പരിശീലനമുണ്ടായിരിക്കണമെന്നു തീരുമാനിച്ചത്. ബാഹ്യകാര്യങ്ങളിൽ നിന്നെല്ലാം നവശിഷ്യർ ഒഴിഞ്ഞിരിക്കണമെന്നും, മറ്റു ഗ്രൂപ്പുകാരോടു യാതൊരു സമ്പർക്കവും ഉണ്ടായിരിക്കരുതെന്നും ഞായറാഴ്ചകളിൽ പോലും ഇടവക പള്ളിയിൽ പോകേണ്ടതില്ല എന്നും വ്യവസ്ഥ ചെയ്തു.

1928 ൽ പന്തളം ഉളനാട്ടിൽ പടിഞ്ഞാറ്റതിൽ മത്തായി മകൻ വർഗീസ് (18-6-28) വടശ്ശേരിക്കര വാഴപ്പിള്ളേത്ത് ഗീവർഗീസു മകൻ ജോസഫ് (5-7-28) മാവേലിക്കര മറ്റത്ത് നായർകുളങ്ങര ഗീവർഗ്ഗീസ് മകൻ അലക്സാണ്ടർ (2-12-28) എന്നിവർ ആശ്രമത്തിൽ സ്വീകരിക്കപ്പെട്ടു.

16-10-1928 ൽ അബ്രഹാം സാധു, ജോൺ ശെമ്മാശ്ശൻ എന്നിവരെ നവശിഷ്യപദത്തിലേക്കു സ്വീകരിച്ചു. ഇന്നു മുതൽ ഇവരും ഫാ. ജോഷ്വായുടെ കീഴിൽ നവശിഷ്യപരിശീലനത്തിൽ കഴിയുന്നു. അയിരൂർ ചെമ്പോത്തിനാൽ മത്തായി യോഹന്നാൻ 30-1-29 ലും, കല്ലൂപ്പാറ മുണ്ടുപാലതുങ്കൽ ചാണ്ടി നൈനാൻ 6-2-29-ലും ബഥന്യാശ്രമസ്ഥരായി സ്വീകരിക്കപ്പെട്ടു.

**ബഥനിയും കത്തോലിക്കാസഭയും**

പഴയ കൂറ്റുകാരും പുത്തൻ കൂറ്റുകാരും സുറിയാനി സമുദായത്തിലെ രണ്ടു വിഭാഗങ്ങളാണെങ്കിലും ബഥനിയുടെ ആവിർഭാവകാലത്ത് അന്യോന്യസമ്പർക്കമില്ലാത്ത രണ്ടു ജനപദങ്ങൾ പോലെയാണ് സ്ഥിതി ചെയ്യുന്നത്. മർത്തോമ്മാ, CMS, പെന്തിക്കോസ്ത്, ബ്രദറൻ മുതലായ പ്രൊട്ടസ്റ്റന്റു വിഭാഗങ്ങളുമായി ഇടപഴകുന്നത് ഒരു പൈതൃമായി പുത്തൻകൂറ്റുകാർ കരുതിയിരുന്നില്ല. എന്നാൽ ഒരു

റോമ്മാ പള്ളിയിൽ പോകുന്നതും റോമൻ കത്തോലിക്കരുമായി ഇടപെടുന്നതും അവർക്കു നിഷിദ്ധമായിരുന്നു. ബഥനിയുടെ ആരംഭകാലത്ത് സന്യാസജീവിതം സംബന്ധിച്ച് ഒരു അവഗാഹം ലഭിക്കുന്നതിന്, ആശ്രമസ്ഥാപകൻ കത്തോലിക്കാ ആശ്രമങ്ങൾ സന്ദർശിക്കയും, കത്തോലിക്കാ സന്ന്യാസികളുമായി കുറെയൊക്കെ ഇടപെടുകയും ചെയ്തിട്ടുണ്ടെങ്കിലും സാധാരണസഹവാസം ഹൈചർച്ചുകാരായ പ്രൊട്ടസ്റ്റന്റു പാതിരിമാരോടായിരുന്നു. പക്ഷേ ആശ്രമസ്ഥർ വായനയ്ക്കും ധ്യാനത്തിനും മറ്റുമായി ഉപയോഗിച്ചുകൊണ്ടിരുന്നത് കത്തോലിക്കാ പുസ്തകങ്ങളായിരുന്നു. നിശബ്ദ ഏജന്റുമാരെപ്പോലെ അവർ കത്തോലിക്കാ ആശയങ്ങൾ അവരിൽ കുത്തിവയ്ക്കുന്നുണ്ടായിരുന്നു എന്നു നിസംശയം പറയാം. അതിന്റെ ഫലമായി ബഥനിയുടെ ഉത്ഭവകാലം മുതൽ, ഇടയ്ക്കും മുറയ്ക്കും തദംഗങ്ങളിൽ ഓരോരുത്തർ കത്തോലിക്കാസഭയിൽ ചേർന്നുകൊണ്ടിരുന്നു. സ്ഥാപകപിതാക്കന്മാരിൽ ഒരാളായ കോശി ശെമ്മാശൻ ആരംഭ വർഷങ്ങളിൽതന്നെ കത്തോലിക്കാസഭയോട് പുനരൈക്യപ്പെട്ടു. പിന്നീട്, ബഥനിയിൽ പല ചുമതലകളും വഹിച്ചിരുന്ന ഫാദർ ഗീവർഗ്ഗീസ്, മനസാക്ഷിയുടെ പ്രേരണയ്ക്കു വഴിപ്പെട്ട് ചെത്തിപ്പുഴ കർമ്മലീത്താ ആശ്രമത്തിൽ അംഗമായി ചേർന്നു. ആശ്രമസ്ഥരായ മറ്റു പലരിലും കത്തോലിക്കാ ഭക്തഗ്രന്ഥങ്ങൾ കാര്യമായ സ്വാധീനം ചെലുത്തിക്കൊണ്ടിരുന്നു. ആശ്രമപിതാവായ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായ്ക്ക് കത്തോലിക്കാസഭയോട് എക്കാലത്തും ബഹുമാനമുണ്ടായിരുന്നു.

### ബഥനി മെത്രാപ്പോലീത്തായും എപ്പിസ്കോപ്പായും

1929 ഫെബ്രുവരി 13-ാം തീയതി നിരണം ഇടവകയുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമേനിയെ പൗരസ്ത്യ കാതോലിക്കായായി വാഴിച്ചതോടുകൂടെ, ആന്നേദിവസം അതേ നിരണം പള്ളിയിൽ വച്ചു മാർ ഈവാനിയോസ് എപ്പിസ്കോപ്പായെ ബഥനിയുടെ മെത്രാപ്പോലീത്തായായി വാഴിച്ചു. പിറ്റെ ദിവസം (ഫെബ്രുവരി 14) പാമ്പാടി റമ്പാച്ചനെ മാർ ഗ്രീഗോറിയോസ് എന്ന പേരിലും ബഥനിയുടെ യാക്കോബ് റമ്പാനെ തിയോഫിലോസ് എന്ന പേരിലും എപ്പിസ്കോപ്പന്മാരായി അഭിഷേകം ചെയ്തു.

## ബഥനിക്ക് രണ്ട് കശീശാമാർകൂടെ

1929 ഏപ്രിൽ 6-ാം തീയതി മാർ തിയോഫിലോസ് എപ്പിസ്കോപ്പാ തിരുമനസ്സുകൊണ്ട് യോബു സാധുവിന് പെരുനാട് ആശ്രമചാപ്പലിൽ വച്ച് കോറൂയോ പട്ടവും പിറ്റെ ദിവസം പെരുനാട് ഇടവക പള്ളിയിൽ വച്ച് യോബു ശെമ്മാശനും യോശുവാ ശെമ്മാശനും എവുപദ്യാക്നാൻ പട്ടവും നല്കി. ഏപ്രിൽ 10-ാം തീയതി യോശുവാ ശെമ്മാശ്ശനും, യോബു ശെമ്മാശ്ശനും ആശ്രമ ചാപ്പലിൽ വച്ച് മ്ശംശോനോ പട്ടം നല്കി. 1929 ഏപ്രിൽ 13-ാം തീയതി മാർ ഈവാനിയോസ് മെത്രാപ്പോലീത്താ ആശ്രമചാപ്പലിൽ വച്ച് യോശുവാ ശെമ്മാശ്ശന് കശീശാ പട്ടം കൊടുത്തു. 1929 മാർച്ച് 22-ാം തീയതി ഉളനാട്ടു വർഗ്ഗീസിനെ സന്യാസാർത്ഥിയായി സ്വീകരിച്ചു. 1929 ഏപ്രിൽ 20-ാം തീയതി ആശ്രമചാപ്പലിൽ വച്ചു ജോസഫ് അലക്സാണ്ടർ, യോഹന്നാൻ, നൈനാൻ എന്നിവരെ പോസ്റ്റുലൻസ് ആക്കി. അന്നേ ദിവസം ആശ്രമചാപ്പലിൽ വച്ച് ബഥനി മഠത്തിൽപെട്ട ഒരു സിസ്റ്ററിനെയും അർത്ഥിനിയാക്കി. 26-5-1929 യോബ് ശെമ്മാശനെ കശീശയായി അഭിഷേകം ചെയ്തു.

## കഷ്ടാനുഭവ ശുശ്രൂഷകൾക്ക് ഇടവകപ്പള്ളിയിലേക്ക്

28-4-1929 ഊശാനാ പെരുനാൾ. മാർ ഈവാനിയോസ് തിരുമേനിയും ആശ്രസ്ഥന്മാരെല്ലാവരും കഷ്ടാനുഭവ ആഴ്ചയിലെ ശുശ്രൂഷയ്ക്കായി പെരുനാട് ഇടവകപ്പള്ളിയിലേക്കു താമസം മാറ്റി. 28-ാം തീയതി വൈകിട്ട് വാദേദല്മീനോ ശുശ്രൂഷ നടത്തി. ശുശ്രൂഷ കഴിഞ്ഞ് ബഥനി സിസ്റ്റേഴ്സ് സത്രത്തിലേയ്ക്ക് പോകുന്ന വഴി സിസ്റ്റർ ദനഹായെ വിഷം തീണ്ടി. ഉടൻ തന്നേ കോളുവ പൊളിക്കുകയും മറ്റും ചെയ്തതുകൊണ്ട് ആപത്തൊന്നും കൂടാതെ കലാശിച്ചു. ഊശാന സന്ധ്യമുതൽ വ്യാഴാഴ്ച രാവിലെ വരെ എല്ലാവർക്കും ധ്യാനമാണ്. പെസഹാ വ്യാഴാഴ്ച മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് കാൽകഴുകൽ ശുശ്രൂഷ നടത്തി. കാട്ടുർകാരൻ വല്യപ്പനും ആശ്രമസ്ഥരായ 11 പേരുമായിരുന്നു അപ്പസ്തോലന്മാരുടെ സ്ഥാനത്തിരുന്നത്.

www.malankaralibrary.com

**1929 മേയ് 11:** ഫാദർ പീലിപ്പോസ് വഞ്ചിയിൽ, അബ്രഹാം സാധു, ജോൺ സാധു കീപ്പള്ളിൽ എന്നിവരെ നവശിഷ്യപദത്തിലേക്കു സ്വീകരിച്ച് പരിശീലിപ്പിക്കുവാനായി ഫാദർ യോശുവായേ ഏല്പിക്കുകയും ചെയ്തു.

**ഫാദർ ഗീവർഗ്ഗീസ് യാക്കോബായ സഭ വിട്ടു**

ഫാ. ഗീവറുഗീസ് ദീർഘനാളത്തെ ആലോചനയുടെ ഫലമായി യാക്കോബായ സഭ വിട്ട് കത്തോലിക്കാ സഭയിൽ ചേരുവാൻ നിശ്ചയിച്ചു കഴിഞ്ഞു. അതിന്റെ പ്രാരംഭമായി 26-8-29-ൽ അദ്ദേഹത്തിന്റെ ജ്യേഷ്ഠൻ മിസ്റ്റർ ഐസക്കി നോടുകൂടെ വീട്ടിലേക്കു പോയി. രണ്ടു ദിവസത്തിനകം ചങ്ങനാശ്ശേരി യിൽ എത്തി കത്തോലിക്കാ സഭയിൽ ചേരണമെന്നാണ് പ്ലാൻ.

കക്കുടിയിൽ വർഗ്ഗീസു മകൻ ജോർജ് ആശ്രമത്തിൽ ചേരുന്നു. 18-9-29-ൽ ഫാ. പീലിപ്പോസ് വഞ്ചിയിൽ ആശ്രമം വിട്ടു. ബഥനി ആശ്രമത്തിൽ ഒരു നവശിഷ്യനായി വസിച്ചിരുന്ന ബ. പീലിപ്പോസ് അച്ചനെ, റമ്പാനാക്കുന്നതിനും, താമസിയാതെ മെത്രാനായി അഭിഷേചിക്കുന്നതിനും വേണ്ടി മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനി 29-10-29-ൽ ക്ഷണിക്കുകയും, തദനുസാരം അദ്ദേഹം ആശ്രമം വിടുകയും ചെയ്തു.

**30-10-29:** മത്തായി സാധു, അബ്രഹാം സാധു (പള്ളം) ജോൺ ശെമ്മാശ്ശൻ എന്നീ നവശിഷ്യന്മാർ 3 വർഷത്തേക്കുള്ള തല്ക്കാല വ്രതം എടുത്തു.

**5-11-1929:** മാർ ഈവാനിയോസ് തിരുമേനി പെരുനാടു ബഥന്യാശ്രമത്തിൽ ദയറാ കൗൺസിൽ സ്ഥാപിച്ചു. കൗൺസിലിന്റെ അദ്ധ്യക്ഷൻ ആശ്രമസ്ഥരായ ഫാദർ അബ്രഹാമും, ആലോചനാം ഗങ്ങൾ ഫാദർ യോശുവാ, ജോൺ ശെമ്മാശ്ശൻ എന്നിവരും ആയിരിക്കും. കൗൺസിൽ സെക്രട്ടറിയായി ഫാദർ യോശുവായേയും നാളാഗമം എഴുത്തുകാരനായി ജോൺ ശെമ്മാശനെയും നിയമിച്ചു. പ്രധാനപ്പെട്ട എല്ലാ കാര്യങ്ങളും കൗൺസിലിൽ ആലോചിച്ചു തീരുമാനിച്ച ശേഷം മാത്രം നടപ്പിൽ വരുത്തേണ്ടതാണെന്നു തിരുമേനി കല്പിക്കുകയും ചെയ്തു.

**15-11-29:** തിയോഫിലോസ് തിരുമേനിയുടെ വിൽപത്രം: തിരുമേനിയുടെ പേരിലുള്ള എല്ലാ വസ്തുക്കളും ബഥനി സമൂഹത്തിനു ദാനം ചെയ്തുകൊണ്ട് വിൽപത്രം തയ്യാറാക്കി ഇന്നേ ദിവസം രജിസ്റ്റർ ചെയ്തു.

14.1.1930 ചൊവ്വാ (1.6.105) നമ്മുടെ കർത്താവിന്റെ ചേലാകർമ്മം അഭിവന്ദ്യ പിതാവ് വി.കുർബാന അർപ്പിക്കുകയും തിരുന്നാളിനെ ആസ്പദമാക്കി സംസാരിക്കുകയും ചെയ്തു. കല്ലൂപ്പാറ സ്വദേശിയായ പറപ്പള്ളിൽ കീവറിച്ചൻ എന്ന യുവാവ് ബഥന്യാശ്രമത്തിൽ വന്നു.

4. വെള്ളിയാഴ്ച: ബ.പിതാവിന്റെ അപ്പച്ചനും, അനുജനും അദ്ദേഹത്തിന്റെ മകനും മരുമകളും ഒമ്പതുമണിയോടുകൂടി കാറിൽ സത്രത്തിലെത്തി. വാർദ്ധക്യത്തിന്റെ ക്ഷീണമുണ്ടായിരുന്ന പിതാവിന്റെ അപ്പച്ചനെ കസേരയിൽ എടുത്ത് ആശ്രമത്തിലെത്തിച്ചു. അപ്പച്ചൻ ആശ്രമത്തിലും ശേഷമുള്ളവർ ബ.പിതാവിന്റെ കൈമുത്തിയശേഷം സത്രത്തിലും പോയി താമസിക്കുന്നു.

5. ശനിയാഴ്ച: വെള്ളം ചുമക്കുവാൻ ആരംഭിക്കുന്നു. കല്പനപ്രകാരം, വാട്ടർ ഫോളിൽ നിന്നു വരുന്നവർ ഓരോ പാത്രം വെള്ളവും ചുമന്നുകൊണ്ടാണ് വരുന്നത്. പരസ്പരം ഒന്നും മിണ്ടാതെ, കലം, കുടം, തകരപ്പാട്ട, ചെമ്പുകലം മുതലായ പാത്രങ്ങൾ നിറയെ വെള്ളവും കൊണ്ട് സന്യാസികൾ തിരികെ വരുന്നു.

6. ഞായറാഴ്ച: ദനഹാപ്പെരുന്നാൽ ബ.പിതാവ് വി.കുർബാന അർപ്പിച്ചു. കുർബാന ആരംഭിക്കുന്നതിനു മുമ്പ് തിരുമേനിയുടെ അപ്പച്ചനെ കസേരയിൽ എടുത്ത് ചാപ്പലിൽ എത്തിച്ചു. ഫാദർ അബ്രഹാം, ഫാദർ യോശുവാ, ജോൺ ശെമ്മാശൻ എന്നിവർ ഇടവകപ്പള്ളിയിൽ ശുശ്രൂഷയ്ക്കും വി.കുർബാനയ്ക്കുമായി പോയി. ഫാദർ യോശുവാ പ്രസംഗിച്ചു. കുർബാന സമയത്ത് കുമ്പസാരിപ്പിക്കുകയും ചെയ്തു.

ഇടവകയുടെ വാർഷികയോഗം ഇന്നു നടന്നു. ഫാദർ യോശുവാ, ഇക്കോച്ചൻ എന്നിവർ പ്രസംഗിച്ചു. ബഥനി കർത്താവിന്റെ വിശ്രമഗേഹം ആയിരുന്നുവെന്നും അതിന്റെ ഇടവകാംഗങ്ങൾ എന്നുള്ള ബോധത്തോടുകൂടി എല്ലാ നടപടികളിലും ഇടവകാംഗങ്ങൾ വർത്തിക്കണമെന്നും ഇക്കോച്ചൻ പ്രസംഗിച്ചു. വി.സഭ ഒരു യന്ത്രമാണെന്നും അതിലെ ഓരോ അംഗങ്ങളും പരസ്പരം യോജിച്ച് അവരവരുടെ വേല നിർവഹിച്ചെങ്കിൽ മാത്രമേ ആ യന്ത്രം

പ്രവർത്തിക്കുകയുള്ളു എന്നു പ്രബോധിപ്പിച്ചുകൊണ്ടായിരുന്നു ഗുരു പ്രസംഗിച്ചത്.

8. ചൊവ്വാ: ശാന്തിദിനം

ഈ മാസത്തേക്ക് ആവശ്യമുള്ള സാമാനങ്ങൾ പാപ്പി ഇവിടെ എത്തിച്ചു. കേടായിക്കിടന്ന തയ്യൽ മെഷീൻ പാപ്പി നന്നാക്കിക്കൊണ്ടുവന്നു.

9. ബുധൻ: മാർ തെയോഫിലോസ് തിരുമേനി, പുലിക്കോട്ട് റമ്പാച്ചൻ, കാരയ്ക്കൽ യാക്കോബച്ചൻ, കുന്നംകുളംകാരൻ പോൾ ശെമ്മാശൻ എന്നിവർ രാത്രി 8 മണിക്ക് ആശ്രമത്തിലെത്തി.

11. വെള്ളിയാഴ്ച: കൊച്ചു തിരുമേനി വി.കുർബാന അർപ്പിച്ചു. വി.കുർബാനയ്ക്കുമുമ്പ് ബ.പിതാവ് കോശി സാധുവിന്റെ തല്ക്കാല വ്രതാനുഷ്ഠാനകർമ്മം നടത്തി. വൈകിട്ട് ആറുമണിയോടുകൂടി, തെയോഫിലോസ് തിരുമേനിയും അദ്ദേഹത്തിന്റെ കൂടെ വന്നവരും മടങ്ങിപ്പോയി.

15 ചൊവ്വ: ഫാദർ ഫീലിപ്പോസായി ആശ്രമത്തിൽ നവശിഷ്യ പരിശീലനം നടത്തിക്കൊണ്ടിരിക്കുമ്പോൾ ആശ്രമം വിട്ട ആൾ ഇന്ന് പീലിപ്പോസ് റമ്പാച്ചനായി ആഢംബരപൂർവ്വം ആശ്രമത്തിൽ എത്തി. ഇപ്പോൾ റമ്പാച്ചന്റെ വാല്യക്കാരനായിത്തീർന്നിരിക്കുന്ന ആശ്രമത്തിലെ പഴയ അനാഥബാലൻ അവറാനും ഉണ്ട്.

പിതാവും പിതാവിന്റെ അപ്പച്ചനും തിരികെ പോകുന്നു.

17. വ്യാഴം: കങ്ങഴ ബഥനിപ്പള്ളിക്കു സ്ഥലം സംബന്ധിച്ച് ബ.പിതാവിനെ കണ്ടാലോചിക്കുന്നതിനായി അവിടെനിന്നു രണ്ടുപേർ വന്നിരുന്നു. അവർ വട്ടശ്ശേരിൽ തിരുമേനിയെ കണ്ടപ്പോൾ ബഥനി മെത്രാച്ചൻ കേസിനും മറ്റും പോകയില്ല. അതുകൊണ്ട് മെത്രാച്ചന് പൂർണ്ണസ്വാതന്ത്ര്യം ഇല്ലാതിരിക്കത്തക്കവണ്ണം ആധാരം മാറി എഴുതണ മെന്ന് അദ്ദേഹം അവരോട് കല്പിക്കയുണ്ടായി.

19. ശനി: വേല – ഭക്ഷണശാലയ്ക്ക് കിഴക്കുവശത്ത് നട്ടിട്ടുള്ള വാഴ്യ്ക്ക് ചിക്ക്.

കൗൺസിൽ: പതിവുപോലെ ദയറാ കൗൺസിൽ കൂടി.

വീട്ടിലേക്കുള്ള യാത്ര: കൊച്ചാണ്ടി സാധുവും, നൈനാൻ സാധുവും ആശ്രമത്തിൽ ചേർന്നശേഷം ആദ്യമായി വീട്ടിൽ പോകുന്നു.

20. ഞായർ: ഫാദർ ഏബ്രഹാമും, ജോൺ ശെമ്മാശനും ഇടവക പ്പള്ളിയിൽ പോയി. റീശ് തന്നെ പ്രസംഗിച്ചു. വി.കുർബാനാനന്തരം വടശ്ശേരിക്കര നിന്നുള്ള രണ്ട് മാമോദീസായും, നാറാണം മൂഴിക്കു നിന്നുള്ള ഒരു മാമോദീസായും നടത്തി.

**പ്രാർത്ഥനായോഗങ്ങൾക്കു പോകുന്നു**

ബ.റീശും ജോസഫ് സാധുവും കൂടി ഡോക്ടർ അലക്സാണ്ട റോടൊന്നിച്ച് കുറുങ്ങാലിൽ പ്രാർത്ഥനായോഗം നടത്തുവാൻ പോയി. വളരെ നാളായി മുടങ്ങിക്കിടന്ന പെരുനാട് പ്രാർത്ഥനായോഗം വീണ്ടും തുടങ്ങുവാൻ നിശ്ചയിച്ചിരിക്കുന്നതിനാൽ അതു നടത്തിയിട്ടേ റീശ് കുറുങ്ങാലിക്കു പോകുകയുള്ളു. ചിറ്റാർ പള്ളിപ്പണി സംബന്ധിച്ച് വേണ്ടതു ചെയ്വാനായി റീശ് അങ്ങോട്ടു പോകുന്നുണ്ട്.

ജോൺ ശെമ്മാശൻ ഇന്ന് ഇടവക സൺഡേസ്കൂൾ നടത്തി.

25. വെള്ളി: കാട്ടുതീ - ഇന്ന് വടക്കുവശത്തെ മലമുകളിൽ തീ വീണിരിക്കുന്നതിനാൽ വലിയ തീയും പുകയും ഇരപ്പും എല്ലാംകൂടി ഒരു പൂതിയിളക്കം തന്നെ.

**സന്ന്യാസിമാരുടെ അദ്ധ്വാനം**

ആശ്രമത്തിന്റെ മലയുടെ കിഴക്കേ താഴ്ചയിൽ കുറേ മേച്ചിൽപ്പുല്ല് അറത്തുവച്ചിട്ടുണ്ട്. അതിനു തീ പിടിക്കുമോ എന്ന് ആദ്യം തന്നെ ഭയമുണ്ട്. ഉച്ചകഴിഞ്ഞപ്പോഴത്തേക്ക്, അടങ്ങിയിരിക്കുന്നത് പന്തിയാവില്ലെന്നുള്ള മട്ടായി. അതിനാൽ കല്പന പ്രകാരം കഴിവുള്ള വരെല്ലാം ആ സ്ഥലത്തേക്ക് ഓടി. ഗുരു നായകസ്ഥാനം വഹിക്കുന്നു.

അങ്ങോട്ട് പോകുമ്പോൾ എല്ലാവർക്കും നല്ല ചുണയാണ്. എന്നാൽ ഈരണ്ട് കെട്ട് പുല്ല് തലയിൽ കയറ്റി കീഴ്പോട്ട് ഇറങ്ങിയപ്പോൾ ആദ്യപ്രാവശ്യം തന്നെ പലരും നന്നേ ക്ഷീണിച്ചു. രണ്ടാമത് ഒരു നട കൂടി എടുത്തുകൊണ്ട് തിരിച്ചു. ഈ പ്രാവശ്യം പലരുടെയും വീര്യം താങ്ങിയില്ലായിരുന്നെങ്കിൽ, താഴെ വന്നു

പറ്റുകയില്ലായിരുന്നു. എങ്കിലും ഒരാൾ ഇടയ്ക്ക് വച്ച് കാലുകൾ തളർന്ന് അങ്ങുമിങ്ങും മുട്ടു കുത്തുവാൻ തുടങ്ങിയപ്പോൾ ഞാൻ ചത്തോ എന്നുപോലും പറഞ്ഞുപോയി.

**തിരിച്ചെത്തുന്നു**

കൊച്ചാണ്ടി സാധു വീട്ടിൽനിന്ന് ഉച്ചയോടെ തിരികെ വന്നു ചേർന്നു. പറഞ്ഞയച്ചിരുന്നതനുസരിച്ച് രൂപായ്ക്ക് ഒരു മൂന്നാം നമ്പർ വോളിബോളും ഒരു പഴയ പമ്പും കൊണ്ടു വന്നിട്ടുണ്ട്.

നൈനാൻ സാധു തിരിച്ചെത്തുന്നു

**പിടിയരിപിരിവ്**

ജോസഫ് സാധു നാറാണംമൂഴിയ്ക്കും വർഗീസ് സാധു വടശ്ശേരിക്കരയ്ക്കും പിടിയരി പിരിക്കുന്നതിനായി പോയി. ജോണി കൂടെയാണ് വടശ്ശേരിക്കരയ്ക്കു പോയത്.

**വയലത്തല സന്ദർശനം**

കാട്ടൂരെ വല്യപ്പൻ ആവശ്യപ്പെട്ടതനുസരിച്ച് റീശ് വി.കുർബാനാനന്തരം പെരുനാട് പ്രാർത്ഥനായോഗം കഴിഞ്ഞ് ജോസഫ് സാധുവിനോടൊപ്പം വലയത്തലയ്ക്ക് യാത്ര തിരിച്ചു. ജോസഫ് സാധു ആ വഴി ചാർച്ചക്കാരെ കാണുന്നതിനായി കൊട്ടാരക്കര, വടശ്ശേരിക്കര എന്നിവിടങ്ങളിൽ പോയിട്ട് ആശ്രമം വക കുതിരവണ്ടി കൊണ്ടു വരാനായി ഇലന്തൂർ മുതലായ സ്ഥലങ്ങളിലെല്ലാം പോകാനായിട്ടാണ് പുറപ്പെട്ടിരിക്കുന്നത്.

**പേത്തുർത്താ**

വൈകിട്ട് മൂന്നു നോമ്പാണ്. പേത്തുർത്താ ആഘോഷിച്ചിരുന്നില്ല.

**ഭജനാരംഭം**

മൂന്നുനോമ്പുകാലം ഭജനകാലമായി കഴിക്കണമെന്ന് നിശ്ചയിച്ചതനുസരിച്ച് വൈകിട്ട് ഭജനം ആരംഭിക്കുന്നു. 8.45-ന് ചാപ്പലിൽവച്ച് തത്സംബന്ധമായി ഗുരുവിന്റെ പ്രസംഗം ഉണ്ടായിരുന്നു.

**28. തിങ്കൾ**

നോമ്പാകയാൽ വി.കുർബാനയില്ല. ഭക്ഷണം സംബന്ധിച്ച് ചുമതലയുള്ള ഒരാളും പൊതുകാര്യസ്ഥനും ഒഴിച്ച് ആശ്രമസ്ഥന്മാർ

www.malankaralibrary.com

എല്ലാവരും ഭജനമാകയാൽ സർവത്ര ഏകാന്തത ഭരിക്കുന്നു. ആശ്രമം അതിന്റെ നാഥന്റെ തിരുമാർവിൽ വിശ്രാന്തി കൈക്കൊണ്ടിരിക്കുന്നതായി തോന്നുന്നു. യാമനമസ്കാരങ്ങൾ എല്ലാം ചാപ്പലിൽവച്ച് തന്നെയാണ്.

**ഭജന സമയ വിവരപ്പട്ടിക**

5.00 – എഴുന്നേല്ക്കുക
6.00 – ധ്യാനം
7.00 – നമസ്കാരം
7.45 – വേല
8.15 – വിശ്രമം
8.30 – വായന
9.00 – മൂന്നാംമണി നമസ്കാരം
9.30 – പ്രസംഗം (ഫാദർ യോശുവാ)
10.15 – വിശ്രമം
10.45 – ധ്യാനയൊരുക്കം, ധ്യാനം
12.00 – നമസ്കാരം, ജീവിതശോധന, ഭക്ഷണം മുതലായവ
1.30 – വിശ്രമം
2.45 – വേല
3.15 – 9–ാം മണി നമസ്കാരം
3.45 – ആവർത്തനധ്യാനം
4.30 – സ്വന്തസമയം, കുളി മുതലായവ
6.00 – മദ്ധ്യസ്ഥത, ദൈവദർശനം
6.30 – നമസ്കാരം, ജീവിതശോധന
7.30 – ഭക്ഷണം
8.00 – ലഘുവായന, ധ്യാനയൊരുക്കം
8.45 – സൂത്താറാ, അനുകൃത്യങ്ങൾ
9.30 – ഉറക്കം

ഉച്ചവരെ എല്ലാവർക്കും പൊതുനിയമമാണ്

4.30 – ലഘുഭക്ഷണം ഉണ്ട്.

ഉച്ചയ്ക്ക് കഞ്ഞിയും വൈകിട്ട് ചോറുമാണ്.

ചൊവ്വാ: ഇടയ്ക്കിടയ്ക്ക് നടത്തുന്ന നമസ്കാരസമയത്ത് സ്വർഗ്ഗത്തിലേക്കുയരുന്ന സ്തോത്രശബ്ദവും, പ്രകൃതിയിലെ ആലാപനങ്ങളുമല്ലാതെ യാതൊന്നും കേൾപ്പാനില്ല.

തിരുഭോജനം: ഉച്ചനമസ്കാരത്തിനുശേഷം നാലഞ്ചുപേർ വി.കുർബാന അനുഭവിച്ചു.

റീശ് തിരിച്ചെത്തുന്നു: ഉച്ചയ്ക്ക് കുറച്ചുമുമ്പ് റീശ് വയലത്തല നിന്നും തിരിച്ചെത്തിയതിനാൽ അദ്ദേഹവും ഉച്ച നമസ്കാരത്തിന് സന്നിഹിതനായിരുന്നു.

**കുംഭം 105: 12.2.1930**

**1. ബുധൻ:** മൂന്നു നോമ്പിലെ പതിവിൻപ്രകാരം ഇന്ന് 10.30ന് ഉച്ചനമസ്കാരം നടത്തിയശേഷം ഫാദർ ഏബ്രഹാം വി.കുർബാന അണച്ചു.

ഇന്ന് വാട്ടർഫോളിൽ വെള്ളം തീരെ കുറവായിരിക്കുന്നു. വൈകിട്ട് ഒടുവിൽ കുളിക്കാൻ ചെന്ന ചിലർ അന്യത്ര വെള്ളം തേടേണ്ടതായി വന്നു.

അടുത്തദിവസം മാമോദീസായ്ക്ക് വന്ന രണ്ട് ഇടവകക്കാർ കുമ്പസാരം നടത്തുന്നതിനായി ആശ്രമത്തിലെത്തി താമസിക്കുന്നു.

വ്യാപാരികൾ: കുരുമുളകു വാങ്ങുന്നതിനായി കോഴഞ്ചേരിയിൽ നിന്നും മൂന്നുപേർ വന്നിരിക്കുന്നു.

വടശ്ശേരിക്കര നിന്നും രണ്ട് ഇടവകാംഗങ്ങൾ കുമ്പാസരത്തിനായി വന്നു.

**2. വ്യാഴം: വിശേഷാൽ ഉള്ള ഒരു കാര്യം** ചാപ്പലിൽ ഫാദർ യോശുവാ വി.കുർബാന അണച്ചു.

ഇന്നു മൂന്നു നോമ്പു വീടുകയാലും, മാമോദീസായുള്ളതിനാലും ഇടവകപ്പള്ളി വി.കുർബാന വേണമെന്ന് നിശ്ചയിച്ചതനുസരിച്ച് ജോർജൊഴിച്ച് പതിവുള്ളവരെല്ലാം താഴെപോയി. കുറേക്കഴിഞ്ഞ് ഗുരുവും മാമോദീസാക്കാരെ കുമ്പസാരിപ്പിക്കുന്നതിനായി താഴെ എത്തി. വി.കുർബാന സമയത്തെല്ലാം ഗുരു കുമ്പസാരിപ്പിച്ചു കൊണ്ടിരുന്നു. തദനന്തരം മാമോദീസാ ശുശ്രൂഷ നടത്തി. ഈ ഇടവകയിൽപ്പെട്ട രണ്ടും, അയിരൂർനിന്ന് ഒന്നും, പ്രക്കാനത്തുനിന്ന്

ഒന്നും ഇങ്ങനെ നാലുകുട്ടികളെ മാമോദീസാ മുക്കി. ഒരു മണിയോടുകൂടി എല്ലാവരും ആശ്രമത്തിൽ തിരിച്ചെത്തി.

**വിശ്രമം**

ഭജനം അവസാനിച്ചദിവസമാകയാൽ ആശ്രമത്തിൽ തന്നെയായിരുന്നവർക്ക് ഉച്ചവരെയും താഴെപ്പള്ളിയിൽ പോയവർക്ക് ഉച്ച കഴിഞ്ഞുള്ള സമയവും വിശ്രമവുമാണ്.

**മറക്കുമോ**

മത്തായി സാധു വീടിനെപ്പറ്റിയൊന്നും വിചാരമുള്ള ആളല്ല. വീട്ടിൽ പോയിട്ട് നാളുകൾ വളരെയായിരിക്കുന്നു. എങ്കിലും ജനിച്ചു വളർന്ന വീടിനെ മറക്കരുതെന്ന കല്പനപ്രകാരം ഇന്ന് വൈകിട്ട് വീട്ടിലേക്ക് യാത്രയായി.

ജോസഫ് സാധു മാക്കാംകുന്ന് കൺവെൻഷൻ കഴിഞ്ഞ് ഉച്ചയോടുകൂടി തിരിച്ചെത്തി. മറ്റെങ്ങും പോയില്ല. കൺവെൻഷനിൽ ആശ്രമത്തിലേക്ക് 300 രൂപയോളം വരവുണ്ടായിരുന്നു. 50 രൂപാ സാധുവശം ഇങ്ങോട്ടു കൊടുത്തയച്ചു.

**വീട്ടിൽപോയില്ലെന്നു വേണ്ട!**

ആശ്രമത്തിൽ വന്നിട്ട് രണ്ടു വർഷങ്ങളായിരിക്കുന്നുവെങ്കിലും ജോസഫ് സാധു വീട്ടിൽ പോകാതിരിക്കുന്നത് വീട് അടുക്കലായിരിക്കുന്നതുകൊണ്ടായിരിക്കാം. എങ്കിലും ഒന്നു പോയിട്ടു വുരവാൻ ഇന്ന് കല്പന ഉണ്ടായതനുസരിച്ച് വി.കുർബാനനന്തരം സാധു വീട്ടിലേക്കുപോയി.

6. തിങ്കൾ: ആബൂനാ ഇങ്ങെത്തിക്കാണാൻ എത്ര പേരാണ് അക്ഷമരായി നോക്കിപ്പാർക്കുന്നത്? മദ്രാസിൽ എത്തിയിട്ട് ഒരാഴ്ചയോളമായി. ചെവിയുടെ സുഖക്കേടിന് ചികിത്സകൾ ചെയ്ത് അവിടെ താമസിക്കുകയായിരുന്നു. ഏതായാലും മദ്രാസിൽ എത്തിയിട്ടുണ്ടെന്ന് അറിഞ്ഞപ്പോൾ മുതൽ ഇപ്പോൾ എത്തും എന്ന് എല്ലാവരും ആശിച്ചു കൊണ്ടിരിക്കുകയാണ്. ഈ സുദിനത്തിൽ അനേകരുടെ ആഗ്രഹം സാധിതപ്രായമായി. രാത്രി എട്ടുമണിയോടുകൂടി ആബൂനാ തിരുവല്ല – തിരുമൂലയിൽ എത്തി.

ജോസഫ് സാധു നാലുമണിയോടുകടി വീട്ടിൽ നിന്ന് തിരിച്ചെത്തി

8. ബുധൻ – ഫാദർ യോശുവാ വി.കുർബാന അണച്ചു. ഏകദേശം സമയം 3.30 ആയതോടുകൂടി ആശ്രമത്തിലെ കുട്ടികളുടെ ഇടയിൽ ഒരു സന്തോഷധ്വനി. ഒന്നു ശ്രദ്ധിച്ചപ്പോൾ ആബൂനാ! ആബൂനാ! എന്നുകൂടി കേൾക്കാം. സത്രത്തിൽ എത്തിയിരിക്കുന്നത് തിരുമേനികൾ രണ്ടും, പുലിക്കോട്ട് റമ്പാച്ചനും ആബൂനായും ആണെങ്കിലും ആബൂനാ എത്തിയതിലുള്ള സന്തോഷാധിക്യത്താൽ തിരുമേനികളുടെ കാര്യം പിന്നീടാണ് പറയുന്നത്. ബർസ്ലീബാച്ചനും ഇവർ വന്ന കാറിൽത്തന്നെ വന്നെത്തിയിട്ടുണ്ട്. അടുത്ത ദിവസം നടക്കുന്ന ആശ്രമസഹായക പ്രധാനികളുടെ മീറ്റിംഗിന് എല്ലാവരും എത്തിയിരിക്കുകയാണ്. മീറ്റിംഗ് കഴിയുന്നതുവരെ പിതാവ് സത്രത്തിൽത്തന്നെ താമസിക്കുകയാണ്. കൊച്ചുതിരുമേനിയും, ആബൂനായും, ബർസ്ലീബാ അച്ചനും അല്പം കഴിഞ്ഞപ്പോൾ ആശ്രമത്തിലെത്തി. രണ്ടുവർഷങ്ങൾക്കുശേഷത്തെ വിദേശവാസാനന്തരം തിരിച്ചെത്തിയിരിക്കുന്ന ആബൂനായ്ക്ക് കുടവയർ അല്പംകൂടി വർദ്ധിച്ചിട്ടുള്ളതല്ലാതെ യാതൊരു വ്യത്യാസവും ഇല്ല. 1800 രൂപയോളം ഇപ്പോൾ കൊണ്ടുവന്ന് പിതാവിനെ ഏല്പിച്ചിട്ടുണ്ട്. കൂടാതെ, കാപ്പ, കറുത്ത ളോഹയ്ക്ക് കുറെ തുണികളും ചെരുപ്പുകളും മറ്റു ചില ചില്ലറ സാമാനങ്ങളും കൊണ്ടുവന്നിട്ടുണ്ട്. അതെല്ലാം തിരുവല്ലായിൽ വച്ചുതന്നെ അവിടെ ചെന്നു കൂടിയവർക്കൊക്കെയായി വീതിച്ചു പോയി എന്നും ആശ്രമത്തിലേക്ക് കൊണ്ടുവരാൻ സാധിച്ചില്ല എന്നും ആബൂനാ പറഞ്ഞു.

**അകത്തു മത്സരവും പുറത്തു പീഡനവും**

ബഥനിക്കാർ റോമായിലേക്ക് എന്നുള്ള കിംവദന്തി കർണ്ണാകർണ്ണികയാ നാടെങ്ങും പരന്നു. തൽഫലമായി 1105 കുംഭം 18-ാം തീയതി കുണ്ടറവച്ച് ഓർത്തഡോക്സ് മെത്രാന്മാരുടെ ഒരു സുനഹദോസ് കൂടി ബഥനി മെത്രാന്മാർക്ക് ഒരു നിരോധനകല്പന അയച്ചുകൊടുത്തു. അതിന്റെ പകർപ്പ് താഴെ ചേർക്കുന്നു.

**നമ്മുടെ സഹോദരന്മാരായ ബഥനിയുടെ ബഹു.ഗീവർഗ്ഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായിക്കും, ബഥനിയുടെ ബഹു.യാക്കോബു മാർ തിയോഫിലോസ് എപ്പിസ്കോപ്പായിക്കും.**

ബഥനി വകയായ പുതിയ പള്ളികൾ പല ഇടവകകളിലും ഉണ്ടാകുന്നതുമൂലം ജനങ്ങളുടെ ഇടയിലും വിശേഷിച്ച് പട്ടക്കാരുടെ

www.malankaralibrary.com

ഇടയിലും കഠിനമായ അസ്വാസ്ഥ്യം ഉണ്ടാകുന്നതായി നിങ്ങളും അറിഞ്ഞിട്ടുണ്ടല്ലോ. ഇതേപറ്റി ഞങ്ങൾ ചിന്തിച്ചതിൽ ഇടവകകളെ വിഭജിച്ച് പുതുതായി ബഥനിപ്പള്ളികൾ ഉണ്ടാക്കുന്നതു മേലാൽ നാമെല്ലാവരുംകൂടി ആലോചിച്ചു തീരുമാനിച്ചതിന്റെ ശേഷംമാത്രമേ പാടുള്ളൂ എന്നാണ് ഞങ്ങൾക്കു തോന്നുന്നത്. അതിനാൽ അങ്ങനെ തീരുമാനിക്കുന്നതുവരെ ഈ ശ്രമം നിറുത്തി വയ്ക്കണമെന്നാവശ്യപ്പെടുന്നു. ഭക്തിജനകമായ പ്രവൃത്തികൾ ഇപ്പോൾ ഉള്ള ഇടവകപ്പള്ളികൾ മൂലം നിങ്ങൾക്കും നടത്താവുന്നതാണല്ലോ. ഇതിനു വിപരീതമായി നിങ്ങൾ പ്രവർത്തിക്കുന്ന പക്ഷം ഞങ്ങളുടെ ഉദ്ദേശ്യം പള്ളിക്കാരെ സാധനം മൂലം അറിയിക്കുന്നതിനു ഞങ്ങൾ നിർബന്ധിതരായി തീരുന്നതാണ്.

എന്ന് ക്രിസ്താബ്ദം 1930ന്
കൊല്ലം 1105 കുംഭമാസം 18-ാം തീയതി
കുണ്ടറ അരമനയിൽ നിന്നും

പൗരസ്ത്യകാതോലിക്കാ മോറാൻ മോർ ബസേലിയോസ് (ഒപ്പ്)
മലങ്കര ഇടവകയുടെ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്ത (ഒപ്പ്)
കോട്ടയം ഇടവകയുടെ മാർ ഗ്രീഗോറിയോസ് എപ്പിസ്കോപ്പാ (ഒപ്പ്)

ഈ നിരോധന കല്പന പരസ്യമായതോടെ ബഥനിക്കാർ ഓർത്തഡോക്സ് ജനനതിയുടെ പരിഹാസപാത്രമായി. അവരിൽനിന്ന് ബഥനിക്കാർക്ക് കിട്ടിക്കൊണ്ടിരുന്ന സഹായസഹകരണങ്ങൾ നിലച്ചു എന്നു മാത്രമല്ല; ചുരുക്കം ചില സ്ഥലങ്ങളിൽ വച്ച് അവർ ശാരീരികപീഡനങ്ങൾക്കും ഇരയായിട്ടുണ്ട്.

ബഥനിക്കുവേണ്ടി ധനശേഖരണാർത്ഥം സിംഗപ്പൂരിലേക്ക് അയക്കപ്പെട്ടിരുന്ന ഫാദർ അലക്സ്യോസ് അവിടെയെത്തി പണപ്പിരിവ് ആരംഭിക്കുന്നതിനുമുമ്പ് രോഗബാധിതനായി തീരുകയാൽ കുറേനാൾ ചികിത്സാർത്ഥം അവിടെ താമസിച്ചശേഷം, ആശ്രമാധ്യക്ഷന്റെ ആജ്ഞപ്രകാരം തിരികെപ്പോരുകയാണുണ്ടായത്. കത്തോലിക്കാ പുനരൈക്യത്തിന് അനുകൂലിയല്ലാതിരുന്ന അദ്ദേഹം പെരുനാട് ആശ്രമത്തിലെത്തി ആശ്രമസ്ഥരുടെ ഇടയിൽ എതിർപ്രചരണം തുടങ്ങി. ഇതിൽ ഓർത്തഡോക്സ് സഭാനേതാക്കന്മാരുടെ ശക്തിയായ

പിന്തുണ അദ്ദേഹത്തിനുണ്ടായിരുന്നു. പെരുനാട് ബഥന്യാശ്രമത്തിനകത്തു മാത്രം എതിർപ്രചരണം നടത്തുന്നതുകൊണ്ട് ഫാദർ അലക്സ്യോസ് തൃപ്തനായില്ല. പുറത്തു ബഥനിപ്പള്ളികളിൽ താമസിച്ചിരുന്ന ഫാദർ ബർസ്ലീബാ, ഫാദർ യോബ് മുതലായവരുടെ പേർക്കും, ഈവാനിയോസു തിരുമേനിയുടെ പുനരൈക്യപ്രസ്ഥാനം വെറും കബളിപ്പിക്കലാണെന്നും ഒരുനാളും അതിൽ ചേർന്നു പോകരുതെന്നും അദ്ദേഹം എഴുതി അയച്ചു. അവരിൽ നിന്നും ഈ വിവരങ്ങൾ അറിയാനിടയായ ആശ്രമപിതാവ് മാർ ഈവാനിയോസ് പിറ്റേദിവസം തന്നേ മാർ തിയോഫിലോസ് തിരുമേനിയോടൊത്ത് പെരുനാട് ആശ്രമത്തിലെത്തി. അതോടെ ഫാദർ അലക്സ്യോസിന്റെ പരസ്യപ്രചരണത്തിനു ശക്തി കുറഞ്ഞു. പിന്നീടുള്ള പ്രചരണം ആശ്രമസ്ഥർ ഓരോരുത്തരോട് തനിച്ച് രഹസ്യത്തിലായിരുന്നു. തിരുമേനിമാരാകട്ടെ ആശ്രമസ്ഥന്മാരുടെ മീറ്റിംഗു വിളിച്ചുകൂട്ടി സഭാപരമായ വിഷയങ്ങളെക്കുറിച്ചുള്ള ക്ലാസുകൾ പരസ്യമായി തന്നേ നടത്തി ആശ്രമസ്ഥന്മാരുടെ സംശയങ്ങൾക്കു നിവാരണം വരുത്തിക്കൊണ്ടിരുന്നു. ഫാദർ അലക്സ്യോസും രണ്ടുമൂന്നു സാധുക്കളും ഒഴിച്ചുള്ളവരെല്ലാം പ്രസ്തുത ക്ലാസുകളിൽ സംബന്ധിച്ചിരുന്നു.

ഈ ദശാസന്ധി ബഥനിയുടെ പരിശോധനാ ഘട്ടമായിരുന്നു. അകത്തോലിക്കർ ഒന്നടങ്കം ബഥനിയുടെ പുനരൈക്യശ്രമങ്ങളെ എതിർത്തുകൊണ്ടിരുന്നു. ആശ്രമസ്ഥന്മാർ എങ്ങോട്ടിറങ്ങിയാലും പരിഹാസവും നിന്ദനവുമാണ് അവരെ എതിരേറ്റു കൊണ്ടിരുന്നത്. എവിടെ ബഥനിക്ക് കൂടുതൽ ആരാധകന്മാരുണ്ടായിരുന്നുവോ അവിടെയാണ് അവർ കൂടുതൽ നിന്ദനം സഹിക്കേണ്ടിവന്നത്. ബഥനിപ്പള്ളികൾ തന്നേ അഭിപ്രായവ്യത്യാസങ്ങളുടെ കൂത്തരങ്ങായി ഭവിച്ചു. ചില പള്ളികൾ പൂട്ടിയിടേണ്ടിവന്നു.

**19-2-1930:** ഫാ. അലക്സ്യോസ് സിംഗപ്പൂരിൽ നിന്നു പെരുനാട് ആശ്രമത്തിൽ തിരിച്ചെത്തി. ചെവിക്കു നല്ല സുഖമില്ലാതെ ആശ്രമത്തിൽ താമസിക്കുകയാണ്.

**9.7.105 - 20.02-1930 വ്യാഴം**

വടക്കേ വാട്ടർ ഫോളിലെ വെള്ളം തീരെ വറ്റിയിരിക്കുന്നതിനാൽ താഴത്തെ ഓലിയിൽ നിന്നാണ് വെള്ളം കൊണ്ടുവന്നത്. മേലാൽ

www.malankaralibrary.com

വെള്ളം അവിടെനിന്ന് ചുമ്മിക്കൊണ്ടുവരുന്നതിനുള്ള ഭാഗ്യവും ഇതാ ഹസ്തഗതമായിരിക്കുന്നു. പലരുടെയും കുളിയും നനയും അവിടെ തന്നെയായിരിക്കുന്നു.

**പെരുനാട്ടു സത്രത്തിലെ ബഥനിയോഗം-യാക്കോബായ മെത്രാന്മാരും കത്തോലിക്കാ പുനരൈക്യ ചിന്തകളും**

കൂനൻകുരിശു സത്യത്തിനുശേഷം പുത്തൻകൂർ സമുദായത്തിൽ ഭരണം നടത്തിയിട്ടുള്ള മെത്രാന്മാർ ഓരോ കാലത്തു കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുവാൻ ആഗ്രഹിച്ച് ശ്രമിച്ചുവെങ്കിലും കാര്യമായ ഫലമൊന്നുമുണ്ടായില്ല. മാർ ഈവാനിയോസ് തിരുമേനിയുടെ മെത്രാഭിഷേകത്തിനുശേഷമുള്ള ആലോചന കുറെക്കൂടെ വ്യക്തമായ ഫലങ്ങൾ പുറപ്പെടുവിക്കുമെന്നു കരുതാൻ ന്യായമുണ്ടായിരുന്നു. അതു സംബന്ധിച്ച് എഴുത്തുകുത്തു നടത്താൻ മാർ ഈവാനിയോസിനെയാണ് മെത്രാന്മാർ നിയോഗിച്ചിരുന്നത്. കേസിന്റെ വിധി തങ്ങൾക്ക് പ്രതികൂലമായിരുന്നിടത്തോളം പുനരൈക്യാലോചനകൾ ഏകയോഗമായി മുമ്പോട്ടുപോയി. എല്ലാവരും തന്നോടുകൂടെ ഉണ്ടായിരിക്കുമെന്നു കരുതി മാർ ഈവാനിയോസ് മുറയ്ക്ക് എഴുത്തുകുത്തും നടത്തി. പെട്ടെന്നാണ് കേസിന്റെ വിധി മെത്രാൻ കക്ഷിക്ക് അനുകൂലമായി തിരിഞ്ഞുവന്നത്. അതോടെ മാർ തിയോഫിലോസ് ഒഴിച്ചുള്ള മെത്രാന്മാരെല്ലാം തിരിഞ്ഞുവീണു. മാത്രവുമല്ല മാർ ഈവാനിയോസിന്റെ പുനരൈക്യ ശ്രമങ്ങളെ എതിർക്കുവാനും തുടങ്ങി. ഈ സാഹചര്യത്തിൽ ബഥനിയുടെ സ്വതന്ത്ര നിലപാട് മലങ്കര മെത്രാപ്പോലീത്തായിക്കും അദ്ദേഹത്തിന്റെ പാർശ്വവർത്തികളായ മെത്രാന്മാർക്കും അരോചകമായി തോന്നി. എങ്ങനെയെങ്കിലും ബഥനിയെ ഓർത്തഡോക്സ് കോട്ടയിൽ കുടുക്കുവാനായി അവരുടെ പിന്നീടുള്ള ശ്രമം.

ഓർത്തഡോക്സ് സഭയിലെ മറ്റു മെത്രാന്മാരെല്ലാം കത്തോലിക്കാ പുനരൈക്യാലോചനയിൽ നിന്നും പിന്മാറിയെങ്കിലും, മാർ ഈവാനിയോസും മാർ തിയോഫിലോസും അതിൽ ദൃഢവ്രത രാകുകയാണുണ്ടായത്. അങ്ങനെ ദൃഢനിശ്ചയം ചെയ്തശേഷം, ബഥനി സ്ഥലത്തിന്റെയും സ്വത്തുക്കളുടെയും ഭാവിയെപ്പറ്റിയുള്ള ചിന്തയിൽ മാർ ഈവാനിയോസ് വ്യാപൃതനായി. ഇതു സംബന്ധിച്ച് അവസാനമായി അദ്ദേഹം തീരുമാനിച്ചത് ബഥനിവക സ്വത്തുക്കളെല്ലാം

ഒരു പുതിയ ട്രസ്റ്റിന്റെ ഭരണത്തിൽ ഏല്പിച്ചശേഷം സകലവും ഉപേക്ഷിച്ച് അവിടെ നിന്നിറങ്ങിയശേഷം കത്തോലിക്കാസഭയെ ആശ്ലേഷിക്കുക എന്നതായിരുന്നു. അതിനുള്ള പ്രാരംഭമെന്നോണം ബഥനിക്കുവേണ്ടി സംഭാവന ചെയ്തിട്ടുള്ള ദാതാക്കളുടെ ഒരു യോഗം ബഥനിയിൽ വച്ചു നടത്തുന്നതിനു നിശ്ചയിച്ചുകൊണ്ട് താഴെ ചേർക്കുന്ന ഒരു ക്ഷണപത്രം എല്ലാർക്കുമായി അയച്ചുകൊടുത്തു.

**ബഥനിയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായിൽ നിന്ന്**

**(മുദ്ര)**

കാരുണ്യവാനായ ദൈവത്തിന്റെ കൃപയാൽ "ബഥനി" എന്ന അഭിധാനത്തിൽ ഒരു ധർമ്മസ്ഥാപനം ആരംഭിച്ചു നടത്തി വരുന്നു ണ്ടല്ലോ. ഇതു സംബന്ധിച്ചുള്ള പരോപകാര പ്രവർത്തികൾക്കായി നാം പല സ്ഥലങ്ങളിലും ഭിക്ഷാടനം ചെയ്തു പല സുഹൃത്തുക്കളിൽ നിന്നും സംഭാവനകൾ വാങ്ങിച്ചിട്ടുള്ളതും, നൂറുരൂപയിൽ കുറഞ്ഞ സംഭാവനകൾ മൂലധനത്തിൽ ചേർക്കുകയില്ലെന്നും അവ നിത്യച്ചെലവി ലേക്കായി വിനിയോഗിക്കുമെന്നും പണപ്പിരിവുകാലത്തു വ്യവസ്ഥ ചെയ്തു പരസ്യപ്പെടുത്തിയിട്ടുള്ളതും അതനുസരിച്ച് നാനാജാതി മതസ്ഥരായ അനേക സഹൃദയന്മാർ ദ്രവ്യസഹായം ചെയ്തിട്ടുള്ളതു മാകുന്നു. നിത്യച്ചെലവിലേക്കായി ലഭിച്ചിട്ടുള്ള സംഖ്യകൾ ഇതുവരെയുള്ള ആവശ്യങ്ങൾക്കു മതിയാകാതെ വന്നതിനാൽ ആ വകയിൽ ഇപ്പോൾ ശേഷിച്ചിട്ടുള്ളത് കടമാണ്. ബഥനിയുടെ ഏതൽകാലപര്യന്തമുള്ള ചരിത്രം പുസ്തകരൂപത്തിൽ (ഗിരിദീപം, ഒന്നാം ഭാഗം) നാം അച്ചടിപ്പിച്ച് ബഥനിയുടെ അഭ്യുദയകാംക്ഷികൾക്ക് പ്രദാനം ചെയ്തിട്ടുള്ളതാകയാൽ ആ വിഷയം സംബന്ധിച്ച് ഇവിടെ ഒന്നും പ്രസ്താവിക്കുന്നില്ല. ഇതിലേക്കു ദ്രവ്യസഹായം ചെയ്തിട്ടു ള്ളവർ നമ്മുടെ ഹിതംപോലെ ഈ ധർമ്മവേലയെ നടത്തിക്കൊണ്ടു പോകുന്നതിനു പരിപൂർണ്ണമായി നമ്മെ വിശ്വസിച്ച് സംഭാവനകൾ ഏല്പിച്ചിട്ടുള്ളതാണെങ്കിലും ഈ വക സ്വത്തുക്കൾ കൈവശം വച്ച് വിനിയോഗിക്കുന്നതിനും ഈ ധർമ്മവേലയെ അഭിവൃദ്ധിപ്പെടുത്തു ന്നതിനുംവേണ്ടി ട്രസ്റ്റികളെയും ഒരു ഭരണസമിതിയേയും നിയമിക്കണ മെന്നു നാം ആഗ്രഹിക്കുന്നു. ഈ വിഷയത്തിൽ നമുക്ക് ആലോചന തരുവാനായി മൂലധനത്തിലേക്കു സംഭാവന ചെയ്തിട്ടുള്ള ഏവരേയും ബഥനിയുടെ ആസ്ഥാനമായ റാന്നി പകുതിയിൽ പെരുനാടു മുറിയിൽ

www.malankaralibrary.com

ബഥന്യാശ്രമത്തോടുചേർന്നുള്ള അതിഥിമന്ദിരത്തിൽവച്ച് അടുത്ത കുംഭമാസം 9-ാം തീയതി വ്യാഴാഴ്ച (1930 ഫെബ്രുവരി 20) പകൽ മൂന്നുമണിക്ക് കൂടുന്ന യോഗത്തിലേക്കു ക്ഷണിച്ചുകൊള്ളുന്നു.

മൂലധനത്തിലേക്കു സംഭാവന ചെയ്തിട്ടുള്ളവർക്കു മാത്രമേ യോഗത്തിൽ പ്രവേശനമുണ്ടായിരിക്കയുള്ളു എന്നു വിശിഷ്യ പറയണമെന്നില്ലല്ലോ. ഏതൽകാലപര്യന്തമുള്ള സകല കണക്കുകളും യോഗത്തിൽ ഹാജരാക്കുന്നതായിരിക്കും.

ദൈവമായ കർത്താവിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരിലും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവ മാതാവായ വി.കന്യകാമറിയാമ്മിന്റെയും സകല ശുദ്ധിമാന്മാരുടെയും പ്രാർത്ഥനകളാൽ തന്നേ ആമ്മീൻ.

മാർ ഈവാനിയോസ് (ഒപ്പ്)

ബഥന്യാശ്രമം
വടശേരിക്കര
9.6.1105

**ധർമ്മനിധിദായകന്മാരുടെ മീറ്റിംഗ്**

മൂലധനത്തിലേക്ക് സംഭാവന നല്കിയിട്ടുള്ളവരുടെ ഒരു യോഗം ബഥന്യാശ്രമം പെരുനാട്ടിൽവച്ച് കൂടുന്നതാണെന്ന് നോട്ടീസയച്ചതനുസരിച്ച് മാർ ഈവാനിയോസ് തിരുമേനി, തെയോഫിലോസ് തിരുമേനി, പുലിക്കോട്ട് റമ്പാച്ചൻ എന്നിവർ മീറ്റിംഗിൽ സംബന്ധിക്കുന്നതിനായി തലേദിവസം (ബുധനാഴ്ച) തന്നെ സത്രത്തിലെത്തി. ഈവാനിയോസ് തിരുമേനി മീറ്റിംഗിനു വേണ്ടതൊക്കെ തയ്യാറാക്കുന്നതിനായി സത്രത്തിൽ തന്നെ താമസമാക്കി. അന്ന് വൈകിയപ്പോഴത്തേക്കു തന്നെ മീറ്റിംഗിൽ ക്ഷണിക്കപ്പെട്ടവർ വന്നു തുടങ്ങി.

വ്യാഴാഴ്ച പ്രഭാതമായതോടെ ആഗതന്മാരുടെ സംഖ്യ വർദ്ധിച്ചു. അതിനാൽ, നേരം ഒന്നു പുലർന്നതോടുകൂടി ആശ്രമം സന്ദർശക ന്മാരാൽ ശബ്ദയാനമാകുന്നു. ഫാദർ അലക്സിയോസ് സന്ദർശക രെയെല്ലാം കൊണ്ടുനടന്ന് ആശ്രമം കാണിക്കയും, ആശ്രമത്തെപ്പറ്റി അറിയേണ്ട കാര്യങ്ങൾ അവരെ പറഞ്ഞു മനസ്സിലാക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. അരമനയിൽചെന്നു നോക്കിയാൽ

www.malankaralibrary.com

ആബൂനായെക്കണ്ട് കുശലപ്രശ്നം ചെയ്യുന്ന ഒരു കൂട്ടത്തെ എപ്പോഴും കാണാം. പത്തുമണിയായതോടുകൂടി വെണ്ണിക്കുളം, തിരുവല്ലാ എന്നീ സ്ഥലങ്ങളിൽ നിന്നുള്ളവർ സ്പെഷ്യൽ കാറുകളിൽ എത്തുന്നു. ഇവർ മിക്കവരും ആശ്രമത്തിൽ കൂട്ടമായി എത്തുകയും ആബൂനാ അവരെ യെല്ലാം കൊണ്ടുനടന്ന് ആശ്രമം കാണിക്കയും മനസ്സിലാക്കേണ്ടത് ഭംഗിയായി ഗ്രഹിപ്പിക്കു കയും ചെയ്യുന്നു. അവർ ചാപ്പലിൽ എത്തിയ പ്പോഴേക്ക് യാമനമസ്കാര ത്തിന് സമയം ആയിരുന്നതിനാൽ അതിൽ സംബന്ധിക്കുന്നു. അനന്തരം എല്ലാവരും സത്രത്തിലേക്ക് യാത്രയായി. ആശ്രമസ്ഥരും എല്ലാംതന്നെ സത്രത്തിലേക്ക് പോയിക്കഴിഞ്ഞു.

മണി ഒന്നായിരിക്കുന്നു. ക്ഷണിക്കപ്പെട്ടവർ അധികം പേരും എത്തിക്കഴിഞ്ഞിരിക്കുന്നു. ബ. പിതാവിന്റെ മുഖവുര പ്രസംഗം. അപ്പോൾ എത്തിയിരുന്നവരെയെല്ലാം വിളിച്ചിരുത്തി ബ.പിതാവ് ഒരു മുഖവുര പ്രസംഗം ചെയ്തു. ബഥനിക്കാർ റോമായിൽ ചേരുന്നു എന്ന് ഒരു ധ്വനി നാട്ടിൽ പരക്കുവാനുണ്ടായതിന്റെ കാരണങ്ങളെപ്പറ്റിയും അതിനെ സംബന്ധിച്ചുള്ള അടിസ്ഥാനരഹിതമായ ആരോപണങ്ങ ളെപ്പറ്റിയും പ്രസംഗത്തിൽ അദ്ദേഹം വ്യക്തമാക്കി. ശ്രോതാക്കളിൽ അത് ഉദ്ദിഷ്ഠഫലം തന്നെ ഉളവാക്കി.

പിതാവിന്റെ ഉപക്രമപ്രസംഗത്തിൽ ദൈവമഹത്വം, മറ്റുള്ളവരുടെ നന്മ ഇവയെ മാത്രം ലാക്കാക്കിയുള്ള ഈ ആശ്രമത്തിന്റെ സ്ഥാപനം ഇതഃപര്യന്തം ഇത് ലാക്കാക്കി ശ്രമിച്ചുകൊണ്ടുള്ള അതിന്റെ നിലനില്പ് ഇവയെ വിശദപ്പെടുത്തുകയും, മേലാലും ഈ മഹൽകാര്യ സാദ്ധ്യങ്ങൾക്കായി മാത്രം ജീവിക്കണമെന്നാഗ്രഹിക്കുന്നതിനാൽ സ്വത്തുക്കളെ തൂങ്ങിക്കിടക്കാൻ നിശ്ചയിച്ചിട്ടില്ലെന്നും അവയൊക്കെ കാര്യസ്ഥന്മാരുടെ ഇഷ്ടംപോലെ വിനിയോഗിപ്പാൻ അവരുടെ മുമ്പിൽ വച്ചിരിക്കുന്നു എന്നു പ്രസ്താവിക്കുകയും ചെയ്തു.

പ്രസ്തുത യോഗത്തിൽ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ ചെയ്ത പ്രസംഗത്തിന്റെ സംക്ഷിപ്തരൂപം താഴെ ചേർക്കുന്നു:

സ്നേഹഭാജനങ്ങളെ,

ബഥന്യാശ്രമം സ്ഥാപിക്കണമെന്ന് നാം ആലോചിക്കയും നിശ്ചയിക്കയും ചെയ്തത് സെറാംപൂർ കോളജിൽ പ്രൊഫസർ ആയിരുന്ന കാലത്തായിരുന്നു. ആബ്ദള്ളാ പാത്രിയർക്കീസു ബാവാ

യുടെ വരവു സംബന്ധിച്ച് മലങ്കര സഭ വഴക്കിലും വ്യവഹാരത്തിലും പെട്ട് വലഞ്ഞിരുന്ന ഒരു കാലത്തായിരുന്നു നാം സെറാംപൂർക്ക് പോയത് എന്ന് നിങ്ങളിൽ പലരും ഓർക്കുന്നുണ്ടായിരിക്കുമല്ലോ. സാമുദായികമായ ഏതു തരം വഴക്കിലും വ്യവഹാരത്തിലും ഉൾപ്പെടാതിരിക്കത്തക്കവണ്ണവും അവയുടെ ഫലങ്ങൾ വ്യാപിക്കാതിരിക്കത്തക്കവിധവും ആശ്രമം സ്ഥാപിക്കണമെന്നു സെറാംപൂരിൽവച്ച് പത്തുപതിനാലു സംവത്സരങ്ങൾക്കുമുമ്പുതന്നേ നാം തീർച്ചപ്പെടുത്തി. ആശ്രമസ്ഥരായി ചേരാനൊരുങ്ങിയ പലരും അതിൽ നമ്മെ പിന്താങ്ങുകയും ചെയ്തു. ആശ്രമസ്ഥന്മാരുടെ ഉപജീവനത്തിനും അനാഥശാല, ആസ്പത്രി മുതലായവയുടെ നടത്തിപ്പിനുമായി നാം പല സ്ഥലങ്ങളിലും സഞ്ചരിച്ച് ജാതിമതഭേദമെന്യേ സുഹൃത്തുക്കളിൽ നിന്ന് പണപ്പിരിവു നടത്തിയിട്ടുണ്ട്. നിങ്ങളും പരിചിതരും അപരിചിതരുമായ മറ്റനേകം സുഹൃത്തുക്കളും നമ്മെ അന്നും ഇന്നും പ്രോത്സാഹിപ്പിച്ചതിനെ നാം കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. ആ വകയിൽ എത്ര പണമാണ് നമുക്കു കിട്ടിയതെന്നും എന്തിനെല്ലാം അതിൽ നിന്നു വ്യയം ചെയ്തു എന്നും ഇപ്പോൾ ആ വകയിൽ എന്തു ബാക്കിയുണ്ടെന്നും നിങ്ങളുടെ മുമ്പിലിരിക്കുന്ന ഈ കണക്കുപുസ്തകങ്ങൾ നോക്കിയാൽ ആർക്കും നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണ്.

ബഥനി കേവലം സ്വതന്ത്രമായ ഒരു സ്ഥാപനമത്രേ. അതിന്റെ ആദർശാനുസരണമായ ആത്മീയവേലകൾ നിർവിഘ്നം നടന്നു പോകുന്നതിന് ഒരു മേല്പട്ടക്കാരൻ അത്യാവശ്യമായി തീർന്നപ്പോൾ ദൈവകൃപയാൽ നാം എപ്പിസ്കോപ്പായായി വാഴിക്കപ്പെട്ടു. അനന്തരകാലങ്ങളിൽ ബഥനിയുടെ മെത്രാപ്പോലീത്തായായി നാം അവരോധിക്കപ്പെടുകയും ബഥന്യാശ്രമസ്ഥനായ യാക്കോബു റമ്പാൻ ബഥനി എപ്പിസ്കോപ്പായായി വാഴിക്കപ്പെടുകയും ചെയ്തത് ദൈവത്തിന്റെ കാരുണ്യാതിരേകത്താലാണെന്നു മാത്രമേ നമുക്കു പറയാനുള്ളു.

ബഥനിയുടെ മൂലധനത്തിലേക്ക് നൂറും അതിലധികവും രൂപാ സംഭാവന ചെയ്തിട്ടുള്ള നിങ്ങളെല്ലാവരെയും ഇവിടെവച്ചു ഒരുമിച്ചു കാണാനിടയാതിൽ നമുക്കും ആശ്രമസ്ഥന്മാരെല്ലാവർക്കും അനിർവചനീയമായ സന്തോഷമുണ്ട്. ബഥനിയുടെ സ്ഥാപനോദ്ദേശ്യത്തിനു യോജ്യമല്ലാത്ത ഏതോ പുതിയ പ്രസ്ഥാനങ്ങളിൽ നാമും ആശ്രമസ്ഥന്മാരും പ്രവേശിക്കുവാൻ പോകുന്നുവെന്നും അങ്ങനെയെങ്കിൽ

അത് ബഥനിക്കായി സംഭാവന ചെയ്തിട്ടുള്ളവരെ ചതിക്കുകയായിരിക്കുമെന്നും മറ്റും പലടത്തും വിവിധങ്ങളായ പ്രസ്ഥാവനകൾ നമുക്കു കേൾക്കുവാനിടയായി. ഇക്കാര്യത്തിൽ എത്രയും സത്യമായും പരിശുദ്ധമായും പ്രവർത്തിക്കണമെന്നു തന്നെയാണ് നാം മുമ്പെയും ഇപ്പോഴും തീർച്ചപ്പെടുത്തിയിട്ടുള്ളത്. നിങ്ങൾ തന്നിട്ടുള്ള സംഭാവനകൾ കൊണ്ട് സമ്പാദിച്ചിട്ടുള്ള സർവ്വസമ്പത്തുക്കളും നിങ്ങളുടെ ഹിതം പോലെ വിനിയോഗിക്കാൻ തക്കവണ്ണം ഇതാ നിങ്ങളുടെ മുമ്പാകെ വച്ചിരിക്കുന്നു. സ്ഥാപനോദ്ദേശ്യത്തിന് അനുയോജ്യമായവണ്ണം അവ വിനിയോഗിക്കുവാൻ തക്കവണ്ണം ട്രസ്റ്റികളെയും ഭരണസമിതിയെയും നിയമിക്കണമെന്ന് നമുക്ക് അഭിപ്രായമുണ്ടെങ്കിലും ആ അഭിപ്രായം നിങ്ങൾ സ്വീകരിക്കണമെന്നു നാം ലവലേശം നിർബന്ധിക്കുന്നില്ല. നിങ്ങൾ എന്തുതന്നെ നിശ്ചയിച്ചാലും ഈ വിഷയത്തിൽ നിങ്ങളുടെ നിശ്ചയമനുസരിച്ച് പ്രവർത്തിപ്പാൻ നാം പരിപൂർണ്ണ സമ്മതനായിരിക്കയാണ്. നിങ്ങളുടെ ഹിതംപോലെ ആർക്കെങ്കിലും ഉടമ്പടിയോ മറ്റു രജിസ്റ്റർ പ്രമാണമോ എഴുതിക്കൊള്ളുക. ഒപ്പിടുവാൻ നാം തയ്യാറാണ്.

**ഉച്ചഭക്ഷണം**

ഔദാര്യബുദ്ധിയായ കലയക്കാട്ടിലച്ചൻ മീറ്റിംഗിൽ വരുന്നവരുടെ ആവശ്യത്തിലേക്ക് ഒരു ചാക്കരിയും, കാപ്പിക്ക് വേണ്ട ചക്കരയും കൊണ്ടുവന്നിരുന്നു. അതിനാൽ ഉച്ചഭക്ഷണം മോടിയായിത്തന്നെ തയ്യാറാക്കിയിരുന്നു. രണ്ടുമണിയോടുകൂടി, കൂടിയിരുന്നവർക്കെല്ലാം കേമമായ സദ്യകൊടുത്തു. വടശ്ശേരിക്കരക്കാർ ഇതിനുവേണ്ട സഹായ സഹകരണങ്ങൾ ചെയ്തുവെന്ന് പ്രത്യേകം പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

**മീറ്റിംഗ്**

മൂന്നര മണിയോടുകൂടി വന്ദ്യപിതാവിന്റെ അധ്യക്ഷത യിൽ പൊതുമീറ്റിംഗ് ആരംഭിച്ചു. മാർ തിയോഫിലോസ് തിരുമേനി, പുലിക്കാട്ടു റമ്പാച്ചൻ എന്നിവർ വന്ദ്യപിതാവിന്റെ ഇരു പാർശ്വങ്ങളിലും ആസനസ്ഥരായി. അറുപതോളം വരുന്ന ശ്രോതാക്കൾ വന്ദ്യപിതാവിന്റെ മുഖത്തുതന്നേ ദൃഷ്ടിപതിപ്പിച്ചിരിക്കേ, പിതാവു ഉപക്രമ പ്രസംഗം തുടങ്ങി. ദൈവമഹത്വത്തെയും മറ്റുള്ളവരുടെ നന്മയെയും മാത്രം ലാക്കാക്കിയുള്ള ബഥനിസ്ഥാപനം, ഇതഃപര്യന്തമുള്ള അതിന്റെ നിലനില്പ് എന്നിവയെ വിശദീകരിക്കുകയും, സമൂഹത്തിന്റെ ലക്ഷ്യ

പ്രാപ്തിക്ക് ബഥനി സ്വത്തുക്കൾ ഒരു വിലങ്ങുതടിയായിത്തീരാനിടയുണ്ടെന്നു കാണുന്നതിനാൽ, അവ ഒരു ട്രസ്റ്റു ബോർഡിനു വിട്ടു കൊടുക്കാൻ ഒരുങ്ങിയിരിക്കയാണെന്ന് പ്രസ്താവിക്കുകയും ചെയ്തു. പ്രസംഗാനന്തരം ബഥനിയുടെ ഇതഃപര്യന്തമുള്ള പ്രവർത്തനങ്ങളുടെ റിപ്പോർട്ടും കണക്കും യോഗസമക്ഷം സമർപ്പിക്കപ്പെട്ടു. പിന്നീട് ഏതാനും നിശ്ചയങ്ങൾ പാസ്സാക്കപ്പെട്ടു.

പിന്നീട് ആശ്രമസ്വത്തുക്കൾ ആശ്രമസ്ഥാപകനും, ആശ്രമസ്ഥരായ 13 പേരുമടങ്ങിയ ഒരു ഭരണസമിതിയെയും മൂന്നുപേർ ട്രസ്റ്റികളായ ഒരു ട്രസ്റ്റിനെയും ഏല്പിക്കുന്ന നിശ്ചയങ്ങൾ പ്രധാനമായി പാസാക്കിയ ശേഷം അഞ്ചുമണിയോടുകൂടി യോഗം അവസാനിച്ചു.

**നിശ്ചയങ്ങൾ**

റിപ്പോർട്ടും കണക്കും പാസ്സാക്കണമെന്നുള്ള ഒന്നാം നിശ്ചയം ബ.കലേക്കാട്ടിൽ തോമസു കത്തനാർ അവതരിപ്പിക്കുകയും മേളാമ്പറമ്പിൽ മി. പുന്നൂസ് വർഗീസ് പിൻതാങ്ങുകയും ചെയ്തിട്ട് യോഗം ഏകാഭിപ്രായമായി പാസ്സാക്കി.

**ഒന്നാം നിശ്ചയം**

ദൈവത്തെ ഏകാവലംബമായി സ്വീകരിച്ചുകൊണ്ട് ബഥനിയെയും അതിനോടുചേർന്നുള്ള സർവവിധസ്ഥാപനങ്ങളെയും ഉണ്ടാക്കി നടത്തുവാൻ നി.വ.ദി.ശ്രീ.മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമേനിയെ കാരുണ്യപൂർവം ആശീർവദിച്ച ദൈവത്തെ ഈ യോഗം ഭക്തിപൂർവ്വം സ്തുതിക്കയും യോഗസമക്ഷം വായിച്ചതും ബഥനിയുടെ നാനാമുഖങ്ങളായ പ്രവൃത്തികളെ സംക്ഷിപ്തമായി വിവരിക്കുന്നതുമായ റിപ്പോർട്ടിനെയും വരവു ചെലവുകണക്കുകളെയും ഈ യോഗം സർവാത്മനാ അംഗീകരിക്കുകയും ചെയ്യുന്നു.

യോഗം വിളിച്ചുകൂട്ടുന്നതിനു തിരുവുള്ളമുണ്ടായ തിരുമേനിയോടുള്ള കൃതജ്ഞത രേഖപ്പെടുത്തുന്ന രണ്ടാം നിശ്ചയം കാർത്തികപ്പള്ളി പുത്തൻ ബംഗ്ലാവിൽ കോശി അവർകൾ അവതരിപ്പിക്കുകയും വെണ്ണിക്കുളം മേടയിൽ ഈപ്പൻ അവിരാ അവർകൾ പിന്താങ്ങുകയും യോഗം ഏകാഭിപ്രായമായി പാസ്സാക്കുകയും ചെയ്തു.

www.malankaralibrary.com

**രണ്ടാം നിശ്ചയം**

സ്വതന്ത്രസ്ഥാപനമായ ബഥനിയുടെ സ്ഥാപകനും, അധ്യക്ഷനുമെന്ന നിലയിൽ നി.വ.ദി.ശ്രീ.മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് ഭരണവിഷയത്തിൽ തികച്ചും സർവസ്വതന്ത്രനായിരിക്കേ, ബഥനിയുടെ ധർമ്മനിധി സംരക്ഷണത്തി നായും അതിന്റെ ധനവിനിയോഗത്തിനായുമുള്ള ആലോചനകൾക്കു വേണ്ടി മൂലധനത്തിലേക്കു സംഭാവന നല്കിയവരെ ക്ഷണിക്കാൻ തിരുവുള്ളം തോന്നിയ തിരുമേനിയോട് ഈ യോഗത്തിനുള്ള ബഹുമാനത്തെയും കൃതജ്ഞതയെയും രേഖപ്പെടുത്തികൊള്ളുന്നു.

ബഥനിയുടെ ധർമ്മനിധി സംരക്ഷണയ്ക്കായി ട്രസ്റ്റികളെയും ഒരു ഭരണസമിതിയെയും നിയമിക്കേണ്ടതാണെന്നുള്ള മൂന്നാം നിശ്ചയം അധ്യക്ഷൻ തിരുമേനി അവതരിപ്പിച്ചു.

**മൂന്നാം നിശ്ചയം**

ബഥനിയുടെ ധർമ്മനിധി സംരക്ഷണയ്ക്കായി ട്രസ്റ്റികളെയും ഭരണസമിതിയെയും നിയമിക്കേണ്ടതാണെന്നുള്ള അദ്ധ്യക്ഷൻ തിരുമനസ്സിലെ അഭിപ്രായത്തെ ഈ യോഗം അംഗീകരിക്കുന്നു.

**നാലാം നിശ്ചയം**

മേൽനടത്തയ്ക്കാവശ്യമായ വ്യവസ്ഥകൾ ക്രോഡീകരിച്ചെഴുതി യോഗസമക്ഷം അവതരിപ്പിച്ചിട്ടുള്ള ഭരണഘടനയടങ്ങിയ നക്കൽ ഉടമ്പടി അംഗീകരിക്കേണ്ടതാണെന്നും, താഴെപ്പറയുന്നവരെ ട്രസ്റ്റികളായും ഭരണസമിതിയംഗങ്ങളായും നിയമിക്കണമെന്ന് അധ്യക്ഷൻ തിരുമേനിയോട് അപേക്ഷിക്കുന്നു എന്നുമുള്ള നാലാം നിശ്ചയം തുണ്ടിയിൽ റ്റി.ജി. ഫീലിപ്പോസ് അവർകൾ അവതരിപ്പിക്കുകയും ബ. കലേക്കാട്ടിൽ തോമസ് കത്തനാരും കാഞ്ഞരത്തുങ്കൽ കുര്യൻ അവർകളും പിന്താങ്ങുകയും യോഗം പാസ്സാക്കുകയും ചെയ്തു.

മേൽനടത്തയ്ക്കാവശ്യപ്പെട്ട വ്യവസ്ഥകളെ ക്രോഡീകരിച്ചെഴുതി യോഗസമക്ഷം അവതരിപ്പിച്ചിട്ടുള്ള ഭരണ ഘടനയെ ഈ യോഗം സ്വീകരിക്കുകയും, മെസ്സേഴ്സ് ഐ.എം. ഇടിക്കുള (വടശ്ശേരിക്കര), പി.കെ.കൊച്ചുമ്മൻ (നിരണം) എം.പുന്നൂസ് വർഗ്ഗീസ് (തിരുവല്ല)

എന്നിവരെ ട്രസ്റ്റികളായും, ബഥന്യാശ്രമസ്ഥരായ പതിമൂന്ന് അംഗങ്ങളെ ഭരണസമിതി അംഗങ്ങളായും നിയമിക്കണമെന്ന് ഈ യോഗം ബഥനി സ്ഥാപകനായ അധ്യക്ഷൻ തിരുമേനിയോട് അപേക്ഷിക്കയും ചെയ്യുന്നു.

ബഥനിയുടെ സ്വതന്ത്ര നിലയെ പുരസ്കരിച്ചുള്ള പ്രസംഗത്തിനു ശേഷം കത്തോലിക്കാ പുനരൈക്യത്തിന്റെ ആവശ്യകതയെയും തിരുമേനി ചുരുക്കമായി പ്രസ്ഥാവിച്ചു. അതു താഴെ വരുംപ്രകാരം സംക്ഷേപിക്കാം.

ലോകൈകനാഥനായ യേശുക്രിസ്തു മനുഷ്യരുടെ ജീവരക്ഷയ്ക്കായി ലോകത്തിൽ ഒരു സഭയെ സ്ഥാപിച്ചു. അതു ക്രമാനുഗതം അഭിവൃദ്ധിപ്പെട്ടും പരിപുഷ്ടി പ്രാപിച്ചും വന്നു. ക്രിസ്താബ്ദം 451-ൽ കാൽസിഡൺ സിനഡിൽ വച്ച് സഭയിൽ ഒരു പിളർപ്പുണ്ടാകുവാൻ സംഗതിയായി. ന്യൂനപക്ഷക്കാരായ അപൂർവ്വം ചിലരുടെ അഭിപ്രായത്തിനു പ്രാബല്യം ലഭിക്കാത്തതിലുള്ള ദുരഭിമാനത്താൽ പ്രേരിതരായി അവർ വേറൊരു സഭയായി പിരിഞ്ഞുപോയി. അഭിപ്രായഭേദത്താലും സ്വതന്ത്രേച്ഛയാലും അവർ വീണ്ടും പിരിഞ്ഞു പിരിഞ്ഞു പല സഭകളായി തീർന്നു. അവയിൽ ഒന്നിന്റെ പേരാണ് യാക്കോബായ സഭയെന്നു സംക്ഷിപ്തമായി പറയാം. മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ കേരള ക്രൈസ്തവ സഭയുടെയും ചരിത്രം ഏതാണ്ട് ഇതുപോലെയാണ്. 17-ാം നൂറ്റാണ്ടുവരെ കേരളീയ ക്രിസ്ത്യാനികളാസകലം ഒരു വമ്പിച്ച തറവാട്ടിലെ അംഗങ്ങളെന്ന നിലയിൽ ഏകയോഗക്ഷേമമായി വർത്തിച്ചുപോന്നു. അങ്ങനെയിരിക്കെ കേവലമൊരു അവാസ്തവ കിംവദന്തിയെ ആസ്പദമാക്കി ഏതാനും പേർ അതിൽ നിന്നു പിരിഞ്ഞുപോയി. അവർക്കു പുത്തൻകൂറ്റുകാർ എന്നും മറ്റുള്ളവർക്കു പഴയകൂറ്റുകാർ എന്നും പേരുണ്ടായി. പഴയകൂറ്റുകാരുടെ പരമാധികാരി സർവ്വലോകാദരണീയനായ മാർപാപ്പാ തിരുമേനിയാണ്. അദ്ദേഹത്തെപ്പോലെ ഒരു നായകൻ തങ്ങൾക്കില്ലാത്തതിനാൽ പുത്തൻകൂറ്റുകാർ വളരെ വിഷമിച്ചു. തന്നിവാരണാർത്ഥം അവർ അന്ത്യോക്യാ യാക്കോബായ പാത്രിയാർക്കീസിനെ അഭയം പ്രാപിക്കയും അങ്ങനെ കേരളത്തിൽ യാക്കോബായ സഭയ്ക്ക് പ്രവേശനം ലഭിക്കയും ചെയ്തു. അന്നുമുതൽ ഇന്നുവരെയുള്ള യാക്കോബായ സഭാചരിത്രം അന്തഛിദ്രത്തിന്റെയും

മത്സര വ്യവഹാരങ്ങളുടെയും കേളീരംഗമായിരുന്നു. ആദ്യമായി തൊഴിയൂർ സഭ അതിൽ നിന്നു പിരിഞ്ഞുപോയി. അനന്തരകാലത്തിൽ കുറേപേർ ആംഗ്ലേയ സഭയുടെ അംഗങ്ങളായി ചേർന്നു പിരിഞ്ഞു. പിന്നീട് സുദീർഘമായ വ്യവഹാരത്തിനുശേഷം മാർത്തോമ്മാസഭ പിരിഞ്ഞുപോയി. അനന്തരം അൻപതു സംവത്സരം തികയുന്നതിനു മുമ്പായി ഉണ്ടായതത്രേ ബാവാകക്ഷി മെത്രാൻകക്ഷി പിളർപ്പ്. രണ്ടു സൈന്യവ്യൂഹങ്ങളെന്നവണ്ണം ഇവർ നിന്ന് പൊരിഞ്ഞ ദ്വന്ദയുദ്ധം നടത്തുകയാണ്. ഇവയിൽ മെത്രാൻകക്ഷിയിൽ ചേർന്നു നിന്നു സഭയുടെ അഭിവൃദ്ധിയ്ക്കുവേണ്ടി കഴിയുന്നത്ര പ്രവർത്തിച്ചു കൊണ്ടിരുന്നതിനാൽ യാക്കോബായ സഭയുടെ അടിത്തട്ടു മുഴുവൻ കാണുവാൻ നമുക്ക് ഇടയായി. അതത്രെ സാർവത്രിക സഭയോടുള്ള പുനരൈക്യത്തെപ്പറ്റി ആലോചിക്കുവാൻ നമുക്കു പ്രേരണ നല്കിയത്.

ക്രൈസ്തവസഭയുടെ സാക്ഷാൽ ഉടൽ സാർവത്രിക സഭയാണെന്നുള്ളതു നിർവിവാദമത്രേ. തായ്ത്തടിയിൽനിന്നു വിഛേദിക്കപ്പെടുന്ന ഏതൊരു ശിഖരത്തിനും ജീവശക്തി ലഭിക്കയില്ല. അവ ഉണങ്ങിപ്പോകയേ ഉള്ളൂ. അജ്ഞതയാലോ ദുരഭിമാന പ്രസക്തിയാലോ ദുസ്വാതന്ത്ര്യകാംക്ഷയാലോ മാത്രമാണ് ഇതര ക്രിസ്ത്യാനികൾ സാർവത്രിക സഭയിൽനിന്ന് അകന്നു നില്ക്കുന്നത് എന്നു നാം കരുതുന്നു. നമ്മെപ്പോലെ പുത്തൻകൂർ സമുദായത്തിൽ ജനിച്ചു വളർന്ന മറ്റു പലർക്കും ഈ ബോധ്യം ഉണ്ടായിട്ടുള്ളതായും അവർ പുനരൈക്യത്തിനായി ശ്രമിച്ചിട്ടുള്ളതായും നമുക്കറിയാം. കാലം ചെയ്ത രണ്ടാമത്തെ കാതോലിക്കോസും ഇപ്പോഴത്തെ കാതോലിക്കോസും ഈ ബോധ്യം വന്നിട്ടുള്ളവരത്രേ. ഞങ്ങൾ മൂവരുടെയും ആലോചനയുടെ ഫലമായി ഇതു സംബന്ധിച്ച് പല കത്തിടപാടുകളും നടന്നിട്ടുണ്ട്. ഈ പ്രസ്ഥാനത്തെ മലങ്കര മെത്രാപ്പോലീത്തായും അനുകൂലിക്കുമെന്ന പ്രതീക്ഷയിൽ തന്നെയാണ് ഞങ്ങൾ എഴുത്തു കുത്തുകൾ ആരംഭിച്ചത്. മാർപാപ്പ തിരുമനസ്സിലെ പരമാധികാരം സമ്മതിക്കുന്നതും സാർവത്രികസഭയിൽ ഉൾപ്പെട്ടതുമായ ഒരു പ്രത്യേക വിഭാഗമായി കഴിഞ്ഞുകൂടുവാനും ഇതഃപര്യന്തം ഉപയോഗിച്ചുവന്ന ആരാധനാരീതികളും മതകർമ്മങ്ങളും മേലിലും നടത്തിക്കൊണ്ടു പോകുവാനുമുള്ള അനുമതിയാണ് ഞങ്ങൾ ആഗ്രഹിക്കുകയും പ്രതീക്ഷിക്കുകയും ചെയ്തത്.

കത്തോലിക്കാപുനരൈക്യം സംബന്ധിച്ച് മലങ്കര സഭയിലെ ആത്മീയാധ്യക്ഷന്മാരിൽ ചിലർ ശ്രമം നടത്തിയിട്ടുണ്ടെന്നുള്ളത് ഈ ഘട്ടത്തിൽ പ്രത്യേകം സ്മരണീയമാണ്. 1919-ൽ നിര്യാതനായ പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ്, അദ്ദേഹത്തിനു പത്തുമുപ്പതു കൊല്ലംമുമ്പ് മെത്രാപ്പോലീത്താ ആയിരുന്ന ചേപ്പാട്ടു മാർ ദിവന്നാസ്യോസ്, 1770-ൽ വലിയ മാർ ദിവന്നാസ്യോസ് എന്ന അപരാഭിധാനത്തിൽ വാണിരുന്ന ആറാം മർത്തോമ്മാ, അദ്ദേഹത്തിന്റെ മുൻഗാമിയായിരുന്ന അഞ്ചാം മർത്തോമ്മാ, ആദിയായ പലരും ഈ വിഷയത്തിൽ യഥാമതി യത്നം ചെയ്തിട്ടുള്ളവരാണെന്നു മലങ്കര യാക്കോബായ ചരിത്രം വിശദപ്പെടുത്തുന്നുണ്ടല്ലോ. അവരുടെ പരിശ്രമം ആദരണീയവും സ്തുത്യർഹവുമെന്നു പരക്കെ സമ്മതിക്കപ്പെട്ടിരിക്കുന്ന സ്ഥിതിക്ക് ഞങ്ങളുടെ പുനരൈക്യാലോചനകളും കുറ്റകരമായി ഗണിക്കപ്പെടാവുന്നതല്ലല്ലോ.

യാക്കോബായക്കാരുടെ കാനോൻ പുസ്തകത്തിൽ താഴെ പറയുന്ന വാചകമുണ്ട്. "ലോകത്തിന്റെ നാലുഭാഗങ്ങളിലുമായി നാലു പാത്രിയർക്കീസന്മാർ ഉണ്ടായിരിക്കണം. അവരെല്ലാവരുടെയും തലവനും നേതാവും റോമിലെ പാത്രിയർക്കീസായിരിക്കണം. അലക്സന്ത്രിയായിലെ പാത്രിയർക്കീസും കുസ്തന്തിനോസ്പ്പോലീസിലെ പാത്രിയാർക്കീസും റോമിലെ പാത്രിയർക്കീസിനെ അഥവാ മാർപാപ്പായെ തങ്ങളുടെ നേതാവും തലവനുമായി അംഗീകരിക്കേണ്ടതാണെന്ന് ഈ ഭാഗത്തു വ്യക്തമാക്കുന്നുണ്ട്. യാക്കോബായക്കാരുടെ പ്രാർത്ഥനാപുസ്തകം റോമിലെ പാത്രിയർക്കീസായ മാർപാപ്പാ വിശുദ്ധനായ പത്രോസിന്റെ യഥാർത്ഥ അനുഗാമിയാണെന്നും, വി.പത്രോസ് റോമിൽവച്ചു മരിച്ചു എന്നും സാക്ഷീകരിക്കുന്നു.

ഇവയ്ക്കുപുറമെ, "ഭൂമിയുടെ നാലു ഭാഗങ്ങളിലുമുള്ള ദൈവത്തിന്റെ സഭയെ ഭരിക്കുന്നവരായ മേല്പട്ടക്കാർക്കുംവേണ്ടി'' യാക്കോബായ സഭയിൽ വി.കുർബാന മദ്ധ്യേ കഴിക്കപ്പെടുന്ന പ്രാർത്ഥനയെ ശ്രദ്ധിക്കുന്ന പക്ഷവും പ്രസ്തുത പാത്രീയർക്കീസന്മാർക്കു തമ്മിൽ പരസ്പരമുള്ള ഐക്യം വിശദമാകുന്നതാണ്.

പ്രസംഗാനന്തരം പ്രാർത്ഥനയും ആശീർവാദവും കഴിഞ്ഞ് യോഗം പിരിഞ്ഞു. യോഗാനന്തരം അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനിയും മറ്റും തിരുവല്ലായ്ക്കു യാത്രയായി.

**ട്രസ്റ്റികൾ**

1. ഇടശ്ശേരിൽ മി. ഐ.എം. ഇടിക്കുള, വടശ്ശേരിക്കര
2. പനങ്ങോട്ടത്തു മി. പി. കെ. കൊച്ചുമ്മൻ, നിരണം
3. മേളാമ്പറമ്പിൽ മി. എം. പുന്നൂസ് വർഗീസ്, തിരുവല്ല

**ഭരണസമിതിയംഗങ്ങൾ**

ബഥനിയോഗ നിശ്ചയപ്രകാരം ബഥന ഭരണസമിതി അംഗങ്ങളായി താഴെ പറയുന്നവർ നിയമിക്കപ്പെട്ടു.

1. നി. വ. ദി. മ. ശ്രീ. ബഥനിയുടെ
   മാർ ഈവാനിയോസ് മെത്രാപ്പോലീത്താ (പ്രസിഡന്റ്)
2. നി. വ. ദി. മ. ശ്രീ. ബഥനിയുടെ
   തിയോഫിലോസ് എപ്പിസ്കോപ്പാ (വൈസ് പ്രസിഡന്റ്)
3. ദിവ്യശ്രീ ഫാദർ ബർസ്കീപ്പാ ഒ.ഐ.സി.
4. ദിവ്യശ്രീ ഫാദർ അബ്രഹാം ഒ.ഐ.സി.
5. ദിവ്യശ്രീ ഫാദർ ബർസ്ളീബാ ഒ.ഐ.സി.
6. ദിവ്യശ്രീ ഫാദർ സ്തേഫാനോസ് ഒ.ഐ.സി.
7. ദിവ്യശ്രീ ഫാദർ അലക്സ്യോസ് ഒ.ഐ.സി.
8. ദിവ്യശ്രീ ഫാദർ യോബ് ഒ.ഐ.സി.
9. ദിവ്യശ്രീ ഫാദർ യോശുവാ ഒ.ഐ.സി.
   (സെക്രട്ടറിയും ധനകാര്യദർശിയും)
10. ദിവ്യശ്രീ ജോൺ ശെമ്മാശ്ശൻ ഒ.ഐ.സി.
11. ദിവ്യശ്രീ ഫാദർ മത്തായി സാധു ഒ.ഐ.സി.
12. ദിവ്യശ്രീ ഫാദർ അബ്രഹാം സാധു ഒ.ഐ.സി.
13. ദിവ്യശ്രീ ഫാദർ കോശി സാധു ഒ.ഐ.സി.

മേല്പറഞ്ഞ പ്രമേയങ്ങൾ പാസ്സാക്കിയശേഷം 5 മണിയോടുകൂടി യോഗം പര്യവസാനിച്ചു. കാപ്പികുടി കഴിഞ്ഞ് എല്ലാവരും പിരിഞ്ഞു. വന്ദ്യപിതാവ്, പുലിക്കോട്ട് റമ്പാച്ചൻ, മി. കെ. വി. ചാക്കോ, ഫാദർ യോശുവാ എന്നിവർ യോഗത്തിന്റെ റിപ്പോർട്ട് തയ്യാറാക്കുന്നതിനും മറ്റുമായി തിരുവല്ലായ്ക്ക് യാത്രയായി.

**10 വെള്ളി**

മഹാനായ അതിഥി: മീറ്റിംഗിനു വന്നിരുന്ന കെ.വി. ചാക്കോച്ചൻ ഇന്നു വൈകിട്ട് ആശ്രമത്തിലെത്തി ആബൂനായോടൊത്ത് താമസിക്കുന്നു.

**11 ശനി**

കാര്യദർശികളുടെ തിരിച്ചുപോക്ക്. ബ.പിതാവ്, റമ്പാച്ചൻ, കാരക്കലച്ചൻ, കെ.വി.ചാക്കോച്ചൻ, ഫാദർ യോശുവാ ഇവരെല്ലാവരും സ്പെഷ്യൽ കാറിൽ തിരുവല്ലായ്ക്ക് യാത്രയായി. മീറ്റിംഗിന്റെ റിപ്പോർട്ട് മുതലായ പല പ്രധാന കാര്യങ്ങൾ എഴുതിച്ചെടുക്കാനായിട്ടാണ് ഫാദർ യോശുവാ പോയിരിക്കുന്നത്.

**12 ഞായർ**

സകല മരിച്ചുപോയവരുടെയും ഓർമ്മ. ഫാദർ യോശുവാ ഇവിടെ ഇല്ലാത്തതിനാൽ ചാപ്പലിൽ തിരുക്കർമ്മം മുടങ്ങുന്നു. ഫാദർ അബ്രഹാം, ജോൺ ശെമ്മാശൻ ഇവർ ഇടവകപ്പള്ളിയിൽ പോയി. ആബൂനായ്ക്ക് നല്ല സുഖമില്ലെങ്കിലും സത്രത്തിൽ നിന്ന് രാവിലെ തന്നെ ഇടവകപ്പള്ളിയിൽ എത്തി. വാത്സല്യമക്കളായ അദ്ദേഹത്തിന്റെ ഇടവകക്കാരെ കാണുന്നതിനായിട്ടാണ് പ്രയാസപ്പെട്ട് എത്തുന്നത്. ഫാദർ അബ്രഹാം കുർബാന അണച്ചു. ആബൂനാ മരിച്ചുപോയവരുടെ ഓർമ്മയ്ക്കുള്ള പ്രാധാന്യത്തെ പുരസ്കരിച്ച് മധുരതരമായ ഒരു പ്രസംഗം ചെയ്തു. തുടർന്ന് പതിവുള്ള ശവക്കോട്ടയിലെ ശുശ്രൂഷ നടന്നു. ആബൂനാ ശുശ്രൂഷ ആരംഭിച്ചു. കുറേ കഴിഞ്ഞപ്പോഴത്തേക്ക് ഫാദർ അബ്രഹാമും അംശവസ്ത്രധാരിയായി വന്നെത്തി. ശുശ്രൂഷ നടത്തുന്ന സ്ഥലം പന്തലും മറ്റും കെട്ടി ഭംഗിയാക്കിയിരുന്നു. പന്ത്രണ്ടു മണിയോടുകൂടി ശുശ്രൂഷ അവസാനിച്ചു. നവശിഷ്യന്മാരൊഴികെ എല്ലാവരും താഴെ പള്ളിയിൽ പോയിരുന്നു.

**സ്നേഹപ്രവാഹം**

വളരെക്കാലം വേർപെട്ടിരുന്നശേഷം ഒരു അപ്പനും തന്റെ വാത്സല്യമക്കളുംകൂടി ആദ്യമായി കണ്ടുമുട്ടുമ്പോഴത്തെ സ്പൃഹണീയ മായ ആ രംഗം ഒന്നു കാണുക. അതേ പ്രകാരമുള്ള ഒരു രംഗം തന്നെയാണ് ശുശ്രൂഷാനന്തരം പള്ളിയുടെ നാടകശാലയിൽ കാണപ്പെട്ടത്. മക്കളെ കണ്ടു സന്തോഷിപ്പാനായി നാടകശാലയിലേക്ക് ധൃതിപ്പെട്ട് ചെന്ന ആബൂനായുടെ ചുറ്റും സ്നേഹവും, മോദവും വിലസുന്ന വദനങ്ങളോടുകൂടി ഓടി അടുത്ത് പലതര ചോദ്യങ്ങൾ ചെയ്യുന്ന ഇടവകക്കാരായ സ്ത്രീപുരുഷന്മാരും അതിനെല്ലാം മധുരമായി മറുപടി നല്കുകയും, പല വിശേഷകാര്യങ്ങൾ വർണ്ണിച്ച് കേൾപ്പിക്കയും ചെയ്യുന്ന ആബൂനായും ഒരുമിച്ചുള്ള ഈ

സമ്മേളനത്തിൽ പരിശുദ്ധമായ സ്നേഹത്തിന്റെ പ്രവാഹം ദൃശ്യമായിരുന്നു. ഒരു മണിക്കൂർ നീണ്ടുനിന്ന ഈ കൂടിക്കാഴ്ചയ്ക്കു ശേഷം, ആബൂനാ ഇക്കോച്ചന്റെ വീട്ടിലേക്ക് ക്ഷണപ്രകാരം പോയി. റീശ് പ്രാർത്ഥനയോഗത്തിനു പോയി. ആബൂനായും റീശും കൂടി വൈകിട്ട് ആശ്രമത്തിലെത്തി.

**നീരുറവ**

ഉച്ചയ്ക്കുശേഷം വാട്ടർഫോളിനു താഴെയുള്ള ഒരു ഊറ്റുകുഴി ആശ്രമസ്ഥന്മാരിൽ രണ്ടുപേർ കൂടി ചുറ്റുപാടും തെളിച്ച് എല്ലാം വളരെ വൃത്തിയാക്കിയെടുത്തു. സ്ഫടികസമാനമായ വെള്ളം ധാരാളം ഉള്ള ഒരു ചെറിയ നീരുറവയായി അതിനെ ഈ വിധം ആക്കിത്തീർത്തു. ഇപ്പോൾ കുടിക്കാനും കുളിക്കാനും ഈ വെള്ളം കൂടി ഉപയോഗിച്ചു തുടങ്ങിയതിനാൽ താഴെ പോകേണ്ട വലിയ ആവശ്യം ഇല്ല.

**18. ശനി**

പുതിയ രീതി - പകൽ സമയത്തെ വെയിലിന്റെ കാഠിന്യം നിമിത്തം 10 മണിക്കുശേഷം പുറത്തു വേല ചെയ്യുന്നതിന് പ്രയാസകരമായിരിക്കുന്നതിനാൽ അതിനു നിവാരണമാർഗ്ഗമായി ശനിയാഴ്ച രാവിലത്തെ ടൈംടേബിൾ താഴെ വരുന്ന പ്രകാരം ഭേദപ്പെടുത്തി.

| | | |
|---|---|---|
| 4.30 | - | എഴുന്നേല്ക്കുക |
| 5.15 | - | ധ്യാനം |
| 6.00 | - | നമസ്കാരം |
| 6.30 | - | വി.കുർബാന |
| 7.30 | - | വേല |
| 8.00 | - | കഞ്ഞി |
| 8.30 | - | വേല |
| 10.00 - 10.30 | - | വിശ്രമം |

പിന്നീട് സാധാരണ ടൈംടേബിൾ

**19. കൊത്തിനെ ഞായർ: ചാപ്പലിൽ വി.കുർബാന ഇല്ല**

ഫാദർ ഏബ്രഹാം ഇടവകപ്പള്ളിയിൽ വി.കുർബാന അണയ്ക്കയും പ്രസംഗിക്കയും ചെയ്തു. നവശിഷ്യരും, പുന്നൂസ്

www.malankaralibrary.com

സാധുവും ഒഴിച്ചുള്ളവരെല്ലാം ഇടവകപ്പള്ളിയിൽ പോയി. റീശ് വടശ്ശേരിക്കര പ്രാർത്ഥനായോഗത്തിനും (കരിമ്പനാംകുഴിയിൽവച്ച്) ജോൺ ശെമ്മാശൻ പെരുന്നാട് പ്രാർത്ഥനായോഗത്തിനും പോയി. റീശ് രാത്രി പത്തുമണിയോടുകൂടെ തിരിച്ചെത്തിയുള്ളു. വർഗീസ് സാധു റീശിന്റെ കൂടെയും, കൊച്ചാണ്ടി സാധു ശെമ്മാശന്റെ കൂടെയും പോയിരുന്നു.

വലിയ നോമ്പ് ഇന്ന് ആരംഭിക്കയാൽ ഇന്ന് വലിയ പേത്തുർത്താ ആണെങ്കിലും ആശ്രമത്തിൽ ചെറിയ പേർത്തുത്തായെ ആഘോഷിച്ചുള്ളു. നോമ്പിലെ സാധാരണ നമസ്കാരങ്ങളും വ്രതങ്ങളുമെല്ലാം ആരംഭിച്ചിരിക്കുന്നു. റീശിനെ പ്രതീക്ഷിച്ച് സൂത്താറാ പ്രത്യേകം 9 മണിക്കായിരുന്നു. എങ്കിലും സമയത്തെത്താത്തതിനാൽ റീശിനെ കൂടാതെ നടത്തി.

20. തിങ്കൾ: നോമ്പാകയാൽ ശനി, ഞായർ ദിവസങ്ങളിൽ മാത്രമേ വി.കുർബാന ഉള്ളു. പ്രത്യേക വ്രതങ്ങൾ - ഉച്ചവരെ ആശ്രമസ്ഥർ എല്ലാവർക്കും മൗനവും ഉപവാസവുമാണ്. കീവർച്ചൻ സൂപ്പുകുടിച്ച് പത്ഥ്യത്തിൽ ഇരിക്കുന്നതിനാലും, കുശിനി ചുമതലയുള്ളതിനാലും ഈ വ്രതങ്ങളിൽ നിന്ന് ഒഴിവാക്കിയിരിക്കയാണ്. മത്തായി സാധുവിനും, കോശി സാധുവിനും പൊതു ചുമതലയുള്ളതിനാൽ മൗനമില്ല.

ഭക്ഷണം: ഉച്ചയ്ക്ക് കഞ്ഞി, നാലുമണിക്ക് ലഘുഭക്ഷണം, വൈകിട്ട് ചോറ് ഇങ്ങനെ ക്രമപ്പെടുത്തിയിരിക്കുന്നു.

ഈ നോമ്പുകാലത്തെ പൊതു ടൈംടേബിൾ

5.00 - എഴുന്നേല്ക്കുക
5.45 - ധ്യാനം
6.45 - നമസ്കാരം
7.30 - വേല (പശുവിനെ കറക്കുന്നവർക്ക് ധ്യാനം 7.15 വരെ)
8.15 - സ്വന്തസമയം (ഉപവാസമില്ലാത്തവർക്ക് ഭക്ഷണം)
9.15 - ദൈവദർശനം, മദ്ധ്യസ്ഥത
9.45 - ഭക്തിവായന, ധ്യാനയൊരുക്കം
10.30 - വിശ്രമം
11.00 - ക്ലാസ്

11.30 – ക്ലാസിന്റെ നോട്ടെഴുത്ത്, വി.കുർബാനാനുഭവത്തി നൊരുക്കം, ജീവിതശോധന
11.45 – നമസ്കാരം
12.15 വി.കുർബാനാനുഭവം, ജീവിതശോധനയും ആത്മീയ കുർബാനാനുഭവവും
12.30 – ഭക്ഷണം
1.00 – സമ്മേളനം
1.30 – സുറിയാനി ക്ലാസ്
2.00 – വിശ്രമം
2.45 – നമസ്കാരം
3.00 – വേല
4.30 – ലഘുഭക്ഷണം
4.45 – കളി
5.30 – കുളി മുതലായവ
6.15 – നമസ്കാരം, ജീവിതശോധന
7.15 – ഭക്ഷണം
8.15 – ക്ലാസ്
8.45 – പഠനം മുതലായവ
9.15 – സൂത്താറ, അന്ത്യകൃത്യങ്ങൾ
9.30 – ഉറക്കം

**ശാന്തിദിനം**

ഇന്നു നോമ്പാരംഭിക്കയാൽ എല്ലാവർക്കും ശാന്തി ദിനമാണ്. ചുമതല സംബന്ധിച്ച് മത്തായി സാധുവിനും കീവച്ചനും വിടുതലുണ്ട്.

11.30 വരെയുള്ള സമയത്ത് സാധാരണ കൃത്യങ്ങൾ കൂടാതെ ബ.റീശിന്റെ രണ്ടു പ്രസംഗങ്ങൾ (ഈ നോമ്പുകൊണ്ട് സാധിക്കേണ്ടത് – അനുസരണം, സ്നേഹം ഇവ നന്നായി വളർത്തുക), നോമ്പിലെ പ്രത്യേക വ്രതങ്ങൾ നിഷ്ഠകൾ ഇവയെല്ലാം ഏറ്റം ഫലകരമായി വിനിയോഗിക്കുന്നത് എങ്ങനെയെന്ന് കണ്ടുപിടിച്ചെഴുതുക. ഇവയെല്ലാം നടന്നു. 11.30–ന് ഉച്ചനമസ്കാരം. 12 മണിയോടെ തീർന്നു.

ശുബ്ക്കോനോ ശുശ്രൂഷ: ഏകദേശം പന്ത്രണ്ട് മണിക്ക് ഈ ശുശ്രൂഷയുടെ ഉദ്ദേശത്തെപ്പറ്റി ബ.റീശിന്റെ ഒരു ചെറിയ പ്രസംഗാന

ന്തരം ശുശ്രൂഷ ആരംഭിച്ചു. ഏകദേശം ഒരു മണിയോടുകൂടി അവസാനിച്ചു. ഇക്കോച്ചൻ ശുശ്രൂഷയിൽ സന്നിഹിതനായിരുന്നു.

**22. ബുധൻ – ആത്മോത്തേജകമായ ഒരു മണ്ഡലം**

ഉച്ചവരെ എല്ലാവർക്കും മൗനമാകയാൽ പരിശുദ്ധമായ പ്രശാന്തത സർവത്ര വ്യാപിച്ചിരിക്കുന്നു. ഇതോടുകൂടെയുള്ള ഉപവാസവും, ആത്മദണ്ഡനങ്ങളും, പ്രാർത്ഥനകളും എല്ലാം ഒരുമിച്ച് ചേർന്ന് ആത്മാവിനെ ദൈവത്തിങ്കലേക്ക് താനെ ഉയർത്തുന്ന ഒരു സചേതന മണ്ഡലം ആണ് ആശ്രമത്തിൽ ലഭിച്ചിരിക്കുന്നത്.

**24 വെള്ളി**

ഒരു അക്രൈസ്തവന്റെ വിശ്വാസം. മലയാലപ്പുഴക്കാരൻ ഒരു ഈഴവൻ (വാഴേപ്പറമ്പിൽ മാധവൻ) ഒരു കുട്ടിയെ കൊണ്ടുവന്ന് ചാപ്പലിൽ നേർച്ച ഇടുവിച്ചിട്ടു പോയി. 7.3.30 ൽ ചെറിയാൻ സാധു ആശ്രമത്തിൽ നിന്നു പിരിഞ്ഞുപോയി. വന്ദ്യ പിതാവ് തിരുമൂലപുരത്തു വച്ച് കാവിവസ്ത്രം മാറ്റി വെള്ള ധരിപ്പിച്ചു. ഉടനെ അദ്ദേഹം സ്ഥലം വിടുകയും ചെയ്തു.

**25 ശനി**

കഴിഞ്ഞ ശനിയാഴ്ചത്തെപ്പോലെയുള്ള ടൈംടേബിളാകയാൽ വേലക്കു മുൻകൂട്ടി ഇറങ്ങുവാൻ സാധിച്ചു. വേല 11 മണിയോടെ അവസാനിപ്പിച്ചു.

വടശ്ശേരിക്കരക്കാരായ അഞ്ചുപേർ കുമ്പസാരിക്കുന്നതിനായി വൈകിട്ട് ആശ്രമത്തിലെത്തി താമസിക്കുന്നു.

**26 ഞായർ**

ഇടവകപ്പള്ളിയിൽ റീശ് വി.കുർബാന അണച്ചു. നോവിസസും പുന്നൂസ് സാധുവും ഒഴികെയുള്ളവർ കുർബാനയ്ക്കു പോയി. ജോൺ ശെമ്മാശൻ പ്രസംഗിച്ചു. വി.കുർബാന കഴിഞ്ഞ് വടശ്ശേരിക്കരെ നിന്നുള്ള രണ്ട് കുട്ടികളെ മാമോദീസാ മുക്കി.

**അതിഥികൾ**

കല്ലൂപ്പാറക്കാരായ കുറെ പുരുഷന്മാരും സ്ത്രീകളും ഇടവകപ്പള്ളിയിൽ വി.കുർബാനയിൽ സംബന്ധിച്ചശേഷം ആശ്രമം

സന്ദർശിക്കാനെത്തി. ഏഴെട്ടു പേരുണ്ടായിരുന്നെങ്കിലും എല്ലാവർക്കും ഭക്ഷണം കൊടുത്തു.

**27 തിങ്കൾ**

ഉച്ചവരെ മൗനവും ഉപവാസവും, താഴെ പോയവർക്ക് വിശ്രമമുണ്ട്. വിശേഷാൽ മദ്ധ്യസ്ഥത ഉണ്ട്. എട്ടുമണിയോടുകൂടി ഗുരു തിരുവല്ലായിൽ നിന്നും തിരിച്ചെത്തി. കാട്ടൂർനിന്ന് പാപ്പിയുടെ അനുജൻ തോമ്മാച്ചനും ഒന്നിച്ചാണ് എത്തിയത്.

**ഒരു പുതിയ നടപ്പ്**

നോമ്പിലെ ദിവസങ്ങളിൽ വി.കുർബാന അനുഭവിക്കണമെന്നാഗ്രഹിക്കുന്നവർ ചാപ്പലിലെ മേശയിൽ പുതുതായി സൂക്ഷിക്കപ്പെട്ടിരിക്കുന്ന ബുക്കിൽ ഉച്ചനമസ്കാരത്തിനു മുമ്പ് അവരവരുടെ പേരുകൾ എഴുതി ഇടണമെന്ന് ഏർപ്പെടുത്തി.

**28 ചൊവ്വ**

പിടിയരി പിരിവ്: ജോസഫ് സാധു കുരങ്ങാലി, ചിറ്റാർ എന്നിവിടങ്ങളിലും, വർഗീസ് സാധു വടശ്ശേരിക്കരയും പിടിയരി പിരിവിനു പോയി. രാത്രി എട്ടുമണിയോടുകൂടിയേ തിരിച്ചെത്തിയുള്ളു. ജോസഫ് സാധു പോയ ചില വീടുകളിൽ ബഥനിക്കാർ റോമായിൽ പോകുന്നു എന്നു പറഞ്ഞ് പിടിയരി തരുന്നതിന് വൈമുഖ്യം പ്രകടിപ്പിക്കുകയുണ്ടായി.

**29 ബുധൻ**

ഗുരു പോയതിൽ പിന്നെ ഇതുവരെയും വൈകിട്ടത്തെ പൊതു ക്ലാസ് ബ.റീശാണ് എടുത്തിരിക്കുന്നത്.

- പുന്നൂസ് സാധുവും, കോശി സാധുവും സ്ഥലം അളവിന് പോയി.

- കൊച്ചാണ്ടി സാധു നാറാണംമൂഴിക്ക് പിടിയരി പിരിവിനു പോയി.

- വൈകിട്ടത്തെ പൊതുക്ലാസ് ഗുരുതന്നെ എടുത്തു തുടങ്ങി.

- ഈസ്റ്ററിനപ്പുറം ആശ്രമസ്ഥന്മാർക്ക് ആവശ്യമുള്ള വസ്ത്രങ്ങളുടെ ലിസ്റ്റ് ഇന്ന് എല്ലാവരിൽ നിന്നും വാങ്ങി.

**105 മീനം – 14.03.1930**

1. വെള്ളി – ഇന്ന് ബ.റീശിന് ശാന്തിദിനമാണ്.

2. ശനി – ഫാദർ യോശുവാ വി.കുർബാന അണച്ചു.

**വേല**

അരമന, വടക്കേ കെട്ടിടം, ഭക്ഷണശാല ഇവയെല്ലാം തളിച്ചു. റീശും, അബ്രഹാം സാധുവും കൂടി തെങ്ങിന്റെ വേല ചെയ്യുവാൻ പോയി. 11.45–ന് വേല തീർന്നു.

**രാഷ്ട്രീയകാര്യങ്ങളിലും ശ്രദ്ധ പതിയുന്നു**

മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ നടക്കുന്ന സിവിൽ ആജ്ഞാലംഘനസമരത്തിന്റെ വിവരങ്ങൾ മനോരമയിൽനിന്ന് ഇന്ന് ആശ്രമസ്ഥന്മാർക്ക് വായിച്ചറിയു വാൻ ലഭിച്ചു. മഹാത്മജിയുടെ മഹത്തായ ആദർശങ്ങളോടുള്ള ബഹുമാനം നിമിത്തം ഈ വലിയ സംഭവം ഒരു ആകർഷണം ജനിപ്പിക്കാതിരുന്നില്ല.

**3. ഞായർ**

ചാപ്പലിൽ ഫാ. അബ്രഹാം കുർബ്ബാനയണച്ചു. ഇടവകപ്പള്ളിയിൽ ഫാ. യോശുവാ വി.കുർബാന ചൊല്ലുകയും, പ്രസംഗിക്കയും ചെയ്തു. വി.കുർബാന കഴിഞ്ഞ് താമസിയതെതന്നെ ഫാ. അബ്രഹാം ഇടവകപ്പള്ളിയിൽ എത്തി വി.കുമ്പസാരം നടത്തിക്കൊണ്ടിരുന്നു. ബ.റീശ് പെരുന്നാട്ടിലെയും, ജോൺ ശെമ്മാശൻ കൊച്ചാണ്ടി സാധുവിനോടൊന്നിച്ച് നാറാണംമൂഴിയിലെയും പ്രാർത്ഥനാ യോഗത്തിൽ പോയി. വൈകിട്ട് എല്ലാരും തിരിച്ചെത്തി. പ്രാർത്ഥനാ യോഗത്തിന് വരാത്തവരെ ഉത്സാഹിപ്പിച്ച് കൊണ്ടുവരുന്നതിനായി ജോൺ ശെമ്മാശൻ ചിലരെ വീടുകളിൽ പോയി കണ്ടു. അതിനു പോയതിനാൽ ഏഴുമണിയോടുകൂടിയേ തിരിച്ചെത്തിയുള്ളു.

**ഇടവകമീറ്റിംഗ്**

പതിവനുസരിച്ചുള്ള ഇടവകയോഗം വി.കുർബാന കഴിഞ്ഞയുടൻ ആരംഭിച്ചു. ഇടവക വികാരിതന്നെ അദ്ധ്യക്ഷൻ. ഇന്ന് മീറ്റിംഗിൽ സ്ത്രീകൾ സംബന്ധിക്കണമെന്നില്ലെന്ന് വികാരി അച്ചൻ അറിയിച്ചതിനാൽ സ്ത്രീകൾ ഇല്ല. താഴെപ്പറയുന്ന നിശ്ചയങ്ങൾ പാസ്സാക്കിയത് മീറ്റിംഗിൽ ഒരു പ്രധാന കാര്യമായിരുന്നു.

www.malankaralibrary.com

**നിശ്ചയങ്ങൾ**

ചുരുക്കത്തിൽ (1) യോഗത്തിൽ ഹാജരുള്ളവർ, പള്ളിയിൽ വന്നിട്ട് മീറ്റിംഗിൽ സംബന്ധിക്കാതെ പോകുന്നവരെയും പ്രാർത്ഥനായോഗത്തിൽ വരാതിരിക്കുന്നവെരയും, അവരവരുടെ വീടുകളിൽ ചെന്ന് അവരുടെ കുറ്റം നന്നായി ബോധ്യപ്പെടുത്തുകയും അവരെ ഇന്ന് പ്രാർത്ഥനായോഗത്തിൽ വിളിച്ചുകൊണ്ടു വരികയും ചെയ്യണം. മേലാൽ ഇടവകയോഗത്തിൽ സംബന്ധിക്കാതെ പോകുന്നവർ രണ്ട് ചക്രത്തിൽ കുറയാതെ പ്രായശ്ചിത്തം ചെയ്യണം. (2) ഏതെങ്കിലും പ്രാവശ്യത്തെ ആദ്യവിളവ് ഇതുവരെയും കൊടുക്കാതെയുള്ളവർ അതാതു കാലത്തെ ആദ്യഫലശേഖരത്തിൽ ഏറ്റവം കൂടുതൽ വന്ന ആദ്യഫലത്തിന്റെ പണം ഏല്പിക്കണം. (3) ഇതുവരെയുള്ള കുടിശികക്കാരുടെ പേരും കുടിശികസംഖ്യയും അടുത്തുതന്നെ പള്ളിയിൽ എഴുതി പതിക്കുന്നതായിരിക്കും.

**കൗൺസിൽ**

11 മണിക്ക് ദയറാ കൗൺസിൽ കൂടി. മുൻ കൗൺസിലിലെ തീരുമാനമനുസരിച്ച് ഓരോരുത്തരും മുൻകൂട്ടി ആലോചിച്ച് വച്ചിരുന്ന നിർദ്ദേശങ്ങളുടെ റിപ്പോർട്ട് വായിച്ചു. കണക്കു സംബന്ധിച്ച് കോശി സാധുവിനെ സഹായിക്കേണ്ടത് ആവശ്യമാണെന്ന് ഗുരു നിർദ്ദേശിച്ചു. എന്നാൽ ഇതു സംബന്ധിച്ച് ഒരു തീരുമാനത്തി ലെത്തുവാൻ സാധിച്ചില്ല. ഇപ്പോഴുള്ള വിജ്ഞാപനത്തിൽ കൃത്യമായി പാലിക്കേണ്ട കാര്യങ്ങൾ തെരഞ്ഞെടുത്ത് വേറൊരു ബുക്കിൽ വൃത്തിയായി എഴുതി സൂക്ഷിക്കണമെന്ന് നിശ്ചയം ചെയ്തു. ഇനിയും ഒരു കല്പന ഉണ്ടാകുന്നതുവരെ അധ്യക്ഷൻ കല്പിക്കുന്ന അവസരങ്ങളിൽ പഴയ വിജ്ഞാപനങ്ങൾ വായിച്ചാൽ മതിയെന്ന് ബ.റീശ് പ്രസ്താവിച്ചു.

വേദപഠനത്തിൽ കുറെ സമയം എടുത്ത് എല്ലാവരും ജീവിതശോധന നടത്തണമെന്നും താഴെ പള്ളിയിൽ പോകുന്നവർ അരമണിക്കൂർ തൗനായിൽ വച്ച് ധ്യാനം നടത്തിയിട്ട് പോയാൽ മതിയെന്നും റീശ് കല്പിച്ചു. അതിനുവേണ്ടി ഉണരാനുള്ള മണി നാലരക്ക് അടിക്കുന്നതായിരിക്കും.

**12. ഞായർ**

ഫാ.യോശുവാ ചാപ്പലിൽ വി.കുർബാന അണച്ചു. ഇടവക പ്പള്ളിയിൽ സാധാരണ പോകുന്നവരെല്ലാം പോയി. ഫാ. അബ്രഹാം

കുർബാന ചൊല്ലുകയും ശെമ്മാശൻ പ്രസംഗിക്കുകയും ചെയ്തു. കുമ്പസാരിക്കാൻ കൂടുതൽ ആളുകൾ ഉണ്ടായിരുന്നതിനാൽ വി.കുർബാന കഴിഞ്ഞും അത് നടത്തേണ്ടതായി വന്നു.

വി.കുർബാന കഴിഞ്ഞ് റീശ് വടശ്ശേരിക്കരയിലെ ചില വീടുകൾ സന്ദർശിക്കയും, ശെമ്മാശൻ പെരുനാട്ടിലെ പ്രാർത്ഥനായോഗത്തിൽ സംബന്ധിക്കുകയും ചെയ്തു. കൊച്ചാണ്ടി സാധു ശെമ്മാശന്റെകൂടെ പോയി. റീശ് തനിച്ചാണ് പോയത്. അദ്ദേഹം ഇന്ന് തിരിച്ചെത്തിയില്ല.

**അതിഥികൾ**

കണ്ടംകുളംതോട്ടത്തിലെ റ്റീമേക്കർ മി.എ.റ്റി.തോമസും (പാലാ) ആഫീസ് റൈട്ടർ മി.ദേവസ്യായും (became catholic) വറുഗീസ് റൈട്ടറോടൊന്നിച്ച് ആശ്രമത്തിൽ വന്നു. എല്ലാം കണ്ടശേഷം തിരിച്ചുപോയി. കൂടാതെ മെഴുവേലിയിൽനിന്ന് രണ്ടുപേരും റാന്നിയിൽ നിന്ന് ഏഴുപേരും, കൊട്ടാരക്കര നിന്ന് ഒരു സ്ത്രീ ഉൾപ്പെടെ പത്ത് പേരും സന്ദർശനത്തിനായി ആശ്രമത്തിൽ വന്നു. ഇടവകപ്പള്ളിയിൽ വി.കുർബാനക്കു സംബന്ധിച്ച ശേഷമാണ് ഇവരെല്ലാവരും വന്നത്. എല്ലാവർക്കും ലഘുഭക്ഷണം കൊടുത്തു.

**11 തിങ്കൾ**

ബ.റീശ് നാലര മണിയോടുകൂടി തിരിച്ചെത്തി. ഭവനസന്ദർശനം നടത്താനായിട്ടാണ് ഈ സമയം വിനിയോഗിച്ചത്.

**12 ചൊവ്വാ**

ബ.റീശ് രാവിലെതന്നെ ഇടവകക്കാരെ കുമ്പസാരിപ്പിക്കുന്നതിനായി താഴെപ്പള്ളിയിൽ പോയി. 11.30-ന് നൈനാൻ സാധു ഭക്ഷണവും കൊണ്ടുപോയി. 4.30ന് സാധു തിരിച്ചെത്തി. സാധിക്കുന്നവരെല്ലാം സന്ധ്യാനമസ്കാരത്തിന് താഴെ ചെന്നാൽ കൊള്ളാമെന്നുള്ള റീശിന്റെ കല്പന അറിയിച്ചു. ചില സാധനങ്ങൾ എടുത്തുകൊണ്ട് അദ്ദേഹം തിരിച്ചുപോയി. ജോൺ ശെമ്മാശൻ, ജോസഫ് സാധു, വറുഗീസ് സാധു എന്നിവർ 5.30ന് താഴെ പോയി. സന്ധ്യാനമസ്കാരവും പതിവനുസരിച്ചുള്ള ഗോഗുൽത്താ സ്ഥാപന ശുശ്രൂഷയും കഴിഞ്ഞ് ഇവർ മൂന്നുപേരും തിരിച്ചുപോന്നു. റീശും, നൈനാൻ സാധുവും അവിടെത്തന്നെ താമസിക്കുന്നു. വട്ടശ്ശേരിക്കരെ നിന്ന് കുമ്പസാരിക്കാനായി വന്ന വേറെ ചിലരും ഉണ്ട്. അതിലൊരാൾ വശം റീശിനും മറ്റും ആശ്രമത്തിൽനിന്നും ഭക്ഷണം കൊടുത്തയച്ചു.

**13. ബുധൻ**

പകുതിനോമ്പ്. ചാപ്പലിൽ ഫാദർ യോശുവാ വി.കുർബാന അണച്ചു. ജോർജൊഴിച്ച് ബാക്കിയുള്ള പതിവുള്ളവരെല്ലാം താഴെപ്പള്ളിയിലാണ് പോയത്. ഫാദർ ഏബ്രഹാം വി.കുർബാന അണയ്ക്കുകയും, സ്ലീബാ ആഘോഷം നടത്തുകയും ചെയ്തു. 10.30-ന് എല്ലാം അവസാനിക്കുകയും 11 - മണിയോടുകൂടി എല്ലാവരും തിരിച്ചു പോരുകയും ചെയ്തു. താഴെപ്പോയവരും ഭക്ഷണം മുതൽ ക്രമമായ ടൈംടേബിൾ അനുസരിച്ചു പോകുന്നു. 3 മണി മുതൽ മുക്കാൽ മണിക്കൂർ ധ്യാനയൊരുക്കത്തിനും, വേദപഠനത്തിനും എടുത്തുവെന്ന ഭേദം മാത്രമേയുള്ളു. വടശ്ശേരിക്കരെ നിന്നും ഇടവകക്കാർ മൂന്നുപേർ കുമ്പസാരിക്കാൻ വന്നിരുന്നു. ഇന്ന് തിരിച്ചുപോയി. നാല് ശീമപ്ലാവിൻ തൈ കൊണ്ടുവന്നു നട്ടു.

**14. വ്യാഴം**

**ആബൂനായുടെ ആഗമനം:** ആബൂനാ രാവിലെ വടശ്ശേരിക്കര എത്തുകയും ആബൂനാകൂടി ചേർന്ന് ജോൺ തോമസിന്റെ പണമിടപാട് തീർക്കുന്നതിനായി ഫാദർ യോശുവായ്ക്ക് വടശ്ശേരിക്കര നിന്നും ആളയച്ചതനുസരിച്ച് അദ്ദേഹം അങ്ങോട്ടു പോയി. പണമിടപാട് ഇന്ന് തീർത്തില്ലെങ്കിലും, കുഴപ്പം കൂടാതെ ഉടനെ തീരത്തക്കതുപോലെ വേണ്ട വിധത്തിൽ ആലോചിച്ച് തീർച്ചപ്പെടുത്തിയിട്ടാണ് ആബൂനായും ഗുരുവും പോന്നത്. നാലു മണിയോടുകൂടി ഗുരുവും നാലരയോടുകൂടി ആബൂനായും ആശ്രമത്തിലെത്തി.

**15 വെള്ളി**

ശാന്തിദിനം. ജോസഫ് സാധു, വറുഗീസ് സാധു എന്നിവ രൊഴികെ ബാക്കിയുള്ളവർക്ക് ഇന്ന് ശാന്തിദിനമാണ്.

**ആബൂനായുടെ രോഗം**

സിംഗപ്പൂരിൽവച്ച് പിടിപെട്ട തലയുടെ ഭാരവും, ചെവിയുടെ കേൾവിക്കുറവും ഇവിടെ എത്തിയപ്പോഴും വിട്ടുമാറിയില്ല. പുറത്തെല്ലാം ഒന്ന് യാത്ര ചെയ്തപ്പോൾ അസ്വാസ്ഥ്യം വർദ്ധിച്ചു. അതിനാൽ നാലഞ്ചുമാസം ഇവിടെ താമസിച്ച് നാട്ടുചികിത്സ ചെയ്യുവാനുദ്ദേശി ച്ചാണ് ഇപ്പോൾ വന്നിരിക്കുന്നത്. വെണ്ണിക്കുളത്ത് വരിക്കണ്ണാവിൽ വൈദ്യന്റെ ചികിത്സയാണ് സ്വീകരിച്ചിരിക്കുന്നത്. അവിടെനിന്ന് കുറേ മരുന്നുകൾ കൊണ്ടുവന്നിട്ടുണ്ട്. കഷായവും മറ്റും ഇവിടെ ഉണ്ടാക്കു

വാൻ ആരംഭിച്ചിരിക്കുന്നു. ക്രമമായ മരുന്നുസേവ അടുത്ത ഞായറാഴ്ച ശേഷമെ തുടങ്ങുന്നുള്ളു. അതുവരെ വിശ്രമിക്കുകയാണ്.

**16 ശനി**

ഫാ.യോശുവാ വി.കുർബാന അണച്ചു. പുതിയ വേഷം. ബർസ്ലീബാച്ചൻ ഉപയോഗിച്ചിരുന്ന പഴയ കാപ്പക്കൂട്ട് ആബൂനായോടു കൂടി ഇവിടെ എത്തിയതിനാൽ അതിട്ടാണ് ചൊല്ലിയത്. ഗുരുവിനെ ഈ വേഷത്തിൽ ആദ്യമായിട്ടാണ് കാണുന്നത്.

**വേല**

ചിലർ ഭക്ഷണശാലയുടെ തെക്കുവശത്ത് പൂട്ടുന്നു. ചിലർ വടക്കേ കെട്ടിടത്തിന്റെ മേൽവശത്ത് കപ്പ ഇടുന്നു. ചിലർ ചെല്ലി നോക്കുന്നു.

**കരംപിരിവ്**

റാന്നി പ്രവൃത്തി കച്ചേരിയിൽ നിന്ന് 12 മണിക്ക് ഒരു ശിപായി കരം പിരിക്കാൻ വന്നു. പണം ഇല്ലാതിരുന്നതിനാൽ കൊടുത്തില്ല. അദ്ദേഹം ഉടനെ പോകുകയും ചെയ്തു.

വടശ്ശേരിക്കര നിന്നും മൂന്ന് ഇടവകക്കാർ കുമ്പസാരിക്കാനായി ഇവിടെ വൈകിട്ട് വന്നു താമസിക്കുന്നു. നാറാണം മൂഴിയിൽ നിന്ന് ഒരാൾ ഉച്ചയ്ക്ക് വന്നു കുമ്പസാരം നടത്തിപോയി.

**ദയറാ കൗൺസിൽ**

11 മണിക്ക് ദയറാ കൗൺസിൽ കൂടുകയും കഷ്ടാനുഭവ വാഴ്ചയ്ക്കുമുമ്പ് നടത്തേണ്ട കാര്യങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുകയും ചെയ്തു.

**17 ഞായർ**

ഫാ. യോശുവാ ചാപ്പലിൽ വി.കുർബാനയണച്ചു: പതിവുള്ളവരെ കൂടാതെ, ആബൂനായും ഇടവകപ്പള്ളിയിൽ പോയി; വി.കുർബാന ചൊല്ലുകയും, പ്രസംഗിക്കുകയും ചെയ്തു. കുർബാനാനന്തരം, ആബൂനാ ഇക്കോച്ചൻ വസതിയിലേക്കും ജോൺ ശെമ്മാശൻ പെരുനാട് പ്രാർത്ഥനായോഗത്തിനും പോയി.

**ബ.റീശിന്റെ തിരുവല്ലാ യാത്ര**

വി.കുർബാന കഴിഞ്ഞ് ബ.പിതാവിനെ കാണുന്നതിനായി റീശ് തിരുവല്ലായ്ക്ക് യാത്ര പുറപ്പെട്ടു. വടശ്ശേരിക്കര താമസിച്ചിട്ടേ

പോകയുള്ളു. ഫോറസ്റ്റർ തോമ്മാച്ചനിൽനിന്നും കണ്ണിന്റെ സുഖക്കേടിന് മരുന്നു വാങ്ങിക്കുന്നതിനായി റീശിന്റെ ചില ആവശ്യങ്ങൾക്കായും കൊച്ചുതോമ്മാ വടശ്ശേരിക്കരക്കുപോയി.

**18. തിങ്കൾ**

ആബൂനാ ക്രമമനുസരിച്ച് ഔഷധം സേവിക്കാനാരംഭിച്ചു. അദ്ദേഹത്തിനുവേണ്ട ശുശ്രൂഷകൾ ചെയ്യുന്നതിനു മാത്രമായി മർക്കോസിനെ ഏർപ്പെടുത്തിയിരിക്കയാണ്. കീവച്ചൻ സുഖമില്ലാത്തതിനാൽ സ്റ്റോറിന്റെ ചുമതല വറുഗീസ് സാധു വഹിക്കുന്നു.

അനാഥശാലയുടെ താഴ്വശത്ത് പാപ്പി വാങ്ങിക്കൊണ്ടുവന്ന കുറെയധികം കൊല്ലത്തൈ നാലുമണിക്ക് നട്ടു.

**19 ചൊവ്വാ**

കിണറ്റിൽ ധാരാളം വെള്ളം ഉണ്ടായതിനാൽ വാട്ടർ ഫോളിൽനിന്ന് വെള്ളം കൊണ്ടുവരേണ്ടി വന്നില്ല.

**22 വെള്ളി**

ജോൺ ശെമ്മാശനും ജോസഫ് സാധുവിനും ശാന്തിദിനം.

**23 ശനി**

ഫാ. യോശുവാ വി.കുർബാന അണച്ചു. ആബൂനാ സന്നിഹിതനാകുകയും അടുത്ത മൂന്നു ദിവസത്തെ വി.കുർബാനയുടെ ഉദ്ദേശ്യം, സഭയിൽ സമാധാനവും ഈ പരീക്ഷാഘട്ടത്തിൽ സമൂഹത്തിന് ദൈവനടത്തിപ്പും ഉണ്ടാകാനായി കാഴ്ചവെയ്ക്കണമെന്ന് വി.കുർബാനയ്ക്കുമുമ്പ് ആശ്രമസ്ഥന്മാരെ അറിയിച്ചു.

**വേല**

ചിലർ ആശ്രമവും, മറ്റു കെട്ടിടങ്ങളിൽ ആവശ്യമുള്ള ചില ഭാഗങ്ങളും തളിച്ചു. മറ്റുള്ളവർ ശുശ്രൂഷക്കുപ്പായങ്ങളും മറ്റും അലക്കി. മെഴുവേലിക്കാരൻ വൃദ്ധൻ വി.കുർബാന കഴിഞ്ഞ് ആശ്രമത്തിൽ നിന്നുപോയി.

ഇടവകക്കാരിൽ ഒരാൾ (പുന്നത്തുണ്ടിൽ ദത്തോസ്): ഉച്ചയ്ക്ക് ആശ്രമത്തിൽ എത്തി ആബൂനായുടെ പക്കൽ കുമ്പസാരിച്ചിട്ട് പോയി.

ബ.റീശ് പത്തുമണിയോടുകൂടി തിരിച്ചെത്തി. ബ.പിതാവ്, പുലിക്കോട്ടിൽ റമ്പാച്ചൻ, ചേപ്പാട്ട് റമ്പാച്ചൻ എന്നിവരോടൊപ്പം നീലാർമഠത്തിൽ ഹാശാ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന വിവരം റീശിൽനിന്ന് മനസ്സിലാക്കി. സിസ്റ്റേഴ്സും അവിടെത്തന്നെ.

**വടക്കുനിന്നും ഒരതിഥി**

കുന്നംകുളത്തുകാരൻ വാറു ഈ രാത്രി ഇവിടെയെത്തി. ആശ്രമം കാണുവാനും കുന്നംകുളത്തിനു പോകുന്ന ആശ്രമസ്ഥരെ കൊണ്ടുപോകുന്നതിനും കൂടിയാണ് വന്നത്.

**24 ഞായർ**

റീശ് ചാപ്പലിൽ വി.കുർബാന അണച്ചു. വി.കുർബാന ധ്യാനത്തിനു മുമ്പായിരുന്നു.

ഫാ.യോശുവാ ഇടവകപ്പള്ളിയിൽ വി.കുർബാന അർപ്പിച്ചു. ചാപ്പലിലെ വി.കുർബാനാനന്തരം റീശ് താഴെപ്പള്ളിയിൽ കുമ്പസാരിപ്പിച്ചു. ജോൺ ശെമ്മാശൻ പ്രസംഗിച്ചു. ശെമ്മാശൻ വി.കുർബാനയ്ക്കുശേഷം നാറാണംമൂഴിയിൽ പ്രാർത്ഥനായോഗത്തിനു പോയി. റീശ് പെരുനാട് പ്രാർത്ഥനായോഗത്തിനും പോയി.

വി.കുർബാന കഴിഞ്ഞ് ഇടവകക്കാരുടെ ഒരു യോഗം കൂടി. കഷ്ടാനുഭവാഴ്ചയിൽ കഞ്ഞികൊടുക്കുന്നതിനെ സംബന്ധിച്ചും മറ്റും ആലോചിക്കയും, ദൂരെനിന്നു വരുന്നതിൽ അത്യാവശ്യമുള്ളവർക്കു മാത്രം ആശ്രമത്തിൽനിന്ന് ചുമതലപ്പെട്ട് കഞ്ഞി കൊടുക്കണമെന്ന് നിശ്ചയിക്കയും ചെയ്തതനുസരിച്ച് അതിലേക്ക് 20 രൂപാ ഇടവകക്കാർക്ക് വരിയിടുകയും ചെയ്തു.

**അതിഥികൾ**

മാവേലിക്കര മാമ്മൂട്ടിൽ എം.എം.ശമുവേൽ (ക്രൈസ്തവസമിതി പ്രവർത്തകൻ) വടശ്ശേരിക്കര പുളിവേലിൽ മി.വറുഗീസ് എന്നിവർ രാത്രിയിൽ ആശ്രമത്തിലെത്തി. രാവിലെ തിരിച്ചുപോയി. സമിതി സംബന്ധിച്ച് അവർ സഞ്ചരിക്കയാണ്.

**25 തിങ്കൾ: സൂബോറൊ പെരുന്നാൾ**

ഫാ. യോശുവാ ചാപ്പലിലും, റീശ് ഇടവകപ്പള്ളിയിലും വി.കുർബാന അണച്ചു.

പിടിയരി പിരിവ്: കണ്ടംകുളം, കുരങ്ങാലി എന്നീ സ്ഥലങ്ങളിൽ ജോസഫ് സാധുവും, ചിറ്റാറിൽ വറുഗീസ് സാധുവും, വടശേരിക്കര ജോർജും പിടിയരി പിരിക്കാൻ പോയി.

**26 ചൊവ്വ**

ഹാശാ സന്നാഹങ്ങൾക്കായി അതിരാവിലെ തന്നെ ജോൺ ശെമ്മാശൻ ആശ്രമത്തിൽനിന്ന് യാത്രയായി. തിരുവല്ലാ ലാക്കാക്കിയാണ് പോയിരിക്കുന്നത്. കൃഷിക്കാരൻ പാപ്പി, മി.ജോൺ തോമസുമായുള്ള പണമിടപാട് തീർക്കുന്നതിനും കരം കൊടുക്കുന്നതിനുമായി പോയിരുന്നു. ഇന്ന് ഉച്ചയോടുകൂടി തിരിച്ചെത്തി. പലിശയിനത്തിൽ 40 രൂപാ കൊടുത്താണ് മിസ്റ്റർ ജോൺ തോമസ്സിന്റെ കണക്ക് തീർത്തത്.

**ഒരു കൂടിയാലോചന**

അത്താഴത്തിനുശേഷം ഫാ.അലക്സിയോസ്, ഫാ. അബ്രഹാമിനെയും ഫാ.യോശുവായെയും വിളിച്ച് നമുക്ക് ഇവിടെ നിന്നും ഉണ്ടാക്കാവുന്നിടത്തോളം ആദായം ഉണ്ടാക്കണമെന്നും പുറത്തു നിന്നു പണം കിട്ടുന്ന കാര്യം ഇപ്പോൾ വലിയ പ്രയാസ ത്തിലാണെന്നും മറ്റും പറയുകയുണ്ടായി. തല്ക്കാലം കൃഷിക്കാര്യത്തിൽ കുറേക്കൂടി ശ്രദ്ധ വയ്ക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിച്ചു.

റീശ് ഇടവകപ്പള്ളിയിൽ പോയില്ല: ഈ ആഴ്ചയിൽ വെള്ളിയാഴ്ച വരെ 9 മണി മുതൽ 3 മണിവരെ ഫാദർ അബ്രഹാം ഇടവകപ്പള്ളിയിൽ ഉണ്ടായിരിക്കുമെന്ന് കഴിഞ്ഞ ഞായറാഴ്ച പള്ളിയിൽ വിളിച്ചു പറഞ്ഞു. എന്നാൽ കാലിനു സുഖമില്ലാത്തതുകൊണ്ട് പോയില്ല.

ഇന്നും പിടിയരി പിരിവുണ്ട്: ജോസഫ് സാധുവും കൊച്ചാണ്ടി സാധുവും ഇന്ന് പിടിയരി പിരിവിനു പോയി.

**27 ബുധൻ**

ഒരു ശുഭോദർക്കമായ ഭാവി. ഒരു രാജ്യത്തിന്റെയോ സഭയുടെയോ ഭാവി അതിന്റെ പൈതങ്ങളെ ആശ്രയിച്ചിരിക്കുന്നു.

ഇന്ന് പെരുനാട്, നാറാണംമൂഴി, വടശേരിക്കര എന്നീ സ്ഥലങ്ങളിൽ നിന്ന് മുപ്പതിലധികം പൈതങ്ങൾ വി.കുമ്പസാരം നടത്താനായി വന്നു. ഫാദർ അബ്രഹാമിനു കാലിനു നല്ല സുഖമില്ലാതിരുന്നതിനാൽ

ഇടവകപ്പള്ളിയിൽ കുട്ടികളെ കുമ്പസാരിപ്പിക്കുവാൻ പോയത് ഫാദർ യോശുവായാണ്. പത്തോളം കുട്ടികൾ ആശ്രമചാപ്പലിൽ വന്ന് ഫാദർ അബ്രഹാമിന്റെ അടുക്കൽ അവരുടെ കുമ്പസാരം നടത്തി.

**ടൈംടേബിൾ ഭേദഗതി**

ഹാശായാഴ്ച അടുത്തിരിക്കുന്നതു കൊണ്ട് ഇനിയുള്ള ദിവസങ്ങളിൽ അത്യാവശ്യപ്പെട്ട ചില വേലക്കാര്യങ്ങൾക്കായി പോസ്റ്റുലൻസിന്റെയും നോവിസസ്സിന്റെയും സമയത്തിൽ ഒരംശം എടുക്കേണ്ടതായി വന്നിട്ടുണ്ട്. അതിനാൽ 9 മണിമുതൽ വേലക്കായി എല്ലാവരും ഇറങ്ങുന്നു.

**വീണ്ടും ഒരാൾ കൂടി പോയി**

നൈനൻ സാധു നങ്ങ്യാർകുളങ്ങരയ്ക്കു യാത്രയായി. പള്ളിച്ചുമതലകളും മറ്റും ജോസഫ് സാധുവിനെ ഏല്പിച്ചു. ബ.പിതാവ്, ജോസഫ് റമ്പാച്ചൻ പീലിപ്പോസ് റമ്പാൻ എന്നിവരോടൊപ്പമായിരിക്കും നൈനാൻ സാധു ശുശ്രൂഷകളിൽ പങ്കെടുക്കുന്നത്.

ഫാദർ അബ്രഹാം ഇടവകപ്പള്ളിയിലേക്ക്: ഒരുക്കത്തോടുകൂടി യാത്രയായി. പുസ്തകങ്ങൾ – ഹാശാ ആഴ്ചയിലേക്ക് ആവശ്യമുള്ള – വസ്ത്രങ്ങൾ, കിടക്ക മുതലായവ ഇടവകപ്പള്ളിയിലേക്കു കൊണ്ടുപോയി.

ചെല്ലിയെ ഓടിക്കാൻ തുരിശും കുമ്മായവും: തുരിശും കുമ്മായവും സമം കലക്കി തെങ്ങിന്റെ മണ്ടയ്ക്കു ഒഴിക്കുന്നത് ചെല്ലിയെ ഒഴിപ്പിക്കാൻ മാർഗ്ഗമാണെന്ന് പറഞ്ഞതനുസരിച്ച് അതു പരീക്ഷിച്ചു നോക്കുകയാണ്.

**29 വെള്ളി**

നാല്പതാംവെള്ളി – ചാപ്പലിൽ ഫാദർ യോശുവായും ഇടവകപ്പള്ളിയിൽ ഫാ.അബ്രഹാമും വി.കുർബാന ചൊല്ലി. കുർബാനാന്തരം ഉച്ചയോടുകൂടി പുന്നൂസ് സാധു, അലക്സാണ്ടർ ശെമ്മാശൻ, ഫാദർ യോശുവാ എന്നിവരും ഇടവകപ്പള്ളിയിൽ പോയി. ഇടവകപ്പള്ളിയിൽ കുർബാനയ്ക്കെത്തിയ ചിലർ കുർബാനയ്ക്കു ശേഷം ആശ്രമത്തിൽ വരികയുണ്ടായി.

തെങ്ങിനു തുരിശു കലക്കി ഒഴിക്കാനായി നോവിസസും അബ്രഹാം സാധുവും, ജോൺ സാധുവും രാവിലത്തെ മുഴുവൻ സമയവും ചെലവഴിക്കേണ്ടി വന്നു.

ഇടവകപ്പള്ളിയിൽ പന്തലിടുക, മറപ്പുര കെട്ടുക മുതലായ ജോലികൾ ഇന്നു തന്നെ ചെയ്തുകഴിഞ്ഞു.

**30 ശനി**

**ലാസർ ശനി** ഇടവകപ്പള്ളിയിലെ ഹാശായൊരുക്കം. ഇന്ന് ആശ്രമസ്ഥന്മാരിൽ ആബൂനായും മത്തായി സാധുവും, കോശി സാധുവും കീവറിച്ചനും ഒഴിച്ചുള്ളവരെല്ലാം ഇടവകപ്പള്ളിയിലാണ്. ഓശാനയ്ക്കായി പള്ളിയലങ്കരിക്കയാണ് ജോലി. ഉച്ചകഴിഞ്ഞതോടുകൂടി ദൂരദേശത്തുനിന്ന് ആളുകൾ മുറയ്ക്കു വന്നു കൊണ്ടിരുന്നു.

**105 മേടം 1 – 13.04.1930: ഓശാന ഞായർ**

ഫാദർ ഏബ്രഹാം ഇടവകപ്പള്ളിയിൽ ശുശ്രൂഷ നടത്തുകയും വി.കുർബാന ചൊല്ലുകയും ചെയ്തു. ഫാദർ യോശുവാ ഒരു പ്രസംഗം പറഞ്ഞു ജനസംഖ്യ അത്ര കുറവല്ലായിരുന്നു. ജിജ്ഞാസാലുക്കൾ മുൻകാലങ്ങളെ അപേക്ഷിച്ച് കുറേ കൂടുതലായിരുന്നുവെന്നാണ് കേഴ്‌വി.

വിദേശവാർത്തകൾ: വട്ടശേരിലെ വല്യതിരുമേനിയും പുത്തൻകാവിലെ റമ്പാച്ചനും ഇന്ന് മാരാമൺ കോലത്താക്കലച്ചന്റെ പള്ളിയിലാണ്. തിരുമനസ്സുകൊണ്ട് ശുശ്രൂഷ നടത്തുകയും കുർബാന ചൊല്ലുകയും രണ്ടര മണിക്കൂർ സമയത്തേക്ക് ഒരു പ്രസംഗം നടത്തുകയും ചെയ്തുവെന്നു കേൾക്കുന്നു.

ശ്രുതിയോ അപശ്രുതിയോ: ഹാശാ ആഴ്ചയിലെ ശുശ്രൂഷയിൽ സംബന്ധിപ്പാനായി ദൂരെ സ്ഥലത്തുനിന്നും വന്ന ഏതാനും ആളുകൾ വടശേരിക്കര എത്തിയപ്പോൾ ബഥനിയിലെ വല്യതിരുമേനി ഈയാണ്ടിൽ ഇവിടെയില്ല എന്നുകേട്ടു. "എന്നാൽ റോമായിൽ പോയതാണെന്നുള്ളതിനു സംശയമില്ല" എന്നു പെട്ടെന്നു വിധിക്കാൻ അവർക്ക് പ്രയാസമുണ്ടായില്ല. അതുകൊണ്ട് തിരികെപ്പോകുക എന്ന് അവർ തീരുമാനിച്ചു. സത്യം എന്തോ?

**ഔഷധസേവയും ഏകാന്തവാസവും**

ആബൂനാ ഈ ഹാശാആഴ്ച അരമനയിലെ ഒരു മുറിക്കകത്ത് കഴിച്ചുകൂട്ടുന്നു. എങ്കിലും സന്ദർശകന്മാർ കുറവല്ല.

ഈയാണ്ടും ഭജനമുണ്ട് ആശ്രമസ്ഥന്മാർക്ക്. തിങ്കൾ, ചൊവ്വാ, ബുധൻ എന്നീ ദിവസങ്ങളിൽ ഒരു പുതിയ സമയവിവരപ്പട്ടിക നൽകുകയുണ്ടായല്ലൊ. രണ്ടു പ്രസംഗത്തിന് അതിൽ സമയമുണ്ട്. ഫാദർ യോശുവാ വിഷയങ്ങൾ നല്കുന്നു.

ഈയാണ്ടിൽ ബ.പിതാവ് ഇവിടെയില്ലാത്തതുകൊണ്ട് ഭജനത്തിനും മറ്റും വളരെ ചുരുക്കം ആളുകൾ മാത്രമേ സംബന്ധിച്ചുള്ളു.

**2. തിങ്കൾ**

ഇടവകപ്പള്ളിയിൽ ശാന്തത. ആശ്രമത്തിൽ ഭക്ഷണം പാകം ചെയ്യുന്നതിനും മറ്റും കൂലിക്കാരെ നിയമിച്ചു. അവിടെയും ശാന്തത തന്നെ.

**3. ചൊവ്വ** - ശാന്തിദിനം

**4. ബുധൻ** - ഇന്ന് ഉച്ചകഴിഞ്ഞ് ആശ്രമസ്ഥന്മാരിൽ പലരുടെയും മൗനം അവസാനിച്ചു.

''നിശബ്ദം'', ചാരി നില്ക്കരുത്'' ''വി.മൗനം'' എന്നീ ബോർഡുകൾ ഭിത്തികളിലും, തൂണുകളിലും പതിപ്പിച്ചിരിക്കുന്നു.

**5. വ്യാഴം**

പെസഹാ. ചാപ്പലിൽ 5.15-ന് ഫാദർ യോശുവാ വി.കുർബാന ചൊല്ലി. പ്രധാനമായി ആബൂനായെ ഉദ്ദേശിച്ചാണ് ഇവിടെ നടത്തിയത്. 6.30ന് സകലവും പൂർത്തിയാക്കി ഫാ.യോശുവാ ഇവടകപ്പള്ളിയിലെത്തി. ഇന്നലെയും ഇന്നുമായി അനവധിയാളുകൾ വി.കുമ്പസാരം നടത്തി. പലരും ദൂരെ സ്ഥലങ്ങളിൽ നിന്നു വന്നവരാണ്. വി.കുർബാന കഴിഞ്ഞപ്പോൾ മണി ഏകദേശം 12 ആയി.

ഏതാനും വർഷങ്ങളായി ഓശാനയ്ക്കും, പെസഹായ്ക്കും, ദുഃഖവെള്ളിയ്ക്കും ദൂരെ നിന്നുവരുന്നവർക്ക് ഇടവകക്കാരുടെ വകയായി ഒരു കഞ്ഞി കൊടുക്കുന്ന പതിവുണ്ടായിരുന്നു. കഴിഞ്ഞ

യാണ്ടിൽ ഒരു ദിവസം മാത്രം - ദുഃഖവെള്ളി-കഞ്ഞി കൊടുത്തു. ഈയാണ്ടിൽ ഒരു ദിവസവും കഞ്ഞിവേണ്ടാ എന്ന് കമ്മിറ്റിയിൽ പാസ്സാക്കിയിട്ടുണ്ട്. അതിൻപ്രകാരം ഓശാനയും പെസഹായും കഴിഞ്ഞു. ദുഃഖവെള്ളിയും അങ്ങനെ പരിണമിക്കും.

ഇന്നുമുതലുള്ള ധ്യാനങ്ങൾ, പ്രസംഗങ്ങൾ മുതലായവ ഫാദർ അബ്രഹാം എടുക്കുന്നതാണ്.

**6. ദുഃഖവെള്ളിയാഴ്ച**

ഇടവകപ്പള്ളിയിലെ ശുശ്രൂഷയിൽ തിരുസ്ലീബാ തോളിൽ വഹിച്ചത് ഫാദർ യോശുവായാണ്. പിന്നീടുള്ളതെല്ലാം ഫാദർ അബ്രഹാം തന്നെ നടത്തി. ആബൂനായും ഇരുപത്തിരണ്ടരവരെ മൗനം പാലിച്ചു. അപരിചിതരായ നിരവധിയാളുകൾ ഇടവകപ്പള്ളിയിൽ വന്നിട്ടുണ്ട്.

**7. ദുഃഖശനി**

10.30-ന് വി.കുർബാന

4 മണി കഴിഞ്ഞ് ശുബ്ക്കോനൊ ശുശ്രൂഷ നടത്തി. മർത്തോമ്മാ കശ്ശീശായുടെ സന്ദർശനം. വടശ്ശേരിക്കര മർത്തോമ്മാ അച്ചൻ ഉച്ചകഴിഞ്ഞ് ആബൂനായെ സന്ദർശിക്കാൻ വന്നു. സന്ധ്യനമസ്കാര ത്തിന് ഇടവകപ്പള്ളിയിൽ കൂടിയശേഷമാണ് തിരികെപ്പോയത്.

**8. ഉയിർപ്പ്**

ഇടവകപ്പള്ളിയിൽ ജനസംഖ്യ വളരെ കുറവ്. ഫാദർ യോശുവാ ശുശ്രൂഷയും വി.കുർബാനയും നടത്തി. പട്ടികമേൽ മെഴുകുതിരി. അലക്സാണ്ടർ ശെമ്മാശന്റെ പ്ലാനനുസരിച്ച് പള്ളിയിൽ പട്ടികതറച്ച് അതിന്മേലാണ് ഈ വർഷം മെഴുകുതിരി വച്ചത്. മുൻ വർഷങ്ങളെക്കാൾ കുറേക്കൂടി ഭംഗിയായിരുന്നു.

സന്യാസിമാർക്ക് ഭക്ഷണം മേശപ്പുറത്ത്: എല്ലാവരും നന്നേ ക്ഷീണിച്ചിരിക്കുന്നു. യാത്ര പറഞ്ഞിട്ട് മലകയറിയിരിക്കയാണ്. അതുകൊണ്ട് ഇന്നത്തെ ഭക്ഷണം അരമനയിൽ വച്ചു കഴിക്കാമെന്ന് ബ.റീശ് കല്പിച്ചു. ഉച്ചഭക്ഷണം കുട്ടികളും വിരുന്നുകാരും ആശ്രമസ്ഥരും ഒരുമിച്ചാണ് നടത്തിയത്. വൈകിട്ടത്തെ ഭക്ഷണം ആശ്രമസ്ഥന്മാർക്ക് തനിച്ചാണ്.

**സംക്ഷിപ്തം**

ഹാശായാഴ്ചയിൽ പൊതുവെ മുൻവർഷങ്ങളെ അപേക്ഷിച്ച് ജനസംഖ്യ അത്ര കുറവല്ലായിരുന്നു. ഉയിർപ്പിനുമാത്രം ക്രമത്തിലധികം കുറവായിരുന്നു. സാധാരണവർഷങ്ങളേക്കാൾ ശാന്തതയുണ്ടായിരുന്നു. കാണിക്ക മുൻവർഷങ്ങളേക്കാൾ കുറവാണ്. 130-രൂപയിൽ താഴെയുള്ള ഒരു തുക മാത്രമേയുള്ളു.

വൈകിട്ടും ചോറു തന്നെയാണ്.

ഉറക്കത്തിന്റെ കൊതി തീർക്കാൻ നിശ്ചയിച്ചിരിക്കുന്നു.

**9. തിങ്കൾ**

വിശ്രമം തന്നേ. ഭക്ഷണം ഇന്നലത്തെപ്പോലെ ഇന്നും മേശപ്പുറത്താണ്. ഭക്ഷണസമയത്തെ മൗനവും നോവിസസ്സിന്റെ ഉച്ചവരെയുള്ള മൗനവും അല്പമൊന്നു മാറി നില്ക്കയാണ്.

ചാപ്പലിൽ ഫാദർ യോശുവാ വി.കുർബാന ചൊല്ലി.

അതിഥികൾ സ്ഥലം സർവേ: രാവിലെ, കല്ലൂപ്പാറക്കാരായ മൂന്ന് അതിഥികളോടുകൂടെ, ഫാദർ അബ്രഹാം മഠത്തുംമൂഴിക്കുനിന്ന് ആശ്രമംവരെ ഒരു റോഡുവെട്ടുന്നതിന് വഴി ട്രേസ്സു ചെയ്യുന്നതിനു പോയി. ഈ അതിഥികൾ കഷ്ടാനുഭവയാഴ്ചയിൽ ആശ്രമത്തിൽ താമസിച്ചിരുന്നു. ഇന്ന് തങ്ങളുടെ ഭവനങ്ങളിലേക്ക് തിരിച്ചുപോയി.

**10 ചൊവ്വ**

ഉദരശോധന ദിവസം: ഫാദർ അബ്രഹാം, അബ്രഹാം സാധു, ജോൺ സാധു, ജോർജ്, വറുഗീസ് സാധു എന്നിവർ ഇന്ന് ഉദരശോധന നടത്തി.

രാവിലെ വി.കുർബാനക്ക് മൊത്തം 6 പേരുണ്ടായിരുന്നു. ഫാദർ യോശുവാ വി.കുർബാന ചൊല്ലി.

**11 ബുധൻ**

ഫാദർ യോശുവാ, അലക്സാണ്ടർ ശെമ്മാശൻ, ജോസഫ് സാധു എന്നിവർ ഇന്ന് ഉദരശോധന നടത്തി. ഫാദർ അബ്രഹാം ചാപ്പലിൽ വി.കുർബാന ചൊല്ലി.

**12 വ്യാഴം**

ഫാദർ അബ്രഹാം വി.കുർബാന ചൊല്ലി. 4 മണിക്ക് ഒരു പായസമുണ്ടായിരുന്നു. കോട്ടയത്ത് കൊച്ചുപുരയ്ക്കൽ മിസ്റ്റർ ഏലിയാസ് ബി.എ.ഇന്ന് 5 മണിയോടുകൂടി ആശ്രമത്തിലെത്തി. ഇദ്ദേഹം ജാഫ്നാ കോളജിലെ പ്രൊഫസറാണ്.

**13 വെള്ളി**

മിസ്റ്റർ ഏലിയാസും കൂട്ടുകാരനും അതിരാവിലെ തിരിച്ചുപോയി.

**14 ശനി**

ഇന്ന് മൗദ്യാനന്മാരുടെ ഓർമ്മദിവസമാണ്. ഫാദർ യോശുവാ ചാപ്പലിൽ വി.കുർബാന ചൊല്ലി.

**സന്ദർശനം**

ഇന്ന് 4 മണിക്ക് പെരുന്നാട് പ്ലാന്റേഷൻ കമ്പനി മാനേജിംഗ് ഡയറക്ടർ മി.പി.വി. വർക്കിയും കുടുംബവും ആബൂനായെ സന്ദർശിക്കുകയുണ്ടായി. അവർ ഏതാനും പലഹാരങ്ങളും കൊണ്ടുവന്നിരുന്നു.

എൻ.എം. ഏബ്രഹാം ബി.എ.ഇന്നു മൂന്നു മണിയോടുകൂടി ആശ്രമത്തിലെത്തി. ആബൂനായോടുള്ള സംഭാഷണത്തിൽ സദാ ഏർപ്പെട്ടിരുന്നു.

**മേടം 15**

ഞായർ - പുതുഞായറാഴ്ച - ഫാ.അബ്രഹാം ഇടവക പ്പള്ളിയിലും, ഫാദർ യോശുവാ ചാപ്പലിലും, വി.കുർബാന ചൊല്ലി. വി.കുർബാനാനന്തരം ഫാ.അബ്രഹാമും, ജോസഫ് സാധുവും കൂടി കർമ്മേൽ, ളാഹാ മുതലായ തോട്ടങ്ങളിലേക്കുപോയി. ഇടവകപ്പള്ളി പിരിഞ്ഞപ്പോൾ മിസ്റ്റർ മണിയും കുടുംബവും ആബൂനായെ സന്ദർശിക്കാൻ ആശ്രമത്തിലേക്കുവന്നു. കഞ്ഞികുടി കഴിഞ്ഞിട്ട് തിരിച്ചുപോയി. ആബൂനാ അനാഥശാലയിൽ ചെന്നാണ് അവരെ കണ്ടത്.

ആശ്രമസ്ഥന്മാരുടെ കർമ്മേൽ സന്ദർശനം - ബ.റീശിന്റെ അനുവാദപ്രകാരം അലക്സാണ്ടർ ശെമ്മാശനും ജോർജുംകൂടി കർമ്മേൽ തോട്ടം കാണുന്നതിനായി പോയി.

പനിയും തുള്ളൽപ്പനിയും - ഏതാനും ദിവസങ്ങളായി കീവറിച്ചൻ ഒരു പനിയായി കിടപ്പിലാണ്. ജോർജിനു കൂടെക്കൂടെ തുള്ളൽപ്പനി ഉണ്ടാകാറുണ്ട്.

**മേടം 16**

തിങ്കൾ - അതിഥിയായി ശനിയാഴ്ച ഇവിടെയെത്തിയിരുന്ന മിസ്റ്റർ ഏബ്രാഹം ബി.എ. (ഒളശ്ശ) ഇന്നു രാവിലെ തിരിച്ചുപോയി.

സുവിശേഷവേല കഴിഞ്ഞ് തിരിച്ചെത്തി: നൈനാൻ സാധു നങ്യാർകുളങ്ങര നിന്ന് 14-ന് തിരുവല്ലായിലെത്തി. ഇന്നു നാലുമണിയോടുകൂടി ഇവിടെ എത്തിച്ചേർന്നു.

ഫാദർ അബ്രഹാമിനോടുകൂടി തോട്ടങ്ങളിൽ പോയിരുന്ന ജോസഫ് സാധു സന്ധ്യയോടുകൂടി ആശ്രമത്തിൽ വന്നുചേർന്നു. ഫാദർ അബ്രഹാം വടശ്ശേരിക്കര താമസിക്കുന്നു.

ചെങ്ങന്നൂരിൽനിന്ന് ഒരു കൊച്ചനും, കോഴഞ്ചേരിൽ നിന്ന് അവരുടെ ബന്ധുവായ വേറൊരു കൊച്ചനും ആശ്രമത്തിൽ വന്നിട്ട് താമസിയാതെ തിരിച്ചുപോയി.

ഇന്ന് ഉച്ചയോടുകൂടി ഇക്കോച്ചൻ (ഇടശ്ശേരി) ആബൂനായുടെ അടുക്കലേക്കുവന്നു. സ്വതവേ പ്രസന്നവദനനായ ഇദ്ദേഹത്തിന്റെ മുഖത്ത് ഇന്ന് ദുഃഖവിചാരങ്ങൾ കാണുന്നു. 'സിസ്റ്റർ മരിച്ചുപോയി' എന്നു പറഞ്ഞു. ഇദ്ദേഹത്തിന്റെ ഒരു സിസ്റ്ററിനെ കോട്ടയത്ത് മർക്കോസ് വക്കീൽ കെട്ടിയിരുന്നു. അവർ ശനിയാഴ്ച ഒരു കോട്ടു നിമിത്തം മരിച്ചുപോയി.

വിശ്രമത്തിനൊഴിച്ച്, ഉച്ചകഴിഞ്ഞ് ബാക്കിയുള്ള സമയം മുഴുവൻ എല്ലാവർക്കും വേലയാണ്. ലൈബ്രറി ക്രമപ്പെടുത്തുക, പള്ളി ശരിയാക്കുക എന്നീ വേലകളാണ് ഇന്നു ചെയ്തത്.

**17 ചൊവ്വ**

ഇന്നു പകൽ 10 മണിയോടുകൂടി ഫാദർ അബ്രഹാമും, ജോൺ ശെമ്മാനും തിരിച്ചുവന്നു. ഇന്നലെ ഇരുവരും വടശേരിക്കരെ താമസിക്കുകയായിരുന്നു.

പൂപ്പള്ളിൽ മിസ്റ്റർ ചെറിയാൻ - പകൽ 4 മണിക്ക് ഇദ്ദേഹം ആശ്രമത്തിൽ വന്നുചേർന്നു. നാറാണം മൂഴിയിലെ അടിലഹളയെപ്പറ്റി കേട്ടുവന്നതാണ്.

**18 ബുധൻ**

ഇന്ന് രാവിലെ ഫാ.അബ്രഹാം ഇടവകപ്പള്ളിയിൽ പോയി; അദ്ദേഹത്തോടൊപ്പം വറുഗീസ് സാധുവും ജോസഫ് സാധുവും പോയിരുന്നു. ഒരു മാമോദീസാ നടത്താനാണ് പോയത്. പക്ഷേ, മാമോദീസായെവിടെ? ഒരു നാഴികയായി, രണ്ടു നാഴിക. ഇരുന്നിരുന്ന് പത്തുമണി കഴിഞ്ഞു. മാമോദീസായ്ക്കു കുട്ടിയെ കാണുന്നില്ല. കുട്ടിയുടെ മാതാപിതാക്കളോ, ചാർച്ചക്കാരോ ആരും തന്നെ വിവരം അറിയിപ്പാൻ വന്നില്ല. ഇനി ഇരിക്കുന്നത് പന്തിയല്ലെന്നു കണ്ട് അബ്രഹാം അച്ചൻ ഇക്കോച്ചന്റെ വീട്ടിലേക്കുപോയി.

**ശാന്തിദിനം**

ഇന്നലെയും ഇന്നും യൗനാൻ ശെമ്മാശനു ശാന്തിദിനമാണ്; ഇന്ന് ജോൺ ശെമ്മാശനും ശാന്തിദിനമാണ്.

**19. വ്യാഴം**

ദീർഘവേല. ധ്യാനയൊരുക്കം, വേദപഠനം, ഭക്തിവ്യായാമങ്ങൾ ഇവയ്ക്കുള്ള സമയം ഒഴിച്ച് ബാക്കിസമയമെല്ലാം ആശ്രമവളപ്പിലെ കാട് കളയുന്ന വേലയിൽ എല്ലാവരും വ്യാപൃതരാണ്.

വിശ്രമം - ജോൺ ശെമ്മാശനും, നൈനാൻ സാധുവിനും ഉച്ചവരെ വിശ്രമമാണ്.

യാത്ര - ബ.റീശ് പിതാവിനെ കാണുന്നതിനായി അതിരാവിലെ തിരുവല്ലായ്ക്ക് പുറപ്പെട്ടു. കണ്ണിന് ചികിത്സാർത്ഥം കൊച്ചുതോമ്മാ വെണ്ണിക്കുളത്തേക്കും, ദാനിയേലും ഇസ്സാക്കും ആലുവാ സെറ്റിൽമെന്റ് സ്കൂളിലേക്കും പോകുവാനായി റീശിനോടൊന്നിച്ച് പുറപ്പെട്ടിട്ടുണ്ട്.

**സന്ദർശകന്മാർ**

മാളിയേക്കൽ ഒരു കല്യാണത്തിനായി വന്നിരുന്ന കോഴഞ്ചേരിക്കാരും, കുറിയന്നൂർകാരും ആയ രണ്ടുകൂട്ടർ രാവിലെ ആശ്രമം സന്ദർശിച്ചു. എല്ലാവർക്കും ഭക്ഷണം നല്കി.

അറയ്ക്കമണ്ണിൽ പീലിപ്പോച്ചൻ അഭയംതേടി ആശ്രമത്തിലെത്തി താമസിക്കുന്നു. പൂപ്പള്ളിൽ തോമ്മാച്ചൻ ഇവിടെ വരുമ്പോൾ രമ്യപ്പെടാമെന്ന് ആശിച്ച് താമസിക്കയാണ്. നാറാണംമൂഴിയിൽ നിന്നുവന്ന ഒരു കൊച്ചന്റെ കൈവശം തോമ്മാച്ചൻ ഉടനെ വരുന്നതിനായി ആബൂനാ വീണ്ടും ഒരെഴുത്ത് കൊടുത്തയച്ചു.

**ബ.ആബൂനായുടെ ആവശ്യം**

ആബൂനാ വി.കുർബാനയിൽ സംബന്ധിച്ചിരുന്നു. വി.കുർബാന കഴിഞ്ഞപ്പോഴേക്ക് വലിയ തളർച്ച തോന്നി. പരസഹായത്തോടു കൂടിയാണ് അരമനയിലെത്തിയത്. തളർച്ച വേഗം മാറിയെങ്കിലും ഇന്നുമുഴുവൻ കൂടുതൽ ക്ഷീണമുണ്ട്.

**20 വെള്ളി**

ഫാദർ യോശുവാ വി.കുർബാന അണച്ചു. ബ.ആബൂനാ അതിൽ സംബന്ധിച്ചു.

**വേല**

രാവിലെ 10.30 വരെയും ഉച്ചകഴിഞ്ഞ് 3 മണി മുതലുള്ള സമയവും കൃഷിസംബന്ധമായ ജോലിയായിരുന്നു. ആബൂനായുടെ ആരോഗ്യ സ്ഥിതി മെച്ചമായിട്ടുണ്ട്. വായിക്കുന്നതിനും, എഴുത്തുകൾ എഴുതുന്നതിനായും കൂടുതൽ ഏർപ്പെട്ടു.

**21 ശനി**

വി.കുർബാനക്കുശേഷം പതിവുപോലെ വേലയുണ്ടായിരുന്നു. 11.15-ന് വേല അവസാനിപ്പിച്ചു.

കൊച്ചുതോമ്മാ വെണ്ണിക്കുളത്തുനിന്നു തിരിച്ചെത്തി. ആബൂനായ്ക്ക് ചില ഔഷധങ്ങൾ അവിടെ നിന്നു കൊണ്ടുവന്നിട്ടുണ്ട്.

**22 ഞായർ**

ചാപ്പലിൽ വി.കുർബാനയില്ല. ഗുരു കുർബാന ചൊല്ലുകയും ജോൺ ശെമ്മാശൻ പ്രസംഗിക്കയും ചെയ്തു. എല്ലാം 10.15-ന് അവസാനിച്ചു. ആൾ വളരെ കുറവായിരുന്നു. ജോൺ ശെമ്മാശൻ കുർബാന കഴിഞ്ഞ് കൊച്ചാണ്ടിയുമൊത്ത് പ്രാർത്ഥനായോഗത്തിനായി പെരുനാട്ടിൽ പോയി.

**ഒരു സന്തോഷവാർത്ത**

ബാവാകക്ഷിയും മെത്രാൻകക്ഷിയും കൂടി ചേർന്ന് ഇപ്പോഴുള്ള കാതോലിക്കായെ വാഴിച്ചു തരുവാൻ പാത്രിയർക്കീസിനോടപേക്ഷിക്കയും പാത്രിയർക്കീസ് അപ്രകാരം ചെയ്യുന്നപക്ഷം ഇരുഭാഗക്കാരും യോജിച്ച് കാതോലിക്കായുടെ കീഴിൽ ഇരുന്നുകൊള്ളുകയും ശീമക്കാരുമായി സഹകരിച്ച് പോകയും ചെയ്യാമെന്നും, അല്ലാത്തപക്ഷം ഇരുക്ഷികളുംകൂടി യോജിച്ച് കാതോലി ക്കായെ സ്വീകരിച്ച് ഏകയോഗമായി സ്വീകരിച്ചു കൊള്ളാമെന്നുമുള്ള ഒരു വഴി ഉടനെ ഉണ്ടാക്കാൻ പോകുന്നുവെന്നും അതിനാൽ രാജി ഉടനെ നടക്കും എന്നും ഇക്കോച്ചൻ ആബൂനായെ ഒരാൾ മുഖാന്തിരം അറിയിച്ചു.

ഇക്കോച്ചന്റെ മകൻ പാപ്പച്ചൻ ഒരു റോമൻ കത്തോലിക്കാ വിദ്യാർത്ഥിയോടൊരുമിച്ച് ആശ്രമം സന്ദർശിച്ചു.

**23 തിങ്കൾ**

ഇന്ന് ഫാദർ യോശുവാ കുർബാന അണച്ചു. ഉച്ചവരെ എല്ലാവർക്കും വിശ്രമമാണ്. 3.15ന് വേല

**വലിയ സന്തോഷദൂത്**

11 മണിയോടുകൂടി ബ.ബർസ്കീപ്പാ അച്ചന്റെ ഒരെഴുത്ത് ആബൂനായ്ക്ക് കിട്ടി. കഴിഞ്ഞയാഴ്ച തിരുമൂലയിൽ കാതോലിക്കാ ബാവാ എഴുന്നെള്ളുകയും ബ.പിതാവ് കാണുകയും ചുംബനം ചെയ്യാതെ പിരിയാനിടയായെങ്കിലും ഇപ്പോൾ വലിയ തിരുമേനിയും പിതാവുംകൂടി തിരുമൂലസ്കൂളിൽവച്ച് ഒന്നിച്ചു കാണുകയും സന്തോഷമായി പിരിയുകയും ചെയ്തുവെന്ന് പ്രസ്താവിച്ചു കാണുന്നു. ഇതുകേട്ടപ്പോൾ ആബൂനായുടെ സന്തോഷം പറഞ്ഞറിയിക്കാൻ പാടില്ലാത്തതായിരുന്നു. അതിനാൽ ഉടനെ ഗുരുവിനെയും ജോൺ ശെമ്മാശനെയും വരുത്തി എഴുത്ത് വായിച്ചുകേൾപ്പിച്ചു.

**അതിഥികൾ**

വാകത്താനത്ത് പീലിപ്പോസ് ശെമ്മാശൻ, തോട്ടയ്ക്കാട് പീലിപ്പോസ് ശെമ്മാശൻ (B.A. വിദ്യാർത്ഥി, ക്രിസ്ത്യൻ കോളജ്) ഇവർ 12.30-ഓടുകൂടി ഇവിടെ എത്തി. ഇന്നിവിടെ താമസിക്കുന്നു. ആബൂനായോടുകൂടി സന്തോഷസമേതം സമയം ചെലവഴിക്കുന്നു.

കോഴഞ്ചേരിയിൽനിന്ന് ഒരു മാസത്തേക്കുള്ള അരിസാമാനങ്ങളും മറ്റും വന്നുചേർന്നു.

**24 ചൊവ്വ**

മാർ ഗീവറുഗീസ് സഹദായുടെ ഓർമ്മ. ഫാ.യോശുവാ കുർബാന അണച്ചു. അത്യാവശ്യമായ വേലകൾ തീരാനുള്ളതിനാൽ കഴിഞ്ഞ ആഴ്ചയിലേപ്പോലെ വേലയ്ക്ക് അധികസമയവും ഉപയോഗിക്കണമെന്ന് കല്പനയുള്ളതിനാൽ അതനുസരിച്ച് ഇന്നും നടന്നു. ഉച്ചയ്ക്ക് ശേഷമുള്ള വേലസമയത്ത് മഴ ചാറുന്നുണ്ടായിരുന്നെങ്കിലും എല്ലാവരും സോത്സാഹം ജോലി ചെയ്തു. ബ.ഗുരുവും വേലയ്ക്കുണ്ടായിരുന്നു.

ഇന്നലെവന്ന ശെമ്മാശന്മാർ വെളുപ്പിന് സ്ഥലം വിട്ടു,

**സന്ധിപറച്ചിൽ**

നാറാണംമൂഴിയിലെ അടി ലഹളക്കേസ് ഇന്ന് ആബൂനാ സന്ധിയാക്കാൻ നിശ്ചയിച്ചതനുസരിച്ച് അഞ്ചരമണിക്ക് റാന്നിയിൽ കണ്ണൻകോഴേത്ത് ഉണ്ണിട്ടൻ മുതലാളിയും പൂപ്പള്ളിൽ തോമ്മാച്ചനും അറയ്ക്കമണ്ണിൽ മത്തായിച്ചനും ആശ്രമത്തിൽ കൂടി. ആബൂനായുടെ അദ്ധ്യക്ഷതയിൽ സന്ധിയാലോചനകൾ ചെയ്യുകയും 8 മണിയോടെ രാജി പറഞ്ഞ് പിരിയുകയും ചെയ്തു.

**25 ബുധൻ**

ഫാ.യോശുവാ വി.കുർബാന അണച്ചു. ബ.ആബൂനാ ചാപ്പലിൽ വന്നില്ല. ഇന്ന് മഴയും കൂരാപ്പും ആയിരുന്നു. അതിനാൽ വേല അകത്തുതന്നെ. ചിലർ അരമനയുടെ കിഴക്കേ മുറിയിൽ ഷെൽഫ് ഉണ്ടാക്കി. ചിലർ മെഴുകുതിരി വാർത്തു. അവർ രാവിലെ 12 മണിവരെ വേല തുടർന്നു. ഉച്ചകഴിഞ്ഞ് കൃഷിപ്പണി കുറച്ച് ചെയ്തപ്പോൾ മഴ പെയ്തു. അതിനാൽ രാവിലത്തെ വേലകൾ പൂർത്തിയാക്കി.

കന്നുകാലിക്കൂട് പ്രൊമോഷണനോടുകൂടി സ്ഥലം വിട്ടു. വടശേരിക്കര ബഥനിപ്പള്ളി സ്ഥലത്ത് ഒരു ഷെഡ് ഉണ്ടാക്കുന്നതിനായി വലിയ കന്നുകാലിക്കൂടിന്റെ പ്രധാന ഭാഗങ്ങളെല്ലാം വടശേരിക്കരക്കാർ വന്നു കൊണ്ടുപോയി. ആ ഉരുപ്പടികൾ കാണിച്ചുകൊടുക്കുന്നതിനായി അതിരാവിലെ പുന്നൂസ് സാധുപോയി. 9.30-നാണ് തിരിച്ചെത്തിയത്. ഉരുപ്പടി കൊണ്ടുപോകാൻ വന്നവർക്കെല്ലാം രാവിലെ ആശ്രമത്തിൽ നിന്ന് കഞ്ഞി കൊടുത്തു.

**26 വ്യാഴം**

ഫാദർ അബ്രഹാം ആശ്രമം വിട്ടു. ആബൂനായുടെ ഒരു വശത്ത് തളർച്ചയും വേദനയും വർദ്ധിച്ചു.

**27 വെള്ളി**

ആബൂനായുടെ രോഗം മൂർഛിച്ചു. ഈ അസ്വസ്ഥതകൾ തണുപ്പുകൊണ്ടുണ്ടായതാണെന്ന് വൈദ്യൻ പറഞ്ഞതിനാൽ, അരമനയുടെ കിഴക്കേമുറിയിലേക്ക് താമസം മാറ്റി. മൂടിപ്പുതച്ചു കിടന്ന് വിശ്രമിക്കുന്നു. മഴയായിരുന്നതിനാൽ ചുരുക്കം ചിർക്കേ വേലയുള്ളു. ബാക്കിയുള്ളവർ സ്വന്തസമയം, ഭക്തിവായന എന്നിവയ്ക്ക് സമയം വിനിയോഗിച്ചു.

ഉച്ചകഴിഞ്ഞ് കൃഷി സംബന്ധമായ ജോലി. മഴയുണ്ടായിരുന്നെങ്കിലും ചിലരെല്ലാം നനഞ്ഞുകൊണ്ടുതന്നെ വേല ചെയ്തു തീർത്തു. കിളച്ചിട്ടിരുന്ന ഭൂമിയിലെ പുല്ല് പെറുക്കുക, ചേനയ്ക്കും വാഴയ്ക്കും ചാണകം ഇടുക എന്നിവയായിരുന്നു ജോലികൾ.

**28 ശനി**

വി.കുർബാനയ്ക്കുശേഷം, ആബൂനായ്ക്ക് ഫാ.യോശുവാ വി.കുർബാന കൊണ്ടുകൊടുത്തു.

വേല: ചിലർ വിറക് പെറുക്കികൊണ്ടുവന്നു. ശേഷം ആളുകൾ അരമനയുടെ വടക്കുവശത്ത് ആബൂനാക്ക് കുളിക്കാൻ ഒരു ചെരിപ്പുണ്ടാക്കി.

അബ്രഹാം സാധു, ജോൺ സാധു എന്നിവർ നവശിഷ്യ പരിശീലനം തികയ്ക്കുന്നത് മീനം 29-ാം തീയതിയാകയാൽ ഇന്നവർ ശാന്തിദിനമാചരിച്ചു.

നാലുമണിക്ക് കളിയുണ്ടായിരുന്നു.

**29 ഞായർ**

ഇടവകപ്പള്ളിയിലെ വി.കുർബാനയിൽ ആശ്രമസ്ഥ ന്മാരെല്ലാം പങ്കെടുത്തു. കുർബാനാനന്തരം ജോൺ ശെമ്മാശൻ നാറാണംമൂഴിയിൽ പ്രാർത്ഥനായോഗത്തിനു പോയി.

**30 തിങ്കൾ**

കുറങ്ങാലി, ചിറ്റാർ എന്നീ പ്രദേശങ്ങളിൽ വീടുകൂദാശ നടത്തുന്നതിനായി ഗുരു അച്ചൻ ജോസഫ് സാധുവിനെ കൂട്ടി, വി.കുർബാനയ്ക്കു ശേഷം പോയി. നവശിഷ്യന്മാർക്ക് ഇന്ന് ശാന്തിദിനമാണ്. അർത്ഥികൾക്ക് ഇന്ന് ഉച്ചവരെ വിശ്രമമാണ്.

ഉച്ചകഴിഞ്ഞ് വേല - ചേമ്പിന് തോല് വെയ്ക്കുകയാണ്.

സന്ദർശകർ: പൂപ്പള്ളിൽ കുട്ടിയച്ചൻ, പുത്തൻകാവുകാരൻ ഉമ്മൻ, തുമ്പമണ്ണിൽ നിന്ന് രണ്ടുപേർ - ഇന്ന് ആശ്രമം സന്ദർശിച്ചിട്ട് മടങ്ങിപ്പോയി.

**ഉരുപ്പടിയിറക്ക്**

തിരുമൂല മലയാളം സ്കൂളിനുള്ള ഉരുപ്പടി രണ്ടു ദിവസമായി താഴേക്ക് ഇറക്കിക്കൊണ്ടിരിക്കുന്നു. പാസ്സ് - ഉരുപ്പടി തിരുവല്ലായ്ക്കു കൊണ്ടുപോകുന്നതിനുള്ള പാസ്സ് വാങ്ങിക്കുവാൻ മത്തായി സാധു റാന്നിയ്ക്ക് പോയി. അവിടെ നിന്നും കിട്ടിയില്ല. തിരിച്ചുവന്ന് വടശ്ശേരിക്കര തിരക്കിയപ്പോൾ പാസ്സ് അവിടെ ഉണ്ടായിരുന്നു. അതു വാങ്ങിക്കൊണ്ട് മൂന്നരയായപ്പോൾ തിരിച്ചെത്തി.

**31 ചൊവ്വ**

ഗുരു തിരിച്ചെത്താഞ്ഞതിനാൽ വി.കുർബാന ഇല്ല. അതിനാൽ ആ സമയം ആത്മീയ കുർബാനാനുഭവം, സ്വന്തസമയം, ഭക്തിവായന എന്നിവയ്ക്കായി വിനിയോഗിച്ചു. ഉച്ചവരെ ചേമ്പിനും ഉച്ചയ്ക്കുശേഷം, വാഴയ്ക്കും തോല് വെയ്ക്കുകയായിരുന്നു വേല.

പശുക്കളെ നോക്കുന്ന കൊച്ചപ്രാന്റെ അശ്രദ്ധമൂലം കിടാങ്ങൾ പാലു കുടിക്കുന്നതിനും, പശു കപ്പ തിന്നുന്നതിനും ഇടയായി. ശിക്ഷയെ ഭയന്ന് അവൻ ഒളിച്ചുപോയി. രാത്രിയായിട്ടും അവനെ കാണാഞ്ഞതിനാൽ, 9.30 മണി കഴിഞ്ഞ് ജോസഫ് സാധുവിനെയും കൊച്ചുതോമ്മായെയും അവനെ അന്വേഷിക്കുന്നതിനായി വടശേരിക്കരയ്ക്കു വിട്ടു.

105 ഇടവം - 14.5.1930

**1 ബുധൻ**

രാത്രിമുഴുവൻ ഉറക്കമിളച്ച് അന്വേഷിച്ചിട്ടും കൊച്ചെപ്രാനെ കാണാൻ കഴിയാതെ അന്വേഷണസംഘം തിരിച്ചെത്തി.

വേല: ഉച്ചവരെ ആശ്രമത്തിനു വടക്ക് ഒരു തുണ്ട് ചിക്കി. ഉച്ചയ്ക്കുശേഷവും രണ്ടു സംഘമായി തിരിഞ്ഞ് കൃഷിപ്പണികൾ ചെയ്തു.

**2 വ്യാഴം**

അന്വേഷണം തുടരുന്നു. ജോസഫ് സാധു കൊച്ചെപ്രാനെ അന്വേഷിച്ച് കുറുങ്ങാലി, ളാഹ മുതലായ സ്ഥലങ്ങളിൽ പോയി. ളാഹയിൽ വച്ച് അവനെ കണ്ടുകിട്ടി. അവനുമായി സന്ധ്യയോടുകൂടി തിരിച്ചെത്തി.

**വേല**

ചേമ്പ്, കൊല്ല എന്നിവയ്ക്ക് സംരക്ഷണവും, ചാണകമിടീലും നടത്തി.

ആബൂനായ്ക്ക് അടുത്തിടെ ഉണ്ടായ അസ്വസ്ഥത വിട്ടുമാറി.

ഉരുപ്പടി: വടശ്ശേരിക്കരെ നിന്ന് രണ്ടുവള്ളം പിടിച്ച് ഉരുപ്പടി കയറ്റി കോശി സാധു ഇന്ന് വെളുപ്പിന് തിരുവല്ലായ്ക്കു പോയി. വല്യമ്മയുടെ ദീനം പ്രമാണിച്ച് സാധുവീട്ടിലും പോകും.

**3 വെള്ളി**

ശാന്തിദിനം - അർത്ഥികൾക്ക് ഇന്ന് ശാന്തിദിനമാണ്; ആബൂനായ്ക്കും.

**4 ശനി**

വേല - ആശ്രമത്തിന്റെ വടക്കും, കിഴക്കും ഉള്ള തുണ്ടുകളിൽ കപ്പ നട്ടു. നാലുമണിക്ക് കളിയുണ്ടായിരുന്നു.

പുതിയ ആയാതന്മാർ - ആശ്രമപ്രവേശനം തേടി പുറമുറ്റത്തുകാരായ ഗീവറുഗീസും, ജോർജ്ജും എത്തി. ബർസ്ലീബാ അച്ചന്റെ കീഴിൽ ആത്മീയ പരിശീലനം ലഭിച്ചവരാകയാൽ ആയാതന്മാരായി ഇവർ സ്വീകരിക്കപ്പെട്ടു. പുറമുറ്റത്തുനിന്ന് എഴുത്ത് കൊടുത്തയച്ചത് ബ.റീശ് തന്നെയാണ്. ആബൂനായ്ക്ക് സേവിക്കാനുള്ള നെയ്യും, നന്നാക്കിയ വാച്ചും അവർ വശം കൊടുത്തയച്ചിരുന്നു.

പുതിയ ആയാതന്മാരെ താമസിപ്പിക്കുവാൻ തൗനാകൾ വടക്കേ കെട്ടിടത്തിൽ ഒഴിവില്ലാത്തതിനാൽ, പുന്നൂസ് സാധുവിനെയും,

അലക്സാണ്ടർ ശെമ്മാശനെയും, ആശ്രമത്തിലേക്ക് അയക്കുകയും പുതുതായി വന്നവരെ വടക്കേ കെട്ടിടത്തിൽ താമസിപ്പിക്കുകയും ചെയ്തു.

സന്തോഷ വാർത്ത - ബ.പിതാവും, കൊച്ചു തിരുമേനിയും കൂടി കുണ്ടറ എത്തി കാതോലിക്കാ ബാവായെ കണ്ട് തെറ്റിദ്ധാരണകളെല്ലാം നീക്കുകയും, വളരെ ലോഹ്യമായി പിരിയുകയും ചെയ്തു എന്ന സന്തോഷവാർത്ത ബ.റീശിന്റെ എഴുത്തിലുണ്ടായിരുന്നു.

പഥ്യം അല്പം കുറച്ച്, ചിലതെല്ലാം ചെയ്യുന്നതിന് വൈദ്യന്റെ അനുമതി കിട്ടുകയാൽ ആബൂനാ വളരെ പ്രസാദത്തോടുകൂടി പുറത്തേക്കൊക്കെ ഇറങ്ങിത്തുടങ്ങി.

**5 ഞായർ**

ചാപ്പലിൽ വി.കുർബാന ഇല്ലാത്തതിനാൽ എല്ലാവരും ഇടവകപ്പള്ളിയിൽ പോയി.

ജോൺ ശെമ്മാശൻ, കൊച്ചാണ്ടി സാധുവൊന്നിച്ച് കർമ്മേൽ തോട്ടത്തിൽ പ്രാർത്ഥനായോഗം നടത്താൻ പോയി.

**ഭജനം**

പുതിയ ആയാതന്മാർക്ക് സൂത്താറ മുതൽ ഭജനം ആരംഭിച്ചു. ഗുരു ധ്യാനപ്രസംഗം കൊടുക്കുന്നു.

ഇടവകപ്പള്ളിയിലെ ശുശ്രൂഷ കഴിഞ്ഞ് നാലഞ്ചുപേർ ആശ്രമം സന്ദർശിക്കാൻ വന്നു.

**6 തിങ്കൾ**

വർഗീസ് സാധുവൊഴിച്ച് ബാക്കിയുള്ളവർക്ക് ഉച്ചവരെ വിശ്രമമാണ്.

വേല - ഉച്ചകഴിഞ്ഞ് എല്ലാവരും പല വേലകളിലേർപ്പെട്ടു.

ഇഛാഭംഗം - സഭയിൽ സമാധാനം സ്ഥാപിക്കാൻ നടന്നു കൊണ്ടിരുന്ന ആലോചനകൾ, കുറേ നിരാശാജനകമായ ഒരു സ്ഥിതിയിൽ എത്തിയിരിക്കുന്നുവെന്ന് ആബൂനായ്ക്ക് കിട്ടിയ എഴുത്തുകളിൽ നിന്ന് മനസ്സിലായി. ഇത് എല്ലാവർക്കും പ്രത്യേകിച്ച്, ആബൂനായ്ക്ക് ഇച്ഛാഭംഗം തന്നെ.

– കുശിനിയിലെ ആവശ്യത്തിലേക്ക് വള്ളം അയച്ച് 200 തേങ്ങാ കൊണ്ടുവന്നു.

**7 ചൊവ്വ**

വി.കുർബാനയിൽ, ആബൂനായുടെ കല്പനപ്രകാരം സമൂഹത്തിൽ ദൈവനടത്തിപ്പ് ഉദ്ദേശമാക്കുകയും വ്രതസ്ഥർ പ്രതിഷ്ഠ പുതുക്കുകയും ചെയ്തു.

**ശാന്തിദിനം**

അടുത്തദിവസം സമൂഹത്തിന്റെ സംരക്ഷകവിശുദ്ധനായ മാർ യൂഹാനോൻ ശ്ലീഹായുടെ ഓർമ്മദിവസമാകയാൽ വറുഗീസ് സാധു, മത്തായി സാധു ഒഴിച്ചുള്ളവർ ശാന്തി ദിനമാചരിച്ചു. വറുഗീസ് സാധു കുശിനിയുടെ ചാർജ് വഹിച്ചു. പലരും ഗുരുവിന്റെ അടുക്കൽ കുമ്പസാരിച്ചു.

**8 ബുധൻ**

യൂഹാനോൻ ശ്ലീഹായുടെ ഓർമ്മദിവസമാകയാൽ സമൂഹം അത് മാറാനായ പെരുനാൾപോലെ ആചരിച്ചു. ചാപ്പലും പരിസരങ്ങളും, പൂക്കളാലും, കണയോല, കൊടികൾ ഇവയാലും അലങ്കരിക്കപ്പെട്ടിരുന്നു. തലേദിവസംതന്നെ കൊടിമരവും നാട്ടി യിരുന്നു. അലങ്കാരത്തിന്റെ ആവശ്യത്തിലേക്ക് ഇന്ന് എഴുന്നേല്ക്കാ നുള്ള മണി അരമണിക്കൂർ മുൻകൂട്ടി അടിച്ചു. ഒരുക്കങ്ങൾ കഴിഞ്ഞ് 6.30 ന് നമസ്കാരം തുടങ്ങി. 7.15 ന് വി.കുർബാന. ബസ്മല്കോയോടു കൂടി ആഘോഷപൂർണമായ പ്രദക്ഷിണം നടത്തപ്പെട്ടു. ഏവൻ ഗേലിയോനുശേഷം, മാർ യൂഹാനോൻ ശ്ലീഹായുടെ ശക്തിയേറിയ സ്നേഹത്തെ വിശദീകരിച്ചുകൊണ്ട് ആബൂനാ ഹൃദയവർജ്ജകമായ ഒരു പ്രസംഗം നടത്തി. 9.30ന് കർമ്മങ്ങൾ അവസാനിച്ചു.

ഭക്ഷണത്തിൽ പെരുന്നാളിന്റെ ചടങ്ങുകൾ. രാവിലെ എല്ലാവർക്കും പാൽക്കഞ്ഞിയായിരുന്നു. ഉച്ചയ്ക്ക് മോടിയായ ഊണ്. നാലുമണിക്ക് വട മുതലായ വിഭവങ്ങളോട് ലഘുഭക്ഷണം. പെരുന്നാൾ ഭംഗിയായി കൊണ്ടാടി. എല്ലാവരും ഇന്നു മുഴുവൻ സ്വന്തസമയമായി വിനിയോഗിച്ചു.

പുതിയ ആയാതന്മാർ ക്രമമായ പരിശീലനത്തിലേക്ക് പ്രവേശിക്കപ്പെട്ടു.

**9 വ്യാഴം**

വി.കുർബാനയ്ക്കുശേഷം, വാട്ടർ ഫോളിലേക്കുള്ള വഴി വൃത്തിയാക്കുക, മറപ്പുര ഉണ്ടാക്കുക, കൃഷിപ്പണികൾ ചെയ്യുക എന്നീ മേഖലകളിൽ ആശ്രമസ്ഥർ വ്യാപൃതരായിരുന്നു.

ചില സാധനങ്ങൾ വാങ്ങാൻ വടശേരിക്കരയ്ക്കുപോയ ജോസഫ് സാധു കുറേ റോമാന്യൂസും കൊണ്ടുവന്നു. ബ.പിതാവ് കൊല്ലത്തെത്തി റോമ്മാ ബിഷപ്പിനെ കാണുകയും അവിടെ വി.കുർബാന അണയ്ക്കുകയും ചെയ്തു എന്നതാണ് ന്യൂസ്. നാവിന് എല്ലില്ലാത്തതു കൊണ്ടുവന്ന കുഴപ്പം. പുറത്തെല്ലാം ഈ വർത്തമാനം ബഹളമായി എന്ന് ഇവിടെ വന്ന വേറെ ചിലരിൽ നിന്നു മനസ്സിലായി.

ഇന്ന് ബ.റീശിന്റെയും, യോബച്ചന്റെയും എഴുത്തുകൾ വന്നു. പിതാവ് ഇപ്പോൾ വളരെ ഭാരപ്പെടുന്നുവെന്നും, പിതാവും പുറത്തു പോയിരിക്കുന്ന ബ്രദേഴ്സ് എല്ലാവരും താമസിയാതെ ആശ്രമത്തി ലെത്തുവാനിടയുണ്ടെന്നും ആ എഴുത്തുകളിൽ നിന്ന് മനസ്സിലാക്കി.

ബഥനിപ്പള്ളി സ്ഥാപനത്തിന്റെ അത്യുത്സാഹി - കാട്ടൂർ ബഥനിപ്പള്ളി പണി ഉടനെ നടത്തുന്നതിനായി ആബൂനായെ കണ്ട് ആലോചിക്കുവാൻ കോഴഞ്ചേരി പെറ്റി ആഫീസർ മി.സി.ചെറിയാൻ കാട്ടൂർ വല്യപ്പനുമൊന്നിച്ച് ഇവിടെ വന്നിരുന്നു.

**10 വെള്ളി**

വാട്ടർ ഫോളിലേക്കുള്ള വഴി തെളിക്കുകയായിരുന്നു ഇന്നലെ വേല. ഉച്ചകഴിഞ്ഞ് മഴയായിരുന്നതിനാൽ ലൈബ്രറിക്ക് മെട തറയ്ക്കുക, മറപ്പുര കെട്ടുക, കുറുന്തോട്ടി പറിച്ച് നടുക മുതലായ ചില വേലകളെ ചെയ്യാൻ കഴിഞ്ഞുള്ളു.

**11. ശനി - വി.കുർബാനയ്ക്കുശേഷം വേല**

ആബൂനായുടെ ചാർച്ചയിൽപ്പെട്ടവരായ വെണ്ണിക്കുളത്ത് പെരുമ്പ്രാലിൽ വല്യമ്മയും മി.കെ.കെ.കുരുവിളയുടെ അനുജൻ, (ഒരു കോളജ് വിദ്യാർത്ഥി)യും കൂടി ആബൂനായെ കാണാൻ വന്നു. കഞ്ഞികുടി കഴിഞ്ഞ് തിരിച്ച് പോയി.

**13 ഞായർ**

ചാപ്പലിൽ വി.കുർബാനയില്ല. നോവിസസും ആബൂനായും ഒഴിച്ചുള്ളവർ ഇടവകപ്പള്ളിയിൽ പോയി.

സന്ദർശനം - തുമ്പമൺകാരൻ റ്റി.ഒ.മാത്യു രാത്രി 8.30-ന് ആശ്രമത്തിലെത്തി. അദ്ദേഹം ആശ്രമത്തിന്റെയും ആബൂനായുടെയും ഒരു സ്നേഹിതനാണ്. റോമാ ബഹളംകൊണ്ട് ആളുകൾ എത്രമാത്രം ഇളകിയിരിക്കുന്നുവെന്ന് അദ്ദേഹത്തിൽനിന്ന് കുറെയൊക്കെ മനസ്സിലായി.

ഇടവകപ്പള്ളിയിലെ വി.കുർബാനയ്ക്കുശേഷം മെഴുവേലിക്കാർ രണ്ടുപേരും, റാന്നിക്കാർ മൂന്നുപേരും ആശ്രമം കാണുവാൻ വന്നിരുന്നു. ഭക്ഷണം കഴിഞ്ഞ് തിരിച്ചുപോയി.

**14 തിങ്കൾ**

അലക്സാണ്ടർ ശെമ്മാശന്റെ രോഗം കുറെയൊക്കെ ഭേദമായി. കൊച്ചുജോർജിനു തലവേദന തുടങ്ങി.

സങ്കടകരമായ വാർത്ത - 12.15 ആയപ്പോൾ ഒരാൾ ഓമല്ലൂർ നിന്നു വന്നു. ജോൺ ശെമ്മാശന്റെ മൂത്ത സഹോദരൻ ഇടിയേറ്റ് മരിച്ച വാർത്തയുമായാണ് ഇദ്ദേഹം വന്നത്. ശെമ്മാശൻ ഭക്ഷണം കഴിച്ചിട്ട് വീട്ടിലോട്ട് പോയി.

**ഒരു റോമാ ന്യൂസ് വാഹിനി**

തിരുമൂലസ്കൂളിലേക്ക് ഉരുപ്പടികൊണ്ടുപോയ കോശിസാധു ഉച്ചയോടുകൂടി എത്തി. കോട്ടയം, കല്ലൂപ്പാറ, വെണ്ണിക്കുളം മുതലായ സ്ഥലങ്ങളിലെല്ലാം അദ്ദേഹം ഒന്നു ചുറ്റുകയുണ്ടായി. വേങ്ങൽ പള്ളിക്കാർ ഫാദർ സ്തേഫാനോസിനെ പറഞ്ഞയച്ചതും തിരുവല്ലാക്കാരുടെ എതിർപ്പും കല്ലൂപ്പാറക്കാരുടെ പിൻമാറ്റവും എല്ലാം അദ്ദേഹത്തിൽനിന്ന് മനസ്സിലായി. റ്റി.ഒ. മാത്യു വൈകിട്ട് 4.30 ന് തിരിച്ചുപോയി.

വീണ്ടും പഴയ ടൈംടേബിൾ - കഷ്ടാനുഭവയാഴ്ചയ്ക്കു മുമ്പ് പോസ്റ്റുലൻസിനും നോവിസസ്സിനും ഉണ്ടായിരുന്ന ടൈംടേബിൾ തന്നെ ഇന്നുമുതൽ പാലിച്ചുതുടങ്ങി.

**15 ചൊവ്വ**

ജോർജിന്റെ തലവേദന കുറഞ്ഞു. പുന്നൂസ് സാധുവിന് വേദനയും നൊമ്പരവും തുടങ്ങി. വേല-രാവിലെ കൃഷിപ്പണി ഉണ്ടായിരുന്നു.

**16 ബുധൻ**

ദൈവമാതാവിനെക്കുറിച്ചുള്ള കതിരുകളുടെ പെരുന്നാൾ - ഫാ.യോശുവാ വി.കുർബാനചൊല്ലി, ആബൂനാ പ്രസംഗിച്ചു. രാവിലെ മുതൽ പതിവുടൈംടേബിൾ.

ഇന്ന് വൈകിട്ട് ജോൺ ശെമ്മാശൻ തിരികെ വന്നു. എൻ.ജി. കുര്യാച്ചനും കൂടെ വന്നുചേർന്നു.

**17 സ്വർഗ്ഗാരോഹണപ്പെരുനാൾ**

വലിയ പെരുന്നാൾ: പെരുന്നാൾ ഒരുക്കങ്ങൾ ചെയ്വാനായി എഴുന്നേല്ക്കാനുള്ള മണി അരമണിക്കൂർ നേരത്തെ അടിച്ചു. ഈന്തലിന്റെയും, പിച്ചകത്തിന്റെയും പുഷ്പങ്ങൾകൊണ്ട് ചാപ്പലിനകം അലങ്കരിച്ച് മനോഹരമാക്കി. കുർബാനസമയത്ത്, ആബൂനാ സ്വർഗ്ഗാരോഹണത്തെപ്പറ്റി പ്രസംഗിച്ചു. ഉച്ചയ്ക്കുശേഷം വേല ഉണ്ടായിരുന്നു.

ജോൺ ശെമ്മാശന് ശാന്തിദിനമായിരുന്നു.

കുര്യാച്ചൻ ആബൂനായോടൊത്ത് കഴിച്ചുകൂടുന്നു.

ആശ്രമക്കൂദാശ: നാലുമണിയോടുകൂടി അരമനയിൽ വച്ച് വീടുകൂദാശ ശുശ്രൂഷ ആബൂനാ നടത്തുകയും, ഗുരു മറ്റുള്ള കെട്ടിടങ്ങളെല്ലാം വാഴ്ത്തി വെള്ളം തളിക്കയും ചെയ്തു. അഞ്ചുമണിയോടുകൂടി അവസാനിച്ചു.

വാകത്താനം പീലിപ്പോസ് ശെമ്മാശൻ വൈകിട്ട് ഇവിടെയെത്തി.

**18 വെള്ളി**

ഗുരു വി.കുർബാന അണച്ചു. പീലിപ്പോസ് ശെമ്മാശനും, കുര്യാച്ചനും സന്നഹിതരായിരുന്നു. ഇന്ന് ഗുരുവിന് ശാന്തിദിനമായിരുന്നു.

**18 ശനി**

ഫാദർ അബ്രാഹാം കുർബാന അണച്ചു. വേല - കൃഷി സംബന്ധമായത്.

ഒരു ശിശുവിനെ മാമോദീസാ മുക്കാനായി ഓമല്ലൂരിൽനിന്ന് കുറെ സ്ത്രീപുരുഷന്മാരെത്തി. പുരുഷന്മാർ ഉച്ചയ്ക്കുശേഷം കുമ്പസാരം നടത്തിയിട്ട്, താഴെ സ്ത്രീകൾ താമസിച്ചിരുന്ന വീട്ടിലേക്കു പോയി.

കുര്യാച്ചൻ രാവിലെ ആശ്രമം വിട്ടു. വാഴമുട്ടത്തു നിന്നൊരാൾ ആശ്രമം കാണുവാൻ വന്നു.

**19 ഞായർ**

എല്ലാവരും ഇടവകപ്പള്ളിയിൽ കുർബാനയ്ക്കു പോയി. മാമോദീസായ്ക്ക് വന്നിരുന്നവർ കുർബാന സ്വീകരിച്ചു. തൂബായ്ക്കുശേഷം മാമോദീസാ നടത്തി.

വി.കുർബാനാനന്തരം ഇടവകമീറ്റിംഗ് ഉണ്ടായിരുന്നു. സത്രത്തിൽ പുതുതായി അനുവദിച്ചു കിട്ടിയ അഞ്ചാംക്ലാസിന്റെ നടത്തിപ്പിലേക്ക് ഇടവകക്കാരെ പ്രോത്സാഹിപ്പിക്കുകയായിരുന്നു യോഗത്തിന്റെ ലക്ഷ്യം.

ജോൺ ശെമ്മാശൻ പെരുനാട് പ്രാർത്ഥനായോഗത്തിനു പോയി. തുമ്പമൺ കാലായിലെ മൂന്ന് സ്ത്രീകൾ പള്ളിപിരിഞ്ഞ് ആശ്രമം കാണുവാൻ വന്നു.

നിരണത്തു നിന്ന് മട്ടയ്ക്കൽ ഐപ്പ് സാറിന്റെ (ആബൂനായുടെ ജ്യേഷ്ഠൻ) മകൻ കുഞ്ഞപ്പനും വേറൊരാളുംകൂടി ആശ്രമത്തിൽ വന്നു.

**20 തിങ്കൾ**

വി.കുർബാന കഴിഞ്ഞ് പതിവുപോലെ കൃഷിപ്പണി ഉണ്ടായിരുന്നു.

ബർസ്കീപ്പാ അച്ചൻ ഓമല്ലൂർ, തുമ്പമൺ, തട്ട എന്നീ സ്ഥലങ്ങളി ലെല്ലാം പോയതിനുശേഷം ഇന്ന് ആശ്രമത്തിൽ വന്നു.

**ന്യൂസ്**

ബഥനിക്കാർ കോടതി കേറാതിരിക്കുന്നതിനുവേണ്ടി ബഥനി ട്രസ്റ്റിന്റെ കീഴിലല്ലാത്ത സ്വത്തുക്കളെല്ലാം ജോൺ ശെമ്മാശന്റെ

ജ്യേഷ്ഠൻ മി. പോളിന്റെ പേർക്ക് ബുധനാഴ്ച പണയാധരം എഴുതി കൈമാറ്റം ചെയ്യാൻ നിശ്ചയിച്ചിരിക്കുന്നുവെന്നും അത് കഴിഞ്ഞ ശേഷമേ ബ.പിതാവ് മറ്റേതെങ്കിലും കാര്യത്തിൽ പ്രവേശിക്കുക യുള്ളുവെന്നും ബർസ്കീപ്പാച്ചനിൽ നിന്നു മനസ്സിലായി. അതിനാൽ ഭജനംതന്നെ പെന്തിക്കോസ്തി കഴിഞ്ഞേ നടക്കാൻ ഇടയുള്ളു. റോമ്മാസഭയോടു യോജിക്കുന്നതിൽ ആളുകളുടെ സഹകരണം മുമ്പിലത്തേതിൽ വർദ്ധിച്ചുവരുന്നുവെന്നും അദ്ദേഹം പറഞ്ഞു.

**ഗുരു പ്രിൻസിപ്പാളായി**

പുതുതായി തുടങ്ങുന്ന അഞ്ചാം ക്ലാസിന് ശരിയായ ഒരാരംഭം കുറിക്കുന്നതിനായി ഗുരു കഞ്ഞികുടി കഴിഞ്ഞ് സത്രത്തിൽ പോവുകയും 4 മണി വരെ അവിടെ താമസിക്കുകയും ചെയ്തു. ഇന്ന് വന്ന 6 കുട്ടികളെ പഠിപ്പിച്ചു. ബോർഡും ബഞ്ചും ആശ്രമത്തിൽ നിന്നു കൊണ്ടുപോയി. നിരണത്തുകാർ പത്തുമണിയോടുകൂടി പോയി.

**21 ചൊവ്വാ**

ഫാ. ബർസ്കീപ്പാ 6.30 മണിയോടുകൂടി പോയി. കോഴഞ്ചേരിയിൽ നിന്നു സാധനം എടുക്കുവാനായി ജോസഫ് സാധുവും കൂടെ തിരിച്ചു. തിരുവല്ലായിലെത്തി പിതാവിനെ കണ്ടിട്ടേ കോഴഞ്ചേരിക്കു പോകയുള്ളു.

**വേല**

രാവിലെയും, ഉച്ചയ്ക്കുശേഷവും കൃഷിപ്പണിയുണ്ടായിരുന്നു. ഗുരു സത്രത്തിൽ പഠിപ്പിക്കാൻ പോയി.

**22 ബുധൻ**

ഗുരു ഇന്നും സത്രത്തിൽ പോയി. കുട്ടികളുടെ എണ്ണം 11 ആയിട്ടുണ്ട്. രാവിലെയും, ഉച്ചയ്ക്കുശേഷവും കൃഷിപ്പണി ഉണ്ടായിരുന്നു.

**ബ.റീശിന്റെ എഴുത്ത്**

ഇന്നുതന്നെ പണയാധാരം രജിസ്റ്റർ ചെയ്യുമെന്നും, അവിടെയുള്ളവർക്ക് അടുത്ത മൂന്ന് ദിവസം ഭജനം തിരുമൂലയിൽവച്ച് നടക്കുമെന്നും കത്തിലുണ്ടായിരുന്നു.

www.malankaralibrary.com

**ആണ്ടുഭജനം**

പെന്തിക്കൊസ്തിക്കുമുമ്പ് പതിവുള്ള വാർഷികഭജനം സൂത്താറ മുതൽ ആരംഭിച്ചു. ഭജനം നടത്തുന്നത് ബ. ആബൂനായാണ്.

**23 വ്യാഴം**

ചില അത്യാവശ്യ ജോലികളുള്ളതിനാൽ ജോസഫ് സാധു, പുന്നൂസ് സാധു, വറുഗീസ് സാധു എന്നിവരും സത്രത്തിൽ ക്ലാസ് ഉള്ളതിനാൽ ഗുരുവും ഭജനത്തിൽ സംബന്ധിക്കാൻ നിവൃത്തിയില്ലാതെയാണിരിക്കുന്നത്. 'ക്രിസ്തീയ ജീവിതത്തിൽ പരിപൂർണത' എന്നുള്ളതാണ് പ്രസംഗവിഷയം.

മൂന്നു മണിയോടെ ജോസഫ് സാധു സാധനങ്ങളുമായി തിരിച്ചെത്തി.

**24 വെള്ളി**

ഭജനം തുടരുന്നു.

**25 ശനി**

ജോർജിന്റെയും, കീവർച്ചന്റെയും ഭജനം ഇന്നവസാനിച്ചു. ഇന്നത്തെ പ്രസംഗവിഷയം ശരിയായ സേവനത്തിന് ആവശ്യമായ കാര്യങ്ങൾ എന്നുള്ളതായിരുന്നു. ഇത് വേണ്ടിടത്തോളം നമ്മുടെ സമൂഹത്തിൽ കാണുന്നില്ലെന്നുള്ള സൂചന പ്രസംഗത്തിലുണ്ടായിരുന്നു.

തവണവെച്ച് കൃഷിക്ക് കാവൽ - ഇന്നു രാത്രി മുതൽ അർത്ഥികളും വ്രതസ്ഥരും, പന്നിയെ ഓടിക്കാൻ ചാട്ടയും, ചെങ്കോലും എല്ലാമായി തവണവച്ച് കൃഷികളിൽ ചുറ്റിനടക്കുന്ന ജോലി തുടങ്ങി.

**26 ഞായർ**

പെന്തിക്കൊസ്തിപ്പെരുന്നാൾ - ദീർഘകാലത്തിനുശേഷം ആബൂനാ ഇന്ന് വി.കുർബാന ചൊല്ലി. പെന്തിക്കൊസ്തിയുടെ ഒരു ശുശ്രൂഷ നടത്തി. ഇടവകപ്പള്ളിയിൽ ഗുരു വി.കുർബാന അണച്ചു. മൂന്ന് ശുശ്രൂഷകളും നടത്തി. ജോൺ ശെമ്മാശൻ പ്രസംഗിച്ചു. അഞ്ചാറുപേർ കുമ്പസാരിച്ച് കുർബാന സ്വീകരിച്ചു. ഡോക്ടർ അലക്സാണ്ടർ പുന്നൂസ് സാധുവിനെ സന്ദർശിച്ച് രോഗവിവരങ്ങൾ മനസ്സിലാക്കി, മരുന്നിന് ആളിനെ അയക്കാൻ പറയുകയും ചെയ്തു.

**27 തിങ്കൾ**

അഞ്ചാം ക്ലാസിലേക്കുള്ള പുതിയ അദ്ധ്യാപകൻ ആശ്രമത്തിൽ എത്തി താമസിക്കുന്നു. ഫൈനൽ പരീക്ഷ പാസ്സായ നിരണം സ്വദേശി കെ.എം. വറുഗീസ്. പിതാവിന്റെ കല്പനപ്രകാരം പീലിയെ അഞ്ചാംക്ലാസിൽ പഠിക്കാനയച്ചു. അവനുപകരം കുശിനി ജോലിക്ക് ഉച്ചക്ക് കൊച്ചുകീവറീച്ചനും, വൈകിട്ട് കൊച്ചുജോർജ്ജും പൊയ്ക്കൊണ്ടിരിക്കുന്നു.

**28 ചൊവ്വ**

ക്ലാസ് ക്രമീകരിച്ച് അദ്ധ്യാപകനെ ഏല്പിക്കാനായി ഗുരു സത്രത്തിൽ പോയി. ഉച്ചയ്ക്ക് തിരിച്ചെത്തിയെങ്കിലും കുട്ടികളെ സ്കൂളിലയക്കാൻ ആളുകളെ പ്രോത്സാഹിപ്പിക്കാനായി വീണ്ടും പോയി.

**പിടിയരി പിരിവ്**

ജോസഫ് സാധു, വറുഗീസ് സാധു, കൊച്ചാണ്ടി സാധു, ജോർജ് എന്നിവർ പതിവുസ്ഥലങ്ങളിൽ പോയി പിടിയരി പിരിച്ചു കൊണ്ടുവന്നു.

ഇന്നലെ വന്ന അദ്ധ്യാപകൻ ബ.പിതാവ് വരുന്നതുവരെ ഇവിടെ താമസിക്കുവാൻ ആബൂനാ അനുവദിച്ചതിനാൽ അനാഥശാലയിൽ താമസിക്കുന്നു.

വടശേരിക്കര നിന്നും വൈദ്യൻ ആബൂനായെയും പുന്നൂസ് സാധുവിനെയും പരിശോധിച്ച് പുതിയ ചികിത്സ നിർദ്ദേശിക്കയും അതു ചെയ്യാനുദ്ദേശിക്കയും ചെയ്യുന്നു.

**29 ബുധൻ**

വി.യാക്കോബ് ശ്ലീഹാ ഇദംപ്രഥമമായി വി.കുർബാന അണച്ചതിന്റെ ഓർമ്മ. ഗുരു വി.കുർബാന അണക്കുകയും, കുർബാനയിലുള്ള ഭക്തി പുതുക്കത്തക്കവണ്ണം കുർബാനയിൽ ഉദ്ദേശം പാലിക്കാൻ ഉപദേശിക്കയും ചെയ്തു.

– കാർഷിക വേല ചെയ്തു.

– തിങ്കളാഴ്ച മുതൽ പിതാവിന്റെ ആഗമനം പ്രതീക്ഷിച്ചിരിക്കയാണ് എല്ലാവരും.

**30 വ്യാഴം**

ഉച്ചയ്ക്കു മുമ്പും, ശേഷവും കൃഷികാര്യങ്ങളിൽ എല്ലാവരും ഏർപ്പെട്ടിരുന്നു.

പുതിയ അഞ്ചാം ക്ലാസിലേക്ക് കുട്ടികളെ കിട്ടുന്ന കാര്യം ലക്ഷ്യം വച്ചുകൊണ്ട് ഗുരു നാറാണംമൂഴിക്ക് പോയി. 6 മണിയോടുകൂടി തിരിച്ചെത്തി.

ജോസഫ് സാധു ചിറ്റാറിലേക്ക് പിടിയരിപ്പിരിവിനായി പോയി. വൈകിട്ട് പൊതുക്ലാസിന്റെ സമയത്ത് നാളത്തെ ദിവസത്തെ സംബന്ധിച്ച് (ശ്ലീഹന്മാരുടെ വെള്ളിയാഴ്ച) ഗുരു ചാപ്പലിൽ വച്ച് പ്രസംഗിച്ചു.

**31 വെള്ളി**

സ്വർണ്ണവെള്ളിയാഴ്ച - ഈ ദിവസത്തെ പ്രത്യേക ഓർമ്മ ബസ്മൽക്കാ സമയത്ത് കഴിച്ചു.

മഴയാകയാൽ ലൈബ്രറിയിലെ പുസ്തകങ്ങൾ അടുക്കി. ചിലർ കൃഷിക്കാര്യങ്ങളിലും ഏർപ്പെട്ടു.

ആബൂനാ വടശേരിക്കര വൈദ്യന്റെ വിധിപ്രകാരം കഷായം സേവിച്ചുതുടങ്ങി.

**ബ.റീശിന്റെ കത്ത്**

റോമ്മാ സഭയോടുള്ള ഐക്യത്തിൽ പൊതുവെ ജനങ്ങളുടെ വിദ്വേഷം കുറഞ്ഞുവരുന്നതായും പിതാവും, റീശുംകൂടി ഈ ആഴ്ച അവസാനത്തിലോ അടുത്ത ആഴ്ചയോ തിരുവല്ലായിൽനിന്നും ഇങ്ങോട്ടു വരുവാനുദ്ദേശിക്കയാണെന്നും കല്ലൂപ്പാറനിന്നും തോമസ് എന്നൊരു ഹയർകാരൻ അദ്ധ്യാപകൻ മിഥുനം ആറാം തീയതി ആശ്രമത്തിൽ ചേരാനായി ഇവിടെ എത്തുമെന്നും, പണത്തിന് ഏറ്റം ഞെരുക്കമായിരിക്കയാൽ തുണി വാങ്ങുവാൻ നിവൃത്തിയില്ലാത്തതു കൊണ്ട് കീറിയ വസ്ത്രം തന്നെ ഉപയോഗിക്കുവാൻ നിവൃത്തി ഉള്ളുവെന്നും മറ്റും എഴുത്തിൽ വിവരിച്ചിരിക്കുന്നു.

- ബർസ്കീപ്പാ അച്ചന്റെ അനുജൻ ശൂരനാട്ട് നിന്നുംവന്നിരുന്നു.

32 ശനി

പുതുതായി ആരംഭിച്ച ക്ലാസ് സംബന്ധിച്ച് ചില കാര്യങ്ങളിൽ സാധിക്കാനായി മലയാളം സ്കൂൾ അസിസ്റ്റൻഡ് ഇൻസ്പെക്ടറെ കാണാനായി പെരുനാട് മലയാളം സ്കൂളിലെ ഒരദ്ധ്യാപകനായ പാലമറ്റത്ത് ഗോപാലപിള്ള സാറുമൊത്ത് ജോൺ ശെമ്മാശൻ പത്തനംതിട്ടക്ക് പോയി. അരമന, ഭക്ഷണശാല ഇവ തളിച്ചു. കൃഷിപ്പണി. തിരുവല്ലായിൽ ദീർഘകാലം താമസിച്ചശേഷം ബ.റീശ് തിരിച്ചെത്തി.

**പുനരൈക്യചിന്തകൾ**

സഭാപുനരൈക്യാലോചനകൾ പൂർവാധികം ശക്തിയായി നടന്നുകൊണ്ടിരിക്കുന്നുവെന്നും, ബ.പിതാവ് പെന്തിക്കൊസ്തിക്ക് വെണ്ണിക്കുളത്തുവച്ച് അതിന്റെ നന്മയെ പരാമർശിച്ച് പ്രസംഗിച്ചതിന്റെ ഫലമായി സ്ഥലത്തു കാരും, വാശിയോടുകൂടി ചോദ്യം ചെയ്യാൻ വന്നിരുന്ന കോട്ടയത്തു കാരും ഈ പ്രസ്ഥാനത്തോട് വളരെ അനുഭാവമുള്ളവരായിത്തീർന്നി രിക്കുന്നുവെന്നും, ബ.പിതാവ് അടുത്ത ആഴ്ചയിൽ ഇവിടെ എത്തുമെന്നുമുള്ള വിവരങ്ങൾ അദ്ദേഹത്തിൽ നിന്ന് മനസ്സിലായി.

അലക്സാണ്ടർ ശെമ്മാശൻ പനി പിടിച്ച് ശയ്യാവലംബിയായി. വെണ്മണിയിൽ നിന്നും ശെമ്മാശന്റെ ജ്യേഷ്ഠനും വേറൊരാളും വന്നു സന്ദർശിച്ചിട്ട് പോയി.

**ആശ്രമസ്ഥന്മാരിൽ ചിലരുടെ ഒളിച്ചോട്ടം**

ആശ്രമസ്ഥന്മാരിൽ ചിലർക്ക് പുനരൈക്യപ്രസ്ഥാനം ഒട്ടും ദഹിക്കാത്ത ഒരു വസ്തുവായിരുന്നു. ന്യായവാദത്തിന് അവർ ധൈര്യപ്പെട്ടില്ല. ആശ്രമസ്ഥരിൽ ഭൂരിപക്ഷം ആളുകളും പുനരൈക്യ ത്തിന് അനുകൂലികളാണെന്നു കണ്ടപ്പോൾ കൂട്ടത്തിൽ നിന്ന് ഒഴിഞ്ഞുമാറി അകൽച്ച പാലിക്കാനാണ് അവർ തുനിഞ്ഞത്. 17.6.30ൽ, അതാ ഉടമസ്ഥനില്ലാതെ ഒരു കുടയും എട്ട് ചക്രവും (കാശ്) പെരുനാട് ആശ്രമത്തിലെത്തിയിരിക്കുന്നു. സാധുക്കളിൽ ഒരാൾ കൊടുത്തയച്ചതാണെന്നത്രേ ദൂതന്റെ പ്രസ്താവന. ഉടമസ്ഥനെ അറിയാതെ ആശ്രമസ്ഥന്മാർ കുഴങ്ങി. അങ്ങനെയിരിക്കെ തിരുവല്ലായിൽ താമസിച്ചിരുന്ന യോഹന്നാൻ സാധു, 'അബ്രഹാം സാധുവിനെ

www.malankaralibrary.com

കാണ്മാനില്ല' എന്നു പറഞ്ഞുകൊണ്ട്, പെരുനാട് ആശ്രമത്തിൽ പ്രത്യക്ഷപ്പെട്ടു. നാലുദിവസങ്ങൾ കഴിഞ്ഞപ്പോൾ കുടയുടെ ഉടമസ്ഥനും ആശ്രമത്തിലെത്തി. നാലുദിവസവും പട്ടിണിയായിരുന്നു. നനഞ്ഞുകുഴഞ്ഞ്, ആരുടെയും സഹതാപം ആർജ്ജിക്കത്തക്ക അവസ്ഥയിലാണ് സന്യാസി ആശ്രമത്തിൽ പ്രത്യക്ഷപ്പെട്ടത്. ഏതാനും ദിവസങ്ങൾക്കുശേഷം 28-6-30-ൽ ആ സാധുവിനെ തന്നെ വീണ്ടും കാണാതായി. ഭാഗ്യത്തിന് ഈ പ്രാവശ്യം തലയിണക്കീഴിൽ ഒരു കുറിപ്പ് എഴുതിവച്ചിട്ടാണ് പോയത്. കുറിപ്പിന്റെ ചുരുക്കം "ഞാൻ എങ്ങോട്ടാണ് പോകുന്നതെന്ന് എനിക്കുതന്നേ അറിഞ്ഞുകൂടാ" എന്നായിരുന്നു. രണ്ടാം ദിവസം 30-ാം തീയതി "എന്റെ സകല ആത്മീയപ്രയാസങ്ങളും തീർന്നിരിക്കുന്നു" എന്നു പറഞ്ഞുകൊണ്ടാണ് അദ്ദേഹം ആശ്രമത്തിൽ പുനരാഗമിച്ചത്.

2-7-30. ഫാദർ യോശുവാ പെരുനാട് ആശ്രമ ചാപ്പലിൽ വച്ച് തല്ക്കാല വ്രതം പുതുക്കി.

### വടശ്ശേരിക്കര ബഥനി പള്ളികൂദാശ

12-7-30-ൽ വന്ദ്യപിതാവ് വടശ്ശേരിക്കര ബഥനി പള്ളി കൂദാശ ചെയ്ത് അവിടെ പ്രഥമപൂജ നടത്തി. വി. കുർബാന മദ്ധ്യേ ചെറിയ തുബ്ദേൻ ആദ്യമായി ചൊല്ലി തുടങ്ങി.

### രഹസ്യ സന്ദർശനങ്ങൾ

അകത്തോലിക്കരിൽനിന്ന് പ്രതികൂലം മാത്രം ലഭിച്ചു കൊണ്ടിരുന്ന ഈ കാലഘട്ടത്തിൽ ചുരുക്കമായി കത്തോലിക്കരിൽ നിന്ന് പ്രോത്സാഹനവും ലഭിക്കാതിരുന്നില്ല. അവർ കത്തുകൾ വഴിയും രഹസ്യസന്ദർശനങ്ങൾ വഴിയും തങ്ങളുടെ അനുഭാവം പ്രദർശിപ്പിച്ചു കൊണ്ടിരുന്നു. ബഹു.പുരയ്ക്കലച്ചൻ, സ്റ്റീഫനച്ചൻ (TOCD), വി.റ്റി.തോമസച്ചൻ, പീടകയിലച്ചൻ മുതലായവരാണ് ഇവരിൽ പ്രധാനികൾ. ചൂളപ്പറമ്പിൽ തിരുമേനിയുടെ സന്ദർശനവും ബെൻസിഗർ തിരുമേനിയുടെ കത്തും പ്രത്യേകം പരിഗണനാർഹമാണ്. ശീമയിൽ അപ്രേം റഹമാനി പാത്രിയർക്കീ സിനോടുകൂടെ കുറെനാൾ താമസിച്ച ബ.ശമുവേൽ അച്ചൻ 9.7.30-ൽ പെരുനാട് ആശ്രമത്തിൽ വന്ന് മാർ ഈവാനിയോസ് തിരുമേനിയെ സന്ദർശിക്കയും, തിരുമേനിയോടുകൂടെ ഏതാനും ദിവസങ്ങൾ കഴിച്ചുകൂട്ടുകയും ചെയ്തു. ഈ ദിവസങ്ങളിൽ

പട്ടസ്വീകരണത്തിനായി ഒരുങ്ങിക്കൊണ്ടിരുന്ന ബ.ജോൺ ശെമ്മാശനെ സുറിയാനി പഠിപ്പിക്കുന്നതിനും അദ്ദേഹം കുറെ സമയം വിനിയോഗിച്ചു. പട്ടത്വസീകരണത്തിന് ഒരുങ്ങാൻവേണ്ടി ശെമ്മാശൻ മറ്റെല്ലാ ചുമതലകളിൽനിന്നും വിടർത്തപ്പെട്ടു.

**മൃതശരീരത്തെ ചൊല്ലി വാദപ്രതിവാദം**

തിരുവല്ലാ സ്വദേശിയായ വർക്കി കോരത് (ചേരിയിൽ) പുനരൈക്യപ്രസ്ഥാനത്തിന് അനുകൂലിയായിരുന്നു. 16.7.30 ന് അദ്ദേഹം കാലം ചെയ്തു. അദ്ദേഹത്തെ എവിടെ അടക്കണമെന്നതിനെ ചൊല്ലി പുനരൈക്യ പ്രസ്ഥാനത്തിന്റെ അനുകൂലികളും പ്രതികൂലികളും തമ്മിൽ ഒരു മൽപിടുത്തം തന്നേ നടന്നു. ഒടുവിൽ ഗവൺമെന്റ് ഇടപെട്ടാണ് വീട്ടുകാരുടെ അഭീഷ്ടാനുസരണം തിരുമൂലപുരത്തുള്ള ബഥനിവക സ്ഥലത്ത് സംസ്കാരം നടത്തിയത്.

ഇങ്ങനെ ആശ്രമത്തിനകത്തും പുറത്തും പുനരൈക്യ പ്രസ്ഥാനത്തോടുള്ള എതിർപ്പു ശക്തിപ്പെട്ടു വന്നുവെങ്കിലും ആശ്രമപിതാവും ആശ്രമാംഗങ്ങളും പുനരൈക്യത്തിനുള്ള തങ്ങളുടെ ശ്രമങ്ങളും പുരോഗമിപ്പിച്ചുകൊണ്ടിരുന്നു. റോമ്മാ സിംഹാസനത്തിലും, ദലഗാദ് അപ്പസ്തോലിക്കാ സന്നിധിയിലും ആവശ്യമായ രേഖകൾ ശരിപ്പെടുത്തുന്നതിൽ തിരുമേനി വ്യാപൃതനായിരുന്നു.

**പെരുനാട് ഇടവകപള്ളിയിൽ ചെറിയ തുബ്ദേൻ ഉൽഘാടനം**

27-7-30-ൽ മാർ തിയോഫിലോസു തിരുമേനി ചെറിയ തുബ്ദേൻ ഉപയോഗിച്ച് പെരുനാട് ബഥനി പള്ളിയിൽ വി. കുർബാന ചൊല്ലി. കുർബാനാനന്തരം "ചെറിയ തുബ്ദേൻ ചൊല്ലാൻ കാരണമെന്ത്" എന്ന് നിരണം സ്വദേശിയും കുറങ്ങാലി എസ്റ്റേറ്റിലെ ആസ്പത്രിയിൽ ജോലി നോക്കിവന്നയാളുമായ ഡോക്ടർ അലക്സാണ്ടർ ചോദ്യം ചെയ്തു. വന്ദ്യ തിരുമേനി ഡോക്ടറെയും പാർശ്വവർത്തികളെയും ഒരു വിധത്തിൽ സമാധാനപ്പെടുത്തി വിട്ടു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

**ജോൺ ശെമ്മാശ്ശൻ പട്ടത്തിന് ഒരുങ്ങുന്നു**

വന്ദ്യപിതാവിനെ സന്ദർശിപ്പാനായി പെരുനാട് ആശ്രമത്തിൽ ആഗതനായ ഫാദർ ശമുവേൽ 28-7-30 മുതൽ ജോൺ ശെമ്മാശ്ശനെ സുറിയാനി പഠിപ്പിക്കാൻ തുടങ്ങി. ശെമ്മാശ്ശന് ഒരു പുതിയ ടൈംടേബിൾ നല്കപ്പെട്ടു. പോസ്റ്റുലൻസിന്റെ ചുമതലയിൽ നിന്ന്

ശെമ്മാശ്ശനെ വിടർത്തി. തല്ക്കാലത്തേയ്ക്ക് ആ ചുമതല കൂടെ നവശിഷ്യ ഗുരുവായ ഫാദർ യോശുവായേ ഏല്പിച്ചു. 31-7-30-ൽ വന്ദ്യപിതാവ് ജോൺ ശെമ്മാശ്ശന് എവുപദ്‌യക്നോൻ പട്ടം കൊടുത്തു.

**മൂന്നു നേരവും കഞ്ഞി**

ഇടവകകളിൽ നിന്ന് ബഥനിക്കാർക്ക് പിടിയരികൊടുത്തു പോകരുതെന്ന് വട്ടശ്ശേരിൽ മെത്രാപ്പോലീത്താ നിരോധന പുറപ്പെടുവിച്ചതു മൂലം ആശ്രമത്തിലേക്ക് അരി കിട്ടാൻ നിർവാഹമില്ലാതായി. അതിനാൽ മൂന്നു നേരവും കഞ്ഞിയാക്കുന്നതു സമ്മതമാണെന്ന് ആശ്രമസ്ഥന്മാർ പരസ്യമായി പ്രസ്താവിക്കുകയും 1-8-30 മുതൽ അതു നടപ്പിലാക്കുകയും ചെയ്തു. അതോടുകൂടെ രാത്രികാലങ്ങളിലെ കൃഷിക്കാവൽ കൂലിക്കാരെ ഏല്പിക്കുകയുമുണ്ടായി.

**പെരുനാട് ഇടവക പള്ളിയിൽ ഫാദർ ശമുവേൽ വി. കുർബാന അർപ്പിച്ചു**

3-8-30-ൽ ഫാദർ ശമുവേൽ പെരുനാടു ബഥനി പള്ളിയിൽ വി. കുർബാന ചൊല്ലുകയും, റോമൻ കത്തോലിക്കരായ ഫ്രാൻസിസ് മുതൽ പേർ അതിൽ സംബന്ധിക്കുകയും ചെയ്തു.

**പുലിക്കോട്ടു റമ്പാച്ചനും ചേപ്പാട്ടു റമ്പാച്ചനും കാതോലിക്കാ ബാവയുടെ കല്പന**

കുറെ നാളുകളായി ബ. പുലിക്കോട്ടു ജോസഫു റമ്പാച്ചനും ചേപ്പാട്ടു ഫീലിപ്പോസു റമ്പാച്ചനും തിരുമൂല ആശ്രമത്തിലാണ് താമസം. അവിടെ നിന്ന് ഉടനെ ഇറങ്ങിക്കൊള്ളണമെന്നും, അല്ലാത്തപക്ഷം മുടക്കുമെന്നും കാതോലിക്കാബാവാ അവരുടെ പേർക്കു കല്പന അയച്ചു. അവരെ ഇറക്കിവിടണമെന്നു കാണിച്ച് വന്ദ്യപിതാവിനും ബാവാ കല്പന അയച്ചിരുന്നു. അവർക്കുകിട്ടിയ കല്പനയുമായി, 11-8-30-ൽ അവർ പെരുനാട് ആശ്രമത്തിൽ വന്ന് വന്ദ്യപിതാവിനെ വിവരമറിയിച്ചു.

**തിരുവല്ല ബഥനിപ്പള്ളിയിൽ കശപിശ**

11-8-30-ൽ എം.ജി.എം. ഹൈസ്കൂളിൽ പഠിച്ചു കൊണ്ടിരുന്ന പത്തനംതിട്ട സ്വദേശിയായ ഒരു ശെമ്മാശ്ശൻ, വി. കുർബാന മദ്ധ്യേ ശുശ്രൂഷക്കാരന്റെ കൈയിൽ നിന്ന് ധൂപക്കുറ്റി പിടിച്ചു പറിക്കുകയും

ബഹളമുണ്ടാക്കുകയും ചെയ്തു. എം.ജി.എം. ഹൈസ്കൂളിലെ ഒരു അധ്യാപകൻ ഇടപെട്ടാണ് ബഹളം ശമിപ്പിച്ചത്. ബഥനിക്കാർ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടാനിരിക്കുന്നു എന്നുള്ള ശ്രുതി ഇതിനകം പ്രസിദ്ധമായതുകൊണ്ട് അതിനോടുള്ള പ്രതിഷേധം ശെമ്മാശ്ശൻ ഈ വിധം പ്രകടിപ്പിക്കുക യായിരുന്നു.

### കത്തോലിക്ക പുരോഹിതന്മാരുടെ സന്ദർശനം

12-8-30-ൽ ബ. മാത്യു പുരയ്ക്കലച്ചൻ വന്ദ്യപിതാവിനെ സന്ദർശിച്ചു. തലേരാത്രി അദ്ദേഹം സത്രത്തിലാണ് കഴിച്ചു കൂട്ടിയത്. അതിരാവിലെ ആശ്രമത്തിലെ വന്ദ്യപതാവിനെ സന്ദർശിച്ച ശേഷം വന്ദ്യറമ്പാച്ചനുമൊത്ത് അന്നു തന്നെ തിരിച്ചു പോയി. 13-8-30-ൽ ബ. ഫാദർ സ്റ്റീഫൻ റ്റി.ഒ.സി.ഡി, ഫാദർ വി.റ്റി.തോമസ് എന്നിവർ പെരുനാട് ആശ്രമത്തിലെത്തി വന്ദ്യപിതാവിനെ സന്ദർശിക്കയുണ്ടായി.

### തിരുവല്ലാ ബഥനിപ്പള്ളി പൂട്ടിയിടുന്നു

14-8-30-ൽ ഫാദർ യോബ് തിരുവല്ലായിൽ നിന്ന് വളരെ ധൃതിയായി പെരുനാട് ആശ്രമത്തിലെത്തി വന്ദ്യപിതാവിനെ കണ്ടു. തിരുവല്ലായിലും  പരിസരങ്ങളിലും റോമ്മാ വിരുദ്ധ പ്രചരണങ്ങൾ പ്രചണ്ഡമായി നടക്കുന്നു എന്ന് അദ്ദേഹം പിതാവിനെ ബോധിപ്പിച്ചു. തലേ ഞായറാഴ്ച (11-8-30) ബഥനിപ്പള്ളിയിൽ നടന്ന അനിഷ്ട സംഭവവും അദ്ദേഹം തിരുമേനിയെ ഉണർത്തിച്ചു. "കൊച്ചുതിരുമേനി തിരുവല്ലായിലെത്തുന്നതുവരെ തിരുവല്ലാ ബഥനിപ്പള്ളി പൂട്ടിക്കിട ക്കട്ടെ" എന്ന വന്ദ്യപിതാവിന്റെ കല്പനയോടുകൂടെ ബ. അച്ചൻ തിരുവല്ലായിക്കു മടങ്ങി.

### ഫാദർ അലക്സിയോസിന്റെ എതിർ പ്രചരണം

സിംഗപ്പൂരിൽ നിന്നും മടങ്ങിവന്ന ഫാദർ അലക്സ്യോസ് ആദ്യമായി തിരുമൂലപുരത്തുവച്ച് വന്ദ്യപിതാവിനെ കണ്ടപ്പോൾ പിതാവ് കത്തോലിക്കാ പുനരൈക്യത്തെപ്പറ്റി അദ്ദേഹത്തോടു സംസാരിച്ചു. അപ്പോൾ അദ്ദേഹം വിസമ്മതമൊന്നും പറഞ്ഞില്ല. എങ്കിലും തിരികെ പെരുനാട്ടിൽ പോകാതെ, കോട്ടയത്തു പോയി മട്ടയ്ക്കൽ മല്പാനച്ച നെയും വട്ടശ്ശേരി തിരുമേനിയെയും  കാണുകയാണുണ്ടായത്. അവരുടെ പ്രേരണകൾക്ക് വഴിപ്പെട്ട് വ്യത്യസ്ത മനുഷ്യനായിട്ടത്രേ അദ്ദേഹം പെരുനാട്ടിൽ തിരിച്ചെത്തിയത്. അപ്പോൾ മുതൽ

ആശ്രമസ്ഥരുടെ ഇടയിൽ പുനരൈക്യത്തിന് എതിരായ പ്രചരണവും തുടങ്ങി. ഇടവക പള്ളികളിൽ താമസിച്ചിരുന്ന ഫാദർ ബർസ്കീപ്പാ, ഫാദർ യോബു മുതലായവരെയും സ്വന്തകക്ഷിയിൽ ചേർക്കാൻ അവർക്കും അദ്ദേഹം കത്തുകളെഴുതി. താമസിയാതെ വന്ദ്യ തിരുമേനിമാർ പെരുനാട്ടിലെത്തി. അതോടെ ഫാദർ അലക്സ്യോസിന്റെ പ്രചരണത്തിന്റെ മൂർച്ച കുറഞ്ഞു. എങ്കിലും ആശ്രമത്തിനകത്ത് രഹസ്യപ്രചരണം അപ്പോഴും നടത്തി ക്കൊണ്ടിരുന്നു.

**പെരുനാട് ആശ്രമം വിട്ടിറങ്ങാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു എന്നുള്ള ആശ്രമപിതാവിന്റെ പ്രസ്താവന**

17.8.30ൽ വി.കുർബാനാനന്തരം പെരുനാട് ഇടവകപ്പള്ളിയിൽ വച്ച് ആശ്രമസ്ഥന്മാർ മുണ്ടൻമല വിട്ടിറങ്ങാനുദ്ദേശിക്കുന്നു എന്ന് വന്ദ്യപിതാവ് പരസ്യമായി പ്രസ്താവിച്ചു. കൂടാതെ കത്തോലിക്കാ പുനരൈക്യത്തിന്റെ ആവശ്യകതയെപ്പറ്റിയും തിരുമേനി ശ്രോതാക്കളെ ഉൽബോധിപ്പിച്ചു. ആശ്രമത്തിൽവച്ച്, യാക്കോബായ ഗ്രന്ഥങ്ങളിൽ നിന്നുതന്നേ ഉദ്ധരിച്ച് കത്തോലിക്കാ സഭയുടെ അവകാശവാദങ്ങളുടെ ന്യായയുക്തതയെ ആശ്രമസ്ഥന്മാർക്കു തെളിയിച്ചു കൊടുക്കുകയും ചെയ്തു.

**വന്ദ്യപിതാവിന്റെ ക്ഷമായാചന**

18-8-30-ൽ പെരുനാടു ബഥനി ആശ്രമ ചാപ്പലിൽ വച്ച് തിരുമേനി ജോൺ ശെമ്മാശ്ശന് മ്ശംശോനോ പട്ടം കൊടുത്തു. പട്ടം കൊടയോട് അനുബന്ധിച്ചുള്ള വിശുദ്ധ കുർബാന സമയത്ത് ശുശ്രൂഷക്കാരൻ വരുത്തിയ എന്തോ തെറ്റിനെപ്പറ്റി വന്ദ്യപിതാവ് പെട്ടെന്ന് കോപിച്ചു പോയി. വി. കുർബാനാനന്തരം അതേപ്പറ്റി വന്ദ്യപിതാവ് ആശ്രമസ്ഥന്മാരോട് എല്ലാവരോടുമായി ക്ഷമായാചനം ചെയ്തു തന്റെ മഹാമനസ്കത വെളിപ്പെടുത്തി.

ഫാദർ അലക്സ്യോസിന്റെ എതിർപ്രചരണവും, ആശ്രമസ്ഥന്മാരിൽ ചിലരുടെ പിൻമാറ്റവും വന്ദ്യപിതാവിനെ അത്യധികം വേദനിപ്പിച്ചു. എങ്ങനെയെങ്കിലും ആശ്രമത്തിനകത്ത് സമാധാനമുണ്ടാകട്ടെ എന്നു കരുതി സന്യാസപ്രതിജ്ഞകളിൽ നിന്ന് വിടുതൽ വേണമെന്നാഗ്രഹി ക്കുന്നവർ രഹസ്യമായി അറിയിച്ചാൽ അവർക്കു വിടുതൽ നല്കുന്നതാണ് എന്ന് വന്ദ്യപിതാവ് ആശ്രമത്തിൽ പരസ്യമായി പ്രസ്താവിച്ചു.

**ബഥനി ചാപ്റ്റർ**

1930 ആഗസ്റ്റ് 19-ാം തീയതി രാവിലെ 10 മണിയ്ക്ക് പെരുനാടു ബഥനി ആശ്രമത്തിൽ വച്ച് സമൂഹത്തിന്റെ ജനറൽ ചാപ്റ്റർ കൂടി. വന്ദ്യപിതാവ്, കൊച്ചുതിരുമേനി, ഫാദർ സ്തേഫാനോസ് എന്നിവർ മാത്രമേ ചാപ്റ്റർ അംഗങ്ങളായിരുന്നുള്ളൂ. സെക്രട്ടറിമാരായി ഫാദർ യോശുവാ, ജോൺ ശെമ്മാശൻ എന്നിവരും പ്രത്യേക ക്ഷണപ്രകാരം ചാപ്റ്ററിൽ സംബന്ധിച്ചു. കത്തോലിക്കാ പുനരൈക്യ ത്തെപ്പറ്റിയും ചാപ്റ്ററിൽ ആലോചിച്ചു. ചാപ്റ്റർ കഴിഞ്ഞ് എല്ലാവരും കൂടെ ഫാദർ അലക്സ്യോസിന്റെ അടുക്കലേക്കു ചെന്നു. വന്ദ്യപിതാവ് അദ്ദേഹ ത്തോട് ഇപ്രകാരം പറഞ്ഞു. "അബൂനാ എന്നോട് സഹകരിപ്പാൻ നിശ്ചയിച്ചിട്ടില്ലാത്തതുകൊണ്ട് ഈ നാഴിക മുതൽ എന്നെ അനുസരിപ്പാനുള്ള സകല കടമകളിൽ നിന്നും, ആശ്രമ സംബന്ധമായ എല്ലാ ചുമതലകളിൽ നിന്നും വിടുവിച്ചിരിക്കുന്നു. ഞങ്ങൾ ആശ്രമം വിട്ട് വേറെ എവിടെയെങ്കിലും പോയി താമസിക്കാൻ നിശ്ചയിച്ചിരി ക്കുകയാണ്."

**ആശ്രമാദ്ധ്യക്ഷന്റെ ഹൃദയസ്പൃക്കായ രോദനം**

19-8-1930-ൽ ഉച്ചനമസ്ക്കാരത്തിന് ആശ്രമസ്ഥർ എല്ലാവരും പെരുനാടു ബഥനി ചാപ്പലിൽ യഥാസ്ഥാനങ്ങളിൽ ഉപവിഷ്ടരായി. കസേര പടിഞ്ഞാറോട്ട് തിരിച്ചിടുവാൻ വന്ദ്യപിതാവ് ആംഗ്യം കാണിച്ചതനുസരിച്ച് ഒരാൾ കസേര തിരിച്ചിട്ടു. ഹൃദയവേദനയോടു കൂടെ തിരുമേനി പറഞ്ഞുതുടങ്ങി. "ദൈവതിരുനാമ മഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും വേണ്ടി സന്യാസ ജീവിതത്തിലേയ്ക്ക് നാം വിളിക്കപ്പെട്ടിരിക്കുന്നു. പരസ്പര സ്നേഹത്തിലും ഐക്യത്തിലും ഇന്നുവരെ നാം ജീവിച്ചു. കർത്താവിന്റെ തിരുശരീരമാകുന്ന സഭ ശീശ്മകളാൽ മുറിപ്പെട്ടു കിടക്കുന്നതത്രേ ഞാൻ കാണുന്നത്. എന്നെ ആയിരം കഷണങ്ങളായി മുറിച്ച് ആ മുറിവുകളിൽ വച്ച് അവയിൽ ഒന്നെങ്കിലും കരിയ്ക്കാൻ കഴിഞ്ഞിരുന്നെങ്കിൽ എന്നു ഞാൻ ആശിക്കയാണ്. അതിനായി പല മാർഗ്ഗങ്ങളും ഞാൻ ആലോചിച്ചു നോക്കി. എല്ലാം വിഫലമായി. ഇപ്പോളിതാ ഒരു മാർഗ്ഗം ദൈവം തെളിച്ചു തന്നിരിക്കുന്നു. നിങ്ങളിൽ ചിലർക്ക് എന്നോടു സഹകരിക്കാൻ

കഴിയുന്നില്ലല്ലോ എന്നോർത്ത് ഞാൻ സങ്കടപ്പെടുന്നു. നമ്മുടെ മുമ്പാകെ അവർ ചെയ്തിട്ടുള്ള എല്ലാ പ്രതിജ്ഞകളിൽ നിന്നും അവരെ ഇതാ വിടുവിച്ചിരിക്കുന്നു. നാമും നമ്മെ അനുകൂലിക്കുന്ന ആശ്രമ സ്ഥരും ഈ ആശ്രമം വിട്ടിറങ്ങുകയാണ്. ദൈവം തിരുവുള്ളമാകുന്ന ഏതെങ്കിലും സ്ഥലത്തു ചെന്നു താമസിക്കണം എന്ന് ആഗ്രഹിക്കുന്നു. എവിടയെന്ന് ഒരു നിശ്ചയവുമില്ല" ഇപ്രകാരം പറഞ്ഞ് കണ്ണുനീർ വാർത്തുകൊണ്ട് തിരുമേനി നമസ്ക്കാരം ആരംഭിച്ചു.

**ആശ്രമപിതാവും അശ്രമസ്ഥരും മാതൃമന്ദിരം വിട്ടിറങ്ങുന്നു**

20-8-1930 ബുധൻ രാവിലെ 10 മണിയ്ക്ക് മുണ്ടൻമല വിട്ടിറങ്ങണമെന്നാണ് നിശ്ചയിച്ചിരുന്നത്. ആശ്രമപിതാവും, അദ്ദേഹത്തെ അനുകൂലിക്കുന്ന ആശ്രമസ്ഥരെല്ലാവരും ചാപ്പലിൽ കയറി വി. കുർബാനയിൽ എഴുന്നെള്ളിയിരിക്കുന്ന ദിവ്യരക്ഷകനെ പ്രപ്രശയപൂർവ്വം ആരാധിച്ചിട്ട് യാത്ര പറഞ്ഞിറങ്ങി. ഫാദർ അലക്സ്യോസ് ഏങ്ങലടിച്ച് കണ്ണുനീർ വാർത്തുകൊണ്ടു കിടക്കയിൽ കിടപ്പാണ്. അദ്ദേഹത്തോടു ചേർന്നു നില്ക്കുന്ന മത്തായി സാധു, അബ്രഹാം സാധു, പുന്നൂസു സാധു, ജോസഫ് സാധു, ഗീവർഗ്ഗീസു പറപ്പള്ളി എന്നിവർ പുറത്തു പ്രത്യക്ഷപ്പെടാതെ ആശ്രമത്തിൽ അങ്ങിങ്ങായി കഴിഞ്ഞു കൂടുകയാണ്. ബാക്കി ആശ്രമസ്ഥരെല്ലാം ആശ്രമ പിതാവിനെ അനുഗമിക്കുവാൻ തയ്യാറായി നില്ക്കുന്നു. "ഓരോരുത്തരുടെ നിത്യോപയോഗത്തിനുള്ള സാമാനങ്ങൾ മാത്രം എടുത്താൽ മതി. ബാക്കിയെല്ലാം ഇവിടെ കിടന്നുകൊള്ളട്ടെ" എന്ന് പിതാവു കല്പിച്ചു. അതനുസരിച്ച് ആശ്രമസ്ഥന്മാർ അവരവരുടെ സാമാനങ്ങൾ ഓരോ ചെറിയ ഭാണ്ഡങ്ങളായി കെട്ടുകയായി. ആശ്രമത്തിലെ കൂലിക്കാരുടെ കടങ്ങളെല്ലാം ഇളച്ചുകൊടുത്തിരിക്കുന്നു എന്ന് അവരോടു പിതാവ് കല്പിച്ചു. വിരഹ താപം എല്ലാവരുടെയും മുഖത്തു പ്രതിബിംബിക്കുന്നുണ്ട്. യാത്രയ്ക്കുള്ള ഒരുക്കങ്ങളെല്ലാം പൂർത്തിയായപ്പോൾ വന്ദ്യപിതാവ്, ആശ്രമ സ്ഥന്മാരോടു കൂടെ ഫാദർ അലക്സ്യോസിനെ സമീപിച്ച് കൈയിൽ കെട്ടിയിരുന്ന വിലയേറിയ വാച്ച് അഴിച്ചു കൊടുത്തുകൊണ്ട് ഇത്രമാത്രം പറഞ്ഞു. "ഇതാ എന്റെ അവസാന സമ്മാനം. ഞങ്ങൾ പോകുന്നു."

കൃത്യം 10 മണിക്ക് അവരവരുടെ ഭാണ്ഡവുമായി ആശ്രമ സ്ഥന്മാർ ആറ്റുകടവിലേയ്ക്ക് ഇറങ്ങി തുടങ്ങി. കൊല്ലന്റെ കടവിൽ

സജ്ജീകരിച്ചിരുന്ന മൂന്നു ചെറു വള്ളങ്ങളിൽ കയറി കക്കാട്ടാറ്റിൽ കൂടെ അവർ കീഴോട്ടു യാത്രയായി. പമ്പയുടെയും കക്കാട്ടാറിന്റെയും സംഗമ സ്ഥാനമായ പൂവത്തുമ്മൂട്ട കടന്ന് പമ്പയിൽ കൂടെ വടശ്ശേരിക്കരയ്ക്കു നീങ്ങി. ഒരു മണിക്കൂർ കൊണ്ട് വടശ്ശേരിക്കര പള്ളിക്കടവിൽ എത്തിചേർന്നു. വടശ്ശേരിക്കര ബഥനി ചാപ്പലിന്റെ വരാന്തയിൽ വച്ചു ഉച്ചഭക്ഷണം കഴിച്ചു. വീണ്ടും പമ്പയാറ്റിൽ കൂടെ ഒരു കെട്ടുവള്ളത്തിൽ കീഴോട്ടു യാത്ര തുടർന്നു. കൊച്ചു തിരുമേനി ക്ഷീണിച്ചുവശായി; ചികിത്സാനന്തരമുള്ള പഥ്യത്തിൽ കഴിയുകയായിരുന്നു തിരുമേനി. പഥ്യം തീരുന്നതിനു മുമ്പാണ് ഈ യാത്ര. ഒന്നു വിശ്രമിക്കാമെന്നു കരുതിയാണ് രോഗിയായ ഫാദർ സ്തേഫാനോസ് പെരുനാട് ആശ്രമത്തിലേയ്ക്കു വന്നത്. അദ്ദേഹം ഈ യാത്രയിൽ പങ്കു കൊള്ളുന്നുണ്ട്. കോഴഞ്ചേരി കടവിലേയ്ക്കാണ് യാത്ര. അവിടെ നിന്ന് തിരുമൂലപുരത്ത് എത്താമെന്നും ആശിച്ചിരുന്നു. പക്ഷേ റാന്നിയിൽ എത്തിയപ്പോഴേയ്ക്കും സന്ധ്യയായിപ്പോയി. അവിടെവച്ച് ബ.ഫാദർ ബർസ്കീപ്പാ ഒരു പുതിയ നിവേദനം തീർത്ഥാടകരുടെ മുമ്പിൽ സമർപ്പിച്ചു. അദ്ദേഹം വന്ദ്യ പിതാവിനെ ഉണർത്തിക്കുകയാണ്. "വന്ദ്യ പിതാവേ, നാം തിരുവല്ലായിൽ പോയി താമസിക്കുന്ന പക്ഷം നിരവധി വിഷമതകൾ അനുഭവിക്കേണ്ടിവരും. വെണ്ണിക്കുളത്താണെ ങ്കിൽ അങ്ങനെയൊന്നും ഉണ്ടാകുകയില്ല.' യാത്രക്കാരോടു കൂടെയുണ്ടായി രുന്ന വെണ്ണിക്കുളംകാരായ മേടയിൽ മി. പാപ്പി, ചുരുളുകുഴിയിൽ മി. സ്കറിയ മുതലായവരും ഈ അഭിപ്രായത്തോടു യോജിച്ചു. "എങ്കിൽ അങ്ങനെതന്നേ'' എന്നു വന്ദ്യപിതാവും സമ്മതിച്ചു. അങ്ങനെ കോഴഞ്ചേരിക്കു വിട്ട വള്ളം റാന്നികടവിൽ തന്നേ അടുപ്പിച്ചു. അവിടെ നിന്നു ലൈൻ ബസ്സു കയറി എല്ലാവരും സന്ധ്യകഴിഞ്ഞതോടെ വെണ്ണിക്കുളത്തുള്ള വെള്ളാറ മേമല സ്കൂളിൽ എത്തി ചേർന്നു. ആഗസ്റ്റ് 20-ലെ ആശ്രമസ്ഥന്മാരുടെ അത്താഴം വെണ്ണിക്കുളംകാരുടെ ഔദാര്യത്തിലായിരുന്നു. രാത്രി വെള്ളാറ മേമല സ്കൂളിൽ തന്നേ ആശ്രമസ്ഥന്മാരെല്ലാം കഴിച്ചുകൂട്ടി. മുണ്ടൻമല വിട്ടിറങ്ങിയ ബഥനി ആശ്രമസ്ഥരുടെ പേരുകൾ താഴെ ചേർക്കുന്നു.

1. മാർ ഈവാനിയോസ് തിരുമേനി
2. മാർ തിയോഫിലോസ് തിരുമേനി
3. ഫാദർ ബർസ്കീപ്പാ
4. ഫാദർ അബ്രഹാം

5. ഫാദർ ബർസ്ലീബാ
6. ഫാദർ സ്തേഫാനോസ്
7. ഫാദർ യോബു
8. ഫാദർ യോശുവാ
9. ജോൺ ശെമ്മാശ്ശൻ
10. കോശി സാധു
11. അപ്രേം സാധു
12. യൗനാൻ സാധു
13. അലക്സന്ത്രയോസു ശെമ്മാശ്ശൻ
14. വർഗ്ഗീസ് സാധു
15. അന്തോനി സാധു
16. യോഹന്നാൻ സാധു
17. നൈനാൻ സാധു
18. ജോർജ്ജ് (Senior)
19. ജോർജ്ജ് (Junior)
20. ഗീവർഗ്ഗീസ്

### കാഞ്ഞരത്തുങ്കൽ ഭവനം പുതിയ ബഥനി ആശ്രമമായി രൂപാന്തരപ്പെടുന്നു

1930 രാവിലെ കാഞ്ഞരത്തുങ്കൽ മി. കുര്യനും (കുട്ടി) കുടുംബവും ജ്യേഷ്ഠന്റെ വീട്ടിലേയ്ക്കു താമസം മാറ്റുകയും, കാഞ്ഞരത്തുങ്കൽ ഭവനം ബഥനിക്കാരുടെ താമസത്തിനായി ഒഴിഞ്ഞു കൊടുക്കുകയും ചെയ്തു. അന്നേദിവസം രാവിലെ ഫാദർ യോശുവാ ബഥനി പള്ളിയിൽ വി. കുർബാനയർപ്പിക്കുകയും ആശ്രമസ്ഥരെല്ലാം അതിൽ സംബന്ധിക്കുകയും ചെയ്തു. തദനന്തരം എല്ലാവരും വെള്ളാറ മേമല സ്കൂളിൽ നിന്ന്, തങ്ങളുടെ ഭാണ്ഡങ്ങളും വഹിച്ചുകൊണ്ട് കാഞ്ഞരത്തുങ്കൽ ഭവനത്തിലേയ്ക്കു താമസം മാറ്റി. ഇനി കുറേ നാളത്തേക്കു കാഞ്ഞരത്തുങ്കൽ ഭവനമായിരിക്കും ബഥന്യാശ്രമം.

22-ാം തീയതി രാവിലെ നമസ്ക്കാരം, ധ്യാനം ആദിയായവ വന്ദ്യപിതാവിനോടു കൂടെ പുതിയ വസതിയിൽ വച്ച് ആശ്രമസ്ഥർ നടത്തി. പുതിയ വസതിയിൽ താമസ സൗകര്യങ്ങൾ തുലോം കുറവാണ്. ഏകാന്തതയില്ല; എല്ലാം പരസ്യം, എല്ലാം പൊതുവിൽ. എന്നാലും ആശ്രമസ്ഥന്മാർ ഏവരുടെയും മുഖത്ത് പ്രസന്നത കളിയാടുന്നുണ്ട്. ഇതും ഇതിലധികവും സഹിക്കാൻ ഒരുങ്ങിയാണല്ലോ അവർ വീടു വിട്ടിറങ്ങിയത്.

### വന്ദ്യപിതാവും വട്ടശ്ശേരിൽ പിതാവുമായുള്ള സംഗമം

മാർ ഈവാനിയോസ് തിരുമേനി ജോൺ ശെമ്മാശ്ശനുമൊത്ത് വെണ്ണിക്കുളത്തു നിന്നും തിരുവനന്തപുരത്തേയ്ക്കു തിരിച്ചു. വരും മദ്ധ്യേ തിരുവല്ലായിൽ കുറച്ചു താമസം നേരിട്ടതിനാൽ ജോൺ

ശെമ്മാശ്ശൻ വെണ്ണിക്കുളത്തേക്കു തിരിച്ചുവന്നു. വന്ദ്യപിതാവ് തിരുവനന്തപുരത്ത് എത്തി മി. ഇ. ജെ. ജോൺ വക്കീലിനെ കണ്ട് അദ്ദേഹം എഴുതി കൊടുത്തിരുന്ന പെരുനാട്ടിലെ 100 ഏക്കർ വസ്തുവിന്റെ ആധാരം അദ്ദേഹത്തെ ഏല്പിച്ചിട്ട് തിരികെ പോന്നു. പിതാവ് തിരുമൂലപുരം ആശ്രമത്തിൽ വന്നപ്പോൾ വട്ടശ്ശേരിൽ തിരുമേനി അവിടെയുണ്ടായിരുന്നു. വന്ദ്യപിതാവ് നേരെ ചാപ്പലിൽ ചെന്ന് പ്രാർത്ഥിച്ചതിന്റെ ശേഷം വട്ടശ്ശേരിൽ തിരുമേനിയുടെ അടുക്കലേക്കു വന്നു. അദ്ദേഹത്തിന്റെ പാദത്തിൽ സാഷ്ടാംഗം വീണ് പാദം മുത്തിയശേഷം ദൂരെ മാറി മുട്ടിന്മേൽ ഇരുന്നു. പഞ്ചപുച്ഛമടക്കി തൊഴുതുകൊണ്ട് സങ്കടമായും അപേക്ഷയായും ഓരോന്നു പറയുവാൻ തുടങ്ങി. ആദ്യമായി പറഞ്ഞത് ഞാൻ അവിടുത്തെ ഏതെങ്കിലും വിധത്തിൽ വേദനപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതെല്ലാം ദൈവത്തെ യോർത്ത് എന്നോടു ക്ഷമിക്കണം; എന്നെ അനുഗ്രഹിക്കണം എന്നായിരുന്നു. കസേരയിൽ ഇരുന്ന ശേഷമേ സംസാരിക്കുകയുള്ളൂ എന്ന് വട്ടശ്ശേരിൽ തിരുമേനി നിർബന്ധിച്ചതിനാൽ പിതാവു കസേരയിൽ ആസനസ്ഥനായി. പിന്നീട് മുണ്ടൻമലയിൽ നിന്ന് ഇറങ്ങിപ്പോരുവാനുള്ള കാരണം, ആശ്രമസ്ഥരുടെ ഇപ്പോഴത്തെ താമസം, അസോസിയേഷൻ യോഗത്തിന് തിരുവല്ലാ ബഥനി പള്ളിയുടെ പ്രതിപുരുഷനായി കൊച്ചു മാമ്മൻ വക്കീലിന്റെ പേർക്ക് കല്പന അയച്ചതിന്റെ അസംഗത്യം പുലിക്കോട്ടു റമ്പാച്ചനെ തിരുമൂലപുരം ആശ്രമത്തിൽ നിന്നു ഇറക്കിവിടണമെന്നു കാണിച്ചു കാതോലിക്കാബാവാ അയച്ചകല്പന, കാതോലിക്കാ ഫണ്ട് ഉണ്ടാക്കാൻ വട്ടശ്ശേരിൽ തിരുമേനി സമ്മതിക്കാതിരുന്നത് ബഥനി മെത്രാപ്പോലീത്താ യുടെ പ്രേരണ മൂലമാണെന്നുള്ള കാതോലിക്കാ ബാവായുടെ അടിസ്ഥാനരഹിതമായ ആരോപണം ഇവയെല്ലാം സംസാരവിഷയ മായി. സംസാരത്തിന്റെ അവസാനത്തിൽ വന്ദ്യപിതാവ് വീണ്ടും വട്ടശേരിൽ മെത്രാച്ചന്റെ പാദം മുത്തി. “ഞാൻ അവിടുത്തെ പാദം മുത്തേണ്ടതാണ്'' എന്നു പറഞ്ഞു വട്ടശ്ശേരിൽ തിരുമേനി എഴുന്നേറ്റപ്പോൾ പിതാവു പുറത്തേയ്ക്കു ഓടി കളഞ്ഞു. അതിരാവിലെ വട്ടശ്ശേരിൽ തിരുമേനി എഴുന്നേറ്റ് യാത്ര പറയുവാനായി ചാപ്പലിലേക്കു ചെന്നു. വീണ്ടും കുറെ നേരം തമ്മിൽ സംസാരിച്ചശേഷം അന്യോന്യം

ചുംബനം ചെയ്തു പിരിഞ്ഞു. വളരെ ഭയാശങ്കയോടെ വീക്ഷിച്ചിരുന്ന ഈ സമാഗമം ഇങ്ങനെ ഏറ്റം ദൈവീകമായി പര്യവസാനിച്ചതിനാൽ വന്ദ്യപിതാവ് അത്യന്തം സന്തോഷിക്കുകയും കൃതജ്ഞതാപൂർവ്വം ദൈവത്തിനു സ്തുതി സമർപ്പിക്കുകയും ചെയ്തു.

**എവുപ്പതിയക്നോൻ പട്ടവും മ്ശംശോനോ പട്ടവും**

മാർ ഈവാനിയോസ് തിരുമേനി ദുസ്സഹമായ മനോവേദന അനുഭവിച്ചുകൊണ്ടിരുന്ന ഈ ദശാസന്ധിയിലും, തന്നെ അനുഗമിച്ച ആശ്രമസ്ഥരുടെ കാര്യത്തിൽ ഉദാസീനനായിരുന്നില്ല. അവരുടെ സന്യാസജീവിതവും, വൈദികജീവിതവും സംബന്ധിച്ച് നടത്തേണ്ട കാര്യങ്ങൾ യഥാസമയം തന്നേ നിറവേറ്റുന്നുണ്ടായിരുന്നു. ആശ്രമ സ്ഥന്മാർ വെണ്ണിക്കുളത്തു താമസിക്കുന്ന കാലത്ത് 1930 സെപ്റ്റംബർ 11-ാം തീയതി ബഹു.അലക്സന്ത്രയോസ് ശെമ്മാശന് എവുപ്പതി യക്നോൻ പട്ടവും സെപ്റ്റംബർ 18-ാം തീയതി മ്ശംശോനോ പട്ടവും മാർ ഈവാനിയോസ് തിരുമേനി നൽകുകയുണ്ടായി.

**ആശ്രമസ്ഥന്മാരുടെ ത്രിശങ്കു സ്വർഗ്ഗവാസം**

കാഞ്ഞരത്തുങ്കൽ വീട്ടിലെ താമസം ഏതാണ്ട് അത്തരത്തിലുള്ള ഒന്നായിരുന്നു. അശ്രമസ്ഥന്മാരുടെ ഇതപര്യന്തമുള്ള ഉപജീവന മാർഗ്ഗത്തിൽ പ്രധാനപ്പെട്ട ഒരു ഇനമായിരുന്നു ഓർത്തഡോക്സ് പള്ളികളിൽ നിന്നും വ്യക്തികളിൽ നിന്നും പിടിയരി, മാസവരി, സംഭാവനകൾ മുതലായവ. മേലാൽ അവ കൊടുത്തു പോകരുതെന്ന് വട്ടശ്ശേരിൽ മെത്രാപ്പോലീത്താ നിരോധിച്ചതോടെ ആ വരവു നിലച്ചു. പെരുനാടു മുണ്ടൻമലയിൽ നിന്ന് ഇറങ്ങി പോന്നതുകൊണ്ട് പറമ്പിൽനിന്നുള്ള ആദായവും നഷ്ടപ്പെട്ടു. കത്തോലിക്കാ പുനരൈക്യം സാധിച്ചിട്ടില്ലാത്തതുകൊണ്ട് കത്തോലിക്കരിൽ നിന്നുള്ള സഹായവും ആശിക്കാമായിരുന്നില്ല. അതിനാൽ സ്വാഭാവികമായി ചിന്തിച്ചാൽ ആശ്രസ്ഥന്മാർ പട്ടിണിക്ക് ചീട്ട് വാങ്ങിയതായിരുന്നു. പക്ഷേ സർവശക്തനായ ദൈവം അതിനിടയാക്കിയില്ല. ഗുണ കാംഷികളായ ചില വൈദികരും അല്മേനി പ്രമുഖരും ബഥനിയുടെ സഹായത്തിനായി ഓടിയെത്തി. വന്ദ്യശ്രീ പുലിക്കോട്ടു ജോസഫു റമ്പാൻ, ചേപ്പാട്ടു പീലിപ്പോസു റമ്പാൻ, ശ്രീമാൻ എ. പീലിപ്പോസ് എം.എ. ബി.എൽ, കെ.വി. ചാക്കോ ബി.എ.എൽ.റ്റി., മേളാമ്പറമ്പിൽ ഉമ്മൻ, മേടയിൽ പാപ്പി, തുണ്ടിയിൽ ഫിലിപ്പ്, പനങ്ങോട്ടത്ത് ഉമ്മൻ

എന്നിവർ അവരിൽ ചിലർ മാത്രമാണ്. എന്നാൽ വന്ദ്യപിതാവിന് ഏറ്റം അധികം പ്രോത്സാഹനവും ധൈര്യവും നൽകിയത് കലേക്കാട്ടിൽ ബ. തോമ്മസു കത്തനാർ ആയിരുന്നു. അദ്ദേഹം തിരുമേനിയെ സന്ദർശിച്ച് ഇപ്രകാരം പറയുകയുണ്ടായി. "പിതാവേ, വട്ടശ്ശേരിൽ മെത്രാന്റെ ഭീക്ഷണിപ്പെടുത്തൽ കൊണ്ട് ഒട്ടും വിഷമിക്കേണ്ടാ. ആശ്രമത്തിലോ, മഠത്തിലോ അരിയോ സാമാനങ്ങളോ ഇല്ലാതെ വരുമ്പോൾ ഒരു കാളവണ്ടി വീട്ടിലേക്ക് അയച്ചാൽ മതി. അവർക്കുള്ളതെല്ലാം കൊടുത്തയയ്ക്കാം. അതുപോലെ പണത്തിനും ബുദ്ധിമുട്ടു വരുമ്പോൾ അറിയിച്ചാൽ എത്ര വേണമെങ്കിലും എന്റെ ബാങ്കിൽ നിന്നും കൊടുത്തയയ്ക്കാം." അക്കാലയളവിൽ അക്രൈസ്തവരായ സഹൃദയരിൽ നിന്നും സുലഭമായി സഹായം ബഥനിക്കു ലഭിച്ചിട്ടുണ്ട്. വെണ്ണിക്കുളത്തിനടുത്ത് പുല്ലാട്ടുള്ള ഒരു പുരാതന കുടുംബാംഗവും പൊതുകാര്യ പ്രസക്തനുമായ വരിക്കണ്ണാമല നാരായണൻ വൈദ്യൻ സ്വന്തം കൈയിൽ നിന്ന് തല്ക്കാലത്തേയ്ക്കു പണമിറക്കി നാലര ഏക്കർ സ്ഥലം ആശ്രമസ്ഥന്മാരുടെ താമസത്തിനായി വാങ്ങിക്കൊടുത്തു എന്നത് ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്.

**ഫാദർ ബർസ്കീപ്പായുടെ വിഭ്രാന്തി**

പെരുനാട്ടിൽ നിന്നിറങ്ങിയ ആശ്രമസ്ഥന്മാരെ ഫാദർ ബർസ്കീപ്പായും അനുധാവനം ചെയ്തു. വെണ്ണിക്കുളത്തു വന്നതിന്റെ ശേഷവും ആശ്രസ്ഥരോട് സഹോദര ഭാവേന വർത്തിച്ചു വന്നു. കാഞ്ഞരത്തുങ്കൽ ഭവനത്തിൽ എല്ലാവർക്കും കൂടെ താമസിക്കാൻ സൗകര്യമില്ലാതിരുന്നതിനാൽ അച്ചൻ ബഥനി പളളിയിൽ തന്നേ താമസിച്ചു. വന്ദ്യപിതാവിനെക്കുറിച്ച് വളരെ ബഹുമാനത്തോടു കൂടിയും, പുനരൈക്യത്തെക്കുറിച്ച് അനുകൂലഭാവത്തിലുമാണ് സന്ദർശകരോടു സംസാരിച്ചിരുന്നത്. അങ്ങനെയിരിക്കെ ഒരു ദിവസം മോഹാലസ്യപ്പെട്ടു വീഴുവാനിടയായി. ഉടനെ ആശ്രമസ്ഥ ന്മാർ അദ്ദേഹത്തിന്റെ സഹായത്തിനായി ഓടിയെത്തി. ആവശ്യമായ ശുശ്രൂഷകൾ ചെയ്തു കൊടുത്തു. ആശ്രമത്തിൽ നിന്നു തന്നെയാണ് അച്ചന് ഭക്ഷണം കൊടുത്തുകൊണ്ടിരുന്നതും. ബഥനിപ്പള്ളിയിൽ അദ്ദേഹവും ഫാദർ യോശുവായും മാറിമാറി വി.കുർബാന ചൊല്ലി ക്കൊണ്ടിരുന്നു. അച്ചന്റെ മോഹാലസ്യത്തെ തുടർന്ന് സന്ദർശകരുടെ സംഖ്യ വർദ്ധിച്ചു. രോഗശമനത്തിന് അത് ബാധകമാണെന്നു

www.malankaralibrary.com

കാണുകയാൽ, പള്ളിയിൽ നിന്ന് കാഞ്ഞരത്തുങ്കലേയ്ക്ക്, അച്ചന്റെ താമസം മാറ്റി. ചുമന്നുകൊണ്ടുവന്നത് ആശ്രമസ്ഥർ തന്നെയായിരുന്നു. അച്ചന്റെ ശുശ്രൂഷയ്ക്ക് ആശ്രസ്ഥന്മാരിൽ രണ്ടുപേരെ പ്രത്യേകം നിയോഗിച്ചു. ഫാ. ജോഷ്വാ പലപ്പോഴും അച്ചന്റെ മുറിയിൽ തന്നെയാണ് ഉറങ്ങിയിരുന്നത്. മറ്റുള്ളവരോടൊപ്പം കത്തോലിക്കാസഭയിൽ ചേരുന്ന തിനുള്ള അപേക്ഷയിൽ ഒപ്പിട്ടു കൊടുക്കുവാനാവശ്യപ്പെട്ടപ്പോൾ ഫാദർ ബർസ്കീപ്പാ അല്പം മടി കാണിച്ചു. സുഖമില്ലാതിരിക്കയാണല്ലോ എന്നു കരുതി വന്ദ്യപിതാവ് നിർബന്ധിച്ചില്ല. 'സുഖമില്ലാതി രുന്നതുകൊണ്ട് ഞാൻ അപേക്ഷയ്ക്ക് ഒപ്പിട്ടില്ലെന്നേയുള്ളു. ഭാരപ്പെടരുതെന്ന് പിതാവിനോടു പറയണമേ' എന്ന് പിന്നീട് അദ്ദേഹം ഫാദർ ജോഷ്വായോടു പറയുകയുണ്ടായി എന്നതും പ്രസ്താവ്യമാണ്.

അങ്ങനെയിരിക്കെ ഒരു രാത്രിയിൽ ഫാദർ അലക്സ്യോസ് ബ. അച്ചനെ കാണ്മാനായി വന്നു. രണ്ടുപേരും തമ്മിൽ ദീർഘനേരം കരച്ചിലും പിഴിച്ചിലും ഉണ്ടായി. അതിരാവിലെ അച്ചൻ ഫാദർ അലക്സ്യോസിന്റെ അടുക്കൽ കുമ്പസാരിച്ചു. ഫാദർ ജോഷ്വാ അന്നേ ദിവസം ബഥനി പള്ളിയിൽ വി. കുർബാന ചൊല്ലുകയും, ഫാദർ അലക്സ്യോസ് പ്രസംഗിക്കുകയും ചെയ്തു. പ്രസംഗമദ്ധ്യേ കത്തോ ലിക്കാ പുനരൈക്യത്തിന് എതിരായ ഒരു സൂചന നൽകാതിരുന്നില്ല. ഫാദർ അലക്സ്യോസ് വെണ്ണിക്കുളം വിട്ടതിനുശേഷം കാഞ്ഞരത്തു ങ്കൽ കുട്ടി, തലയാറ്റ് ഉണ്ണൂണ്ണി മുതലായവർ ബ. അച്ചനെ പലപ്പോഴും സന്ദർശിക്കുകയും കത്തോലിക്കാ പുനരൈക്യത്തിന് എതിരായ ഒരു മനോഭാവം അദ്ദേഹത്തിൽ ഉരുവാക്കുകയും ചെയ്തു. വന്ദ്യതിരുമേനി മാർ കൂടെക്കൂടെ അച്ചനെ സന്ദർശിച്ചു കൊണ്ടിരുന്നു. അവർ ആരെ ങ്കിലും വന്നാലുടനെ അച്ചന്റെ സുഖക്കേട് വർദ്ധിക്കയായി. കൈയും കാലുമിട്ടടിക്കയും, അപസ്വരം കേൾപ്പിക്കയുമായി. തന്നിമിത്തം കാര്യമായി യാതൊന്നും അച്ചനോടു പറയാതെ അവർ സ്ഥലം വിട്ടു വന്നു. ഫാദർ അലക്സ്യോസിന്റെ സന്ദർശനത്തോടെ അദ്ദേഹത്തിൽ ഉളവായ പുനരൈക്യത്തോടുള്ള എതിർ മനോഭാവം കുറേനാള ത്തേയ്ക്ക് വെളിപ്പെടുത്താതെയാണ് ഇരുന്നതെങ്കിലും അവസരം കിട്ടു മ്പോളൊക്കെ ആശ്രമത്തിലെ നവാഗതരെയും അനാഥ കുട്ടികളെയും തന്റെ മനോഭാവത്തിലേയ്ക്കു വരുത്താൻ കിണഞ്ഞു പരിശ്രമിച്ചു

കൊണ്ടിരുന്നു. തന്റെ വക പള്ളി സാമാനങ്ങളെല്ലാം പള്ളിയിൽ നിന്നെടുപ്പിച്ച് സ്വന്തം കട്ടിലിന്റെ കീഴിൽ നിക്ഷേപിച്ചു. ക്രമേണ പുനരൈക്യത്തിനെതിരായ പരസ്യ പ്രചരണം തന്നേ ആരംഭിച്ചു.

**31-8-1930:** വടശ്ശേരിക്കര ബഥനിപ്പള്ളി നടത്തിക്കൊണ്ടിരുന്നത് ആശ്രമസ്ഥരായിരുന്നു. പതിവുപോലെ പള്ളി നടത്തുവാനായി തലേദിവസം തന്നേ ഫാദർ ജോഷ്വാ ഒരു സാധുവിനോടു കൂടെ വടശ്ശേരിക്കരയി ലെത്തി ഫാ. അലക്സ്യോസ് അപ്പോൾ വടശ്ശേിക്കരെ ഉണ്ടായിരുന്നു. പിറ്റേ ദിവസം (ഞായറാഴ്ച) പള്ളിയിൽ വി. കുർബാന ചൊല്ലിക്കാതിരിക്കാനുള്ള സകല ഏർപ്പാടുകളും അദ്ദേഹം ചെയ്തിരുന്നുവെന്ന് അനന്തര സംഭവം വെളിപ്പെടുത്തി. മി. വി.ജി. മാത്യു വാഴപ്പിള്ളേത്തിന്റെ നേതൃത്വത്തിൽ ഒരു കൂട്ടം ആളുകൾ സമ്മേളിച്ച് പള്ളിയുടെ പൂട്ട് തല്ലിപൊളിച്ച് പുതിയ പൂട്ടുതറച്ച് പള്ളി ബന്തവസ്സാക്കി. പിറ്റേ ദിവസം രാവിലെ അവർ പള്ളി മുറ്റത്തു സമ്മേളിച്ചു. രാവിലെ ഫാ. ജോഷ്വാ കുർബാന ചൊല്ലുവാൻ പള്ളി സ്ഥലത്തു ചെന്നപ്പോൾ കണ്ട കാഴ്ച ഇതാണ്. കൂട്ടത്തിൽ നിന്ന് മി. വി.ജെ. മാത്യു മുമ്പോട്ടു വന്ന് ഇന്നു വി. കുർബാന ചൊല്ലുവാൻ അനുവദിക്കുകയില്ല എന്നു പറഞ്ഞു. പുനരൈക്യത്തിന് അനുകൂലികളായി കൈവിരലിൽ എണ്ണാനുള്ള ആളുകൾ പോലും ഉണ്ടായിരുന്നില്ല. അതിനാൽ അവിടെ താമസി ക്കാതെ ഫാദർ ജോഷ്വാ കൂട്ടുകാരൻ സാധുവിനോടു കൂടെ സ്ഥലം വിട്ടു. വടശ്ശേരിക്കര കത്തോലിക്കാ പള്ളിയിൽ ഇന്നു ഇടവകക്കാരിൽ ഒരു നല്ല പങ്ക് വാഴപ്പിള്ളേത്തു കുടുംബക്കാരാണ്. വിസ്തൃതമായ ദിവ്യപരിപാലന!

**4.9.30 കോട്ടയത്തു അസോസിയേഷൻ കമ്മറ്റിയോഗം**

മുൻ കമ്മറ്റിയോഗങ്ങളിലേതുപോലെ ഇതിലും മാർ ഈവാനിയോസ് തിരുമേനിയോ മാർ തിയോഫിലോസ് തിരുമേനിയോ സംബന്ധിക്കയുണ്ടായില്ല. ബഥനിയും ബഥനിപള്ളിയും യാക്കോബായ സഭയിൽ നിന്നും അസോസിയേഷൻ കമ്മിറ്റിയിൽ നിന്നും സ്വതന്ത്രമാകയാൽ ഈ യോഗത്തിലേക്ക് ബഥനിപ്പള്ളിയുടെ പ്രതിപുരുഷന്മാരായി ആരെയും അയയ്ക്കുന്നതല്ല എന്നും അതിനു വിപരീതമായി ആരെങ്കിലും സംബന്ധിക്കുന്നതായാൽ അത് അസാധുവായിരിക്കു മെന്നും 2-1-106 (15-8-30) ൽ മാർ ഈവാനിയോസ് തിരുമേനി നേരത്തേ തന്നെ അസോസിയേഷൻ കമ്മിറ്റി പ്രസിഡന്റായ വട്ടശ്ശേരിൽ മെത്രാനച്ചന്റെ പേർക്കെഴുതി അയച്ചിരുന്നു.

www.malankaralibrary.com

**ബഥനിക്കു ഒരു പുതിയ കശീശാ കൂടെ**

വന്ദ്യപിതാവിന്റെ ആജ്ഞാനുസരണം ബ.ജോൺ ശെമ്മാശൻ 7.9.1930 ൽ തിരുവല്ലായിലേക്കു പോകുകയും, അവിടെവച്ച് 10–9–30 ൽ വന്ദ്യപിതാവിനാൽ കശീശായായി അഭിഷേചിക്കപ്പെടുകയും ചെയ്തു. അങ്ങനെ ബഥനിപ്പട്ടക്കാരുടെ സംഖ്യ ഒന്നുകൂടെ വർദ്ധിച്ചു.

**ചരിത്രം സൃഷ്ടിച്ച പുനരൈക്യം 1930 സെപ്റ്റംബർ 20–ാം തീയതി**

മാനുഷിക ദൃഷ്ടിയിൽ യാദൃശ്ചികമെന്നു പരിഗണിക്കപ്പെടുന്ന പല സംഭവങ്ങളിലും സർവജ്ഞനായ ദൈവത്തിന്റെ അദൃശ്യകരങ്ങൾ പ്രവർത്തിച്ചിട്ടുണ്ടെന്നുള്ളതിന് ലോകചരിത്രത്തിൽ നിന്നും സഭാചരിത്രത്തിൽ നിന്നും നിരവധി ഉദാഹരണങ്ങൾ ഉദ്ധരിക്കുവാൻ സാധിക്കും. കേരളത്തിലെ പുനരൈക്യ പ്രസ്ഥാനത്തിന്റെ ഉത്ഭവം ഇതിന് ഒരുത്തമോദാഹരണമാണ്. കൊല്ലത്തുവച്ച് കത്തോലിക്കാ സഭയോടു പുനരൈക്യപ്പെടേണ്ടവർ അഞ്ചു പേരായിരിക്കണമെന്നു മുൻകൂട്ടി നിശ്ചയം ചെയ്തിരുന്നില്ല. പിന്നെയോ മാർ ഈവാനിയോസ് തിരുമേനിയും മാർ തിയോഫിലോസ് തിരുമേനിയും കൊല്ലത്തു ചെന്ന് ബൻസിഗർ തിരുമേനിയുടെ മുമ്പാകെ വിശ്വാസ പ്രതിജ്ഞ ചെയ്തു കത്തോലിക്കാ പുനരൈക്യം പ്രാപിക്കണമെന്നും, അവിടെ നിന്ന് തിരുവല്ലായിൽ മടങ്ങിവന്ന് മറ്റുള്ളവരെ കത്തോലിക്കാ സഭയിലേയ്ക്ക് സ്വീകരിക്കണമെന്നുമേ ആദ്യം നിശ്ചയിച്ചിരുന്നുള്ളൂ.

1930 സെപ്റ്റംബർ 18–ാം തീയതി കൊല്ലത്തിനു യാത്ര പുറപ്പെടണമെന്നാണ് തിരുമേനിമാർ നിശ്ചയിച്ചിരുന്നത്. അന്നേദിവസം മറ്റു ആശ്രമസ്ഥരോടൊന്നിച്ച് വെണ്ണിക്കുളത്തു താമസിച്ചിരുന്ന ഫാദർ ജോൺ, അലക്സാണ്ടർ ശെമ്മാശ്ശൻ എന്നിവർ ഏതോ ആവശ്യം പ്രമാണിച്ച് തിരുമൂലപുരത്തു വന്നു ചേർന്നു. തിരുമേനിമാരെ കൊണ്ടുപോകുവാനായി മേളാമ്പറമ്പിൽ മി. ഉമ്മന്റെ വക കാറും വന്നു കഴിഞ്ഞു. കാറിൽ കയറാൻ തുടങ്ങിയപ്പോൾ കിളീലേത്ത് മി. ചാക്കോയും യാദൃശ്ചികമായി അവിടെ പ്രത്യക്ഷപ്പെട്ടു. തത്സമയം ദൈവിക പ്രചോദനമെന്നു തോന്നത്തക്കവണ്ണം ‘‘അച്ചനും ശെമ്മാശ്ശനും മാനേജരും വണ്ടിയിൽ കയറിക്കൊള്ളുക, നമുക്കു കൊല്ലത്തിനു പോകാം’’ എന്ന് മാർ ഈവാനിയോസ് തിരുമേനി കല്പിക്കയുണ്ടായി. തദനുസാരം പുനരൈക്യ പ്രസ്ഥാനത്തിന്റെ പ്രഥമ

www.malankaralibrary.com

സന്താനങ്ങളായ ആ അഞ്ചുപേരും കാറിൽ കയറി കൊല്ലം മെത്രാസന അരമനയിലെത്തുകയും, രണ്ടു ദിവസത്തെ ധ്യാനത്തിനുശേഷം സെപ്തംബർ 20-ാം തീയതി രാവിലെ $7^1/2$ മണിക്ക് കത്തോലിക്കാ പുനരൈക്യം പ്രാപിക്കുകയും ചെയ്തു. അങ്ങനെ കേരളത്തിലെ അകത്തോലിക്കാ സഭകളിൽ നിന്ന് കത്തോലിക്കാ സഭയിലേക്കു പുനരൈക്യപ്പെടേണ്ട മെത്രാപ്പോലീത്തന്മാർ, മെത്രാൻമാർ, വൈദികർ, ശെമ്മാശന്മാർ, അല്മേനികൾ എന്നിവരുടെ പ്രതിനിധികളെന്ന നിലയിൽ പുനരൈക്യം പ്രാപിക്കുന്നതിന് അവർക്കു ഭാഗ്യം സിദ്ധിച്ചു.

വന്ദ്യ തിരുമേനിമാർ കൊല്ലത്തു നിന്ന് തിരുമൂലപുരത്തു മടങ്ങി യെത്തിയപ്പോൾ ബഥനി മഠത്തിലുള്ള സിസ്റ്റേഴ്സ് എല്ലാവരും പുന രൈക്യം പ്രാപിക്കാൻ ഒരുങ്ങിയിരിക്കുകയായിരുന്നു. അവരെ കത്തോലിക്കാ സഭയിലേയ്ക്കു സ്വീകരിച്ച ശേഷം മാർ ഈവാനിയോസ് തിരുമേനി വെണ്ണിക്കുളത്തെത്തി, ഫാദർ ബർസ്കീപ്പായെ ഒഴിച്ചുള്ള ആശ്രമസ്ഥന്മാരെയും കത്തോലിക്കാ സഭയിലേയ്ക്കു സ്വീകരിച്ചു. ഇങ്ങനെയാണ് പുനരൈക്യ പ്രസ്ഥാനത്തിന്റെ പിള്ളത്തൊട്ടിലാകു വാനുള്ള ഭാഗ്യം ബഥനിയ്ക്കു കരസ്ഥമായത്.

### ഫാദർ സ്തേഫാനോസിന്റെ രോഗം

മറ്റ് ആശ്രമസ്ഥന്മാരോടു കൂടെ പെരുനാട്ടിൽ നിന്നിറങ്ങിയ ഫാദർ സ്തേഫാനോസിന്റെ രോഗം വെണ്ണിക്കുളത്തു വന്നപ്പോഴേയ്ക്കു മൂർച്ഛിച്ചു. രോഗം ക്ഷയമാണെന്ന് കോഴഞ്ചേരി ആശുപത്രിയിലെ ഡോ. ഐസക് വിധിച്ചു. ചികിത്സാർത്ഥം 9-10-30-ന് കോഴഞ്ചേരി ആശുപത്രിയിലേയ്ക്കു മാറ്റി. ഫാദർ ജോൺ, വറുഗീസ് സാധു, വറുഗീസ് ഉപദേശി മുതലായവർ ശുശ്രൂഷയ്ക്കായി ആശുപത്രിയിൽ താമസവുമായി. ഏകദേശം ഒരു മാസം രോഗി ആശുപത്രിയിൽ കിടന്നു. ഫലമൊന്നും കാണായ്കയാൽ വെണ്ണിക്കുളത്തേയ്ക്കു തന്നേ കൊണ്ടു പോന്നു. മറ്റു സൗകര്യങ്ങളില്ലാതിരുന്നതിനാൽ അച്ചനെ ബഥനി പള്ളിയോടു ചേർന്നുള്ള കെട്ടിടത്തിലാണ് താമസിപ്പിച്ചത്.

### ബഥന്യാശ്രമസ്ഥർ പുതിയ വസതിയിലേയ്ക്ക്

വരിക്കണ്ണാമല വൈദ്യൻ ആശ്രമത്തിനു വേണ്ടി വാങ്ങിത്തന്ന സ്ഥലത്ത് താല്ക്കാലികമായി ഷെഡ്ഡുകൾ ഉയർന്നു കഴിഞ്ഞു. കാഞ്ഞരത്തുങ്കൽ വീട്ടിൽ നിന്ന് എത്രയും വേഗം അങ്ങോട്ട് താമസം മാറ്റണമെന്ന് ആശ്രമസ്ഥന്മാർ തീരുമാനിച്ചു. 5-11-1930-ൽ മാർ

www.malankaralibrary.com

ഈവാനിയോസ് തിരുമേനി ഷെഡ്ഡുകൾ കൂദാശ ചെയ്തു. 6-11-30-ൽ ആശ്രമസ്ഥന്മാർ അവിടെ താമസവുമായി. പുല്ലാട് ബഥനി ആശ്രമം എന്ന് പ്രസ്തുത സ്ഥാപനത്തിനു പേരായി. ആശ്രമം ഇരിക്കുന്ന സ്ഥലം നാലര ഏക്കർ വരും. ആശ്രമപ്പറമ്പിൽ ചാപ്പൽ, അരമനക്കെട്ടിടം, അർത്ഥിമന്ദിരം, നവശിഷ്യാലയം, ഭക്ഷണശാല എന്നിവയെല്ലാം പണി തീർത്തു. പച്ചമണ്ണ് കുഴച്ചുറപ്പിച്ച ഭിത്തിയും അതിനു മുകളിൽ ഓലമറയുമാണ് എല്ലാ കെട്ടിടങ്ങൾക്കും. കതകും ജനലുമില്ല. കെട്ടിടങ്ങളെല്ലാം ഒരു മാസത്തിനകം പണിപൂർത്തിയാക്കി. ആകെ രൂപ ആയിരത്തോളം ചെലവായി. കെട്ടിടം പണിയുടെ പ്രധാന ചുമതല മേടയിൽ മി. പാപ്പിയ്ക്കായിരുന്നു. അദ്ദേഹവും അദ്ദേഹത്തിന്റെ വൃദ്ധനായ പിതാവും അതിനുവേണ്ടി പ്രതിഫലേച്ഛകൂടാതെ രാപകലെന്യേ അക്ഷീണപരിശ്രമം ചെയ്തു. അരമനക്കെട്ടിടം മാർ യൗസേപ്പിന്റെ നാമത്തിലും, അർത്ഥിഗൃഹം മാർ അപ്രേമിന്റെ നാമത്തിലും, നവശിഷ്യഗൃഹം യോഹന്നാൻ ശ്ലീഹായുടെ നാമത്തിലുമാണ് പ്രതിഷ്ഠിക്കപ്പെട്ടത്. ഈ പുതിയ ആശ്രമത്തിലേക്കു പ്രവേശിക്കുന്ന ഒരുവന് പഴയ ഈജിപ്തു വനാന്തരങ്ങളിലെ പിതാക്കന്മാരുടെ കുടിലുകളുടെ പ്രതീതിയാണ് ആദ്യമായി മനസ്സിലുദിക്കുന്നത്. എല്ലാം ദാരിദ്ര്യമയം!

### ആശ്രമപ്പറമ്പിലേയ്ക്ക് റോഡ്

ആശ്രമപ്പറമ്പിനും വാലാങ്കര-പുല്ലാടു റോഡിനുമിടയ്ക്ക് ബഥനിപ്പള്ളിപ്പറമ്പും അതിനു തെക്കും വടക്കുമായി മറ്റു പറമ്പുകളും സ്ഥിതിചെയ്യുന്നു. റോഡിൽ നിന്ന് ആശ്രമപ്പറമ്പിലേക്കു കയറുന്നതിന് ഈ പറമ്പുകൾ കടക്കേണ്ടിയിരുന്നു. എങ്ങനെ വഴിയുണ്ടാക്കുമെന്ന് എല്ലാവരും ആലോചനയായി. പള്ളിപ്പറമ്പിനു വടക്കു വശത്തുള്ള പറമ്പ് കാഞ്ഞരുത്തുങ്കൽ കുട്ടിയുടെ വകയാണ്. അദ്ദേഹം ആശ്രമത്തോട് അനുകൂലമായിരുന്ന അദ്യകാലത്ത് ആ പറമ്പിൽ കൂടെ ആശ്രമപ്പറമ്പിലേയ്ക്കു റോഡ് വെട്ടികൊള്ളുവാൻ അനുവദിച്ചു. ഇനി റോഡ് എങ്ങനെ വെട്ടിത്തീർക്കും? അതിനും ദൈവം പോംവഴിയുണ്ടാക്കി. കളക്കുടിയിൽ കുട്ടി മേടയിൽ പാപ്പച്ചന്റെ ഒരു മകനാണ്. പുനരൈക്യപ്രസ്ഥാനത്തിന്റെ അനുകൂലിയായ ഒരു പി.ഡബ്ല്യൂ. ഡി. കോൺട്രാക്ടറാണ്. സൗജന്യമായി റോഡു വെട്ടിത്തന്നുകൊള്ളാമെന്ന് ഏറ്റ് അദ്ദേഹം ധൃതഗതിയിൽ റോഡുപണി തുടങ്ങി. കൂലിക്കാർ അഹോരാത്രം

പണിയെടുത്തു. റോഡിന് ആകെ ചെലവായ ജോലിക്കൂലി 434 രൂ. 9 ച. 8.കാ. യാതൊരു പ്രതിഫലവും കൂടാതെ യഥാസമയം റോഡുപണി തീർത്തുതന്നു. കളക്കുടിയിൽ മി. കുട്ടിയോട് ആശ്രമത്തിനുള്ള കടപ്പാട് എത്ര വലുത്. ആശ്രമസ്ഥന്മാർ കാഞ്ഞിരത്തുങ്കൽ താമസിക്കുന്ന കാലത്തുതന്നെ 12-10-30-ൽ പുതിയ റോഡിൽ കൂടി വന്ദ്യപിതാവ് കാറിൽ ആശ്രമപ്പറമ്പിൽ വന്നിറങ്ങി. ആശ്രമപ്പറമ്പിന് വടക്കു വശത്തുള്ള കാഞ്ഞരത്തുങ്കൽ കുട്ടിയുടെ വകസ്ഥലത്ത് അതിഥികൾക്കായി ഒരു കെട്ടിടം കെട്ടിക്കൊള്ളുന്നതിന് ഉടമസ്ഥന്റെ അനുവാദം കിട്ടിയതിനാൽ അതിനുള്ള ഒരു നീണ്ട ശാലയും പണി തീർത്തു.

ഫാദർ സ്തേഫാനോസിനെ പള്ളിവക കെട്ടിടത്തിൽ നിന്ന് ആശ്രമവളപ്പിനു പുറത്തു പണിതീർത്ത നെടുംശാലയിലേയ്ക്കു മാറ്റുന്നു. ആശ്രമക്കൂട്ടായ്മയിൽ നിന്നു പിരിഞ്ഞുപോയ ഫാദർ ബർസ്കീപ്പായുടെ അനന്തരശ്രമം ഏതു വിധമെങ്കിലും പുല്ലാട്ടു ബഥനിപ്പള്ളിയിൽ നിന്ന് ആശ്രമക്കാരെ പൂർണ്ണമായി വേർപ്പെടുത്തി, പള്ളിയും അതിന്റെ സ്വത്തുക്കളും സ്വന്ത അധീനതയിൽകൊണ്ടു വരുന്നതിനായിരുന്നു. അതിനുവേണ്ടി പലവിദ്യകളും പ്രയോഗിച്ചു നോക്കി. ഒന്നാമതായി ശ്രമം നടത്തിയത് ബഥനിപ്പള്ളിയിൽ ആശ്രമസ്ഥന്മാരെ കയറ്റാതിരിക്കാനായിരുന്നു. ആശ്രമസ്ഥലത്തു ഏറ്റം വിനീതമായ രീതിയിലെങ്കിലും ഒരു ചാപ്പൽ ഉണ്ടായതോടെ ആശ്രമസ്ഥന്മാർക്ക് പള്ളിയിലേയ്ക്കു പോകേണ്ടാവശ്യമില്ലാതായി. അവർ സ്വയമേ അവിടെനിന്നു പിന്മാറി. പിന്നത്തെ ശ്രമം പള്ളിയോട് അനുബന്ധിച്ചുള്ള കെട്ടിടത്തിൽ നിന്ന് രോഗിയായ സ്തേഫാനോസ് അച്ചനെ മാറ്റികിട്ടുന്നതിനായിരുന്നു. ദീർഘകാലം കൂടെ താമസിക്കുകയും, സന്തോഷസന്താപങ്ങളിലെല്ലാം പങ്കു കൊണ്ടവനുമായ രോഗിയോടോ, മറ്റ് ആശ്രമസ്ഥന്മാരോടോ ആ വിവരം നേരിട്ടു പറയുവാൻ ബർസ്കീപ്പാ അച്ചനു സാധ്യമല്ലല്ലോ. മറ്റു പലരെക്കൊണ്ടും പറയിച്ചു നോക്കി. പീലക്സിനോസ് മെത്രാനച്ചൻ പള്ളി കെട്ടിടത്തിൽ താമസത്തിനു വരുന്നു എന്നൊരു ഉണ്ടയില്ലാ വെടിയും പ്രയോഗിച്ചു നോക്കി. ഇങ്ങനെ നിർബന്ധം ദുസ്സഹമായി തീർന്നപ്പോൾ ആശ്രമത്തിന് പുറത്ത് പണിതീർത്തിട്ടുള്ള നെടുംശാലയുടെ ഒരു അറ്റം മറച്ചുകെട്ടി അതിലേയ്ക്കു 20-1-31-ൽ രോഗിയായ അച്ചനെ മാറ്റി. അങ്ങനെ ബഥനിപ്പള്ളിയോട് അനുബന്ധിച്ചുള്ള പള്ളിവക കെട്ടിടവും ബ. ബർസ്കീപ്പാച്ചന്റെ സ്വതന്ത്രഭരണത്തിലായി. ഇനിയത്തെ ശ്രമം

ഉപദേശി താമസിച്ചിരുന്ന കെട്ടിടവും പറമ്പും സ്വന്തം അധീനതയിലാക്കുന്നതിനായിരുന്നു. വറുഗീസ് ഉപദേശി പുനരൈക്യത്തിന് അനുകൂലിയാകുന്നതിനാൽ അയാളോട് ബർസ്കീപ്പാ അച്ചനും അച്ചന്റെ ഇടവകക്കാരും കടുത്ത വൈരാഗ്യമാണുണ്ടായിരുന്നത്. ഉപദേശിയുടെ മനം മാറുന്നതിനും അല്ലാത്ത പക്ഷം അവിടെ നിന്ന് ഓടിക്കുന്നതിനായി സാമ, ദാന, ദണ്ഡങ്ങളെല്ലാം പ്രയോഗിച്ചു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. പാവം ഉപദേശിയും കുടുംബവും വളരെയേറെ വിഷമങ്ങൾ സഹിക്കേണ്ടിവന്നെങ്കിലും തങ്ങളുടെ മനോബോധ്യത്തിൽ തന്നെ ഉറച്ചു നിന്നു. ആശ്രമപ്പറമ്പിൽ അനധികൃതമായി ശവം മറവുചെയ്തു എന്നുപറഞ്ഞ് സർക്കാരിനെക്കൊണ്ട് കേസ് എടുപ്പിക്കുക, ബഥനി മഠത്തിലെ സിസ്റ്റർ തൈബൂസിന്റെ വകയായി വെണ്ണിക്കുളത്തുള്ള സ്ഥലത്ത് ആശ്രമസ്ഥന്മാർ വെട്ടിച്ചിട്ടിരുന്ന തടി ഞായറാഴ്ച രായ്ക്കു രാമാനം വെട്ടിക്കീറി യാക്കോബായ ഭവനങ്ങളിലാക്കിതീർക്കുക മുതലായി പലകൃത്യങ്ങളും ആശ്രമസ്ഥർക്കെതിരായി ബർസ്കീപ്പാച്ചന്റെ നേതൃത്വത്തിൽ സ്ഥലത്തെ യാക്കോബായക്കാർ ചെയ്കയുണ്ടായി. "ആശ്രമകെട്ടിടങ്ങൾക്കെല്ലാം തീപിടിച്ചു പോയി. ആശ്രമസ്ഥന്മാർ ചിരട്ടയും കുടുക്കയും പൊക്കിക്കൊണ്ട് സ്ഥലം വിട്ടിരിക്കുന്നു." ഇങ്ങനെ പല കിംവദന്തികളും അവർ പ്രചരിപ്പിച്ചു. ഇവയൊന്നും ആശ്രമസ്ഥരുടെ മനോബോധ്യത്തെ ഇളക്കുവാൻ പര്യാപ്തമായില്ലെന്നു മാത്രമല്ല; അവരെ പൂർവ്വാധികം വിശ്വാസത്തിൽ ഉറപ്പിക്കുകയും ചെയ്തു. ആശ്രമസ്ഥന്മാർ ഈ സാഹചര്യത്തിലെല്ലാം; ബ. ബർസ്കീപ്പാ അച്ചനോടും സ്ഥലവാസികളോടും വളരെ സ്നേഹമായി വർത്തിച്ചതുകൊണ്ട് കാലക്രമേണ അവരുടെ എതിർപ്പു കുറഞ്ഞു. ആയിടെ കാഞ്ഞരത്തുങ്കലെ അടുക്കളയ്ക്ക് എങ്ങനെയോ തീ പിടിച്ചു. അത് അച്ചനോടു പിണങ്ങി മകൻ ചെയ്ത ഹീനകൃത്യമാണെന്നത്രേ അന്നു പറഞ്ഞുകേട്ടത്. "പുരയ്ക്ക് തീപിടിച്ചു" എന്നുള്ള നിലവിളി കേട്ടയുടനെ ആശ്രമസ്ഥന്മാരെല്ലാം അവിടെ ഓടിയെത്തി തീവ്രയത്നം ചെയ്തു തീ കെടുത്തുകയുണ്ടായി. അതിൽ പിന്നീട് ബർസ്കീപ്പാ അച്ചന്റെ വലതുകൈയായി നിന്ന് ആശ്രമസ്ഥന്മാരെ എതിർത്തു വന്ന കാഞ്ഞരത്തുങ്കൽ മി. കുര്യന്റെ എതിർപ്പിനു ശക്തി കുറഞ്ഞു. അങ്ങനെ അന്തരീക്ഷം ക്രമേണ ശാന്തമായി വന്നു. വെണ്ണിക്കുളത്തുനിന്ന് കത്തോലിക്കാ സഭയോടു പുനരൈക്യപ്പെടുവാൻ ഉറച്ചിരുന്നവർ ഓരോരുത്തരായി പുല്ലാട് ആശ്രമചാപ്പലിൽ വന്ന് പുനരൈക്യപ്പെട്ടു കൊണ്ടിരുന്നു. അതിന് മുൻകൈ എടുത്തത്

മേടയിൽ മി. അവിരായും കുടുംബാംഗങ്ങളുമായിരുന്നു എന്നു വിശേഷിച്ചു പറയേണ്ടതുണ്ട്. ആശ്രമസ്ഥന്മാർ കത്തോലിക്കാ സഭയോടു പുനരൈക്യപ്പെട്ടുകൊണ്ട് പുല്ലാട് സ്ഥിര താമസമായതോടെ, ജീവിതത്തിന് ഏതാണ്ടൊരു ക്രമം വന്നു. പുതിയ അംഗങ്ങൾ ധാരാളമായി ആശ്രമത്തിലേക്കുവന്നു തുടങ്ങി. അവരിൽ പലരും ശരിയായ ആലോചനയോടും, ആശ്രമത്തെപ്പറ്റിയുള്ള അറിവോടും കൂടെയായിരുന്നില്ല വന്നത് എന്ന് അനന്തര സംഭവങ്ങൾ തെളിയിച്ചു. ഏതാനും മാസത്തെ താമസത്തിനു ശേഷം പലരും ആശ്രമം വിടുകയാണുണ്ടായത്. അവരിൽ തോമസ് ഇഞ്ചക്കലോടി, നൈനാൻ ചേരി, റ്റി. എസ്. ജോൺ എന്നിവർ തിരുവല്ലാ പെറ്റി സെമിനാരിയിൽ ചേർന്നു. മറ്റു ചിലർ വീടുകളിലേയ്ക്ക് പിന്തിരിഞ്ഞു.

### പുല്ലാട്ട് വിജാതീയ മിഷൻ

പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രാരംഭദശയിൽ മിഷൻരംഗത്തു പ്രവർത്തിച്ചുകൊണ്ടിരുന്നത് പ്രധാനമായി ബഥന്യാശ്രമാംഗങ്ങളായിരുന്നു. പുല്ലാട്ട് ബഥന്യാശ്രമം കേന്ദ്രമാക്കിക്കൊണ്ട് അവർ കല്ലൂപ്പാറ, പുറമറ്റം, തിരുവല്ലാ, വടശ്ശേരിക്കര, പരുമല, ചേപ്പാട് മുതലായ സ്ഥലങ്ങളിൽ പോകയും പുനരൈക്യപ്പെട്ടവരുടെ ആത്മീയാവശ്യങ്ങൾ സാധിച്ചുകൊടുക്കുകയും ചെയ്തിരുന്നു. അതിനുപുറമേ വിജാതീയരുടെ ഇടയിലുള്ള മിഷൻ പ്രവർത്തനങ്ങളിലും അവർ ജാഗരൂകരായിരുന്നു. പരുമല വറുഗീസ് ഉപദേശിയുടെ പരിശ്രമത്താൽ കുറെയധികം ചേരമർ വെണ്ണിക്കുളത്ത് ജ്ഞാനസ്നാനം സ്വീകരിച്ചു. പുതുതായി സ്നാനപ്പെട്ട പൗലോസ് പ്രധാനിയ്ക്ക് ചേരമരുടെ ഇടയിൽ നല്ല സ്വാധീനമുണ്ടായിരുന്നു. ഈ പൗലോസിന്റെയും വർഗീസ് ഉപദേശിയുടെയും ശ്രമത്താൽ പുല്ലാട്ട് ഒരു പുതിയ മിഷൻ തുറക്കപ്പെട്ടു. ഞായറാഴ്ച വി.കുർബാനചൊല്ലി കൊടുക്കുന്നതിനും, മറ്റു കൂദാശകൾ നടത്തിക്കൊടുക്കുന്നതിനുമുള്ള ചുമതല യോശുവാ അച്ചനും നിർവഹിച്ചിരുന്നു. ഏറെ താമസിയാതെ തിരുവല്ലാ രൂപതയിൽനിന്ന് പുല്ലാട്ട് ഒരു സ്ഥലം വാങ്ങിക്കുകയും വിനീതമായ രീതിയിൽ ഒരു പള്ളിക്കെട്ടിടം ഉണ്ടാക്കുകയും ചെയ്തു. കാലാന്തരത്തിൽ ഈ വിനീതസ്ഥാപനം ഒരു ഇടവകയായി ഉയർന്നു.

### ബഥനിയുടെ പ്രഥമ രക്തസാക്ഷി ഫാദർ സ്തേഫാനോസ്

ഫാദർ സ്തേഫാനോസിനാണ് പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രഥമ രക്തസാക്ഷിയാകുവാനുള്ള ഭാഗ്യമുണ്ടായത്. അച്ചന്റെ

സുഖക്കേട്, പുതിയ വസതിയിൽ എത്തിയ ശേഷം ഒന്നിനൊന്നു വർദ്ധിച്ചു വന്നു. അഭിവന്ദ്യ പിതാവും, കൊച്ചു തിരുമേനിയും, അന്ത്യോക്യൻ റീത്തിലും കല്ദായ റീത്തിലും പെട്ട ബ. വൈദികരും വന്ന് അദ്ദേഹത്തെ സന്ദർശിച്ചു കൊണ്ടിരിക്കുന്നു. ബ. അച്ചൻ ക്രമമായി കുമ്പസാരിക്കുകയും വി. കുർബാന സ്വീകരിക്കുകയും ചെയ്യുന്നു. രോഗത്തിന്റെ വിഷമതകളെല്ലാം ദൈവ തിരുമനസ്സിനു കീഴ്‌വഴങ്ങി ക്ഷമയോടെ സഹിച്ചുവന്നു. 1927 ഒക്ടോബർ 21-ാം തീയതി സന്യാസ വ്രതാനുഷ്ഠാനത്താൽ രക്തസാക്ഷി പദത്തിലേക്ക് ഉയർത്തപ്പെട്ട അദ്ദേഹം അന്ത്യകൂദാശകളെല്ലാം നല്ല ബോധത്തോടെ സ്വീകരിച്ച് 14-2-1931-ൽ കർത്താവിൽ നിദ്രപ്രാപിച്ചു. അങ്ങനെ പ്രഥമ വേദ സാക്ഷിയായ വി. സ്തേഫാനോസിനെപ്പോലെ, ബഥനി വ്രതസ്ഥരിൽ ഒന്നാമതായി, മറ്റൊരു സ്തേഫാനോസും സ്വർഗ്ഗാവകാശിയായി. ഫാ. സ്തേഫാനോസിന്റെ മരണവാർത്ത പ്രസിദ്ധമായതോടെ കത്തോലിക്കരും അകത്തോലിക്കരുമായ അനേകം ആളുകൾ അദ്ദേഹത്തിന്റെ വിനീതവസതിയിൽ എത്തി മൃതശരീരം സന്ദർശിച്ചു. കൽദായ റീത്തിലും അന്ത്യോക്യൻ റീത്തിലും ആനീദാ നടത്തപ്പെട്ടു. അഭിവന്ദ്യ പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ മൃതശരീരം പുല്ലാട്ടു ചാപ്പലിന്റെ വടക്കു വശത്തു സംസ്കരിക്കപ്പെട്ടു.

## ബ.ഫാദർ പ്രൊത്താസിസ് റ്റി.ഒ.സി.ഡി

ബഥനിക്കാർ പുല്ലാട്ടു ആശ്രമത്തിൽ താമസമാക്കിയതോടെ അവരെ സഹായിപ്പാനായി കർമ്മലീത്താ മൂന്നാം സഭയിൽ നിന്ന് (ഇപ്പോഴത്തെ സി.എം.ഐ.) അയയ്ക്കപ്പെട്ട ഭക്തനും ശാലീനനുമായ ഒരു പുരോഹിതനാണ് ബ. പ്രൊത്താസീസ് അച്ചൻ. ബഥനിയിൽ താമസിച്ചിടത്തോളം കാലം അദ്ദേഹത്തിന്റെ സമയം മുഴുവൻ ബഥനിക്കാർക്കു വേണ്ടി ചെലവഴിച്ചു. ലത്തീൻ പഠിപ്പിക്കുക. ആത്മീയ ഉപദേശങ്ങൾ നൽകുക. കുമ്പസാരം കേൾക്കുക, മിഷൻവേലയിൽ സഹായിക്കുക ഇവയെല്ലാം സമയവും സൗകര്യവുമനുസരിച്ച് അദ്ദേഹം നിർവഹിച്ചിരുന്നു. സർവോപരി അദ്ദേഹത്തിന്റെ മാതൃക ആശ്രമസ്ഥന്മാർക്ക് പ്രചോദനം നല്കിയിരുന്നു.

## പുല്ലാട്ട് ആശ്രമത്തിൽ നവശിഷ്യ പരിശീലനം

മുണ്ടൻമലയിൽ നിന്ന് 1930-ാം ആണ്ടിൽ വന്ദ്യപിതാവിനോടു കൂടെ ഇറങ്ങിത്തിരിക്കുകയും യഥാസമയം കത്തോലിക്കാ പുനരൈക്യം

www.malankaralibrary.com

പ്രാപിക്കുകയും ചെയ്ത അലക്സന്ത്രയോസ് ശെമ്മാശ്ശൻ (വെണ്മണി) വർഗ്ഗീസു സാധു (ഉളനാട്) അലക്സാണ്ടർ സാധു (മറ്റം, മാവേലിക്കര), യോഹന്നാൻ സാധു (അയിരൂർ) നൈനാൻ സാധു (കല്ലൂപ്പാറ), വലിയ ജോർജ്ജ് (വെണ്ണിക്കുളം) ജോർജ്ജ് (പുറമറ്റം), ഗീവർഗ്ഗീസ് (പുറമറ്റം) എന്നിവരുടെ നോവിഷ്യേറ്റ് പരിശീലനത്തിനുള്ള സമയം അതിക്രമിച്ചിരുന്നു. പുല്ലാട്ട് ആശ്രമത്തിലെ സാഹചര്യം എല്ലാ വിധത്തിലും നവശിഷ്യ പരിശീലനത്തിനു പറ്റിയതായിരുന്നു. 5-4-1931-ൽ അവർ എട്ടുപേരും നവശിഷ്യപദത്തിലേയ്ക്കു പ്രവേശിപ്പിക്കപ്പെട്ടു. ഫാ. ജോഷ്വായുടെ കീഴിൽ അവർ പരിശീലനം ആരംഭിച്ചു. ഫാദർ അബ്രഹാം ആയിരുന്നു ആശ്രമ സുപ്പീരിയർ. ഏതു സമയത്തും ആത്മീയമായ ഏതു സഹായവും അവർക്കു ചെയ്തു കൊടുക്കുവാൻ ഫാ. പ്രൊത്താസീസ് ഒരുക്കമായിരുന്നു. മാതൃകാപരമായ നവശിഷ്യപരിശീലനമായിരുന്നു അവിടെ നടന്നത് എന്നു നിസ്സംശയം പറയാം.

### ഫാ. ജോൺ പാങ്ങോട്ട് ആശ്രമത്തിലേയ്ക്ക്

പാങ്ങോട്ടുള്ള കർമ്മലീത്താ ഒന്നാം സമൂഹത്തിൽ നവശിഷ്യ പരിശീലനത്തിനായി ജോണച്ചൻ 1931-ൽ അയയ്ക്കപ്പെട്ടു. അവരുടെ നവശിഷ്യരോടുകൂടെ പരിശീലനത്തിനായി അനുകമ്പാപൂർവ്വം അദ്ദേഹത്തെ അവർ സ്വീകരിച്ചു. അവിടെ പരിശീലനത്തിലിരുന്ന കാലമത്രയും സ്വന്ത ആശ്രമത്തിലെ ഒരംഗത്തെപ്പോലെ അദ്ദേഹത്തെയും അവർ കരുതി. മുൻനിശ്ചയപ്രകാരം ഒരു വർഷത്തെ പരിശീലനം കഴിഞ്ഞാണ് അദ്ദേഹം 1932-ൽ പുല്ലാട് ആശ്രമത്തിലേക്കു മടങ്ങിയത്.

### പുതിയ ആസ്പിരൻസ്

ആശ്രമസ്ഥന്മാർ പുല്ലാട് ആശ്രമത്തിൽ താമസമാക്കിയതു മുതൽ, അനേകയുവാക്കന്മാർ ആശ്രമത്തിലേയ്ക്ക് വരികയും അവരിൽ പലരും പിരിഞ്ഞുപോകുകയും ചെയ്തതായി മുമ്പ് പ്രസ്താവിച്ചിട്ടുണ്ടല്ലോ. പ്രാരംഭ പരിശോധനയെ അതിജീവിച്ചു നിലനിന്നവരുടെ പേരുകൾ താഴെ ചേർക്കുന്നു.

1. ശമുവേൽ വീട്ടിനാൽ കുറ്റിയിൽ (മാവേലിക്കര)
2. സ്റ്റാനിസ്ലാവോസ് വടക്കുംചേരി (മഞ്ഞപ്ര)

www.malankaralibrary.com

3. ഗീവർഗ്ഗീസ് കാര്യാത്ത് (പെരുമ്പളം, ചേർത്തല)
4. ജോർജ്ജ് ഇലഞ്ഞിലേത്ത് (ഈരേഴ, മാവേലിക്കര)

ഇവർ യഥാസമയം ആശ്രമാർത്ഥികളായി സ്വീകരിക്കപ്പെട്ടു. നവശിഷ്യർ നവശിഷ്യ മന്ദിരത്തിലും, സന്യാസാർത്ഥികൾ അർത്ഥി മന്ദിരത്തിലും താമസിച്ചുകൊണ്ട് നിഷ്ഠയായി സന്യാസജീവിതം നയിച്ചുവരുന്നു.

**മിഷൻ പ്രവർത്തനം**

പുനരൈക്യ പ്രസ്ഥാനത്തിന്റെ ആരംഭകാലത്ത് ബഥന്യാശ്രമ സ്ഥരാണ് മിഷൻ രംഗത്തു പ്രധാനമായി പ്രവർത്തിച്ചു കൊണ്ടിരുന്നത്. കല്ലൂപ്പാറ, പുറമറ്റം, തിരുവല്ലാ, മാവേലിക്കര, പമ്പുമല, ചേപ്പാട് മുതലായ മിഷൻ രംഗങ്ങളിലെല്ലാം അകത്തോലിക്കരെ കത്തോലിക്കാ സഭയിലേക്കു പുനരൈക്യപ്പെടുത്തിയതിനു പുറമേ ജാതികളുടെ ഇടയിലുള്ള മിഷൻ വേലയിലും ആശ്രമസ്ഥന്മാർ ജാഗ്രതപ്പെട്ടിരുന്നു. വെണ്ണിക്കുളത്തുള്ള ബഥനിപ്പള്ളി ഇടവകയിൽ മിഷൻ വേല ചെയ്തുകൊണ്ടിരുന്ന വർഗ്ഗീസ് ഉപദേശിയുടെ പരിശ്രമത്താൽ കുറെയധികം ചേരമർ ജ്ഞാനസ്നാനം സ്വീകരിക്കുകയുണ്ടായി. തീക്ഷ്ണമതിയായ ഉപദേശിയുടേയും വിശ്വാസം സ്വീകരിച്ച ചേരുമരുടെയും പ്രവർത്തനത്താൽ ആ മിഷൻ വളർന്നുകൊണ്ടിരുന്നു. ആ മിഷന്റെ പ്രധാന ചുമതല കോശി സാധുവിനായിരുന്നു. ഞായറാഴ്ച വി. കുർബാന ചൊല്ലിക്കൊടുക്കുന്നതിനും, മറ്റു കൂദാശകൾ നടത്തുന്നതിനുമുള്ള ചുമതല യോശുവാ അച്ചനും നിർവ്വഹിച്ചിരുന്നു. ഏറെ താമസിയാതെ പുല്ലാട്ട് ഒരു സ്ഥലം വാങ്ങിക്കുകയും പള്ളി പണിയുകയും ചെയ്തു.

**25–9–31 മ്സമ്റോനോ പട്ടം**

കോശി സാധു, യൗനാൻ സാധു എന്നിവർക്ക് പുല്ലാടു ചാപ്പലിൽ വച്ച് വന്ദ്യപിതാവ് മ്സമ്റോനോ പട്ടം കൊടുത്തു.

**ഗ്രേമൂറിലെ Atonement Society യുമായി Affiliation**

പ്രോട്ടസ്റ്റന്റു സഭയിൽ നിന്ന് കത്തോലിക്ക സഭയിൽ ചേർന്ന ഒരു സന്യാസസമൂഹമാണ് Society of the Atonement. മ്ശിഹാനുകരണ സമൂഹം കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു എന്നറിഞ്ഞപ്പോൾ Atonement society കാർക്ക് പൊതുവെയും അതിന്റെ അദ്ധ്യക്ഷനായ ഫാദർ പോളിനു പ്രത്യേകമായും വളരെ

സന്തോഷമായി. അദ്ദേഹം വന്ദ്യപിതാവുമായി കത്തിടപാടു നടത്തുകയും പലവിധത്തിൽ പിതാവിനെ സഹായിക്കുകയും ചെയ്തു. അതിന്റെ ഫലമായി സമൂഹങ്ങൾ തമ്മിൽ അനൗദ്യോഗികമായി ഒരു Affiliation സ്ഥാപിക്കുകയുണ്ടായി. വന്ദ്യപിതാവ് ആ വിവരം ബഥനി സമൂഹാംഗങ്ങളെ അറിയിക്കുകയും, ബുധൻ, വെള്ളി ദിവസങ്ങളിൽ Atonement സമൂഹത്തിനു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ആജ്ഞാപിക്കുകയും ചെയ്തു.

**1931 സെപ്റ്റംബർ 8–ാം തീയതി തിരുവല്ലായിൽ Petit seminary തുറന്നു**

അതിനെ തുടർന്നുള്ള ഒരു കർമ്മമായിട്ടാണ് പുനരൈക്യ വാർഷികം തിരുമൂലപുരത്തു വച്ചു കൊണ്ടാടിയത്. വരാപ്പുഴ, എറണാകുളം, ബഥനി എന്നീ അതിരൂപതകളിലെ ആർച്ചു ബിഷപ്പു മാരും ഇതിൽ സംബന്ധിച്ചിരുന്നു. പ്രധാന പ്രാസംഗികന്മാർ ബ. പ്ലാസിഡ് അച്ചനും, പഞ്ഞിക്കാരൻ അച്ചനുമായിരുന്നു. ബഥനി ആർച്ചുബിഷപ്പും തിരുവല്ലാ മെത്രാനച്ചനും അവരുടെ ഇതഃപര്യന്തമുള്ള അനുഭവങ്ങൾ വിവരിച്ചു.

**വിചിത്രമായ വ്രതാനുഷ്ഠാനം**

പുല്ലാട്ടുബഥനിയിൽ പരിശീലനത്തിലിരുന്ന നവശിഷ്യരുടെ കാനോനിക പരിശീലനകാലം പെട്ടെന്ന് കഴിഞ്ഞുപോയി. പുനരൈക്യത്തിന്റെ അനുകൂലികളും പ്രതികൂലികളും തമ്മിലുള്ള മത്സരമാണ് ഈ കാലയളവിന്റെ പ്രത്യേകത. അനുകൂലികൾ പുനരൈക്യപ്പെട്ടുകൊണ്ടിരിക്കുന്നു. പ്രതികൂലികളുടെ എതിർ പ്രവർത്തനങ്ങളും പ്രചരണങ്ങളും കുറവല്ല! ഈ കാലത്താണ് മാർ ഈവാനിയോസ് തിരുമേനി റോമിലേയ്ക്ക് പോകുവാൻ വട്ടംകൂട്ടി തുടങ്ങിയത്. തടസ്സമുണ്ടാക്കാൻ യാക്കോബായക്കാർ കിണഞ്ഞു പരിശ്രമിക്കുകയാണ്. എം. ഡി. സ്കൂൾ നടത്തിപ്പു വകയിൽ തനിക്ക് ആർച്ചുബിഷപ്പിൽ നിന്ന് ഒരു തുക കിട്ടുവാനുണ്ട് എന്നു പറഞ്ഞു നിരണം കെ.എം. ഫിലിപ് ഒരു സിവിൾ കേസ് കൊടുത്തിട്ടുണ്ടായിരുന്നു. തിരുമേനി റോമിലേയ്ക്കു തിരിക്കുന്നതിനു മുമ്പ് ഒന്നുകിൽ പണം കിട്ടണം അല്ലാത്ത പക്ഷം അറസ്റ്റു ചെയ്യണം ഇതായിരുന്നു അയാളുടെ ഉദ്ദേശ്യം. എങ്കിലും രണ്ടാമത്തെ ഉദ്ദേശ്യത്തിനാണ് കൂടുതൽ പ്രാബല്യമുണ്ടായിരുന്നത്. അതിനുവേണ്ടി തിരുമേനിയുടെ താമസ

www.malankaralibrary.com

സ്ഥലത്തിന്റെ പരിസരങ്ങളിൽ അയാൾ അറസ്റ്റു വാറണ്ടും കൊണ്ട് പാത്തും പതുങ്ങിയും നടന്നിരുന്നു. എങ്ങനെയും പിടി കൊടുക്കാതെ തിരുവിതാംകൂറിന്റെ അതിർത്തി കടക്കാൻ തിരുമേനിയും ശ്രമിക്കുന്നുണ്ട്. എന്നാൽ വെണ്ണിക്കുളം ആശ്രമത്തിൽ പരിശീലനത്തിലിരിക്കുന്ന നോവിസസിന്റെ വ്രതാനുഷ്ഠാനം കഴിഞ്ഞിട്ടു പോകണമെന്ന് തിരുമേനിക്ക് ആഗ്രഹമുണ്ടായി. നോവിസസ് യഥാകാലം വ്രതാനുഷ്ഠാനത്തിനു മുമ്പുള്ള വലിയ ധ്യാനത്തിൽ പ്രവേശിച്ചു. 7-4-32-ൽ പാതിരാത്രി സമയത്തു വന്ദ്യതിരു മേനിയുടെ കാറിന്റെ ശബ്ദം ആശ്രമത്തിന്റെ വാതിൽക്കൽ കേൾക്കയായി. അല്പസമയത്തിനുള്ളിൽ തിരുമേനി ആശ്രമത്തിനകത്തായി. നോവിസസിനെ വിളിച്ചുവരുത്തുക എന്നു കല്പന: “അയ്യോ പിതാവേ, അവരുടെ കുപ്പായങ്ങൾ നനച്ചിട്ടിരിക്കുകയാണ്. ഉണങ്ങിയിട്ടില്ല; ഇന്നു വ്രതാനുഷ്ഠാനം ഉണ്ടാകുമെന്നും ധരിച്ചിരുന്നില്ല.” എന്നു മറുപടി. ‘‘സാരമില്ല; എല്ലാവരെയും വിളിക്കുക;’’ എന്ന് രണ്ടാമതും കല്പനയുണ്ടായപ്പോൾ

Novice master അവരെയെല്ലാം ചാപ്പലിൽ വിളിച്ചുകൂട്ടി. അങ്ങനെ ആ പാതിരാത്രിയിൽ വെണ്ണിക്കുളം ബഥനി ആശ്രമ ചാപ്പലിൽ വച്ച് അലക്സന്ത്രയോസ് ശെമ്മാശ്ശൻ മുതൽ ബ്ര.ഗീവർഗ്ഗീസു വരെയുള്ള നോവിസസ് എല്ലാവരുടെയും ആദ്യവ്രതാനുഷ്ഠാന കർമ്മം അഭിവന്ദ്യപിതാവ് നടത്തി. വ്രതം ചെയ്തപ്പോൾ ഓരോരുത്തർ സ്വീകരിച്ച പേരുകൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| അലക്സന്ത്രയോസു ശെമ്മാശ്ശൻ | : | സെറാഫിയോൻ |
| വർഗ്ഗീസ് സാധു | : | ഗബ്രിയേൽ |
| അലക്സാണ്ടർ | : | അന്തോണിയോസ് |
| യോഹന്നാൻ സാധു | : | പാക്കോമിയോസ് |
| നൈനാൻ സാധു | : | റഫായേൽ |
| വലിയ ജോർജ്ജ് | : | ഹിലരിയോൻ |
| കൊച്ചു ജോർജ്ജ് | : | എവുസേബിയോസ് |
| ഗീവർഗീസ് | : | അംബ്രോസ് |

**ഇന്നു രാത്രി അതിർത്തി കടക്കണം**

ഇവരുടെ സന്യാസ പ്രതിജ്ഞ കഴിഞ്ഞയുടനെ വന്ദ്യപിതാവ് കല്പിക്കുകയായി. ‘‘ഫാദർ യോശുവായും സെറാഫിയോൻ

www.malankaralibrary.com

ശെമ്മാശ്ശനും കൂടെ കാറിൽ കയറി കൊള്ളുക. നേരം വെളുക്കു മ്പോഴേയ്ക്കും നമ്മൾ തിരുവിതാംകൂറിന്റെ അതിർത്തി കടന്ന് എറണാകുളത്ത് എത്തണം. നിരണം ഫിലിപ്പ് നമ്മേ പിടിക്കാൻ വാറണ്ടും കൊണ്ടു നടക്കുന്നു. റോമിലേയ്ക്കു വിടാതിരിക്കാനുള്ള യാക്കോബായക്കാരുടെ തന്ത്രമാണ്.'' കല്പന പ്രകാരം അവർ ഇരുവരും ആ പാതിരാത്രിയിൽ തന്നേ പിതാവിനോടു കൂടെ കാറിൽ കയറി എറണാകുളത്തിനു യാത്രയായി. വഴിമദ്ധ്യേ എതിരാളികളിൽ ആരെങ്കിലും തന്നെ തിരിച്ചറിഞ്ഞാൽ കുഴപ്പമുണ്ടാക്കിയേക്കുമോ എന്നു വന്ദ്യപിതാവിനു സംശയമില്ലാതില്ല. ദൈവഗത്യാ ചിങ്ങവനം വരെ കുഴപ്പമൊന്നുമുണ്ടായില്ല. അവിടെ വച്ച് കാർ പഞ്ചറായി. ഉടനെ തന്നേ ഡ്രൈവർ കോട്ടയം അരമനയിലെത്തി അഭിവന്ദ്യ ചൂളപ്പറമ്പിൽ തിരുമേനിയെ വിളിച്ചുണർത്തി വിവരമറിയിച്ചു. കേട്ടതുപാതി കേൾക്കാത്തതു പാതി, ചൂളപ്പറമ്പിൽ തിരുമേനി അദ്ദേഹത്തിന്റെ ഡ്രൈവറെ വിളിച്ചു കല്പനയായി "നമ്മുടെ കാർ ഇറക്കിക്കോ. ചിങ്ങവനത്തുനിന്ന് മാർ ഈവാനിയോസ് തിരുമേനിയെ ഒറ്റയടിക്കു എറണാകുളത്തെത്തിക്കണം.'' അങ്ങനെ ചിങ്ങവനം മുതൽ എറണാകുളം അരമന വരെയുള്ള യാത്ര കോട്ടയം തിരുമേനിയുടെ കാറിലായിരുന്നു. വഴിക്കു സംഭവിച്ച താമസം നിമിത്തം കോട്ടയത്ത് എത്തിയപ്പോഴേയ്ക്ക് നേരം പരപരാവെളുത്തിരുന്നു. അവിടെയാണല്ലോ പുനരൈക്യത്തിന്റെ വലിയ ശത്രുക്കളായിത്തീർന്ന, തിരുമേനിയുടെ പഴയ സ്നേഹിതന്മാരിൽ ഭൂരിപക്ഷവും നിവസിച്ചിരുന്നത്. കോട്ടയം പട്ടണം കഴിയുന്നതുവരെ പരിചയക്കാരെ ആരെയെങ്കിലും കണ്ടുമുട്ടുമോ എന്ന ഭീതിയായിരുന്നു. ഇട്ടുമൂടി പുതച്ചു സീറ്റിൽ ഇരിപ്പും കിടപ്പുമായി തിരുമേനി സഹയാത്രികരുടെ അനുകമ്പാർ ഹനായി തീർന്നതിൽ അതിശയിക്കാനില്ലല്ലോ. അരൂക്കുറ്റി കടന്നതോടെ ഭയമെല്ലാം പമ്പ കടന്നു. എറണാകുളം അരമനയിൽ ആഹ്ലാദപൂർവ്വം തിരുമേനി സ്വീകരിക്കപ്പെട്ടു. കണ്ടത്തിൽ തിരുമേനി ഒരു സ്നേഹമുള്ള പിതാവിനെപ്പോലെ ഈവാനിയോസ് തിരുമേനിയെ കെട്ടിപ്പിടിച്ചു ചുംബിച്ചു. അങ്ങനെ ആ അനർത്ഥം കടന്നുപോയി. ഫാദർ യോശുവായുടെ നിത്യവ്രതാനുഷ്ഠാനം എറണാകുളം കത്തീഡ്രൽ പള്ളിയിൽ വച്ച്, മാർ ഈവാനിയോസ് തിരുമേനി മുമ്പാകെ 7-4-32-ൽ അനാഡംബരമായി നടന്നു. ഏതാനും ദിവസങ്ങൾക്കുശേഷം അഭിവന്ദ്യ പിതാവ് ട്രെയിൻ മാർഗ്ഗം ബോംബെയ്ക്കും അവിടെ നിന്ന്

യൂറോപ്പിലേയ്ക്കും യാത്രയായി. യാത്രയ്ക്കു തടസ്സമുണ്ടാക്കാൻ പണിപ്പെട്ടു നടന്നവർ അതോടെ വിഷണ്ണരായി തീർന്നു. വന്ദ്യ തിരുമേനിയെ യാത്രയാക്കിയ ശേഷം ഫാ. ജോഷായും സെറാഫി യോൻ ശെമ്മാശ്ശനും വെണ്ണിക്കുളത്തേക്കു മടങ്ങി.

**ആർച്ചു ബിഷപ്പു തിരുമേനി റോമിൽ**

റോമിലേയ്ക്കുള്ള യാത്രയിൽ തിരുമേനിയെ അനുഗമി യ്ക്കാനുള്ള ഭാഗ്യം സിദ്ധിച്ചത് ഫാദർ C.K. Mattam-ത്തിനായിരുന്നു. അന്ന് വത്തിക്കാനിൽ ഭാഗ്യമോടെ വാണരുളിയിരുന്നത് Pius XI-ാമൻ മാർപാപ്പയായിരുന്നു. മാർ ഈവാനിയോസ് തിരുമേനി, മറ്റത്തിലച്ച നോടു കൂടെ, മാർപ്പാപ്പാ തിരുമേനിയെ സന്ദർശിച്ചു. “A Big Welcome” എന്നു പറഞ്ഞുകൊണ്ട് പരിശുദ്ധ പിതാവ് മാർ ഈവാനിയോസ് തിരുമേനിയെ ആഹ്ലാദപൂർവ്വം സ്വീകരിക്കുകയും, കേരളത്തിലെ പുനരൈക്യ പ്രസ്ഥാനം സംബന്ധിച്ചുള്ള വിവരങ്ങളെല്ലാം ചോദിച്ചു മനസ്സിലാക്കുകയും ചെയ്തു. റോമിലെ സഭാ മേലധികാരികളായ കർദ്ദിനാളന്മാർ, ആർച്ചുബിഷപ്പുമാർ, മെത്രാന്മാർ, സന്യാസസഭാ ധ്യക്ഷന്മാർ എന്നിവരെയെല്ലാം സന്ദർശിച്ച ശേഷം വന്ദ്യ തിരുമേനി, ഇറ്റലി, ഫ്രാൻസ്, ജർമ്മനി, ബൽജിയം, ഇംഗ്ലണ്ട് മുതലായ യൂറോപ്യൻ രാജ്യങ്ങളിലെല്ലാം ചുറ്റി സഞ്ചരിച്ചു. ഈ യാത്രയിൽ ബക്കിംഗ്ഹാം കൊട്ടാരത്തിലെത്തി ജോർജ്ജ് അഞ്ചാമൻ ചക്രവർത്തിയുമായി തിരുമേനി അഭിമുഖ സംഭാഷണം നടത്തി എന്നുള്ള വിവരം പ്രത്യേകം പ്രസ്താവ്യമാണ്.

**അതിരൂപതയുടെ ആസ്ഥാനം തിരുവനന്തപുരത്തായിരിക്കണം**

മാർപാപ്പാ തിരുമേനിയും വന്ദ്യപിതാവുമായുള്ള കൂടിക്കാഴ്ച യിൽ, അന്ത്യോക്യൻ റീത്തുകാർക്കായി ഹയരാർക്കി സ്ഥാപിക്കുന്ന തിനെപ്പറ്റിയും, ഒരു അതിരൂപതയും ഒരു സാമന്തരൂപതയും സ്ഥാപിക്കുന്നതിനെപ്പറ്റിയും സമഗ്രമായി അശയവിനിമയം നടന്നു. അതിരൂപതയുടെ ആസ്ഥാനം എവിടെയാക്കാനാണ് ആഗ്രഹമെന്നു കല്പിച്ചു ചോദിച്ചപ്പോൾ “തിരുവനന്തപുരം” എന്ന് വന്ദ്യപിതാവ് മറുപടി നല്കി. അതോടുകൂടെ “അവിടെ എനിക്ക് ഇപ്പോൾ ഒരാളോ ഒരിഞ്ചുസ്ഥലമോ ഇല്ല; എങ്കിലും അത് രാജ്യത്തിന്റെ തലസ്ഥാനമാക കൊണ്ടും ധാരാളം അകത്തോലിക്കർ അവിടെയുള്ളതുകൊണ്ടും തിരുവനന്തപുരത്തെ ഞാൻ തിരഞ്ഞെടുക്കുന്നു” എന്നു വന്ദ്യപിതാവ്

അറിയിക്കയുണ്ടായി. വൈമനസ്യലേശമെന്യേ, പരിശുദ്ധ പിതാവ് ആ അപേക്ഷ അനുവദിച്ചുകൊടുത്തു. തിരുവല്ലാ മദ്ധ്യകേരളത്തിലെ ഒരു പ്രധാന ക്രിസ്തീയ കേന്ദ്രമാകകൊണ്ട് സഫ്രഗൻ മെത്രാന്റെ ആസ്ഥാനം അതായിരിക്കണമെന്നുള്ള അഭ്യർത്ഥനയും കരുണാപുരസ്സരം അനുവദിക്കപ്പെട്ടു. ഇനി ഇവയുടെ കാനോനിക സ്ഥാപനം നടക്കണമെന്നേയുള്ളൂ. അതും യഥാകാലം നിർവഹിക്കപ്പെടും.

**ബഥനി ബ്രദേഴ്സിന്റെ സിമ്മനാരിപഠനം ചെത്തിപ്പുഴയിൽ**

നവശിഷ്യപരിശീലനം കഴിഞ്ഞ സെറാഫിയോൻ ശെമ്മാശ്ശൻ, അപ്രേം സാധു, റഫായേൽ സാധു എന്നിവരെ തത്വശാസ്ത്രം, വേദശാസ്ത്രം മുതലായവ പഠിപ്പിക്കുന്നതിന് ചെത്തിപ്പുഴ ആശ്രമത്തിലേയ്ക്ക് അയച്ചു. കർമ്മലീത്താ മൂന്നാം സഭക്കാരായ ബ. അച്ചന്മാരുടെ നിയന്ത്രണത്തിൽ രണ്ടു കൊല്ലം നീണ്ടുനില്ക്കേണ്ട ഒരു ഹൃസ്വമായ പഠനകാലമാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ചെത്തിപ്പുഴ ആശ്രമത്തിലാണ് സുറിയാനി കർമ്മലീത്താ ശെമ്മാശ്ശന്മാർ വേദശാസ്ത്രം പഠിച്ചുകൊണ്ടിരുന്നത്. അവിടുത്തെ അദ്ധ്യാപകർ തന്നേ ബഥനിക്കാരെ പഠിപ്പിക്കാൻ തുടങ്ങി. അദ്ധ്യാപകന്മാരിൽ പ്രധാനികൾ ബ. പ്ലാസിഡ് അച്ചനും മറ്റുമായിരുന്നു. അവർ തയ്യാറാക്കിയ കൃത്യമായ പാഠപദ്ധതി അനുസരിച്ചുതന്നേ പഠനം നടന്നു.

**ആശ്രമസ്ഥന്മാർ തിരുവനന്തപുരത്തേയ്ക്ക്**

അഭിവന്ദ്യപിതാവ് റോമിൽ ആയിരിക്കവേ നമ്മുടെ അതിരൂപതയുടെ ആസ്ഥാനം തിരുവനന്തപുരവും, സഫ്രഗൻ രൂപതയുടെ ആസ്ഥാനം തിരുവല്ലായും ആയിരിക്കുവാൻ പരിശുദ്ധ പിതാവ് അനുവദിച്ചിരിക്കുന്നുവെന്നും അതിന്റെ പ്രാരംഭമായി ആശ്രമസ്ഥന്മാരിൽ രണ്ടുപേർ തിരുവനന്തപുരത്ത് ഒരു വീടു വാടകയ്ക്കെടുത്തു താമസം തുടങ്ങണമെന്നും എഴുതി അറിയിച്ചു. അതനുസരിച്ച്, അന്നത്തെ അതിരൂപത അഡ്മിനിസ്ട്രേറ്ററായിരുന്ന പുലിക്കോട്ട് റമ്പാച്ചൻ ആശ്രമാധികാരികളുമായി ആലോചിച്ച് കുന്നുകുഴിയിൽ മാസം 25 രൂപയ്ക്ക് ഒരു വീടു വാടകയ്ക്കെടുക്കുകയും, അവിടുത്തെ തല്ക്കാല താമസത്തിനായി ഫാദർ ബർസ്ലീബായെയും ഹില്ലാരിയോൻ സാധുവിനെയും അയയ്ക്കുകയും ചെയ്തു. ഏതാണ്ട് ഒരാഴ്ച കഴിഞ്ഞ് ഫാദർ ജോഷ്വായെ സ്ഥിരമായി നിയമിച്ചുകൊണ്ട് ഫാദർ ബർസ്ലീബായെ പിൻവലിക്കുകയുണ്ടായി. പരിശുദ്ധ പിതാവ്

www.malankaralibrary.com

അന്ത്യോക്യൻ റീത്തിന്റെ തലസ്ഥാനമായി തിരുവനന്തപുരം കല്പിച്ചു കൊടുത്തിരിക്കുന്നു എന്നുള്ള വാർത്ത പ്രചരിച്ചതോടെ ലത്തീൻ റീത്തുകാർ പൊതുവെയും തിരുവനന്തപുരത്തെ ലത്തീൻകാർ പ്രത്യേകിച്ചും അമർഷംകൊണ്ടു. തിരുവനന്തപുരത്തിന്റെ അന്നത്തെ സ്ഥിതി അറിയുന്നവർക്ക് അതിൽ അത്ഭുതം തോന്നുകയില്ല. ലത്തീൻ റീത്തിൽപ്പെട്ട സെന്റ് ജോസഫ് ചർച്ച് പട്ടണത്തിന്റെ ഹൃദയഭാഗത്തു സ്ഥിതിചെയ്യുന്നു. അതുവരെ തിരുവനന്തപുരത്തുള്ള കത്തോലിക്കരെല്ലാവരും ആ ഇടവകക്കാരാണ്. ബ്രഹ്മാണ്ഡമായ ദേവാലയവും അതിനൊത്ത പതിനായിരത്തിൽപരം ഇടവകക്കാരും, പ്രശസ്തങ്ങളായ മറ്റു പല സ്ഥാപനങ്ങളും അവർക്കുണ്ട്. തിരുവനന്തപുരം ആസ്ഥാനമാക്കി ഒരു ലത്തീൻ രൂപത സ്ഥാപിച്ചുകിട്ടാൻ അവർ പല വർഷങ്ങളായി പരിശ്രമിക്കുന്നതുമാണ്. അങ്ങനെയിരിക്കുമ്പോഴാണ് "പുനരൈക്യത്തിന്റെ പാപ്പാ" എന്നു വിശേഷിക്കപ്പെടാവുന്ന പതിനൊന്നാം പീയൂസ് പാപ്പാ, ഒരാളോ ഒരിഞ്ചുസ്ഥലമോ ഇല്ലാത്ത അന്ത്യോക്യൻ റീത്തുകാർക്കായി തിരുവനന്തപുരം ആസ്ഥാനമാക്കി ഒരു ഹയരാർക്കിയും അതിരൂപതയും അനുവദിച്ചു കൊടുത്തിരിക്കുന്നത്! അതിനൊരു വ്യതിയാനം വരുത്തുവാൻ വല്ല സാധ്യതയുമുണ്ടോ എന്ന് ലത്തീൻകാർ ആരാഞ്ഞുനോക്കി. മാർ ഈവാനിയോസ് മാർപാപ്പയെ പറ്റിച്ചു എന്ന് ചില ദുഷ്പ്രചരണങ്ങളും മുക്കിലും മൂലയിലും കേട്ടു തുടങ്ങി. അതുകൊണ്ടൊന്നും ഫലമില്ലെന്ന് കുറെ കഴിഞ്ഞുമാത്രമേ അവർക്കു മനസ്സിലായുള്ളൂ.

## ലത്തീൻ റീത്തിലെ ഉന്നതാധികാരികൾ കുന്നുകുഴിയിലെ വസതിയിൽ

വാടകയ്ക്കെടുത്ത ചെറിയ കെട്ടിടത്തിലെ ഒരു മുറി വി. മാതാവിന്റെ നാമത്തിലുള്ള ചാപ്പൽ മുറിയായി വേർതിരിച്ചിരുന്നു. അവിടെ ബഥനി ആശ്രമപട്ടക്കാരൻ വി. കുർബാന ചൊല്ലുകയും, ഭവനവാസികൾ തങ്ങളുടെ പ്രാർത്ഥനകൾ നടത്തുകയും ചെയ്തിരുന്നു. വളരെ ലളിതമായ ജീവിതമാണ് അവിടെ ആശ്രമസ്ഥന്മാർ നയിച്ചിരുന്നത്. രണ്ടുപേർക്ക് ആവശ്യത്തിനുള്ള ഉപകരണങ്ങൾ മാത്രം. അങ്ങനെയിരിക്കെ ഒരു ദിവസം, പൊടുന്നനേ, ലത്തീൻ റീത്തിലെ ഉന്നതാധികാരികളുടെ ഒരു ഗണം ആ വിനീത ഭവനത്തിൽ പ്രത്യക്ഷപ്പെടുന്നു. ആ കൂട്ടത്തിൽ വരാപ്പുഴ മെത്രാപ്പോലീത്ത Dr. Angel Mary തിരുമേനി, കൊല്ലത്തെ അഡ്മിനിസ്ട്രേറ്ററിന്റെ

പ്രതിപുരുഷൻ, പാളയം പള്ളിയിലെ വികാരിമാർ തുടങ്ങി ഒരു ഡസനോളം വൈദികാധികാരികളുണ്ട്. ഇവർ ആരൊക്കെയാണെന്നോ എന്തിനായി വന്നിരിക്കുന്നു എന്നോ അറിയാതെ ആശ്രമസ്ഥന്മാർ തെല്ലൊന്നു കുഴങ്ങി. അതോടൊപ്പം മാന്യാതിഥികളെ യഥായോഗ്യം സ്വീകരിക്കാൻ കഴിയാത്തതിലും അമ്പരപ്പുണ്ട്. ഇരുഭാഗക്കാരും അന്യോന്യം പരിചയപ്പെട്ടശേഷം, അതിഥികൾ മുറയ്ക്കു ചോദ്യം ചെയ്യാൻ തുടങ്ങി. അവർക്ക് പള്ളി കാണണം; തിരുവനന്തപുരത്തു വന്നു താമസിക്കുന്നതിന്റെ ഉദ്ദേശ്യം അറിയണം; തിരുവനന്തപുരത്ത് അന്ത്യോക്യൻ റീത്തിൽ എത്രയാളുകൾ ഉണ്ടെന്നറിയണം; ഇങ്ങനെ പലതിനെപ്പറ്റിയും ചോദ്യവും ഉത്തരവുമായി. ഒടുവിൽ അതിഥികൾ സന്തോഷത്തോടെ യാത്ര പറഞ്ഞു പിരിഞ്ഞു. തിരുവനന്തപുരം അന്ത്യോക്യൻ റീത്തിന്റെ ആസ്ഥാനമായിരിക്കുമെന്നുള്ള പരിശുദ്ധ പിതാവിന്റെ തീരുമാനത്തിനു മാറ്റം വരുത്താൻ, പ്രസ്തുത കൂടിക്കാഴ്ചയിൽ നിന്ന്, എന്തെല്ലാം ന്യായങ്ങൾ അവയ്ക്കു ലഭിച്ചു എന്ന് ഇന്നും അജ്ഞാതമായിത്തന്നേ ഇരിക്കുന്നു.

**ഫാ. ജോൺ പാങ്ങോട്ട് ആശ്രമത്തിലെ നോവിഷ്യേറ്റ് പരിശീലനം കഴിഞ്ഞ് ബഥനിയിലേയ്ക്കു പോകുന്നു**

ഫാദർ ജോൺ പാങ്ങോട്ട് ആശ്രമത്തിൽ നിന്നു മടങ്ങാൻ സമയമായിരിക്കുന്നു എന്ന് അറിയിച്ചതനുസരിച്ച് കൃത്യസമയത്ത് ഫാദർ ജോഷ്വാ പാങ്ങോട്ട് ആശ്രമത്തിലെത്തുകയും ഫാദർ ജോണിനെ കുന്നുകുഴിയിലെ തന്റെ വസതിയിലേക്കു കൂട്ടിക്കൊണ്ടുപോകുകയും ചെയ്തു. ഫാദർ ജോണിന്റെ ആശ്രമവാസം അവിടെയുള്ള ഏവർക്കും അനുകരണീയമായിരുന്നു എന്നും, ഇങ്ങനെയുള്ള ഒരു പരിശീലനം ആഗ്രഹിക്കുന്നവരായി ബഥനിക്കാർ ആരെങ്കിലുമുള്ള പക്ഷം അവർക്കും ഒരു അവസരം കൊടുക്കാൻ പാങ്ങോട്ട് ആശ്രമം ഒരുക്കമാണെന്നും ബ.പ്രിയോരച്ചൻ തുറന്നു പറഞ്ഞു. ബ. അച്ചന് പ്രിയോരച്ചനും മറ്റ് ആശ്രമവാസികളും ചെയ്തുകൊടുത്ത എല്ലാ സഹായങ്ങൾക്കും വേണ്ടി ഫാദർ യോശുവാ ബഥനി സമൂഹത്തിന്റെ നാമത്തിൽ നന്ദി പ്രദർശിപ്പിച്ചു. ജോണച്ചന്റെ താമസച്ചെലവിനുള്ള തുക ഫാദർ ജോഷ്വാ വച്ചുനീട്ടിയെങ്കിലും ബ. പ്രിയോരച്ചൻ നന്ദിപൂർവ്വം നിരസിക്കുകയാണുണ്ടായത്. സന്തോഷപൂർവം ബഥന്യാശ്രമസ്ഥന്മാർ പാങ്ങോട്ട് ആശ്രമത്തോടു യാത്ര പറഞ്ഞിറങ്ങി. രണ്ടു ദിവസം ഫാദർ ജോൺ കുന്നുകുഴിയിലെ ഭവനത്തിൽ

കഴിച്ചുകൂട്ടിയിട്ട് പിറ്റേദിവസം വെണ്ണിക്കുളത്തേയ്ക്കു തിരിച്ചു. അങ്ങനെ പ്രാർത്ഥനാനിരതമായ ഒരു സമൂഹത്തിലെ നിഷ്കർഷമായ നവശിഷ്യ പരിശീലനത്തിനുശേഷം ബ. ജോൺ അച്ചൻ തന്റെ സഹോദരങ്ങളുടെ മധ്യത്തിൽ എത്തിചേർന്നു. പാങ്ങോട്ട് ആശ്രമത്തിലെ അന്നത്തെ പ്രിയോർ Rev. Fr. Constantine OCD യും, നവശിഷ്യഗുരു Rev. Fr. Lukas OCD യും ആയിരുന്നു. അവരിരുവരോടും ബഥനിയ്ക്ക് പ്രത്യേക കടപ്പാടുണ്ട്.

## ആർച്ചുബിഷപ്പ് തിരുമേനി യൂറോപ്യൻ പര്യടനം കഴിഞ്ഞ് തിരിച്ചെഴുന്നെള്ളി

അഭിവന്ദ്യ തിരുമേനിയുടെ റോമ്മാ സന്ദർശനവേളയിൽ പരിശുദ്ധ മാർപാപ്പ വാത്സല്യപൂർവ്വം അദ്ദേഹത്തിന് പാലിയം നൽകുകയും തിരുവനന്തപുരം അതിരൂപത, തിരുവല്ലാ രൂപത ഇവ ഉൾക്കൊള്ളുന്ന മലങ്കര സിറിയൻ കത്തോലിക്കാ ഹയരാർക്കി സ്ഥാപിക്കുകയും ചെയ്തു. പ്രസ്തുത സ്ഥാപനം 1932 ജൂൺ 11-ാം തീയതിയിലെ ക്രിസ്തോ പാസ്തോരും പ്രിൻചിപ്പി എന്ന അപ്പസ്തോലിക തിരുവെഴുത്തിനാൽ ഉത്ഘാടനം ചെയ്യപ്പെട്ടു.

യൂറോപ്യൻ പര്യടനം കഴിഞ്ഞ് വന്ദ്യ തിരുമേനി ഒക്ടോബറിൽ കേരളത്തിൽ മടങ്ങിയെത്തുമെന്ന് നേരത്തേ അറിവു കിട്ടി. തിരുവനന്തപുരം എയറോഡ്രോമിൽ വന്നിറങ്ങുന്ന തിരുമേനിയെ സ്വീകരിപ്പാനായി തിരുവനന്തപുരത്തെ പൗരപ്രമുഖർ - പ്രത്യേകിച്ച് കത്തോലിക്കർ - ഒരുങ്ങുകയായി. ഫാദർ യോശുവാ താമസിച്ചിരുന്ന കുന്നുകുഴിയിലെ കെട്ടിടം ആർച്ചുബിഷപ്പിന്റെ താമസത്തിന് തീരെ അപര്യാപ്തമാകയാൽ കുറെക്കൂടെ സ്ഥലസൗകര്യമുള്ള മറ്റൊരു കെട്ടിടം വാടകയ്ക്കെടുക്കുന്നതിനു അന്വേഷിച്ചു തുടങ്ങി. ഡോക്ടർ രാമൻതമ്പിയുടെ വക വെള്ളയമ്പലത്തുള്ള കെട്ടിടം അതിനു പര്യാപ്തമെന്നു കാണുകയാൽ 75 രൂപ പ്രതിമാസ വാടകയ്ക്ക് അതെടുത്തു. അവിടേക്കു വന്ദ്യതിരുമേനിയെ എതിരേറ്റു കൊണ്ടുവരുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യാൻ ബഹു. പുലിക്കോട്ടു റമ്പാച്ചൻ നേരത്തേ തന്നെ തിരുവനന്തപുരത്തു വന്നു ചേർന്നു. മി. ഐ.സി ചാക്കോ, ചീഫ് സെക്രട്ടറി മി. റ്റി. ചാണ്ടി, എൻജിനീയർ മി. കെ.സി. തോമ്മസ്, എം.എം. വർക്കി, പഞ്ഞിക്കാരൻ വക്കീൽ, ബ. വെട്ടിക്കാപള്ളിലച്ചൻ മുതൽ പേരുടെ ആലോചനയോടുകൂടെ ബ. റമ്പാച്ചൻ വേണ്ടപ്പെട്ടവരുടെ ലിസ്റ്റ്

www.malankaralibrary.com

പൂർത്തിയാക്കി. നിശ്ചിത ദിവസം പ്രമാണികളിൽ ഏതാനും പേർ വന്ദ്യതിരുമേനിയെ സ്വീകരിച്ചുകൊണ്ടു വരുന്നതിനായി എയറോ ഡ്രോമിലേയ്ക്കു യാത്രയായി. ബാക്കിയുള്ളവർ വീടിന്റെ ഗേറ്റിൽ നിലയുറച്ചു. തിരുമേനി വിമാനത്താവളത്തിൽ വന്നിറങ്ങിയ ഉടനെ യൂണിവേഴ്സിറ്റി കോളേജ് പ്രിൻസിപ്പാൾ ഡോക്ടർ ചന്ദ്രശേഖരൻ ഹാരാർപ്പണം നടത്തി ഔദ്യോഗികമായി സ്വീകരിച്ചു. തുടർന്നു മറ്റു പലരും ഹാരാർപ്പണം നടത്തി. തിരുമേനി അവിടെ കൂടിയിരുന്നവരോട് അല്പസമയം കുശലപ്രശ്നം ചെയ്തു. തദനന്തരം ഒരു വലിയ ജനതതിയാൽ അനുഗതനായി തിരുമേനി വെള്ളയമ്പല ത്തിലേയ്ക്കു തിരിച്ചു. വീട്ടുഗേറ്റുങ്കൽ വച്ച് ആഘോഷപൂർവ്വമായ വരവേല്പു നല്കി തിരുമേനിയെ ചാപ്പലിലേയ്ക്ക് ആനയിച്ചു. സ്ത്രോത്ര പ്രാർത്ഥനയ്ക്കു ശേഷം ഒരു ചെറിയ സ്വീകരണയോഗവും സുഹൃത് സമ്മേളനവും നടന്നു. അങ്ങനെ മാർ ഈവാനിയോസ് അദ്ദേഹത്തിനായി റോമാ സിംഹാസനം നിയോഗിച്ചിരുന്ന തിരുവനന്തപുരം അതിരൂപതയുടെ ആസ്ഥാനമായ തിരുവനന്തപുരം പട്ടണത്തിൽ വാസമുറപ്പിച്ചു. യൂറോപ്പ് പര്യടനത്തിൽ തിരുമേനിയെ അനുഗമിച്ചിരുന്ന ബ. മറ്റത്തിലച്ചനും (പ്രോദോത്ത് എന്ന സ്ഥാനം സ്വീകരിച്ചുകൊണ്ടാണ് അദ്ദേഹം റോമിൽനിന്നു മടങ്ങിയിരിക്കുന്നത്) ബ. പുലിക്കോട്ട് ജോസഫ് റമ്പാച്ചനും തിരുമേനിയോടു കൂടെ താമസമായി. ഫാദർ യോശുവായെ ചാൻസലറും പ്രൈവറ്റ് സെക്രട്ടറിയുമായി നിയമിച്ചു. ഏറെ ത്താമസിയാതെ പുല്ലാട് ആശ്രമത്തിൽ നിന്ന് ബ. കോശി ശെമ്മാശ്ശനെ വരുത്തി അരമന പ്രൊക്യുറേറ്ററായും നിയമിച്ചു. ഇവരെ കൂടാതെ ക്ലാർക്ക്, ടൈപ്പിസ്റ്റ് കുശിനിക്കാർ മുതലായവരും അരമനക്കെട്ടിടത്തിൽ തന്നേ താമസിച്ചിരുന്നു. ഇങ്ങനെ രണ്ട് ആശ്രമസ്ഥന്മാരുടേതായിരുന്ന വിനീതഭവനം ആർച്ചുബിഷപ്പിന്റെ അരമനയായി രൂപാന്തരപ്പെട്ടു.

**ബഥന്യാശ്രമത്തിനുവേണ്ടി നാലാഞ്ചിറ ഒരു സ്ഥലം വാങ്ങി**

റോമിൽ നിന്നു മടങ്ങി തിരുവനന്തപുരത്തു താമസമാക്കിയ ദിവസം മുതൽ വന്ദ്യതിരുമേനി ബഥന്യാശ്രമസ്ഥരുടെ കാര്യത്തിൽ ദത്തശ്രദ്ധനായി കാണപ്പെട്ടു. അവരുടെ സ്ഥിരവാസത്തിനായി തിരുവനന്തപുരം പട്ടണപ്പരിസരത്തിൽ നാലാഞ്ചിറ 12 ഏക്കർ വരുന്ന ഒരു പറമ്പ് 1108 വൃശ്ചികം 29-ാം തീയതി ബഥന്യാശ്രമത്തിന്റെ പേരിൽ 5000 രൂപയ്ക്കു വിലയ്ക്കുവാങ്ങി. പ്രസ്തുത സ്ഥലത്തുണ്ടായിരുന്ന

www.malankaralibrary.com

ചെറിയ കെട്ടിടത്തിൽ അന്നുമുതൽ ഫാദർ ബർസ്ലീബ, യോഹന്നാൻ സാധു എന്നിവർ താമസമാക്കുകയും ചെയ്തു. ഒരു ആശ്രമത്തിന് ആവശ്യമായ കെട്ടിടങ്ങൾ ഏറ്റം വിനീതമായ തോതിൽ പണിതു തരുന്നതിന് ഒരു ഗവൺമെന്റ് ഓവർസീയറായിരുന്ന മി. കെ. സി. വർഗ്ഗീസിനെ വന്ദ്യതിരുമേനി തന്നേ ശട്ടം കെട്ടി. എക്സിക്യൂട്ടീവ് എൻജിനീയർ. മി. കെ. സി. തോമസ് കെട്ടിടം പണിയ്ക്ക് വേണ്ട ആലോചനകൾ നൽകുകയും കൂടെക്കൂടെ വന്ന് പണി പരിശോധിക്കുകയും ചെയ്തിരുന്നു. അതിനാൽ കെട്ടിടം പണി ദ്രുതഗതിയിൽ പുരോഗമിച്ചു വന്നു.

ഫാദർ യോബും, ഫാദർ ജോണും 2-2-1933-ൽ പുല്ലാട് ആശ്രമത്തിൽ വച്ച് നിത്യവ്രതമെടുത്തു.

## സിനിമാഹാൾ പള്ളിയായി രൂപാന്തരപ്പെടുന്നു

ആർച്ചു ബിഷപ്പ് വെള്ളയമ്പലത്തു താമസിക്കുന്ന കാലത്ത് പാളയത്ത് പാമ്പഡോർ പാലസ് എന്നറിയപ്പെട്ടിരുന്ന സിനിമാഹാൾ വിലയ്ക്കുവാങ്ങി. അത് ഒരു പള്ളിയാക്കണമെന്നായിരുന്നു തിരുമേനിയുടെ ഉദ്ദേശ്യം. അക്കാലത്ത് ഗവൺമെന്റ് അനുവാദത്തോടുകൂടെ മാത്രമേ പരസ്യാരാധാനയുള്ളൂ, പള്ളികൾ സ്ഥാപിച്ചു കൂടൂ. പാമ്പഡോർ പാലസിൽ അപ്പോൾ ചില മാറ്റങ്ങൾ വരുത്തിയിട്ട് പള്ളിയാക്കാനുള്ള അനുവാദത്തിന് ഗവൺമെന്റിൽ അപേക്ഷ സമർപ്പിച്ചു. ആ പള്ളിയിൽ വച്ച് 1933 മാർച്ച് 11-ാം തീയതി തിരുവനന്തപുരം അതിരൂപതയുടെ ഉൽഘാടനം നടത്താനാണ് തീരുമാനിച്ചിരുന്നത്. ഗവൺമെന്റ് അനുവാദം 1933 മാർച്ച് 10-ാം തീയതി മാത്രമേ ലഭിച്ചുള്ളു. ആ രാത്രിയിൽ തന്നെ മാർ ഈവാനിയോസ് തിരുമേനി പാമ്പഡോർ പാലസ് പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിലുള്ള ഒരു പള്ളിയായി കൂദാശ ചെയ്തു.

## അതിരൂപതാ - രൂപതകളുടെ കാനോനിക ഉദ്ഘാടനം

പ്രസ്തുത ദേവാലയത്തിൽവച്ച് 11-ാം തീയതി അതിരാവിലെ എറണാകുളം ആർച്ചുബിഷപ്പ് അഗസ്റ്റിൻ മാർ കണ്ടത്തിൽ തിരുമേനിയുടെ മുമ്പാകെ മാർ ഈവാനിയോസു തിരുമേനി വിശ്വാസ പ്രഖ്യാപനവും വിശ്വസ്തതാ പ്രതിജ്ഞയും നടത്തി. ഭരണഘടന നടപ്പിലാക്കുവാൻ നിയുക്തനായിരുന്ന ഡോക്ടർ ബൻസിഗർ തിരുമേനി

10 മണിയോടുകൂടി പള്ളിയിൽ ആഗതനായി ഒരു ചെറിയ പ്രസംഗം ചെയ്തു. തദനന്തരം അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ അപ്പസ്തോലിക ഘടനയും അതിന്റെ ഇംഗ്ലീഷ് പരിഭാഷയും വായിക്കുകയും "ക്രിസ്തോ പാസ്തോരും പ്രിൻചിപ്പി" എന്ന ഭരണഘടന യഥാവിധി നിർവഹിക്കപ്പെട്ടതായി അദ്ദേഹം പ്രസ്താവിക്കുകയും ചെയ്തു. ഇതോടെ മാർ ഈവാനിയോസ് തിരുമേനി തിരുവനന്തപുരം ആർച്ചുബിഷപ്പായി അവരോധിക്കപ്പെട്ടു. ഏതാണ്ട് ഇതേ രീതിയിൽ തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രലിൽ വച്ചു നടന്ന ഒരു കർമ്മത്തോടെ 1933 നവംബർ 6–ാം തീയതി തിരുവല്ലാ രൂപതയും സ്ഥാപിക്കപ്പെടുകയും അതിന്റെ ബിഷപ്പായ മാർ തിയോഫിലോസ് തിരുമേനിയേയും സംബന്ധിച്ചുള്ള അപ്പസ്തോലിക ഘടനയും നടപ്പിലാക്കപ്പെടുകയും ചെയ്തു. തിരുവനന്തപുരം അതിരൂപതയെയും തിരുവല്ലാ രൂപതയെയും വേർപെടുത്തുന്ന അതിർത്തി പമ്പാ നദിയായി അംഗീകരിക്കപ്പെട്ടു.

**വാണാച്ചിറ യോഗം**

മേല്പ്പറഞ്ഞ പ്രകാരം തിരുവനന്തപുരം അതിരൂപതയെയും തിരുവല്ലാ രൂപതയെയും സംബന്ധിച്ച് അതിർത്തി നിർണ്ണയം ചെയ്തുവെങ്കിലും ബഥന്യാശ്രമം സംബന്ധിച്ച് ക്ലിപ്തമായ വ്യവസ്ഥയൊന്നും ചെയ്തിരുന്നില്ല. ഇരു രൂപതകളിൽ നിന്നുള്ളവർ ആശ്രമാംഗങ്ങളായി ചേർന്നിരുന്നു. മാതൃമന്ദിരം സ്ഥിതി ചെയ്തിരുന്ന പെരുനാട് തിരുവനന്തപുരം അതിരൂപതയിലും, അവിടം വിട്ടിറങ്ങിവന്നു താമസിച്ച വെണ്ണിക്കുളം തിരുവല്ലാ രൂപതയിലുമുള്ള സ്ഥലങ്ങളാണ്. ഇരു രൂപതകളിലും ആശ്രമാംഗങ്ങൾ വേലചെയ്യുന്നുമുണ്ടായിരുന്നു. മാർ ഈവാനിയോസ് തിരുമേനി ആശ്രമക്കാര്യങ്ങളെല്ലാം നിർവഹിച്ചു വന്നതു കൊണ്ട് ആശ്രമാംഗങ്ങൾ ഒരു രൂപതാധികാരിയുടെ ഭരണത്തിലായിരിക്കണമെന്നതിനെപ്പറ്റി ആർക്കും ഇതുവരെ അഭിപ്രായവ്യത്യാസമുണ്ടായിരുന്നില്ല. അതിരൂപതയുടെയും രൂപതയുടെയും അതിർത്തി നിർണ്ണയിച്ച സ്ഥിതിയ്ക്ക് ആശ്രമസ്ഥന്മാരെ സംബന്ധിച്ചും ഒരു തീരുമാനമുണ്ടായേ മതിയാവൂ എന്ന നിലവന്നു. ഏതാനും പേരെ തിരുവനന്തപുരം ആർച്ചുബിഷപ്പിന്റെ ഭരണത്തിലും ബാക്കിയുള്ളവരെ തിരുവല്ലാ ബിഷപ്പിന്റെ ഭരണത്തിലുമാക്കിക്കൊണ്ട് അന്യോന്യം ബന്ധമില്ലാത്ത രണ്ടു രൂപതാ സമൂഹങ്ങൾ ആക്കിയാലെന്താണ് എന്നൊരു അഭിപ്രായമുണ്ടായി. കേവലം

ശൈശവപ്രായത്തിൽ സ്ഥിതിചെയ്യുന്ന സമൂഹത്തെ അങ്ങനെ വെട്ടിമുറിയ്ക്കുന്നത് അതിന്റെ ജീവഹാനിക്കു തന്നേ കാരണമാകയില്ലേ എന്ന് മറ്റൊരു അഭിപ്രായവുമുണ്ടായി. മാർ ഈവാനിയോസു മെത്രാപ്പോലീത്താ സ്ഥാപിച്ചു നടത്തിവരുന്ന സമൂഹമാകകൊണ്ട് സമൂഹാംഗങ്ങൾ ഏതു രൂപതയിൽ വസിച്ചാലും, അദ്ദേഹത്തിന് അവരേവരുടെയും മേൽ Extra territorial Jurisdiction കൊടുത്താലെന്താണ് എന്നൊരാശയവും ചിലേടങ്ങളിൽ പ്രതിധ്വനിച്ചു. ഈ അഭിപ്രായാന്തരങ്ങൾ പരിഹരിച്ച് ഏകാഭിപ്രായം രൂപീകരിക്കുന്നതിനുവേണ്ടി ആശ്രമാംഗങ്ങൾ എല്ലാവരും വാണാച്ചിറപ്പള്ളിയിൽ കൂടണമെന്ന് മാർ ഈവാനിയോസ് തിരുമേനി എല്ലാവർക്കും അറിയിപ്പുകൊടുത്തു. 1933-ാമാണ്ട് ഒരു സായാഹ്നത്തിൽ എല്ലാവരും വാണാച്ചിറ പള്ളിയിൽ കൂടി ആശയവിനിമയം നടത്തി. ഇന്നത്തെ സാഹചര്യത്തിൽ സമൂഹത്തെ രണ്ടായി വെട്ടിമുറിയ്ക്കാൻ പാടില്ലെന്നും, സമൂഹാംഗങ്ങൾ ഏതെല്ലാം രൂപതകളിൽ വസിച്ചിരുന്നാലും ഒരു സുപ്പീരിയർ ജനറലിന്റെ കീഴിലായിരിക്കണമെന്നും, Extra territorial ഭരണം അപ്രായോഗികമായിരിക്കുമെന്നും പൊതുവെ അഭിപ്രായമുണ്ടായി.

### ആശ്രമ സുപ്പീരിയറിന്റെ തിരഞ്ഞെടുപ്പ്

വാണാച്ചിറ യോഗം കഴിഞ്ഞ് ഏറെ താമസിയാതെ മാർ ഈവാനിയോസ് തിരുമേനി വെണ്ണിക്കുളം (പുല്ലാട്ട്) ആശ്രമത്തിൽ എഴുന്നെള്ളുകയും ഒരു പുതിയ സുപ്പീരിയറിനെ തിരഞ്ഞെടുക്കുവാൻ കല്പിക്കുകയും ചെയ്തു. ഫാദർ യോശുവാ സുപ്പീരിയറായി 1933-ൽ തിരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് ഏതാനും നാളത്തേയ്ക്ക് അദ്ദേഹം ആബൂനാ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്.

### പുതിയ സന്യാസാർത്ഥികൾ

8-1-33-ൽ ഇലന്തൂർ വടക്കേക്കര ഗീവർഗ്ഗീസ് മകൻ തോമസ് (ഫാദർ യോബിന്റെ അനുജൻ മാമ്മച്ചൻ) ആശ്രമത്തിൽ ചേർന്നു. കഴിഞ്ഞ ഏതാനും കൊല്ലത്തോളമായി ബഥനിയിൽ ചേരുവാൻ ആഗ്രഹിച്ചു കൊണ്ടിരുന്ന കല്ലൂപ്പാറ തങ്ങളത്തുമണ്ണിൽ ഇടിക്കുള വർഗ്ഗീസ് മാതാപിതാക്കന്മാരുടെയും ബന്ധുമിത്രാദികളുടെയും എതിർപ്പിനെ അവഗണിച്ച്, 1933 മേയ് മാസത്തിൽ നാലാഞ്ചിറ ആശ്രമത്തിൽ വന്നു ചേർന്നു. ഫാദർ ബർസ്ലീബാ, പക്കോമിയോസു സാധു എന്നിവർ മാത്രമാണ് അക്കാലത്ത് നാലാഞ്ചിറ ആശ്രമത്തിൽ

താമസിച്ചിരുന്നത്. മി. വർഗ്ഗീസ് കത്തോലിക്കാ സഭയോടു പുനരൈക്യപ്പെടുകയും, വെണ്ണിക്കുളത്തു നിന്ന് ബാക്കി ആശ്രമസ്ഥർ വന്നു ചേരുന്നതുവരെ നാലാഞ്ചിറയിലെ ഏകാന്തതയിൽ കഴിഞ്ഞു കൂടുകയും ചെയ്തു. 1933 ജൂൺ മാസത്തിൽ, പള്ളിപ്പുറത്തു വെളുത്തേടത്തു പറമ്പിൽ നാരായണമല്ലൻ മകൻ പോൾ റാവു ആശ്രമത്തിൽ ചേർന്നു. ഇദ്ദേഹം ലത്തീൻ റീത്തിൽ സ്നാനപ്പെട്ട ഒരു ബ്രാഹ്മണ യുവാവാണ്. 5-5-33-ൽ കോശി ശെമ്മാശ്ശൻ, യൗനാൻ ശെമ്മാശ്ശൻ, അപ്രേം സാധു എന്നിവർ തല്ക്കാലവ്രതം പുതുക്കി.

**ബഥന്യാശ്രമം നാലാഞ്ചിറയിലേയ്ക്ക്**

നാലാഞ്ചിറ പറമ്പിൽ അത്യാവശ്യത്തിനുള്ള ആശ്രമകെട്ടിടങ്ങൾ പൂർത്തിയായപ്പോൾ, ആശ്രമാംഗങ്ങൾ വെണ്ണിക്കുളത്തുനിന്ന് നാലാഞ്ചിറയിലേക്കു വന്നുകൊള്ളണമെന്ന് ആർച്ചുബിഷപ്പു തിരുമേനി കല്പനയായി. എല്ലാവരും കൂടെ തിരുവനന്തപുരത്തേക്കു വന്ന് പൊതുവിനടുത്ത ചില കാര്യങ്ങൾ ക്രമപ്പെടുത്തിയ ശേഷം ഏതാനും പേരെ തിരുവല്ലായിക്കു അയയ്ക്കാമെന്ന് അന്നുതന്നെ വന്ദ്യപിതാവു കല്പിച്ചിരുന്നു. തിരുവല്ലാ ബഥനി മഠത്തിലെ ആത്മീയ ദിഷ്ഠതികൾ നടത്തിക്കൊടുക്കുവാൻ വേണ്ടി ഫാദർ അബ്രഹാം, അംബ്രാസ് സാധുവിനോടു കൂടെ തല്ക്കാലം തിരുമൂലപുരത്തു താമസിച്ചു കൊള്ളുവാൻ തിരുമേനി കല്പിച്ചതനുസരിച്ച് അവർ വെണ്ണിക്കുളത്തു നിന്ന് അങ്ങോട്ടു യാത്രയായി. ബാക്കിയുള്ള ആശ്രമസ്ഥന്മാർ പുതിയ സുപ്പീരിയറിന്റെ നേതൃത്വത്തിൽ 1933 ജൂൺ മാസത്തിൽ തിരുവനന്ത പുരത്തു വന്നു ചേർന്നു.

**അലക്സന്ത്രയോസ് ശെമ്മാശ്ശൻ മുതൽ പേർ സിമ്മനാരി പഠനം കഴിഞ്ഞ് തിരിച്ചെത്തുന്നു**

ചെത്തിപ്പുഴ കർമ്മലീത്താ ആശ്രമത്തിൽ താമസിച്ച് വൈദിക പഠനം നടത്തിക്കൊണ്ടിരുന്ന അലക്സന്ത്രയോസു ശെമ്മാശ്ശൻ, അപ്രേം സാധു, റഫായേൽ സാധു എന്നിവർ സിമ്മനാരി പഠനം പൂർത്തിയാക്കി 1933-ൽ തിരുവനന്തപുരം (നാലാഞ്ചിറ) ആശ്രമത്തിൽ തിരിച്ചെത്തി.

**ശെമ്മാശ്ശപ്പട്ടം ,നവശിഷ്യപദ പ്രവേശനം**

കോശി ശെമ്മാശ്ശൻ, യൗനാൻ ശെമ്മാശ്ശൻ എന്നിവർക്ക് 13-7-1933 ൽ കോറൂയോ പട്ടവും 2-11-1933ൽ എവുപദ്യക്നോൻ പട്ടവും നല്കപ്പെട്ടു. അന്നേദിവസം തന്നേ പക്കോമിയോസു സാധുവിന്

മ്സമ്റോനോപട്ടവും നല്കപ്പെട്ടു. ഇവയിലെല്ലാം കർമ്മിത്വം വഹിച്ചത് മാർ ഈവാനിയോസ് തിരുമേനിയായിരുന്നു.

21-11-33 ൽ താഴെപ്പറയുന്ന സന്യാസാർത്ഥികൾ നാലാഞ്ചിറ ആശ്രമത്തിൽ ഫാദർ ജോണിന്റെ കീഴിൽ നവശിഷ്യ പരിശീലനം ആരംഭിച്ചു.

1. ശമുവേൽ വീട്ടിനാൽ കുറ്റിയിൽ
2. സ്റ്റാനിസ്ലാസ് വടക്കുംചേരി
3. ഗീവർഗ്ഗീസ് കാര്യത്ത്
4. ജോർജ് ഇലഞ്ഞിലേത്ത്
5. തോമസ് വടക്കേക്കര
6. പോൾ റാവു വെളുത്തേടത്തു പറമ്പിൽ
7. വർഗീസ് തങ്ങളത്തുമണ്ണിൽ

ഇവർ നാലാഞ്ചിറ ആശ്രമത്തിലെ പ്രഥമ നവശിഷ്യ ഗണമാണ്. ആർച്ചുബിഷപ്പു തിരുമേനി അനുവദിച്ചു നല്കിയ ഒരു പുതിയ നിയമാവലി അനുസരിച്ച് ഇവരുടെ പരിശീലനം ക്രമമായി നടന്നുവന്നു.

**ആർച്ചുബിഷപ്പു തിരുമനസ്സിലെ ശിപാർശ കത്ത്**

1933 ഡിസംബർ 19-ാം തീയതി ആർച്ചുബിഷപ്പു തിരുമേനി ബഥന്യാശ്രമത്തിനുവേണ്ടി നല്കിയ ശിപാർശ കത്തിന്റെ കോപ്പി താഴെ ചേർക്കുന്നു.

The Brotherhood of the Imitation of Christ, the Bethany Monastery is rendering great help to the Archdiocese of Trivandrum in the laudable work of bringing the Jacobites back to the True Faith and of converting the pagans to our Holy Religion. The Brothers are all converts from the Jacobite Church. They are financially in strains. When they submitted to the Catholic faith three years ago, they had to abandon all their material possessions and were homeless till recently. Now they have purchased a bit of land and put up the minimum building; and on these they have incurred a debt. The progress of this Community is a great help to the progress of the mission in this Archdiocese; and I have great pleasure to recommend this monastery to the prayers and sympathy of devout Catholics.

Mar Ivanios (Sd/-)
Archdiocese of Trivandrum
19 December 1933

**പട്ടംകൊട**

23-12-33-ൽ അലക്സന്ത്രയോസു ശെമ്മാശ്ശന് (സെറാഫിയോൻ) മാർ ഈവാനിയോസ് തിരുമേനി കശീശാ പട്ടം നല്കി. 20-4-34-ൽ അപ്രേം സാധുവിനും, റഫായേൽ സാധുവിനും മ്സമ്റോനോ പട്ടം നല്കി. 22-5-34-ൽ കോശി ശെമ്മാശ്ശൻ, യൗനാൻ ശെമ്മാശ്ശൻ എന്നിവർ വീണ്ടും തല്ക്കാല വ്രതം പുതുക്കി.

**തിരുവല്ലായിൽ ഒരു പുതിയ ഡയോസിസൻ സന്യാസ സമൂഹം**

ബഥനി സമൂഹം വെണ്ണിക്കുളത്തുള്ളപ്പോൾ മുതൽ ആശ്രമാംഗ ങ്ങളിൽ ഏതാനും പേരെ തിരുവല്ലാ രൂപതയിലേക്ക് അയച്ചു കൊടുക്കാൻ മാർ തിയോഫിലോസു തിരുമേനി അപേക്ഷിപ്പാൻ തുടങ്ങിയതാണ്. ആശ്രമാംഗങ്ങൾക്ക് താല്പര്യമുള്ള കാര്യമാണ്. എന്നാൽ നിയമം ശരിപ്പെട്ടുകൊള്ളട്ടെ, വ്യവസ്ഥകൾ തീരുമാനിച്ചു കൊള്ളട്ടെ എന്നൊക്കെ ഒഴികഴിവുകൾ പറഞ്ഞു മാർ ഈവാനിയോസ് തിരുമേനി കാലം നീട്ടിക്കൊണ്ടിരുന്നു. ഈ കാലദൈർഘ്യം തിരുവല്ലായിൽ ഒരു രൂപതാസന്യാസമൂഹം ഉടലെടുക്കുന്നതിനു കാരണമായി. 1934 ഡിസംബർ 11-ാം തീയതി പുതിയ സമൂഹത്തിന്റെ പ്രഥമ അംഗങ്ങളായി താഴെപ്പറയുന്നവർ സ്വീകരിക്കപ്പെട്ടു.

1. സെബാസ്റ്റ്യൻ ജോസഫ്, പഴയചിറ, തൃക്കൊടിത്താനം, ചങ്ങനാശ്ശേരി
2. വർഗ്ഗീസ് തോമസ്, കുട്ടംപേരൂർ, ചങ്ങനാശ്ശേരി
3. പോൾ ലൂയീസ്, മലയിൽ, മുത്തോലപുരം, ചങ്ങനാശ്ശേരി
4. തോമസ് അബ്രഹാം, പുത്തൻകുളം, കാവാലം

ഇവരുടെ പരിശീലനത്തിനു തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രലിനോടു ചേർന്നുള്ള കെട്ടിടം വന്ദ്യതിരുമേനി വിട്ടു കൊടുത്തു. അവരുടെ സുപ്പീരിയറായി ബ. അംബ്രോസ് റ്റി.ഒ.സി.ഡി അച്ചനെയും നവശിഷ്യഗുരുവായി ബ. കസിയാനോസ് റ്റി.ഒ.സി.ഡി. അച്ചനെയും നിയമിച്ചു.

**കത്തോലിക്കാ സഭയിൽ നാലു സംവത്സരങ്ങൾ പിന്നിട്ട ബഥനി**

ബഥനി ആശ്രമം കഴിഞ്ഞ മൂന്നു നാലു സംവത്സരങ്ങളായി കത്തോലിക്കാ സഭാന്തരീക്ഷത്തിൽ മാറ്റൊലി കൊണ്ടുകൊണ്ടിരിക്കുന്ന ഒന്നാണ്. എന്നാൽ ഇതേപ്പറ്റി സൂക്ഷ്മമായ ജ്ഞാനം ലഭിച്ചിട്ടുള്ളവർ

തുലോം ചുരുക്കമെന്നാണ് അനുഭവത്തിൽ നിന്നറിയുന്നത്. ഒറ്റ വാചകത്തിൽ പറഞ്ഞാൽ ബഥനി, ശീശ്മയെ ഉപേക്ഷിച്ച് തിരുസഭാ മാതാവിന്റെ മറവിൽ അഭയം പ്രാപിച്ച ഒരു ചെറിയ സന്യാസ സമൂഹമാകുന്നു. നാട്ടിലുള്ള ഇതര സന്യാസികളിൽ നിന്ന് ഈ സഭാംഗങ്ങളെ തിരിച്ചറിയുന്നതിനുള്ള ബാഹ്യചിഹ്നങ്ങൾ അവർ ധരിക്കുന്ന കാവിവേഷവും മരക്കുരിശുമാകുന്നു. പൗരസ്ത്യ സന്യാസ സഭാസ്ഥാപകനായ വിശുദ്ധ ബസ്സേലിയോസിന്റെ നിയമ സംഹിത യനുസരിച്ച് ഈ സന്യാസിമാർ തങ്ങളുടെ ജീവിതം നയിക്കുന്നു. ധ്യാനപരവും കർമോദ്യുക്തവുമായ ജീവിതം നയിച്ച് സ്വന്ത പൂർണ്ണതയും ആത്മാക്കളുടെ രക്ഷയും സാധിതപ്രായമാക്കണമെന്നുള്ള താണ് ഇവരുടെ ആദർശം.

പ്രസ്തുത സന്യാസസമൂഹത്തിന്റെ ഒരു ചുരുങ്ങിയ ചരിത്രം താഴെ ചേർക്കുന്നു.

ക്രിസ്താബ്ദം 1919-ാമാണ്ട് പണ്ഡിതാഗ്രേസരനും ഒരു പ്രൊട്ടസ്റ്റന്റു കോളജ് പ്രൊഫസറുമായിരുന്ന റവ. ഫാദർ പി.റ്റി.ഗീവറുഗീസ് പണിക്കർ എം. എ. എന്ന യാക്കോബായ പുരോഹിത നാൽ തിരുവിതാംകൂർ സംസ്ഥാനത്തിൽ പത്തനംതിട്ട താലൂക്കിൽ പെരുനാട് താലൂക്കിൽ മുണ്ടൻമല എന്ന കുന്നിൽ ഈ സമൂഹം ഇദംപ്രഥമായി സ്ഥാപിക്കപ്പെട്ടു. പ്രഥമാംഗങ്ങളിൽ അധികം പേരും അദ്ദേഹത്താൽ സെറാമ്പൂർ കോളജിൽ അഭ്യസനം ചെയ്തുകൊണ്ടിരു ന്നവരത്രേ. നമ്മുടെ രാജ്യത്തുള്ള അകത്തോലിക്ക രാൽ സ്ഥാപിക്കപ്പെട്ട ഒന്നാമത്തെ സന്യാസ സഭ ഇതാകുന്നു. അതിനാൽ അവിവാഹിതർ ക്കായി ഒരു സന്യാസ സഭ സ്ഥാപിതമായിരിക്കുന്നു എന്ന് കേട്ട ക്ഷണത്തിൽ രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും അനേകം യുവാക്കന്മാർ അതിന്റെ അംഗങ്ങളായി തീരുവാൻ ഓടിക്കൂടി. യോഗ്യന്മാരെന്നു കണ്ട ഏതാനും പേരെ ആശ്രമ സ്ഥാപകൻ സന്യാസ പരിശീലനത്തിനായി സ്വീകരിക്കുകയും ചെയ്തു. അധികം താമസിയാതെ ഇതോടനുബന്ധിച്ച് കന്യാസ്ത്രീകൾക്കായി ഒരു കന്യകാമഠവും, ഒരു അനാഥശാലയും, ഒരു ധർമ്മാശുപത്രിയും സ്ഥാപിക്കപ്പെട്ടു.

ഇപ്രകാരം സ്ഥാപിതമായ ബഥനിസ്ഥാപനത്തിന്റെ മേൽനടത്തി പ്പിന് പൊതുജനങ്ങളുടെ സന്മനസ്സിനെ ആശ്രയിക്കുകയല്ലാതെ

ഗത്യന്തരമില്ലാതിരുന്നതിനാൽ ആശ്രമസ്ഥാപകൻ സമൂഹാംഗങ്ങളിൽ ഏതാനും പേരോടൊരുമിച്ച് നാനാ ഭാഗങ്ങളിൽ ചുറ്റി സഞ്ചരിച്ച് വിവിധ ജാതി മതസ്ഥരിൽ നിന്ന് ബഥനിക്കുവേണ്ടി ധർമ്മശേഖരം നടത്തി വന്നു. സന്യാസിമാരുടെ സർവ്വപ്രധാനമായ തൊഴിൽ സന്യാസ സമൂഹങ്ങളിൽ താമസിച്ച് തങ്ങളുടെ ആത്മശുദ്ധീകരണത്തിനായി ശ്രമിക്കയാണെന്നിരുന്നാലും, അതിനു വിഘ്നം വരാത്ത വിധത്തിൽ മറ്റുള്ളവരുടെ നന്മയ്ക്കായി പ്രയത്നിക്കാനും അവർ കടപ്പെട്ട വരാണല്ലോ. അതിനാൽ ബഥന്യാശ്രമാംഗങ്ങൾ പ്രാരംഭകാലം മുതൽക്കേ ആവശ്യാനുസരണം മുണ്ടൻമലയിൽ നിന്ന് ജനബാഹുല്യമുള്ള മണ്ഡലങ്ങളിലേയ്ക്കിറങ്ങിവരികയും ജനങ്ങളുടെ ആത്മരക്ഷയെ മുൻനിറുത്തി പ്രാർത്ഥനായോഗങ്ങൾ, ആത്മധ്യാന ങ്ങൾ, പ്രസംഗയോഗങ്ങൾ ആദിയായവ നടത്തുകയും ചെയ്തിരുന്നു. ഇവരുടെ സ്വയപരിത്യാഗം, മിതജീവിതം, ആത്മരക്ഷയെക്കുറിച്ചുള്ള വാഞ്ഛ എന്നിവ അനേകായിരങ്ങളെ ഇവരിലേയ്ക്കാകർഷിച്ചു. മാത്രവുമല്ല ഇരുപതിൽപരം വർഷങ്ങളായി സഭയിലുള്ള ആഭ്യന്തര കലഹങ്ങൾ നിമിത്തം മനസ്സുമടുത്തിരുന്ന യാക്കോബായ സഹോദരങ്ങൾക്ക് ബഥനി ഒരു ആശ്വാസ തുറമുഖമായും ഭവിച്ചു. ചുരുക്കിപ്പറഞ്ഞാൽ അക്കാലത്ത് ബഥനിയോടനുഭാവമില്ലാത്തവരായി ഈ നാട്ടിൽ ആരും തന്നെ ഉണ്ടായിരുന്നില്ല. ഏവരും ദേഹം കൊണ്ടും പണംകൊണ്ടും ബഥനിയെ സഹായിച്ചു വന്നു. ദൈവത്തെ പ്രതി സകലവും ഉപേക്ഷിക്കുന്നവർക്ക് ഈ ലോകത്തിൽ വച്ചു തന്നെ നൂറുമടങ്ങായി പ്രതിഫലം ലഭിക്കുമെന്നുള്ള തിരുവചനം ഈ വിധം നിവൃത്തിയായി കണ്ടതിൽ ആശ്രമാംഗങ്ങൾ ഹൃദയപൂർവ്വം ദൈവത്തെ സ്ത്രോത്രം ചെയ്തു.

ബഥനിക്കാരോടുള്ള ബന്ധം ശാശ്വതമാക്കിത്തീർക്കുന്നതിന് ബഥനിവക പ്രത്യേക സ്ഥാപനങ്ങൾ, പള്ളികൾ തങ്ങളുടെ സ്ഥലത്തുണ്ടായിരിക്കണമെന്ന് ഓരോരോ ദേശവാസികൾ ആഗ്രഹിക്കയും ഏതൽ സാധ്യാർത്ഥം അവർ തന്നെ സ്ഥലങ്ങൾ, കെട്ടിടങ്ങൾ മുതലായവ ബഥനിക്ക് സംഭാവന ചെയ്യുകയുമുണ്ടായി. ഇങ്ങനെയുള്ള കാലയളവിൽ രാജ്യത്തിന്റെ നാനാഭാഗങ്ങളിലായി പല ബഥനി സ്ഥാപനങ്ങൾ സ്ഥാപിക്കപ്പെട്ടു. ഈ പള്ളികളുടെ ഭരണത്തിനായി ആശ്രമ സ്ഥാപകനും അധ്യക്ഷനുമായ റവ. ഫാ. പി. റ്റി. ഗീവറുഗീസ്, മാർ ഈവാനിയോസ് എന്ന പേരിൽ ആദ്യ ബഥനി

എപ്പിസ്കോപ്പായായും തദനന്തരം മെത്രാപ്പോലീത്തയായും; പല വർഷം നവശിഷ്യഗുരുവായും മന്ദിരാദ്ധ്യക്ഷനായും ജോലി നോക്കിവന്ന റവ. ഫാ. യാക്കോബ്, മാർ തിയോഫിലോസ് എന്ന പേരിൽ ഇടവക ഭരണത്തിനായി തിരുവല്ലായുടെ എപ്പിസ്കോപ്പാ യായും അഭിഷേകം ചെയ്യപ്പെട്ടു. ഈ വന്ദ്യമെത്രാന്മാർ സഭാഭരണം നടത്തിവന്നത് കത്തോലിക്ക തിരുസഭയുടെ ഭരണഘടനയെ ആസ്പദമാക്കിയായിരുന്നു. കത്തോലിക്കാ തിരുസഭയിലെ പോലെ കൂടെക്കൂടെയുള്ള കുമ്പസാരം, വിശുദ്ധ കുർബാനാനുഭവം ആദിയായ ഭക്തഭ്യസനങ്ങൾ ഈ പള്ളികളിലും പ്രചാരത്തിലായി. കത്തോലിക്കാ മതപഠനവും അവസരംപോലെ ഓരോരുത്തർ നടത്തിവന്നു. നിരന്തരപ്രാർത്ഥനയാൽ ഈദൃശ ശ്രമങ്ങൾ ശുദ്ധീകരിക്കപ്പെടുകയും ചെയ്തു. ഇവയുടെയെല്ലാം ഫലമായി കത്തോലിക്കാതിരുസഭ മാത്രം ദൈവസ്ഥാപിത മതമെന്നും, ശീശ്മ വലിയ പാപമെന്നും ആശ്രമസ്ഥന്മാരിൽ മഹാഭൂരിപക്ഷത്തിനും ബോധ്യമായി. ഈ മനോബോധ്യത്താൽ പ്രേരിതരായി, പിതൃസ്വത്തായും അദ്ധ്വാന ഫലമായും സിദ്ധിച്ചിരുന്ന ബഥനി സ്വത്തുക്കളെല്ലാം ഒരു ട്രസ്റ്റുകമ്മിറ്റിയെ നിയമിച്ച് അവർക്കായി ഒഴിഞ്ഞെഴുതിക്കൊടുത്തിട്ട് ആശ്രമാംഗങ്ങൾ തങ്ങളുടെ പൂർവവസതി വിട്ടിറങ്ങി. കാലതാമസ മെന്യെ ഏവരും കത്തോലിക്കസഭാമാതാവിനെ ആശ്ലേഷിക്കുകയും ചെയ്തു. 1930 സെപ്തംബർ 20-ാം തീയതി അന്നത്തെ കൊല്ലം മെത്രാനായിരുന്ന നി.വ.ദി.ശ്രീ. ബെൻസിഗർ ബിഷോപ്പ് തിരുമനസ്സിലെ സന്നിധാനത്തിൽ വച്ചു നടന്ന വിശ്വാസപ്രതിജ്ഞ ഇതിന്റെ പ്രാരംഭ ചടങ്ങായിരുന്നു. അതിനാൽ ബഥനി ചരിത്രത്തിൽ ഈ ദിനം തങ്കലിപികളിൽ രേഖപ്പെടുത്തേണ്ടതാണെന്നുള്ളതിനു പക്ഷാന്തരമില്ല.

മുണ്ടൻമല വിട്ടിറങ്ങിയ നാൾ മുതൽ ഇന്നോളമുള്ള ബഥനി ചരിത്രം ചുരുങ്ങിയതെങ്കിലും സംഭവബഹുലമായ ഒന്നാകുന്നു. സന്യാസികളും അനാഥക്കുഞ്ഞുങ്ങളും തങ്ങളുടെ അലച്ചിലിന്റെ പ്രഥമരാത്രി തിരുവല്ലായിക്കു സമീപം വെണ്ണിക്കുളത്തുള്ള ഒരു മലയാളം പ്രൈമറി സ്കൂളിൽ കഴിച്ചു കൂട്ടി. പിറ്റേദിവസം സ്ഥലത്തെ ഒരു മാന്യൻ സ്വഭവനം ഇവർക്കായി ഒഴിഞ്ഞുകൊടുത്തിട്ട് കുടുംബാംഗങ്ങളോടുകൂടെ അടുത്ത ഒരു ഭവനത്തിലേയ്ക്ക് മാറി താമസിച്ചു. മുപ്പതോളം വരുന്ന അംഗങ്ങൾ ഈ ചെറിയ ഭവനത്തിൽ മൂന്നു മാസത്തിലധികം കഴിഞ്ഞുകൂടി. ഈ ദയനീയാവസ്ഥയിൽ

മനസ്സലിഞ്ഞ ഒരു ഹിന്ദു സ്നേഹിതൻ, അതിനോടടുത്ത് പുല്ലാട് എന്ന സ്ഥലത്ത് ഇവർക്കായി ഒരു പറമ്പു വാങ്ങിക്കൊടുത്തു. ഇവിടെ ഏതാനും താല്ക്കാലിക ഷെഡ്ഡുകൾ ഉണ്ടാക്കി ആശ്രമാംഗങ്ങൾ അവയിൽ താമസമുറപ്പിച്ചു.

മുണ്ടൻമലവിട്ടിറങ്ങുന്നതുവരെ ബഥനിയെ തങ്ങളുടെ കണ്ണിലുണ്ണിയായി ആദരിച്ചിരുന്ന അകത്തോലിക്കർ ഇപ്പോൾ വിഷസർപ്പത്തെപ്പോലെ ആശ്രമാംഗങ്ങളെ ദ്വേഷിപ്പാൻ തുടങ്ങി. ഏതു വശത്തോട്ടു തിരിഞ്ഞാലും ശകാരവർഷം സുലഭമായിരുന്നു. എങ്കിലും ഇവയെല്ലാം സസന്തോഷം സ്വീകരിച്ചുകൊണ്ട് അവർ തങ്ങളാൽ കഴിയുന്ന ദൈവവേലകൾ നടത്തിവന്നു. അല്പകാലത്തിനുള്ളിൽ അനുയായികളുടെ സംഖ്യ ആയിരക്കണക്കിനു വർദ്ധിച്ചു. അകത്തോലിക്കാ പട്ടക്കാരിൽ പലരും കത്തോലിക്കാ സഭാമാതാവിനെ അഭയം പ്രാപിച്ചു. ജനങ്ങളും പട്ടക്കാരുമുണ്ടായതോടെ ആരാധനാ സ്ഥലങ്ങളുടെ ആവശ്യവും നേരിട്ടു. ദൈവസഹായത്താൽ ഇവയുടെ എണ്ണവും ക്രമാനുഗതമായി വർദ്ധിച്ചു വന്നു. ഈ സാഹചര്യങ്ങൾ അറിഞ്ഞു ബോധിച്ച പരിശുദ്ധ പിതാവ്, കിഴക്കൻ റീത്തുകാരോടുള്ള അങ്ങേ പൈതൃക സ്നേഹത്താൽ ആകൃഷ്ടനായി, മലങ്കര സിറിയൻ ഹയരാർക്കി എന്ന പേരിൽ ഒരു ഹയരാർക്കിയും, അതിന്റെ ഭാഗങ്ങളായി തിരുവനന്തപുരം അതിരൂപത, തിരുവല്ലാ രൂപത എന്നിവയും പുതുതായി സ്ഥാപിച്ചു കൊടുത്ത് മിഷ്യൻ പാപ്പാ എന്നുള്ള അങ്ങേ അപരാഭിധാനത്തെ ഇവിടെയും അന്വർത്ഥമാക്കിത്തീർത്തു. ഈ വിധമാണ് ഇതഃപര്യന്തം ബഥനി എന്നറിയപ്പെട്ടിരുന്ന സന്യാസ സമൂഹത്തിന് തിരുവനന്തപുരം അതിരൂപത, തിരുവല്ലാ രൂപത എന്നീ ഇരു വത്സല സന്താനങ്ങൾ ജാതരായത്. എന്നാൽ ബഥനിസന്യാസ സഭയ്ക്ക് ഈ രൂപതകളുമായി കാര്യമായി ബന്ധമുണ്ടാകാൻ പാടില്ലല്ലോ.

ഹയരാർക്കി സ്ഥാപനത്തോടു കൂടെ, ആശ്രമസ്ഥന്മാർ പുല്ലാട്ടുള്ള അവരുടെ തല്ക്കാല ഷെഡ്ഡുകളും വിട്ടിറങ്ങേണ്ടിവന്നു. ഈ തവണ അവർ രാജധാനിയോട് ഏറ്റം സമീപിക്കയാണുണ്ടായത്. ഇപ്പോൾ ആശ്രമസ്ഥന്മാർ അധികം പേരും തിരുവനന്തപുരം പട്ടണത്തിനടുത്ത് നാലാഞ്ചിറ എന്ന സ്ഥലത്ത് താമസിച്ചു വരുന്നു. ഇവിടെ തിരുവനന്തപുരം ആർച്ചുബിഷപ്പ് മാർ ഈവാനിയോസു മെത്രാപ്പോലീത്താ തിരുമനസ്സിലെ സഹായസഹകരണത്താൽ

www.malankaralibrary.com

താമസത്തിനുള്ള ഏതാനും കെട്ടിടങ്ങളുണ്ടാക്കിയിട്ടുണ്ട്. എങ്കിലും പല സൗകര്യങ്ങളും ഇനിയും ശരിപ്പെടാതെ തന്നെയിരിക്കുന്നു. ആശ്രമസ്ഥലത്ത് അവർക്ക് ഒരുമിച്ചുകൂടി ദൈവാരാധന നടത്തുന്നതിന് ഒരു ചാപ്പലായി ഉപയോഗിക്കുന്നത് ആശ്രമക്കെട്ടിടത്തിലുള്ള ഒരു ചെറിയ മുറിയാണ്. ഈ ചെറിയ മുറിയിൽ ആശ്രമസ്ഥന്മാരേവരും കൂടി ദൈവാരാധാനയ്ക്കായി തിങ്ങിക്കൂടി നില്ക്കുന്ന കാഴ്ച ഏതൊരു ഹൃദയത്തെയും ഒന്നിളക്കാതിരിക്കയില്ല.

ആശ്രമത്തിന്റെ അധ്യക്ഷസ്ഥാനങ്ങളെ അലങ്കരിച്ചിരുന്ന വന്ദ്യതിരുമേനിമാർക്ക് ഹയരാർക്കിസ്ഥാപനത്തോടുകൂടെ ഭരമേല്പ്പിക്കപ്പെട്ടിരിക്കുന്ന ചുമതലകൾ വലിയവയും മഹത്തരങ്ങളുമാണെന്ന് ഏവരും സമ്മതിക്കും. ഇത്ര ശ്രേഷ്ഠമായ ഒരു സ്ഥാപനത്തിന് അടിസ്ഥാനമിടുവാൻ ബഥനിയെ ആയുധമായി തിരഞ്ഞെടുത്ത സർവ്വ ശക്തനെ ആശ്രമാംഗങ്ങൾ എന്നെന്നും സ്ത്രോത്രം ചെയ്യുന്നതാണ്. ഈ വന്ദ്യ പിതാക്കന്മാരുടെ സമയവും ശക്തിയുമെല്ലാം നൂതനമായി അവർക്കു ഭരമേല്പ്പിക്കപ്പെട്ടിരിക്കുന്ന ചുമതലകളുടെ നിർവഹണത്തിനു ചെലവിടേണ്ടതായിട്ടാണിരിക്കുന്നത്. അതുകൊണ്ട് മുൻകാലങ്ങളിൽ അവർ ചെയ്തു വന്നതുപോലെ, ബഥനി സമൂഹത്തിന്റെ അഭിവൃദ്ധിയെ മാത്രം ലാക്കാക്കിക്കൊണ്ട് അധ്വാനിപ്പാൻ അവർക്കു സാധ്യമല്ല എന്നുള്ള വസ്തുത ഏവർക്കും ഊഹിക്കാമല്ലോ. ഇതു നിമിത്തം അനുഭവിക്കേണ്ടിവരുന്ന പ്രയാസങ്ങളെയും ദൈവ സ്നേഹത്തെ പ്രതി സന്തോഷത്തോടെ ആശ്രമാംഗങ്ങൾ വഹിക്കുന്നു.

ആശ്രമാംഗങ്ങളായി ഇപ്പോൾ 23 പേരാണുള്ളത്. ഇവരിൽ ഒരു നവശിഷ്യൻ ഒഴിച്ചുള്ളവരെല്ലാം ഈ അല്പകാലത്തിനുള്ളിൽ തിരുസഭാംഗങ്ങളായിതീർന്നിട്ടുള്ളവരാണ്. പലരുടെയും മാതാപിതാക്കന്മാർ സഹോദര സഹോദരിമാർ ആദിയായവർ ഇപ്പോഴും ശീശ്മയെ ഉപേക്ഷിച്ചിട്ടില്ല. മക്കൾ 'മതത്യാഗം' ചെയ്തു എന്നുള്ള വസ്തുത ഈ മാതാപിതാക്കന്മാർക്ക് ഇന്നും മർമ്മഭേദകമായ ഒന്നായി തന്നെയിരിക്കുന്നു. സർവ്വശക്തൻ ഇവരുടെ മനോനയനങ്ങളെ പ്രകാശിപ്പിക്കുകയും, സത്യത്തെ വെളിപ്പെടുത്തികൊടുക്കുകയും ചെയ്വാനായി ആശ്രമാംഗങ്ങൾ മുട്ടിപ്പായി പ്രാർത്ഥിക്കുന്നു.

സമൂഹം വക മാതൃമന്ദിരം സ്ഥിതിചെയ്യുന്നത് തിരുവനന്തപുരം പട്ടണത്തോടു വളരെ അടുത്താണ്. വൈദിക വിദ്യാർത്ഥികളും

നവശിഷ്യന്മാരും തല്ക്കാലം അവിടെത്തന്നെ താമസിക്കുന്നു. വ്രതസ്ഥരായ ഏതാനും ആളുകൾ തിരുവല്ല, ചേപ്പാട്, കൊട്ടാരക്കര എന്നീ സ്ഥലങ്ങളിൽ താമസിക്കുന്നുണ്ട്. ഈ മിഷ്യൻ രംഗങ്ങളിൽ താമസിക്കുന്ന ആളുകളുടെ പ്രധാന ജോലി അകത്തോലിക്കരുടെ ഇടയിലുള്ള ദൈവവേലയാണ്. മാതൃമന്ദിരത്തിൽ താമസിക്കുന്ന വ്രതസ്ഥരായ പട്ടക്കാരും സഹോദരന്മാരും ജാതികളുടെ ഇടയിൽ തങ്ങളാൽ കഴിവുള്ള ദൈവവേലകൾ ചെയ്തുകൊണ്ടിരിക്കുന്നു. അവരുടെ ശ്രമങ്ങളെ സർവ്വശക്തനായ ദൈവം സമൃദ്ധിയായി അനുഗ്രഹിക്കുന്നു എന്നു സന്തോഷസമേതം പറയാവുന്നതാകുന്നു.

ബഥനിയുടെ ചരിത്രം തുലോം ചുരുങ്ങിയതാകുന്നു. കത്തോലിക്കസഭയിൽ അത് ഒരു പൈതൽമാത്രം. എങ്കിലും ഈ അല്പ കാലത്തിനുള്ളിൽ ഈ ശിശു അനേക പരിശോധനകളിൽ കൂടെ കടന്നു പോന്നിട്ടുണ്ടെന്നുള്ളതിനു പക്ഷാന്തരമില്ല. കൂടെക്കൂടെയുള്ള മാറ്റങ്ങളും വിഭജനങ്ങളും ബഥനിയുടെ ബാഹ്യജീവിതത്തെ സാരമായി ബാധിച്ചിട്ടുണ്ടെങ്കിലും ദൈവത്തിലുള്ള അതിന്റെ ആശ്രയത്തെ അത് കൂടുതൽ ദൃഢീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. “കഷ്ടതകളിലും ഞങ്ങൾക്ക് സന്തോഷം നിറഞ്ഞു കവിയുന്നു” എന്ന് വിശുദ്ധ അപ്പസ്തോലനെപ്പോലെ ബഥനി സന്യാസിമാരും ന്യായപൂർവ്വം പാടുന്നു.

**ബഥനിക്കാർ തിരുവല്ലയിലേയ്ക്ക്**

തിരുവല്ലായിൽ ഒരു രൂപതാസമൂഹം മുളയെടുത്തു വെങ്കിലും ബഥനിക്കാരായ ഏതാനും പേരെ തിരുവല്ലാ രൂപതയി ലേയ്ക്കു കിട്ടുന്നതിനുള്ള ശ്രമം മാർ തിയോഫിലോസു തിരുമേനി തുടർന്നു കൊണ്ടേയിരുന്നു. തുടർച്ചയായ എഴുത്തുകുത്തിന്റെ ഫലമായി 1935 ഏപ്രിൽ 5-ാം തീയതി മാർ ഈവാനിയോസു തിരുമേനി, മാർതിയോഫിലോസു തിരുമേനിയുടെ പേർക്ക് ഒരു കത്ത് എഴുതി അയച്ചു. കത്തിന്റെ പ്രസക്തഭാഗങ്ങൾ ചുവടെ ചേർക്കുന്നു:

I write with reference to your request for some Brothers of the Bethany Ashram. The Brothers that come from here (Trivandrum) will be subject to your authority as ordinary in all Diocesan matters: but they will be subject to the Superior General at Trivandrum in all matters

www.malankaralibrary.com

pertaining to the Religious life....If you are agreeable to this arrangement, I shall let you have them.

Archbishop of Trivandrum

പ്രസ്തുത കത്തിന് അനുകൂലമായ ഒരു മറുപടി മാർ തിയോഫിലോസ് തിരുമേനി കൊടുത്തതോടെ തല്ക്കാലത്തേക്ക് അഭിപ്രായ വ്യത്യാസങ്ങൾ തീർന്നു.

നാലാഞ്ചിറ ആശ്രമത്തിൽ നവശിഷ്യ പരിശീലനത്തിലിരുന്ന വരുടെ വ്രതാനുഷ്ഠാനം 1935 ജൂൺ മാസത്തിൽ നടന്നു. അനുഷ്ഠാനസമയത്ത് അവർ സ്വീകരിച്ച പേരുകൾ താഴെ ചേർക്കുന്നു.

1. ശമുവേൽ : ബ്ര. മൈക്കൽ
2. ഗീവർഗ്ഗീസ് : ബ്ര. റഫായേൽ.
3. ജോർജ് : ബ്ര. അർസേനിയോസ്.
4. തോമസ് : ബ്ര.ഓസിയോസ്
5. പോൾ റാവു : ബ്ര. അത്തനാസിയോസ്
6. വർഗ്ഗീസ് : ബ്ര.ബനഡിക്ട്

പരിശീലനകാലത്തു തന്നെ സ്റ്റാനിസ്ലാസിനെ സമൂഹത്തിൽ നിന്നു പിരിച്ചുവിട്ടു.

ഇവരുടെ വ്രതാനുഷ്ഠാനത്തെ തുടർന്നു ഫാദർ ജോൺ, പക്കോമിയോസു ശെമ്മാശ്ശൻ, റഫായേൽ ശെമ്മാശൻ, അന്തോനി യോസ് സാധു എന്നിവരെ ശാഖാമന്ദിരം സ്ഥാപിക്കാനായി തിരുവല്ലായി ലേയ്ക്ക് അയച്ചു. നേരത്തേ തിരുമൂലപുരത്തു താമസിച്ചിരുന്ന ഫാദർ അബ്രഹാം, അംബ്രോസു സാധു എന്നിവരും അവരോടു ചേർന്നു മാർ തിയോഫിലോസു തിരുമേനിയുടെ ആശീർവാദത്തോടുകൂടെ ആറ് പേരുൾപ്പെട്ട ബഥനിയുടെ ഒരു ശാഖാമന്ദിരം ഈ വിധം തിരുമൂല പുരത്തു സ്ഥാപിക്കപ്പെട്ടു. ഈ ശാഖാമന്ദിരത്തിന്റെ സുപ്പീരിയറായി, ആശ്രമസ്ഥന്മാർ തിരുവനന്തപുരത്തു നിന്നും പുറപ്പെടുന്നതിനുമുമ്പു തന്നേ ബ. ജോണച്ചനെ മാർ ഈവാനിയോസ് തിരുമേനി നിയമിച്ചിരുന്നു. മാർ തിയോഫിലോസ് തിരുമേനിയും പ്രസ്തുത നിയമനം സന്തോഷ സമേതം അംഗീകരിച്ചു. ഇങ്ങനെ നാമമാത്രമായി ഒരു പൂർണ്ണ ശാഖാമന്ദിരം സ്ഥാപിക്കപ്പെട്ടുവെങ്കിലും ആറുപേർക്കു

താമസിക്കാനുള്ള യാതൊരു സൗകര്യവും അവിടെ ഉണ്ടായിരുന്നില്ല. പഴയ പ്രസ്സ് കെട്ടിടം സ്ക്രീൻ വച്ചു മുറികളായി തിരിച്ചും ഓലകൊണ്ട് ആവൃതിയുണ്ടാക്കിയും സംതൃപ്തിയോടെ അവർ അവിടെ താമസിച്ചു പോന്നു.

**ഫാ. പയസ് TOCD തിരുവനന്തപുരം ആശ്രമത്തിൽ വികാരിയായി നിയമിക്കപ്പെടുന്നു**

സന്യാസപരമായ കാര്യങ്ങളിൽ തിരുവല്ലായിലെ ശാഖാമന്ദിരം തിരുവനന്തപുരത്തേ സുപ്പീരിയർ ജനറലിനു കീഴ്പ്പെട്ടിരിക്കുമെന്ന് വന്ദ്യതിരുമേനിമാർ തമ്മിൽ കത്തുകൾ കൈമാറിയിരുന്നെങ്കിലും ഒരു സുപ്പീരിയർ ജനറലിനെ തിരഞ്ഞെടുക്കുന്നതിനു പകരം മാർ ഈവാനിയോസ് തിരുമേനി സുപ്പീരിയർ ജനറലായി തുടരുകയാണു ണ്ടായത്. നിയമസംഹിതയിലും അനുദിനം മാറ്റങ്ങൾ വരുത്തിക്കൊണ്ടിരുന്നു. ഈ സാഹചര്യത്തിൽ തിരുവനന്തപുരം ആശ്രമത്തിന്റെ ചുമതല വഹിച്ചു കൊണ്ടുപോകുവാൻ തനിക്കു പ്രയാസമാണെന്ന് ആശ്രമ സുപ്പീരിയർ അറിയിക്കുകയും, വന്ദ്യ തിരുമേനി ആ അപേക്ഷ സ്വീകരിച്ചുകൊണ്ട് പകരം ബ. ഫാദർ പീയൂസ് റ്റി.ഒ.സി.ഡിയെ തിരുമേനിയുടെ വികാരിയായി നിയമിക്കുകയും ചെയ്തു. അധികം കഴിയുന്നതിനുമുമ്പ് മാർ ഈവാനിയോസ് തിരുമേനി മാർ തിയോഫിലോസ് തിരുമേനിയുടെ ആലോചനയോടു കൂടെ താഴെ വരുന്ന പ്രകാരം ഒരു പ്രഖ്യാപനം നടത്തി:-

“മേലാൽ തിരുവനന്തപുരത്തെ ബഥനി ആശ്രമവും തിരുവല്ലായിലെ ബഥന്യാശ്രമവും അന്യോന്യം ബന്ധമില്ലാത്ത രണ്ടു രൂപതാ സന്യാസ സമൂഹങ്ങളായിരിക്കും.” പൊടുന്നനവേ ഉണ്ടായ ഈ പ്രഖ്യാപനം ആശ്രമസ്ഥരെ വലിയ ചിന്താക്കുഴപ്പത്തിലാക്കി. ബഥനി സമൂഹവും വൈദികാധികാരികളും തമ്മിൽ ദീർഘകാല ത്തേക്കു നിലനിന്ന അഭിപ്രായ വ്യത്യാസങ്ങൾക്ക് ഇതു കാരണമായി. ഇതിന് ഒരു പരിഹാരം ഉണ്ടാക്കാനായി ആശ്രമസ്ഥന്മാർ മേലധികാരത്തെ സമീപിക്കയും പരി.സിംഹാസനം ബഥനി കാര്യത്തിന് തല്പരരായി തീരുകയും ചെയ്തു.

**ദലഗാദ് അപ്പസ്തോലിക്ക് തിരുമനസ്സിലെ സന്ദർശനം**

ഈ കാലയളവിൽ ഒരു സായാഹ്നത്തിൽ അത്യുന്നത ദലഗാദ് അലസ്തോലിക് ഡോക്ടർ കിയർക്കൽസു തിരുമേനി, മാർ

ഈവാനിയോസ് തിരുമേനിയോടുകൂടെ നാലാഞ്ചിറ ആശ്രമം സന്ദർശിക്കുകയും, ആശ്രമസ്ഥന്മാർക്ക് സാരമായ ഒരു ഉപദേശം നല്കുകയും ചെയ്തു. ആശ്രമത്തിൽ വച്ച് ദലഗാദ് അലസ്തോലിക് തിരുമേനി ഫാദർ യോശുവായ്ക്ക് ഒരു ഹൃദ്യമായ സന്ദർശനം അനുവദിക്കുകയും ആശ്രമക്കാര്യങ്ങളെപ്പറ്റി സമഗ്രമായ ഒരു വിവരണം അദ്ദേഹം തിരുമേനിയ്ക്കു നല്കുകയും ചെയ്തു.

(തിരുവനന്തപുരത്തെ ആശ്രമസ്ഥന്മാരുടെ ഇടയിൽ ഈ വക ചിന്താക്കുഴപ്പം അലയടിച്ചിരുന്ന ഈ കാലയളവിൽ) ബ. പയസ് അച്ചൻ നാലാഞ്ചിറ ആശ്രമത്തിൽ ആർച്ചുബിഷപ്പിന്റെ വികാരിയായി ഭരിച്ചിരുന്ന കാലത്ത് തിരുവല്ലായിൽ ബഥനിയുടെ ഒരു ശാഖയും, ഒരു രൂപതാ സമൂഹവും താരതമ്യേന സമാധാനപരമായി പുരോഗമിച്ചു വന്നു. രൂപതാ സമൂഹത്തിലെ പ്രഥമാംഗങ്ങൾ 1935-ൽ സന്യാസാർത്ഥികളായും 1936-ൽ നവശിഷ്യരായും സ്വീകരിക്കപ്പെട്ടു. ബഥന്യാശ്രമസ്ഥർ തോലശേരിൽ ആശ്രമത്തിനുവേണ്ടി ഒരു സ്ഥലം വാങ്ങുകയും, അവിടെ ഒരു സന്യാസഭവനത്തിന്റെ പണിയാരംഭിക്കുകയും ചെയ്തിരുന്നു. തോലശേരിയിലെ ആശ്രമകെട്ടിടം പൂർത്തിയായതോടെ, 1937-ൽ ബഥനിയാശ്രമസ്ഥരും രൂപതാസമൂഹാംഗങ്ങളും ഒന്നായി പുതിയ ആശ്രമക്കെട്ടിടത്തിലേക്കു മാറി താമസിച്ചു. ഈ ആശ്രമം ദിവ്യരക്ഷകന്റെ (Holy Redeemer's) നാമത്തിലാണ് സ്ഥാപിക്കപ്പെട്ടത്.

**മാർ തിയോഫിലോസ് തിരുമേനിയുടെ ആലസ്യം**

1933-ൽ വന്ദ്യതിരുമേനി റോമിലെത്തി 11-ാം പീയൂസ് മാർപാപ്പയെ സന്ദർശിച്ച് അനുഗ്രഹം പ്രാപിച്ചശേഷം യൂറോപ്പിലുള്ള പല രാജ്യങ്ങളിലും പര്യടനം നടത്തുകയും മടങ്ങിവന്ന് രൂപതാഭരണത്തിൽ ഏർപ്പെടുകയും ചെയ്തു. ചുരുങ്ങിയകാലം കൊണ്ട് തിരുവല്ലാ രൂപതയിൽ ദേവാലയങ്ങൾ, സ്കൂളുകൾ, ആശ്രമങ്ങൾ, മഠങ്ങൾ ആദിയായ അനേകം സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിനും പതിനായിരത്തോളം അകത്തോലിക്കരെ കത്തോലിക്കാസഭയിലേക്കു കൊണ്ടുവരുന്നതിനും അദ്ദേഹത്തിനു സാധിച്ചു. പക്ഷേ അധികം താമസിയാതെ അനാരോഗ്യം നിമിത്തം ഭരണകാര്യങ്ങളിൽ നിന്ന് അദ്ദേഹത്തിനു വിരമിക്കേണ്ടിവന്നു. പകരം വാച്ചാപറമ്പിൽ ബ. സക്കറിയാസ് അച്ചൻ അഡ്മിനിസ്ട്രേറ്ററായി നിയമിക്കപ്പെടുകയും 1937 വരെ അദ്ദേഹം തിരുവല്ലാ രൂപതയെ ഭരിക്കുകയും ചെയ്തു.

www.malankaralibrary.com

**തിരുവനന്തപുരം ആശ്രമത്തിലെ വ്രതനവീകരണം, പട്ടംകൊട**

(ബഥനി സമൂഹവും രൂപതാധികാരികളും തമ്മിൽ 1935 -ൽ തുടങ്ങിയ അഭിപ്രായവ്യത്യാസം ഏറെനാൾ നിലനിന്നു). ഫാദർ പീയൂസ് ആർച്ചുബിഷപ്പിന്റെ വികാരിയായി 23-3-37 വരെ ആശ്രമത്തെ ഭരിച്ചശേഷം സ്വന്തം കർമ്മലീത്താ ആശ്രമത്തിലേക്കു പിന്തിരിഞ്ഞു. അദ്ദേഹത്തിന്റെ ഭരണകാലത്തു പുതുതായി ആരും തിരുവനന്തപുരം ആശ്രമത്തിൽ ചേർന്നില്ല. വ്രതസ്ഥ സന്യാസ സഹോദരന്മാർ ഓരോരുത്തരായി സമൂഹം വിട്ടു തുടങ്ങി. എങ്കിലും ആശ്രമത്തിൽ ക്രമമായി സന്യാസ ജീവിതം നടന്നുപോന്നു. 24-8-36-ൽ ഫാദർ സെറാഫിയോൻ, വർഗ്ഗീസു സാധു, പക്കോമിയോസ് ശെമ്മാശ്ശൻ, റഫായേൽ ശെമ്മാശ്ശൻ, അന്തോണിയോസ് സാധു, അംബ്രോസ് സാധു എന്നിവർ മൂന്നു വർഷത്തേയ്ക്കു തല്ക്കാല പ്രതിജ്ഞ പുതുക്കി. യൗനാൻ ശെമ്മാശ്ശൻ 25-4-36-ലും കോശി ശെമ്മാശൻ 23.8.36-ലും അപ്രേം ശെമ്മാശ്ശൻ 20-9-36-ലും കശീശാ പട്ടം സ്വീകരിച്ചു.

**പാളയം സെന്റ് മേരീസ് പ്രോ-കത്തീഡ്രൽ - ഫാദർ യോശുവാ മിഷനിലേയ്ക്ക്**

തിരുവനന്തപുരം ആശ്രമ സുപ്പീരിയർ സ്ഥാനത്തു നിന്നു വിരമിച്ച ഫാദർ യോശുവാ 1935 സെപ്റ്റംബർ 5-ാം തീയതി വട്ടിയൂർക്കാവ് മിഷൻ ഡിസ്ട്രിക്റ്റിന്റെ വികാരിയായും, 1-10-36-ൽ തിരുവനന്തപുരം പ്രോ-കത്തീഡ്രൽ വികാരിയായും നിയമിക്കപ്പെട്ടു. ഫാദർ കോശിയെ അദ്ദേഹത്തിന്റെ സഹായിയായും ആർച്ചുബിഷപ്പു തിരുമനസ്സുകൊണ്ട് നിയമിച്ചു. പാമ്പഡോർ പിക്ചർ പാലസ് രൂപാന്തരം പ്രാപിച്ചതാണ് പ്രോ-കത്തീഡ്രൽ എന്ന് മുമ്പ് പറഞ്ഞിട്ടുണ്ടല്ലോ. പാളയത്തുള്ള 10 സെന്റ് സ്ഥലത്താണ് പ്രോ-കത്തീഡ്രൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. 8 സെന്റ് സ്ഥലത്തും പള്ളി കെട്ടിടമാണ്. പള്ളിയ്ക്ക് തെക്കു വശത്തായി ഒഴിഞ്ഞുകിടന്നിരുന്ന 2 സെന്റു സ്ഥലത്തിന്റെ പടിഞ്ഞാറേ അറ്റത്ത് കെട്ടിയുണ്ടാക്കിയിരുന്ന ഒരു ചാർത്താണ് അച്ചന്മാരുടെ വസതി. ഹോട്ടലിൽ നിന്ന് ഭക്ഷണം വരുത്തി കഴിച്ചിരുന്നു. വിവിധ റീത്തുകളിൽപെട്ട ആളുകളാണ് വി. കുർബാനയ്ക്കും മറ്റു കൂദാശകൾക്കുമായി പള്ളിയിൽ വന്നുകൊണ്ടിരു ന്നത്. കേവലം പരിമിതമായ സൗകര്യം മാത്രമുള്ള ഈ വസതിയിൽ താമസിച്ചുകൊണ്ട്

ബഥനി പട്ടക്കാർ വിശ്വാസികളുടെ ആവശ്യങ്ങൾ മുടക്കം വരാതെ നടത്തിക്കൊടുത്തുവന്നു.

**ബ. പയസ് അച്ചന്റെ പിൻഗാമി ഫാദർ യൗനാൻ**

നാലാഞ്ചിറ ബഥന്യാശ്രമം വിട്ട് സ്വന്ത സന്യാസ സമൂഹത്തിലേക്ക് പിന്തിരിഞ്ഞ ബ. പയസ് അച്ചനു പകരം നാലാഞ്ചിറ ആശ്രമത്തിൽ ആർച്ചു ബിഷപ്പിന്റെ വികാരിയായി 28-2-37-ൽ ഫാദർ യൗനാൻ ഒ.ഐ.സി നിയമിക്കപ്പെട്ടു. അദ്ദേഹത്തിന്റെ ഭരണകാലത്ത് ഇടയ്ക്കും മുറയ്ക്കും ഏതാനും യുവാക്കന്മാർ തിരുവനന്തപുരം ആശ്രമത്തിൽ ചേർന്നു കൊണ്ടിരുന്നെങ്കിലും അവരിൽ ആരും സമൂഹത്തിൽ സ്ഥിരമായി നിന്നില്ല. മറിച്ച് തല്ക്കാല വ്രതസ്ഥരായ സഹോദരന്മാർ ഓരോരുത്തരായി പിരിഞ്ഞ് പൊയ്ക്കൊണ്ടിരുന്നു. ഫാദർ യൗനാൻ ഉദ്യോഗത്തിൽ നിന്നു പിൻമാറിയതിനെ തുടർന്ന് ഫാദർ യോബ് സുപ്പീരിയറായി തിരഞ്ഞെടുക്കപ്പെട്ടു. ഈ തിരഞ്ഞെടുപ്പ് ആർച്ചു ബിഷപ്പ് തിരുമനസ്സിലെ മാത്രം ചുമതലയിലാണു നടത്തപ്പെട്ടത്.

**കശീശാപട്ടം**

തിരുവല്ലാ ബഥന്യാശ്രമത്തിലെ അംഗങ്ങളായ പക്കോമിയോസ് ശെമ്മാശ്ശൻ, റഫായേൽ ശെമ്മാശ്ശൻ എന്നിവരെ 25-7-37-ൽ മാർ ഈവാനിയോസ് തിരുമേനി തിരുവനന്തപുരം സെന്റ് മേരീസ് പ്രോ കത്തീഡ്രൽ വച്ച് കശീശന്മാരായി അഭിഷേകം ചെയ്തു.

തിരുവനന്തപുരം ആശ്രമാംഗങ്ങളായ ഫാദർ കോശി, ഫാദർ അപ്രേം, ഫാദർ യൗനാൻ എന്നിവർ 18-11-37-ൽ നിത്യവ്രതമെടുത്തു.

**റൂൾസ് കമ്മിറ്റി**

16-5-38-ൽ തിരുവനന്തപുരത്തും തിരുവല്ലായിലുമുള്ള സമൂഹങ്ങൾക്കുവേണ്ടി പൊതുവായി ഒരു കരടുനിയമം എഴുതിയുണ്ടാക്കി അംഗീകരണത്തിനായി സമർപ്പിക്കാൻ രണ്ടു രൂപതാധികാരികളും ചേർന്ന് ഫാദർ അബ്രഹാം, ഫാദർ ബർസ്ലീബാ, ഫാദർ യോശുവാ, ഫാദർ ജോൺ എന്നിവരടങ്ങിയ ഒരു കമ്മിറ്റിയെ നിയമിച്ചു. അവർ യഥാകാലം കരടുനിയമം തയ്യാറാക്കി മാർ ഈവാനിയോസ് തിരുമേനിക്കും, തിരുവല്ലായിലെ അഡ്മിനിസ്ട്രേറ്റർ ആയിരുന്ന ബ. വാച്ചാപറമ്പിലച്ചനും സമർപ്പിച്ചു.

www.malankaralibrary.com

## മാർ സേവേറിയോസു തിരുമേനിയുടെ കത്തോലിക്കാ പുനരൈക്യവും അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ നിയമനവും

മാർ ഈവാനിയോസ് മെത്രാപ്പോലീത്താ യാക്കോബായ സഭ വിട്ടതിന്റെ ഫലമായുണ്ടായ ക്ഷീണം പരിഹരിക്കാൻ വേണ്ടി മെത്രാനായി അഭിഷേചിക്കപ്പെട്ട ആളാണ് മല്ലപ്പള്ളി വാളക്കുഴിയിലെ ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ. യാക്കോബായ സഭയെ ഉറപ്പിക്കുവാൻ വേണ്ടി വട്ടശ്ശേരിൽ മെത്രാനച്ചന്റെ വലത്തുകൈയായി നിന്ന് ഇദ്ദേഹം ഭഗീരഥപ്രയത്നം ചെയ്തു. മലങ്കരയിലെ ഏറ്റം പ്രധാനപ്പെട്ട രൂപതയായ നിരണം ഭദ്രാസനമാണ് അദ്ദേഹത്തിന്റെ ഭരണത്തിന് ഏല്പിക്കപ്പെട്ടിരുന്നത്. പരുമല സിമ്മനാരിയിൽ താമസിച്ചുകൊണ്ട് ഇദ്ദേഹം സഭാഭരണം നടത്തി. പക്ഷേ ദീർഘനാൾ ആ ഭരണം തുടർന്നുകൊണ്ടുപോകുവാൻ മനസ്സാക്ഷി ഇദ്ദേഹത്തെ അനുവദിച്ചില്ല. ശെമ്മാശ്ശനായിരുന്ന കാലത്ത് മാർ ഈവാനിയോസ് തിരുമേനിയുടെ ശിഷ്യനായി സെറാമ്പൂരിൽ താമസിച്ചകാര്യം ഇദ്ദേഹം നന്ദിപൂർവ്വം സ്മരിക്കുന്നുണ്ടായിരുന്നു. സഭാസംബന്ധമായ കാര്യങ്ങളിൽ മാർ ഈവാനിയോസ് തിരുമേനിക്കെതിരായി ജോസഫ് മെത്രാൻ പ്രവർത്തിച്ചിരുന്നെങ്കിലും, ആളത്വത്തിൽ അദ്ദേഹത്തോടുള്ള ആദരവിന് കുറവു ഭവിച്ചിരുന്നില്ല. കത്തോലിക്കാ സഭയുടെ അവകാശങ്ങളെപ്പറ്റിയും വിശ്വാസസത്യങ്ങളെപ്പറ്റിയും തിരുമേനി കൂലങ്കഷമായി പഠിക്കുകയും, 1937 നവംബർ 29-ാം തീയതി കത്തോലിക്കാ സഭയോടു പുനരൈക്യപ്പെടുകയും ചെയ്തു. ഏതാണ്ട് ഒരു വർഷത്തിനു ശേഷം അദ്ദേഹത്തെ പരിശുദ്ധ സിംഹാസനത്തിൽ നിന്നും, തിരുവല്ലാ രൂപതയുടെ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക് ആയി നിയമിച്ചു. അതോടെ ബ. വാച്ചാപറമ്പിലച്ചൻ വികാരി ജനറൽ ഉദ്യോഗം ഒഴിഞ്ഞ് സ്വന്തം ഇടവകയിലേക്ക് പിന്തിരിഞ്ഞു.

## ഫാദർ ഗീവർഗ്ഗീസ് വീണ്ടും തിരുവല്ലാ ബഥനി ആശ്രമത്തിലേക്ക്

1929-ൽ ബഥനി സമൂഹം വിട്ട്, കത്തോലിക്കാ സഭയോടു പുനരൈക്യപ്പെട്ട ഫാദർ ഗീവർഗ്ഗീസ് പുനരൈക്യ പ്രസ്ഥാനത്തിന്റെ ആരംഭത്തോടെ തിരുവല്ലാ ബിഷപ്പ് ഹൗസിൽ താമസിച്ച്, മാർ തിയോഫിലോസ് തിരുമേനിയെ രൂപതാ ഭരണത്തിൽ സഹായിച്ചുകൊണ്ടിരുന്നു. അദ്ദേഹം 1938 നവംബറിൽ തോലശ്ശേരി

ദിവ്യരക്ഷകാശ്രമത്തിലേയ്ക്കു മടങ്ങി. 24-8-39-ൽ ദിവ്യരക്ഷകാശ്രമ ചാപ്റ്റർ കൂടി അദ്ദേഹത്തെ ആശ്രമ സുപ്പീരിയറായി തിരഞ്ഞെടുത്തു. ഈ തിരഞ്ഞെടുപ്പ് 12-9-39-ലെ കല്പനമൂലം Administrator Apostolic (മാർ സേവേറിയോസ്) തിരുമേനി അംഗീകരിക്കുകയും ചെയ്തു. ഏറെ താമസിയാതെ ദിവ്യരക്ഷകാശ്രമ സുപ്പീരിയറായിരുന്ന ഫാദർ അംബ്രോസ് റ്റി.ഒ.സി.ഡി.യും സഹപ്രവർത്തകനും കർമ്മലീത്താ ആശ്രമത്തിലേയ്ക്ക് മടങ്ങിപ്പോയി.

**വ്രതാനുഷ്ഠാനം**

തിരുവല്ലാ രൂപതാ സമൂഹത്തിൽ ആദ്യമായി ചേർന്നിരുന്ന നവശിഷ്യന്മാരായ സെബാസ്റ്റ്യൻ ഔസേഫ്, വർഗ്ഗീസ് തോമസ്, പോൾ ലൂയിസ്, തോമസ് അബ്രഹാം എന്നിവർ 20-6-38-ൽ തല്ക്കാല വ്രതമെടുക്കുകയും 26-5-39-ൽ അതു പുതുക്കുകയും ചെയ്തു. ആദ്യവ്രതാനുഷ്ഠാന സമയത്തു അവർ സ്വീകരിച്ച പേരുകൾ യഥാക്രമം ബസ്സേലിയോസ്, ക്രിസോസ്റ്റം, തിയോഫിലോസ്, ഗ്രീഗോറിയോസ് എന്നിവയായിരുന്നു. വ്രതാനുഷ്ഠാനം കഴിഞ്ഞയുടനെ അവരെ വൈദിക പഠനത്തിനായി മംഗലപ്പുഴ സിമ്മനാരിയിലേയ്ക്ക് അയച്ചു.

തിരുവനന്തപുരം ആശ്രമത്തിലെ തൽക്കാല വ്രതസ്ഥരായിരുന്ന ഫാദർ സെറാഫിയോൻ 14.5.38 ലും, ഫാദർ പക്കോമിയോസ്, ഫാദർ റഫായേൽ, ബ്രദർ അത്തനാസ്യോസ്, ബ്രദർ അംബ്രോസ് എന്നിവർ 24-8-39 നിത്യവ്രതമെടുത്തു. നാലാഞ്ചിറ ആശ്രമത്തിലെ തല്ക്കാലവ്രതസ്ഥരായ മിഖായേൽ സാധു, റഫായേൽ സാധു, അർസേനിയോസു സാധു, അത്തനാസ്യോസ് സാധു എന്നിവർ 14-5-38-ൽ 3 വർഷത്തേക്കുകൂടെ അവരുടെ വ്രതം നവീകരിച്ചു.

ദിവ്യരക്ഷകാശ്രമസ്ഥരായ ബ്രദേഴ്സ് ബസ്സേലിയോസ്, ക്രിസോസ്തമോസ്, ഗ്രിഗോറിയോസ് എന്നിവർ 23-5-40-ൽ നിത്യവ്രതമെടുത്തു. അവരെ തുടർന്നു തോമസ്സ് മാരേട്ട്, ജോസഫ് മടുക്കക്കുഴി മുതലായവർ തിരുവല്ലാ ആശ്രമത്തിൽ ചേർന്നുവെങ്കിലും നിത്യവ്രതം ചെയ്യുന്നതിനു മുമ്പ് ആശ്രമം വിടുകയാണുണ്ടായത്. 6-6-40-ൽ മല്ലപ്പള്ളി കോഴിമണ്ണിൽ ഔസേപ്പു മകൻ പീലിപ്പോസ് തിരുവല്ലാ ആശ്രമത്തിൽ ചേർന്നു.

**ബ്രദർ ബനഡിക്ടിന്റെ നിത്യവ്രതാനുഷ്ഠാനം**

തിരുവനന്തപുരം ആശ്രമാംഗമായി കാൻഡി പേപ്പൽ സിമ്മനാരിയിൽ പഠിച്ചുകൊണ്ടിരുന്ന ബ്രദർ ബനഡിക്റ്റ് ആ

www.malankaralibrary.com

കാലയളവിൽ 7-1-41-ൽ നിത്യവ്രതമെടുത്തു. അദ്ദേഹത്തോടുകൂടെ നവശിഷ്യ പരിശീലനത്തിലിരുന്നവരെല്ലാവരും ഓരോ കാരണത്താൽ ആശ്രമം വിട്ടുപോയി.

ബ. യോബച്ചനുശേഷം സുപ്പീരിയറായി തിരഞ്ഞെടുക്കപ്പെട്ടത് ഫാദർ ബർസ്ലീബായായിരുന്നു. 12-5-43-ൽ അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു.

**അപ്പസ്തോലിക വിദ്യാർത്ഥികൾ, ഒരു പുതിയ പരീക്ഷണം**

സന്യാസസമൂഹങ്ങളിലേക്കു ദൈവവിളി കുറയുവാനുള്ള കാരണം കുട്ടികളുടെ വീട്ടിലെ വളർത്തലിന്റെ ശ്രദ്ധക്കുറവാണെന്നു പറയാം. അതിനാൽ പുരാതന സന്യാസ സമൂഹങ്ങളിൽ ചെയ്തുവന്നതുപോലെ, ഏതാനും കുട്ടികളെ വിദ്യാർത്ഥികളായിരിക്കുമ്പോൾ തന്നേ ആശ്രമത്തിൽ സ്വീകരിക്കുകയും അവർക്കു തക്കതായ പരിശീലനം നൽകുകയും ചെയ്താൽ ആശ്വാസ്യമായ ഫലമുണ്ടാകുമെന്നൊരു അഭിപ്രായം തിരുവനന്തപുരത്തും തിരുവല്ലായിലുമുള്ള ആശ്രമങ്ങളിലുണ്ടായി. തൽഫലമായി ഏതാനും ഹൈസ്കൂൾ വിദ്യാർത്ഥികളെ തിരുവല്ലായിൽ സ്വീകരിച്ച് സ്ഥലത്തെ ഹൈസ്കൂളിൽ വിട്ടു പഠിപ്പിച്ചിരുന്നു. ഇക്കാലത്താണ് തിരുവനന്ത പുരത്തു പട്ടം സെന്റ് മേരീസ് ഹൈസ്കൂൾ സ്ഥാപിതമായത്. അതോടെ തിരുവനന്തപുരം ആശ്രമത്തിലും ആദ്യമായി നാലു ഹൈസ്കൂൾ വിദ്യാർത്ഥികളെ അപ്പസ്തോലിക വിദ്യാർത്ഥികളായി സ്വീകരിച്ചു. അവർ നാലാഞ്ചിറ ആശ്രമത്തിൽ താമസിച്ചുകൊണ്ട് പട്ടം ഹൈസ്കൂളിൽ പഠിച്ചിരുന്നു. അവരുടെ പേരുകൾ താഴെചേർക്കുന്നു:

1. പി. വി. മാത്യു കടമ്മനിട്ട
2. എസ്. ജോർജ്ജ് മുത്തേരി, ഇലന്തൂർ,
3. പി.വി.കുര്യാക്കോസ് പടിഞ്ഞാറെമണ്ണിൽ, കല്ലൂപ്പാറ
4. പി.എം. തോമസ്, വയലത്തല

ഇവരിൽ പി.വി. മാത്യു ആദ്യവർഷാവസാനത്തിലും, എസ്. ജോർജ്, കുര്യാക്കോസ് എന്നിവർ രണ്ടാംവർഷത്തിനു ശേഷവും ആശ്രമം വിട്ടു. പി.എം. തോമസ് കുറെനാൾ കൂടെ തിരുവനന്തപുരം ആശ്രമത്തിലും തിരുവല്ലാ ആശ്രമത്തിലുമായി കഴിഞ്ഞു കൂടിയെങ്കിലും അയാളും ആശ്രമം വിടുകയാണുണ്ടായത്. തിരുവല്ലാ ആശ്രമത്തിൽ

ഇക്കാലത്തു സ്വീകരിച്ച കുട്ടികളും ആശ്രമത്തിൽ സ്ഥിരമായി നിന്നില്ല. എസ്, ജോർജ്ജ്, കുര്യാക്കോസ് എന്നിവർ ആശ്രമം വിട്ടതിനുശേഷം ഇടവകസിമ്മനാരിയിൽ ചേരുകയും യഥാകാലം പട്ടക്കാരായി തീരുകയും ചെയ്തു എന്നതു ചാരിതാർത്ഥ്യജനകമാണ്.

**തിരുവല്ലാ ആശ്രമത്തിലെ മറ്റു ദൈവവിളികൾ**

6-6-40-ൽ തിരുവല്ലാ ആശ്രമത്തിൽ സ്വീകരിക്കപ്പെട്ട പീലിപ്പോസ് കോഴിമണ്ണിൽ 21-11-40-ൽ സന്യാസ്യാർത്ഥിയായി സ്വീകരിക്കപ്പെട്ടു. ജോൺ ചെറുച്ചാങ്കൽ (അയിരൂർ) 5-6-41-ൽ തിരുവല്ലാ ആശ്രമത്തിൽ ചേരുകയും 12-6-41-ൽ അർത്ഥിപദത്തിലേക്കു ഉയർത്തപ്പെടുകയും ചെയ്തു. ഇവർ ഇരുവരെയും 2-5-42-ൽ നവശിഷ്യപദത്തിലേക്കു സ്വീകരിച്ചു. അലക്സാണ്ടർ മഞ്ഞനാങ്കുഴി (കല്ലൂപ്പാറ), 15-4-42-ലും, അബ്രഹാം തൈക്കടവിൽ (പുളിക്കീഴ്, തിരുവല്ല), നൈനാൻ പെരുമ്പ്രാൽ (ചെങ്ങരൂർ) എന്നിവർ 4-5-42-ലും തിരുവല്ലാ ആശ്രമത്തിൽ ചേർന്നു. ഇവർ മൂവരെയും 31-10-42-ൽ അർത്ഥിപദത്തിലേക്കും 14-5-43-ൽ നവശിഷ്യ പദത്തിലേക്കും സ്വീകരിച്ചു. 18-12-30-ൽ വെണ്ണിക്കുളത്തു വച്ച് ആശ്രമത്തിൽ ചേർന്ന തെക്കേക്കര പൗലോസ് ശെമ്മാശ്ശൻ (കുന്നംകുളം) അവിടെവച്ചു തന്നേ ആശ്രമത്തിൽനിന്നു പിരിഞ്ഞു പോയെങ്കിലും, ഇടവകപട്ടക്കാരനായ ശേഷം തിരുവല്ലാ ആശ്രമത്തിൽ ചേരുകയും 27-2-43-ൽ അർത്ഥിപദത്തിലും 14-5-43-ൽ നവശിഷ്യപദത്തിലും സ്വീകരിക്കപ്പെടുകയും ചെയ്തു. ഇവരുടെയെല്ലാം പരിശീലനത്തിന്റെ ചുമതല വഹിച്ചിരുന്നത് ഫാദർ ജോണായിരുന്നു.

പീലിപ്പോസ് കോഴിമണ്ണിൽ, ജോൺ ചെറുച്ചാങ്കൽ എന്നിവർ പീറ്റർ, ആൻഡ്രൂസ് എന്നീ സന്യാസ നാമങ്ങൾ സ്വീകരിച്ചുകൊണ്ട് 14-5-43-ൽ ആദ്യവ്രതമെടുത്തു. വ്രതാനുഷ്ഠാനങ്ങൾക്കുശേഷം ബ്ര. പീറ്ററിനെ മംഗലപ്പുഴ സെമിനാരിയിലേക്കും ബ്ര. ആൻഡ്രൂസിനെ കാൻഡിപേപ്പൽ സിമ്മനാരിയിലേക്കും അയച്ചു. മംഗലപ്പുഴ സിമ്മനാരിയിൽ പഠിത്തം തുടരുന്നതിനു ബ്രദർ പീറ്ററിനു കഴിയാതെ വന്നതിനാൽ അദ്ദേഹത്തെ മംഗലപ്പുഴ നിന്നു പിൻവലിച്ച്, ദിവ്യരക്ഷകാശ്രമത്തിൽ പ്രത്യേക പരിശീലനം നല്കി. അലക്സാണ്ടർ മഞ്ഞനാങ്കുഴി, അബ്രഹാം തൈക്കടവിൽ, നൈനാൻ പെരുമ്പ്രാൽ, ഫാദർ പൗലോസ് എന്നിവരുടെ ആദ്യവ്രതാനുഷ്ഠാനം 14-5-44-ൽ

നടന്നു. വ്രതാനുഷ്ഠാനത്തിൽ അലക്സാണ്ടർ മൈക്കിൾ എന്നും, അബ്രഹാം ഗബ്രിയേൽ എന്നും, നൈനാൻ ജേക്കബ് എന്നുമുള്ള നാമങ്ങളാണ് സ്വീകരിച്ചത്. വ്രതാനുഷ്ഠാനം കഴിഞ്ഞയുടനെ ബ്രദർ മൈക്കിളിനെ വൈദികപഠനത്തിനായി കാൻഡി സെമിനാരിയിലേക്ക യച്ചു. ബ്രദേഴ്സ് ഗബ്രിയേൽ, ജേക്കബ് എന്നിവരെ ബ്രദർ പീറ്ററി നോടുകൂടെ തിരുവല്ലാ ആശ്രമത്തിൽ തന്നേ താമസിപ്പിച്ച് വൈദിക പഠനത്തിന്റെ പ്രാരംഭപാഠങ്ങൾ പഠിപ്പിക്കുകയും പിറ്റെ വർഷം മൂവരെയും കൂടെ തൃശ്ശിനാപ്പള്ളി സെന്റ് പോൾസ് സിമ്മനാരിയി ലേയ്ക്ക് അയക്കുകയും ചെയ്തു. സിമ്മനാരി പഠനകാലത്തു 14-5-46-ൽ ബ്രദർ പീറ്ററും ബ്രദർ ആൻഡ്രൂസും നിത്യവ്രതമെടുത്തു. ബ്രദേഴ്സ് മൈക്കിൾ, ഗബ്രിയേൽ, ജേക്കബ്, ഫാദർ പോൾ എന്നിവർ 15-5-47-ൽ നിത്യവ്രതമെടുത്തു.

**ഫാദർ പക്കോമിയോസ് തിരുവല്ലാ ആശ്രമസുപ്പീരിയർ**

1939-ൽ തിരുവല്ലാ ദിവ്യരക്ഷകാശ്രമത്തിൽ സുപ്പീരിയറായി തിരഞ്ഞെടുക്കപ്പെട്ട ഫാദർ ഗീവർഗ്ഗീസിന്റെ പിൻഗാമിയായി 9-3-41-ൽ ഫാദർ പക്കോമിയോസ് തിരഞ്ഞെടുക്കപ്പെട്ടു. അന്നുമുതൽ അദ്ദേഹം ആശ്രമസുപ്പീരിയറായും 1-5-45-മുതൽ രൂപതാധ്യക്ഷന്റെ പ്രതിനിധി യായ സുപ്പീരിയർ ജനറലായും തിരുവല്ലാ ആശ്രമത്തെ സേവിച്ചു.

**അഞ്ചു ബഥനി പട്ടക്കാർ കൂടെ**

ബ്രദർ ബനഡിക്ട് കാൻഡി സിമ്മനാരിയിൽ വച്ച് 24-8-44-ൽ കശീശാ പട്ടം സ്വീകരിച്ചു. ബ്രദേഴ്സ് ബസേലിയോസ്, ക്രിസോസ്തോമസ്, തിയോഫിലോസ്, ഗ്രിഗോറിയോസ് എന്നിവർ ആ വർഷം തന്നേ മംഗലപ്പുഴ സിമ്മനാരിയിൽ വച്ച് വൈദിക പട്ടം സ്വീകരിച്ചു. പട്ടമേറ്റ് ഏതാനും മാസങ്ങൾക്കുശേഷം ഫാദർ ബനഡിക്ട് തിരുവനന്തപുരം ആശ്രമത്തിലേക്കും മറ്റു നാലുപേരും തിരുവല്ലാ അശ്രമത്തിലേക്കും മടങ്ങി. അങ്ങനെ ബഥനിപട്ടക്കാരുടെ സംഖ്യ അഞ്ചു കൂടെ വർദ്ധിച്ചു. പട്ടാഭിഷേകാനന്തരം ഉപരിപഠനത്തിനായി ഫാദർ ബനഡിക്ടിനെ തൃശ്ശിനാപള്ളി കോളജിലേക്കും, ഫാദർ തിയോഫിലോസിനെ ചങ്ങനാശ്ശേരി എസ്. ബി. കോളജിലേക്കും അയച്ചു.

**ഫാദർ സെറാഫിയോൻ നാലാഞ്ചിറ ആശ്രമസുപ്പീരിയർ**

1933-ൽ പട്ടമേറ്റ ഫാദർ സെറാഫിയോനെ അധികം കഴിയു ന്നതിനു മുമ്പ് തിരുവനന്തപുരം ആർച്ചുബിഷപ്സ് ഹൗസിലേയ്ക്ക്

www.malankaralibrary.com

വിളിച്ചു അന്നു മുതൽ അവിടെ പ്രധാനപ്പെട്ട പല ജോലികളിലും ഏർപ്പെട്ട് അദ്ദേഹം കഴിഞ്ഞുകൂടി. അരമന പ്രൊക്യുറേറ്റർ, എം.എസ്.സി. സ്കൂൾസ് കറസ്പോണ്ടന്റ്, കെട്ടിടം പണികളുടെ മേൽനോട്ടം എന്നീ ജോലികൾക്കു പുറമേ പല മിഷൻസിന്റെ ചുമതലയും അദ്ദേഹം വഹിച്ചിരുന്നു. ഫാദർ ബർസ്ലീബായുടെ കാലാവധി കഴിഞ്ഞപ്പോൾ 8-6-46-ൽ നാലാഞ്ചിറ ആശ്രമ സുപ്പീരിയർ സ്ഥാനത്തേയ്ക്ക് ഫാദർ സെറാഫിയോൻ തിരഞ്ഞെടുക്കപ്പെട്ടു. അതോടെ അരമനയിലെ ജോലികളെല്ലാം വിട്ടൊഴിഞ്ഞ് അദ്ദേഹം ആശ്രമത്തിലേക്കു പിന്തിരിഞ്ഞു. 19-5-47 വരെ നാലാഞ്ചിറ ആശ്രമ സുപ്പീരിയറായും, തദനന്തരം 1948 സെപ്റ്റംബർ 21 വരെ തിരുവനന്തപുരം സുപ്പീരിയർ ജനറലായും അദ്ദേഹം ഭരണം നടത്തി. അരമനകാര്യങ്ങളിൽ നിന്നെല്ലാം അദ്ദേഹം പിന്മാറിയിരുന്നെങ്കിലും പ്രധാനപ്പെട്ട കാര്യങ്ങളിലെല്ലാം അരമനാധികാരികൾ അദ്ദേഹത്തിന്റെ ആലോചന ചോദിച്ചിരുന്നു. മാർ ഈവാനിയോസ് തിരുമേനിയുടെ അന്ത്യനാളുകളിൽ അദ്ദേഹം തിരുമേനിയെ ശുശ്രൂഷിച്ചിരുന്നു. കബറടക്കചടങ്ങിലും അദ്ദേഹമാണ് മുന്നിട്ട് പ്രവർത്തിച്ചിരുന്നത്.

**കറ്റാണം ആശ്രമം**

ബഥനി മഠത്തിന്റെ ഒരു ശാഖാമന്ദിരം സ്ഥാപിക്കണമെന്നുള്ള ഉദ്ദേശ്യത്തോടെ 1946-ൽ ഏതാനും സിസ്റ്റേഴ്സിനെ കറ്റാണത്തേക്ക് അയച്ചിരുന്നുവെങ്കിലും, വിപരീത സാഹചര്യങ്ങൾ മൂലം അവിടെ തുടരാൻ സാധിക്കാതെ അവർ മാതൃമന്ദിരത്തിലേക്കു തിരികെ പോന്നു. അവർ താമസിച്ചിരുന്ന കെട്ടിടത്തിൽ വി.ബസേലിയോസിന്റെ നാമത്തിൽ ബഥന്യാശ്രമത്തിന്റെ ഒരുശാഖ സ്ഥാപിക്കുന്നതിനുള്ള ആർച്ചു ബിഷപ്പ് തിരുമനസ്സിലെ അനുമതി കല്പന 19-5-47-ൽ തിരുവനന്തപുരം സുപ്പീരിയർ ജനറലിന് (Seraphion) ലഭിച്ചു. അതേ തീയതിയിൽ തന്നേ കറ്റാനം (Pope Pius XI) ഹൈസ്കൂളും പ്രൈമറി, മിഡിൽ സ്കൂളുകളും ആശ്രമത്തിന്റെ ചുമതലയിൽ ഏല്പിച്ചു കൊണ്ടുള്ള കല്പനയും നല്കി. ഇതിനു പുറമേ കുളചിറയുള്ള 34 ഏക്കറോളം വരുന്ന സ്ഥലവും 24-5-47 ലെ സുപ്പീരിയർ ജനറലിനുള്ള കല്പനമൂലം ആശ്രമത്തെ ഏല്പിച്ചു.

കറ്റാണം ആശ്രമത്തിന്റെ സുപ്പീരിയറായി ഫാദർ യോശുവായേയും, അംഗങ്ങളായി ഫാദർ ബർസ്ലീബാ, ഫാദർ യോബ്,

ഫാദർ യൗനാൻ എന്നിവരെയും നിയമിച്ച് സുപ്പീരിയർ ജനറൽ കല്പന നല്കി. ഇവർ കറ്റാണത്തു ചാർജ്ജെടുക്കുന്നതുവരെ ഫാദർ ബനഡിക്ട് അവിടെ താമസിച്ചിരുന്നു. സുപ്പീരിയർ ജനറലിന്റെ കല്പന പ്രകാരം ഫാദർ യോശുവാ, ഫാദർ ബർസ്ലീബാ, ഫാദർ യോബ് എന്നിവർ യഥാസമയം കറ്റാണം ആശ്രമത്തിലെത്തി ചാർജ്ജെടുത്തു. സ്കൂൾ വർഷാരംഭമായിരുന്നതിനാൽ ഉടനെതന്നെ നാല് അപ്പസ്തോലിക കുട്ടികളെ ആശ്രമത്തിൽ സ്വീകരിച്ചു. അവർ ആശ്രമത്തിൽ താമസിച്ചുകൊണ്ട്, കറ്റാനം സി.എം.എസ്. സ്കൂളിലും ഭരണിക്കാവ് ഹൈസ്കൂളിലും പഠിച്ചുകൊണ്ടിരുന്നു. ആശ്രമത്തിന്റെ ചുമതലയോടുകൂടെ കറ്റാണത്തെ സ്കൂളുകളുടെയും, പള്ളിയ്ക്കൽ ഈസ്റ്റ് യു.പി. സ്കൂൾ, കരിമുളയ്ക്കൽ എൽ.പി. സ്കൂൾ എന്നിവയുടെ ലോക്കൽ മാനേജർ ഉദ്യോഗവും ഫാദർ യോശുവാ വഹിച്ചിരുന്നു. ഇങ്ങനെ 47-48 സ്കൂൾ വർഷം കഴിഞ്ഞുകൂടി. 48-49 സ്കൂൾ വർഷത്തിൽ കൂടുതൽ അപ്പസ്തോലിക കുട്ടികളെ ആശ്രമത്തിൽ സ്വീകരിച്ചു. ഈ വർഷത്തിൽ തിരുവല്ലാ ആശ്രമത്തിലും ഇതുപോലെ ഏതാനും കുട്ടികളെ സ്വീകരിച്ച് പഠിപ്പിച്ചിരുന്നു. ആശ്രമത്തിലെ ബ.അച്ചന്മാർ തന്നെ കറ്റാണം ഇടവകയുടെയും ചുറ്റുപാടുമുള്ള എടപ്പോൺ, വെട്ടിയാർ, കുറത്തികാട് മുതലായ ഇടവകകളുടെയും ചുമതല വഹിച്ചുവന്നു. കോമല്ലൂർ, ചാരുംമൂട്, വള്ളികുന്നം, പുതുപ്പള്ളി മുതലായി ഏതാനും ഇടവകകളും അവരുടെ പരിശ്രമത്താൽ രൂപീകൃതമായി.

**പൂളച്ചിറ**

മാവേലിക്കര താലൂക്കിൽ ചുനക്കര പകുതിയിൽ പെട്ടതാണ് ഈ സ്ഥലം. കുറത്തിയാട്ട്നിന്ന് 3 കിലോമീറ്റർ കിഴക്കുമാറി സ്ഥിതിചെയ്യുന്നു. കാലം ചെയ്ത കോട്ടാർ ബിഷോപ്പ് നി.വ.ദി.ശ്രീ ലോറൻസ് പെരേര തിരുമേനിയുടെ വകയായിരുന്നു. അദ്ദേഹത്തിൽ നിന്ന് മാർ ഈവാനിയോസ് തിരുമേനി പ്രസ്തുത സ്ഥലം വിലയ്ക്കു വാങ്ങി. 34 ഏക്കറോളം വരുന്ന ഈ ചേരിക്കലിന്റെ മദ്ധ്യഭാഗം ഏഴെട്ട് ഏക്കർ താണസ്ഥലവും ബാക്കി ഉയർന്ന സ്ഥലവുമാണ്. ആകപ്പാടെ നടുവു കുഴിഞ്ഞ ഒരു വട്ടപ്പാത്രത്തിന്റെ രീതിയാണ്. നടുവിലുള്ള താണസ്ഥലം നെൽകൃഷിക്കും ചുറ്റുമുള്ള കരപ്രദേശം മറ്റുകൃഷിക ൾക്കും ഉപയോഗിച്ചുവന്നു. ചുറ്റും ഉയർന്ന സ്ഥലവും നടുവിൽ

കുഴിയുമാകകൊണ്ട് വേനൽകാലത്ത് വെള്ളം കിട്ടുന്നതിനോ വർഷകാലത്തു വെള്ളം പുറത്തേക്കു കളയുന്നതിനോ മാർഗ്ഗമില്ലാതിരുന്നതിനാൽ നെൽകൃഷി മിക്കവാറും നഷ്ടത്തിലാണ് കലാശിച്ചിരുന്നത്. ഈ സ്ഥിതിക്ക് ഒരു പരിഹാരമുണ്ടാക്കുന്നതിനായി മുൻ ഉടമയായ വന്ദ്യ ലോറൻസുതിരുമേനി വളരെ പണച്ചെലവുചെയ്ത് നടുവിലെ താണസ്ഥലത്തുനിന്ന് വടക്കോട്ട് ഒരു തോടുകുഴിപ്പിച്ചു. തോടിന് രണ്ട് ഫർല്ലോങ്ങോളം നീളംവരും. വടക്കുള്ള ഒരു താണവയലിലേക്കാണ് ഈ തോട് വെട്ടിതീർത്തത്. ഒരു ചെറിയ മഴ പെയ്താലുടനെ ചുറ്റുപാടുമുള്ള ഉന്നതസ്ഥലങ്ങളിൽനിന്ന് വെള്ളമെല്ലാം നടുവിലുള്ള കുഴിയിലേക്ക് ഇരച്ചുചാടും. അങ്ങനെ നെൽകൃഷി സ്ഥലം പെട്ടെന്ന് ഒരു ചെറിയ കായലിന്റെ രൂപത്തിലാകുക പതിവായിരുന്നു. തോടു തീർന്നതോടെ വെള്ളം തോട്ടിലൂടെ സാവധാനത്തിൽ വടക്കോട്ടു പായുവാൻ തുടങ്ങി. എങ്കിലും തോടിനു വീതി വളരെ കുറവാകകൊണ്ട് വെള്ളം മുഴുവൻ വറ്റിക്കിട്ടുവാൻ വളരെയധികം സമയം പിടിക്കം. എങ്കിലും അത്രയും ആശ്വാസമായി. എങ്കിലും നെൽവയലിലേക്ക് വെള്ളം കൊണ്ടുവരുവാൻ ഇനിയും സാധ്യമായിട്ടില്ല. അതിനാൽ ആദ്യകാലങ്ങളിൽ നെൽകൃഷിക്കായി ഉപയോഗിച്ചിരുന്ന സ്ഥലത്തിന്റെ കുറേ ഭാഗം തെങ്ങ്, റബ്ബർ മുതലായ കരകൃഷിക്കായി, പിന്നീട് ഉപയോഗിക്കാൻ തുടങ്ങി. അങ്ങനെ നെൽകൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണം ഇപ്പോൾ വളരെ കുറഞ്ഞുപോയിട്ടുണ്ട്. ലോറൻസുതിരുമേനിയുടെ അധീനതയിലായിരുന്ന കാലത്ത് കരപ്രദേശത്ത് കുറെ കൃഷി ചെയ്തിരുന്നു. ശരിയായി അന്വേഷിക്കാതിരുന്നതുകൊണ്ട് ആ വക കര കൃഷികളും ശോച്യാവസ്ഥയിലെത്തിയിരുന്നു. ഈ സ്ഥിതിയിൽ കിടന്ന ഭൂമിയാണ് 16000 രൂപക്ക് മാർ ഈവാനിയോസ് തിരുമേനി വിലക്ക് വാങ്ങിയത്. തിരുമേനി പ്രസ്തുത സ്ഥലം കുറത്തിയാട്ട് ചേരാവള്ളിൽ ബ.മാത്യൂസ് അച്ചന്റെ സഹോദരൻ മി.വി.ജെ.ജോർജിനെ പാട്ടത്തിനേല്പിച്ചിരുന്നു. ബഥന്യാശ്രമത്തിന്റെ അധീനതയിൽ വിട്ടുതന്നപ്പോൾ പ്രസ്തുത പാട്ടക്കാരനിൽനിന്ന് ആശ്രമക്കാർ സ്ഥലം ഒഴിപ്പിച്ചെടുത്തു. സ്ഥലത്തു താമസിച്ചിരുന്ന പല കുടികളെയും ആശ്രമക്കാർ തന്നെ പ്രതിഫലം കൊടുത്ത് ഇറക്കിവിട്ടു. എന്നാൽ ശമുവേൽ എന്നയാളെ സ്ഥലം സൂക്ഷിപ്പുകാരനായും, കൃഷിക്ക് സഹായിയായും അവിടതന്നേ താമസിച്ചുകൊള്ളാൻ അനുവദിച്ചു. അയാളുടെ സഹായത്തോടുകൂടെ കറ്റാണം ആശ്രമത്തിൽ

 www.malankaralibrary.com

നിന്ന് ഒരു ബ.അച്ചൻ നിലത്തിൽ നെൽകൃഷിയും കരയ്ക്ക് മറ്റു കൃഷികളും ചെയ്തുതുടങ്ങി. ഈ കൃഷികളിൽനിന്ന് കേവലം നിസ്സാരമായ ആദായമേ ആശ്രമത്തിലേക്കു കിട്ടിക്കൊണ്ടിരുന്നുള്ളു. ഏഴെട്ടുവർഷം ഇങ്ങനെ നീങ്ങിയപ്പോൾ കരയ്ക്കു റബർകൃഷി ചെയ്താലെന്താണെന്ന് ആലോചനയായി. അങ്ങനെ പത്തു പന്ത്രണ്ടേക്കർ സ്ഥലത്ത് റബർ വച്ചുപിടിപ്പിച്ചു. ഊഷരഭൂമിയാകകൊണ്ട് റബർവെട്ടി തുടങ്ങുന്നതിന് ഏഴെട്ടുവർഷം എടുത്തു. ബാക്കിയുള്ള കരപ്രദേശത്ത് തെങ്ങ്, വാഴ, കപ്പ മുതലായ കൃഷികളും കുറെക്കൂടെ ഊർജ്ജിതമായി ചെയ്തുതുടങ്ങി. ആശ്രമസ്ഥർ ഈ സ്ഥലം ഏറ്റുവാങ്ങുന്ന സമയത്ത് അവിടെ ഒരു ചെറിയ കെട്ടിടമുണ്ടായിരുന്നു. നെൽകൃഷി ഇറക്കുന്ന സമയത്തും, കൊയ്ത്തുകാലത്തും ചുമതലക്കാരനായി ബ.ആശ്രമസ്ഥർ ആ കെട്ടിടത്തിലാണ് താമസിച്ചിരുന്നത്. ബ.ലാസർ അച്ചൻ പൂളച്ചിറ കൃഷിയുടെ ചുമതലക്കാരനായതോടെ, അദ്ദേഹം കറ്റാനത്തുനിന്നും മാറി പൂളച്ചിറ തന്നേ താമസമാക്കി. അതോടെ, നേരത്തെ ഉണ്ടായിരുന്ന കെട്ടിടത്തിൽ താമസത്തിനുവേണ്ട കൂടുതൽ സൗകര്യങ്ങളുണ്ടാകുകയും, റബറിനുള്ള പുകപ്പുര, നെൽപ്പുര, കന്നുകാലിക്കൂട്, വളപ്പുര മുതലായവ പുതിയതായി നിർമ്മിക്കുകയും ചെയ്തു. കൃഷി അല്പം ആദായകരമായപ്പോൾ തൊഴിലാളി സമരവും ആരംഭിച്ചിരിക്കയാണ്. ആദ്യകാലങ്ങളിൽ പൂളച്ചിറയ്ക്കുള്ള വഴി വളരെ ദുർഘടകരമായിരുന്നു. കുറത്തിയാട്ടു കഴിഞ്ഞാൽ പിന്നീടുള്ള മൂന്നുകിലോമീറ്റർ നടന്നോ, സൈക്കിളിലോ പോകേണ്ടിയിരുന്നു. റോഡു കുണ്ടും കുഴിയുമുള്ളതായിരുന്നതുകൊണ്ട് സൈക്കൾ യാത്രപോലും ശ്രമസാധ്യമല്ലായിരുന്നു. 1970 ആയതോടെ യാത്രാസൗകര്യം മെച്ചപ്പെട്ടു. റോഡു മെറ്റൽ ചെയ്തു. അതോടെ ലൈൻബസ്സും തുടങ്ങി. ഇപ്പോൾ മാന്നാർ-പറക്കോട്ടു ലൈൻ ഏതാണ്ടു ക്രമമായി തീർന്നിട്ടുണ്ട്. കൂടാതെ പൂളച്ചിറ നിന്ന് ഏതാണ്ട് ഒരു കിലോമീറ്റർ കിഴക്കുകൂടെ ചാരുംമൂട്-മാക്കാംകുഴി ലൈനിൽ ട്രാൻസ്പോർട്ട് ബസ്സും ഓടുന്നുണ്ട്. അങ്ങനെ ആകപ്പാടെ പൂളച്ചിറയ്ക്കുള്ള യാത്രാസൗകര്യം ഏതാണ്ട് മെച്ചപ്പെട്ടു എന്നു പറയാം.

**കറ്റാണം വിദ്യാലയം**

മാങ്കാവിൽ ബ.അച്ചന്മാരോട് അവിഭാജ്യമായി ബന്ധപ്പെട്ടതാണ് കറ്റാണം മിഷൻ. ബ.ഗീവർഗ്ഗീസ് അച്ചൻ മാങ്കാവിൽ കുടുംബത്തിലെ

മൂത്ത ജ്യേഷ്ഠനും ശമുവേൽ അച്ചൻ ഏറ്റം ഇളയ അനുജനും. യാക്കോബായ സമുദായത്തിലായിരുന്നപ്പോൾതന്നേ സ്ഥലത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി ഇവർ പരിശ്രമിച്ചിരുന്നു. തൽഫലമായി ഉളവായതാണ് ഫാദർ ഗീവർഗ്ഗീസ് മെമ്മോറിയൽ മിഡിൽസ്കൂൾ (FG M School) ബ. അച്ചന്മാർ യാക്കോബായ സഭയുടെ അഭിവൃദ്ധിക്കുവേണ്ടി ആവുന്നത്ര പരിശ്രമിച്ചിരുന്നു. ബ.ഗീവർഗ്ഗീസ് അച്ചൻ സെന്റ് സ്റ്റീഫൻസ് പള്ളി വികാരിയും ശമുവേൽ അച്ചൻ അസിസ്റ്റന്റും. ഇടവകകാര്യങ്ങളിലും സ്കൂൾ നടത്തിപ്പിലുമെല്ലാം ജ്യേഷ്ഠന്റെ വലങ്കൈയായി അനുജൻ വ്യാപരിച്ചിരുന്നു. ഇവയ്ക്കു ഇടയിലായി വേറെ അഞ്ചു സഹോദരന്മാരുമുണ്ടായിരുന്നു. എല്ലാവരും മൂത്തജ്യേഷ്ഠന്റെ വരുതിക്കു കീഴ്പ്പെട്ടിരുന്നതിനാൽ മാങ്കാവിൽ കുടുംബത്തോട് എതിരിടുവാൻ ആരും ധൈര്യപ്പെട്ടിരുന്നില്ല. ബ.ഗീവർഗ്ഗീസ് അച്ചന്റെ മകൻ Mr. MG Mathew ഒരു രാഷ്ട്രീയ പ്രവർത്തകനും പ്രസിദ്ധ അഡ്വക്കേറ്റും എം.എൽ.എ.യുമായിരുന്നു. ബ.ലോറൻസ് പെരേര അച്ചൻ ആ പ്രദേശത്ത് കത്തോലിക്കാ പ്രവർത്തനം തുടങ്ങിയപ്പോൾ മാങ്കാവിൽ അച്ചന്മാർ എല്ലാവിധത്തിലും അദ്ദേഹത്തെ എതിർത്തു. പക്ഷേ ആ എതിർപ്പ് ദീർഘകാലം നില നിന്നില്ല. മാർ ഈവാനയോസ് തിരുമേനിയുടെ പുനരൈക്യത്തോടു കൂടെ ഇവരും പുനരൈക്യത്തെപ്പറ്റി ചിന്തിക്കുവാൻ തുടങ്ങി. ഏറെ താമസിയാതെ അവർക്ക് സത്യം ബോധ്യപ്പെടുകയും അവരും സഹോദരന്മാരും പുനരൈക്യപ്പെടുകയും ചെയ്തു. കറ്റാണം ഒരു അകത്തോലിക്കാ കേന്ദ്രമാകകൊണ്ട് പുനരൈക്യത്തിന്റെ ആദ്യ കാലത്ത് അവർക്കും എതിർപ്പിനെ അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ട്. എങ്കിലും കത്തോലിക്കാസഭ അവിടെ വളർന്നുവന്നു. നൂറിലധികം കുടുംബങ്ങൾ അവിടെ പുനരൈക്യപ്പെട്ടു. പുനരൈക്യപ്പെട്ടവരോടായി മാർ ഈവാനിയോസ് തിരുമേനി ഒരു ചോദ്യം ഉന്നയിച്ചു. നിങ്ങൾക്ക് എന്താണ് വേണ്ടത്. പള്ളിയോ, ഹൈസ്കൂളോ? അവരുടെ ഉത്തരം ഹൈസ്കൂൾ എന്നായിരുന്നു. അതുകൊണ്ട് ഹൈസ്കൂൾ സ്ഥാപി ക്കാൻ വന്ദ്യതിരുമേനി ശ്രമമായി. ഏറെ താമസിയാതെ ഗവൺമെന്റ് അനുവാദം വാങ്ങിക്കൊണ്ട് Pope Pius XI High School അവിടെ സ്ഥാപിച്ചു. മാങ്കാവിൽ കുടുംബക്കാരോട് വിലയ്ക്കുവാങ്ങിയ സ്ഥലത്തു തന്നെയാണ് ഹൈസ്കൂൾ സ്ഥാപിതമായത്. കാലാന്തരത്തിൽ Pope Pius ഹൈസ്കൂളും FGM മിഡിൽസ്കൂളും സംയോജിക്കപ്പെട്ടു. FGM

പ്രൈമറിസ്കൂൾ MSC മാനേജുമെന്റിന്റെ കീഴിലാണെങ്കിലും ഒരു പ്രത്യേക സ്ഥാപനമായി നിലനിന്നു പോരുന്നു. ബഥന്യാശ്രമത്തിന്റെ കീഴിലായതോടുകൂടെ വാടക കെട്ടിടങ്ങളിൽ കിടന്ന മിഡിൽസ്കൂളും മറ്റും, ഹൈസ്കൂൾ പറമ്പിൽ പുതുതായി തീർന്ന കെട്ടിടങ്ങളിലേക്കു മാറ്റി സ്ഥാപിച്ചു. ഹൈസ്കൂളിലെ ആദ്യഹെഡ്മാസ്റ്റർ ബ.ആന്റണി കോയിത്ര അച്ചനായിരുന്നു. 1947-ൽ കറ്റാനത്തു ബഥന്യാശ്രമം സ്ഥാപിക്കപ്പെട്ടു. കറ്റാണം മിഷന്റെയും ചുറ്റുപാടുമുള്ള ഇടപ്പോൺ, ചാരുമൂട്, കുറത്തികാട്, വാണാച്ചിറ മുതലായ മിഷൻസിന്റെയും ചുമതല ആശ്രമക്കാർ വഹിക്കേണ്ടിവന്നു. പുനരൈക്യ പ്രസ്ഥാന ത്തിന്റെ ഏതാണ്ടു പ്രാരംഭകാലത്തുതന്നേ കറ്റാണം മിഷൻ തുടങ്ങിയ താണെങ്കിലും കുറെ താമസിച്ചുമാത്രമേ ഒരു നല്ല പള്ളി അവിടെ ഉണ്ടായുള്ളു. 1957 ആയതോടെ ഒരു നല്ല പള്ളിക്കു തുടക്കമിട്ടു. അതിനുവേണ്ടി ഒരു ചെറിയ സംഭാവന-1000രൂപാ-പള്ളിക്കു കല്ലിട്ട സമയത്തുതന്നേ ഇടവകക്കാർ അഭിവന്ദ്യ ആർച്ചു ബിഷോപ്പു തിരുമേനിയെ ഏല്പിച്ചു. പള്ളിക്കൂടം പറമ്പിന്റെ തെക്കേ അറ്റത്ത് റോഡരികിലായിട്ടാണ് പള്ളി സ്ഥാപിക്കപ്പെട്ടത്. പള്ളിപണിക്കുവേണ്ടി സ്ഥലത്തും വിദേശങ്ങളിലുമുള്ള ഇടവകക്കാർ നിർല്ലോഭമായ സഹായം നല്കിയിട്ടുണ്ട്. തുടർന്നു റോഡരികിലായി ഒരു പീടികകെട്ടിടവും, പറമ്പിന്റെ തെക്കുപടിഞ്ഞാറെ മൂലയ്ക്കായി ഒരു കുരിശടിയും പണിതീർത്തു. ഇങ്ങനെ കറ്റാനം മിഷൻ എല്ലാംകൊണ്ടും പുനരൈക്യപ്രസ്ഥാനത്തിന് അഭിമാനിക്കാവുന്ന ഒരു സ്ഥാപനമായി വളർന്നു കഴിഞ്ഞു.

കറ്റാണം ബഥന്യാശ്രമവും ഓരോ വിധത്തിൽ വളർന്നു കൊണ്ടേ യിരുന്നു. ആദ്യകാലങ്ങളിൽ ഏതാനും ഹൈസ്കൂൾ വിദ്യാർത്ഥി കളെ സ്വീകരിച്ച് സൗജന്യമായി ആശ്രമത്തിൽ വളർത്തിയിരുന്നു. അങ്ങനെയാണ് കറ്റാണം അപ്പസ്തോലിക സ്കൂളിന്റെ ആരംഭം. ചിലയവസരങ്ങളിൽ ഇരുപതും മുപ്പതും കുട്ടികളെ സ്വീകരിക്കേണ്ട തായി വന്നു. അർക്കു വേണ്ട താമസസൗകര്യങ്ങളും ആശ്രമത്തോടു ചേർന്ന് ഉണ്ടാക്കി. അപ്പസ്തോലിക വിദ്യാർത്ഥികളിൽ പലരും ഹൈസ്കൂൾ പഠനം കഴിഞ്ഞതോടെ വിട്ടുപോയി എങ്കിലും വർഷം തോറും അവരിൽ ഏതാനുംപേർ ആശ്രമത്തിൽ സന്യാസാർത്ഥികളായി ചേർന്നു ആശ്രമത്തെ അഭിവൃദ്ധിപ്പെടുത്തി വരുന്നു. ബ.അംബ്രോസ് അച്ചൻ കറ്റാണം ആശ്രമ സുപ്പീരിയറായി നിയമിക്കപ്പെട്ടതോടെ

അപ്പസ്തോലിക സ്കൂളിന്റെ മട്ടൊന്നു മാറി. പലയാളുകളുടെയും നിർബന്ധമായ അപേക്ഷമൂലം ഒരു ബോർഡിംഗ് സ്ഥാപിക്കാൻ ആശ്രമം പ്രേരിതമായി. ബോർഡിംഗ് കെട്ടിടം, ബഥനിസമൂഹത്തിന്റെ ചെലവിൽ അന്തസായി പണിതീർത്തു. അവിടെ ഇപ്പോൾ നൂറിൽപരം കുട്ടികൾ തമസിച്ച് അടുത്തുള്ള സ്കൂളുകളിൽ പഠിച്ചുകൊണ്ടിരിക്കുന്നു. മദ്ധ്യതിരുവിതാംകൂറിൽ പല സ്ഥലങ്ങളിൽ നിന്നുമുള്ള നാനാജാതിമതസ്ഥരായ കുട്ടികൾ ബഥനി ബോർഡിംഗിൽ താമസിച്ചു പഠിക്കുന്നു. ബോർഡിംഗിൽ സ്വീകരിപ്പാൻ കഴിയാത്തവണ്ണം അത്രയധികം അപേക്ഷകളാണ് ആണ്ടുതോറും അധികാരികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. PP ഇംഗ്ലീഷു ഹൈസ്കൂളിലെ സ്ഥിതിയും അതുതന്നെയാണ്. ചുറ്റുപാടും മറ്റുപല ഹൈസ്കൂളുകളുണ്ടെങ്കിലും Pope Pius-ൽ അഡ്മിഷൻ കിട്ടിയില്ലെങ്കിൽ മാത്രമേ കുട്ടികൾ മറ്റു ഹൈസ്കൂളുകളിൽ അഡ്മിഷൻ അന്വേഷിക്കയുള്ളു. SSLC പരീക്ഷ വിജയത്തിലും, Pope Pius HS ചുറ്റുപാടുമുള്ള സ്കൂളുകളുടെ മുന്നിൽ തന്നെയാണ്.

### ഫാദർ ജോൺ തിരുവല്ലാ സുപ്പീരിയർ ജനറലായി തിരഞ്ഞെടുക്കപ്പെട്ടു

ഫാദർ പക്കോമിയോസിന്റെ ഭരണകാലം അവസാനിച്ചപ്പോൾ തിരുവല്ലാ ബിഷോപ്പിന്റെ പ്രതിനിധിയായ സുപ്പീരിയർ ജനറലായി തിരഞ്ഞെടുക്കപ്പെട്ടതു ഫാദർ ജോൺ ആയിരുന്നു. ദിവ്യരക്ഷാശ്രമത്തിന്റെ സുപ്പീരിയറായി ഫാദർ ക്രിസോസ്തോമസും തിരഞ്ഞെടുക്കപ്പെട്ടു.

### ആശ്രമസംയോജനം (ഇന്റർഡയോസിഷൻ ആശ്രമം)

തിരുവനന്തപുരം, തിരുവല്ലാ രൂപതാധികൃതർ അവരുടെ ഹിതപ്രകാരം 1935-ൽ ബഥനി സമൂഹത്തെ തിരുവനന്തപുരത്തും തിരുവല്ലായിലുമായി അന്യോന്യം ബന്ധമില്ലാത്ത രണ്ടു രൂപതാസമൂഹങ്ങളാക്കിത്തീർത്ത നാൾ മുതൽ ആ സ്ഥിതിയ്ക്ക് ഒരു പരിഹാരമുണ്ടാക്കാനായി ആശ്രമസ്ഥന്മാർ ആശ്രാന്തം പരിശ്രമിച്ചുകൊണ്ടേയിരുന്നു. സമൂഹത്തിന്റെ പരിതാപകരമായ സ്ഥിതിയെ വിവരിച്ചുകൊണ്ട് കൂട്ടമായും തനിച്ചും അവർ സഭാമേലധികാരികളുടെ പേർക്ക് അപേക്ഷകൾ സമർപ്പിച്ചു. ഇതിന്റെയെല്ലാം ഫലമായി, 1948-ൽ തിരുവല്ലായിലെയും തിരുവനന്തപുരത്തെയും ആശ്രമസ്ഥന്മാർ ഒരുമിച്ചുകൂടി പൊതു സുപ്പീരിയർ ജനറലിനെയും കൗൺസി

ലേഴ്സിനെയും തിരഞ്ഞെടുക്കുവാൻ വന്ദ്യതിരുമേനിമാർ ഒരു സംയുക്ത കല്പന അയച്ചു. കല്പന പ്രകാരം 1948 സെപ്റ്റംബർ 21-ാം തീയതി തിരുവല്ലാ ആശ്രമത്തിൽ വച്ച് സമൂഹ ചാപ്റ്റർ കൂടി താഴെപ്പറയുന്ന ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുത്തു.

ഫാദർ ജോൺ സുപ്പീരിയർ ജനറളായും ഫാദേഴ്സ് ഗീവർഗ്ഗീസ്, അബ്രഹാം, സെറാഫിയോൻ, പക്കോമിയോസ് എന്നിവർ കൗൺസിലേഴ്സ് ജനറൽമാരായും റഫായേൽ, സെറാഫിയോൻ എന്നിവർ യഥാക്രമം പ്രൊക്യുറേറ്റർ ജനറലും സെക്രട്ടറി ജനറലുമായും തെരഞ്ഞെടുക്കപ്പെട്ടു. തിരഞ്ഞെടുപ്പുഫലം യഥാസമയം രൂപതാധികാരികളെ അറിയിക്കയും ഈ തിരഞ്ഞെടുപ്പുകൾ വന്ദ്യതിരുമേനിമാർ 25-9-48-ൽ അംഗീകരിക്കുകയും, നിയമപ്രകാരമുള്ള കാലാവധി ആറുവർഷമെങ്കിലും, ഇവരുടെ കാലാവധി ഒരു വർഷമായി ചുരുക്കണമെന്നുള്ള ചാപ്റ്ററിന്റെ അപേക്ഷ അനുവദിച്ചു തരികയും ചെയ്തു. തല്ക്കാലത്തേയ്ക്ക് സുപ്പീരിയർ ജനറലിന്റെ സ്ഥാനമായി ചെങ്ങന്നൂർ മിഷൻഹൗസ് ആർച്ചുബിഷപ്പു തിരുമേനി ഒഴിഞ്ഞുതരുകയും തദനുസാരം സുപ്പീരിയർ ജനറലും മറ്റുപൊതു ഉദ്യോഗസ്ഥന്മാരും ചെങ്ങന്നൂർ മിഷൻഹൗസിലേക്കു താമസം മാറ്റുകയും ചെയ്തു.

അങ്ങനെ സമൂഹം ഇൻർഡയോസിഷനായി തീർന്നുവെങ്കിലും, നേരത്തേ തിരുവല്ലാ രൂപതാസമൂഹത്തിൽ അംഗങ്ങളായി ചേർന്നിരുന്ന റവ. ഫാദേഴ്സ് ബസേലിയോസ്, ഗ്രിഗോറിയോസ്, തെയോഫിലോസ്, പോൾ എന്നിവർ യോജിപ്പിന് അനുകൂലിക്കാതെ മാറിനിന്നതേയുള്ളു. ഫാദർ തെയോഫിലോസും ഫാദർ പോളും പിന്നീട് തിരിച്ചുവന്നെങ്കിലും, മറ്റിരുവരും സമൂഹം വിട്ടുപോകയാണുണ്ടായത്. അങ്ങനെ സംയോജിപ്പിൽ ഒരു വിയോജിപ്പ് ഉണ്ടായി. ഫാദർ ജോൺ, ഫാദർ ഗീവർഗ്ഗീസ്, ഫാദർ റഫായേൽ എന്നിവർ 3-11-48-ൽ ചെങ്ങന്നൂരിലെത്തി ചാർജ്ജെടുക്കുകയും ചെയ്തു.

തിരഞ്ഞെടുക്കപ്പെട്ട പൊതു ഉദ്യോഗസ്ഥന്മാർ ഉൾക്കൊള്ളുന്ന ജനറൽ കൗൺസിലിന്റെ പ്രഥമയോഗം തിരുവല്ലാ ദിവ്യരക്ഷാശ്രമത്തിൽ വച്ചു 1948 സെപ്റ്റംബർ 24-ാം തീയതി കൂടി താഴെപ്പറയുന്നവരെ വിവിധ മന്ദിരങ്ങളുടെ സുപ്പീരിയേഴ്സായി തിരഞ്ഞെടുത്തു.

| | | |
|---|---|---|
| തിരുവനന്തപുരം ആശ്രമം സുപ്പീരിയർ | | ഫാദർ അബ്രഹാം |
| തിരുവല്ലാ ആശ്രമം | ” | ഫാദർ പക്കോമിയോസ് |
| കറ്റാനം ആശ്രമം | ” | ഫാദർ ക്രിസോസ്തോം |
| നോവീസ് മാസ്റ്റർ | | ഫാദർ യോശുവാ |

27-10-48-ൽ ജനറൽ കൗൺസിൽ യോഗം (1) തിരുവല്ലാ ദിവ്യരക്ഷകാശ്രമം നോവിഷ്യേറ്റ് മന്ദിരമായും, തിരുവനന്തപുരം ആശ്രമം വൈദിക വിദ്യാർത്ഥി മന്ദിരമായും, കറ്റാണം ആശ്രമം മിഷൻ മന്ദിരമായും നടത്തണമെന്നും (2) ആശ്രമങ്ങളുടെ സംയോജനത്തോട് അനുഭാവമില്ലാതെ ഒഴിഞ്ഞുമാറി നിൽക്കുന്ന ഫാദർ ബസ്സേലിയോസ്, ഫാ. ഗ്രീഗോറിയോസ്, ഫാദർ പോൾ എന്നിവർ ബഥനി സമൂഹത്തിന്റെ വേഷത്തിലും നാമത്തിലും തുടരുവാൻ അനുവദിക്കരുതെന്ന് അഭിവന്ദ്യ തിരുമേനിമാരോട് അപേക്ഷിക്കണമെന്നും (3) സമൂഹത്തിന്റെ നാനാമുഖമായ അഭിവൃദ്ധിക്ക് സഹായകമാകയാൽ തിരുവനന്തപുരം ആർച്ചുബിഷപ്പ് സമൂഹത്തെ ഏല്പിക്കാമെന്നു സമ്മതിച്ചിരിക്കുന്ന അച്ചടിയന്ത്രം വാങ്ങേണ്ടതാണെന്നും തീരുമാനിച്ചു.

28-1-49 ൽ കൂടിയ ജനറൽ കൗൺസിൽ നിശ്ചയപ്രകാരം ബ്ര. ജോർജ് മണക്കാട്ടുശ്ശേരിൽ, ചുനക്കര; തോമസ് അരിയമണ്ണിൽ, ചിറക്കടവ്; ഈശോ അലക്കോട്ട്, തിരുവല്ലാ എന്നിവരെ അർത്ഥിപദത്തിൽ സ്വീകരിക്കുകയും അവരുടെ പരിശീലനം ഫാദർ യോശുവായെ ഭരമേല്പിക്കുകയും ചെയ്തു. തിരുവല്ലാ ആശ്രമത്തിലാണ് അവരുടെ പരിശീലനം.

**ഫാദർ ബനഡിക്ട് ബിരദധാരിയായി മടങ്ങിയെത്തുന്നു**

1946-ൽ ഉപരിപഠനത്തിനായി തൃശ്ശിനാപള്ളിയിലെ കോളജിലേക്ക് അയയ്ക്കപ്പെട്ട ഫാദർ ബനഡിക്ട് 3 വർഷത്തെ പഠനത്തിനു ശേഷം M.A. Hons.ന് പാസ്സായി നാലാഞ്ചിറ ആശ്രമത്തിൽ തിരിച്ചെത്തി. അദ്ദേഹത്തെ സുപ്പീരിയർ ജനറൽ സെക്രട്ടറിയായി നിയമിക്കാനുദ്ദേശിച്ചുവെങ്കിലും ആർച്ചുബിഷപ്പു തിരുമേനി വിസമ്മതിക്കുകയാണ് ഉണ്ടായത്. മാത്രമല്ല ഒരു വർഷത്തേയ്ക്ക് അദ്ദേഹത്തെ മാർ ഈവാനിയോസ് കോളജിന്റെ പ്രിൻസിപ്പാൾ ആയി വിട്ടുകൊടുക്കണമെന്ന് അദ്ദേഹം സുപ്പീരിയർ ജനറലിനോട് ആവശ്യപ്പെടുകയും ചെയ്തു.

**സംയോജനാനന്തരമുള്ള രണ്ടാമത്തെ ജനറൽ ചാപ്റ്റർ**

ബ.ജോണച്ചന്റെ ഭരണത്തിൽ സമൂഹം വളർന്നുകൊണ്ടിരുന്നു വെങ്കിലും, സമൂഹനിയമം സംബന്ധിച്ചിടത്തോളം ആരംഭംമുതലേ രൂപതാധികാരികളുമായി അഭിപ്രായവ്യത്യാസം ഉണ്ടായിക്കൊണ്ടിരുന്നു. സമൂഹാംഗങ്ങളുടെ ഉദ്യോഗവിതരണം സംബന്ധിച്ച കാര്യത്തിലും തിരുമേനിമാരുടെ ഇടപെടൽ കുറെയൊക്കെ അനുഭവപ്പെട്ടു കൊണ്ടിരുന്നു. ബ.ജോണച്ചൻ ഒരുവർഷത്തേക്കാണ് സുപ്പീരിയർ ജനറൽ ഉദ്യോഗം ഏറ്റിരുന്നതെങ്കിലും ആ കാലയളവ് പൂർത്തിയാക്കു ന്നതിനുമുമ്പ് രോഗബാധിതനായിതീർന്നു.

സുപ്പീരിയർ ജനറൽ ഫാദർ ജോൺ ഉദരാസ്വാസ്ഥ്യം നിമിത്തം ചികിത്സയ്ക്കുവേണ്ടി സ്ഥലം വിടേണ്ടി വന്നതിനാൽ അദ്ദേഹം തിരിച്ചു വരുന്നതുവരെ ഫാദർ ഗീവറുഗീസ് നിയമപ്രകാരം സുപ്പീരിയർ ജനറലിന്റെ ചാർജ് വഹിക്കുകയും ഫാദർ പക്കോമിയോസ് അദ്ദേഹത്തെ സഹായിക്കുകയും ചെയ്യണമെന്ന് 17-5-49 ലെ ജനറൽ കൗൺസിൽ തീരുമാനത്തിൻ പ്രകാരം ഫാദർ ജോൺ തിരുവനന്തപുരം ആശ്രമത്തിലേക്കു പോയി, ചികിത്സയിൽ പ്രവേശിച്ചു. 19-9-49 -ൽ ഫാദർ ഗീവർഗ്ഗീസിന്റെ അധ്യക്ഷതയിൽ കൂടിയ ജനറൽ കൗൺസിൽ യോഗത്തിൽ വച്ച് അടുത്ത ജനറൽ ചാപ്റ്റർ തിരുവനന്തപുരം ആശ്രമത്തിൽ വച്ച് 1949 സെപ്റ്റംബർ 27-ാം തീയതി കൂടത്തക്കവണ്ണം, ഫാദർ ജോൺ നോട്ടീസ് അയക്കേണ്ടതാണെന്നു തീരുമാനിച്ചു. അതനുസരിച്ച് നോട്ടീസ് അയയ്ക്കുകയും, സെപ്റ്റംബർ 27-ാം തീയതി ഫാ. ജോണിന്റെ അധ്യക്ഷതയിൽ ചാപ്റ്റർ സമ്മേളിക്കുകയും ചെയ്തു. എന്നാൽ സെപ്റ്റംബർ 29-ാം തീയതി മാത്രമേ പുതിയ തെരഞ്ഞെടുപ്പുകൾ നടത്താൻ സാധിച്ചുള്ളൂ. താഴെപ്പറയുന്ന പൊതു ഉദ്യോഗസ്ഥന്മാർ തിരഞ്ഞെടുക്കപ്പെട്ടു.

| | |
|---|---|
| സുപ്പീരിയർ ജനറൽ | ഫാ.ജോഷ്വാ |
| ഒന്നാം കൗൺസിൽ ജനറൽ | ഫാ.പക്കോമിയോസ് |
| രണ്ടാം കൗൺസിൽ ജനറൽ | ഫാ.ജോൺ |
| മൂന്നാം ” | ഫാ.ഗീവർഗ്ഗീസ് |
| നാലാം ” | ഫാ.യോബ് |

www.malankaralibrary.com

ഈ തിരഞ്ഞെടുപ്പുകളെല്ലാം രൂപാധികാരികൾ യഥാസമയം അംഗീകരിച്ചു. 1949 ഒക്ടോബർ 13-ാം തീയതി പുതിയ ഭരണ സമിതി കൂടി താഴെപ്പറയുന്ന നിശ്ചയങ്ങൾ പാസ്സാക്കി.

(1) അഭിവന്ദ്യ ആർച്ചുബിഷപ്പ് തിരുമേനി ആവശ്യപ്പെട്ട തനുസരിച്ച് ബ. ബനഡിക്ട് അച്ചനെ മാർ ഈവാനിയോസ് കോളജിന്റെ (Officiating) പ്രിൻസിപ്പാളായി ഈ കോളജ് വർഷാവസാനം വരെ വിട്ടുകൊടുക്കാൻ സമ്മതമാണെന്ന് തിരുമേനിയെ അറിയിക്കണം. (2) കോളജ് കെട്ടിടത്തിന്റെ പണി പൂർത്തിയായാലുടനെ ഫാദർ സെറാഫിയോനെ ആശ്രമത്തിലേക്കു വിട്ടുതരുന്നതിന് വന്ദ്യതിരുമേനി യോട് അപേക്ഷിക്കേണ്ടതാകുന്നു. (3) നിയമസംഹിത സംബന്ധിച്ച ജോലി പൂർത്തിയാക്കുന്നതിനായി 1949 ഒക്ടോബർ 24-ാം തീയതി തിരുവല്ലാ ദിവ്യരക്ഷകാശ്രമത്തിൽ വച്ച് ജനറൽ ചാപ്റ്റർ കൂടേണ്ടതാകുന്നു. (4) ചെങ്ങന്നൂർ ആശ്രമത്തിൽ സുപ്പീരിയർ ജനറലിനു പുറമേ ബ. ജോണച്ചനും കോശിയച്ചനും അംഗങ്ങളായി രിക്കണം. (5) ബ. കോശി അച്ചൻ ചെങ്ങന്നൂർ ആശ്രമ പ്രൊക്യുറേറ്റർ അയിരിക്കണം. (6) ബ. റഫായേൽ അച്ചനെ തിരുവല്ലാ ആശ്രമത്തിലെ അംഗമായും അർത്ഥിനാഥനായും നിയമിക്കണം. (7) തിരുവനന്തപുരം ആശ്രമത്തിൽ ബ. ബനഡിക്ട് അച്ചനെ കൗൺസിലറായും സെറാഫിയോൻ അച്ചനെ പ്രൊക്യുറേറ്ററായും നിയമിക്കണം. (8) തിരുവല്ലാ ആശ്രമത്തിൽ ഒന്നാം കൗൺസിലറായി ബ. ഗീവർഗ്ഗീസ് അച്ചനെയും രണ്ടാം കൗൺസിലറായി ബ. ബർസ്ലീബാ അച്ചനെയും നിയമിക്കണം. ഈ തിരുമാനങ്ങളെല്ലാം യഥാവിധി നടത്തപ്പെട്ടു.

### നിയമ സംഹിത അംഗീകരണാർത്ഥം സമർപ്പിക്കപ്പെട്ടു

1949 ഒക്ടോബർ 13 ലെ ജനറൽ കൗൺസിൽ നിശ്ചയ പ്രകാരം ഒക്ടോബർ 24 മുതൽ 27 വരെ ജനറൽ ചാപ്റ്റർ തിരുവല്ലാ ദിവ്യരക്ഷകാശ്രമത്തിൽ സമ്മേളിക്കുകയും നിയമസംഹിതയുടെ നക്കൽ പാസ്സാക്കുകയും ചെയ്തു. വന്ദ്യ തിരുമേനിമാരുടെ അംഗീകരണത്തിനായി 25-11-49-ൽ നിയമസംഹിത സമർപ്പിക്കപ്പെട്ടു.

### ആചാരഗ്രന്ഥ നിർമ്മാണം

ആചാരഗ്രന്ഥനിർമ്മാണത്തിനുള്ള ജനറൽ ചാപ്റ്റർ 1949 നവംബർ 21 മുതൽ ദിവ്യരക്ഷകാശ്രമത്തിൽ സമ്മേളിച്ചു. അങ്ങനെ

സമ്മേളിച്ചിരിക്കേ, ചങ്ങനാശ്ശേരി ബിഷപ്പുമാർ കാളാശ്ശേരി തിരുമേനി കാലം ചെയ്കയാൽ, ചാപ്റ്റർ അംഗങ്ങളും ചങ്ങനാശ്ശേരിലെത്തി, തിരുമേനിയുടെ മൃതശരീരം സന്ദർശിച്ചു അനുശോചനം രേഖപ്പെടുത്തി. അതു സംബന്ധിച്ച് ആഗതനായിരുന്ന ദലഗാദ് അപ്പസ്തോലിക്ക Dr. Peter Kirekels തിരുമേനിയെ ചങ്ങനാശ്ശേരി മെത്രാസന അരമനയിൽ വച്ച് ചാപ്റ്റർ അംഗങ്ങൾ സന്ദർശിച്ച് ആശ്രമക്കാര്യങ്ങളെപ്പറ്റി സംസാരിക്കുകയുണ്ടായി. അനന്തരം ചാപ്റ്റർ അംഗങ്ങൾ തിരുവല്ലായിൽ തിരിച്ചെത്തി ആചാരഗ്രന്ഥ നിർമ്മാണത്തിൽ ഏർപ്പെടുകയും ഏതാനും ദിവസങ്ങൾക്കകം അതിന്റെ നക്കൽ പൂർത്തിയാക്കുകയും ചെയ്തു. നക്കലിന്റെ പ്രതികൾ 17-12-49-ൽ തിരുവനന്തപുരം ആശ്രമത്തിലേക്കും 19-12-49 തിരുവല്ലാ, കറ്റാണം ആശ്രമങ്ങളിലേക്കും അയച്ചു കൊടുത്തു.

**തീർത്ഥക കന്യകയുടെ ജൈത്രയാത്ര**

1947 മേയ് 13-ാം തീയതി ഫാത്തിമായിൽ നിന്നും പുറപ്പെട്ട തീർത്ഥക കന്യക 1949 നവംബറിൽ ബോംബെയിലെത്തി. തുടർന്ന് ഇൻഡ്യയിലുടനീളം ഈ അത്ഭുത രൂപം ജൈത്രയാത്ര നടത്തി. അകത്തോലിക്കരും അക്രൈസ്തവരും ഫാത്തിമാ നാഥയ്ക്ക് അകമ്പടി സേവിച്ചു. 1950 ജനുവരിയിൽ, തിരുവല്ലാ രൂപതയിൽ നിന്ന് തിരുവനന്തപുരം അതിരൂപതയിലേക്ക് തിരുരൂപം ഏറ്റുവാങ്ങിയത് ചെങ്ങന്നൂർ മിഷൻ ഹൗസിൽ താമസിച്ചിരുന്ന ബഥന്യാശ്രമസ്ഥരും പ്രസ്തുത ഇടവകാംഗങ്ങളും കൂടിയായിരുന്നു. മിഷൻ ഹൗസിൽ മാതൃത്വരൂപത്തിന് കെങ്കേമമായ ഒരു സ്വീകരണം തന്നെയാണ് നല്കിയത്. സമീപ ഇടവകകളെല്ലാം അതിൽ ഹൃദയപൂർവ്വം സഹകരിക്കുകയും ആളുകൊണ്ടും അർത്ഥംകൊണ്ടും സഹായിക്കുകയും ചെയ്തു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. അവിടെ നിന്ന് മെയിൻ സെൻട്രൽ റോഡു വഴി തെക്കോട്ടു നീങ്ങിയ ഫാത്തിമാ നാഥയ്ക്ക് ആ ഭാഗങ്ങളിലുള്ള എല്ലാ കത്തോലിക്കാ സ്ഥാപനങ്ങളും ഹാർദ്ദവമായ സ്വീകരണം നല്കി.

**ജനറൽ കൗൺസിൽ യോഗം**

6-2-50-ൽ കൂടിയ ജനറൽ കൗൺസിൽ യോഗം സംയോജനത്തിനു വഴിപ്പെടാതെ നിൽക്കുന്ന ഫാദർ ബസ്സേലിയോസ്,

ഫാദർ ഗ്രിഗോറി, ഫാദർ പോൾ എന്നിവരെ സംബന്ധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് തിരുമേനിമാരെ വീണ്ടും ഓർമ്മിപ്പിക്കുകയും പ്രസ്തുത യോഗനിശ്ചയ പ്രകാരം ബ. ജോണച്ചന്റെ ആരോഗ്യ സ്ഥിതിയ്ക്ക് ചെങ്ങന്നൂർ ആശ്രമത്തിലെ താമസം പറ്റിയതല്ലാതിരുന്നതിനാൽ അദ്ദേഹത്തെ തിരുവല്ലാ ആശ്രമത്തിലേയ്ക്കു മാറ്റുകയും പകരം ബ. ഗീവർഗ്ഗീസ് അച്ചനെ ചെങ്ങന്നൂർ ആശ്രമത്തിൽ വരുത്തി താമസിപ്പിക്കുകയും ചെയ്തു. കൂടാതെ, ജനറലേറ്റു മന്ദിരത്തിന്റെ ചെലവുകൾ, പൊതുസമൂഹത്തെ സംബന്ധിക്കുന്ന മറ്റു ചെലവുകൾ എന്നിവയുടെ നിർവഹണത്തിനായി ഓരോ മന്ദിരത്തിൽ നിന്നും നിയമപ്രകാരം നൽകേണ്ട ഭാഗം (നീക്കിയിരിപ്പിന്റെ മൂന്നിലൊന്ന്) അടുത്ത മാർച്ച് ഒന്നാം തീയതിയ്ക്കകം അയച്ചു തരേണ്ടതാണെന്നും പ്രസ്തുത യോഗം നിശ്ചയ പ്രകാരം ബന്ധപ്പെട്ടവരെ അറിയിച്ചു.

### മാർ ഈവാനിയോസ് തിരുമേനിയുടെ മെത്രാഭിഷേക സിൽവർ ജൂബിലി

വന്ദ്യ തിരുമേനിയുടെ അഭിഷേകത്തിന്റെ രജിതജൂബിലി 1950 ഏപ്രിൽ 30, മേയ് 1 ഈ തീയതികളിൽ തിരുവനന്തപുരം ആശ്രമത്തിൽ സാഘോഷം കൊണ്ടാടി. 13 മണിയാരാധന, പാവപ്പെട്ടവർക്ക് അന്നദാനം എന്നിവ തിരുവനന്തപുരം ആശ്രമത്തിൽ പ്രത്യേകം നടത്തപ്പെട്ടു. തിരുവനന്തപുരം മഠാംഗങ്ങളും ഈ ചടങ്ങുകളിൽ ഹൃദയപൂർവ്വം സഹകരിച്ചു. രജത ജൂബിലി കമ്മിറ്റി പ്രസിഡന്റായിരുന്ന മാർ സേവേറിയോസ് തിരുമേനിയുടെ കല്പന പ്രകാരമുള്ള നൊവേന, ഒരു മണിക്കൂർ ആരാധന, വിശുദ്ധ കുർബാനയുടെ വാഴ്വ് എന്നിവ ആശ്രമപ്പട്ടക്കാരുടെ ചുമതലയിലുള്ള എല്ലാ പള്ളികളിലും യഥായോഗ്യം നടത്തപ്പെട്ടു.

### 1950 മെയ് 22-ാം തീയതിയിലെ ജനറൽ കൗൺസിൽ യോഗം

ഒരു മന്ദിരത്തിൽ പ്രോക്യുറേറ്ററെ കൂടാതെ മറ്റൊരംഗമെങ്കിലുമുള്ള പക്ഷം ജനറൽ കൗൺസിലേഴ്സിൽ ആരെയും അവിടെ ലോക്കൽ കൗൺസിലറായി നിയമിച്ചുകൂടാ എന്ന് ഈ യോഗം തീരുമാനിക്കുകയും അതിൻപ്രകാരം ബ. ഗീവർഗ്ഗീസ് അച്ചനു പകരം തിരുവല്ലാ ആശ്രമത്തിൽ ലോക്കൽ കൗൺസിലറായി ബ. റഫായേൽ അച്ചനെ നിയമിക്കുകയും ചെയ്തു. ഇപ്പോൾ എസ്.എസ്.എൽ.സി

പരീക്ഷയ്ക്കു ചേർന്നിട്ടുള്ള രണ്ട് അപ്പസ്തോലിക വിദ്യാർത്ഥികളെ ഇനിയൊരു തീരുമാനമുണ്ടാകുന്നതുവരെ കറ്റാണം ആശ്രമത്തിൽ താമസിപ്പിച്ച് അവരുടെ സന്യാസ പരിശീലനം തുടരേണ്ടതാണെന്ന് ഈ യോഗം തീരുമാനിച്ചിരുന്നെങ്കിലും, പുതുതായി രണ്ട് യുവാക്കന്മാരെക്കൂടി സമൂഹത്തിൽ സ്വീകരിച്ചതിനാൽ അവരെക്കൂടെ കറ്റാണം ആശ്രമത്തിൽ താമസിപ്പിക്കാൻ സൗകര്യമില്ലാത്തതുകൊണ്ട് എല്ലാവരെയും തിരുവനന്തപുരം ആശ്രമത്തിലേയ്ക്ക് പിന്നീട് മാറ്റുകയുണ്ടായി. അകത്തോലിക്കാ രക്ഷകർത്താക്കളുടെ കുട്ടികളെ അപ്പസ്തോലിക വിദ്യാർത്ഥികളായി സ്വീകരിച്ചുകൂടായെന്ന് ഈ യോഗം തീരുമാനിച്ചു.

**നോവിഷ്യറ്റ് പരിശീലനമാരംഭിച്ചു**

28-9-50-ൽ തിരുവല്ലാ ദിവ്യരക്ഷകാശ്രമത്തിൽ കൂടിയ ജനറൽ കൗൺസിൽ യോഗം ബ. റഫായേൽ അച്ചനെ നോവിസ് മാസ്റ്ററായി തെരഞ്ഞെടുത്തു. അർത്ഥികളെ നോവിഷ്യറ്റിൽ പ്രവേശിപ്പിക്കുന്ന തിനുള്ള വോട്ടെടുപ്പ് നടത്തിയതിൽ ബ്രദേഴ്സ് ജോർജ്, ഈശോ, ജോസഫ് (സീനിയർ), ജോൺ, ജോസഫ് (ജൂനിയർ) എന്നീ അഞ്ചു പേർ അനുകൂല വോട്ടുകിട്ടിയതിനാൽ അവരെ നോവിഷ്യറ്റിലേയ്ക്കു പ്രവേശിപ്പിക്കാ മെന്നു തീരുമാനിക്കുകയും യഥാകാലം ആ തീരുമാനം നടപ്പിൽ വരുത്തുകയും ചെയ്തു.

**പുതിയ നിയമസംഹിതകൾ**

തിരുവനന്തപുരം അതിരൂപതാധ്യക്ഷൻ തിരുമേനിയും, തിരുവല്ലാ രൂപതാദ്ധ്യക്ഷൻ തിരുമേനിയും കൂടി 17-12-1950 എന്ന് തീയതി വച്ചിട്ടുള്ള ഒരു സംയുക്ത കല്പന സഹിതം അവർ തന്നെ എഴുതിയുണ്ടാക്കിയ ഒരു പുതിയ നിയമസംഹിത സുപ്പീരിയർ ജനറലിനെ ഏല്പിച്ചു. അതേപ്പറ്റി ആലോചിക്കുന്ന തിനായി 1951 ജനുവരി 4-ാം തീയതി ചെങ്ങന്നൂർ ജനറലേറ്റ് മന്ദിരത്തിൽ വച്ച് ഒരു ജനറൽ കൗൺസിൽ യോഗം കൂടുകയും കൗൺസിലിന്റെ അഭിപ്രായം തിരുമേനിമാരെ അറിയിക്കുകയും ചെയ്തു. പ്രസ്തുത നക്കൽ ഔദ്യോഗികമായി സമൂഹത്തിനു നൽകുന്നതിനുമുമ്പ്, ഏതാനും ചില ന്യൂനതകൾ ചൂണ്ടിക്കാണിക്കുകയും ജനറൽ കൗൺസിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളവയും, അവ പോലെയുള്ള മറ്റു ന്യൂനതകളും പരിഗണിക്കേണ്ടതാണെന്ന് പ്രത്യേകം അപേക്ഷിക്കുകയും ചെയ്തു.

അതിനു പുറമേ, 1951 ജനുവരി 22-ാം തീയതി ഇതു സംബന്ധിച്ച് ആലോചനയായി തിരുവല്ലാ ദിവ്യരക്ഷകാശ്രമത്തിൽ വച്ച് ജനറൽ ചാപ്റ്ററിന്റെ ഒരു അസാധാരണ യോഗം കൂടേണ്ടതാണെന്നും ജനറൽ കൗൺസിൽ തീരുമാനിച്ചു.

ഇതിൻ പ്രകാരം ജനറൽ ചാപ്റ്റർ കൂടുകയും, അവിടെ പാസ്സാക്കിയ താഴെപ്പറയുന്ന നിശ്ചയം അന്നുതന്നേ തിരുമേനിക്ക് അയച്ചു കൊടുക്കുകയും ചെയ്തു.

വന്ദ്യപിതാക്കന്മാരുടെ 17-12-50-ലെ സംയുക്ത കല്പനയോടുകൂടെ നല്കപ്പെട്ട പുതിയ നിയമാവലിയെ സംബന്ധിച്ച് ആലോചിക്കു വാനായി 1951 ജനുവരി 22-ാം തീയതി തിരുവല്ലാ ദിവ്യരക്ഷകാശ്രമത്തിൽ വച്ച് ജനറൽ ചാപ്റ്റർ കൂടി. ഈ വിഷയത്തിൽ ചാപ്റ്റർ അംഗങ്ങൾക്കുള്ള അഭിപ്രായങ്ങൾ തിരുമനസ്സറിയിച്ചു കൊള്ളുന്നു.

1. നിലവിലിരിക്കുന്ന തിരുസഭാ നിയമങ്ങൾക്ക് അനുയോജ്യമല്ലാത്തതും അപ്രായോഗികവും, പരസ്പരവിരുദ്ധവും, ദീർഘകാലമായി സമൂഹത്തിൽ നടപ്പിലിരിക്കുന്ന രീതി വ്യത്യാസപ്പെടുത്തുന്നതുമായ കുറിപ്പുകളും ഈ നിയമാവലിയിൽ ഞങ്ങൾ കാണുന്നു. ദയാപുരസ്സരം അവ നിയമത്തിൽ നിന്നും മാറ്റിത്തരണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

2. സമൂഹ സംയോജിപ്പിനുശേഷം പലപ്പോഴും വന്ദ്യപിതാക്കന്മാർ നിർബന്ധമായി ആജ്ഞാപിച്ചതനുസരിച്ചും 5-10-1949-ൽ നല്കിയിട്ടുള്ള സംയുക്ത കല്പന പ്രകാരവും സമൂഹ ചാപ്റ്റർ കൂടി വന്ദ്യപിതാക്കന്മാരുടെ കല്പനസഹിതം ഞങ്ങൾക്ക് അനുവദിച്ചുതന്നിട്ടുള്ളതും നാളിതുവരെ നിലവിലിരിക്കുന്നതുമായ നിയമാവലിയെ ആസ്പദമാക്കി, അനേക ദിവസങ്ങൾ പ്രയത്നിച്ച് രൂപീകരിച്ച്, വന്ദ്യപിതാക്കന്മാരുടെ അംഗീകാരത്തിനു ഞങ്ങൾ സമർപ്പിച്ചിട്ടുള്ളതായ നിയമസംഹിതയിൽ നിന്ന് വളരെ വിഭിന്നമായ ഒന്നായിട്ടാണ് പുതിയ നിയമാവലിയെ ഞങ്ങൾ കാണുന്നത്. അതിൽ ഞങ്ങൾക്ക് അപാരമായ സങ്കടമുണ്ട്.

സമൂഹ ജീവിതത്തിൽ അവശ്യം നടക്കേണ്ട പല കാര്യങ്ങളും നടക്കാതെ കുഴയുന്നതിനാൽ ഞങ്ങൾ അത്യന്തം ഉൽക്കണ്ഠാകുല

രായിരിക്കുന്നു. വന്ദ്യപിതാക്കന്മാരുടെ കാരുണ്യമുണ്ടായി ഇവയ്ക്കെല്ലാം ഒരു ഉപശാന്തി വരുത്തി ഞങ്ങളെ അനുഗ്രഹിപ്പാറാകണമെന്ന് അപേക്ഷിക്കുന്നു. ആശീർവാദം അഭ്യർത്ഥിച്ചു കൊള്ളുന്നു.

തിരുവനന്തപുരം<br>
ജനറൽ ചാപ്റ്ററിനുവേണ്ടി<br>
ഫാദർ ജോഷ്വാ<br>
22-1-1951

**പട്ടംകൊട**

തൃശ്ശിനാപ്പള്ളി സെന്റ് പോൾസ് സിമ്മനാരിയിൽ വൈദികപഠനം പൂർത്തിയാക്കി തിരുവനന്തപുരം ആശ്രമത്തിൽ തിരിച്ചെത്തിയ ബ്രദേഴ്സ് പീറ്റർ, ഗബ്രിയേൽ, ജേക്കബ് എന്നിവർക്ക് 4.3.51-ൽ ആശ്രമത്തിൽ വച്ച് മാർ ഈവാനിയോസ് തിരുമേനി കശീശാപട്ടം നല്കി.

**10.4.51-ൽ പുതിയ നിയമ സംഹിത ഔദ്യോഗികമായി നല്കപ്പെട്ടു**

15-4-51 മുതൽ നടപ്പാക്കിക്കൊള്ളണമെന്ന് ആജ്ഞാപിച്ചുകൊണ്ട് 10-4-51-ൽ അഭിവന്ദ്യ തിരുമേനിമാർ ഒരു സംയുക്ത കല്പന സഹിതം പുതിയ നിയമാവലി തിരുവനന്തപുരം ആർച്ചുബിഷപ്പ് ഹൗസിൽ വച്ച് ഔദ്യോഗികമായി സമൂഹം മുഴുവനും വേണ്ടി സുപ്പീരിയർ ജനറലിനെ ഏല്പിച്ചു. നിയമാവലി നടപ്പിലാക്കാൻ നിവൃത്തിയില്ല എന്ന് അന്നേദിവസം തന്നേ സുപ്പീരിയർ ജനറൽ തിരുമേനിമാരെ അറിയിച്ചുവെങ്കിലും കല്പന പ്രകാരം നിയമാവലിയുടെ കോപ്പികൾ എല്ലാ ആശ്രമങ്ങളിലേക്കും അയച്ചുകൊടുത്തു.

10.4.51-ലെ സംയുക്ത കല്പനയെ തുടർന്ന് മൂന്നാമത്തെയും നാലാമത്തെയും ജനറൽ കൗൺസിലേഴ്സ് രാജി വച്ചുകൊള്ളണമെന്നു കാണിച്ചു 11-4-51-ൽ മറ്റൊരു സംയുക്ത കല്പനയും തിരുമേനിമാർ നല്കുകയുണ്ടായി.

ഈ കല്പനകളെപ്പറ്റി ആലോചിപ്പാനായി 14.4.51-ൽ ജനറലേറ്റു മന്ദിരത്തിൽ വച്ച് കൂടിയ ജനറൽ കൗൺസിൽ, അത്യുന്നത ഇന്റർനൺഷ്യോ തിരുമേനിയെ വിവരങ്ങൾ ഗ്രഹിപ്പിച്ചിട്ട് അവിടെ നിന്നും ലഭിക്കുന്ന നിർദ്ദേശാനുസാരം ഭാവി നടപടികൾ

സ്വീകരിക്കേണ്ടതാണെന്നു തീരുമാനിക്കുകയും വിവരം വന്ദ്യ തിരുമേനിമാരെ അറിയിക്കുകയും ചെയ്തു. ഇന്റർനൺഷ്യോ തിരുമേനിയിൽ നിന്ന് എന്തെങ്കിലും അറിയിപ്പു ലഭിക്കുന്നതിനു മുൻപ് പുതിയ നിയമാവലി പ്രാബല്യത്തിൽ വരുത്തുന്നതിന് രൂപതാധികാരികൾ സുപ്പീരിയർ ജനറലിന്റെ മേൽ ശ്രമം ചെലുത്തുകയാൽ 30-4-51-ൽ സുപ്പീരിയർ ജനറലും കൗൺസിലേഴ്സും അവരുടെ രാജിക്കത്തു സമർപ്പിച്ചു. 19-5-51-ൽ അഭിവന്ദ്യ തിരുമേനിമാർ രാജി സ്വീകരിക്കുകയും, സമൂഹത്തിന്റെ കാനോനിക സന്ദർശകനും സുപ്പീരിയർ ജനറലുമായി ബ. ഫാദർ ഫ്രാൻസിസ് സെയിൽസ് റ്റി.ഒ.സി.ഡി. യെ നിയമിക്കുകയും ചെയ്തു.

**നൊവിഷ്യേറ്റ് പ്രവേശനം**

പുതിയ സുപ്പീരിയർ ജനറൽ 15-7-51-ൽ വൈ. ജോസഫ് എ.ജോൺ, ജോസഫ് തോണ്ടക്കരോട്ട്, സോളമൻ ചെറിന്താറപ്പഴഞ്ഞി, കിടങ്ങൂർ, ജോർജ് മണക്കാട്ടുശേരിൽ എന്നിവരെ നോവിഷ്യറ്റിൽ പ്രവേശിപ്പിക്കുകയും അവരുടെ മാസ്റ്ററായി ബ. പീറ്റർ അച്ചനെ നിയമിക്കുകയും ചെയ്തു. അവരുടെ നോവിഷ്യറ്റ് പരിശീലനം തിരുവല്ലാ ദിവ്യരക്ഷകാശ്രമത്തിൽ ക്രമപ്രകാരം നടന്നുവരുന്നു.

**കാൻഡി സിമ്മനാരിയിൽ വച്ചുള്ള പട്ടം കൊട**

കാൻഡി പേപ്പൽ സിമ്മനാരിയിൽ പഠനം നടത്തിക്കൊണ്ടിരുന്ന ബ്ര. ആൻഡ്രൂസ് 24-8-1951-ൽ പ്രസ്തുത സിമ്മനാരിയിൽ വച്ച് കശീശാ പട്ടം സ്വീകരിച്ചു. ആണ്ടവസാനം വരെ അദ്ദേഹം അവിടെ തന്നേ പഠനം തുടർന്നു.

**ആശ്രമസ്ഥന്മാരുടെ സ്ഥലം മാറ്റം**

1951 സെപ്റ്റംബർ മാസത്തിൽ ആർച്ചുബിഷപ്പ് ബ. അബ്രഹാം അച്ചനെ തിരുവനന്തപുരം ആശ്രമ സുപ്പീരിയർ സ്ഥാനത്തു നിന്നു മാറ്റി പത്തനംതിട്ട (നന്നുവക്കാട്) പള്ളി വികാരിയായി നിയമിച്ചു. ബ. ക്രിസോസ്റ്റോം അച്ചനെ തിരുവനന്തപുരം ആശ്രമ സുപ്പീരിയറായും, ബ. തിയോഫിലോസ് അച്ചനെ കറ്റാണത്ത് ആശ്രമ സുപ്പീരിയറായും നിയമിച്ചു. ക്രിസോസ്റ്റോം അച്ചൻ 11-9-51-ൽ നാലാഞ്ചിറ ആശ്രമത്തിന്റെ ചാർജ്ജെടുത്തു. 1951 ഒക്ടോബർ മാസത്തിൽ തിരുവല്ലാ ബിഷപ്പു തിരുമേനി ഫാദർ യോശുവായേ നിരണം പള്ളി വികാരിയായി

നിയമിച്ചു. ചെങ്ങന്നൂർ ആശ്രമ സുപ്പീരിയറായി ഫാദർ കോശി നിയമിക്കപ്പെട്ടു.

**തിരുവനന്തപുരം ആശ്രമത്തിൽ നവശിഷ്യ പരിശീലനം**

പെ. ബ. സുപ്പീരിയർ ജനറൽ ബ. ജേക്കബ് അച്ചനെ നാലാഞ്ചിറ നോവീസ് മാസ്റ്ററായി നിയമിച്ചു. അദ്ദേഹത്തിന്റെ കീഴിൽ നവശിഷ്യ പരിശീലനത്തിനായി 5-1-52-ൽ താഴെ പറയുന്നവർ സ്വീകരിക്കപ്പെട്ടു.

1. അബ്രഹാം അയിരൂക്കുഴി പള്ളത്ത്, പുത്തൻകാവ്
2. ജയിംസ് മലഞ്ചരുവിൽ ഉള്ളന്നൂർ, പന്തളം
3. ചെറിയാൻ കോഴിമണ്ണിൽ, പുറമറ്റം
4. ഡോമിനിക് അഞ്ചനാട്ട്, കാഞ്ഞിരപ്പള്ളി
5. ജേക്കബ് കൈലാത്ത്, ചെങ്ങന്നൂർ
6. സി.എ. അലക്സാണ്ടർ, ചെറുപുഴത്തോട്ടം, കല്ലൂപ്പാറ
7. പി.റ്റി. ജോസഫ്, പിള്ളശ്ശേരികിഴക്കതിൽ, തുമ്പമൺ
8. എസ്. തോമ്മസ്, വടക്കേക്കര മുത്തേരിൽ, ഇലന്തൂർ
9. എം. എം. വർഗ്ഗീസ്, മാവിലേത്ത്, തുമ്പമൺ

ഇവരിൽ 1, 7, 8, 9 ഈ നമ്പരുകാർ കറ്റാണം ആശ്രമത്തിലും, 6-ാം നമ്പരുകാരൻ തിരുവല്ലാ ആശ്രമത്തിലും അപ്പസ്തോലിക വിദ്യാർത്ഥികളായി താമസിച്ച് ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയവരും ബാക്കിയുള്ളവർ പുതുതായി ആശ്രമത്തിൽ ചേർന്നിട്ടുള്ളവരുമാണ്.

**19-ാം ശതവർഷ ജൂബിലി**

വി.തോമ്മാശ്ലീഹായുടെ ഇന്ത്യയിലെ സുവിശേഷ പ്രചരണത്തിന്റെയും രക്തസാക്ഷി മരണത്തിന്റെയും 19-ാം ശതവർഷ ജൂബിലി 1952-ൽ ലോകത്തിൽ ഉടനീളം കൊണ്ടാടി. അതു സംബന്ധിച്ച് തിരുവനന്തപുരം ആശ്രമത്തിൽ 3-7-52-ൽ 13 മണിക്കൂർ ആരാധനയും വി. കുർബാനയുടെ വാഴ്വും നടത്തി.

**ഫാദർ മൈക്കിളിന്റെ പട്ടാഭിഷേകം**

24-8-52-ൽ കാൻഡി സിമ്മനാരിയിൽവച്ച് ബ്രദർ മൈക്കിൾ കശീശാ പട്ടം സ്വീകരിച്ചു. 16-12-52-ൽ തിരുവനന്തപുരം ആശ്രമത്തിൽ അദ്ദേഹം പ്രഥമ കുർബാനയർപ്പിച്ചു.

### എറണാകുളത്തു നടന്ന ശതവർഷാഘോഷങ്ങൾ

മാർത്തോമ്മാ ശ്ലീഹായുടെ ഇൻഡ്യയിലെ സുവിശേഷ പ്രചരണത്തിന്റെ 19-ാം ശതവർഷ ജൂബിലിയും, വി. ഫ്രാൻസിസ് സേവ്യറിന്റെ വേദപ്രചരണത്തിന്റെ 4-ാം ശതവർഷ ജൂബിലിയും ഏകോപിച്ച് കേരളത്തിലെ സിറിയൻ, ലത്തീൻ ഹയരാർക്കികളുടെ ആഭിമുഖ്യത്തിൽ 29-12-52-ൽ എറണാകുളത്തു വച്ച് സാഘോഷം കൊണ്ടാടി. അതിൽ സംബന്ധിക്കുന്നതിന് പേപ്പൽ ലെഗേറ്റ് ആയി നിയമിക്കപ്പെട്ട കാർഡിനൽ ഗിൽറോയി പട്ടം അരമനയിലെത്തി ആർച്ചുബിഷപ്പു തിരുമേനിയെ സന്ദർശിച്ചു. നാലാഞ്ചിറ ആശ്രമസ്ഥരെല്ലാം അരമനയിൽ പോയി കർദ്ദിനാൾ തിരുമേനിയെ കണ്ടു.

എറണാകുളത്തെ ജൂബിലി ആഘോഷങ്ങളിൽ സംബന്ധിക്കുന്നതിനായി തിരുവനന്തപുരത്തെ ആശ്രമാംഗങ്ങളെല്ലാം പോവുകയുണ്ടായി.

### ബനഡിക്ട് അച്ചനു റമ്പാൻ പട്ടം

ബഥനി ആശ്രമാംഗവും മാർ ഈവാനിയോസു കോളജിൽ ഒഫീഷ്യേറ്റിങ്ങ് പ്രിൻസിപ്പളുമായിരുന്ന ബ. ബനഡിക്ടച്ചനെ തിരുവനന്തപുരം കോ-അഡ്ജുറ്റോറായി റോമിൽ നിന്ന് തെരഞ്ഞെടുത്തതിനാൽ 27-12-52-ൽ അദ്ദേഹത്തെ ആർച്ചുബിഷപ്പ് തിരുമേനി റമ്പാനായി അഭിഷേചിച്ചു.

### ബനഡിക്ട് തിരുമേനിയുടെ മെത്രാഭിഷേകം

29-1-53-ൽ ബനഡിക്ട് റമ്പാച്ചനെ പട്ടം കത്തീഡ്രലിൽ വച്ച് മാർ ഈവാനിയോസ് തിരുമേനി മെത്രാനായി അഭിഷേകം ചെയ്തു. 30-1-53-ൽ അദ്ദേഹം നാലാഞ്ചിറ ആശ്രമചാപ്പലിൽ ആദ്യത്തെ മെത്രാനടുത്ത കുർബാന ചൊല്ലി.

### ബ. മൈക്കിളച്ചൻ മാർ ഈവാനിയോസ് കോളജിൽ സിറിയക് പ്രൊഫസർ

3-1-53-ൽ ഏതാനും നാളത്തേയ്ക്ക് മൈക്കൽ അച്ചൻ മാർ ഈവാനിയോസ് കോളേജിൽ സിറിയക് പ്രൊഫസറായി ജോലി നോക്കി. 6-3-53-ൽ അദ്ദേഹം തിരുവല്ലാ ആശ്രമത്തിലേക്കു സ്ഥലം മാറിപ്പോയി.

www.malankaralibrary.com

### മോൺസിഞ്ഞോർ ലൊംബാർഡി അപ്പസ്തോലിക വിസിറ്റർ

ബഥനിയുടെ ഏതൽക്കാല സ്ഥിതി മനസിലാക്കിയ റോമിലെ പൗരസ്ത്യ തിരുസംഘം 27.1.53-ൽ മോൺസിഞ്ഞോർ ലൊംബാർഡിയെ മിശിഹാനുകരണ സമൂഹത്തിന്റെ അപ്പസ്തോലിക വിസിറ്ററായി നിയമിച്ചു. ഈ നിയമനത്തെപ്പറ്റി ഇന്റർനൺഷ്യോ തിരുമേനി 22-2-53-ൽ സമൂഹത്തെ അറിയിച്ചു. 12-3-53-ൽ മോൺസിഞ്ഞോർ ലൊംബാർഡി നാലാഞ്ചിറ ആശ്രമം സന്ദർശിച്ചു.

### അപ്പസ്തോലിക വിസിറ്ററുടെ മുമ്പാകെ ആദ്യ വ്രതാനുഷ്ഠാനം

18-3-53-ൽ ബ്രദേഴ്സ് അയിരൂക്കുഴി മുതൽ പേരുടെ ആദ്യ വ്രതാനുഷ്ഠാനം അപ്പസ്തോലിക വിസിറ്ററുടെ മുമ്പാകെ നാലാഞ്ചിറ ആശ്രമത്തിൽ വച്ചു നടന്നു. അവർ സ്വീകരിച്ച സന്യാസനാമങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ബ്ര. അബ്രഹാം അയിരൂക്കുഴി പള്ളത്ത് | ബ്ര. അത്തനേഷ്യസ് |
| ബ്ര. ജെയിംസ് മലഞ്ചരുവിൽ | ബ്ര. സിറിൽ |
| ബ്ര. ചെറിയാൻ കോഴിമണ്ണിൽ | ബ്ര. സിൽവെസ്റ്റർ |
| ബ്ര. ഡൊമിനിക് അഞ്ചനാട്ട് | ബ്ര. ഫ്രാൻസിസ് സെയിൽസ് |
| ബ്ര. സി.എം. അലക്സാണ്ടർ | ബ്ര. ഫിലിപ്പ് |
| ബ്ര. പി.റ്റി. ജോസഫ് | ബ്ര. ഫ്രാൻസിസ് സേവിയർ |
| ബ്ര. എസ്സ്. തോമസ്സ് | ബ്ര. അംബ്രോസ് |
| ബ്ര. എം. എം. വർഗ്ഗീസ് | ബ്ര. തോമസ്സ് |

### ഇന്റർനൺഷ്യോ തിരുമേനിയുടെ ആശ്രമ സന്ദർശനം

മാർ ഈവാനിയോസ് തിരുമേനിയുടെ രോഗവാർത്തയറിഞ്ഞ് അദ്ദേഹത്തെ സന്ദർശിച്ച് ആശ്വസിപ്പിക്കാനായി ഇന്റർനൺഷ്യോ ഡോ. മാർട്ടിൻ ലൂക്കോസ് തിരുമേനി, തിരുവനന്തപുരം അരമനയിൽ വരികയും ഏതാനും ദിവസം അവിടെ താമസിക്കുകയും ചെയ്തു. ഈ താമസത്തിനിടയിൽ തിരുമേനി 7.4.53-ൽ നാലാഞ്ചിറ ആശ്രമം സന്ദർശിക്കുകയും ആശ്രമസ്ഥന്മാർക്ക് ഒരു ചെറിയ ഉപദേശം നൽകുകയും ചെയ്തു.

**വെണ്ണിക്കുളം ഇടവകപ്പള്ളി വികാരിയും അസിസ്റ്റന്റും:**

ബ. ഫാദർ ചെറിയാൻ പോളച്ചിറക്കലിന്റെ (Late Mar Athanasios) പിൻഗാമിയായി, ഫാദർ യോശുവാ 1953 മേയ് മാസാവസാനത്തിൽ, നിരണത്തു നിന്ന് വെണ്ണിക്കുളം പള്ളിയിലേക്കു സ്ഥലം മാറ്റപ്പെട്ടു. ഫാദർ മൈക്കിളിനെ അവിടെ അസിസ്റ്റന്റ് ആയും നിയമിച്ചു.

**ഫാദർ ആൻഡ്രൂസ് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ**

1953 ജൂണിൽ ഫാദർ ആൻഡ്രൂസ് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ എം. എ. ഹിസ്റ്ററി ക്ലാസ്സിൽ ചേർന്നു പഠിത്തം ആരംഭിച്ചു. കാൻഡി സിമ്മനാരിയിൽ നിന്ന് എൽ.പി.എച്ച് ഡിപ്ലോമ എടുത്തിരുന്നതുകൊണ്ട് പ്രീഡിഗ്രി ക്ലാസ്സിൽ പഠിക്കേണ്ട യാവശ്യമുണ്ടായില്ല. നേരെ Hons. ക്ലാസ്സിൽ ചേരാൻ സാധിച്ചു.

**മോൺസിഞ്ഞോർ ലൊംബാർഡി (Apostolic visitor) യുടെ ഔദ്യോഗിക സന്ദർശനം**

18-6-53-ൽ അപ്പസ്തോലിക വിസിറ്റർ ഔദ്യോഗികമായി തിരുവനന്തപുരം ആശ്രമം സന്ദർശിക്കുകയും ആശ്രമാംഗങ്ങളെ ഓരോരുത്തരെ കണ്ടു സംസാരിക്കുകയും ചെയ്തു. മറ്റ് ആശ്രമങ്ങളിൽ താമസിച്ചിരുന്നവരെയും ഓരോ അവസരങ്ങളിലായി കണ്ടു സംസാരിക്കുകയും, സമൂഹത്തിന്റെ ആന്തരികാവസ്ഥയെപ്പറ്റി ഏതാണ്ടൊരു ധാരണ സമ്പാദിക്കുകയും ചെയ്തു. 29-6-53-ൽ അദ്ദേഹം ബഥനി സമൂഹത്തിലെ ഭരണസമിതി അംഗങ്ങളുടെ നാമനിർദ്ദേശം ചെയ്തു. അവരുടെ പേരുകൾ താഴെ ചേർക്കുന്നു.

| | |
|---|---|
| സുപ്പീരിയർ ജനറൽ | ഫാദർ പീറ്റർ |
| 1-ാം കൗൺസിലർ ജനറൽ | ഫാദർ ക്രിസോസ്റ്റം |
| 2-ാം കൗൺസിലർ ജനറൽ | ഫാദർ ജോൺ |
| 3-ാം കൗൺസിലർ ജനറൽ | ഫാദർ സെറാഫിയോൻ |
| പ്രൊക്യുറേറ്റർ ജനറൽ | ഫാദർ സെറാഫിയോൻ |
| സെക്രട്ടറി ജനറൽ | ഫാദർ ആൻഡ്രൂസ് |

1-7-53-ൽ അപ്പസ്തോലിക വിസിറ്ററിന്റെ അധ്യക്ഷതയിൽ കൂടിയ ജനറൽ കൗൺസിൽ താഴെപ്പറയുന്ന നിയമനങ്ങൾ നടത്തി.

| | |
|---|---|
| ഫാദർ ക്രിസോസ്റ്റം | തിരുവനന്തപുരം ആശ്രമ സുപ്പീരിയർ |
| ഫാദർ മൈക്കിൾ | തിരുവല്ലാ ആശ്രമ സുപ്പീരിയർ |
| ഫാദർ യോശുവാ | കറ്റാണം ആശ്രമ സുപ്പീരിയർ |
| ഫാദർ ജോൺ | നോവിസ് മാസ്റ്റർ |

അപ്പസ്തോലിക വിസിറ്ററുടെ നിർദ്ദേശപ്രകാരം സുപ്പീരിയർ ജനറലിന്റെ ആസ്ഥാനം തിരുവനന്തപുരം ആശ്രമത്തിലേക്കു മാറ്റപ്പെട്ടു.

**നിയമക്കമ്മറ്റി**

സമൂഹത്തിന്റെ നിയമസംഹിത ക്രോഡീകരിച്ച് അംഗീകരണത്തിനായി റോമിലേക്ക് അയയ്ക്കാൻ, ഫാദർ പ്ലാസിഡ് റ്റി.ഒ.സി.ഡി., ഫാദർ ജോഷ്വാ, ഫാദർ മൈക്കിൾ എന്നിവരടങ്ങിയ ഒരു മൂന്നംഗ കമ്മറ്റിയെ അപ്പസ്തോലിക വിസിറ്റർ നിയമിച്ചു.

**മോൺസിഞ്ഞോർ ലൊംബാർഡി സുപ്പീരിയർ ജനറൽ സ്ഥാനം വച്ചൊഴിയുന്നു**

ബഥന്യാശ്രമസ്ഥർ, സമൂഹത്തിന്റെ ഭരണസമിതി യംഗങ്ങളായി ചാർജ്ജെടുത്തതോടെ, മോൺസിഞ്ഞോർ ലൊംബാർഡി സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ സ്ഥാനത്തു നിന്നു പിൻവാങ്ങി. മേലിൽ അദ്ദേഹം അപ്പസ്തോലിക വിസിറ്റർ മാത്രമായിരിക്കും.

**മാർ ഈവാനിയോസ് തിരുമേനിയുടെ ദേഹവിയോഗം**

4-6-52-ൽ അന്ത്യരോഗം തിരുമേനിയെ ബാധിച്ചു. 21-6-52-ൽ ചികിത്സാർത്ഥം തിരുമേനി വെല്ലൂർ ആശുപത്രിയിലേയ്ക്കു പോയി. അവിടെ നിന്ന് മദ്രാസിലേക്കും, ബാഗ്ലൂരിലേക്കും പോയി. 10-8-52-ൽ ബാംഗ്ലൂരിൽ നിന്ന് തിരുവനന്തപുരത്തിനു മടങ്ങി. നാലാഞ്ചിറ ആശ്രമത്തിൽ ഗസ്റ്റുഹൗസിൽ വിശ്രമാർത്ഥം താമസമായി. ഇക്കാലയളവിലേയ്ക്ക് അതിരൂപതയുടെ അഡ്മിനിസ്ട്രേറ്ററായി Rev. Fr. Francis Sales TOCD യെ വന്ദ്യതിരുമേനി നിയമിക്കയുണ്ടായി. തിരുമേനി നാലാഞ്ചിറ ആശ്രമത്തിലെത്തിയതോടെ ശുശ്രൂഷയ്ക്കായി ബ. കോശിയച്ചനെയും ചെങ്ങന്നൂർ നിന്ന് വരുത്തി നാലാഞ്ചിറ താമസിപ്പിച്ചു. 2-9-1952-ൽ നാലാഞ്ചിറ ആശ്രമത്തിൽ വച്ച് മാർ

www.malankaralibrary.com

സേവേറിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ കന്തീലാ നടത്തി. എറണാകുളം ആർച്ചുബിഷപ്പ് മാർ അഗസ്റ്റിൻ കണ്ടത്തിൽ, കോട്ടയം ബിഷപ്പ് മാർ തോമസ് തറയിൽ, തൂത്തുക്കുടി കോ-അഡ്ജുറ്റോർ ബിഷപ്പ് എന്നീ തിരുമേനിമാരും മുഖ്യമന്ത്രി മി. എ.ജെ. ജോൺ മുതലായ പല അത്മായ പ്രമുഖരും ഈ ശുശ്രൂഷയിൽ സംബന്ധിച്ചു. 11-9-52-ൽ മദ്രാസിലെ പ്രമുഖ ഡോക്ടറായ ഡോ. മസിലാമണി നാലാഞ്ചിറ ആശ്രമത്തിലെത്തി രോഗിയെ സന്ദർശിച്ചു. 14-9-52-ൽ വന്ദ്യ തിരുമേനി നാലാഞ്ചിറ ആശ്രമത്തിൽ നിന്ന് പട്ടം അരമനയിലേക്കു എഴുന്നള്ളി. ശുശ്രൂഷകനായി ഫാദർ കോശിയും തിരുമേനിയെ അനുഗമിച്ചു. വന്ദ്യ തിരുമേനി ആസന്നമരണനായി കിടക്കുന്ന വേളയിലാണ് ബ. ബനഡിക്ട് അച്ചനെ 27-12-52-ൽ റമ്പാനായും, 29-1-53-ൽ മെത്രാനായും പട്ടം കത്തീഡ്രലിൽ വച്ച് തിരുമേനി തന്നേ അഭിഷേകം ചെയ്തത്. 15-7-53-ൽ അഭിവന്ദ്യ ഈവാനിയോസ് തിരുമേനിയുടെ ആലസ്യം വർദ്ധിക്കുകയും രാത്രി 11 മണിക്ക് പട്ടം ആർച്ച് ബിഷപ്പ്സ് ഹൗസിൽ വച്ചു കാലം ചെയ്യുകയുമുണ്ടായി.

### സന്ന്യാസിസഹോദരന്മാരുടെ ആദ്യവ്രതാനുഷ്ഠാനം

തിരുവല്ലായിൽ നവശിഷ്യപരിശീലനത്തിലിരുന്ന ബ്രദേഴ്സ് ജോസഫ് (സീനിയർ), എ.ജോൺ, ജോസഫ് (ജൂനിയർ), സോളമൻ എന്നിവർ 16.7.53 ൽ തിരുവല്ലാ ദിവ്യരക്ഷകാശ്രമത്തിൽ വച്ച് സുപ്പീരിയർ ജനറൽ ഫാദർ പീറ്റർ മുമ്പാകെ ആദ്യവ്രതാനുഷ്ഠാനം നടത്തി. അവർ യഥാക്രമം താഴെപ്പറയുന്ന സന്ന്യാസനാമങ്ങൾ സ്വീകരിച്ചു.

ബ്രദർ വൈ.ജോസഫ് - ബ്രദർ ഫ്രാൻസിസ് അസീസി
ബ്രദർ എ. ജോൺ - ബ്രദർ അലോഷ്യസ്
ബ്രദർ ജോസഫ് (ജൂനിയർ) - ബ്രദർ ജോസഫ്
ബ്രദർ സോളമൻ - ബ്രദർ സിപ്രിയാൻ

### മാർ ഈവാനിയോസ് പിതാവിന്റെ കബറടക്കം

17-7-53-ൽ പട്ടം കത്തീഡ്രലിൽ പ്രത്യേകം തയ്യാർ ചെയ്തിരുന്ന കബറിൽ വന്ദ്യപിതാവിന്റെ ഭൗതിക ശരീരം സംസ്കരിക്കപ്പെട്ടു. പ്രധാന കാർമ്മികൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായായിരുന്നു. ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ മാർ കാവുകാട്ടു തിരുമേനി ചരമപ്രസംഗം നടത്തി. കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും വന്നു

www.malankaralibrary.com

ചേർന്ന വൈദികരും, സന്യാസിനീസന്യാസികളും അല്മേനികളും ഉൾപ്പെട്ട ഒരു വലിയ ജനസഞ്ചയം സംസ്ക്കാര ചടങ്ങുകളിൽ സംബന്ധിച്ചിരുന്നു. ബഥനിസ്ഥാപകനും പുനരൈക്യ പ്രസ്ഥാനത്തിന്റെ ജനയിതാവുമായ വന്ദ്യതാതനു നിത്യശാന്തി ലഭിക്കട്ടെ!

**ആസ്പിരൻസ് തിരുവല്ലായിലേക്കും നോവിസസ്സ് തിരുവനന്ത പുരത്തേക്കും**

ഫാ. ജേക്കബ് ആസ്പിരൻസിന്റെ മാസ്റ്ററായി നിയമിക്കപ്പെട്ടു. അദ്ദേഹം 20.7.53ൽ ആസ്പിരൻസിനോടുകൂടെ തിരുവനന്തപുരത്തു നിന്ന് തിരുവല്ലാ ആശ്രമത്തിലേക്കു യാത്രയായി. ഫാദേഴ്സ് പീറ്റർ, ജോൺ എന്നിവർ തിരുവല്ലാ ദിവ്യരക്ഷകാശ്രമത്തിൽനിന്ന് 21.7.53 ൽ തിരുവനന്തപുരം (നാലാഞ്ചിറ) ആശ്രമത്തിൽ വന്ന് യഥാക്രമം സുപ്പീര്യർ ജനറലിന്റെയും നോവിസ് മാസ്റ്ററിന്റെയും ചാർജുകളെടുത്തു. തിരുവല്ലായിക്കു പോയിരുന്ന നോവിസസും അവരോടുകൂടെ തിരുവനന്തപുരത്തേക്കു പോന്നു.

**ലീജിയൻ എൻവോയ് ബ്രദർ സെസിൽ ഡിസൂസ**

തിരുവനന്തപുരം അതിരൂപതയിൽ വിവിധ ഇടവകകളിൽ സഞ്ചരിച്ച് ബ്രദർ ഡിസൂസ ലീജിയൻ പ്രസീഡിയങ്ങളും കൂരിയാകളും സ്ഥാപിക്കാൻ തുടങ്ങിയിട്ട് പല ആഴ്ചകളായി. പരിശുദ്ധ മാതാവിന്റെ സേവനത്തിനായി ജീവിതം ഉഴിഞ്ഞുവച്ചിരിക്കുന്ന ഒരു ത്യാഗവര്യനാണ് ഈ ചെറുപ്പക്കാരൻ. 28.7.53 ൽ അദ്ദേഹം തിരുവനന്തപുരം വിടുകയാണ്. അദ്ദേഹത്തിന് പട്ടം അരമനയിൽവച്ച് ഉചിതമായ ഒരു യാത്രയയപ്പ് നൽകി. ബഥനി ആശ്രമ സുപ്പീരിയർ ജനറൽ, നാലാഞ്ചിറ ആശ്രമ സുപ്പീരിയർ എന്നിവർ നാലാഞ്ചിറയിലെ ലീജിയൻ അംഗങ്ങളോടുകൂടെ അദ്ദേഹത്തിന് യാത്രാമംഗളങ്ങൾ നേരാൻ പോയിരുന്നു.

**അത്യുന്നത കർദ്ദിനാൾ ടിസരാന്റ് തിരുമേനി**

റോമിലെ പൗരസ്ത്യ തിരുസംഘത്തിന്റെ സിക്രട്ടറിയായ ഇദ്ദേഹം പൗരസ്ത്യ സഭക്കാരുടെ ആത്മമിത്രമാണ്. പൗരസ്ത്യ സഭകളെക്കുറിച്ച് അദ്ദേഹത്തിന് അഗാധമായ ജ്ഞാനമുണ്ട്. പൗരസ്ത്യ സഭകൾ സന്ദർശിക്കുന്നതിനായി അദ്ദേഹം ഇറങ്ങിയിരിക്കുകയാണ്. പട്ടം അരമനയിൽനിന്ന് മാർ ഗ്രിഗോറിയോസ് തിരുമേനിയോടുകൂടെ കർദ്ദിനാൾ തിരുമേനി 17.11.53 ൽ നാലാഞ്ചിറ ആശ്രമം സന്ദർശിച്ചു. ആശ്രമത്തിന്റെ പുറത്തെ ഗേറ്റിൽവച്ച് തിരുവല്ലാ ആശ്രമ സുപ്പീരിയറും,

ചാപ്പൽ വാതിൽക്കൽ വച്ച് സുപ്പീരിയർ ജനറാളച്ചനും അദ്ദേഹത്തെ ഹാരമണിയിച്ചു സ്വീകരിച്ചു. ചാപ്പലിൽ കയറി ബസ്മൽക്കാ നടത്തിയശേഷം പാർലറിൽവച്ച് ഒരു സുഹൃത് സമ്മേളനം നടന്നു. കർദ്ദിനാൾ തിരുമേനി ആശ്രമസ്ഥന്മാർക്ക് സാരഗർഭമായ ഒരു ഉപദേശം നൽകി. ആശ്രമസ്ഥന്മാർ അദ്ദേഹത്തിന് ആധ്യാത്മിക പുഷ്പ മഞ്ജരിയും മറ്റു ചില ഉപഹാരങ്ങളും കാഴ്ചവച്ചു. തിരുമേനിമാരും ആശ്രമസ്ഥന്മാരും ഉൾപ്പെട്ട ഒരു ഗ്രൂപ്പ് ഫോട്ടോ എടുത്തശേഷം, തിരുമേനിമാർ യാത്രപറഞ്ഞ് പിരിഞ്ഞു. പെ.ബ. ജനറാളച്ചനും ജോണച്ചനും പത്തനംതിട്ട മുതലായ സ്ഥലങ്ങളിലേക്ക് കർദ്ദിനാൾ തിരുമേനിയെ അനുധാവനം ചെയ്തു.

**പുതിയ സന്യാസാർത്ഥികൾ:**

21.12.53ൽ താഴെപ്പറയുന്നവർ സന്യാസാർത്ഥികളായി സ്വീകരിക്കപ്പെട്ടു.

1. പി.വി. സൈമൺ, സേവ്യർ വിലാസ്, കല്ലൂപ്പാറ
2. ടി.ഇ. തോമസ്, തങ്ങളത്തിൽ മണ്ണിൽ, കല്ലൂപ്പാറ
3. ഒ.എം. തോമസ്, ഒടാലിൽ, ഇലന്തൂർ
4. ടി.സി. മാത്യു, തുരുത്തേൽ, പൂതൃക്കാ
5. പി.ബി. കുര്യാക്കോസ്, സേവ്യർവിലാസ്, കല്ലൂപ്പാറ
6. കെ.എ. ജേക്കബ്, കുന്നിപ്പറമ്പിൽ, തിരുവല്ല
7. പി.പി. ജോസഫ്, പാതിക്കാട്ടിൽ, കാക്കൂർ
8. തോമസ് വർഗീസ്, കാക്കനാട്ടിൽ, കല്ലൂപ്പാറ
9. വർക്കി ജോർജ്ജ്, ചേരിയിൽ, തിരുവല്ല
10. ജോൺ തോമസ്, തെക്കേവീട്ടിൽ, തട്ട
11. സി.ഒ.ജോസഫ്, ചേലവടത്തിൽ, പൂതൃക്കാ
12. പി.ടി.ജോൺ, പീടികപ്പറമ്പിൽ, പത്തനംതിട്ട

**പൂനാ ആശ്രമസ്ഥാപനം**

Apostolic visitor Dr. Lombardy യുടെ നിർദ്ദേശാനുസരണം ആശ്രമസ്ഥന്മാരെ വൈദിക പഠനാർത്ഥം പൂനാ അത്തേനിയത്തിലേക്ക് അയയ്ക്കുന്നതിന് തീരുമാനിച്ചു. തദനുസരം 18-3-53-ൽ തല്ക്കാല വ്രതമെടുത്തവരായ Bros. Athanasius, Cyril, Silvester, Francis Sales, Augustine, Philip, Francis Xavier, Ambrose, Thomas എന്നിവരെ 1954-ജൂൺ മാസത്തിൽ പൂനായിലേയ്ക്ക് അയച്ചു. അവരുടെ താമസസൗകര്യങ്ങൾ ക്രമപ്പെടുത്തുന്നതിനായി Fr. Chrysostom

പൂനായിലേക്കു പോയിരുന്നു. അവരുടെ Prefect ആയി നിയമിച്ചിരിക്കുന്നത് Fr. Gabriel-നെയാണ്. പൂനായിൽ ബഥനിയ്ക്കു സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ടാക്കുന്നതുവരെ അവർ ഫ്രാൻസേലിയാനത്തിൽ താമസിച്ചുകൊണ്ട് അത്തേനിയത്തിൽ പഠിക്കുന്നതാണ്. അതിനുള്ള സൗകര്യങ്ങളെല്ലാം Fr. Mozes കരുണാപൂർവ്വം ശരിപ്പെടുത്തി തന്നു. അദ്ദേഹത്തോടും അദ്ദേഹം അധ്യക്ഷനായിരിക്കുന്ന ഫ്രാൻസേലിയൻ സമൂഹത്തോടും ബഥനിയ്ക്കുള്ള കടപ്പാട് വളരെയാണ്.

ഏറെ താമസിയാതെ അത്തേനിയത്തിനു വളരെ അടുത്തു തന്നേ ഒരു പറമ്പും ബംഗ്ലാവും, 75000 രൂപയ്ക്ക് വാങ്ങുവാൻ നമുക്കു സാധിച്ചു. അവിടെ ചില്ലറ താമസ സൗകര്യങ്ങൾ വരുത്തിയിട്ട് പിറ്റെ വർഷം ആരംഭത്തിൽ തന്നേ ബ്രദേഴ്സ് അങ്ങോട്ടു മാറി താമസിച്ചു. പറമ്പും കെട്ടിടവും വാങ്ങുന്നതിനുള്ള തുക അപ്പസ്തോലിക വിസിറ്ററുടെ ശിപാർശ പ്രകാരം റോമിൽ നിന്നു ലഭിച്ചു. പൂനായിലെ സ്ഥാപനം കൂടുതൽ വിപുലപ്പെടുത്തുന്നതിനുള്ള ധനസഹായവും റോമിൽ നിന്നും നൽകുന്നതാണെന്നുള്ള വാഗ്ദാനത്തെ ആസ്പദമാക്കി കെട്ടിടത്തിന്റെ പ്ലാൻ മുതലായവ റോമിലേയ്ക്ക് അയച്ചുകൊടുത്തു. അവിടെ നിന്നു ലഭിച്ച വിപുലമായ സംഭാവനകൾകൊണ്ട് താമസത്തിനുള്ള കൂടുതൽ കെട്ടിടങ്ങൾ, ഭക്ഷണശാല, ചാപ്പൽ മുതലായവ പണിതു തീർത്തു. പൂനായിലെ സ്ഥാപനത്തിന്റെ ഇന്നുവരെയുള്ള വളർച്ചയ്ക്ക് പരിശുദ്ധ സിംഹാസനത്തോടാണ് സമൂഹം കടപ്പെട്ടിരിക്കുന്നത്.

## പോസ്റ്റുലൻസിനെ നവശിഷ്യ പദത്തിലേയ്ക്കു സ്വീകരിച്ചു

21-12-53-ൽ പോസ്റ്റുലൻസിയിൽ സ്വീകരിച്ച പി. വി. സൈമൺ മുതൽ പേരെ 29-6-54-ൽ തിരുവനന്തപുരം ആശ്രമ ചാപ്പലിൽ വച്ച് സുപ്പീരിയർ ജനറൽ നവശിഷ്യ പദത്തിലേക്കു സ്വീകരിച്ചു. ഫാദർ ജോണിന്റെ കീഴിൽ അവർ പരിശീലിപ്പിക്കപ്പെടുന്നു.

## സന്യാസ സഹോദരന്മാർ തല്ക്കാല വ്രതം പുതുക്കുന്നു

16-7-53-ൽ തിരുവല്ലാ ആശ്രമത്തിൽ വച്ച് തല്ക്കാല വ്രതമെടുത്ത ബ്രദേഴ്സ് ഫ്രാൻസിസ് അസ്സീസി, അലോഷ്യസ്, ജോസഫ്, സിപ്രിയാൻ എന്നിവർ 16-7-54 മുതലുള്ള ഒരു വർഷത്തേയ്ക്ക് തങ്ങളുടെ തല്ക്കാല വ്രതം നവീകരിച്ചു.

**മാർ സേവേറിയോസു തിരുമേനി ദേഹവിയോഗം ചെയ്തു**

18-1-1955-ൽ വടക്കൻ ഇടവക സന്ദർശനം കഴിഞ്ഞ് തിരുവല്ലാ അരമനയിലെത്തിയ തിരുമേനിയ്ക്ക് പെട്ടെന്ന് അസുഖമുണ്ടാകുകയും അന്ത്യകൂദാശകളെല്ലാം സുബോധത്തോടെ കൈക്കൊണ്ട് കാലയവനികയ്ക്കുള്ളിൽ മറയുകയുമാണുണ്ടായത്.

**ബഥനിയ്ക്ക് ഒരു പുതിയ നിയമം (1955 ഏപ്രിൽ 30)**

ബഥനി സ്ഥാപിക്കപ്പെട്ട 1919-ാം വർഷത്തിൽ തന്നേ അതിന്റെ പ്രഥമാംഗങ്ങളായ ഫാദർ പി.റ്റി. ഗീവർഗീസ്, ഫാദർ അലക്സ്യോസ്, ഡീക്കൻ യാക്കോബ്, ഡീക്കൻ കോശി എന്നിവർ ഒരു ഭരണഘടന കരുപ്പിടിക്കുകയും അത് ഒപ്പിട്ടു സൂക്ഷിക്കുകയും ചെയ്തിരുന്നു. അത് ഒപ്പിട്ട് അംഗീകരിച്ചത് 23rd August 1919 ലും അൽത്താരയിൽ പ്രതിഷ്ഠിച്ചത് 9th March 1920 ലുമാണ്. ഇതോടൊപ്പം ഇങ്ങനെ തയ്യാറാക്കി എഴുതിയ ഭരണഘടന രേഖാ ശേഖരത്തിൽ സൂക്ഷിച്ചതല്ലാതെ പിന്നാലെ വന്ന ആശ്രമാംഗങ്ങൾക്ക് ആചരണത്തിനായി നല്കപ്പെട്ടിരുന്നില്ല. പിന്നീട് സമൂഹസ്ഥാപകൻ അപ്പപ്പോൾ ചില നിയമങ്ങൾ എഴുതിയിട്ടുണ്ടെങ്കിലും ഒന്നും ഒദ്യോഗികമായി കടപ്പെടുത്തിയിട്ടില്ല. Some teaching on the Religious life by St. Basil the Great എന്ന പുസ്തകത്തിന്റെ ഏതാനും പ്രതികൾ ഒരു കാലത്ത് സമൂഹാംഗങ്ങളുടെ ഇടയിൽ വിതരണം ചെയ്യുകയുണ്ടായെങ്കിലും സന്യാസത്തെപ്പറ്റി പ്രതിപാദിക്കുന്ന ഒരു ഗ്രന്ഥമെന്ന സ്ഥാനമേ അതിന് കൊടുത്തിരുന്നുള്ളൂ. അതതുകാലത്ത് നവാഗതരെ പരിശീലിപ്പിക്കുവാൻ കടപ്പെട്ടവർ സന്യാസത്തിന്റെ പൊതു തത്വങ്ങൾ സന്യാസ ഗ്രന്ഥങ്ങളിൽ നിന്ന് പഠിപ്പിക്കുന്നതുകൊണ്ട് തൃപ്തിപ്പെട്ടിരുന്നു. സമൂഹം കത്തോലിക്കാ സഭയിൽ ചേർന്നതോടെ ഈ നിലക്ക് ഒരു വ്യത്യാസം വരേണ്ടത് അനുപേക്ഷണീയമായിത്തീർന്നു. കത്തോലിക്കാ സഭയിലെ മറ്റു സന്യാസിസമൂഹങ്ങളിൽ നിന്നു ബഥനിയ്ക്കുള്ള പ്രത്യേകത എന്താണെന്ന് നിയമം വഴി വ്യക്തമാക്കിയേ മതിയാവൂ എന്ന് ബന്ധപ്പെട്ട ഏവർക്കും ബോദ്ധ്യമായി. അതിനാൽ 1931-ൽ സമൂഹസ്ഥാപകൻ അച്ചടിപ്പിച്ച് സമൂഹാംഗങ്ങൾക്ക് നല്കിയ ഒരു ചെറുഗ്രന്ഥമാണ് "ബഥനി മ്ശിഹാനുകരണ സഭ സംക്ഷിപ്ത (വിശുദ്ധ) നിയമം'' എന്ന പേരിൽ അറിയപ്പെടുന്നത്. അതിനെ തുടർന്ന് അപ്പോഴപ്പോഴത്തെ ആവശ്യത്തിനനുസരിച്ചു സമൂഹസ്ഥാപകൻ നിയമങ്ങൾ എഴുതി കൊടുത്തു കൊണ്ടിരുന്നു. 1933-ൽ

തിരുവനന്തപുരം ആശ്രമത്തിൽ നവശിഷ്യ പരിശീലനം തുടങ്ങിയപ്പോൾ അവർക്കു വേണ്ടി മാർ ഈവാനിയോസ് തിരുമേനി കൊടുത്ത നിയമസംഹിതയും, 1934-ൽ തിരുവല്ലായിൽ സ്ഥാപിക്കപ്പെട്ട രൂപതാ സമൂഹത്തിനു വേണ്ടി അന്ന് തിരുവല്ലാ രൂപതാധികാരി നല്കിയതും പിന്നീട് തിരുവല്ലായിൽ ചെന്നു ചേർന്ന ബഥനിക്കാർക്കു കൂടെ കടപ്പെടുത്തികൊടുത്തതായ കരടു നിയമവും ഈ ഇനത്തിൽ പെടുന്നവയാണ്.

ഈ നിയമങ്ങൾക്കും ആചാരങ്ങൾക്കും ഏകീകരണം വരുത്തുവാനായി, ആശ്രമാംഗങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഒരു കമ്മിറ്റിയെ രൂപതാധികാരികൾ 16-5-1938-ൽ നിയമിക്കുകയും അവർ യഥാസമയം ഒരു കരടു നിയമം ക്രോഡീകരിച്ച് അംഗീകരണത്തിനായി സമർപ്പിക്കുകയും ചെയ്തു. അതേപ്പറ്റി രൂപതാധികാരികൾ മൗനം പാലിച്ചതേയുള്ളൂ.

വീണ്ടും, തിരുവനന്തപുരത്തെയും തിരുവല്ലായിലെയും ആശ്രമങ്ങൾ ഒന്നായി തീർന്നപ്പോൾ, Interdiocesan എന്ന നിലയിൽ ഒരു കരടു നിയമം ക്രോഡീകരിച്ച് അംഗീകരണത്തിനു സമർപ്പിക്കണമെന്നു വന്ദ്യതിരുമേനിമാർ ആവശ്യപ്പെടുകയും അതനുസരിച്ച് എഴുതിയുണ്ടാക്കിയ കരടു നിയമം 25-11-49-ൽ അംഗീകരിക്കുന്നതിനായി സമർപ്പിക്കുകയും ചെയ്തു. ഇതഃപര്യന്തം നിലവിലിരുന്ന നിയമങ്ങളെ ആസ്പദമാക്കിയാണ് ഈ കരടുനിയമം ക്രോഡീകരിച്ചിരുന്നതെങ്കിലും അതും രൂപതാധികാരികൾ അംഗീകരിച്ചു തന്നില്ല. തദനന്തരം വന്ദ്യ തിരുമേനിമാർ തന്നേ, ഇതഃപര്യന്തമുള്ള നിയമങ്ങളോടു പലകാര്യങ്ങളിലും പൊരുത്തപ്പെടാത്ത ഒരു നിയമസംഹിത എഴുതിയുണ്ടാക്കി അച്ചടിപ്പിക്കുകയും 1951 ഏപ്രിൽ 15 മുതൽ നടപ്പിൽ വരുത്തിക്കൊള്ളണ മെന്നുള്ള സംയുക്തകല്പനയോടുകൂടെ 1951 ഏപ്രിൽ 10-ാം തീയതി സുപ്പീരിയർ ജനറലിനെ ഏല്പിക്കുകയും ചെയ്തു. ഈ നിയമസംഹിത സമൂഹത്തിൽ നടപ്പിലാക്കുവാൻ നിർവാഹമില്ലാതിരുന്നതിനാൽ സുപ്പീരിയർ ജനറലും കൗൺസിലേഴ്സും തങ്ങളുടെ ഉദ്യോഗം രാജിവയ്ക്കുകയുണ്ടായി. എങ്കിലും ഈ നിയമം തന്നേ വന്ദ്യ തിരുമേനിമാർ അംഗീകരണത്തിനായി റോമിലേക്ക് അയച്ചുകൊടുത്തു. ഇതിനകം നിയമസംഹിത സംബന്ധിച്ച് രൂപതാധികാരികളും സമൂഹാംഗങ്ങളും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടെന്ന്

റോമിൽ അറിവായിരുന്നു. അതിനാൽ Sacred Congregation-ൽ നിന്ന് നിയമസംഹിത അയച്ചുകൊടുക്കണമെന്ന് സുപ്പീരിയർ ജനറലിനോട് ആവശ്യപ്പെടുകയും അദ്ദേഹം സമൂഹാംഗങ്ങൾ തയ്യാറാക്കിയിരുന്ന വി. നിയമം അയച്ചുകൊടുക്കുകയും ചെയ്തു. രണ്ടും കൂടെ പരിശോധിച്ച ശേഷം ആവശ്യമുള്ള തിരുത്തലുകളോടു കൂടെ 1955 ഏപ്രിൽ 30-ാം തീയതി തിരുസിംഹാസനത്തിൽ നിന്ന് Santa Congregationis De Imitatione Christi ലത്തീനിലും ഇംഗ്ലീഷിലുമുള്ള ഓരോ കോപ്പി ആർച്ചുബിഷപ്പു തിരുമനസ്സിലെ പേർക്ക് അയച്ചുകൊടുക്കുകയും, ആർച്ചുബിഷപ്പിന്റെ അസാന്നിദ്ധ്യത്തിൽ, അഡ്മിനിസ്ട്രേറ്റർ Mgr. C. T. Kuruvilla 1955 ജൂൺ 29-ാം തീയതി അവ സുപ്പീരിയർ ജനറലിന്റെ പേർക്ക് അയച്ചുകൊടുക്കുകയും ചെയ്തു. ലത്തീനിലുള്ള കോപ്പിയാണ് authentic ആയി അംഗീകരിക്കപ്പെട്ടിട്ടുള്ളത്.

വി. നിയമത്തോടുകൂടെ പൗരസ്ത്യ തിരുസംഘത്തിൽ നിന്ന് അയച്ചു തന്നിട്ടുള്ള കത്തിന്റെ കോപ്പി താഴെ ചേർക്കുന്നു.

Sacra Congregatio — Roma 30 April 1955
“Pro Ecclesia oriental” — via della Concillazione, 34

Your Excellency,

I have the privilege of sending your Excellency the copy of the constitution of the Congregation of the Imitation of Christ with the request of having it over to the Superior General of the same congregation. With the present we send also a copy of the constitution in English which was sent here for necessary scrutiny.

The point of difference are settled, to a great extent, in order to follow as faithfully as possible the prescription of the Canon of Motu proprio “Postquam Apostolicis Litteris” (AA.SV XXXXIV. or 1952 Page 65).

I take this occasion to express my special respects

del Eccellenza vostra Reverendissima
aff.mo.confratello
(sd)
Eugenio Card.Tisserant
Segr.

www.malankaralibrary.com

(sd)
A.Coussa
Ass.

A
Sua Eccellenza Reverendissima
Monsignor Gregorio Benedetto Varghese
Arcivescovo di Trivandrum.

ഈ നിയമസംഹിത ക്രോഡീകരിക്കുന്നതിലും മറ്റും ബ. പ്ലാസിഡ് അച്ചൻ വിലയേറിയ സഹായമാണ് ചെയ്തുതന്നിട്ടുള്ളത്. അദ്ദേഹത്തോട് സമൂഹത്തിനുള്ള കടപ്പാട് അവിസ്മരണീയമത്രേ.

**ഫാദർ മൈക്കിൽ ഉപരിപഠനത്തിനായി ത്രിശ്ശിനാപ്പള്ളിയിലേക്ക്**

ഈ സ്കൂൾ വർഷാരംഭത്തിൽ ഉപരിപഠനത്തിനായി ബ. മൈക്കിൾ അച്ചൻ ത്രിശ്ശിനാപള്ളി സെന്റ് ജോസഫ് കോളജിലേയ്ക്ക് പോയി.

**തല്ക്കാല വ്രതാനുഷ്ഠാനം 2.8.55 ൽ**

ബ.ജോണച്ചന്റെ കീഴിൽ നവശിഷ്യ പരിശീലനത്തിലായിരുന്ന താഴെ പറയുന്നവർ 2-8-55-ൽ തിരുവനന്തപുരം ആശ്രമത്തിൽ വച്ച് സുപ്പീരിയർ ജനറലിന്റെ മുമ്പാകെ മൂന്നു വർഷത്തേക്ക് തല്ക്കാല വ്രതമെടുത്തു. അവർ സ്വീകരിച്ച സന്യാസ നാമങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പി. വി. സൈമൺ | ബ്ര. വിൻസന്റ് |
| റ്റി. ഇ. തോമസ് | ബ്ര. ഇഗ്നേഷ്യസ് |
| റ്റി. സി. മാത്യു | ബ്ര. മാത്യു |
| പി. വി. കുര്യാക്കോസ് | ബ്ര. ജോൺ ബർക്കുമാൻസ് |
| കെ. എ. ജേക്കബ് | ബ്ര. ബെർണാർഡ് |
| പി.പി. ജോസഫ് | ബ്ര. തോമസ് അക്വിനാസ് |
| തോമസ് വർഗീസ് | ബ്ര. സ്റ്റാനിസ്ലാസ് കോസ്തക്കാ |
| വർക്കി ജോർജ് | ബ്ര. പയസ്സ് |
| സി. ഒ. ജോസഫ് | ബ്ര. ഡൊമനിക് സാവിയോ |
| പി.റ്റി. ജോൺ | ബ്ര. ജറോം |

**പുനരൈക്യ രജത ജൂബിലി: 9-9-1955**

ബഥന്യാശ്രമവും ബഥനി മഠവും യോജിച്ച് പുനരൈക്യ ജൂബിലി മഹാമഹം നാലാഞ്ചിറ വച്ച് ആഘോഷിച്ചു. അന്നേ ദിവസം ആശ്രമചാപ്പലിൽ 13 മണി ആരാധനയും, ആശ്രമചാപ്പലിൽ നിന്ന് മഠത്തിലെ ചാപ്പൽ വരെ വി. കുർബാനയുടെ ആഘോഷമായ പ്രദക്ഷിണവും നടത്തി. വഴി മുഴുവൻ അലങ്കരിച്ചിരുന്നു. ആരാധന യിലും പ്രദക്ഷിണത്തിലും ഒരു വലിയ ജനക്കൂട്ടം സംബന്ധിച്ചു.

**10.11.55 ബ.തിയോഫിലസച്ചൻ ആശ്രമം വിടുന്നു**

ബ. അച്ചൻ വ്രതങ്ങളിൽ നിന്ന് (നിത്യവ്രതം) വിടുതൽ ലഭിക്കുന്നതിനായി പൗരസ്ത്യ സിംഹാസനത്തിന് അപേക്ഷ സമർപ്പിക്കുകയും പൗരസ്ത്യ സിംഹാസനത്തിൽ നിന്ന് സുപ്പീരിയർ ജനറലിനെ (ഫാദർ പീറ്റർ) അതിന് അധികാരപ്പെടുത്തുകയും ചെയ്തു. (444/54) അനുസരിച്ച് സുപ്പീരിയർ ജനറൽ 10-11-55-ൽ അദ്ദേഹത്തിന് വ്രതങ്ങളിൽ നിന്ന് വിടുതൽ നല്കി.

**മറ്റൊരു ബാച്ചിന്റെ നോവിഷ്യറ്റു പ്രവേശനം:** 14-10-55

1954-ൽ ബഥന്യാശ്രമത്തിൽ പ്രവേശിപ്പിക്കപ്പെട്ട ഫിലിപ്പ് ജോൺ തകിടിയിൽ, എം. ജോൺ തുരുത്തിയിൽ, ജി. ജേക്കബ് തിരുവാലിൽ മണ്ണത്തിൽ, പി.റ്റി. ഈപ്പൻ കുഴിമേപ്പുറത്ത്, പൗലോസ് പേരാലും മൂട്ടിൽ, എബ്രഹാം പാലനിൽക്കുന്നതിൽ എന്നിവരെ 14-10-55-ൽ നാലാഞ്ചിറ ബഥനി ആശ്രമ ചാപ്പലിൽ വച്ച് സുപ്പീരിയർ ജനറൽ നവശിഷ്യപദത്തിലേക്ക് സ്വീകരിച്ച്, ബ. ജോണച്ചന്റെ കീഴിൽ പരിശീലനത്തിന് ഏല്പിച്ചു.

1956 മാർച്ച് 11-ാം തീയതി 12-ാം പീയൂസ് മാർപ്പാപ്പയുടെ 80-ാം ജന്മദിനം ആഘോഷമായ കുർബാനയോടും മറ്റു ചടങ്ങുകളോടും കൂടെ കൊണ്ടാടി. ഫാദർ ആൻഡ്രൂ 1956 മുതൽ മാർ ഈവാനിയോസ് കോളജിൽ ലക്ചററായി നിയമിക്കപ്പെട്ടു.

**1956 ബ്രദർ അലോഷ്യസ് ബി.റ്റി. കോളജിലേക്ക്**

കറ്റാണം പയസ് XI ഹൈസ്കൂളിൽ അദ്ധ്യാപകവൃത്തി യിലേർപ്പെട്ടിരുന്ന ബഥന്യാശ്രമസ്ഥനായ ബ്രദർ അലോഷ്യസ് ഒ.ഐ.സി, ബി.റ്റി.യ്ക്കു ചേരുന്നതിന് ഗവൺമെന്റ് തിരഞ്ഞെടുത്തതനുസരിച്ച്

അദ്ദേഹം ഈ സ്കൂൾ വർഷാരംഭത്തിൽ (1956 ജൂൺ) തിരുവനന്തപുരത്തേയ്ക്കു പോയിരിക്കുന്നു. ഈ സ്കൂൾ വർഷാവസാനം വരെ അദ്ദേഹം കാത്തലിക് ഹോസ്റ്റലിൽ താമസിച്ചുകൊണ്ട് ഗവൺമെന്റ് ബി.റ്റി. കോളേജിൽ പഠിക്കുന്നതായിരിക്കും.

**മാർ തിയോഫിലോസ് തിരുമേനിയുടെ ദേഹവിയോഗം**

ദീർഘനാളായി തിരുവല്ലാ അരമനയിൽ രോഗിയായി കഴിഞ്ഞുകൂടിയ തിരുമേനി 27-6-56-ൽ കാലയവനികയ്ക്കുള്ളിൽ മറഞ്ഞു.

**ആശ്രമസ്ഥന്മാരുടെ പൊതു സ്ഥലം മാറ്റം**

ആശ്രമ മന്ദിരങ്ങളിലെ ലോക്കൽ സുപ്പീരിയേഴ്സിന്റെയും മറ്റ് ഉദ്യോഗവാഹികളുടെയും ഉദ്യോഗകാലാവധി കഴിഞ്ഞിരുന്നതിനാൽ അപ്പസ്തോലിക് വിസിറ്ററുടെ നിർദ്ദേശാനുസാരം 1956-ൽ ജനറൽ കൗൺസിൽ തിരഞ്ഞെടുപ്പ് നടത്തി. ഓരോ സ്ഥലത്തേക്കുമുള്ള നിയമനങ്ങൾ താഴെപ്പറയുന്ന പ്രകാരമാണ്.

കറ്റാണത്തും ചെങ്ങന്നൂരും ഭേദഗതികൾ ഒന്നും ചെയ്തിരുന്നില്ല. ഇപ്പോൾ അവിടങ്ങളിൽ താമസിക്കുന്നവർ തന്നേ മേലിലും തുടരുന്നതാണ്. എന്നാൽ ചെങ്ങന്നൂരിൽ ബ. പക്കോമിയോസ് അച്ചനായിരിക്കും മന്ദിര സുപ്പീരിയർ. പൂനാ ആശ്രമ സുപ്പീരിയറായി ബ. ഗബ്രിയേൽ അച്ചൻ തുടരും. തിരുവല്ലാ ആശ്രമത്തിൽ ഫാദർ റഫായേൽ സുപ്പീരിയറായി തുടരും. തിരുവല്ലാ ആശ്രമത്തിൽ പോസ്റ്റുലൻസ് മാസ്റ്ററായി ബ. ക്രിസോസ്റ്റം അച്ചനെയും ഗീസബ്രായായി ബ. പൗലോസ് അച്ചനെയും നിയമിച്ചു. തിരുവനന്തപുരം ആശ്രമത്തിൽ നോവിസ് മാസ്റ്ററായി ബ. ജേക്കബ് അച്ചനെയും ലോക്കൽ കൗൺസിലറായി ബ. ജോബ് അച്ചനെയും നിശ്ചയിച്ചു. സുപ്പീരിയർ ജനറൽ തന്നേ തിരുവനന്തപുരം ആശ്രമത്തിലെ ലോക്കൽ സുപ്പീരിയർ ഉദ്യോഗവും കൂടെ വഹിക്കും.

**1956 നവശിഷ്യരുടെ ആദ്യ വ്രതാനുഷ്ഠാനം**

14-10-55-ൽ നവശിഷ്യപദത്തിൽ പ്രവേശിപ്പിക്കപ്പെട്ട ഫിലിപ്പ് ജോൺ മുതലായവരുടെ ആദ്യ വ്രതാനുഷ്ഠാനം 16-10-56-ൽ തിരുവനന്തപുരം (നാലാഞ്ചിറ) ബഥന്യാശ്രമചാപ്പലിൽ വച്ച് പെരിയ

ബ. സുപ്പീരിയർ ജനറലിന്റെ മുമ്പാകെ നടത്തപ്പെട്ടു. അവർ സ്വീകരിച്ച സന്യാസ നാമങ്ങൾ താഴെ ചേർക്കുന്നു:

| | |
|---|---|
| ബ്ര. ഫിലിപ്പ് ജേക്കബ് | ആൽബർട്ട് |
| ബ്ര. എം. ജോൺ | ലോറൻസ് |
| ബ്ര. ജേക്കബ് | സ്റ്റീഫൻ |
| ബ്ര. പി. റ്റി. ഈപ്പൻ | സെബാസ്റ്റ്യൻ |
| ബ്ര. പൗലോസ് പേരാലുംമൂട്ടിൽ | നോർബർട്ട് |
| ബ്ര. പി.പി.ഏബ്രഹാം | ലാസർ |

## Apostolic Visitor, Mgr. Lombardy ബഥനിയോട് വിടവാങ്ങുന്നു

ഇന്റർ നൂൺഷ്യോ തിരുമേനി ഫെബ്രുവരി 13,1957-ൽ Apostolic visitor ന്റെ കാലാവധി അവസാനിച്ചിരിക്കുന്നതായി അറിയിച്ചു. സമൂഹം സാധാരണ ഗതിയിലായിരിക്കുന്നതിനാൽ ഇനി Apostolic visitor ന്റെ ആവശ്യമില്ല എന്നാണ് കല്പനയിൽ പറയുന്ന പിൻവലിക്കാനുള്ള കാരണം.

### കുളച്ചിറ റബ്ബർ പ്ലാന്റേഷൻസ്

ആർച്ചുബിഷപ്പ് തിരുമേനി 1947-ൽ ആശ്രമത്തിലേയ്ക്ക് വിട്ടുതന്നിട്ടുള്ള കുളച്ചിറ എസ്റ്റേറ്റിൽ റബ്ബർ വച്ചുപിടിപ്പിക്കണമെന്നു തീരുമാനിച്ചതനുസരിച്ച് അതിനുള്ള പ്രാരംഭ നടപടികൾ 1955-ൽ തുടങ്ങി. 1956 ആഗസ്റ്റിൽ സുപ്പീരിയർ ജനറൽ തിരുവനന്തപുരം ആശ്രമത്തിൽ നിന്ന് കറ്റാണം ആശ്രമത്തിലേക്ക് റബ്ബർ കുരു ആയച്ചുതന്നു. റബ്ബറിനു കുഴിയുണ്ടാക്കുക മുതലായ പണികളും കറ്റാണം ആശ്രമത്തിന്റെ ചുമതലയിൽ നടന്നുവന്നു. രജിസ്ട്രേഷനുള്ള അപേക്ഷ 8-8-58-ൽ അയച്ചു. 1955-ൽ കൃഷി ചെയ്ത 21 ഏക്കർ മാവേലിക്കര 74 എന്ന നമ്പരിൽ കോട്ടയം റബ്ബർ ബോർഡ് ഓഫീസിൽ രജിസ്റ്റർ ചെയ്തിരിക്കുന്നതായി റബ്ബർ ബോർഡ് സെക്രട്ടറിയുടെ 26-12-58-ലെ കത്തു കിട്ടിയിട്ടുണ്ട്. അരി കിളിർക്കാതെ വന്നിട്ടുള്ള കുഴികളിലും തരിശായി കിടന്ന സ്ഥലവും റബ്ബർ തൈകൾ വച്ചു. അങ്ങനെ 3000-ൽ പരം റബ്ബർ മരങ്ങൾ കറ്റാണം ആശ്രമത്തിന്റെ ചുമതയിൽ വച്ചു പിടിപ്പിച്ചിട്ടുണ്ട്.

www.malankaralibrary.com

**കറ്റാണം മിഷൻസ്**

കറ്റാണം സിറിയൻ കത്തോലിക്കാമിഷന്റെ ജനയിതാക്കൾ മാങ്കാവിൽ ബ. ഗീവർഗീസ് അച്ചനും, അനുജൻ ശമുവേൽ അച്ചനുമാണ്. 1938-ൽ മാർ ഈവാനിയോസ് തിരുമേനി കറ്റാണത്തെത്തി മിഷൻ ഔദ്യോഗികമായി ഉൽഘാടനം ചെയ്തു. ബ. ഗീവർഗീസ് അച്ചന്റെ നാമത്തിൽ ബ. ശമുവേൽ അച്ചന്റെ മാനേജു മെന്റിൽ നടന്നുവന്ന എഫ്.ജി.എം. സ്കൂൾ വക ഒരു കെട്ടിടത്തിലാണ് ഇടവകക്കാരുടെ ആത്മീയ ദിഷ്ടതികൾ നടന്നുവന്നത്. വികാരിയായി ബ. ശമുവേൽ അച്ചൻ നിയമിക്കപ്പെട്ടു. താമസിയാതെ പ്രസ്തുത സ്കൂൾ കെട്ടിടവും അതുൾപ്പെടുന്ന സ്ഥലവും ബ. അച്ചന്മാർ മാർ ഈവാനിയോസ് തിരുമേനിയ്ക്ക് തീറായി എഴുതിക്കൊടുക്കുകയും, വന്ദ്യ തിരുമേനി അവിടെ ഒരു ഹൈസ്കൂൾ സ്ഥാപിക്കുകയും ചെയ്തു. കാലാന്തരത്തിൽ എഫ്.ജി.എം. സ്കൂളും ബ. അച്ചന്മാർ മാർ ഈവാനി യോസ് തിരുമേനിക്കു വിട്ടുകൊടുത്തു. 1947-ൽ ബഥന്യാശ്രമ സ്ഥന്മാർ കറ്റാണം ആശ്രമത്തിൽ താമസമായതോടെ വന്ദ്യ പിതാവ് സ്കൂളു കളുടെ മാനേജുമെന്റ് ബഥന്യാശ്രമത്തെ ഏല്പിച്ചു. അന്നുമുതൽ ആശ്രമസ്ഥന്മാർ തന്നെ പ്രസ്തുത സ്കൂളുകൾ ഭരിച്ചു നടത്തിയിരുന്നു.

കറ്റാണം ഇടവകയുടെ വികാരിയായിരുന്ന ബ. മാങ്കാവിൽ ശമുവേൽ അച്ചൻ 1948 നവംബർ 1-ാം തീയതി ദേഹവിയോഗം ചെയ്തു. അദ്ദേഹത്തിന്റെ പിൻഗാമിയായി നിയമിക്കപ്പെട്ടത് കറ്റാണം ആശ്രമത്തിന്റെ അന്നത്തെ സുപ്പീരിയറായിരുന്ന ബ. ഫാദർ ക്രിസോസ്റ്റം ഒ.ഐ.സിയെ ആണ്. മൂന്നു വർഷത്തോളം അദ്ദേഹം പ്രശസ്തമാം വണ്ണം ഇടവക ഭരിച്ചു. അദ്ദേഹം സ്ഥലം മാറിപ്പോയതിന്റെ ശേഷം ആശ്രമസ്ഥന്മാരെ തന്നെയാണ് വന്ദ്യതിരുമേനി ഇടവകവികാരിമാരായി നിയമിച്ചിട്ടുള്ളത്. 1953 മുതൽ 1959 വരെ ഇടവകയും സ്കൂളുകളും സുപ്പീരിയർ ജനറലിന്റെ നിയന്ത്രണത്തിൽ ഫാദർ യോശുവായുടെ ഭരണത്തിലായിരുന്നു. ഹൈസ്കൂളിൽ, വർദ്ധിച്ചുവന്ന കുട്ടികൾക്ക്, സ്ഥലസൗകര്യമില്ലാതിരുന്നതിനാൽ, അതിനോടനുബന്ധിച്ച് കൂടുതൽ കെട്ടിടങ്ങൾ അക്കാലത്തു പണിയിച്ചു. വാടകക്കെട്ടിടത്തിൽ നടത്തി വന്ന മിഡിൽ സ്കൂളും പുതിയ കെട്ടിടത്തിലേക്കു മാറ്റി. എങ്കിലും കറ്റാണത്ത് ഒരു നല്ല പള്ളി 1956 വരെ ഉണ്ടായില്ല. പള്ളിയ്ക്കുവേണ്ടി ഇടവക ജനങ്ങൾ വികാരിയുടെയും ആർച്ചുബിഷപ്പിന്റെയും മേൽ

സമ്മർദ്ദം ചെലുത്തിക്കൊണ്ടിരുന്നു. അവർ തന്നേ കുറെ പണം അതിനായി ഉണ്ടാക്കുകയും ചെയ്തു. ഒടുവിൽ വന്ദ്യതിരുമേനി അവരുടെ ഇംഗിതത്തിനു വഴിപ്പെടുകയും 1956 ഡിസംബർ 23-ാം തീയതി ഞായറാഴ്ച വൈകിട്ട് കറ്റാണം ആശ്രമത്തിൽ വന്നു താമസിച്ചിട്ട് തിങ്കളാഴ്ച രാവിലെ വി. കുർബാന കഴിഞ്ഞ് പള്ളിയ്ക്ക് കല്ലിടുകയും ചെയ്തു. പള്ളിപ്പണിയുടെ ചെലവിന്റെ സിംഹഭാഗവും ആർച്ചുബിഷപ്പ് തിരുമേനി തന്നെയാണ് വഹിച്ചതെങ്കിലും ഇടവകക്കാരും അവരുടെ കഴിവിന്റെ പരമാവധി സഹായിച്ചു എന്നത് പ്രസ്താവ്യമാണ്.

കറ്റാണം ഇടവകയിലെ പ്രവർത്തനങ്ങൾക്കു പുറമേ കറ്റാണം ആശ്രമത്തിന്റെ നേതൃത്വത്തിൽ കോമല്ലൂർ, വള്ളികുന്നം എന്നീ സമീപസ്ഥലങ്ങളിൽ പുതിയ മിഷൻ ആരംഭിക്കുകയും പള്ളികൾ പണിയിക്കുകയും ചെയ്തിട്ടുണ്ട്. ചാരുംമൂട്ടിൽ പേരിനുമാത്രം നടത്തിയിരുന്ന മിഷൻ, അഭിവൃദ്ധിപ്പെടുത്തുന്നതിനും, അവിടെ സാമാന്യം നല്ല ഒരു പള്ളി പണിയിക്കുന്നതിനും കറ്റാണം ആശ്രമക്കാർ തന്നെയാണ് മുൻകൈയെടുത്തു പ്രവർത്തിച്ചിട്ടുള്ളത്. ഇടപ്പോൺ, വെട്ടിയാർ എന്നീ ഇടവകകളും കറ്റാണം ആശ്രമത്തിൽ നിന്നു തന്നെ നടത്തിവന്നു. അവിടങ്ങളിൽ പള്ളികൾ പണിയുന്നതിലും ആശ്രമ വൈദികരാണ് നേതൃത്വം നല്കിയിട്ടുള്ളത്. പൊതുവേ പറഞ്ഞാൽ കറ്റാണത്തും പരിസരങ്ങളിലുമുള്ള മിഷൻസിന്റെ ഇന്നത്തെ നിലയിൽ ബഥന്യാശ്രമത്തിന് അഭിമാനം കൊള്ളാമെന്നു തോന്നുന്നു.

**മേക്കോണം എസ്റ്റേറ്റ്**

23-3-57-ൽ കരയും നിലവും ഉൾപ്പെടെ 20 ഏക്കർ വരുന്ന മേക്കോണം എസ്റ്റേറ്റ് 35000 രൂപയ്ക്ക് സുപ്പീരിയർ ജനറലിന്റെ പേരിൽ തീറുവാങ്ങി.

**സന്യാസാർത്ഥികൾ ധർമ്മശിഷ്യപദത്തിലേക്ക്**

1955, 56 ഈ വർഷങ്ങളിൽ സന്യാസ സമൂഹത്തിൽ പ്രവേശനം പ്രാപിച്ചിരുന്ന പി. ആർ. ശാമുവൽ ശെമ്മാശ്ശൻ, നിലയ്ക്കൽ (തുമ്പമൺ) പി.എം. ജോൺ പൊയ്കയിൽ (ഇടപ്പോൺ), കെ. റ്റി. ഫിലിപ്പ് കുറ്റിയിൽ (കറ്റാനം), എൻ. വി. ജോൺ നല്ലുത്താനത്ത് (തിരുമൂലപുരം), എം. ജോഷാ മൂലവീട്ടിൽ (പുന്നമൂട്, മാവേലിക്കര), എ. എസ്. ഡാനിയേൽ,

ആലുമ്മൂട്ടിൽ തെക്കതിൽ (പത്തനംതിട്ട), എം. സി. ഏബ്രഹാം മുരങ്ങശ്ശേരിൽ (കവിയൂർ) കെ.ഇ. ഫിലിപ്പ് കടിയൻ കുന്നിൽ (അയിരൂർ) എന്നിവരെ 14-5-57-ൽ പെ. ബ. സുപ്പീരിയർ ജനറൽ തിരുവനന്തപുരം ബഥന്യാശ്രമത്തിൽ വച്ച് നവശിഷ്യപദത്തിലേയ്ക്കു പ്രവേശിപ്പിച്ചു. അവരുടെ പരിശീലനം നവശിഷ്യഗുരുവായ ബ. ജേക്കബ് അച്ചനെ ഭരമേല്പിച്ചു.

**നിത്യവ്രതവും ടോൺഷറും**

29-5-1957-ൽ ബ്രദേഴ്സ് അത്തനേഷ്യസ്, സിറിൾ, ഫ്രാൻസിസ് സെയിൽ, അഗസ്റ്റിൻ, ഫ്രാൻസിസ് സേവ്യർ, അംബ്രോസ്, തോമസ് എന്നിവർ സുപ്പീരിയർ ജനറൽ മുമ്പാകെ നിത്യവ്രതവും, ബ്രദർ സിൽവസ്റ്റർ ഒരു വർഷത്തേയ്ക്ക് തല്ക്കാല വ്രതവുമെടുത്തു. 30-5-57-ൽ നിത്യവ്രതസ്ഥന്മാരെല്ലാവരും ടോൺഷറും സ്വീകരിച്ചു.

**മലങ്കര സുറിയാനി ഹയരാർക്കിയുടെ രജതജൂബിലി ആഘോഷം**

11-6-1957 രാവിലെ 6.30ന് ആശ്രമചാപ്പലിൽ ആഘോഷമായ വിശുദ്ധ കുർബാന അർപ്പിച്ചു. ആശ്രമസ്ഥന്മാർ ഏവർക്കും ഉല്ലാസമായിരുന്നു. വൈകിട്ട് 7 മുതൽ 8 വരെ ജൂബിലി പ്രമാണിച്ച് വിശുദ്ധ കുർബാനയുടെ മുമ്പാകെ ഒരു മണിക്കൂർ ആരാധന നടത്തി (ഹയരാർക്കി സ്ഥാപിക്കപ്പെട്ടത് 11-6-1932-ൽ ആയിരുന്നു).

**4-7-1957 നാലാഞ്ചിറ ആശ്രമത്തിൽ ആർച്ചുബിഷപ്പു മാർ ഗ്രീഗോറിയോസ് തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ പ്രത്യേക കോൺഫറൻസ്**

ആർച്ച്ബിഷപ്പു തിരുമനസ്സിലെ നിർദ്ദേശപ്രകാരം എല്ലാ മന്ദിരങ്ങളിലെയും സുപ്പീരിയേഴ്സ് തലേദിവസം തന്നേ നാലാഞ്ചിറ ആശ്രമത്തിൽ വന്നു ചേർന്നു. 4-ാംതീയതി രാവിലെ 10.30ന് സുപ്പീരിയേഴ്സും ജനറൽ കൗൺസിൽ ആംഗങ്ങളും ആർച്ചുബിഷപ്പു തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. സമൂഹ നവീകരണത്തിനുള്ള മാർഗ്ഗങ്ങളെപ്പറ്റി ആരായുവാൻ. ഒന്നാം സെഷൻ കഴിഞ്ഞ് 1 മണിയോടു കൂടി തിരുമേനി അരമനയിലേക്കു മടങ്ങി. വീണ്ടും രാത്രി 9 മണിയോടു കൂടെ അദ്ദേഹം തിരിച്ചു വരുകയും 11.30 വരെ സമ്മേളനം തുടരുകയും ചെയ്തു. അനന്തരം തിരുമേനി അരമനയിലേക്കു മടങ്ങി പോയി.

**വിദ്യാഭ്യാസ ബില്ലിനെക്കുറിച്ച് ചർച്ച ചെയ്യാനുള്ള കോൺഫറൻസ് – 15-7-1957**

മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസ ബില്ലിനെപ്പറ്റി ചർച്ച ചെയ്യാൻ അതിരൂപതയിലെ ബ. അച്ചന്മാരെല്ലാം ആർച്ചുബിഷപ്പ് തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ 15-7-1957-ൽ അരമനയിൽ സമ്മേളിച്ചു. 1st year Novices ഒഴിച്ചുള്ള ആശ്രമസ്ഥന്മാരെല്ലാവരും അതിൽ സംബന്ധിച്ചിരുന്നു.

**പ്രാർത്ഥനാദിനം**

21-7-1957 - ഏതാനും ദിവസങ്ങൾക്കു മുമ്പ് കേരളത്തിലെ ക്രൈസ്തവരുടെയെല്ലാം വൈദിക മേലദ്ധ്യക്ഷന്മാർ കോട്ടയത്തു സമ്മേളിക്കുകയും കേരളത്തിലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് നിയമസഭയിൽ അവതരിപ്പിച്ചിരുന്ന വിദ്യാഭ്യാസ ബിൽ നടപ്പിൽ വരാതിരിക്കുന്നതിനായി ജൂലൈ 21-ാം തീയതി ഞായറാഴ്ച എല്ലാ ക്രൈസ്തവരും പ്രാർത്ഥനാദിനമായി ആചരിക്കണമെന്ന് തീരുമാനിക്കുകയും, അതിനായി ഒരു സംയുക്ത പ്രസ്താവന ഇറക്കുകയും ചെയ്തു. അതിൻ പ്രകാരം നാലാഞ്ചിറ ബഥനി ആശ്രമത്തിൽ ഒരു മണിക്കൂർ ആരാധനയും വി. കുർബാനയും നടത്തി. മറ്റ് ആശ്രമങ്ങളിലും പ്രത്യേക പ്രാർത്ഥനകൾ നടത്തി.

**3-12-57- പൂനാ ആശ്രമസ്ഥന്മാർക്ക് ചെറിയ പട്ടങ്ങൾ**

ബ്രദേഴ്സ് അത്തനേഷ്യസ്, സിറിൽ, ഫ്രാൻസിസ് സെയിൽസ്, അഗസ്റ്റിൻ, ഫ്രാൻസിസ് സേവ്യർ, അംബ്രോസ്, തോമസ് എന്നിവർക്ക് ഇന്നേ ദിവസം ചെറിയ പട്ടങ്ങൾ (കോറൂയോ) നല്കപ്പെട്ടു. ബ്രദേഴ്സ് ഫ്രാൻസിസ് സെയിൽസ്, അഗസ്റ്റിൻ, ഫ്രാൻസിസ് സേവിയർ, തോമസ് എന്നിവർക്ക് അന്നേദിവസം എവുപദ്യക്നോൻ പട്ടം നല്കപ്പെട്ടു.

10-12-57 ആർച്ചുബിഷപ്പ് തിരുമേനി ആശ്രമത്തിൽ വരികയും, റീത്തുകളെ സംബന്ധിച്ച് തിരുസിംഹാസനത്തിൽ നിന്നു വന്നിട്ടുള്ള ചില പ്രത്യേക നിർദ്ദേശങ്ങൾ അറിയിക്കുകയും അടുത്ത ദിവസം മുതൽ അവ നടപ്പിൽ വരുത്തുവാൻ ആജ്ഞാപിക്കുകയും ചെയ്തു.

**23-12-57: ഫാദർ സെറാഫിയോന്റെ വൈദിക പട്ടത്തിന്റെ രജത ജൂബിലി**

അന്നേ ദിവസം അച്ചൻ നാലാഞ്ചിറ ആശ്രമ ചാപ്പലിൽ

ബ. ആഘോഷമായ വി. കുർബാനയർപ്പിക്കുകയും എല്ലാവരും അതിൽ സംബന്ധിക്കുകയും ചെയ്തു.

**നാഗപ്പൂർ ആർച്ചുബിഷപ്പു തിരുമേനിയുടെ നാലാഞ്ചിറ ആശ്രമ സന്ദർശനം**

30-12-57 സായാഹനത്തിൽ നാലാഞ്ചിറ ആശ്രമം സന്ദർശിച്ചു.

**മലങ്കര സുറിയാനി ഹയരാർക്കി സ്ഥാപന ജൂബിലി**

തിരുവനന്തപുരം അതിരൂപതയുടെയും തിരുവല്ലാ രൂപതയുടെയും ഏകോപിച്ചുള്ള ഹയരാർക്കി സ്ഥാപന ജൂബിലി ഫെബ്രുവരി 8-11 വരെ വകയാറ്റു പള്ളിയിൽ വച്ചു സാഘോഷം കൊണ്ടാടി. അതിൽ സംബന്ധിക്കുന്നതിനായി നാലാഞ്ചിറ ആശ്രമത്തിൽ നിന്ന് ഏതാനും വൈദികരും ബ്രദേഴ്സും പോയിരുന്നു. ജൂബിലി സമാപന ദിവസമായ 11-ാം തീയതി ലൂർദിലെ ശതവാർഷിക ജൂബിലി ഉദ്ഘാടനം ചെയ്യപ്പെട്ടു.

7-5-58 തിരുവനന്തപുരം ആർച്ചുബിഷപ്പു തിരുമേനിയുടെയും തിരുവല്ലാ ബിഷപ്പു തിരുമേനിയുടെയും സാന്നിദ്ധ്യത്തിൽ തിരുവല്ലാ ആശ്രമത്തിൽ വച്ച് 7-3-57-ൽ എല്ലാ ആശ്രമ വൈദികരും ചേർന്ന് ഒരു കോൺഫറൻസ് നടത്തി. സമൂഹത്തിന്റെ നന്മയ്ക്ക് സഹായകമായ പല കാര്യങ്ങളും കോൺഫറൻസിൽ ആലോചിച്ചു തീരുമാനിച്ചു.

**11-3-58 തിരുവനന്തപുരം അതിരൂപതയുടെ സ്ഥാപന വാർഷികം**

27-3-58- ഫാദർ മൈക്കിൾ ഉപരി പഠനം കഴിഞ്ഞ് ത്രിശ്ശിനാപള്ളിയിൽ നിന്ന് തിരുവനന്തപുരം ആശ്രമത്തിൽ മടങ്ങിയെത്തി. B.A. Hons. പാസ്സായി.

**9-4-58- തിരുവല്ലാ രൂപതയുടെ അധികാരസീമ മലബാറിലേക്കു നീട്ടുന്നു**

പരിശുദ്ധ സിംഹാസനത്തിൽ നിന്ന് അതു സംബന്ധിച്ചു അയച്ചു തന്ന കല്പന ഇന്നേ ദിവസം പരസ്യമായി പ്രഖ്യാപിച്ചു. അതിൽ സംബന്ധിക്കുവാനായി സുപ്പീരിയർ ജനറൽ തിരുവല്ലായി ലേക്കു പോയി. പരസ്യപ്രഖ്യാപനത്തിൽ 14-2-58 പത്രികപ്രകാരം തിരുവല്ലാ രൂപതാതിർത്തി വിപുലപ്പെടുത്തുകയും മലബാർ പ്രദേശവും

അതിനോടുചേർന്നു കിടക്കുന്ന മദ്രാസ്, മൈസൂർ സംസ്ഥാനങ്ങളുടെ ഏതാനും ഭാഗങ്ങളും ടി. രൂപതയോടു യോജിപ്പിക്കുകയും ചെയ്തു.

**16.4-58 ഫാദർ മൈക്കിൾ മലബാറിലേയ്ക്ക്**

മലബാറിലെ ക്രിസ്ത്യാനികളെ സംബന്ധിച്ച് ഒരു സർവ്വെ നടത്തുന്നതിനായി തിരുവല്ലാ രൂപതയിൽ നിന്ന് ഏതാനും പേരെ അയയ്ക്കുവാൻ വന്ദ്യ തിരുമേനി തീർച്ചപ്പെടുത്തി. അവരോടുകൂടെ മലബാറിലേക്കു പോകുന്നതിനുവേണ്ടി 16-4-58-ൽ ഫാദർ മൈക്കിൾ നാലാഞ്ചിറ ആശ്രമത്തിൽ നിന്ന് തിരുവല്ലായിലേക്കു പോയി.

**18-4-58** സുഖക്കേട് പ്രമാണിച്ച് 7-4-58-ൽ മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിച്ചിരുന്ന ബ. ബർസ്ലീബാ അച്ചൻ ഇന്നു തിരിച്ചെത്തി.

**6-5-1958** ആണ്ടുധ്യാനം ആരംഭിക്കുന്നു. ധ്യാനഗുരു Rev. Fr. Bosco OFM (Cap) ആണ്. നോവിസസ് വ്രതാനുഷ്ഠാനത്തിന് ഒരുക്കമായുള്ള ധ്യാനത്തിലേയ്ക്ക് പ്രവേശിക്കുന്നു.

**15-5-58 എട്ടു നവശിഷ്യരുടെ ആദ്യവ്രതാനുഷ്ഠാനം**

14-5-57-ൽ നവശിഷ്യപദത്തിൽ പ്രവേശിക്കപ്പെട്ട എട്ടുപേരെയും ആദ്യവ്രതാനുഷ്ഠാനത്തിന് അനുവദിച്ചു. സുപ്പീരിയർ ജനറലിന്റെ മുമ്പാകെ നാലാഞ്ചിറ ബഥന്യാശ്രമത്തിൽ വച്ച് 15-5-58-ൽ വ്രതാനുഷ്ഠാനം നടന്നു. അവരുടെ സന്യാസ നാമങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പി. ജോൺ ശമുവേൽ ശെമ്മാശൻ | ബ്ര. ജസ്റ്റിൻ |
| പി. എം. ജോൺ | ബ്ര. പ്ലാസിഡ് |
| കെ.റ്റി. ഫിലിപ്പ് | ബ്ര. ജോൺ ബോസ്കോ |
| എൻ. വി. ജോൺ | ബ്ര. ബേസിൽ |
| എം. ജോഷ്വാ | ബ്ര. ലൂയിസ് |
| എ. എസ്. ഡാനിയേൽ | ബ്ര. അൽഫോൺസ് ലിഗോരി |
| എം.സി. എബ്രഹാം | ബ്ര. ജോൺ വിയാനി |
| കെ. ഇ. ഫിലിപ്പ് | ബ്ര. കമീലസ് |

**18-5-1958** മലബാറിലെ ഗതിവിഗതികൾ നിരീക്ഷണം ചെയ്യുന്നതിനായി പോയിരുന്ന മൈക്കിളച്ചൻ 18-5-58-ൽ നാലാഞ്ചിറ ആശ്രമത്തിൽ തിരിച്ചെത്തി.

### ചെങ്ങന്നൂർ മിഷൻഹൗസ് നിർത്തലാക്കപ്പെടുന്നു

മേയ് 23, 1958-ലെ ആർച്ചുബിഷപ്പ് തിരുമേനിയുടെ കല്പനയിൽ രണ്ടാഴ്ചക്കകം അവിടെ വേല ചെയ്യുന്ന ആശ്രമസ്ഥരായ പട്ടക്കാരെ പിൻവലിക്കാമെന്നു സമ്മതിച്ചിരുന്നു. അതനുസരിച്ച് ആശ്രമസ്ഥന്മാരെ ചെങ്ങന്നൂർ നിന്നും പിൻവലിക്കുകയും, അവരുടെ ചുമതലയിലിരുന്ന ചെങ്ങന്നൂർ, ഇടയാറന്മുള, കീഴ്വന്മഴി ഇടവകകൾ മറ്റു വികാരിമാരെ ഏല്പിക്കുകയും ചെയ്തു.

### 7 വ്രതസ്ഥന്മാർ പൂനായിലേയ്ക്ക്

ബ്രദേഴ്സ് സ്റ്റനിസ്ലാവൂസ്, ആൽബർട്ട്, ലോറൻസ്, സ്റ്റീഫൻ, സെബാസ്റ്റ്യൻ, നോർബർട്ട്, ലാസർ എന്നിവർ 1958 ജൂൺ 2-ാം തീയതി പൂനാ സിമ്മനാരിയിലേക്കു യാത്രയായി. സ്റ്റനിസ്ലാവൂസ് അസുഖം നിമിത്തം പഠിത്തം തുടരാൻ കഴിയാതെ പൂനാ ആശ്രമത്തിൽ നിന്ന് കേരളത്തിലേയ്ക്ക് ഏതാനും മാസങ്ങൾക്കു മുമ്പ് തിരിച്ചു വന്നയാളാണ്; മറ്റുള്ളവർ പുതുതായി വ്രതം ചെയ്തവരും.

### ബ. ബർസ്ലീബാ അച്ചന്റെ ദേഹവിയോഗം

ഏതാനും മാസങ്ങളായി ബ. അച്ചൻ സുഖമില്ലാതെ കിടപ്പിലായിരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ രണ്ടാഴ്ചയോളം ചികിത്സയിൽ കഴിഞ്ഞുകൂടി. അല്പം ശമനം കണ്ടതിനാൽ അദ്ദേഹത്തെ തിരുവല്ലാ ആശ്രമത്തിലേക്കു മാറ്റി. അവിടെ ആയിരിക്കെ രോഗം മൂർച്ഛിച്ചു. കവിയൂർ ഡോ.അനിയന്റെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അവിടെ വച്ച് 30-12-58-ൽ ദേഹവിയോഗം ചെയ്തു. തിരുവല്ലാ ആശ്രമ സെമിത്തേരിയിൽ സംസ്ക്കരിക്കപ്പെട്ടു.

### ഒരു പുതിയ മാർപാപ്പ

Pius XII മാർപാപ്പ കാലംചെയ്തപ്പോൾ 1958 ഒക്ടോബർ 28-ാം തീയതി വെനീസ് പാത്രിയർക്കീസ് കർദ്ദിനാൾ ഏഞ്ചൽ ജോസഫ് റൊങ്കാലി പുതിയ പാപ്പായായി തിരഞ്ഞെടുക്ക പ്പെട്ടു.

## His Holiness Pope John XXIII

1958 നവംബർ 4-ാം തീയതി അദ്ദേഹത്തിന്റെ കിരീടധാരണം. ബഥന്യാശ്രമങ്ങളിൽ ഈ സുദിനം ആഘോഷമായി കൊണ്ടാടണമെന്ന്

ആർച്ചുബിഷപ്പു തിരുമേനി 1958 നവംബർ 1-ലെ കത്തിൽ പ്രത്യേകം പറഞ്ഞിരുന്നു. എല്ലാ ആശ്രമ മന്ദിരങ്ങളിലും ആദ്ധ്യാത്മിക ചട്ടങ്ങളോടുകൂടെ ഈ ദിനം സാഘോഷം കൊണ്ടാടി.

ബ്രദർ ജസ്റ്റിൻ സന്യാസവ്രതങ്ങളിൽ നിന്നും വിടുതൽ ആവശ്യപ്പെട്ടു. അതേപ്പറ്റി സുപ്പീരിയർ ജനറൽ 16-12-58-ൽ അഭിപ്രായം ചോദിച്ചു. വന്ദ്യതിരുമേനി തിരുവല്ലാ ബിഷപ്പിനോടു കൂടെ ആലോചിച്ചു 1958 ഡിസംബർ 19-ാം തീയതി ശെമ്മാശ്ശനു വിടുതൽ നല്കി. ശെമ്മാശ്ശൻ യാക്കോബായ സമുദായത്തിൽ നിന്ന് ശെമ്മാശ്ശപ്പട്ടം (എവുപദ്യാക്നോൻ) പട്ടം സ്വീകരിച്ച ശേഷം ബഥന്യാശ്രമത്തിൽ ചേർന്ന് നവശിഷ്യപരിശീലനം പ്രാപിക്കുകയും ആദ്യവ്രതം എടുക്കുകയും ചെയ്തയാളാണ്. ശെമ്മാശ്ശനെ ആശ്രമത്തിലേക്ക് പറഞ്ഞയച്ചത് തിരുവല്ലാ ബിഷപ്പായിരുന്നു. സന്യാസ വ്രതങ്ങളിൽ നിന്ന് വിടുതൽ പ്രാപിച്ച അദ്ദേഹത്തെ തിരുവല്ലാ ബിഷപ്പ് തന്റെ രൂപതയിൽ സ്വീകരിച്ചു.

**ഫാദർ യോബിന്റെ ദേഹവിയോഗം**

ബ. അച്ചൻ തിരുവല്ലാ ആശ്രമത്തിലെ അംഗമായി ദിവ്യരക്ഷാകാ ശ്രമത്തിൽ താമസിക്കുയായി രുന്നു. സുഖക്കേട് മൂർഛിച്ചപ്പോൾ കവിയൂർ ആശുപത്രിയിലേയ്ക്കു മാറ്റി അവിടെ വച്ച് 19-2-59-ൽ ദേഹവിയോഗം ചെയ്തു.

ബ്രദർ ക്ലെമന്റ്: പൂനാ ആശ്രമം വിടുന്നു. (ആനിക്കാട്ടു മുട്ടശ്ശേരി മത്തായി ഏലിയാമ്മ മകൻ എം. എം. എബ്രഹാം) കറ്റാണം ആശ്രമത്തിൽ താമസിച്ചു കൊണ്ട് ഹൈസ്കൂൾ പഠനം പൂർത്തി യാക്കിയ ഇദ്ദേഹം നോവിഷ്യറ്റ് കഴിഞ്ഞ് മറ്റു ബ്രദേഴ്സിനോടു കൂടെ പൂനാ ആശ്രമത്തിലേക്കുപോയി. അവിടെ വളരെ സ്വതന്ത്രമായ ജീവിതം നയിച്ചു. ഒടുവിൽ 23-2-59-ൽ വ്രതത്തിൽ നിന്നുള്ള വിടുതലിന് അപേക്ഷിക്കുകയും 23-2-59-ൽ തന്നേ മാർ ഗ്രിഗോറിയോസ് തിരുമേനി വ്രതത്തിൽ നിന്ന് വിടുതൽ കൊടുക്കുകയും ചെയ്തു.

**മേക്കോണം നിലം**

മേക്കോണം സ്ഥലത്തോടു തൊട്ടുകിടക്കുന്ന ഒരു നിലം 600 രൂപയ്ക്കു തീറുവാങ്ങി (26-2-59-ൽ)

 www.malankaralibrary.com

**ബ്രദർ സെബാസ്റ്റ്യൻ പൂനാ ആശ്രമം വിടുന്നു**

ഓമല്ലൂർ സ്വദേശിയായ ഇദ്ദേഹവും തിരുവനന്തപുരം ബഥനിയിൽ വച്ച് ആദ്യവ്രതം എടുത്ത ശേഷം വൈദിക പഠനത്തിനായി പൂനാ ആശ്രമത്തിലേക്കു പോയിരുന്നു. അവിടെ താമസിച്ചു കൊണ്ടിരിക്കവേ 1959 ജൂൺ 1-ാം തീയതി വ്രതങ്ങളിൽ നിന്നുള്ള വിടുതലിന് അപേക്ഷിച്ചു. 1959 ജൂൺ 30-ാം തീയതി ഗ്രീഗോറിയോസു തിരുമേനി അദ്ദേഹത്തിന് വ്രതത്തിൽ നിന്നുള്ള വിടുതൽ നല്കുകയുണ്ടായി. അതിനെ തുടർന്ന് അദ്ദേഹം സമൂഹത്തിൽ നിന്നും പിരിഞ്ഞുപോയി.

സിസ്റ്റർ ജനവിയെ - വി. കൊച്ചുത്രേസ്യയുടെ സഹോദരി സെലിൻ 89-ാം വയസ്സിൽ 1959 ഫെബ്രുവരി 25-ാം തീയതി ബുധനാഴ്ച രാവിലെ കർമ്മല മഠത്തിൽ വച്ച് ദിവംഗതയായി.

**കൗൺസിലേഴ്സ് ജനറലിന്റെ രാജി**

ഒന്നാം കൗൺസിലർ ജനറൽ 1958 ജൂൺ 10-ാം തീയതിയും രണ്ടാം കൗൺസിലർ ജനറൽ (ഫാദർ ജോൺ) 1958 ജൂൺ 15-ാം തീയതിയും തങ്ങളുടെ രാജി സമർപ്പിച്ചു. ഒന്നാം കൗൺസലറിന്റെ രാജി സുപ്പീരിയർ ജനറൽ സ്വീകരിക്കുകയും രണ്ടാം കൗൺസിലിറന്റേത് നിരാകരിക്കുകയും ചെയ്തു. ഒന്നാം കൗൺസിലറിന്റെ രാജിയെപ്പറ്റി ആലോചിക്കാനുള്ള കൗൺസിൽ യോഗത്തിൽ 3-ാം കൗൺസിലർ ക്ഷണിക്കപ്പെട്ടുവെങ്കിലും ഹാജരായില്ല. അങ്ങനെയൊരു സ്തംഭനാവസ്ഥയുണ്ടായപ്പോൾ സുപ്പീരിയർ ജനറൽ, പ്രൊക്യൂറേറ്റർ ജനറൽ, സെക്രട്ടറി ജനറൽ എന്നിവരെ കൗൺസിലേഴ്സിന്റെ സ്ഥാനത്താക്കി ആലോചിക്കയും ഒന്നാം കൗൺസറിലിന്റെ രാജി സ്വീകരിക്കുകയും പകരം ഫാദർ യോശുവായെ കൗൺസിലറായി തിരഞ്ഞെടുക്കുകയുമാണുണ്ടായത്.

**ജനറൽ ചാപ്റ്റർ കൂടുന്നതിനുള്ള അപേക്ഷ**

1955-ൽ SOC- നിന്ന് വി. നിയമം നല്കപ്പെട്ടപ്പോഴും 1957 - അപ്പസ്തോലിക വിസിറ്ററുടെ കാലാവധി കഴിഞ്ഞപ്പോഴും അസാധാരണ ജനറൽ ചാപ്റ്റർ കൂടി പുതിയ തെരഞ്ഞെടുപ്പു നടത്തണമെന്നു ആശ്രമാംഗങ്ങളിൽ അധികം പേരും ആവശ്യപ്പെട്ടുവെങ്കിലും, അപ്പസ്തോലിക വിസിറ്ററുടെയും (നവംബർ19, 1955)

ഇന്റർന്യൂൺഷ്യോ തിരുമേനിയുടെയും (8 സെപ്റ്റംബർ 1958) നിർദ്ദേശങ്ങൾ വിപരീതമായിരുന്നതിനാൽ അപ്രകാരം നടന്നില്ല. 1959 ജൂൺ 29-ാം തീയതി ഭരണസമിതിയുടെ കാലാവധി തീർന്നു. സാധാരണ ജനറൽ ചാപ്റ്ററിനുള്ള ക്ഷണക്കത്ത് യഥാസമയം അയയ്ക്കുകയും ജനറൽ ചാപ്റ്ററിനുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കുകയും ചെയ്തു.

**ജനറൽ ചാപ്റ്റർ**

**1959 ജൂൺ 30 – ജൂലൈ 2.** 1959 ഏപ്രിൽ 22-ാം തീയതി സുപ്പീരിയർ ജനറൽ ആവശ്യപ്പെട്ടതനുസരിച്ച്, എസ്.ഒ.സി. ഇന്റർനുൺഷ്യോ തിരുമേനിയെ അധികാരപ്പെടുത്തിയതിൻ പ്രകാരം, മ്ശിഹാനുകരണ സമൂഹത്തിന്റെ സാധാരണ ജനറൽ ചാപ്റ്ററിൽ അദ്ധ്യക്ഷം വഹിക്കാനായി അദ്ദേഹം (ഇന്റർനുൺഷ്യോ) 1959 ജൂൺ 26-ാം തീയതി ആലുവാ അപ്പസ്തോലിക സിമ്മനാരിയിലെ ഫാദർ വിക്റ്റർ ഒ.സി.ഡിയെ നിയമിച്ചു. അദ്ദേഹം യഥാസമയം തിരുവനന്തപുരം ബഥന്യാശ്രമത്തിൽ എത്തുകയും അദ്ദേഹത്തിന്റെ ആധ്യക്ഷതയിൽ 1959 ജൂൺ 30-ാം തീയതി ജനറൽ ചാപ്റ്റർ തുടങ്ങുകയും ചെയ്തു. പ്രസ്തുത ചാപ്റ്ററിൽ താഴെപ്പറയുന്നവർ ഭരണസമിതി അംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ടു.

| | |
|---|---|
| ഫാദർ ജോഷ്വാ | സുപ്പീരിയർ ജനറൽ |
| ഫാദർ പാക്കോമിയോസ് | ഒന്നാം കൗൺസിലർ ജനറൽ |
| ഫാദർ കോശി | രണ്ടാം കൗൺസിലർ ജനറൽ |
| ഫാദർ ആൻഡ്രു | സെക്രട്ടറി ജനറൽ |
| ഫാദർ സെറാഫിയോൻ | പ്രൊക്യുറേറ്റർ ജനറൽ |

തിരഞ്ഞെടുപ്പു ഫലങ്ങൾ അഭിവന്ദ്യ ആർച്ചുബിഷപ്പ് തിരുമേനിയെയും തിരുവല്ലാ മെത്രാനച്ചനെയും അറിയിച്ചു. ചാപ്റ്റർ റിപ്പോർട്ട് SOC ലേയ്ക്കും ഇന്റർനുൺഷ്യോ തിരുമേനിയുടെ പേർക്കും അയയ്ക്കുകയും ചെയ്തു. ചാപ്റ്റർ നടപടികളെല്ലാം യഥാവിധം നിർവഹിച്ചശേഷം Very Rev. Fr. Victor ആലുവായിലേക്കു മടങ്ങി.

ചാപ്റ്റർ കഴിഞ്ഞയുടനെ ജനറൽ കൗൺസിൽ കൂടി താഴെ പറയുന്നവരെ മന്ദിര സുപ്പീരിയേഴ്സായി തിരഞ്ഞെടുത്തു.

ഫാദർ പക്കോമിയോസ് തിരുവനന്തപുരം ആശ്രമം

| | |
|---|---|
| ഫാദർ ക്രിസോസ്റ്റം | തിരുവല്ലാ ആശ്രമം |
| ഫാദർ റഫായേൽ | കറ്റാണം ആശ്രമം |
| ഫാദർ പീറ്റർ | പൂനാ ആശ്രമം |
| ഫാദർ ജോൺ | നോവിസ് മാസ്റ്റർ |

ഫാദർ ക്രിസോസ്റ്റം തിരുവല്ലാ സുപ്പീരിയർ ഉദ്യോഗം സ്വീകരിക്കുന്നതിന് വൈമുഖ്യം കാണിച്ചതിനാൽ നാളിതുവരെ അവിടെ സുപ്പീരിയർ ഉദ്യോഗത്തിലിരുന്ന ഫാദർ റഫായേലിനെ പ്രസ്തുത ഉദ്യോഗത്തിൽ തുടരുവാൻ അനുവദിക്കുകയും ഫാദർ അപ്രേമിനെ കറ്റാണം സുപ്പീരിയറായി നിയമിക്കുകയും ചെയ്തു.

താമസിയാതെ തിരുവല്ലാ ബിഷപ്പിൽ നിന്ന് Indult of Exclaustration വാങ്ങിക്കൊണ്ട് ഫാദർ ക്രിസോസ്റ്റം കുരിശുമല ആശ്രമത്തിലേക്കു പോയി.

ഒന്നാം കൗൺസിലർ ജനറലായി തിരഞ്ഞെടുക്കപ്പെട്ട ഫാദർ പക്കോമിയോസ്, തിരുവനന്തപുരം ആശ്രമ സുപ്പീരിയർ ഉദ്യോഗം കൂടെ വഹിക്കുന്നതിനുള്ള അനുവാദത്തിനായി SOC യിലേയ്ക്ക് അപേക്ഷ അയയ്ക്കുകയും (ജൂലൈ 7,1959). അനുകൂലമായ മറുപടി യഥാസമയം (ജൂലൈ 15, 1959) ലഭിക്കുകയും ചെയ്തു.

വി. നിയമത്തിലെ ചില Articles-ന്റെ വിശദീകരണം ലഭിക്കുന്നതിനു വേണ്ടി SOC യിലേക്ക് എഴുതുകയും അതിനുള്ള മറുപടി, പൗരസ്ത്യ തിരുസംഘത്തിന്റെ സെക്രട്ടറിയുടെ നിർദ്ദേശപ്രകാരം ബ. പ്ലാസിഡ് അച്ചൻ (28-3-60-ൽ) അയച്ചു തരികയും ചെയ്തിട്ടുണ്ട്.

**നവശിഷ്യപദത്തിലേക്ക്**

58-ൽ ആശ്രമത്തിൽ അർത്ഥികളായി സ്വീകരിക്കപ്പെട്ടിരുന്ന ജോർജ് സ്കറിയ (പടിഞ്ഞാറെമണ്ണിൽ, കല്ലൂപ്പാറ) എ. റ്റി. തോമസ് (ഇടനാട്ടിൽ, പുത്തൻ പീടിക) റ്റി. ജെയിംസ് (കുളത്തിന്റെ മേലതിൽ, തട്ട) കെ. സി. സ്കറിയ (കമ്മിന്റെ തടത്തിൽ, മൈലപ്ര) പി. ആന്റണി (പടിഞ്ഞാറെവാടയിൽ, തോട്ടക്കാട്ട്) എന്നിവരെ 7-9-59-ൽ നവശിഷ്യ പദത്തിൽ തിരുവനന്തപുരം ആശ്രമത്തിൽ വച്ച് ഫാദർ യോശുവാ (സുപ്പീരിയർ ജനറൽ) സ്വീകരിച്ചു. ഫാദർ ജോൺ അവരുടെ നവശിഷ്യപരിശീലനം നടത്തുന്നു.

നോവിസസിന് നല്കപ്പെട്ട സന്യാസനാമങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ജോർജ്ജ് സ്ക്കറിയ | ബ്ര. സെലസ്റ്റിൻ |
| എ. റ്റി. തോമസ്സ് | ബ്ര. ഡാമിയൻ |
| റ്റി. ജെയിംസ് | ബ്ര. ജോൺ ബ്രിട്ടോ |
| കെ. സി. സ്കറിയ | ബ്ര. പാട്രിക്ക് |
| പി.ജെ. ആന്റണി | ബ്ര. ജറാൾഡ് |

**പൂനായിലെ ബഥന്യാശ്രമസ്ഥരുടെ പ്രഥമ പട്ടം കൊട**

5-10-59 ബ്രദേഴ്സ് ഫ്രാൻസിസ് സെയിൽസ്, അഗസ്റ്റിൻ, ഫ്രാൻസിസ് സേവ്യർ, തോമസ് എന്നിവർ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് പൂനാ സിമ്മനാരിയിൽ വച്ച് 2-10-59-ൽ മ്ശംശോനോ പട്ടവും 5-10-59-ൽ കശീശാപട്ടവും സ്വീകരിച്ചു. പട്ടാഭിഷേകശേഷം പൂനാ ആശ്രമത്തിൽ വച്ചു നടന്ന വിരുന്നിൽ ആർച്ചുബിഷപ്പ് തിരുമേനിയും, പൂനാ അത്തനേയത്തിലെ പട്ടക്കാരും, നവവൈദികരുടെ ബന്ധുമിത്രാദി കളും, ഗുണകാംക്ഷികളായി പലരും സംബന്ധിച്ചിരുന്നു. പിറ്റേ ദിവസം പൂനായിൽ വച്ചുതന്നേ നവവൈദികർ തങ്ങളുടെ പ്രഥമദിവ്യബലി അർപ്പിച്ചു.

2-10-59-ൽ തന്നെ ബ്രദേഴ്സ് അത്തനേഷ്യസ്, സിറിൽ, അംബ്രോസ് എന്നിവർക്ക് എവുപ്പദ്യക്നോൻ പട്ടവും, ബ്രദേഴ്സ് വിൻസന്റ്, ഡൊമനിക്, മാത്യൂ, തോമസ്, അക്വിനാസ് എന്നിവർക്ക് ടോൺഷറും നൽകപ്പെട്ടു. ഈ ദിവസങ്ങളിലും, തുടർന്ന് ഏതാനും ദിവസങ്ങളിലും സുപ്പീരിയർ ജനറൽ പൂനാ ആശ്രമത്തിലുണ്ടായിരുന്നു.

**കാർഡിനൽ ടിസറന്റ് തിരുസംഘത്തിന്റെ സിക്രട്ടറി സ്ഥാനം ഒഴിയുന്നു**

കാർഡിനൽ ചിക്കോഞ്ഞാനി തൽസ്ഥാനത്ത് നിയമിക്കപ്പെടുന്നു. സുപ്പീരിയർ ജനറൽ കാർഡിനൽ ടിസറന്റിന് നന്ദി പറഞ്ഞുകൊണ്ടും കാർഡിനൽ ചിക്കോഞ്ഞാനിക്ക് അനുമോദനം അർപ്പിച്ചുകൊണ്ടും കത്തുകൾ എഴുതി.

**ആചാരഗ്രന്ഥ കമ്മറ്റി**

ബഥനി സമൂഹത്തിന്റെ ഒരു ആചാരഗ്രന്ഥ നക്കൽ എഴുതിയുണ്ടാക്കി 1960 മാർച്ച് അവസാനത്തിനുമുമ്പ് സുപ്പീരിയർ

ജനറലിനെ ഏല്പിക്കുന്നതിന് ബ. മൈക്കിളച്ചൻ, ജോണച്ചൻ, യൗനാനച്ചൻ എന്നിവരെ ഒരു കമ്മിറ്റിയായി ജനറൽ കൗൺസിൽ നിയമിച്ചു. കമ്മറ്റിയുടെ ചെയർമാൻ മൈക്കിൾ അച്ചനായിരിക്കും. 28-7-59-ൽ വിവരം കമ്മിറ്റിയംഗങ്ങളെ സുപ്പീരിയർ ജനറൽ തെര്യപ്പെടുത്തി.

**പരിശീലന പദ്ധതികമ്മിറ്റി**

പോസ്റ്റുലൻസ്, നോവിസസ്, രണ്ടാംവത്സര നോവിസസ് എന്നിവരുടെ ഒരു പരിശീലന പദ്ധതിയുണ്ടാക്കി 1959 സെപ്റ്റംബർ അവസാനത്തിനു മുമ്പ് സുപ്പീരിയർ ജനറലിനെ ഏല്പിക്കുന്നതിനായി ബ. ജോണച്ചൻ, മൈക്കിളച്ചൻ, ജേക്കബ് അച്ചൻ എന്നിവരെ ഒരു കമ്മിറ്റിയായി ജനറൽ കൗൺസിൽ നിയോഗിച്ചു.

**അപ്പസ്തോലിക്ക് ഇന്റർനൺഷ്യോ ഡോ. നോക്സ് തിരുമേനി തിരുവനന്തപുരത്ത്**

വന്ദ്യ ഇന്റർനൂൺഷ്യോ തിരുമേനി ചങ്ങനാശ്ശേരി ആർച്ചു ബിഷോപ്പു തിരുമേനിക്ക് പാലിയം കൊടുക്കാനായി വന്ന അവസരത്തിൽ 30-11-59-ൽ തിരുവനന്തപുരം ആർച്ചു ബിഷപ്സ് ഹൗസും സന്ദർശിച്ചു. തിരുമേനി നവംബർ 30-ാം തീയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 4 മണിക്ക് തിരുവനന്തപുരം അരമനയിലെത്തി. ചൊവ്വാഴ്ച രാവിലെ അരമന ചാപ്പലിൽ വി. കുർബാനയർപ്പിച്ചു. ആശ്രമസ്ഥന്മാർ അരമനയിൽ പോയി ഇന്റർനൺഷ്യോ തിരുമേനിയെ കണ്ടു. തിരുമേനി വാത്സല്യപൂർവ്വം ആശ്രമസ്ഥന്മാരെ സ്വീകരിക്കുകയും, ആണ്ടുതോറും പതിവുള്ള സബ്സിഡി അരമനയിൽ വച്ചു തന്നേ സുപ്പീരിയർ ജനറലിനെ ഏല്പിക്കുകയും ചെയ്തു. ബുധനാഴ്ച രാവിലെ 10 മണിയോടു കൂടെ വിമാനമാർഗ്ഗം തിരുമേനി മംഗലാപുരത്തിനു പോയി.

**വിശുദ്ധ നിയമത്തിലെ ചില വകുപ്പുകൾക്കുള്ള വിശദീകരണങ്ങൾ**

വിശുദ്ധ നിയമത്തിലെ ചില വകുപ്പുകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 1959-ലെ സാധാരണ ജനറൽ ചാപ്റ്റർ നിശ്ചയപ്രകാരം സുപ്പീരിയർ ജനറൽ പൗരസ്ത്യ തിരുസംഘത്തിലേക്കു എഴുതിയിരുന്നു. പൗരസ്ത്യ തിരുസംഘം പ്രസ്തുത കത്ത് കിഴക്കൻ റീത്തുകളുടെ ആലോചനക്കാരനായ ബ. പ്ലാസിഡ് അച്ചനെ ഏല്പിക്കുകയും അതിനുള്ള മറുപടി 28-3-1960-ൽ അയച്ചു തരികയും ചെയ്തു. മറുപടിക്കത്തിന്റെ പ്രസക്തഭാഗങ്ങൾ താഴെ ചേർക്കുന്നു.

1. The difference between the Syro-Antiochene and the Syro-Malankara liturgical book is not the point in the Articles referred to (const. Part I Ch.5. A.n.7 etc.). The point here is that the Religious Superior, according to the Constitutions has to admit the Brother to the Habit and Profession. No one else can do this. … with reference to the other things connected with the liturgy and liturgical books you have to understand them according to Custom followed in the Congregation.

2. The precedence, the constitutions given to the Superior General has to be retained (const. Part II Ch.2. N.7).

**ബഥനിക്ക് ഒരു ആചാരഗ്രന്ഥം**

ബഥനി സമൂഹത്തിന്റെ ഒരു ആചാരഗ്രന്ഥ നക്കൽ എഴുതിയുണ്ടാക്കി 1960 അവസാനത്തിനുമുമ്പ് സുപ്പീരിയർ ജനറലിനെ ഏല്പിക്കുന്നതിനായി ബ.മൈക്കിളച്ചൻ, ജോണച്ചൻ, യൗനാനച്ചൻ എന്നിവരെ ഒരു കമ്മറ്റിയായി ജനറൽ കൗൺസിൽ നിയമിച്ചു. കമ്മറ്റിയുടെ ചെയർമാനായി ബ.മൈക്കലച്ചനെയാണ് നിയോഗിച്ചിരുന്നതെങ്കിലും അദ്ദേഹം തൽസ്ഥാനം ഒഴിവാക്കയാൽ പകരം ബ.ഗബ്രിയേൽ അച്ചൻ നിയമിക്കപ്പെടുകയും, അദ്ദേഹം മറ്റുകമ്മറ്റി മെമ്പറന്മാരോടുചേർന്ന് ആചാരഗ്രന്ഥ നക്കൽ തയ്യാറാക്കി ജനറൽ കൗൺസിലിൽ സമർപ്പിക്കയും ചെയ്തു. 1959ലെ സാധാരണ ജനറൽ ചാപ്റ്ററിലെ നിശ്ചയപ്രകാരം 1960 ജൂൺ 20 മുതൽ ജൂലൈ വരെ അസാധാരണ ജനറൽ ചാപ്റ്റർ സമ്മേളിക്കയും നക്കലിലെ വകുപ്പുകൾ ഓരോന്നോരോന്നായി വായിച്ചു പാസ്സാക്കുകയും ചെയ്തു. ഇങ്ങനെ തയ്യാറാക്കിയ ആചാരഗ്രന്ഥം പിന്നീട് അച്ചടിപ്പിച്ചിട്ട് സമൂഹാംഗങ്ങളുടെ ഇടയിൽ വിതരണം ചെയ്തു.

**വ്രതാനുഷ്ഠാനവും പട്ടംകൊടയും**

14-5-60-ൽ ബ്രദേഴ്സ് വിൻസന്റ്, മാത്യു, തോമസ് അത്തനേഷ്യസ് എന്നിവർക്ക് ചെറിയ പട്ടവും 24-5-1960-ൽ എവുപദ്‌യക്നോൻ പട്ടവും നല്കി. 24-5-60-ൽ ബ്രദേഴ്സ് വിൻസന്റ്, ഇഗ്നേഷ്യസ്, ഡൊമനിക്, മാത്യു, ബർക്ക്മാൻസ്, ബെർണാർഡ്, തോമസ് അക്വിനാസ്, പയസ്, ബൊനവെഞ്ചർ, സാവിയോ, ജെറോം എന്നിവർ നിത്യവ്രതമെടുത്തു. 2-6-60-ൽ ബ്രദേഴ്സ് ഇഗ്നേഷ്യസ്, ബർക്ക്മാൻസ്, ബർണാർഡ്, പയസ്, ബൊനവെഞ്ചർ, ഡോമനിക്

സാവിയോ, ജെറോം എന്നിവർക്ക് ടോൺഷർ നല്കി. 1-8-60-ൽ ബ്രദർ സ്റ്റനിസ്ലാവുസ് നിത്യവ്രതമെടുത്തു.

ബ്രദേഴ്സ് അത്തനേഷ്യസ്, സിറിൽ, അംബ്രോസ് എന്നിവർക്ക് 3.6.60-ൽ മ്ശംശോനോ പട്ടവും, 4-10-60-ൽ കശീശാ പട്ടവും, പൂനാ സിമ്മനാരിയിൽ വച്ച് ലത്തീൻ ക്രമത്തിൽ നൽകി. നോവിഷ്യറ്റ് പരിശീലനം പൂർത്തിയാക്കിയ ബ്രദേഴ്സ് സെലസ്റ്റിൻ, ഡാമിയൻ, പാട്രിക് എന്നിവർ 8-12-60-ൽ ആദ്യവ്രതമെടുത്തു.

**വ്രതത്തിൽനിന്നുള്ള വിടുതൽ**

തൽക്കാല വ്രതസ്ഥനായ ബ്രദർ അൽഫോൻസ് ലിഗോരി വൈദികപഠനത്തിനു കഴിവില്ല എന്ന കാരണത്താൽ 18-6-60-ൽ ആർച്ചുബിഷപ്പ് തിരുമേനിയിൽനിന്ന് വ്രതങ്ങൾക്ക് വിടുതൽ വാങ്ങിക്കൊണ്ട് സമൂഹം വിട്ടു. നിത്യവ്രതസ്ഥനായ ബ്രദർ ഫ്രാൻസിസ് അസീസ്സിയും 18-4-60-ൽ ആർച്ചുബിഷപ്പ് തിരുമേനിയിൽ നിന്ന് വിടുതൽ വാങ്ങിക്കൊണ്ട് സമൂഹം വിട്ടുപോയി.

**ആചാരഗ്രന്ഥ നക്കൽ ചാപ്റ്റർ പാസ്സാക്കി**

ആചാരഗ്രന്ഥ കമ്മറ്റിയുടെ ചെയർമാനായി നിയമിക്കപ്പെട്ടിരുന്ന ഫാദർ മൈക്കിൾ തൽസ്ഥാനം രാജിവയ്ക്കയാൽ, ഫാദർ ഗബ്രിയേൽ പകരം നിയമിക്കപ്പെട്ടു. അദ്ദേഹം മറ്റു കമ്മറ്റി മെമ്പറന്മാരോടു ചേർന്ന് ആചാരഗ്രന്ഥത്തിന്റെ നക്കൽ തയ്യാറാക്കി ജനറൽ കൗൺസിലിൽ സമർപ്പിച്ചു. 1959-ലെ സാധാരണ ജനറൽ ചാപ്റ്ററിലെ നിശ്ചയപ്രകാരം 1960 ജൂൺ 21 മുതൽ ജൂലൈ 6 വരെ അസാധാരണ ജനറൽ ചാപ്റ്റർ സമ്മേളിക്കയും കമ്മറ്റി തയ്യാറാക്കിയ നക്കലിലെ വകുപ്പുകൾ ഓരോന്നോരോന്നായി വായിച്ചു പാസാക്കുകയും ചെയ്തു.

## C.R.I (Conference of Religious of India)

ഇൻഡ്യയിലുള്ള എല്ലാ സന്യാസ സമൂഹങ്ങളുടെയും മേജർ സുപ്പീരിയേഴ്സ് ഉൾപ്പെടുന്ന ഒരു കോൺഫ്രൻസ് സ്ഥാപിക്കുന്നതിനെപ്പറ്റി അഭിപ്രായം ആരാഞ്ഞുകൊണ്ട് ഇന്റർനൂൺഷ്യോ തിരുമേനി 11.5.60-ൽ സുപ്പീരിയർ ജനറലിന്റെ പേർക്ക് എഴുതി. അതിന്റെ നിയമാവലിയും അയച്ചുതന്നു. അതിനനുകൂലമായ മറുപടി 22.5.60-ൽ സുപ്പീരിയർ ജനറൽ അയച്ചുകൊടുത്തു. ഇന്റർനൂൺഷ്യോ തിരുമേനിയുടെ ഉത്സാഹത്തിൽ കോൺഫ്രൻസ് സ്ഥാപിക്കപ്പെട്ടു.

പുരുഷന്മാർക്കും സ്ത്രീകൾക്കും വെവ്വേറെയുള്ള സെക്ഷൻസ് ഉണ്ടായിരുന്നെങ്കിലും, രണ്ടു കൂട്ടരും യോജിച്ചിട്ടുള്ള മീറ്റിംഗുകൾക്കും നിയമാവലിയിൽ സ്ഥാനമുണ്ടായി രുന്നു. പുരുഷവിഭാഗത്തിന്റെ പ്രഥമ പ്രസിഡന്റായി ഫാദർ ഫ്രാൻസിസ് സാലസ് സി.എം.ഐ. തിരഞ്ഞെടുക്കപ്പെട്ടു. കന്യാസ്ത്രീകളുടെ പ്രഥമ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത് മദർ എം.തെയോഡോഷ്യ എ.സി. (മാംഗ്ലൂർ) ആയിരുന്നു. സി.ആർ.ഐ.യുടെ ആഭിമുഖ്യത്തിൽ 'In Christo' എന്നൊരു മാസികയും പ്രസിദ്ധപ്പെടുത്തുന്നുണ്ട്. ഓരോ അംഗവും ആണ്ടുതോറും കൊടുക്കേണ്ട തുക 200 രൂപയാണ്. Regional Meetings and Plenary Meetings നടത്തപ്പെട്ടു വരുന്നുണ്ട്.

**1961 വ്രതാനുഷ്ഠാനവും പട്ടംകൊടയും**

ബ്രദേഴ്സ് ആൽബർട്ട്, ലോറൻസ്, സ്റ്റീഫൻ, ലാസർ എന്നിവർ 18-5-61-ൽ നിത്യവ്രതം എടുത്തു. 29-5-61-ൽ അവരും ബ്രദേഴ്സ് സ്റ്റനിസ്ലാവൂസ്, നോർബർട്ട് എന്നിവരും ടോൺഷർ സ്വീകരിച്ചു. 30-5-61-ൽ ബ്രദേഴ്സ് ആൽബർട്ട്, ലോറൻസ്, സ്റ്റീഫൻ, ലാസർ എന്നിവർ ചെറിയ പട്ടങ്ങൾ സ്വീകരിച്ചു. 30-5-61-ൽ തന്നെ ബ്രദേഴ്സ് ഇഗ്നേഷ്യസ്, ബർക്കുമാൻസ്, പയസ്, ബൊനവഞ്ചർ, ജെറോം എന്നിവരും ചെറിയ പട്ടങ്ങളും സ്വീകരിച്ചു. 31-5-61-ൽ ബ്രദേഴ്സ് ഡൊമിനിക്, ബർണാർഡ്, സാവിയോ എന്നിവർ കോറൂയോ പട്ടം സ്വീകരിച്ചു. അന്നേ ദിവസം തന്നെ ബ്രദേഴ്സ് വിൻസെന്റ്, മാത്യു, തോമസ് അക്വിനാസ് എന്നിവർ മ്ശംശോനോ പട്ടവും സ്വീകരിച്ചു.

**പൂനാ സ്കൊളാസ്റ്റിക്കേറ്റിന്റെ പണി പുനരാരംഭിക്കുന്നു**

പൂനാ സ്കൊളാസ്റ്റിക്കേറ്റിന്റെ പണി തുടരുന്നതിന് സഹായിക്കണമെന്ന് കാണിച്ച് 1960 ജനുവരി 14-ാം തീയതി സൂപ്പീരിയർ ജനറൽ ഇന്റർനൂൺഷ്യോ തിരുമേനിയുടെ പേർക്ക് എഴുതി. 3-12-6-ൽ സ്കൊളാസ്റ്റിക്കേറ്റ് ബിൽഡിംഗ് പ്ലാൻ പൗരസ്ത്യ തിരുസംഘത്തിലേക്ക് അയച്ചുകൊടുത്തു. അതോടുകൂടെ കെട്ടിടത്തിന്റെ തെക്കുവശത്തുള്ള ഒരേക്കറോളം വരുന്ന സ്ഥലം വാങ്ങുവാനുള്ള അനുവാദത്തിനും സഹായത്തിനും വേണ്ടിയും എഴുതി. 1961 ജൂൺ 3-ാം തീയതി പൗരസ്ത്യ തിരുസംഘത്തിൽ നിന്നുള്ള കത്ത് ഇന്റർനൂൺഷ്യോ വഴി ലഭിച്ചു. 15000 ഡോളർ അനുവദിച്ചിരിക്കുന്നുവെന്നും അതിൽ 5000 ഡോളർ ഉടനെ അയയ്ക്കുന്നു എന്നുമായിരുന്നു

കത്തിന്റെ ചുരുക്കം. ഈ തുക കൊണ്ട് സ്കൊളാസ്റ്റിക്കേറ്റിന്റെ പണി പുനരാരംഭിച്ചു.

1961 ജൂൺ 23-ാം തീയതി സ്കൊളാസ്റ്റിക്കേറ്റിന്റെ തെക്കുവശത്തെ പറമ്പ് വാങ്ങുന്നതിനുള്ള അപേക്ഷയും അനുവദിച്ചു. അതിനുവേണ്ടി 1000 ഡോളർ ഇന്റർനൂൺഷ്യേച്ചർ വഴി പൗരസ്ത്യ തിരുസംഘം അയച്ചു തന്നു.

**നോവിസ് മാസ്റ്റർക്ക് വയഃക്ലിപ്തത്തിൽ നിന്ന് വിടുതൽ**

നോവിസ് മാസ്റ്ററായി തിരഞ്ഞെടുക്കപ്പെട്ട ഫാദർ തോമസ്സിന് തൽസ്ഥാനത്തേ ക്കുള്ള വയസ്സുതികയാത്തതിനാൽ വയഃക്ലിപ്തത്തിൽ നിന്ന് വിടുതൽ തരണമെന്ന് 1961 ജൂൺ 6-ാം തീയതി സുപ്പിരീയർ ജനറൽ പൗരസ്ത്യ തിരുസംഘത്തിൽ അപേക്ഷ സമർപ്പിച്ചു. അതിനുള്ള ഫീസായ 9.50 രൂപ ഇന്റർനൺഷിയേച്ചറിൽ ഒടുക്കി. 1961 ജൂൺ 24-ാം തീയതി പൗരസ്ത്യ തിരുസംഘത്തിൽ നിന്ന് വിടുതൽ ലഭിച്ചു. ഫാദർ തോമസ് നോവിസ് മാസ്റ്ററായി നിയമിക്കപ്പെടുകയും ചെയ്തു.

**നെല്ലിക്കാക്കുഴി മിഷൻ മന്ദിരം**

തിരുവനന്തപുരം ആർച്ചുബിഷപ്പ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ 1961 ജൂൺ 17-ാം തീയതിയിലെ കല്പന പ്രകാരം നെല്ലാക്കാക്കുഴി മിഷൻ ബഥനി ആശ്രമം ഏറ്റെടുത്തു. ആശ്രമത്തിന്റെ കീഴിലുള്ള ഒരു മിഷൻ മന്ദിരം ആയി പള്ളികെട്ടിടം രൂപീകരിക്കപ്പെട്ടു. ഫാദർ യൗനാനെ പ്രസ്തുത മിഷൻ മന്ദിരത്തിന്റെ സുപ്പീരിയറും ഫാദർ ഫ്രാൻസിസ് സേവ്യറിനെ അസോഷ്യേറ്റുമായി നിയമിച്ചു.

**ഫാദർ കൂസാ (പൗരസ്ത്യ തിരുസംഘത്തിന്റെ അസ്സസ്സർ) മെത്രാനായി അഭിഷേചിക്കപ്പെടുന്നു**

പൗരസ്ത്യ സഭകളെക്കുറിച്ച് അഗാധ പാണ്ഡിത്യം സമ്പാദി ച്ചിരുന്ന അസ്സസ്സർ ഫാദർ കുസാ 1961 ജൂണിൽ റോമിൽ വച്ച് മെത്രാ നായി അഭിഷേകം ചെയ്യപ്പെട്ടു. സെപ്റ്റംബറിൽ കാർഡിനൽ ചിക്കൊഞ്ഞാനി വത്തിക്കാനിലെ സ്റ്റേറ്റു സെക്രട്ടറിയായി നിയമിക്കപ്പെട്ട പ്പോൾ കുസാ തിരുമേനി പൗരസ്ത്യ തിരുസംഘത്തിന്റെ പ്രോ-സെക്രട്ടറി ആയി നിയമിതനായി.

### ഫാദർ സിറിൽ ഉപരിപഠനത്തിനായി ഡമഷീനോയിലേക്ക്

9-9-1961-ൽ ഫാദർ സിറിൽ ഉപരിപഠനത്തിനായി റോമിലേയ്ക്കു പുറപ്പെട്ടു. അവിടെ Collegio Damasceno-യിൽ ചേർന്ന് D C L ൽ പഠിക്കുവാനുദ്ദേശിക്കുന്നു. Damasceno യിലെ റെക്ടറ്റർ അച്ചന്റെ 9-7-1961-ലെ കത്തനുസരിച്ചാണ് ഫാദർ സിറിൽ പോകുന്നത്.

### നവശിഷ്യപദത്തിലേയ്ക്ക്

റ്റി. യേശുദാസൻ (ആന്നിയിൽ, ചാരുമ്മൂട്ട്) കെ. ജെ. ജോൺ (കുറ്റിക്കാട്ടു തേവാനം വടക്കതിൽ, വെണ്മണി) എന്നിവരെ ഫിലിപ്പ്, സെബാസ്റ്റ്യൻ എന്നീ സന്യാസനാമങ്ങളിൽ സുപ്പീരിയർ ജനറൽ 7-9-61-ൽ നവശിഷ്യ പദത്തിലേയ്ക്ക് പ്രവേശിപ്പിച്ചു. ഫാദർ തോമസ് അവരെ പരിശീലിപ്പിക്കുന്നു.

### Religious Assistant നിയമനം

റവ ഫാദർ ജോസഫ് എടമരം എസ്. ജെ. യെ ബഥനിയുടെ Religious Assistant ആയി നിയമിച്ചുകൊണ്ടുള്ള ഇന്റർനൺഷ്യോ തിരുമനസ്സിലെ 29-9-61-ലെ കത്ത് സുപ്പീരിയർ ജനറലിനു ലഭിച്ചു. കത്തിൽ Vigilance over all the congregation is entrusted absolutely to the Assistant and to him alone'' എന്നു പറയുന്നതിന്റെ അർത്ഥം വിശദീകരിച്ചു കിട്ടണമെന്നാവശ്യപ്പെട്ടപ്പോൾ, ''It does not affect the application of the constitution which are to be observed exactly'' എന്നാണ് 16 ഒക്ടോബർ 1961-ലെ മറുപടി ലഭിച്ചത്. രൂപതാധികാരി യുടെ ഇടപെടലിനെയാണ് നിരോധിച്ചിരിക്കുന്ന തെന്ന് പ്രത്യേകം പ്രസ്താവിക്കുകയുണ്ടായി.

### പട്ടംകൊട

ബ്രദേഴ്സ് വിൻസന്റ് മാത്യു, തോമസ് അകിനാസ് എന്നിവർ പൂനാ സിമ്മനാരിയിൽ വച്ച് 3-10-61-ൽ കശീശാപട്ടം സ്വീകരിച്ചു.

### കുസാ തിരുമേനി കാർഡിനൽ പദവിയിലേയ്ക്ക്

കുസാ തിരുമേനി 1962 ഫെബ്രുവരി മാസത്തിൽ കാർഡിനൽ പദവിയിലേക്ക് ഉയർത്തപ്പെട്ടു; മേയ് മാസത്തിൽ പൗരസ്ത്യ തിരുസംഘത്തിന്റെ സെക്രട്ടറിയായും നിയമിക്കപ്പെട്ടു. അടുത്ത

ആഗസ്റ്റിൽ തിരുമേനി കാലം ചെയ്കയാൽ പകരം Cardinal Gustava Testa പൗരസ്ത്യസംഘ സെക്രട്ടറിയായി നിയമിക്കപ്പെട്ടു.

**സ്കോളാസ്റ്റിക്കേറ്റു വികസനത്തിനുള്ള സംഭാവന**

1962 മാർച്ച് 6, 26 ഈ തീയതികളിൽ പൂനാ സ്റ്റോളാസ്റ്റിക്കേറ്റിന്റെ ഫോട്ടോകൾ ഇന്റർനൺഷ്യേച്ചർ വഴി പൗരസ്ത്യ തിരുസംഘത്തിലേക്ക് അയച്ചുകൊടുത്തു. അതിനായി വാഗ്ദത്തം ചെയ്തിരുന്ന ബാക്കി തുക (USD 10000) ഒന്നായി ഇന്റർനൺഷ്യേച്ചർ വഴി, 1962 മേയ് 2-ാം തീയതി പൗരസ്ത്യ തിരുസംഘത്തിൽ നിന്ന് അയച്ചുതരികയും ചെയ്തു.

**വ്രതാനുഷ്ഠാനവും പട്ടംകൊടയും**

24-5-62-ൽ ബ്രദേഴ്സ് പ്ലാസിഡ്, ബോസ്കോ, ബേസിൽ, ലൂയിസ് എന്നിവർ നിത്യവ്രതമെടുത്തു. 31-5-62-ൽ ബ്രദേഴ്സ് ബോസ്കോ, ബേസിൽ, ലൂയിസ് എന്നിവർ ടോൺഷർ സ്വീകരിച്ചു. 1-6-62-ൽ ബ്രദേഴ്സ് സ്റ്റാനിസ്ലാസ്, നോർബർട്ട്, ബേസിൽ, ലൂയിസ് എന്നിവർ ചെറിയ പട്ടങ്ങളും, ബ്രദർ ഡൊമിനിക്, ബർണാർഡ്, സാവിയോ എന്നിവർ എവുപദ്യക്നോൻ പട്ടവും പൂനാ സിമ്മനാരിയിൽ വച്ചു സ്വീകരിച്ചു. 2-6-62-ൽ ബ്രദേഴ്സ് ഇഗ്നേഷ്യസ്, ബർക്കുമൻസ്, പയസ്, ബോനവെഞ്ചർ, ജെറോം, ആൽബർട്ട്, ലോറൻസ്, സ്റ്റീഫൻ എന്നിവർ കോറൂയോ പട്ടവും, ബ്രദേഴ്സ് ഡോമിനിക്ക്, ബർണാർഡ്, സാവിയോ എന്നിവർ മ്ശംശോനൊ പട്ടവും സ്വീകരിച്ചു.

3-6-62-ൽ ബ്രദർ നോർബർട്ട് പൂനാ ആശ്രമത്തിൽ വച്ച് നിത്യ വ്രതമെടുത്തു. അന്നേ ദിവസം ബ്രദേഴ്സ് ഡോമിനിക്, ബർണാഡ്, സാവിയോ എന്നിവർ പൂനാ സിമ്മനാരിയിൽ വച്ച് കശീശാ പട്ടവും സ്വീകരിച്ചു.

**അസാധാരണ ജനറൽ ചാപ്റ്റർ (ജൂൺ 13-14,1962; ജൂലൈ 23-26, 1962)**

1959 ലെ ജനറൽ ചാപ്റ്ററിന്റെ മൂന്നു വർഷത്തിലൊരിക്കൽ ചാപ്റ്റർ കൂടണമെന്നുള്ള നിശ്ചയപ്രകാരമാണ് ഈ അസാധാരണ ചാപ്റ്റർ നാലാഞ്ചിറ ആശ്രമത്തിൽ സമ്മേളിച്ചത്. 1962-ജൂൺ 13-ാം തീയതി ആരംഭിച്ച ആദ്യ സെഷനിൽ, അടുത്ത ജനറൽ ചാപ്റ്റർ വരെ മൂന്നു സൂർ ദയറാകൾ സ്ഥാപിക്കാവുന്നതാണെന്നും, അവയിൽ ആദ്യത്തത് മലബാറിലും രണ്ടാമത്തത് പത്തനംതിട്ട ഭാഗത്തും

www.malankaralibrary.com

മൂന്നാമത്തത് തിരു വല്ലാ രൂപതയിൽ സൗകര്യമുള്ള ഏതെങ്കിലും സ്ഥലത്തും ആയിരിക്കണമെന്നും തീരുമാനിച്ചു. പിന്നീട് പ്രമേയങ്ങൾ ചർച്ചയ്ക്കെടു ക്കുന്നതു സംബന്ധിച്ചുണ്ടായ അഭിപ്രായവ്യത്യാസം നിമിത്തം ചാപ്റ്റർ മുമ്പോട്ടു കൊണ്ടുപോകുവാൻ നിവൃത്തിയി ല്ലെന്നുകണ്ടതിനാൽ, Religious Assistant- ന്റെ സാന്നിദ്ധ്യത്തിൽ അടുത്ത സെഷൻ കൂടാമെന്നു തീരുമാനിച്ചുകൊണ്ട് 1962 ജൂൺ 14-ാം തീയതി, സമ്മേളനം മാറ്റിവച്ചു. 1962 ജൂലൈ 23-ാം തീയതി ആരംഭിച്ച രണ്ടാമത്തെ സെഷനിൽ Religious Assistant അദ്ധ്യക്ഷം വഹിച്ചു. ഈ സെഷനിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും വന്നിട്ടുള്ള പ്രമേയങ്ങൾ ചർച്ച ചെയ്യുകയും യുക്തമായ തീരുമാനങ്ങൾ എടുക്കു കയും ചെയ്തു. നിയമത്തിൽ വരുത്തേണ്ട ചില ഭേദഗതികളും നിർദ്ദേശിക്കപ്പെട്ടു. അവ തിരുസിംഹാസനത്തിൽ അറിയിച്ച് അനുമതി വാങ്ങുവാൻ Religious Assistant നെ ഭരമേല്പ്പിക്കുകയും അദ്ദേഹം ആ ചുമതല ഏറ്റെടുക്കുകയും ചെയ്തു. കൂടാതെ 1959-ലെ പൊതു തിരഞ്ഞെടുപ്പു തന്നേ അസാധുവാണെന്നും അതു പരിഹരിക്കേണ്ടതാ ണെന്നും ചാപ്റ്റർ അംഗങ്ങളിൽ ചിലർ ശക്തിയായി വാദിക്കയാൽ ആ കാര്യവും തിരുസിംഹാസനത്തിൽ അറിയിച്ച് വേണ്ടതു ചെയ്യാമെന്ന് Religious Assistant (Rev. Fr. Joseph Edamaram S.J) ഭരമേറ്റു. 1962 ജൂലൈ 26-ാം തീയതി ചാപ്റ്റർ റിപ്പോർട്ട് മുഴുവൻ വായിച്ചു പാസ്സാക്കുകയും, ചാപ്റ്റർ അംഗങ്ങൾ എല്ലാവരും ഒപ്പിട്ടു പിരിയുകയും ചെയ്തു.

ഈ ചാപ്റ്ററിന്റെ റിപ്പോർട്ടും പാസാക്കപ്പെട്ട തീരുമാനങ്ങളും ബ.ഇടമരത്തിലച്ചൻ (Religious Asstistant) പൗരസ്ത്യ തിരു സംഘത്തിൽ സമർപ്പിച്ചു. അതിനുള്ള പൗരസ്ത്യ തിരുസംഘത്തിന്റെ മറുപടി 21 മാർച്ച് 1963-ൽ ഇന്റർനുൺഷ്യോ തിരുമനസ്സുകൊണ്ട് ഇടമരത്തിലച്ചന്റെ പേർക്കായി കൊടുത്തത് താഴെ ചേർക്കുന്നു.

Apostolic Nunciature in India
Niti Marg, Chanakyapuri
New Delhi – 21
21 March 1963

N. 5684

www.malankaralibrary.com

Very Rev. and dear Father,

With reference to your letter dated 30 July 1962, with which you submitted a report of the Extra-ordinary General Chapter of the Congregation of the Imitation of Christ, the Sacred Congregation for the Oriental Churches in its esteemed communication No. 74/49 dated 2 March 1963, has instructed me to communicate the following:

1. The proposed changes in the constitution come under Article 32.n.1 of chapter II, Part II of the Constitution now in vigiour, in which it is reserved to the General Chapter to make a decision with regard to any change in the statutes, including fixed statutes, such as that indicating the number of delegates for the General Chapter, the General Councillors etc, which will be submitted by the Superior General to all the Local Ordinaries, in whose territory the Congregation has a house. It is to be noted however that the actual Constitutions were not approved but only examined and adapted by the Sacred Congregation to the New Code of Oriental Law for Religious contained in the Moto Proprio “Postquam Apostolicis Litteris”. The Congregation of the Brothers of the Imitation of Christ has therefore remained a Congregation of diocesan right.
2. Regarding the transfer of the location of the mother house, it would be well that that question be decided in a General Chapter, since it is a matter of considerable importance. Meanwhile it is deemed opportune to discuss in the next General Chapter the expediency of including explicitly in the Constitutions among the ‘special business reserved to the competence of the General Chapter’ the choice of the place in which the mother house should be located.
3. This Sacred Congregation, in view of the reasons exposed, grants the requested “Sanatio” for the election and other Acts of the Ordinary General Chapter of 1959.
4. The Sacred Congregation would very much like to accept the proposal concerning the request to establish a foundation for the maintenance of the Scholasticate, but unfortunately the present financial situation does not permit it to consider the project. On the

www.malankaralibrary.com

other hand, the Sacred Congregation, being aware of the economic situation of the Congregation of the Imitation of Christ, has always sought to accord help for the maintenance of the Postulants, Novices and Scholastics. It is hoped that the Sacred Congregation will be in a position to continue this help in the future.

With kindest regard and every best wish, I remain, father
Yours devotedly in Christ,
(Sd)

To
Very Rev. Fr. Joseph Edamaram S.J.
Apostolic Internuncio
Vice-Provincial
Christ Hall,
Malaparambu PO
Calicut

**മലബാർ മിഷനിലേയ്ക്ക് പോകാനുള്ള ബ. അച്ചന്മാരെ നേരത്തേ തിരുവല്ലാ ആശ്രമത്തിലേക്ക് അയയ്ക്കുന്നു**

മലബാറിൽ ഒരു സൂർ ദയറാ സ്ഥാപിക്കുവാൻ സ്ഥലം അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. സുൽത്താൻ ബത്തേരിയിലുള്ള തിരുവല്ലാ രൂപത വക സ്ഥലവും കെട്ടിടവും ആശ്രമത്തിനു വിട്ടുതരാമെന്നും, കെട്ടിടം പണിപൂർത്തിയാകുന്നതുവരെ ക്ഷമിക്കണമെന്നും മാർ അത്തനാസ്യോസ് തിരുമേനി കല്പിക്കുകയുണ്ടായി. മലബാറിലേക്കു പോകുവാനുള്ള ബ. അച്ചന്മാരെ ഇപ്പോഴേ തിരുവല്ലാ ആശ്രമത്തിലേക്ക് അയയ്ക്കുന്നത് ആശാസ്യമായിരിക്കുമെന്നും തിരുമേനി അഭിപ്രായപ്പെട്ടു. അതിൻ പ്രകാരം ബ. ഫ്രാൻസിസ് സേവ്യർ അച്ചനെയും മാത്യു അച്ചനെയും 23-6-62-ൽ തിരുവല്ലാ ദിവ്യരക്ഷകാശ്രമത്തിലേക്കു സ്ഥലം മാറ്റി.

**കുമ്പഴ ആശ്രമസ്ഥലം**

കുമ്പഴ പാലത്തിനുസമീപത്തായി 2 ഏക്കർ 25 സെന്റ് സ്ഥലം 4750 രൂപയ്ക്ക് 12-7-62-ൽ തീറു വാങ്ങുകയും അതോടു തൊട്ടു

കിടക്കുന്ന സ്ഥലത്തിനും അതിനുള്ള കെട്ടിടത്തിനും വേണ്ടി 3000 രൂപാ അഡ്വാൻസ് കൊടുക്കുകയും ചെയ്തു. അവിടെ ഒരു സൂർ ദയറാ സ്ഥാപിക്കാനുദ്ദേശിക്കുന്നു.

**ബാംഗ്ലൂർ മെഡിക്കൽ കോളേജിനുള്ള ആശ്രമ സംഭാവന**

ഇൻഡ്യൻ ഹയരാർക്കി വകയായി ബാംഗ്ലൂർ സ്ഥാപിക്കാനുദ്ദേശിക്കുന്ന മെഡിക്കൽ കോളജിന്റെ സഹായാർത്ഥം ഓരോ അച്ചനും ആണ്ടിൽ 4 കുർബാന വീതം, കോളേജ് കമ്മിറ്റി പ്രസിഡന്റായ അത്യുന്നത കർദ്ദിനാൾ ഗ്രേഷ്യസ് തിരുമേനിയുടെ നിയോഗത്തിൽ സൗജന്യമായി ചെയ്യേണ്ടതാണെന്ന് കർദ്ദിനാൾ തിരുമേനിയും, തിരുവനന്തപുരം ആർച്ചുബിഷപ്പു തിരുമേനിയും അറിയിച്ചിട്ടുള്ള വിവരം സുപ്പീരിയർ ജനറൽ എല്ലാ ആശ്രമപ്പട്ടക്കാരെയും തെര്യപ്പെടുത്തുകയും, ഇപ്പോൾ മുതൽ എല്ലാവരും അങ്ങനെ ചൊല്ലിവരികയും ചെയ്യണം. ഇതു സംബന്ധിച്ച കർദ്ദിനാൾ തിരുമേനിയുടെ കത്ത് 13-7-62-ൽ ലഭിച്ചു.

**സ്ഥലം മാറ്റം**

26-7-1962-ൽ ജനറൽ കൗൺസിൽ സമ്മേളിച്ച് താഴെപ്പറയുന്ന സ്ഥലമാറ്റങ്ങൾ നടത്തി. ബ. ഗബ്രിയേലച്ചനെ പക്കോമിയോസ് അച്ചന്റെ സ്ഥാനത്തു തിരുവനന്തപുരം ആശ്രമം സുപ്പീരിയറായും, ബ. ജേക്കബ് അച്ചനെ പീറ്റർ അച്ചന്റെ സ്ഥാനത്ത് പൂനാ ആശ്രമ സുപ്പീരിയറായും, ബ. വിൻസന്റ് അച്ചനെ റഫായേൽ അച്ചന്റെ സ്ഥാനത്ത് തിരുവല്ലാ സുപ്പീരിയറായും നിയമിച്ചു. ബ. അപ്രേം അച്ചനെ കറ്റാനം ആശ്രമസുപ്പീരിയറായും യൗനാൻ അച്ചനെ നെല്ലിക്കാക്കുഴി മിഷ്യൻ സുപ്പീരിയറായും വീണ്ടും നിയമിച്ചു.

**ആദ്യവ്രതാനുഷ്ഠാനം**

ബ്രദേഴ്സ് ഫിലിപ്പ്, സെബാസ്റ്റ്യൻ എന്നിവർ നവശിഷ്യപരിശീലനം പൂർത്തിയാക്കി നാലാഞ്ചിറ ബഥന്യാശ്രമത്തിൽ വച്ച് സുപ്പീരിയർ ജനറൽ മുമ്പാകെ ആദ്യ പ്രതിജ്ഞയെടുത്തു.

**17-11-1962-ബ്രദർ ആന്റണിയുടെ ദേഹവിയോഗം**

ബ. ബ്രദർ ആന്റണി ഒരു മാസത്തോളം മെഡിക്കൽ കോളജ് ഹോസ്പിറ്റലിൽ രോഗിയായിക്കിടന്നു. പേ വാർഡിൽ ആയിരുന്നു

താമസം. ഡോ. പൈയുടെ വിദഗ്ദ്ധ ചികിത്സ ബ്രദറിനു ലഭിച്ചിരുന്നു. അവസാന നിമിഷം വരെ ബ്രദറിനു സുബോധമുണ്ടായിരുന്നു. മരിക്കുന്നതിന് ഒരാഴ്ചയ്ക്കു മുമ്പ് സുബോധത്തോടെ അന്ത്യകൂദാശ സ്വീകരിച്ചു. മരണത്തിനു രണ്ടു ദിവസം മുമ്പ് കുമ്പസാരിച്ച് വി. കുർബാന സ്വീകരിക്കുകയുമുണ്ടായി. 16-11-1962-ൽ രോഗി അത്യാസന്നമരണനായി രിക്കുന്നു എന്ന് ഡോക്ടർ അറിയിച്ചു. ഉടനെ തന്നേ ബ. സുപ്പീരിയറച്ചനും ബ്രദേഴ്സിൽ ഏതാനും പേരും ആശുപത്രിയിലെത്തു കയും രാത്രി മുഴുവൻ രോഗിയുടെ കിടക്കയ്ക്കു സമീപേ പ്രാർത്ഥനയിൽ കഴിച്ചു കൂട്ടുകയും ചെയ്തു. വെളുപ്പിന് 4.20ന് സുസ്മേരവദനനായി ബ്രദർ ആത്മാവിനെ കർത്താവിന്റെ തൃക്കൈ യിൽ ഭരമേല്പ്പിച്ചുകൊണ്ട് ഇഹലോകവാസം വെടിഞ്ഞു. 17-ാം തീയതി അതിരാവിലെ ആംബുലൻസിൽ മൃതശരീരം നാലാഞ്ചിറ ആശ്രമത്തിൽ കൊണ്ടുവരികയും ഒരു വലിയ ജനക്കൂട്ടത്തിന്റെ സാന്നിദ്ധ്യത്തിൽ ആശ്രമ സെമിത്തേരിയിൽ സംസ്കരിക്കുകയും ചെയ്തു. ബ്രദർ ആന്റണി ഒരു പ്രാർത്ഥനാ മനുഷ്യനായിരുന്നു.

**വ്രതാനുഷ്ഠാനം, പട്ടംകൊട മുതലായവ**

ബ്രദർ കമ്മിലസ് 15-5-63-ൽ പൂനാ ആശ്രമത്തിൽ വച്ച് നിത്യവ്രതമെടുത്തു. 30-5-63-ൽ ബ്രദേഴ്സ് നോർബർട്ട്, ലാസർ, ബേസിൽ, ലൂയിസ് എന്നിവർ കോറൂയോ പട്ടവും, ബ്രദർ പ്ലാസിഡ് ടോൺഷറും സ്വീകരിച്ചു. ബ്രദർ ബോസ്കോ ചെറിയ പട്ടങ്ങളും കോറൂയോ പട്ടവും ഒരുമിച്ചു സ്വീകരിച്ചു. 31-5-63-ൽ ബ്രദേഴ്സ് ഇഗ്നേഷ്യസ്, ജോൺ ബർക്ക്മാൻസ്, പയസ്, ബൊനവെഞ്ചർ, ജെറോം, ആൽബർട്ട്, ലോറൻസ്, സ്റ്റീഫൻ എന്നിവർ എവുപ്പത്യക്നോൻ പട്ടം സ്വീകരിച്ചു. ഇവർ എട്ടു പേരും 1-6-63-ൽ മ്ശംശോനോ പട്ടവും 21-9-63-ൽ കശീശാ പട്ടവും പൂനാ സിമ്മനാരിയിൽ വച്ചു സ്വീകരിച്ചു.

ബ്രദേഴ്സ് കെ. പി. വർഗീസ് (കോണത്തുകുടി, കോട്ടൂർ), റ്റി. എസ്. ഫ്രാൻസിസ് (തെക്കിഴേത്ത്, കറ്റാനം) എന്നിവർ 21-6-63-ൽ നവശിഷ്യപദത്തിൽ പ്രവേശിച്ചു. നാലാഞ്ചിറ ആശ്രമത്തിൽ വച്ച് സുപ്പീരിയർ ജനറലാണ് ഇവരെ സ്വീകരിച്ചത്. ഇവർ യഥാക്രമം ഗബ്രിയേൽ പൊസേന്തി എന്നും, ഫ്രാൻസിസ് അസീസി എന്നുമുള്ള സന്യാസനാമങ്ങൾ സ്വീകരിച്ചു.

## അസാധാരണ ജനറൽ ചാപ്റ്ററിൽ പാസ്സാക്കപ്പെട്ട നിയമ വ്യതിയാനങ്ങൾ

1962-ലെ അസാധാരണ ജനറൽ ചാപ്റ്റർ റിപ്പോർട്ടും പാസ്സാക്കപ്പെട്ട നിയമവ്യതിയാനങ്ങളും 30 ജൂലൈ 1962-ൽ ബ.എടമരത്തിലച്ചൻ പൗരസ്ത്യ തിരുസംഘത്തിൽ സമർപ്പിച്ചു. അതിനുള്ള പൗരസ്ത്യ തിരുസംഘത്തിന്റെ മറുപടി (74/49-ാം നമ്പർ & 21-3-63) ഇന്റർനൺഷിയേച്ചർ വഴി ലഭിച്ചു.

1. വി. നിയമത്തിൽ വരുത്തിയിരിക്കുന്ന വ്യതിയാനങ്ങൾ രൂപതാധികാരികളുടെ അംഗീകാരത്തിനു സമർപ്പിക്കണം.
2. ജനറലേറ്റു മാറ്റുന്ന കാര്യം ജനറൽ ചാപ്റ്റർ തീരുമാനിക്കണം.
3. 1959-ലെ ജനറൽ ചാപ്റ്ററിലെ തിരഞ്ഞെടുപ്പുകൾക്ക് Sanatio നല്കി സാധുവാക്കിയിരിക്കുന്നു.
4. ആശ്രമാംഗങ്ങളുടെ സംരക്ഷയ്ക്കുവേണ്ടി ഒരു Foundation സ്ഥാപിക്കാൻ ഇതുപറ്റിയ സമയമല്ലാത്തതിൽ ദുഃഖിക്കുന്നു. ഇന്റർനുൺഷിയേച്ചറിൽ നിന്നുള്ള 21-3-63-ലെ കത്തിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 16 ജൂലൈ 1963-ൽ സുപ്പീരിയർ ജനറൽ എഴുതിയ കത്തിനു മറുപടിയായി ഇന്റർനുൺഷിയേച്ചറിൽ നിന്ന് 29 ജൂലൈ 1963-ൽ ലഭിച്ച മറുപടിയുടെ സംഗ്രഹം താഴെ ചേർക്കുന്നു.

ജനറൽ ചാപ്റ്ററിന് റൂളിന് ഭേദഗതി നിർദ്ദേശിക്കാൻ അധികാരമുണ്ട്. എന്നാൽ അവ അംഗീകരണത്തിനായി രൂപതാധികാരികൾക്കു സമർപ്പിച്ചേ മതിയാവൂ.

റൂൾ സംബന്ധിച്ച വ്യതിയാനങ്ങൾ രൂപതാധികൃതർക്ക് അയച്ചുകൊടുത്തതിന് തിരുവനന്തപുരം ആർച്ചുബിഷപ്പിൽ നിന്ന് 27-1-1964-ലും തിരുവല്ലാ മെത്രാനിൽ നിന്ന് 24-3-65-ലും പൂനാ ബിഷപ്പിൽ നിന്ന് 19-9-63-ലും മറുപടി കിട്ടി. ഒരു Diocesan Congregation തീരുമാനങ്ങൾക്കായി പരിശുദ്ധ സിംഹാസനത്തെ സമീപിക്കുന്നത് അംസഗതമാണെന്ന് ആർച്ചുബിഷപ്പു തിരുമേനിയും തിരുവല്ലാ മെത്രാനച്ചനും ചൂണ്ടിക്കാണിക്കുകയും, മറ്റു വ്യതിയാനങ്ങളെല്ലാം അംഗീകരിക്കുകയും ചെയ്തു. പൂനാ ബിഷപ്പ് എല്ലാ വ്യതിയാനങ്ങളും അതോടെ അംഗീകരിച്ചു.

ബ. Religious Assistant റോമിൽ സമർപ്പിച്ച കത്തിനു ലഭിച്ച മറുപടി അദ്ദേഹം സുപ്പീരിയർ ജനറലിനെ ഏല്പിച്ചതല്ലാതെ മറ്റു യാതൊരു നടപടിയും സ്വീകരിക്കാതിരുന്നതുകൊണ്ടാണ് സുപ്പീരിയർ ജനറൽ ഈ വിഷയം കൈകാര്യം ചെയ്യേണ്ടി വന്നത്.

**കുമ്പഴ ആശ്രമ സ്ഥാപനം**

ബഥന്യാശ്രമത്തിന്റെ ഒരു ശാഖാമന്ദിരം (സൂർ ദയറാ) കുമ്പഴ സ്ഥാപിക്കുന്നതിന് 1963 ജൂലൈ 2-ാം തീയതി തിരുവനന്തപുരം ആർച്ചുബിഷപ്പ് തിരുമേനി അനുമതി നല്കി. 18.3.64-ൽ മുമ്പ് അഡ്വാൻസു കൊടുത്ത 2 ഏക്കർ 67 സെന്റ് സ്ഥലം രൂപാ 13000-ന് തീറുവാങ്ങി. 5.8.64-ൽ സൂർ ദയറായുടെ ഔദ്യോഗിക ഉദ്ഘാടനം തിരുമേനി നടത്തി. 55.4.64-ൽ ഫാദർ പീറ്ററിനെ കുമ്പഴ ആശ്രമത്തിന്റെ സുപ്പീരിയറായും ഫാദർ സ്റ്റീഫനെ അസോഷ്യേറ്റ് ആയും നിയമിക്കയും അവർ യഥാസമയം ചാർജെടുക്കുകയും ചെയ്തു.

**പരിശുദ്ധ പിതാവിന്റെ ദേഹവിയോഗം**

ജോൺ 23-ാം മാർപ്പാപ്പ തിരുമേനിയുടെ രോഗ വാർത്ത ലഭിച്ചതു മുതൽ ആശ്രമാംഗങ്ങൾ അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. 1963 ജൂൺ 3-ാം തീയതി തിരുമേനി ദിവംഗതനായി. 1963 ജൂൺ 5-ാം തീയതി ഇന്റർനൺഷ്യോ തിരുമേനിയുടെ പേർക്ക് ആശ്രമത്തിന്റെ അനുശോചനക്കത്തയച്ചു. 10-ാം തീയതി അതിനുള്ള മറുപടി ഇന്റർനൺഷ്യേച്ചറിൽ നിന്നു ലഭിക്കുകയും ചെയ്തു. കാർഡിനൽ മൊന്തീനി പാപ്പാ സ്ഥാനത്തേക്കു തിരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം വി. പത്രോസിന്റെ 262-ാം പിൻഗാമിയായി പൗലോസ് ആറാമൻ എന്ന പേരാണ് സ്വീകരിച്ചത്.

**ഇന്റർനൺഷ്യോ തിരുമേനിയുടെ ആശ്രമസന്ദർശനം**

തിരുവനന്ത പുരം ലത്തീൻ രൂപതാ സന്ദർശനത്തിനായി തിരുവന്തപുരത്തു വന്നുചേർന്ന ഇന്റർനൺഷ്യോ റോബർട്ട് നോക്സ് തിരുമേനിയെ നാലാഞ്ചിറ ആശ്രമത്തിലേക്കു ക്ഷണിക്കുകയും അദ്ദേഹം ക്ഷണം സ്വീകരിച്ച് 29-8-63-ൽ ആശ്രമം സന്ദർശിക്കയും ചെയ്തു. തിരുവനന്തപുരം, തിരുവല്ലാ സുപ്പീരിയേഴ്സിനും കൗൺസിലേഴ്സിനും യോജിച്ചും, സുപ്പീരിയർ ജനറലിനു തനിച്ചും കൂടിക്കാഴ്ച അനുവദിച്ചു.

BETHANY PUBLICATIONS www.malankaralibrary.com

## അഞ്ചേരി മിഷൻ ഹൗസ്

അഞ്ചേരിയിലോ മീനടത്തോ ബഥനിയുടെ ഒരു മിഷൻ മന്ദിരം ആരംഭിച്ചാൽ കൊള്ളാമെന്ന് 17-10-63-ൽ ബ. വികാരി ജനറാൾ ആവശ്യപ്പെട്ടു. അതു സന്തോഷമാണെന്നും, ബ.വികാരി ജനറാളച്ചൻ അതിന് ഔദ്യോഗികമായ ഒരു കല്പന നല്കണമെന്നും സുപ്പീരിയർ ജനറാൾ 1963 നവംബർ 8-ാം തീയതി അദ്ദേഹത്തെ എഴുതി അറിയിച്ചു. 1963 നവംബർ 9-ാം തീയതി, ബിഷപ്പുതിരുമേനിയുടെ അസാന്നിധ്യ ത്തിൽ, വികാരി ജനറൽ ഔദ്യോഗിക കല്പന നല്കി. മിഷൻ ഹൗസിന്റെ സുപ്പീരിയറായി ബ. പൗലോസ് അച്ചനെയും അസോഷ്യേറ്റ് ആയി ബ. സേവ്യർ അച്ചനെയും 16-11-63-ൽ സുപ്പീരിയർ ജനറാൾ നിയമിക്കയും അവർ യഥാദിവസം ചാർജ്ജെടുക്കുകയും ചെയ്തു.

## വത്തിക്കാൻ കൗൺസിൽ

1962 ഒക്ടോബർ 11-ാം തീയതി 23-ാം ജോൺ മാർപാപ്പാ തിരുമനസ്സുകൊണ്ട് കൗൺസിൽ ഉദ്ഘാടനം ചെയ്തു. കൗൺസിലിന്റെ ഉദ്ദേശ്യമായി തിരുമേനി ഉദീരണം ചെയ്തത്. "സഭയെ ആധുനീ കരിക്കുക" എന്നതായിരുന്നു. ഒന്നാം ഘട്ടം 1962 ഡിസംബർ 7-ാം തീയതി സമാപിച്ചു. 1963 ജൂൺ 3-ാം തീയതി പ്രോൽഘാടകൻ ദിവംഗത നായി. രണ്ടാം ഘട്ടം, ജോൺ മാർപാപ്പാ യുടെ പിൻഗാമിയായ പോപ്പു പോൾ ആറാമൻ 1963 സെപ്റ്റംബർ 29-ാം തീയതി ഉദ്ഘാടനം ചെയ്തു. ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുമായി മൂവായിരത്തോളം പിതാക്കന്മാർ കൗൺസിലിൽ സംബന്ധിച്ചു. 16 പ്രമാണരേഖകൾ പാസ്സാക്കി. 1965 ഡിസംബർ 8-ാം തീയതി സുനഹദോസ് സമാപിച്ചു.

## ഫാദർ അത്തനേഷ്യസ്സ് ഉന്നതവിദ്യാഭ്യാസാർത്ഥം റോമിലേയ്ക്ക്

ബ. അത്തനേഷ്യസ് അച്ചനെ ഉന്നത വിദ്യാഭ്യാസത്തിനായി റോമിലേക്ക് അയയ്ക്കാൻ ഉദ്ദേശിക്കുന്നുവെന്നും അതിന് അവിടെ പ്രൊവിഷൻ ഉണ്ടാക്കണമെന്നും കാണിച്ച് 1963 ഡിസംബർ 11-ാം തീയതി സുപ്പീരിയർ ജനറാൾ പൗരസ്ത്യ സംഘസെക്രട്ടറിയുടെ പേർക്കെഴുതി. 1964 ജൂലൈ 2-ാം തീയതി അപേക്ഷ അനുവദിച്ചു കൊണ്ടുള്ള തിരുസംഘത്തിലെ Prot. N.214/64 സുപ്പീരിയർ ജനറലിനു ലഭിച്ചു. അതിൻപ്രകാരം, വേണ്ട ക്രമീകരണങ്ങളെല്ലാം ചെയ്തുകൊണ്ട്, "Collegio Damasceno'' യിൽ ചേർന്നു പഠിക്കാനായി ഫാദർ

അത്തനേഷ്യസ് 1964 ഒക്ടോബർ 1-ാം തീയതി ബോംബെയിൽ നിന്ന് വിമാനമാർഗം റോമിലേക്കു പുറപ്പെട്ടു.

**വ്രതാനുഷ്ഠാനം, പട്ടംകൊട**

14-5-64-ൽ പി.സി. കുര്യൻ (തെങ്ങേലി) വി.ജെ. തോമസ് (വായ്മറ്റം, പാല) കെ.ജി.തോമ്മസ് (തോട്ടത്തിൽ, തിരുവല്ല) കെ. എം. ഏ. എബ്രഹാം (കൈതവന പടീറ്റതിൽ, കറ്റാണം) എന്നിവരെ സുപ്പീരിയർ ജനറൽ നാലാഞ്ചിറ ബഥന്യാശ്രമത്തിൽ വച്ച് നവശിഷ്യ പദത്തിലേക്ക് പ്രവേശിപ്പിച്ചു. ഇവർക്ക് നല്കപ്പെട്ട സന്യാസനാമങ്ങൾ യഥാക്രമം, ക്ലെമന്റ്, മാർട്ടിൻ, ഗ്രേഷ്യസ്, ആന്റണി എന്നിവയാകുന്നു.

30-5-64-ൽ ബ്രദേഴ്സ് സെലസ്റ്റിൻ, ഡാമിയൻ എന്നിവർക്ക് ടോൺഷർ നല്കപ്പെട്ടു. 31-5-64-ൽ ബ്രദേഴ്സ് സ്റ്റാനിസ്ലാവൂസ്, നോർ ബർട്ട്, ലാസർ, ബേസിൽ, ലൂയിസ് എന്നിവർക്ക് എവുപ്പദ്യക്നോൻ പട്ടവും 1-6-64-ൽ മ്ശംശോനോ പട്ടവും പൂനാ സിമ്മനാരിയിൽ വച്ചു നല്കപ്പെട്ടു. 1-6-64-ൽ ബ. ബർണാഡ് അച്ചൻ മാർ ഈവാനിയോസ് കോളേജിൽ ബി. എ. ക്ലാസ്സിൽ ചേർന്നു പഠനമാരംഭിച്ചു. 22-6-64-ൽ ബ്രദേഴ്സ് ഗബ്രിയേൽ പൊസേന്തി, ഫ്രാൻസിസ് അസീസി എന്നിവർ നാലാഞ്ചിറ ആശ്രമത്തിൽ വച്ച് സുപ്പീരിയർ ജനറൽ മുമ്പാകെ ആദ്യവ്രതാനു ഷ്ഠാനം നടത്തി.

**ഇന്റർനൺഷ്യോ തിരുമേനിയുടെ ആഗമനം**

16-6-64-ൽ ഇന്റർനൺഷ്യോ തിരുമേനിക്ക് നാലാഞ്ചിറ ആശ്രമത്തിൽ ഹൃദ്യമായ ഒരു സ്വീകരണം നല്കി. കുരിശടി മുതൽ ചാപ്പൽ വരെ അലങ്കരിച്ചിരുന്നു. ഉല്ലാസ മുറിയിൽ വച്ച് ആശ്രമാംഗ ങ്ങളെ ഉദ്ദേശിച്ച് തിരുമേനി ഒരു ചെറിയ ഉപദേശം നല്കി. സുപ്പീരിയർ ജനറൽ സ്വാഗതമാശംസിച്ചു പ്രസംഗിച്ചു. തിരുമേനിയ്ക്ക് ഒരു ആത്മീയ പുഷ്പമഞ്ജരി സമർപ്പിക്കുകയും ചെയ്തു.

**വെങ്ങോല ആശ്രമസ്ഥാപനം**

വേങ്ങോലയിൽ ഒരു സൂർ ദയറാ സ്ഥാപിക്കുന്നതിന് തിരുവല്ലാ ബിഷപ്പ് മാർ അത്തനാസ്യോസ് തിരുമേനി 1-4-64-ൽ അനുമതി കല്പന തരികയും പള്ളി കെട്ടിടവും സ്ഥലവും ആശ്രമത്തിനായി ഒഴിഞ്ഞുതരികയും ചെയ്തു. പള്ളപ്പറമ്പിനോടു തൊട്ടുള്ള $73^1/4$ സെന്റ് സ്ഥലം 29-5-64-ലും $97^3/4$ സെന്റു സ്ഥലം 1-6-64-ലും ആശ്രമത്തിനു

വേണ്ടി സുപ്പീരിയർ ജനറലിന്റെ പേരിൽ തീറുവാങ്ങി. ബ. സെയിൽസ് അച്ചനെ സുപ്പീരിയറായും, പയസ്സ് അച്ചനെ അസോഷ്യേറ്റ് ആയിട്ടും 5-4-64-ൽ നിയമിച്ചു. അതനുസരിച്ച് അവർ വെങ്ങോല സൂർദയറായിൽ പുതുതായി ചാർജ്ജെടുത്തു.

**മീനങ്ങാടി ആശ്രമസ്ഥാപനം**

തിരുവല്ലാ ബിഷപ്പു മാർ അത്തനാസ്യോസ് തിരുമേനിയുടെ 1-4-64-ലെ അനുവാദത്തോടെ, 1964 ഒക്ടോബർ 15-ാം തീയതി, തിരുമേനിയുടെ അസാന്നിദ്ധ്യത്തിൽ, വികാരിജനറാൾ മോൺസിഞ്ഞോർ മാത്യു നെടുങ്ങാട്ട് അവർകൾ തെക്കൻ വയനാട്ടിൽ മീനങ്ങാടി എന്നസ്ഥലത്ത് ബഥനി ആശ്രമത്തിന്റെ ഒരു ശാഖ (സൂർ ദയറാ) ഉദ്ഘാടനം ചെയ്തു. ഫാദർ ഡോമിനിക്കിനെ പ്രസ്തുത ആശ്രമത്തിന്റെ സുപ്പീരിയറായും ഫാദർ ഡോമിനിക്ക് സാവിയോയെ അസോഷ്യേറ്റ് ആയും നിയമിക്കുകയും അവർ യഥാസമയം ചാർജ്ജെടുക്കുകയും ചെയ്തു.

**ബോംബെ യൂക്കരിസ്റ്റിക്ക് കോൺഗ്രസ്സ്**

സാധാരണയായി കത്തോലിക്കാ രാജ്യങ്ങളിൽ വച്ചു മാത്രം നടത്തപ്പെടുന്ന ഒരു കോൺഫറൻസ് ആണ് ഇത്. ഇദംപ്രഥമമായി ഇൻഡ്യയിൽ വച്ചു നടത്തപ്പെടുന്നു. വി. കുർബാനയിൽ എഴുന്നെള്ളിയിരിക്കുന്ന ഈശോയോടുള്ള ഭക്തിയാണ് ഇതിന്റെ വിഷയം.

സുദീർഘമായ ഒരുക്കത്തിന്റെ ശേഷം 1964 നവംബർ 28-ാം തീയതി ബോംബെയിൽ Eucharistic Congress ഉത്ഘാടനം ചെയ്യപ്പെട്ടു. സുപ്രസിദ്ധമായ ഓവൽ മൈതാനിയിൽ വച്ചാണ് കോൺഗ്രസ്സിന്റെ പ്രധാനചടങ്ങുകളെല്ലാം നടന്നത്. എന്നാൽ ബോംബെ പട്ടണം മുഴുവൻ തന്നേ ഇതിനായി ഉടുത്തൊരുങ്ങിയിരുന്നു എന്നു പറയാം. പരിശുദ്ധ പിതാവായ പോൾ ആറാമൻ മാർപാപ്പാ ഡിസംബർ 2-ാം തീയതി ബോംബെയിൽ എഴുന്നള്ളി Eucharistic Congress നെയും ഇൻഡ്യമുഴുവനെയും ആശീർവദിച്ചത് പുളകോൽഗമമായ ഒരു സംഭവം തന്നെയായിരുന്നു. കോൺഗ്രസ്സ് ദിവസങ്ങളിൽ എല്ലാ കൂദാശകളും സാഘോഷം വിവിധ സ്ഥാനങ്ങളിലായി അനുഷ്ഠിക്കപ്പെട്ടു. ഓവൽ മൈതാനിയിൽ വച്ചു നടന്ന പട്ടംകൊട

www.malankaralibrary.com

എല്ലാവരെയും അതിശയിപ്പിക്കുന്നതായിരുന്നു. ബഥന്യാശ്രമസ്ഥരായ സ്റ്റാനിസ്ലാവുസ്, നോർബട്ട്, ലാസർ, ബേസിൽ, ലൂയിസ് എന്നീ ശെമ്മാശ്ശന്മാർക്ക് കോൺഗ്രസ്സ് പന്തലിലെ അൽത്താരയിൽ വച്ച് 2-12-64-ൽ തിരുവനന്തപുരം ആർച്ചു ബിഷപ്പ് മാർ ഗ്രീഗോറിയോസു തിരുമേനി കശീശാപട്ടം നല്കി എന്നത് പ്രത്യേക പ്രസ്താവ്യമാണ്.

**ബ. മൈക്കിൾ അച്ചന്റെ ദേഹവിയോഗം**

ബ. മൈക്കിൾ അച്ചൻ കഴിഞ്ഞ ഏതാനും വർഷങ്ങളായി മലബാറിൽ മൈക്കാവ് മിഷനിൽ ഊർജ്ജിതമായ വേദപ്രചരണ ജോലി ചെയ്തുകൊണ്ടിരുന്നു. കാൻഡി സിമ്മനാരിയിൽ നിന്ന് എൽ. പി. എൽ. എൽ. ഡി. മുതലായ വൈദീക ബിരുദങ്ങളും തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ് കോളജിൽ നിന്ന് എം. എ. ബിരുദവും എടുത്തിരുന്ന അദ്ദേഹം കൃത്യനിഷ്ഠ, ചുമതലാബോധം അധ്വാനപ്രിയം, ലാളിത്യം എന്നിവ ഒത്തിണങ്ങിയ ഒരു വൈദിക സത്തമനായിരുന്നു. ബോംബെ യൂക്കറിസ്റ്റിക്ക് കോൺഗ്രസിലേയ്ക്ക്, മൈക്കാവിൽ നിന്നും പരിസരങ്ങളിലും നിന്ന് പോയവരുടെ നേതൃത്വം ബ. അച്ചനാണ് വഹിച്ചിരുന്നത്. ബോംബെയിൽ നിന്ന് ഗോവാ വഴി മൈക്കാവിൽ തിരിച്ചെത്തിയത് മൂർഛിച്ച പനിയോടു കൂടെയായിരുന്നു. സാധ്യമായ എല്ലാ ചികിത്സകളും ചെയ്തുവെങ്കിലും 18-12-64-ൽ 12 കൊല്ലത്തെ വൈദീക ജീവിതത്തിനു ശേഷം, അദ്ദേഹം സ്വാത്മാവിനെ സ്രഷ്ടാവിന്റെ കരങ്ങളിൽ ഭരമേല്പ്പിക്കുകയാണുണ്ടായത്. മൃതശരീരം തിരുവല്ലാ ആശ്രമത്തിൽ കൊണ്ടുവരികയും ഒരു വലിയ ജനസഞ്ചയത്തിന്റെ സാന്നിദ്ധ്യത്തിൽ ബഥന്യാശ്രമ സിമിത്തേരിയിൽ സംസ്ക്കരിക്കുകയും ചെയ്തു.

**നാലാഞ്ചിറ ആശ്രമത്തിന്റെ വിപുലീകരണം**

ആശ്രമക്കെട്ടിടത്തിന്റെയും, നൊവിഷ്യറ്റു കെട്ടിടത്തിന്റെയും ഇടയ്ക്ക് കിഴക്കു പടിഞ്ഞാറായി ഒരു കെട്ടിടമുണ്ടാക്കുന്നതിനും, പുതിയ ആശ്രമങ്ങളിൽ ആവശ്യമായ ക്രമീകരണങ്ങൾ ഉണ്ടാക്കുന്ന തിനും വേണ്ടി ധന സഹായം ചെയ്യണമെന്ന് 1964 മേയ് 11-ന് പൗരസ്ത്യ തിരുസംഘത്തി ലേയ്ക്ക് ഒരു അപേക്ഷ അയച്ചിരുന്നു. അതനുസരിച്ച് 47575 രൂപാ അസാധാരണ സംഭാവനയായി അയച്ചുതന്നു.

 www.malankaralibrary.com

## ബ. മൈക്കിൾ അച്ചനു പകരം ഫാദർ മാത്യു

ബ. മൈക്കിൾ അച്ചന്റെ ദേഹവിയോഗം മൂലം അനാഥമായി ഭവിച്ച മൈക്കാവ് മിഷനിലേക്ക് ഒരാളെ അയക്കണമെന്നും ബ. മാത്യു അച്ചനെ കല്ലിശ്ശേരി മുതലായ മിഷൻസിന്റെ ചാർജ്ജിൽ നിന്നു വിടുവിക്കുന്നതിന് വിരോധമില്ലെന്നും അത്താനാസ്യോസു തിരുമേനി 1964 ഡിസംബർ 29-ൽ സുപ്പീരിയർ ജനറലിനെ അറിയിച്ചു. ബ. മാത്യു അച്ചനെ മീനങ്ങാടിയിലേയ്ക്ക് അയയ്ക്കാമെന്നും അവിടെ താമസിച്ചു കൊണ്ട് അദ്ദേഹം മൈക്കാവിലെ കാര്യങ്ങൾ അന്വേഷിക്കുന്നതിന് ഏർപ്പാടുചെയ്യാമെന്നും സുപ്പീരിയർ ജനറൽ 1-1-65-ൽ തിരുമേനിയെ അറിയിച്ചു. അതിന് അനുകൂലമായി 4-1-65-ൽ തിരുമേനി മറുപടി തന്നതനുസരിച്ച് ബ. മാത്യു അച്ചനെ 6-1-65-ൽ മീനങ്ങാടി ആശ്രമത്തിലേക്കു സ്ഥലം മാറ്റി.

## മുക്കംപാല എസ്റ്റേറ്റ്

മദ്രാസ് സംസ്ഥാനത്ത് കന്യാകുമാരി ഡിസ്ട്രിക്റ്റിൽ കല്കുളം താലൂക്കിൽ പൊന്മന വില്ലേജിലുള്ള ഒരു സ്ഥലമാണ് മുക്കൻപാല. അവിടെ 1200 ഏക്കറോളം വിസ്തീർണ്ണമുള്ള ഒരു എസ്റ്റേറ്റ് തിരുവനന്തപുരം അതിരൂപത വകയായിട്ടുണ്ട്. റബ്ബർ, തെങ്ങ് മുതലായ ഫലവൃക്ഷങ്ങൾക്കു പറ്റിയ സ്ഥലമാണ്. പ്രസ്തുത എസ്റ്റേറ്റിന്റെ ഒരു ചെറിയ ഭാഗം മാത്രമേ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചിട്ടുള്ളു എങ്കിലും ഇപ്പോൾ തന്നേ സാമാന്യം നല്ല ആദായം അതിരൂപതയ്ക്കു ലഭിക്കുന്നുണ്ട്. അതിൽ നിന്ന് 33 ഏക്കറോളം വരുന്ന സ്ഥലം ബഥന്യാശ്രമത്തിനുവേണ്ടി 70000 രൂപയ്ക്ക് അതിരൂപതയിൽ നിന്നു വിലക്കു വാങ്ങി. 1965-ൽ തന്നേ പണം കൊടുക്കുകയും വസ്തു കൈവശപ്പെടുത്തുകയും ചെയ്തുവെങ്കിലും 29-8-66-ൽ മാത്രമേ പ്രമാണം രജിസ്റ്ററാക്കാൻ സാധിച്ചുള്ളൂ. പുതിയ സുപ്പീരിയർ ജനറലിന്റെ പേരിൽ വസ്തു രജിസ്റ്ററാക്കി.

രണ്ടു ബ്ലോക്കായിട്ടാണ് ഈ സ്ഥലം സ്ഥിതി ചെയ്യുന്നത്. 8 ഏക്കറോളം വരുന്ന കുതിര കുഴിയും 25 ഏക്കർവരുന്ന കൈതകുഴിയും. കുതിരകുഴിയിൽ താമസത്തിന് ഉപകരിക്കുന്ന ഒരു ചെറിയ കെട്ടിടവും, മുൻ ഉടമസ്ഥർ തൊഴിലാളികളുടെ താമസത്തിനായി വിട്ടു കൊടുത്തിരുന്ന പല മുറികളായി തിരിച്ചിട്ടുള്ള ഒരു കെട്ടിടവുമുണ്ട്. സ്ഥലം സമൂഹത്തിന്റെ അധീനതയിൽ വന്ന് അധികം താമസിയാതെ

അവിടെ ഒരു സൂർദയറാ സ്ഥാപിക്കയും രണ്ട് ആശ്രമസ്ഥന്മാർ ചെറിയ കെട്ടിടത്തിൽ താമസമാകയും ചെയ്തു. ചെറിയ ബ്ലോക്കിലുള്ള പ്രധാന ഫലവൃക്ഷങ്ങൾ തെങ്ങാണ്. മറ്റേ സ്ഥലത്ത് തെങ്ങും റബ്ബറുമുണ്ട്. രണ്ടു സ്ഥലത്തെയും ഫലവൃക്ഷങ്ങൾ ശ്രദ്ധാപൂർവ്വം സംരക്ഷിക്കുകയും അവയ്ക്കിടയിൽ കപ്പ, വാഴ മുതലായ കൃഷികൾ ചെയ്ത് സ്ഥലം കൂടുതൽ ആദായകരമാക്കുകയും ചെയ്തിട്ടുണ്ട്. വൃക്ഷങ്ങൾ ഫലം പുറപ്പെടിക്കാൻ തുടങ്ങിയിട്ടേയുള്ളു. ഭാവിയിൽ ഈ ചെറിയ എസ്റ്റേറ്റ് സമൂഹത്തിനു ഒരു ആദായമാർഗ്ഗമായി തീരുമെന്നു പ്രതീക്ഷിക്കാം.

**കത്തീഡ്രൽ പള്ളി പണിയ്ക്ക് ആശ്രമസംഭാവന**

തിരുവനന്തപുരം കത്തീഡ്രൽ പള്ളി പണി തുടങ്ങിയിട്ട് വർഷങ്ങളായി. അതിരൂപതയിലുള്ള എല്ലാ ഇടവകക്കാരും സ്ഥാപനങ്ങളും അതിനുവേണ്ടി കഴിവുള്ള സംഭാവന ചെയ്യണമെന്ന് മോൺസിഞ്ഞോർ സി.റ്റി. കുരുവിള വികാരി ജനറാൽ എഴുതി അയച്ചു. ബഥനി സമൂഹത്തിൽ നിന്ന് 600 രൂപ സംഭാവന ചെയ്തു. ഈ തുക കത്തീഡ്രലിൽ വടക്കെ ഭാഗത്തു സ്ഥാപിക്കുന്ന ചെറിയ അൽത്താര യ്ക്കും 6 മെഴുകുതിരിക്കാലുകൾക്കുമായി വിനിയോഗിക്കണമെന്ന് സുപ്പീരിയർ ജനറൽ എഴുതി അറിയിയ്ക്കുകയും വികാരി ജനറാൾ അതിനു സമ്മതിച്ച് 13-1-65-ൽ മറുപടി തരികയും ചെയ്യുകയുണ്ടായി.

**Religious Assistant-ന്റെ കാലാവധി**

ബഥനി സമൂഹത്തിന്റെ അടുത്ത ജനറൽ ചാപ്റ്റർ അവസാനിക്കുന്നതുവരെ മാത്രമേ ബ. എടമരത്തി ലച്ചൻ റിലീജിയസ് അസിസ്റ്റന്റായി തുടരുകയുള്ളൂ എന്ന് ഇന്റർ നൺഷ്യോ തിരുമേനി ബിഷപ്പു ഹൗസിലേയ്ക്ക് എഴുതി അയച്ചു. വന്ദ്യ തിരുമേനിയുടെ അസാന്നിദ്ധ്യത്തിൽ വികാരിജനറാൾ Mgr. C.J. Kuruvila വിവരം 30-3-65 സുപ്പീരിയർ ജനറലിനെ അറിയിച്ചു.

**ആർച്ചു ബിഷപ്പ് തിരുമേനി അമേരിക്കയിൽ**

പരിശുദ്ധ പിതാവിന്റെ അനുമതിയോടു കൂടെ ആർച്ചുബിഷപ്പ് മാർ ഗ്രീഗോറിയോസ് തിരുമേനി റോമിൽ നിന്ന് അമേരിക്കയിലേക്കു പോയി. ഈസ്റ്റർ കഴിഞ്ഞു മാത്രമേ യു.എസ്.എ.യിൽ നിന്നു മടങ്ങുകയുള്ളൂ എന്ന് 1965 ഏപ്രിൽ 5-ാം തീയതി പിറ്റിസ്ബർഗിൽ നിന്ന് നാലാഞ്ചിറ ആശ്രമത്തിലേയ്ക്ക് എഴുതി.

BETHANY PUBLICATIONS www.malankaralibrary.com

**വ്രതാനുഷ്ഠാനവും പട്ടംകൊടയും**

ബ്രദേഴ്സ് ഡാമിയൻ, പാട്രിക് എന്നിവർ 15-5-65-ൽ നിത്യവ്രതമെടുത്തു. ബ്രദർ സെലസ്റ്റിൻ 27-5-65-ൽ നിത്യവ്രത മെടുക്കുകയും 31-5-65-ൽ ചെറിയ പട്ടങ്ങൾ സ്വീകരിക്കുകയും ചെയ്തു. ബ്രദർ പാട്രിക്ക് 30-5-65-ൽ Tonsure സ്വീകരിച്ചു. ബ്രദർ ബോസ്കോ 31-5-65-ൽ എവുപ്പത്യക്നോൻ പട്ടവും 1-6-65-ൽ മ്ശംശോനോപട്ടവും 3-10-65-ൽ കശീശോപട്ടവും പൂനാ സിമ്മനാരിയിൽ വച്ചു സ്വീകരിച്ചു. നവശിഷ്യരായിരുന്ന ബ്രദേഴ്സ് ഗ്രേഷ്യസ്, ആന്റണി എന്നിവർ 15-5-65-ലും, ബ്രദേഴ്സ് ക്ലെമന്റ്, മാർട്ടിൻ എന്നിവർ 15-11-65-ലും നാലാഞ്ചിറ ആശ്രമത്തിൽ വച്ച് സുപ്പീരിയർ ജനറൽ മുമ്പാകെ മൂന്നു വർഷത്തേയ്ക്കുള്ള പ്രഥമ സന്യാസ വ്രതാനുഷ്ഠാനം നടത്തി.

ബ്രദേഴ്സ് ഡി. ഡാനിയൽ (കാവിനാൽ, കുടശ്ശനാട്), ജോർജ്ജ് അബ്രഹാം (ഐക്കരേത്ത്, ഊവൻമല മുക്കൂർ), കെ.ജി. അലക്സാണ്ടർ (കുളഞ്ഞിക്കൊമ്പിൽ, പുലിയൂർ), ജി. വർഗ്ഗീസ് (ചിറയത്തുവടക്കതിൽ, ചന്ദനപ്പള്ളി), സി. എം. തോമസ്സ് (വീരാംപറമ്പിൽ, മൈലപ്ര), സി. എ. തോമസ്സ് (ചരിവുപറമ്പിൽ, മൈലപ്ര), കെ. ശാമുവേൽ (കൊറ്റനാട്, ആനന്ദപള്ളി) കെ. എം. വർഗ്ഗീസ് (തുണ്ടുമണ്ണിൽ, തോട്ടുപുറം), റ്റി. ഫ്രാൻസിസ് (കുളത്തിന്റെ മേലതിൽ, തട്ട), കെ. ഇ. വർഗീസ് (കഴുത്തൂട്ടിൽ, വല്യയന്തി, മൈലപ്ര), എൻ. ജെ. ആന്റണി (ഞാറകുളത്ത്, പൈങ്ങോട്ടൂർ), എന്നിവരെ നാലാഞ്ചിറ ബഥന്യാശ്രമ ചാപ്പലിൽ വച്ച് 6-5-65-ൽ സുപ്പീരിയർ ജനറൽ നവശിഷ്യപദത്തി ലേക്കു സ്വീകരിച്ചു. അവർക്കു നല്കപ്പെട്ട സന്യാസ നാമങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| ഡി. ശാമുവൽ | - | അൽഫോൻസ് |
| സി.എ. തോമ്മസ് | - | വിക്ടർ |
| ജോർജ്ജ് എബ്രഹാം | - | ഫെലിക്സ് |
| കെ. ശാമുവൽ | - | ജോൺവിയാനി |
| കെ. ജി. അലക്സാണ്ടർ | - | മൈക്കിൾ |
| റ്റി. ഫ്രാൻസിസ് | - | ക്രിസോസ്റ്റം |
| ജി. വർഗീസ് | - | ഗ്രിഗറി |
| കെ. ഇ. വർഗീസ് | - | തിയോഫിലോസ് |
| സി.എം. തോമസ് | - | നിക്കൊളാസ് |
| എൻ.ജെ. ആന്റണി | - | ചാൾസ് |

### ഉന്നതവിദ്യാഭ്യാസാർത്ഥം വിദേശത്തേക്ക്

1965 സെപ്റ്റംബർ മാസത്തിൽ ഇംഗ്ലീഷ് സാഹിത്യത്തിൽ ഉപരിപഠനം നടത്തുന്നതിനായി ഫാദർ ബൊനവെഞ്ചർ അമേരിക്കയിലേക്ക് അയക്കപ്പെട്ടു. അദ്ദേഹം ചിക്കാഗോയിലെ ഡി. പോൾസ് സർവ്വകലാശാലയിൽ ചേർന്നു പഠിത്തം തുടങ്ങി.

ഉന്നത വിദ്യാഭ്യാസാർത്ഥം രണ്ട് അച്ചന്മാരെ റോമിലേക്ക് അയയ്ക്കുന്നതിനപേക്ഷ 1965 മാർച്ച് 15-ാം തീയതി പൗരസ്ത്യ സംഘത്തിന്റെ സെക്രട്ടറിയുടെ പേർക്ക് അയച്ചു. അതിനുള്ള മറുപടി 1965 മേയ് 24-ൽ Prot. No.131/65 ആയിട്ട് അയച്ചുതന്നു. അതോടുകൂടെ പൂരിപ്പിച്ച് അയച്ചുകൊടുക്കുന്നതിനുള്ള രണ്ടു ഫോമും അയച്ചുതന്നു. ഫോം ഫാദർ ഇഗ്നേഷ്യസും ജോൺ ബർക്ക്മാൻസും 1965 ജൂൺ 9-ൽ പൂരിപ്പിച്ച് അയച്ചു. പഠനവിഷയങ്ങൾ യഥാക്രമം Pastoral Theology and Scriptures. പൗരസ്ത്യ സംഘത്തിൽ നിന്നുള്ള അനുമതി 1965 ജൂൺ 15-ൽ ലഭിച്ചു. തദനുസരണം ബ. അച്ചന്മാർ 1965 സെപ്റ്റംബർ 27-ന് ഉപരിപഠനത്തിനായി റോമിലേയ്ക്ക് തിരിച്ചു.

### ജനറൽ ചാപ്റ്റർ

അടുത്ത ജനറൽ ചാപ്റ്ററിലേക്കുള്ള നോട്ടീസ് 26-3-65-ൽ എല്ലാ ആശ്രമങ്ങളിലേക്കും സുപ്പീരിയർ ജനറൽ അയച്ചുകൊടുത്തു. 1965 ജൂലൈ 7-ാം തീയതി സമൂഹത്തിന്റെ സാധാരണ ജനറൽ ചാപ്റ്റർ തിരുവനന്തപുരം ആശ്രമത്തിൽ സമ്മേളിക്കുന്നതാണെന്നും ചാപ്റ്റർ പ്രതിനിധികളെ തിരഞ്ഞെടുത്ത് അയയ്ക്കണമെന്നും അറിയിക്കയുണ്ടായി. ചാപ്റ്ററിൽ ആദ്ധ്യക്ഷം വഹിക്കുന്നതിന് 1965 ഏപ്രിൽ 3-ാം തീയതി ബ. എടമരത്തിലച്ചനെ ക്ഷണിക്കുകയും അതിനു സമ്മതം നല്കികൊണ്ട് 11-4-1965-ൽ അദ്ദേഹം മറുപടി നല്കുകയും ചെയ്തു. 11-6-65-ൽ ചാപ്റ്ററിന്റെ ഏകദേശമായ ഒരു പരിപാടി അദ്ദേഹത്തിന്റെ പേർക്ക് അഭിപ്രായത്തിനായി അയച്ചുകൊടുത്തു. സുപ്പീരിയർ ജനറലിന്റെ തിരഞ്ഞെടുപ്പിനു മുമ്പും പിമ്പും കാൽ മണിക്കൂർ വീതം ചാപ്പലിൽ കൂട്ടമായി രഹസ്യ പ്രാർത്ഥന നടത്തുന്ന കാര്യം കൂടി പരിപാടിയിൽ ഉൾപ്പെടുത്തണമെന്നു കാണിച്ച് 15-6-65-ൽ അദ്ദേഹം മറുപടി തന്നു. യഥാസമയം അദ്ദേഹം നാലാഞ്ചിറ ആശ്രമത്തിലെത്തുകയും ജനറൽ ചാപ്റ്ററിൽ അദ്ധ്യക്ഷം വഹിക്കുകയും ചെയ്തു.

www.malankaralibrary.com

**ജനറൽ ചാപ്റ്ററിന്റെ ഏകദേശപരിപാടി താഴെ ചേർക്കുന്നു.**

| | |
|---|---|
| 1965 ജൂലൈ | 6 ചൊവ്വ |
| | ചാപ്റ്റർ അംഗങ്ങൾക്ക് തനിച്ചു ധ്യാനം |
| 7 ബുധൻ 7.15 am | പൊതുകുർബാന (ചാപ്റ്റർ അംഗങ്ങളെല്ലാവരും അതിൽ അനുബന്ധിക്കുന്നു) |
| 9.00 am. | **ഒന്നാം സമ്മേളനം**<br>പ്രാരംഭ പ്രാർത്ഥന<br>സാക്ഷിപത്ര പരിശോധന<br>**റിപ്പോർട്ടവതരണം** |
| 10.30 am | **രാം സമ്മേളനം** |

ചാപ്റ്റർ സെക്രട്ടറിയുടെ നിയമനം, സ്ക്രൂട്ടിനേഴ്സിന്റെയും സെക്രട്ടറിയുടെയും പ്രതിജ്ഞ, ചാപ്റ്റർ അംഗങ്ങളുടെ പൊതുപ്രതിജ്ഞ ഇവയ്ക്കുശേഷം കാൽമണിക്കൂർ പ്രാർത്ഥന (പൊതുവായും വ്യക്തിപരമായും) തദനന്തരം സുപ്പീരിയർ ജനറലിന്റെ തിരഞ്ഞെടുപ്പ്. പ്രാർത്ഥനാലയത്തിൽ വച്ച് വിധേയത്വ പ്രാർത്ഥന നടത്തിയശേഷം കാൽ മണിക്കൂർ പ്രാർത്ഥന. തിരികെ ചാപ്റ്റർ ഹാളിൽ വന്ന് നാലു കൗൺസിലേഴ്സ് ജനറലിന്റെയും പ്രൊക്യൂറേറ്റർ ജനറലിന്റെയും സെക്രട്ടറി ജനറലിന്റെയും തിരഞ്ഞെടുപ്പ്. പ്രമേയ കമ്മറ്റിയുടെ തിരഞ്ഞെടുപ്പ്.

**തിരഞ്ഞെടുപ്പുകൾക്കുശേഷം മൂന്നാം സമ്മേളനം മുതൽ പ്രമേയങ്ങളുടെ ചർച്ച**

ആദ്യമായി വി. നിയമം രണ്ടാം യോഗം ചാപ്റ്റർ 2 ന. 32 അനുസരിച്ച് ജനറൽ ചാപ്റ്ററിന്റെ നിശ്ചയത്തിനു പ്രത്യേകം വേർതിരിക്കപ്പെട്ടിട്ടുള്ള സംഗതികളും തദനന്തരം മന്ദിരങ്ങളിൽ നിന്നുള്ള പ്രമേയങ്ങളും അവസാനമായി പ്രമേയകമ്മിറ്റി തിരഞ്ഞെടുത്തിട്ടുള്ള മറ്റു പ്രമേയങ്ങളും ചർച്ച ചെയ്യപ്പെടും.

**പര്യവസാന സമ്മേളനം**

കഴിഞ്ഞ ജനറൽ ചാപ്റ്ററിനു ശേഷം വാങ്ങിപ്പോയിട്ടുള്ള പരേതാംഗങ്ങളുടെ സ്മരണ റിപ്പോർട്ട് തയ്യാറാക്കി ചാപ്റ്റർ അംഗങ്ങൾ

എല്ലാവരും ഒപ്പു വയ്ക്കുക. സ്ത്രോത്ര പ്രാർത്ഥന (പ്രാർത്ഥനാലയത്തിൽ).

പ്രാരംഭ ദിവസം ഒഴിച്ചുള്ള എല്ലാ ദിവസങ്ങളിലും രാവിലെ 8.30 മുതൽ 10 വരെയും 10.15 മുതൽ 11.45 വരെയും ഉച്ചകഴിഞ്ഞ് 3 മണിമുതൽ 5 മണിവരെയും സമ്മേളനങ്ങൾ ഉണ്ടായിരിക്കും.

ഈ പരിപാടിയനുസരിച്ച് 1965 ജൂലൈ 7-ാം തീയതി ആരംഭിച്ച ജനറൽ ചാപ്റ്റർ 10-ാം തീയതി അവസാനിച്ചു. ചാപ്റ്ററിൽ തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയംഗങ്ങളുടെ പേരുകൾ താഴെ ചേർക്കുന്നു:

| | | |
|---|---|---|
| സുപ്പീരിയർ ജനറൽ | : | ഫാ. ജേക്കബ് ഒ.ഐ.സി |
| ഒന്നാം കൗൺസിലർ ജനറൽ | : | ഫാ. ഗബ്രിയേൽ ഒ.ഐ.സി |
| രണ്ടാം കൗൺസിലർ ജനറൽ | : | ഫാ. ഏബ്രഹാം ഒ.ഐ.സി |
| മൂന്നാം കൗൺസിലർ ജനറൽ | : | ഫാ. ജോഷ്വാ ഒ.ഐ.സി |
| നാലാം കൗൺസിലർ ജനറൽ | : | ഫാ. സിറിൽ ഒ.ഐ.സി |
| പ്രൊക്യുറേറ്റർ ജനറൽ | : | ഫാ. പോൾ ഒ.ഐ.സി |
| സെക്രട്ടറി | : | ഫാ. ഫ്രാൻസിസ് സാലസ് ഒ.ഐ.സി |

തിരഞ്ഞെടുപ്പു ഫലങ്ങൾ SOC സെക്രട്ടറിയെയും, ഇന്റർനൺഷ്യോ തിരുമേനിയേയും തിരുവനന്തപുരം ആർച്ചുബിഷപ്പു തിരുമേനിയേയും, തിരുവല്ലാ മെത്രാൻ തിരുമേനിയെയും തിരഞ്ഞെടുപ്പു കഴിഞ്ഞയുടനെ അറിയിച്ചു.

1965 ജൂലൈ 10-ാം തീയതി രാവിലെ 7 മണിയ്ക്ക് മാർ ഗ്രീഗോറിയോസ് തിരുമേനി നാലാഞ്ചിറ ആശ്രമത്തിലെത്തി ചാപ്റ്ററിന്റെ വിജയത്തിനായി സമൂഹ കുർബാന ചൊല്ലുകയും സാരമായ ഒരു ഉപദേശം നല്കുകയും ചെയ്തു. ചാപ്റ്ററിലെ അംഗങ്ങളെല്ലാം അതിൽ സംബന്ധിച്ചതിനാൽ ചാപ്റ്ററിന്റെ അവസാന സമ്മേളനം 9.45നാണ് ആരംഭിച്ചത്. ഈ ചാപ്റ്റർ നടപടികളെല്ലാം കഴിഞ്ഞ ഉടനെ ബ.ഇടമരത്തിലച്ചൻ സമൂഹത്തിന് ഭാവുകങ്ങൾ ആശംസിച്ചുകൊണ്ട് സമൂഹത്തെ സംബന്ധിച്ച ജോലിയിൽ നിന്ന് (Religious Assistant) പിരിഞ്ഞു. അടുത്ത ദിവസം തന്നേ പുതിയ ഭരണസമിതി കൂടി താഴെപ്പറയുന്നവരെ മന്ദിര സുപ്പീരിയറന്മാരായി നിയമിച്ചു.

| | |
|---|---|
| Trivandrum | Fr. Augustin OIC |
| Thiruvalla | Fr. Francis Xavier OIC |
| Kattanam | Fr. Ambrose OIC |
| Pune | Fr. Dominic OIC |
| Kumbazha | Fr. Pachomios OIC |
| Vengola | Fr. Vincent OIC |
| Meenangady | Fr. Mathew OIC |
| Nellikkakuzhy | Fr. Younan OIC |
| Ancheri | Fr. Raphael OIC |

Fr. John നെ Novice Master ആയി തിരഞ്ഞെടുത്തു. ജനറൽ ചാപ്റ്റർ സമ്മേളനം കഴിഞ്ഞ് ഭരണ സമിതിയംഗങ്ങൾ തിരുവനന്തപുരം ആർച്ചുബിഷപ്പു തിരുമേനിയേയും, തിരുവല്ലാ ബിഷപ്പു തിരുമേനി യേയും സന്ദർശിച്ച് സമൂഹം പൊന്തിഫിക്കൽ ആക്കുന്നതിനുള്ള അപേക്ഷ തിരുസിംഹാസനത്തിൽ സമർപ്പിക്കാൻ ആഗ്രഹിക്കുന്നു വെന്നും അതിനുവേണ്ടി വന്ദ്യതിരുമേനിമാർ ശുപാർശചെയ്യണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. അപ്രകാരം ചെയ്യാമെന്നു തിരുമേനിമാർ സമ്മതിച്ചു. തദനുസാരം പരിശുദ്ധ സിംഹാസനത്തിൽ അപേക്ഷ സമർപ്പിക്കുകയും തിരുസിംഹാസനത്തിൽ നിന്ന് അനുകൂലമായ തീരുമാനമുണ്ടാകുകയും ചെയ്തു.

**1965 സെപ്റ്റംബർ 2**

ബ്രദർ പ്ലാസിഡ് തത്വശാസ്ത്ര പഠനത്തിനുശേഷം പല വർഷങ്ങളായി സുഖമില്ലാതെ കഴിയുകയായിരുന്നു. അത് വൈദിക പഠനത്തെ വല്ലാതെ ബാധിക്കയാൽ, സന്യാസസഭയിൽ പ്രയോജന കരമായ ഒരു ജീവിതം അസാദ്ധ്യമെന്നു കണ്ടു തന്റെ സന്യാസ വ്രത ത്തിൽ നിന്ന് (നിത്യവ്രതത്തിൽ നിന്ന്) വിടുതൽ ലഭിക്കുന്നതിനായി സുപ്പീരിയർ ജനറലിന്റെ പക്കൽ 28-7-65-ൽ അപേക്ഷിച്ചു. സുപ്പീരിയർ ജനറൽ അദ്ദേഹത്തിന്റെ ഒരു റിപ്പോർട്ടോടുകൂടെ തിരുവനന്തപുരം ആർച്ചുബിഷപ്പിന്റെ സമക്ഷത്ത് പ്രസ്തുത അപേക്ഷ സമർപ്പിക്കുകയും, തിരുമേനി 1965 സെപ്റ്റംബർ 2 ന് Dispensation letter നല്കുകയും ചെയ്തു. വിടുതൽ കല്പന, ബ്രദർ പ്ലാസിഡിന് കൊടുക്കുന്നതിനായി സുപ്പീരിയർ ജനറൽ, കറ്റാണം ആശ്രമസുപ്പീരിയർ ബ. അംബ്രോസ് അച്ചനെ ഏല്പിക്കുകയും അദ്ദേഹം അത് ബ്രദർ പ്ലാസിഡിനു നല്കുകയും ചെയ്തു.

**1965 ഡിസംബർ 23**

ഫാദർ സിറിൽ കാനൻ നിയമത്തിൽ പ്രശസ്ത വിജയം കൈവരിച്ച് റോമിൽ നിന്ന് ഇന്നേ ദിവസം തിരിച്ചെത്തി.

**വ്രതവാഗ്ദാന ജൂബിലി മഹാമഹം**

ബഥനിയുടെ അഭിമാനസ്തംഭമായ മാർ ഗ്രീഗോറിയോസു തിരുമേനി നിത്യവ്രതമെടുത്തത് 1941 ജനുവരി 7-ാം തീയതിയായിരുന്നു. 1966 ജനുവരി 7-ന് 25 വർഷം തികയുന്ന സിൽവർ ജൂബിലി ദിനമാണ്. അന്നേ ദിവസം വന്ദ്യതിരുമേനിയെ നാലാഞ്ചിറ ആശ്രമത്തിലേക്കു ക്ഷണിച്ചു വരുത്തുകയും അതിരാവിലെ തിരുമേനി ആഘോഷമായ വി. കുർബാനയർപ്പിക്കുകയും ചെയ്തു. രാവിലത്തെ ഭക്ഷണസമയത്ത് പെ. ബ. ജനറാളച്ചൻ വന്ദ്യ തിരുമേനിയുടെ അപദാനങ്ങളെ കീർത്തിച്ച് പ്രസംഗിക്കുകയും തിരുമേനി അതിനു സമുചിതമായ മറുപടി പറയുകയുമുണ്ടായി.

1966 ഫെബ്രുവരി 7-ാം തീയതി സായാഹ്നത്തിൽ ബഥനി സന്യാസിനീ സന്യാസമൂഹങ്ങളുടെ ഏകോപിച്ചുള്ള ആഭിമുഖ്യത്തിൽ നാലാഞ്ചിറ സെന്റ് ഗൊരേറ്റീസ് ഹൈസ്കൂൾ ഹാളിൽ വച്ച് ജൂബിലി ചടങ്ങുകൾ സാഘോഷം കൊണ്ടാടി. ഇതിനായി ചേർന്ന പൊതു യോഗത്തിൽ പാലാ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വയലിൽ തിരുമനസ്സു കൊണ്ട് ആധ്യക്ഷം വഹിക്കുകയും റവ. ഫാദർ എം.സി. ജോസഫ് എസ്.ജെ., ശ്രീ. വി.ജി. സിറിയക്ക് ഐ.എ.എസ്. എന്നിവർ ജൂബിലിയേറിയനെ അനുമോദിച്ച് പ്രസംഗിക്കുകയും ചെയ്തു. അദ്ധ്യക്ഷൻ തിരുമേനി രണ്ടാം വത്തിക്കാൻ സുനഹദോസിന്റെ അരൂപിയിലുള്ള തിരുസഭാനവീകരണം, വിശേഷിച്ചു ക്രൈസ്തവ പുനരൈക്യ പ്രസ്ഥാനം ഇവയിൽ ബഥനി സന്യാസസമൂഹാംഗങ്ങളുടെ പങ്ക് എന്നിവയെ ആസ്പദമാക്കിയും ജൂബിലിയേറിയന്റെ അപദാന ങ്ങളെ പ്രകീർത്തിച്ചും സംസാരിച്ചു. സുപ്പീരിയർ ജനറൽ വെ. റവ. ഫാദർ ജേക്കബ് ഒ.ഐ.സി. സ്വാഗതമാശംസിക്കുകയും, റവ. സിസ്റ്റർ റെഹ്മാസ് എസ്. ഐ. സി. കൃതജ്ഞത പ്രകാശിപ്പിക്കു കയും ചെയ്തു. യോഗത്തിനിടയ്ക്കും യോഗാനന്തരവും വിവിധ കലാപരിപാടികളു ണ്ടായിരുന്നു. യോഗാനന്തരം ജൂബിലേറിയൻ തിരുമനസ്സുകൊണ്ട് കുർബാനയുടെ വാഴ്വ് നടത്തി.

**1966 മേയ് 7**

ധർമ്മശിഷ്യപദത്തിലേക്ക്: എം. പീറ്റർ (കടമാംകോട്, കുടശ്ശനാട്) മാത്യുകുട്ടി (ആനവീണയ്യത്ത് വള്ളികുന്നം), റ്റി.സി. ചാക്കോ (തൈക്കാട്ടിമല, കോട്ടൂർ), മൈക്കിൾ.ജി (വരിക്കോലിതറയിൽ, പുന്നമൂട്), ജോയിക്കുട്ടി (പീടികപറമ്പിൽ, ആഞ്ഞിലിക്കുന്ന്, പത്തനംതിട്ട), സെബാസ്റ്റ്യൻ ഫ്രാൻസിസ് (താലൂർപുത്തൻ പുരയിടം, ചങ്ങനാശ്ശേരി), സി.വി. അഗസ്റ്റിൻ (ചാമക്കാലയിൽ, പൈങ്ങോട്ടൂർ), കെ. പി. ഫിലിഫ് (കോണത്തു കുടിയിൽ, കോട്ടൂർ), ജോർജ്ജ് തോമസ് (കല്ലുങ്കൽ തെക്കേതിൽ, കല്ലുങ്കൽ), തോമസ് (കുന്നിമേൽ, പുന്നമൂട്), കെ. ഇ. ആന്റണി (കടിയൻകുന്നേൽ, അയിരൂർ) എന്നിവരെ നാലാഞ്ചിറ ബഥന്യാശ്രമചാപ്പലിൽ വച്ച് സുപ്പീരിയർ ജനറൽ നവശിഷ്യ പദത്തിലേക്കു സ്വീകരിച്ചു. അവർ സ്വീകരിച്ച സന്യാസ നാമങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | എം. പീറ്റർ | ബ്ര. പീറ്റർ |
| 2. | മാത്യുകുട്ടി | ബ്ര. മാത്യു |
| 3. | റ്റി.സി. ചാക്കോ | ബ്ര. റോബർട്ട് |
| 4. | മൈക്കിൾ.ജി | ബ്ര. മൈക്കിൾ |
| 5. | ജോയികുട്ടി | ബ്ര. ഗീവർഗ്ഗീസ് |
| 6. | സെബാസ്റ്റ്യൻ ഫ്രാൻസിസ് | ബ്ര. സെബാസ്റ്റ്യൻ |
| 7. | സി. വി. അഗസ്റ്റിൻ | ബ്ര. അഗസ്റ്റിൻ |
| 8. | കെ.പി. ഫിലിപ്പ് | ബ്ര. ഫിലിപ്പ് |
| 9. | ജോർജ്ജ് തോമസ് | ബ്ര. ജോർജ്ജ് തോമസ് |
| 10. | തോമസ്സ് | ബ്ര. തോമസ്സ് |
| 11. | കെ. ഇ. ആന്റണി | ബ്ര. യോയാക്കീം |

**ആദ്യവ്രതാനുഷ്ഠാനം**

1966 മെയ് 7-ാം തീയതി താഴെപ്പറയുന്നവരുടെ മൂന്നു വർഷത്തേക്കുള്ള ആദ്യവ്രതാനുഷ്ഠാനകർമ്മം സുപ്പീരിയർ ജനറൽ തിരുവനന്തപുരം ആശ്രമ ചാപ്പലിൽ വച്ച് നടത്തി.

1. ബ്ര. അൽഫോൻസ്
2. ബ്ര. ഫെലിക്സ്
3. ബ്ര. മൈക്കൽ
6. ബ്ര. പീറ്റർ
7. ബ്ര. ജോൺ വിയാനി
8. ജസ്റ്റിൻ

4. ബ്ര. ഗ്രിഗോറി
5. ബ്ര. കൈലാത്ത്
9. ക്രിസോസ്റ്റോം
10. തിയോഫിലോസ്
11. ബ്ര. ചാൾസ്

ഇവരിൽ ബ്രദർ നിക്കോളാസ് ഒഴിച്ചുള്ളവരെല്ലാം 1966 ജൂൺ മുതൽ മാർ ഈവനിയോസ് കോളേജിൽ പ്രീഡിഗ്രി ക്ലാസ്സിൽ പഠനം ആരംഭിച്ചു.

**മിശിഹാനുകരണ സമൂഹവും ഉന്നതവിദ്യാഭ്യാസവും**

നമ്മുടെ കർത്താവിന്റെ ലളിതജീവിതം അനുകരിക്കയാണ് ബഥനി സമൂഹത്തിന്റെ പ്രത്യേക സ്വഭാവം എന്ന് നമ്മുടെ നിയമസംഹിതയിൽ പ്രത്യേകം എടുത്തുപറയുന്നുണ്ട് (Constitution Part I, Ch.I:i4) വിദ്യാഭ്യാസരംഗത്ത് സമൂഹത്തിന്റെ ഈ പ്രത്യേകസ്വഭാവം എങ്ങനെ പ്രായോഗികമാക്കാം എന്നത് ഒരു പ്രശ്നമാണ്. എന്നാൽ സമൂഹസ്ഥാപകൻ തന്റെ മാതൃകയാലും ഉപദേശത്താലും ഈ പ്രശ്നത്തിന് ഉത്തരം നല്കുന്നുണ്ട്. സമൂഹം തുടങ്ങുന്ന കാലത്ത് അദ്ദേഹം അറിയപ്പെട്ടിരുന്നത് MA അച്ചൻ എന്ന പേരിലാണ്. യാക്കോബായ സമുദായത്തിലെ ഒന്നാമത്തെ എം.എ. അച്ചൻ എന്ന പ്രശസ്തി അദ്ദേഹം ആർജ്ജിച്ചിരുന്നു. സമുദായത്തിലെ ഏക വിദ്യാഭ്യാസ സ്ഥാപനമായിരുന്ന എം.ഡി.സിമ്മനാരി ഹൈസ്കൂളിന്റെ പ്രിൻസിപ്പാൾ പദവിയിലേക്കും, പിന്നീട് സെറാംപൂർ വൈദികകോളേജിൽ പ്രൊഫസർ സ്ഥാന ത്തേക്കും അദ്ദേഹത്തെ ആനയിച്ചതും ഈ പ്രശസ്തിയായിരുന്നു. അഭ്യസ്ഥവിദ്യരായ കുറെ യുവവൈദികരെ കിട്ടിയാൽ, സമുദായ ഉന്നമനത്തിന് അവരെ ഉപകരണമാക്കാം എന്നുള്ള ബോധ്യമാണ്, സെറാമ്പൂരിലെ ഉദ്യോഗം സ്വീകരിച്ചയുടനെ അങ്ങനെയുള്ളവരെ തിരഞ്ഞുപിടിച്ച് സെറാം പൂരിലേക്ക് ആനയിക്കുന്നതിന് അദ്ദേഹത്തെ പ്രേരിപ്പിച്ചതും. ഇങ്ങനെ അദ്ദേഹത്തിന്റെ നിയന്ത്രണത്തിൽവന്ന യുവകേസരികളെ തന്നോടു കൂടെ താമസിപ്പിച്ച് ലളിതജീവിതം അഭ്യസിക്കുന്നതിനും അദ്ദേഹം കഴിവതും പരിശ്രമിച്ചു. അതിനാൽ 'കഴിവിന്റെ പരമാവധി ഉന്നതമായ വിദ്യാഭ്യാസവും, ഏറ്റം ലളിതമായ ജീവിതവും' എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം എന്നു ഗ്രഹിക്കാവുന്നതാണ്. ഈ ലക്ഷ്യം മുൻനിറുത്തിക്കൊണ്ട് സമൂഹത്തിന്റെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് സമൂഹാധ്യക്ഷന്മാർ എക്കാലത്തും ശ്രമിച്ചിട്ടുണ്ട്.

കത്തോലിക്കാ പുനരൈക്യത്തോടെ അതിനുള്ള മാർഗ്ഗം പൂർവ്വവൽ തെളിഞ്ഞു. വിജ്ഞാനത്തിന്റെ ഏതു ശാഖയിലും ഉന്നത

വിദ്യാഭ്യാസത്തിനുള്ള സ്ഥാപനങ്ങൾ കത്തോലിക്കാസഭയിലുണ്ട്. അവിടങ്ങളിൽ ലഭിക്കുന്ന സൗകര്യങ്ങൾ സുലഭമായി ബഥനിയും പ്രയോജനപ്പെടുത്താൻ മടിച്ചിട്ടില്ല. 1944-ൽ കാൻഡിസിമ്മനാരിയിൽ നിന്ന് വൈദികപട്ടം സ്വീകരിച്ച് നാലാഞ്ചിറആശ്രമത്തിൽ മടങ്ങിയെത്തിയ ഫാദർ ബനഡിക്ട് 1946-ൽ തൃശിനാപ്പള്ളി കോളജിൽ MA Hons-നു ചേർന്നു. മൂന്നുവർഷത്തെ പഠനാനന്തരം അദ്ദേഹം പ്രസ്തുത കോളജിൽ നിന്ന് ഒന്നാമതായി പാസായി സമൂഹത്തിൽ തിരിച്ചെത്തി. 1953 ജൂൺ മാസത്തിൽ ഫാദർ ആൻഡ്രൂസ്, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ MA Hons-ക്ലാസിൽ ചേർന്ന് പഠനമാരംഭിച്ചു. ഫാദർ തിയോഫിലോസ് ചങ്ങനാശേരി കോളജിൽ ചേർന്ന് ബിരുദധാരിയായി മടങ്ങിയെത്തി. 1955-ൽ ഫാ.മൈക്കിൾ ഉപരിപഠനാർത്ഥം തൃശിനാപ്പള്ളി സെൻ്റ് ജോസഫ് കോളജിലേക്കു പോകയും MA Hons-പാസായി ആശ്രമത്തിൽ തിരിച്ചെത്തുകയും ചെയ്തു. പൂനാ സിമ്മനാരിയിൽ വൈദികപഠനം പൂർത്തിയാക്കി 1960-ൽ വൈദികപട്ടം സ്വീകരിച്ച ഫാ.സിറിൽ കാനൻ ലോ സംബന്ധിച്ച ഉപരിപഠനത്തിനായി 1961-ൽ റോമിലേക്കു പുറപ്പെട്ടു. റോമിലെ കൊളേജൊ ഡമഷീനോയിൽ ചേർന്ന് പ്രസ്തുത പഠനം പൂർത്തിയാക്കി ഡോക്ടറേറ്റ് എടുത്തശേഷം 1965 ഡിസംബർ 23-ാം തീയതി തിരിച്ചെത്തി. 1964 ഒക്ടോബറിൽ ഫാ.അത്തനാസ്യോസ് സ്പിരിച്വാലിറ്റി സംബന്ധിച്ച ഉപരിപഠനത്തിന് റോമിലേക്ക് അയക്കപ്പെട്ടു. ഇംഗ്ലീഷ് സാഹിത്യത്തിൽ ഉപരിപഠനം നടത്താനായി ഫാ.ബൊനവെഞ്ചർ 1965 സെപ്റ്റംബറിൽ അമേരിക്കയിലേക്കു പുറപ്പെട്ടു. ചിക്കാഗോയിലെ ഡിപോൾ സർവ്വകലാശാലയിൽ അദ്ദേഹത്തിന് പ്രവേശനം കിട്ടി. ആ മാസത്തിൽതന്നെ ഫാദേഴ്സ് ഇഗ്നേഷ്യസ്, ബർക്കുമാൻസ് എന്നിവർ ഉപരിപഠനത്തിനായി 1966-ൽ റോമിലേക്കു തിരിച്ചു. ഇവർ യഥാക്രമം പാസ്റ്ററൽ തിയോളജി, സ്ക്രിപ്ചർ എന്നിവയാണ് പഠനവിഷയമായി എടുത്തത്. രസതന്ത്രം സംബന്ധിച്ച് ഉപരിപഠനത്തിനായി ഫാ.ആൽബർട്ട് ചിക്കാഗോയിലെ ലെയോള യൂണിവേഴ്സിറ്റിയിൽ ചേർന്ന് പഠനമാരംഭിക്കുകയും ചെയതു. ഫാ.ജെറോം, ഫാ.ലൂയിസ് എന്നിവരും 1966-ൽതന്നെ ഉപരിപഠനത്തിനായി റോമിലേക്കു പോയി. ഫാ.ജെറോം സോഷ്യോളജിയും ഫാ.ലൂയിസ് സ്പിരിച്വാലിറ്റിയും പ്രത്യേക വിഷയങ്ങളായി എടുത്തുപഠിച്ചു.

തിരുവനന്തപുരം മാർ ഈവാനിയോസ് കോളേജിൽ ഇംഗ്ലീഷ് ലക്ചററായി സേവനമനുഷ്ഠിച്ചുകൊണ്ടിരുന്ന ഫാ.ആൻഡ്രൂസ് ഇംഗ്ലീഷ് സാഹിത്യത്തിൽ Ph.D എടുക്കുന്നതിനായി 1967-ൽ ചിക്കാഗോയിലെ ലയോളാ യൂണിവേഴ്സിറ്റിയിൽ ചേർന്ന് പഠനമാരംഭിച്ചു. ഇതിനിടയിൽ കേരളായൂണിവേഴ്സിറ്റിയിലെ എസ്.ബി. കോളജ്, മാർ ഈവാനിയോസ് കോളജ് മുതലായവയിൽചേർന്ന് പലരും കോളജ് വിദ്യഭ്യാസം പൂർത്തിയാക്കി ഡിഗ്രി സമ്പാദിക്കയുണ്ടായി. കൗൺസലിംഗ്, പത്രപ്രവർത്തനം മുതലായ വിഷയങ്ങളിൽ പരിശീലനം പ്രാപിക്കുന്നതിനായും ചിലർ വിദേശങ്ങളിലേക്ക് അയക്കപ്പെട്ടിട്ടുണ്ട്. Highest Education and Simple life എന്നുള്ള ആദർശം പ്രായോഗികമാക്കുന്നതിന് സമൂഹം അശ്രാന്തപരിശ്രമം ചെയ്ത കാലമാണ് 1963 മുതൽ 70 വരെയുള്ള കാലഘട്ടം.

**1966 മെയ് 31-ാം തീയതി**

ബഥനി സമൂഹം പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തപ്പെട്ടു. പരിശുദ്ധ പിതാവിന്റെ ഇൻഡ്യയിലെ പ്രതിനിധിയായ അഭിവന്ദ്യ ജെയിംസ് ആർ. നോക്സ് തിരുമേനിയാണ് തുരുവനന്തപുരം ബഥന്യാശ്രമത്തിൽ വച്ച് വിശുദ്ധ കുർബാന വേളയിൽ ആ മഹനീയ കൃത്യം നിർവഹിച്ചത്. തിരുവനന്തപുരം മെത്രാപ്പോലീത്താ ബനഡിക്ട് മാർ ഗ്രീഗോറിയോസു തിരുമേനിയും തിരുവല്ലാ രൂപതയുടെ മെത്രാൻ അത്തനാസ്യോസ് തിരുമേനിയും തിരുവനന്തപുരം മെത്രാൻ പീറ്റർ ബർണാഡു തിരുമേനിയും അനേകം വൈദികരും ഭക്തജനങ്ങളും ആ മംഗള കർമ്മത്തിൽ പങ്കുകൊണ്ടു. ഇതു സംബന്ധിച്ച് തിരുവനന്തപുര ത്തേയ്ക്ക് എഴുന്നള്ളിയ ഇന്റർനൺഷ്യോ തിരുമേനി ഒന്നു രണ്ടു ദിവസം നാലാഞ്ചിറ ആശ്രമത്തിൽ താമസിക്കയും ഡിക്രി ഔദ്യോഗിക മായി പ്രഖ്യാപിച്ചു നടപ്പിലാക്കുകയും ചെയ്തു. ഇതിനോടനുബന്ധിച്ച് ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിലും സക്കറിയാസ് മാർ അത്തനാസ്യോസ് തിരുമനസ്സിലെയും ബഥന്യാശ്രമ സുപ്പീരിയർ ജനറൽ വെ. റവ. ഫാദർ ജേക്കബ്, ഫാദർ ഏബ്രഹാം, ഫാദർ യോശുവാ എന്നിവരുടെ സഹകരണത്തിലും ആഘോഷമായ സമൂഹദിവ്യബലി അർപ്പിക്കപ്പെട്ടു. തുടർന്ന് ഇന്റർനൺഷ്യോ തിരുമനസ്സിലെ മഹനീയാധ്യക്ഷതയിൽ സെന്റ് ഗൊരേറ്റി ഹൈസ്കൂളിൽ വച്ച് പബ്ലിക്ക് മീറ്റിങ്ങും വിഭവസമൃദ്ധമായ കാപ്പിസൽക്കാരവുമുണ്ടായിരുന്നു.

BETHANY PUBLICATIONS

www.malankaralibrary.com

## ബഥനി സന്യാസി സമൂഹത്തെ പൊന്തിഫിക്കൽ പദവിയിലേക്കുയർത്തുന്ന പൗരസ്ത്യ തിരുസംഘത്തിന്റെ ഡിക്രി

SACRA CONGREGATIO PRO ECCLESIA ORIENTALI

Prot. N. 913/65

# DECRETUM

Congregatio clericalis malabarensis
de Imitatione Christi
ad gradum iuris pontificii evehitur.

---

Quem venerabilis vir Mar Ivanios, auctor Unionis Malankarensium cum Apostolica Sede, Ordinem seu Congregationem titulo Imitationis Christi vel a Bethania anno 1919 adhuc sacerdos iacobita condiderat, hunc, in Ecclesia Catholica bene florescentem et ab anno 1954 Constitutionibus rite recognitis auctum, Sacra Congregatio pro Ecclesia Orientali, receptis precibus a Generali Ordinis Moderatore cum Consilio, habitis litteris testimonialibus ab Hierarchis Malankarensibus et suffragio Apostolici in India Internuntii, ad gradum dignitatemque Congregationis iuris pontificii evehendum censuit.

Referente proinde in Audientia diei 4 huius mensis infrascripto huius Sacrae Congregationis pro Ecclesia Orientali Cardinali Pro-Praefecto, Sanctissimus Dominus Noster PAULUS, divina providentia PP. VI, benigne indulsit ut Ordo, quem vocant, Imitationis Christi vel a Bethania, cuius finis specialis est "vitam Domini Nostri Iesu Christi sive quoad eius orationem sive quoad actionem imitari", Congregatio efficiatur iuris pontificii eiusque Constitutiones ad septennium in textu latino ab hac S. Congregatione recognito et emendato approbentur.

Contrariis quibusvis minime obstantibus.

Datum Romae, ex aedibus S. Congregationis pro Ecclesia Orientali, die 14 mensis Aprilis A.D. 1966.

**പൗരസ്ത്യ തിരുസംഘത്തിന്റെ ഡിക്രി (ലത്തിനിൽ നിന്നുള്ള തർജ്ജിമ)**

മലങ്കരയിലെ പുനരൈക്യപ്രസ്ഥാന ജനയിതാവും അഭിവന്ദ്യനുമായ മാർ ഈവാനിയോസ് യാക്കോബായ വൈദികനായിരിക്കുമ്പോൾ 1919-ൽ സ്ഥാപിച്ചതും, 1954-ൽ തിരുസിംഹാസനം ക്രമപ്രകാരം അംഗീകരിച്ച നിയമസംഹിതയോടു കൂടിയതും കത്തോലിക്ക സഭയിൽ തഴച്ചുവളരുന്നതുമായ മ്ശിഹാനുകരണ സമൂഹത്തെ അഥവാ ബഥനിയെ അതിന്റെ സുപ്പീരിയർ ജനറൽ, കൗൺസിലോടുകൂടെ നടത്തിയ അഭ്യർത്ഥനയും മലങ്കര സഭാധ്യക്ഷന്മാരുടെ സാക്ഷിപത്രങ്ങളും ഇൻഡ്യയിലെ തിരുസിംഹാസന പ്രതിനിധിയുടെ ശുപാർശയും പരിഗണിച്ച് പൊന്തിഫിക്കൽ പദവിയിലുള്ള സമൂഹത്തിന്റെ സ്ഥാനത്തേക്കും നിലയിലേയ്ക്കും ഉയർത്തുന്നതിനും പൗരസ്ത്യ തിരുസംഘം നിശ്ചയിക്കുകയുണ്ടായി.

പൗരസ്ത്യ തിരുസംഘത്തിന്റെ Cardinal Pro. Prefect, ഈ ഏപ്രിൽ മാസം 4-ാം തീയതി തനിക്ക് അനുവദിക്കപ്പെട്ട സന്ദർശനവേളയിൽ ഈ കാര്യം ദൈവ പരിപാലനയാൽ മാർപാപ്പായായി വാഴുന്ന പരിശുദ്ധ പിതാവ് പോൾ ആറാമനെ ബോധിപ്പിക്കുകയും നമ്മുടെ കർത്താവിന്റെ പ്രാർത്ഥനാപരവും കർമ്മപരവുമായ ജീവിതത്തെ അനുകരിക്കുക എന്നുള്ള പ്രത്യേക ലക്ഷ്യമായുള്ള മ്ശിഹാനുകരണ സമൂഹത്തെ അഥവാ ബഥനിയെ-ഔദാര്യപൂർവ്വം പരിശുദ്ധ പിതാവ് പൊന്തിഫിക്കൽ സ്ഥാനത്തേക്കുയർത്തുന്നതിനും, പൗരസ്ത്യ തിരുസംഘം പരിഷ്ക്കരിച്ചംഗീകരിച്ച ലത്തീനിൽ എഴുതപ്പെട്ട അതിന്റെ നിയമാവലിയെ ഏഴു വർഷത്തേക്ക് സ്വീകരിക്കുന്നതിനും കല്പിച്ചനുവദിച്ചിരിക്കുന്നു.

വിരുദ്ധങ്ങളായ യാതൊന്നും ഈ തീരുമാനത്തിനു തടസ്സമാകുന്നതല്ല (ബാധകമല്ല)

ക്രിസ്താബ്ദം 1966 ഏപ്രിൽ മാസം 14-ാം തീയതി റോമ്മായിലെ പൗരസ്ത്യ തിരുസംഘത്തിന്റെ അരമനയിൽ നിന്ന്.

Gustavo Cardinal Testa
(പൗരസ്ത്യ തിരുസംഘത്തിന്റെ Pro. Prefect)

BETHANY PUBLICATIONS www.malankaralibrary.com

**ബഥനി ആശ്രമത്തെ പൊന്തിഫിക്കൽ പദവിയിലേക്കുയർത്തുന്ന ചടങ്ങിലേക്കുളള ക്ഷണക്കത്ത്:**

Very Rev. Fr. JACOB, O.I.C.
(Superior General, Order of the Imitation of Christ)

requests your kind presence on the occasion of
the elevation of the Order of the Imitation of Christ
to

THE PONTIFICAL STATUS

by
His Excellency the Most Rev. JAMES R. KNOX
(Apostolic Internuncio)

in the Asram Chapel, Nalanchira
at 7 a.m.
on Tuesday, May 31, 1966.

Bethany Asram,
Trivandrum 15

**മുക്കംപാല വസ്തു**

1966 സെപ്റ്റംബർ 17 മുക്കംപാലയുള്ള വസ്തുവിന്റെ ആധാരം രജിസ്ട്രർ ചെയ്തു.

**ഉപരിപഠനം**

1966 സെപ്റ്റംബർ അവസാനം ഫാദർ ലൂയീസ് ഉപരിപഠനത്തിനു റോമിലേയ്ക്ക്.

റവ. ഫാദർ ജറോം, ഫാദർ ലൂയിസ് എന്നിവർ ഉപരി പഠനാർത്ഥം 1966 ഒക്ടോബറിൽ റോമിൽ എത്തിയിരിക്കുന്നു. ഫാദർ ജറോം സോഷ്യോളജിയിലും, ഫാദർ ലൂയിസ് സ്പിരിചാലിറ്റിയിലും പ്രത്യേകം പഠനം നടത്തുന്നതാണ്. 18-11-1966 കഴിഞ്ഞ ജനറൽ ചാപ്റ്റർ നിയമഭേദഗതികൾ Holy See അംഗീകരിച്ചിരിക്കുന്നു.

**ഫാദർ ആൻഡ്രൂസ് PhD-യ്ക്ക് അമേരിക്കയിലേയ്ക്ക്**

തിരുവനന്തപുരം മാർ ഈവാനിയോസ് കോളേജിൽ ഇംഗ്ലീഷ് ലക്ചററായി സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന ഫാദർ ആൻഡ്രൂസ് എം.എ. ചിക്കാഗോയിലെ ലയോള യൂണിവേഴ്സിറ്റിയിൽ ഇംഗ്ലീഷു സാഹിത്യത്തിലുള്ള ഉപരിപഠനത്തിനായി 1967 ൽ പോകുകയുണ്ടായി.

**സുപ്പീരിയേഴ്സ് കോൺഫറൻസ്**

1967 ഏപ്രിൽ 4 മുതൽ 7 വരെ കറ്റാണം ആശ്രമത്തിൽ വച്ച്. കോൺഫറൻസിന്റെ ഉദ്ദേശ്യം വത്തിക്കാൻ സുനഹദോസിന്റെ വെളിച്ചത്തിൽ സന്യാസ ജീവിതനവീകരണവും പുനസംവിധാനവും നമ്മുടെ സമൂഹത്തിൽ എങ്ങനെ നടപ്പാക്കാമെന്നതിനെക്കുറിച്ച് ചിന്തിക്കുകയായിരുന്നു. സമൂഹത്തിന്റെ വിവിധ ഉദ്യോഗവാഹികളായ 21 പേർ കോൺഫറൻസിൽ സംബന്ധിച്ചു. മാർ ഗ്രീഗോറിയോസ് തിരുമേനി കോൺഫറൻസ് ഉദ്ഘാടനം ചെയ്തു, മാർ അത്തനാസ്യോസ് തിരുമേനി സമാപന സമ്മേളനത്തിൽ ആധ്യക്ഷം വഹിക്കുകയും ചെയ്തു.

**ആലുവാ ബഥന്യാശ്രമം**

1967 ഏപ്രിൽ 27-ാം തീയതി, എറണാകുളം ഡിസ്ട്രിക്ടിൽ ആലുവാ സബ്ഡിസ്ട്രിക്ടിൽ ആലുവാ താലൂക്കിൽ ആലുവാ പകുതിയിൽ 30 ഏക്കറോളം വരുന്ന സ്ഥലം 143840 രൂപയ്ക്ക് ബഥന്യാശ്രമത്തിനുവേണ്ടി സുപ്പീരിയർ ജനറലിന്റെ പേരിൽ വിലയ്ക്കു വാങ്ങി.

1968 ഫെബ്രുവരി 19-ാം തീയതി പൗരസ്ത്യ തിരുസംഘത്തിന്റെ പ്രീഫെക്റ്റായ അത്യുന്നത കർദ്ദിനാൾ തിരുമേനി, പരിശുദ്ധ പിതാവിന്റെ ഇൻഡ്യയിലെ പ്രൊനൺഷിയോ ആയ അഭിവന്ദ്യ ജോസഫ് കപ്രിയോ തിരുമേനി, എറണാകുളം മെത്രാപ്പോലീത്താ അഭിവന്ദ്യ ജോസഫ് പാറേക്കാട്ടിൽ തിരുമേനി എന്നിവരോടൊത്ത് അശോകപുരം ബഥനിക്കുന്നിൽ ആഗതനാകയും അവിടെ സ്ഥാപിക്കാനുദ്ദേശിക്കുന്ന ബഥനി നവശിഷ്യമന്ദിരത്തിന് ശിലാസ്ഥാപനം നടത്തുകയും ചെയ്തു.

www.malankaralibrary.com

**കറ്റാണം ആശ്രമത്തിൽ പുതിയ സുപ്പീരിയർ**

ബ. അംബ്രോസ് അച്ചനു പകരം ബ. ലോറൻസ് അച്ചനെ കറ്റാണം ആശ്രമത്തിന്റെ സുപ്പീരിയറായി ജനറൽ കൗൺസിൽ തിരഞ്ഞെടുത്തു നിയമിക്കുകയും അദ്ദേഹം യഥാസമയം അവിടെ യെത്തി ചാർജ്ജെടുക്കുകയും ചെയ്തു.

**നെല്ലിക്കാകുഴി മിഷൻ ഹൗസിൽ പുതിയ സുപ്പീരിയർ**

(കദ്മോയോ) ബ. യൗനാൻ അച്ചന്റെ കാലാവധി ആറുവർഷം കഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിനു പകരം മറ്റൊരാളെ നെല്ലിക്കാകുഴി മിഷ്യന്റെ സുപ്പീരിയറായി നിയമിക്കേണ്ടിവരുകയാൽ ജനറൽ കൗൺസിൽ ഫാദർ കോശിയെ കറ്റാണം ആശ്രമത്തിൽ നിന്ന് നെല്ലിക്കാക്കുഴി മിഷനിലേയ്ക്ക് മാറ്റി അവിടുത്തെ സുപ്പീരിയറായി നിയമിച്ചു.

**വ്രതാനുഷ്ഠാനവും പട്ടം കൊടയും**

ബ്രദേഴ്സ് പീറ്റർ, റോബർട്ട്, മൈക്കിൾ, ജി. ഗീവർഗ്ഗീസ്, സെബാസ്റ്റ്യൻ, അഗസ്റ്റിൻ, ഫിലിപ്പ് നേരി, ജോർജ്ജ് തോമസ്, തോമസ്, യോവാക്കിം എന്നിവർ 8–5–67–ൽ 3 വർഷത്തേയ്ക്കുള്ള തല്ക്കാല പ്രതിജ്ഞ നാലാഞ്ചിറ ബഥന്യാശ്രമത്തിൽ വച്ച് സുപ്പീരിയർ ജനറൽ മുമ്പാകെ ചെയ്തു. ആ ദിവസം തന്നേ

വി. എം. ജേക്കബ് (വലക്കമറ്റം, കുടശ്ശനാട്)
കെ. എം. ഇഗ്നേഷ്യസ് (കളപ്പുരയ്ക്കൽ, ചോഴിയക്കോട്),
കെ. വി. ഏബ്രഹാം (കളിയന്താനം, വടശ്ശേരിക്കര),
സി.വൈ. ഡാനിയൽ ചേന്നാത്ത്, അട്ടച്ചാക്കൽ
പി. വി. ഫിലിപ്പോസ് (പടിഞ്ഞാറെകര, അമ്പൂരി),
കെ.ജി. മാത്യു (കൊച്ചിരേത്ത്, തണ്ണിത്തോട്),
മാമ്മൻ എൻ. എ (എടക്കടവിൽ, കുമ്പഴ),
ജോസ് വർഗീസ് (കെങ്കിരേത്ത്, പുത്തൻപീടിക)
സൈമൺ ജോർജ്ജ് (പുളിയൻകീഴ്, ചെങ്ങന്നൂർ),
കെ.ഒ. ഡാനിയേൽ (കടകംപള്ളിൽ, പുത്തൂർ),
കെ.ജി. ഗ്രിഗറി (മാളിയേക്കൽ, തത്തപ്പള്ളി, ആലപ്പുഴ),
ജോൺ എം.സി. (മുട്ടത്ത്, കുറമ്പാനാടം),

ജോർജ്ജ് ജോസഫ് (തിരുവാലിൽ, പുന്നമൂട്),

മത്തായി സി.പി. (തോമ്പിലാടിമുറി, മേക്കൊഴൂർ നിന്ന് വണ്ടന്മേടിൽ താമസം)

ജോൺ വി. (മുക്കാലവിള, പുനലൂർ)

എന്നിവരെ സുപ്പീരിയർ ജനറൽ നാലാഞ്ചിറ ആശ്രമത്തിൽ വച്ച് നവശിഷ്യപദത്തിലേക്കു സ്വീകരിക്കുകയും ചെയ്തു.

ഇവരിൽ കെ. വി. എബ്രഹാം, ക്രിസ്റ്റഫർ എന്നും, പീലിപ്പോസ്, ബോനി ഫേസ് എന്നും, മാമ്മൻ ആൻസലം എന്നും സൈമൺ ജോർജ്ജ്, ജോൺ ബ്രിട്ടോ എന്നും ജോർജ്ജ് ജോസഫ്, ഗിൽബർട്ട് എന്നും മത്തായി, പ്ലാസിഡ് എന്നുമുള്ള സന്യാസനാമങ്ങൾ സ്വീകരിച്ചു. ബാക്കിയുള്ളവർ അവരുടെ പഴയ പേർ തന്നെ സ്വീകരിച്ചു.

ബ്രദർ സെലസ്റ്റിൻ 1967 സെപ്റ്റംബർ 21-ാം തിയതി പൂനാ പേപ്പൽ സിമ്മനാരിയിൽ വച്ച് കശീശാപട്ടം സ്വീകരിച്ചു.

**കർദ്ദിനാൾ മാക്സിമില്യൻ തിരുമേനിക്ക് തിരുവല്ലാ ആശ്രമത്തിൽ സ്വീകരണം**

1968 ഫെബ്രുവരി 26-ാം തീയതി അഭിവന്ദ്യ പ്രോനൺഷ്യോ തിരുമേനി, തിരുവനന്തപുരം ആർച്ച്ബിഷപ്പ് മാർ ഗ്രീഗോറിയോസു തിരുമേനി, തിരുവല്ല ബിഷപ്പ് മാർ അത്തനാസ്യോസു തിരുമേനി മോൺസിഞ്ഞോർ റിസ്സി, റവ. ഫാദർ ഡ്യൂപ്രെ എന്നിവരോടൊത്ത് തിരുവല്ലാ ബഥന്യാശ്രമത്തിലെത്തി. അത്യുന്നത കർദ്ദിനാൾ തിരുമേനിക്ക് മ്ശിഹാനുകരണ സമൂഹാംഗങ്ങൾ ലളിതമായ ഒരു സ്വീകരണം നല്കി. സ്വീകരണ സമ്മേളനത്തിൽ സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ വെരി. റവ. ഫാദർ ജേക്കബ് ഒ.ഐ.സി. പ്രശസ്ത അതിഥികൾക്ക് സ്വാഗതം പറയുകയും ആത്മീയ പുഷ്പമജ്ഞരിയും മറ്റു പാരിതോഷികങ്ങളും നല്കുകയും ചെയ്തു. സമൂഹത്തിന്റെ അഭിവൃദ്ധിയിൽ കർദ്ദിനാൾ തിരുമേനി സന്തോഷം പ്രകടിപ്പിക്കുകയും ഉത്തരേന്ത്യയിലും ക്രിസ്തുവിന്റെ സുവിശേഷം പ്രഘോഷിക്കുവാൻ സമൂഹാംഗങ്ങൾ തയ്യാറെടുക്കുമെങ്കിൽ, അവിടെ സമൂഹത്തിന്റെ പ്രവർത്തനങ്ങൾക്ക് ഒരു പ്രത്യേകം പ്രദേശം (Territory) വേർതിരിച്ചു വരുവാൻ സാധ്യതയുണ്ടെന്ന് വെളിപ്പെടുത്തുകയും ചെയ്തു.

www.malankaralibrary.com

**അസാധാരണ ജനറൽ ചാപ്റ്ററും പുതിയ ഭരണസമിതിയും**

1968 മാർച്ച് 21-ാം തീയതി തിരുവല്ല ആശ്രമത്തിൽ വച്ച് ആരംഭിച്ചു. ഈ ചാപ്റ്ററിന്റെ പ്രധാന ഉദ്ദേശ്യം രണ്ടാം വത്തിക്കാൻ സുനഹദോസിന്റെ അഹ്വാനമനുസരിച്ച് സമൂഹത്തിന്റെ നിയമപരിഷ്കരണം നടത്തുക എന്നതായിരുന്നു. നിയമപ്രകാരമുള്ള പ്രാരംഭ നടപടികളെല്ലാം നടത്തിയിട്ട് സുപ്പീരിയർ ജനറലിന്റെ അധ്യക്ഷതയിൽ ചാപ്റ്റർ ആരംഭിച്ചു. നിയമപരിഷ്കരണത്തോടു കൂടെ ഒരു പുതിയ ഭരണസമിതിയെ തിരഞ്ഞെടുക്കുന്നതു നന്നായിരിക്കുമെന്ന് അധ്യക്ഷസ്ഥാനത്തു നിന്നുതന്നേ ആലോചനയുണ്ടാകുകയും ജനറൽ ചാപ്റ്റർ അംഗങ്ങളിൽ ബഹഭൂരിപക്ഷം അതിനെ അനുകൂലിക്കുകയും ചെയ്കയാൽ വിവരം പരിശുദ്ധ സിംഹാസനത്തെ അറിയിക്കുകയും അവിടെ നിന്നുള്ള അനുവാദപ്രകാരം പുതിയ തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്തു. താഴെപ്പറയുന്നവർ തെരഞ്ഞെടുക്കപ്പെട്ടു.

| | |
|---|---|
| Superior General | Fr. Jacob OIC |
| 1st Councillor | Fr. Cyril OIC |
| 2nd Councillor | Fr. Pachomios OIC |
| 3rd Councillor | Fr. Francis Xavier OIC |
| 4th Councillor | Fr. Peter OIC |
| Procurator General | Fr. Dominic OIC |
| Secretary General | Fr. Jerome OIC |

പുതിയ തിരഞ്ഞെടുപ്പുകൾക്കു ശേഷം ചാപ്റ്റർ വീണ്ടും തുടരുകയും നിയമത്തിൽ വരുത്തേണ്ട ഭേദഗതികളെപ്പറ്റി കൂലങ്കഷമായി പര്യാലോചിച്ച് ഒരു പുതിയ നിയമ സംഹിത തന്നെ കരുപ്പിടിപ്പിക്കയും ചെയ്തു.

**ആശ്രമാധ്യക്ഷന്മാരുടെ തിരഞ്ഞെടുപ്പും നിയമനവും**

1968-ലെ അസാധാരണ ജനറൽ ചാപ്റ്റർ കഴിഞ്ഞയുടനെ പുതിയ ഭരണസമിതി സമ്മേളിച്ച് വിവിധ മന്ദിരങ്ങളിലേക്കു സുപ്പിരിയേഴ്സിനെ തിരഞ്ഞെടുത്തു നിയമിച്ചു.

| | |
|---|---|
| Trivandrum | Fr. Raphael OIC |
| Thiruvalla | Fr. Augustin OIC |
| Kattanam | Fr. Chrysostom OIC |

www.malankaralibrary.com

| | |
|---|---|
| Pune | Fr. Bernard OIC |
| Kumbazha | Fr. Francis Xavier |
| Vengola | Fr. Jerome OIC |
| Meenangady | Fr. Mathew OIC |
| Nellikkakuzhy | Fr. Koshy OIC |
| Ancheri | Fr. Pachomios OIC |

ജനറലേറ്റ് ഹൗസ് ആലുവായിലേയ്ക്ക് മാറ്റേണ്ടതാണെന്നും, നെടുമങ്ങാട് ഒരു മിഷൻ കേന്ദ്രം തുറക്കേണ്ടതാണെന്നും ഈ സ്ഥലങ്ങൾക്കു പുറമേ, മുക്കംപാല, മേക്കോണം, ഈസ്ഥലങ്ങളിലും ആശ്രമസ്ഥർ താമസിക്കേണ്ടതാണെന്നും ജനറൽ ചാപ്റ്റർ നിശ്ചയം പാസ്സാക്കിയിരുന്നു. അതനുസരിച്ച് നെടുമങ്ങാട് മിഷൻ സുപ്പീരിയറായി ബ. ഗബ്രിയേൽ അച്ചനെയും, മുക്കംപാല സുപ്പീരിയറായി ബ. തോമസ്സ് അച്ചനെയും, മേക്കോണം സുപ്പീരിയറായി ബ. സെറാഫിയോൻ അച്ചനെയും ജനറൽ കൗൺസിൽ തിരഞ്ഞെടുത്തു നിയമിക്കുകയുണ്ടായി. നെടുമങ്ങാട്ടും, മേക്കോണത്തും താമസ സൗകര്യമുണ്ടാകുന്നതുവരെ അവിടങ്ങളിലേക്കു നിയമിതരായവർ നാലാഞ്ചിറ ആശ്രമത്തിലെ അംഗങ്ങളായി പരിഗണിക്കപ്പെടണമെന്ന് ജനറൽ കൗൺസിൽ തീരുമാനിച്ച വിവരം ബന്ധപ്പെട്ടവരെ അറിയിച്ചു.

**പൂനാ (1968) സിമ്മനാരിയിലേക്ക്**

പൂനാ വൈദിക സിമ്മനാരിയിൽ വൈദികപഠനം നിർവഹിക്കുന്നതിനായി ഈ മേയ് മാസത്തിൽ താഴെപ്പറയുന്ന ജൂനിയേഴ്സ് പൂനാ ബഥന്യാശ്രമത്തിലേക്കു പോയിരിക്കുന്നു.

1. ബ്രം. അൽഫോൻസ്
2. ബ്രം. ഫെലിക്സ്
3. ബ്രം. മൈക്കിൾ
4. ബ്രം. ഗ്രിഗോറി
5. ബ്രം. വിക്ടർ
6. ബ്രം. ജോൺ വിയാനി
7. ബ്രം. ജസ്റ്റിൻ
8. ബ്രം. ക്രിസോസ്റ്റോം
9. ബ്രം. തിയോഫിലോസ്

10. ബ്ര. ചാൾസ്
11. ബ്ര. പീറ്റർ
12. ബ്ര. മൈക്കിൾ ജി.
13. ബ്ര. സെബാസ്റ്റ്യൻ
14. ബ്ര. ഫിലിപ്പ് നേരി

**വ്രതാനുഷ്ഠാനവും പട്ടം കൊടയും**

8-5-67-ൽ നവശിഷ്യരായി സ്വീകരിക്കപ്പെട്ടിരുന്ന ബ്രദേഴ്സ് ജോസ്, ഇഗ്നേഷ്യസ്, ക്രിസ്റ്റഫർ, ഡാനിയേൽ, ബോനിഫസ്, മാത്യു, ജോസ് വർഗീസ്, ജോൺ ബ്രിട്ടോ, ഡാനിയേൽ കെ.ഒ., ഗിൽബർട്ട്, പ്ലാസിഡ്, ജോൺ, എന്നിവർ 9-5-68-ൽ നാലാഞ്ചിറ ബഥന്യാശ്രമത്തിൽ വച്ച് സുപ്പീരിയർ ജനറൽ മുമ്പാകെ മൂന്നുവർഷത്തേക്ക് സന്യാസവ്രതം എടുത്തിരുന്നു. അന്നേ ദിവസം താഴെ പറയുന്ന 9 പേരെ സുപ്പീരിയർ ജനറൽ നവശിഷ്യപദത്തിലേയ്ക്ക് പ്രവേശിപ്പിക്കയും ചെയ്തു.

| പേരും മേൽവിലാസവും | സന്യാസനാമം |
|---|---|
| 1. മാത്യു കെ. പി. കുന്നത്തേത്തുവടക്കേതിൽ, മാരാമൺ | ബ്ര. മത്തായി |
| 2. തോമസ് എ. വളവനാനിക്കൽ, ചോഴിയക്കോട് | ബ്ര. തോമസ് മൂർ |
| 3. രാജൻ റ്റി. ജേക്കബ്, മാമൂട്ടിൽ, തേക്കുതോട്ട് | ബ്ര. ജയിംസ് |
| 4. ജോസ് പ്രകാശ്, ശാരദാമന്ദിരം, പൂവത്തൂർ, നെടുമങ്ങാട് | ബ്ര. ജോസ് പ്രകാശ് |
| 5. ഫിലിപ്പ് കെ. ജി. കലഞ്ഞിക്കൽ, എലിക്കാട്ടൂർ, പുനലൂർ | ബ്ര. ഫിലിപ്പ് ദയാനന്ദ് |
| 6. ഫ്രാൻസിസ് എം. ചെറിയാൻ, മേരിഗിരി, ഉള്ളന്നൂർ, പന്തളം | ബ്ര. ഫ്രാൻസിസ് |
| 7. വർഗീസ് ചെറിയാൻ, കുന്നുംപുറത്ത്, മാമ്മൂട്, ചങ്ങനാശ്ശേരി | ബ്ര. ടൈറ്റസ് |
| 8. കുര്യാക്കോസ്, എം. ഒ. മഠത്തിൽ, നെല്ലിമറ്റം, കോതമംഗലം | ബ്ര. കെ. സന്തോഷ് |
| 9. ജോർജ് ജോൺ, കുറ്റിക്കാട്ട് തേവനാ വടക്കേതിൽ, വെണ്മണി | ബ്ര. വില്യം |

ബ്രദേഴ്സ് ഫിലിപ്പ്, സെബാസ്റ്റ്യൻ എന്നിവർ 9-5-68-ൽ തിരുവനന്തപുരത്ത് ആശ്രമത്തിൽ വച്ച് സുപ്പീരിയർ ജനറൽ മുമ്പാകെ നിത്യവ്രതമെടുത്തു. 16-10-1968-ൽ പുത്തൻപീടികയിൽ സിറിയൻ കത്തോലിക്കാ പള്ളിയിൽ വച്ച് തിരുവനന്തപുരത്ത് ആർച്ചുബിഷപ്പ് മാർ ഗ്രീഗോറിയോസ് തിരുമേനി പൂനാ സിമ്മനാരിയിൽ വൈദികപഠനം പൂർത്തിയാക്കിയ ബ്രദർ ഡാമിയന് കശീശാപട്ടം നല്കി.

**കറ്റാണം ബഥനി ബോർഡിംഗ്**

Pope Pius XI ഹൈസ്കൂളിനോടനുബന്ധിച്ച് ഒരു ബോർഡിംഗ് കറ്റാണം ബഥന്യാശ്രമത്തിന്റെ ആഭിമുഖ്യത്തിൽ 1968 ജൂൺ മാസത്തിൽ ഒരു വാടക കെട്ടിടത്തിൽ ആരംഭിച്ചു. മദ്ധ്യതിരുവിതാംകൂറിൽ സ്കൂൾ കുട്ടികൾക്കായുള്ള ഒരു ബോർഡിംങ് ഇല്ലാത്തതിന്റെ ദൂഷ്യം ദീർഘനാളായി അനുഭവപ്പെട്ടു കൊണ്ടിരിക്കുന്നതാണ്. ജാതിമത ഭേദമെന്യേ എല്ലാ അപേക്ഷകരെയും ഇവിടെ സ്വീകരിച്ചുവരുന്നു. അഞ്ചാം Standard മുതൽ പത്താം Standard വരെ പഠിക്കുന്ന ആൺകുട്ടികൾ ഇവിടെ താമസിച്ചു പഠിക്കുന്നു.

അടുത്തവർഷം തന്നേ ബഥന്യാശ്രമത്തോടുചേർന്ന് ബോർഡിംങിന് സ്ഥിരമായ കെട്ടിടം പണിയുവാൻ തുടങ്ങി. ഏറെ താമസിയാതെ വാടകക്കെട്ടിടത്തിൽ നിന്ന് കുട്ടികളെ സ്വന്തം കെട്ടിടത്തിലേക്കു മാറ്റി താമസിപ്പിച്ചു. നാൾക്കുനാൾ ബോർഡിംഗ് അഭിവൃദ്ധിപ്പെട്ടുവരുന്നു.

**മുക്കംപാല ആശ്രമസ്ഥാപനം**

ബഥനിസമൂഹം വക ഒരു ചെറിയ ആശ്രമം 1968 ജൂലൈ മാസത്തിൽ മുക്കംപാലയുള്ള ആശ്രമം വക സ്ഥലത്ത് ഉദ്ഘാടനം ചെയ്തു. ഫാദർ തോമസ്, ബ്രദർ സിപ്രിയാൻ എന്നിവർ അവിടെ താമസമാക്കി. മദ്രാസ് സംസ്ഥാനത്തിൽ കന്യാകുമാരി ഡിസ്ട്രിക്റ്റിലുള്ള ഒരു ഗ്രാമമാണ് മുക്കൻപാല.

**ബഥനി മിഷൻ ബോർഡ്**

ബഥനിയുടെ സുവിശേഷവേലയും സാമൂഹ്യസേവനവും കാര്യമായി നടത്തുന്നതിനുവേണ്ടി, തിരുവല്ലാ ബഥന്യാശ്രമത്തിൽ വച്ച് 1968 ആഗസ്റ്റ് 29-ാം തീയതി ബഥനി മിഷനറിമാരുടെ യോഗത്തിൽ ഒരു മിഷൻബോർഡ് രൂപീകരിക്കപ്പെട്ടു. ഫാദർ ജോൺ ബോർഡിന്റെ പ്രഥമ ഡയറക്ടറും, ഫാദേഴ്സ് ക്രിസോസ്റ്റോം, സാലസ്, ജെറോം, സ്റ്റാനിസ്ലാവോസ് എന്നിവർ അംഗങ്ങളുമായി തിരഞ്ഞെടുക്കപ്പെട്ടു.

**നെടുമങ്ങാട്ടു മിഷ്യൻ മന്ദിരം**

തിരുവനന്തപുരം അതിരൂപതയിൽ നെടുമങ്ങാട് എന്ന സ്ഥലത്തു ബഥനിയുടെ ഒരു മിഷ്യൻ മന്ദിരം 1968 ഡിസംബർ 1-ാം തീയതി

www.malankaralibrary.com

ഉൽഘാടനം ചെയ്യപ്പെട്ടു. ഫാദർ ഗബ്രിയേൽ, ഫാദർ സാവിയോ, ബ്രദർ ജോൺ എന്നിവരാണ് പ്രഥമ അംഗങ്ങൾ.

### നാലാഞ്ചിറ Health Centre ഉൽഘാടനം

നാലാഞ്ചിറ ബഥനി സ്ഥലത്ത് റോഡരികിലായി പണി കഴിച്ചിട്ടുള്ള കെട്ടിടത്തിൽ ഒരു Health Centre 1968 ഡിസംബർ 19-ാം തീയതി ഉദ്ഘാടനം ചെയ്തു. അന്നേ ദിവസം ഉച്ചയ്ക്ക് 3 മണിയ്ക്ക് ആർച്ചുബിഷപ്പു മാർ ഗ്രീഗോറിയോസ് തിരുമേനി കെട്ടിടം ആശിർ വദിക്കുകയും വൈകിട്ട് 5 മണിക്കു സെന്റ് ഗൊരേത്തി ഹൈസ്കൂളിൽ വച്ച് പബ്ലിക്ക് മീറ്റിങ്ങ് നടത്തുകയും ചെയ്തു. പ്രസ്തുത മീറ്റിങ്ങിൽ ശ്രീ. വി.ജി. സിറിയക്ക് ഐ.എ.എസ്. അദ്ധ്യക്ഷം വഹിക്കുകയും മെഡിക്കൽ കോളജ് പ്രിൻസിപ്പാൾ ഡോക്ടർ തങ്കവേലു ഉൽഘാടനം നടത്തുകയും ചെയ്തു.

### PFS Conference നെടുമങ്ങാട്

നെടുമങ്ങാട് കേന്ദ്രമാക്കി ജനങ്ങളുടെ സഹോദര സംഘടന (PFS) എന്ന പേരിൽ മാർ ഗ്രീഗോറിയോസ് തിരുമേനി രക്ഷാധികാരിയും. ഡോക്ടർ പി.എ. ഏബ്രഹാം പ്രസിഡന്റും ഡോക്ടർ സാംബശിവൻ സെക്രട്ടറിയും, ഫാദർ ഗബ്രിയേൽ മാനേജിങ് ഡയറക്ടറുമായി ഒരു സംഘടന 1968-ൽ സ്ഥാപിതമായി.

### പൂങ്കാവ് ക്ലിനിക്

കുമ്പഴ ബഥന്യാശ്രമത്തിന്റെ ആഭിമുഖ്യത്തിൽ പൂങ്കാവ് എന്ന പ്രദേശത്ത് 1969 ഫെബ്രുവരി 13-ാം തീയതി ഒരു ക്ലിനിക്ക് ആരംഭിച്ചു.

### ബഥനി സുവർണ്ണജൂബിലി

ബഥനി സ്ഥാപിക്കപ്പെട്ടിട്ട് 1969 ആഗസ്റ്റ് 15-ാം തീയതി 50 വർഷം തികഞ്ഞതിന്റെ സുവർണ്ണജൂബിലി 1969 മേയ് 11, 12, 13 തീയതികളിലായി നാലാഞ്ചിറ ബഥന്യാശ്രമത്തിൽ വച്ച് താഴെ കാണുന്ന പരിപാടിയനുസരിച്ച് കൊണ്ടാടുകയുണ്ടായി.

11-5-1969 3 pm. ഒരു മണിക്കൂർ ആരാധന

4 " വിശുദ്ധ കുർബാന (Rt. Rev. Philipose Remban)

5 " ഉൽഘാടനപ്രസംഗം (Rt. Rev. Zacharias Mar Athanasius, Bishop of Thiruvalla)

12.5.1969 : 6.30 am: വി. കുർബാന, സന്യാസാർത്ഥികളുടെ സഭാവസ്ത്ര സ്വീകരണം, നവശിഷ്യരുടെ വ്രതാനുഷ്ഠാനം.

3 pm : സന്യാസജീവിതം സംബന്ധിച്ച പ്രഭാഷണങ്ങൾ

1. Very Rev. Fr. Elesens OCD
2. Swamy Tapasiananda
3. Rev. Fr. Albert നമ്പ്യാപറമ്പിൽ CMI

6.30–7.30 വചനശുശ്രൂഷ. പ്രസംഗം (Fr. Joe Muricken SJ)

13-5-1969 : 6.30 am. സമൂഹബലി (മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ)

4.00 – Tea party

5.00 – സമാപന സമ്മേളനം

അധ്യക്ഷൻ: മാർ ഗ്രീഗോറിയോസ് തിരുമേനി

പ്രസംഗകർ: അലക്സാണ്ടർ മാർ തിയോഫിലോസ് തിരുമേനി

വർഗ്ഗീസ് കരിപ്പായിൽ BA. BEd.

**12–5–69–ൽ നവശിഷ്യ പദത്തിൽ സ്വീകരിക്കപ്പെട്ട അർത്ഥികൾ**

| | | |
|---|---|---|
| 1. | V. T. Samuel | Bro. Samuel |
| 2. | V. O. Joseph | Bro. Joseph |
| 3. | V. M. Mathews | Bro. Mathews |
| 4. | A.V. Varkey | Bro. Geevarghese |
| 5. | K.C. Alexander | Bro. Sylvester |
| 6. | T.T. Zacharia | Bro. Zacharia |
| 7. | C.T. Mathew | Bro. Mathew |
| 8. | A. G. Joseph | Bro. Jose John |
| 9. | Joseph K. Mammen | Bro. Jose |
| 10. | T.V. Varghese | Bro. Varghese |
| 11. | T.T. Thomas | Bro. Thomas Clement |

12. T.A. Augustin Bro. Augustin
13. K.L. Kurian Bro. Kuriakose

**ആദ്യവ്രതമെടുത്തവർ**

1. Bro. Mathew
2. Bro. Thomas Moor
3. Bro. James
4. Bro. Jose Prakash
5. Bro. Philip Dayanand
6. Bro. Francis
7. Bro. Kuriakose Santhosh

**കോട്ടയം ബഥനി ആശ്രമം – ജനറലേറ്റ് വെഞ്ചരിപ്പ്**

കോട്ടയം സുറിയാനി ക്രിസ്ത്യാനികളുടെ കേരള കേന്ദ്രമാണ്. ബഥനി സ്ഥാപകനായ മാർ ഈവാനിയോസ് തിരുമേനി തന്റെ യൗവനകാലത്ത് ഒരു നല്ല പങ്ക് ചെലവാക്കിയത് അവിടെയാണ്. അവിടെയാണ് പുത്തൻകൂർ ക്രിസ്ത്യാനികളുടെ വൈദിക സിമ്മനാരി. തിരുമേനി കോളേജുവിദ്യാഭ്യാസം പൂർത്തിയാക്കി വന്നപ്പോൾ, അവരുടെ ഏക വിദ്യാഭ്യാസ കേന്ദ്രമായിരുന്ന എം. ഡി. സിമ്മനാരി ഹൈസ്കൂളിലെ പ്രധാന അദ്ധ്യാപകനായിട്ടാണ് (പ്രിൻസിപ്പൽ) ഉദ്യോഗത്തിൽ പ്രവേശിച്ചത്. അഞ്ചാറു വർഷക്കാലത്തേക്ക് കോട്ടയത്തെ വൈദികജീവിതത്തിന്റെയും വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെയും ചുക്കാൻ പിടിച്ചുകൊണ്ട് അദ്ദേഹം ജീവിച്ചു. പുത്തൻകൂർ സുറിയാനിക്കാരെ സംബന്ധിച്ചിടത്തോളം ആ കാലഘട്ടം സംഭവബഹുലമായിരുന്നു. മാർത്തോമാ, സി.എസ്.ഐ. (പഴയകൂർ) സുറിയാനി കത്തോലിക്കർ എന്നിവരുടെയും കേന്ദ്രമാണ് കോട്ടയം. അവിടെ ബഥനിയുടെ ഒരു ശാഖാമന്ദിരമെങ്കിലും സ്ഥാപിക്കണമെന്ന് ബഥനിക്കാർക്ക് ആഗ്രഹം തോന്നുക കേവലം സ്വാഭാവികമാണ്. ഇങ്ങനെയിരിക്കവെയാണ് ഒരു ക്നാനായ കത്തോലിക്കനായ ചിലമ്പത്ത് അച്ചൻ അദ്ദേഹത്തിന്റെ സ്വന്തമായ ചെറുപുഷ്പ മിഷൻ ഹൗസ് തിരുവല്ലാ രൂപതയ്ക്ക് ദാനം ചെയ്തത്. അതോടുചേർത്ത് മാർ സേവേറിയോസ് തിരുമേനി ഒരു ചെറിയ പറമ്പുകൂടെ വിലയ്ക്കു വാങ്ങുകയും എല്ലാംകൂടെ തിരുവല്ലാ രൂപത വകയായ ഒരു ഇടവകയായി രൂപീകരിക്കുകയും ചെയ്തു. ഏതാണ്ട് ഇക്കാലത്താണ്

ബഥനിയുടെ ജനറലേറ്റു മന്ദിരം തിരുവനന്തപുരത്തുനിന്ന് കേരളത്തിലെ മധ്യസ്ഥിതമായ കോട്ടയത്തേക്ക് മാറ്റിയാൽ കൊള്ളാമെന്ന് ഒരു അഭിപ്രായമുണ്ടായത്. സേവേറിയോസ് തിരുമേനിയുടെ പിൻഗാമിയായ മാർ അത്തനാസിയോസ് തിരുമേനി ബഥനിയുടെ ഈ അഭിലാഷത്തെ ആദരിച്ച്, രൂപത വകയായ കോട്ടയം സ്ഥാപനങ്ങൾ ചില ചില്ലറ വ്യവസ്ഥകളോടെ ബഥനിക്ക് വിട്ടുകൊടുത്തു. ഒട്ടും താമസിയാതെ പ്രസ്തുത സ്ഥലത്ത് കെട്ടിടം പണി ആരംഭിച്ചു. അവിടെ ജനറലേറ്റു ഹൗസ് സ്ഥാപിക്കുന്നതിനുള്ള ഉദാരമായ സംഭാവന പരി.സിംഹാസനത്തിൽനിന്ന് ലഭിക്കുകയുണ്ടായി. 1974 ഫെബ്രുവരി മാസം 20-ാം തീയതി പുതിയ ജനറലേറ്റുമന്ദിരത്തിന്റെ ആഘോഷമായ വെഞ്ചരിപ്പു കർമ്മം തിരുവനന്തപുരം ആർച്ചുബിഷപ്പ് തിരുമനസ്സിലെ നേതൃത്വ ത്തിലും മറ്റുപല മാന്യവ്യക്തികളുടെയും സാന്നിധ്യത്തിലും കൊണ്ടാടി. തുടർന്ന് ബഥനിയുടെ പ്രധാന പ്രവർത്തന കേന്ദ്രം കോട്ടയമായി ഭവിച്ചു.

20.4.74 Holy Scripture – ൽ ഡോക്ടറേറ്റു നേടിക്കൊണ്ട് ബർക്കുമാൻസ് അച്ചൻ റോമിൽനിന്ന് തിരിച്ചെത്തി കോട്ടയത്ത് താമസിക്കുന്നു.

## General Chapter & Election of General Governing Body : 1974 April 24 – May 10

Election results :

| | |
|---|---|
| Fr. Cyril | - Superior General |
| Fr. Jacob | - First Councillor |
| Fr. Jerome | - Second Councillor & Secretary General |
| Fr. Bernard | - Third Councillor |
| Fr. Pius | - Fourth Councillor |
| Fr. Pachomius | - Procurator General |

3-4-75 ൽ കോട്ടയം ജനറലേറ്റിൽവച്ച് ബ്രദേഴ്സ് പീറ്റർ, ചാൾസ്, അഗസ്റ്റിൻ, ജോർജ് തോമസ്, സന്തോഷ് എന്നിവർ കശീശാ പട്ടം സ്വീകരിച്ചു.

6-5-74 ബ്രദേഴ്സ് ഗ്രിഗോറിയോസ്, ജസ്റ്റിൻ, ക്രിസോസ്റ്റോം എന്നിവർക്ക് ചന്ദനപ്പള്ളി പള്ളിയിൽവച്ച് മാർ ഗ്രിഗോറിയോസ് തിരുമേനി

കശീശാപട്ടം നേടി. 1974 മെയ് 22-ാം തീയതി മലബാറിൽ നടുവിൽപള്ളിയിൽ വച്ച് മാർ അത്തനാസിയോസ് തിരുമേനി ബ്രദർ ഫിലിപ്പ്നേരിക്ക് കശീശാ പട്ടം നൽകി.

19-12-74ൽ കുമ്പഴ പള്ളിയിൽവച്ച് ബ്രദേഴ്സ് വിയാനി, മൈക്കിൾ എന്നിവർക്ക് മാർ ഗ്രീഗോറിയോസ് തിരുമേനി കശീശാ പട്ടം നൽകി.

22-3-75 ൽ ഫാ.സെറാഫിയോൻ അച്ചൻ നാലാഞ്ചിറ ആശ്രമത്തിൽ നിര്യാതനായി.

**20-9-75:** 45-ാം പുനരൈക്യ സമ്മേളനം ഓമല്ലൂർ ആര്യഭാരതി സ്കൂളിൽവച്ച് പൗവത്തിൽ തിരുമേനിയുടെ അധ്യക്ഷതയിൽ നടന്നു.

നാലാഞ്ചിറ ആശ്രമത്തോടനുബന്ധിച്ച് അഗതിമന്ദിരം: മനോഹരമായ ഈ മന്ദിരത്തിന്റെ ആശീർവാദകർമ്മം 1976 ജൂലൈ 29-ാം തീയതി ബ.പക്കോമിയോസ് അച്ചൻ നിർവഹിച്ചു. റാന്നിയിൽ ഒരു പുതിയ ആശ്രമം: 1976 നവംബർ 4-ാം തീയതി ബഥനി സന്ന്യാസി സമൂഹം റാന്നിയിൽ ഒരു (എൽ.പി & യു.പി) സ്കൂൾ വിലയ്ക്കു വാങ്ങി. തുടർന്ന് ആശ്രമത്തിനുവേണ്ടി ഒരു പറമ്പും വാങ്ങി. ബ.മാത്യു അച്ചൻ കരിമ്പനാംകുഴി പള്ളിക്കെട്ടിടത്തിൽ താമസിച്ചുകൊണ്ട് പള്ളിക്കൂടത്തിന്റെയും ആശ്രമപറമ്പിന്റെയും കാര്യം അന്വേഷിക്കുന്നു. താമസിയാതെ ആശ്രമകെട്ടിടം പണിതുകൊണ്ട് അവിടേക്കു താമസം മാറ്റുന്നതാണ്.

### ബ.യൗനാൻ അച്ചന്റെ നിര്യാണം

23-5-1977. തിരുവല്ലാ പുഷ്പഗിരി ആശുപത്രിയിൽവച്ച് നിര്യാണം. അന്നേദിവസം 4 മണിക്ക് തിരുവല്ലാ ബഥനി ആശ്രമസെമിത്തേരിയിൽ അദ്ദേഹത്തിന്റെ മൃതദേഹം സംസ്കരിച്ചു.

### ബഥനി പോസ്റ്റുലൻസ് ആലുവായിലേക്ക് (അശോകപുരം ബഥനിക്കുന്നിലേക്ക് താമസം മാറ്റുന്നു)

1968 ഫെബ്രുവരി 19-ാം തീയതി പൗരസ്ത്യ തിരുസംഘത്തിന്റെ പ്രീഫെക്ട് അത്യുന്നത കർദ്ദിനാൾ മാക്സിമില്യൻ തിരുമേനി അശോകപുരം ബഥനിക്കുന്നിൽ ബഥനി നൊവിഷ്യേറ്റ് മന്ദിരത്തിന്റെ ശിലാസ്ഥാപനം നടത്തിയിരുന്നെങ്കിലും അതിനുള്ള കെട്ടിടം പണിയുകയോ അവിടെ നൊവിഷ്യേറ്റ് ആരംഭിക്കുകയോ ചെയ്തിരുന്നില്ല. സ്ഥലം വാങ്ങിയപ്പോൾ തന്നെ ഒരു ചെറിയ ആശ്രമകെട്ടിടം

പണിത് അവിടെ ആശ്രമത്തിന്റെ ഒരു സൂർമന്ദിരം സ്ഥാപിക്കുക മാത്രം ചെയ്തിരുന്നു. 1976 സെപ്റ്റംബറിൽ അവിടെ നൊവിഷ്യേറ്റ് മന്ദിരത്തിന്റെ പണി ആരംഭിച്ചു. കെട്ടിടംപണി ഒരാണ്ടുകൊണ്ട് പൂർത്തിയായതോടെ 1977 സെപ്റ്റംബർ 1-ാം തീയതി ബ.ജേക്കബച്ചൻ, ബ.ജോർജ് തോമസ് അച്ചൻ എന്നിവരുടെ നേതൃത്വത്തിൽ കോട്ടയം ജനറലേറ്റു മന്ദിരത്തിൽ താമസിച്ചിരുന്ന പോസ്റ്റുലൻസും ആസ്പിരൻസും അശോകപുരത്തെ നൊവിഷ്യേറ്റ് മന്ദിരത്തിലേക്ക് താമസം മാറ്റി.

**തൊഴിയൂർ മാർ പീലക്സിനോസ് തിരുമേനിയുടെ പുനരൈക്യം**

28-8-77 ൽ തനിക്കുള്ള സകലവും ഉപേക്ഷിച്ചുകൊണ്ട് പീലക്സിനോസ് തിരുമേനി കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. അദ്ദേഹത്തിന്റെ സെക്രട്ടറി ഫാ.ജോർജും കത്തോലിക്കാ സഭയിൽ ചേർന്നു.

28-9-1977 ൽ മാർ അത്തനാസിയോസ് തിരുമേനി പുഷ്പഗിരി ആസ്പത്രിയിൽ വച്ച് ഹൃദയസ്തംഭനം മൂലം ഇഹലോകവാസം വെടിഞ്ഞു.

**25-1-1978**

ആലുവാ ബഥനി നൊവിഷ്യേറ്റിന്റെ ഔപചാരികമായ ഉത്ഘാടനവും ആശീർവാദ കർമ്മവും. കാർമ്മികൻ തൊഴിയൂർ മെത്രാപ്പോലീത്ത് പൗലോസ് മാർ പീലക്സിനോസ്. സമീപ പ്രദേശങ്ങളിലുള്ള ആശ്രമങ്ങളിൽനിന്നും മഠങ്ങളിൽ നിന്നുമായി 200 ഓളം ആളുകൾ ശുശ്രൂഷയിൽ സംബന്ധിച്ചു. ഉദ്ഘാടനശേഷം കാപ്പി സൽക്കാരവും ഉണ്ടായിരുന്നു.

**മൈലപ്ര മൗണ്ട് ബഥനി സ്കൂൾ**

മൗണ്ട് ബഥനി ഇംഗ്ലീഷ് ഹൈസ്കൂളിന്റെ ഔപചാരിക ഉദ്ഘാടനവും സ്കൂൾദിനാഘോഷവും ഫെബ്രുവരി 19-ാം തീയതി കൊണ്ടാടി. വൈകിട്ട് 3.15ന് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ അധ്യക്ഷതയിൽ പൊതു സമ്മേളനം ഉദ്ഘാടകൻ ധനകാര്യമന്ത്രി ഹേമചന്ദ്രൻ. സ്കൂൾ പ്രിൻസിപ്പൽ സി.ഫിലിപ്പ് റിപ്പോർട്ട് വായിച്ചു. റവ.ഡോ.സിറിൽ ഒ.ഐ.സി., മൈലപ്ര പഞ്ചായത്ത്

പ്രസിഡന്റ് ഫാ.ടി.എം. സാമുവേൽ, പത്തനംതിട്ട പഞ്ചായത്ത് പ്രസിഡന്റ് സി.മീരാ സാഹിബ്, കെ. കെ. നായർ എക്സ് എം.എൽ.എ. എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. വിവിധ കലാപരിപാടി കളിൽ വിജയികളായവർക്ക് ഫാ.കുര്യൻ സമ്മാനങ്ങൾ നൽകി. ജനറൽ കൺവീനർ ഫാ.ഇഗ്നേഷ്യസ് സ്വാഗതവും ടീച്ചേഴ്സ് അസോസി യേഷൻ പ്രസിഡന്റ് പി.എം. ഡാനിയേൽ കൃതജ്ഞതയും പറഞ്ഞു. യോഗാനന്തരം കൊല്ലം അസീസി ആർട്സ് ക്ലബിന്റെ 'നിലയ്ക്കാത്ത ഗാനം' എന്ന നാടകവും നടത്തപ്പെട്ടു.

**വെങ്ങോല ബഥനി ബാലഭവൻ ഉദ്ഘാടനം 28-5-1978**

പ്രോഗ്രാം

28-5-1978

രാവിലെ 8.30 : ദിവ്യബലി

10.00 : പ്രദക്ഷിണം

വെകിട്ട് 4.00 : അഭി.പിതാക്കന്മാർക്ക് കുരിശടിയിൽനിന്ന് സ്വീകരണം

4.15 : പൊതുസമ്മേളനം
അദ്ധ്യക്ഷൻ : റൈറ്റ് റവ.മോൺ. മാത്യു നെടുങ്ങാട്ട്
ഉദ്ഘാടനം: നി.വ.ദി.ശ്രീ പൗലോസ് മാർ പീലക്സിനോസ്

7.00 : നാടകം - അഗ്നിവലയം
അവതരണം : ബഥനി ആർട്സ് ക്ലബ്, വെങ്ങോല

*ആശംസാപ്രസംഗങ്ങൾ :*

1. വെരി. റവ.ഫാ. സിറിൽ ഒ.ഐ.സി.
2. റൈറ്റ് റവ.മോൺ. മാത്യു നെടുങ്ങാട്ട്
3. പി.ആർ. ശിവൻ എം.എൽ.എ.
4. വി.ഗോപാലൻ : പഞ്ചായത്ത് ഓഫീസർ
5. കെ.വി.മാത്യു : പഞ്ചായത്ത് വൈസ് പ്രസിഡന്റ്, വെങ്ങോല
6. പി.തോമസ്
7. പി.വി. നാരായണൻ

**ഉപരിപഠനം**

ഫാ.ഫ്രാൻസിസ് അസീസി ഉപരിപഠനാർത്ഥം യു.എസ്.എ. യിലേക്കും, ഫാദർ ജോർജ് തോമസും ഫാദർ അഗസ്റ്റിനും (ജൂനിയർ) 1978 ഒക്ടോബർ 4-ൽ റോമിലേക്കും യാത്രയായി.

www.malankaralibrary.com

**ബഥനിക്കൊരു പുതിയ മെത്രാൻ**

നിയുക്ത മെത്രാന്മാർ: കാലം ചെയ്ത മാർ അത്തനാസിയോസ് തിരുമേനിയുടെ പിൻഗാമിയായി ഫാദർ ഐസക് കൂട്ടപ്ലാക്കലും, തിരുവല്ലാ രൂപതയിൽനിന്ന് വേർതിരിച്ച് ഒരു പുതിയ രൂപതയായി രൂപീകരിക്കപ്പെട്ട ബത്തേരി രൂപതയുടെ പ്രഥമ മെത്രാനായി ബഥനി സമൂഹാദ്ധ്യക്ഷൻ വെ.റവ.ഫാ. സിറിൽ ഒ.ഐ.സി.യും പരിശുദ്ധ സിംഹാസനത്താൽ നിയമിക്കപ്പെട്ടു. 20-11-78-ൽ ഇവരിരുവർക്കും തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രലിൽ വച്ച് രൂപതാവക സ്വീകരണം നടത്തപ്പെട്ടു. മേരിഗിരി അരമനയിൽനിന്ന് കത്തീഡ്രലിലേക്ക് നിയുക്തമെത്രാന്മാരെ എതിരേറ്റുകൊണ്ടുപോയി. വൈദികരും കന്യാസ്ത്രീകളും അല്മായരും ഉൾപ്പെട്ട ഒരു വലിയ ജനക്കൂട്ടം കത്തീഡ്രലിൽ സമ്മേളിച്ചു. നിയുക്തമെത്രാന്മാർ ജനത്തോടായി തങ്ങളുടെ പ്രഥമ പ്രസംഗം നടത്തി. തദനന്തരം കാലംചെയ്ത പിതാക്കന്മാരായ മാർ സേവേറിയോസ്, മാർ തെയോഫിലോസ്, മാർ അത്തനാസിയോസ് എന്നീ തിരുമേനിമാരുടെ കബറിങ്കൽ ധൂപ പ്രാർത്ഥനകൾ നടത്തപ്പെട്ടു. 6.30ന് ചടങ്ങുകൾ അവസാനിച്ചു. പൗലോസ് മാർ പീലക്സിനോസ്, വെ.റവ.തോമസ് മൂത്തേടൻ റമ്പാൻ എന്നിവർ ആദ്യവസാനം ചടങ്ങുകളിൽ സംബന്ധിച്ചിരുന്നു.

നിയുക്തമെത്രാന്മാരുടെ നിയമനം സംബന്ധിച്ച അറിയിപ്പ് തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രലിൽവച്ച് രൂപതാ അഡ്മിനിസ്ട്രേറ്റർ മോൺ. നെടുങ്ങാട്ട് 1978 നവംബർ മാസം 18-ാം തീയതി വൈകിട്ട് 5.00 ന് പരസ്യപ്പെടുത്തി.

ബത്തേരി രൂപതയിൽ 19 വൈദികരും 50 ഓളം കന്യാസ്ത്രീകളും വേലയിൽ ഏർപ്പെട്ടിരിക്കുന്നു. കത്തോലിക്കരുടെ എണ്ണം 8500. പമ്പാനദി മുതൽ എറണാകുളം വരെ തിരുവല്ലാ രൂപത. എറണാകുളത്തിനു വടക്ക് ബത്തേരി രൂപത. തിരുവല്ലാ രൂപതയിൽ 150-ഓളം വൈദികർ. കത്തോലിക്കരുടെ സംഖ്യ 33000. മോൺ.ഐസക് 1954 ഡിസംബർ 7-ാം തീയതി റോമിൽവച്ച് പൗരോഹിത്യം സ്വീകരിച്ചു. പിന്നീട് റോമിലെ ഗ്രിഗോറിയൻ സർവകലാശാലയിലെ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് ലൈസൻഷ്യേറ്റ് ബിരുദമെടുത്തശേഷം 1957 ആദ്യത്തോടെ സ്വന്തനാട്ടിലെത്തി. ഇപ്പോൾ പാലക്കാടു ജില്ലയിലെ

കരിമ്പ, ചെറുകര ഇടവകകളുടെ വികാരിയായി ജോലി നോക്കിക്കൊണ്ട് കരിമ്പയിൽ താമസിക്കുന്നു.

നിയുക്തമെത്രാന്മാരുടെ റമ്പാൻസ്ഥാനാരോഹണം 1978 ഡിസംബർ 21-ാം തീയതി തിരുവല്ലാ ഭദ്രാസന ദേവാലയത്തിൽവച്ച് നടത്തപ്പെട്ടു. കാർമ്മികൻ തിരുവനന്തപുരം ആർച്ചുബിഷപ്പ് മാർ ഗ്രിഗോറിയോസ് തിരുമേനി.

പുനരൈക്യപ്രസ്ഥാനത്തിന്റെ പിള്ളത്തൊട്ടിലായ തിരുമൂല പുരത്തുവച്ച് (സെന്റ് തോമസ് ഹൈസ്കൂൾ ഗ്രൗണ്ട്) ഡിസംബർ 28-ാം തീയതി മോൺ. സിറിൽ ഒ.ഐ.സി.ബത്തേരി രൂപതയുടെ പ്രഥമ മെത്രാനായും മോൺ. ഐസക് കൂട്ടപ്ലാക്കൽ തിരുവല്ലാ രൂപതയുടെ മെത്രാനായും അഭിഷേകം ചെയ്യപ്പെട്ടു. പ്രധാന കാർമ്മികൻ തിരുവനന്തപുരം ആർച്ചുബിഷപ്പ് മാർ ഗ്രിഗോറിയോസ്, സഹകാർമ്മികർ: ദമാസ്കസ് ആർച്ചുബിഷപ്പ് മാർ ജോസഫ് മൊനയർ, ചായൽ സ്ഥാനിക മെത്രാൻ പൗലോസ് മാർ പീലക്സിനോസ്.

സിൽവസ്റ്റർ ശെമ്മാശൻ കറ്റാനം സെന്റ് സ്റ്റീഫൻസ് പള്ളിയിൽവച്ച് അഭിവന്ദ്യ മാർ ബസേലിയോസ് തിരുമേനിയിൽനിന്ന് 1978 ഡിസംബർ 31-ാം തീയതി കശീശാ പട്ടം സ്വീകരിച്ചു. 1979 ജനുവരി 1-ാം തീയതി പ്രഥമ ദിവ്യബലി അർപ്പിച്ചു.

1979 ഫെബ്രുവരി 2-ാം തീയതി ഉച്ചകഴിഞ്ഞ് ബത്തേരി പൗരാവലിയുടെ സ്വീകരണം സിറിൽ മാർ ബസേലിയോസ് തിരുമേനിക്ക്. മാർ ബസേലിയോസ് ബത്തേരി രൂപതയുടെ പ്രഥമ മെത്രാനായി സ്ഥാനാരോഹണം ചെയ്യപ്പെട്ടതോടെ ബത്തേരി രൂപത ഔദ്യോഗികമായി സ്ഥാപിക്കപ്പെട്ടു.

**ബ്രദർ ജോസ് പ്രകാശും, ബ്രദർ സഖറിയാ നന്തിയാട്ടും വൈദിക പദവിയിലേക്ക്**

1979 മെയ് 24-ാം തീയതി രാവിലെ (സ്വർഗാരോഹണ തിരുനാളിൽ) തിരുവനന്തപുരം ബഥനി ആശ്രമ ചാപ്പലിൽവച്ച് അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനി ശെമ്മാശൻ മാരായ ജോസ് പ്രകാശിനും, സഖറിയാ നന്തിയാട്ടിനും കശീശാ പട്ടം നൽകി.

ബ്രദേഴ്സ് തോമസ് റെജി, കോശി സാമുവൽ, തോമസ് സജീവ്, ചാക്കോ, വർഗീസ്, ഫിലിപ്പ് എന്നിവർ തത്വശാസ്ത്ര പഠനത്തിനായി പൂനാ ആശ്രമത്തിലേക്കും ബ്രദേഴ്സ് തോമസ് പ്രശോഭ്, കുരുവിള എന്നിവർ ആലുവാ പൊന്തിഫിക്കൽ സെമിനാരിയിലേക്കും (കാർമൽഗിരി) യാത്രയായി.

**കർണാടകത്തിൽ ബഥനി**

നൂജിബാൽത്തില (സൗത്ത് കാനറായിൽ ബഥനി ആശ്രമത്തിനു വേണ്ടി ഒരു സ്ഥലം വാങ്ങിച്ചു. പ്രസ്തുത മിഷൻ സുപ്പീര്യറായി ബർക്കുമാൻസ് അച്ചൻ നിയമിക്കപ്പെട്ടു (സഹപ്രവർത്തകർ ഫാ.സന്തോഷ്, ഫാ. ജോസ് പ്രകാശ്, ഫാ. സഖറിയാ നന്തിയാട്ട്).

ഫിലിപ്പ്നേരി അച്ചൻ പ്രശസ്തമാംവണ്ണം പ്രകൃതിചികിത്സയിൽ ഡോക്ടറേറ്റ് എടുത്ത് തിരുവനന്തപുരം (നാലാഞ്ചിറ) പ്രകൃതി ചികിത്സാ ആസ്പത്രിയിൽ എത്തി ചാർജെടുത്തു.

പൂളച്ചിറ ബഥനി ആശ്രമത്തോടനുബന്ധിച്ച് 1979 ജൂൺ 20-ാം തീയതി ചെറുപുഷ്പ ഇംഗ്ലീഷ് മീഡിയം നേഴ്സറി സ്കൂൾ ഉദ്ഘാടനം ചെയ്യപ്പെട്ടു (ഉദ്ഘാടകൻ : സുപ്പീര്യർ ജനറൽ ഫാ.ജേക്കബ് ഒ.ഐ.സി.)

**പുനരൈക്യ കനക ജൂബിലി സെപ്റ്റംബർ 20ന് ആരംഭിക്കുന്നു**

49-ാം പുനരൈക്യവാർഷികം അഞ്ചലിൽ വച്ച് 21-9-1979 വെള്ളിയാഴ്ച മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ അധ്യക്ഷതയിൽ. പ്രാസംഗികർ: ഇരിങ്ങാലക്കുട മെത്രാൻ, ബത്തേരി മെത്രാൻ, ചായൽസ്ഥാനിക മെത്രാൻ, കോട്ടാർ മെത്രാൻ, കൃഷിവകുപ്പുമന്ത്രി ജേക്കബ്, കെ.സി.ചാക്കോ, സിറിയക് ജോസഫ് തുടങ്ങിയവർ.

## Late Vocation

പി.ജെ.ബേബിയും, തോമസ് വടവനയും വൈദിക പദവിയിലേക്ക്: ഉാക്കൂർ ഇടവകയിൽ പേഴുംമൂട്ടിൽ മാത്യുവും (പി.ജെ.ബേബി), മുക്കൂർ ഇടവകയിൽ വടവന തോമസും (മാമ്മോദീസാപേര് ജോഷ്വാ) തങ്ങളുടെ ഉദ്യോഗങ്ങൾ രാജിവച്ച ശേഷം ബഥനിസമൂഹത്തിൽ ചേർന്നവരാണ്. ഇരുവരും 1-11-1971 ലാണ് സമൂഹത്തിൽ പ്രവേശിച്ചത്.

www.malankaralibrary.com

15-1-74-ൽ ഇരുവരും പ്രഥമ വ്രതം എടുത്തു. വ്രതാനുഷ്ഠാനത്തിൽ ബേബി, ആത്മാനന്ദ് എന്നും, തോമസ് വടവന, തോമസ് എന്ന പേരും സ്വീകരിച്ചു. പൂനായിൽ വൈദികപരിശീലനം പൂർത്തിയാക്കിയ ശേഷം തോമസ് 11-1-1980 ൽ മുക്കൂർ ഇടവകയിൽവച്ചും ആത്മാനന്ദ് 18-1-80 ളാക്കൂർ ഇടവകയിൽവച്ചും കശീശാ പട്ടം സ്വീകരിച്ചു. പട്ടം സ്വീകരിച്ചശേഷം ഏതാനും ദിവസങ്ങൾക്കകം ഇരുവരും ബത്തേരി രൂപതയിൽപ്പെട്ട സൗത്ത് കാനറ ബഥനി ആശ്രമ മിഷനിലേക്ക് അയയ്ക്കപ്പെട്ടു. കടമ്പായ്ക്കടുത്ത് നൂജിബാൽത്തില എന്ന സ്ഥലത്താണ് പുതിയ ആശ്രമം.

ഫാദർ സന്തോഷ് മലയാളം ബി.എ. പ്രശസ്തമായി പാസ്സായി. അദ്ദേഹത്തെ നൂജിബാൽത്തില ആശ്രമത്തിൽനിന്ന് പിൻവലിച്ച് നെടുമങ്ങാട്ട് ആശ്രമത്തിലേക്ക് നിയമിക്കയും മലയാളം എം.എ.യ്ക്ക് തിരുവനന്തപുരം ഗവൺമെന്റ് കോളേജിൽ പഠനം തുടരാൻ അനുവദിക്കയും ചെയ്തു.

**പൂനാ ബഥനി ആശ്രമത്തിന്റെ സിൽവർ ജൂബിലി, 23-31 ജനുവരി 1980**

**(1955-1980)**

Bros.Sales, Augustine, Xavier, Thomas, Athanasios, Cyril and Ambrose under the leadership of Fr.Gabriel started from Trivandrum on 6 June 1954. They were received by Rev.Fathers Ananias TOCD and Roger TOCD and Fr. K.Joseph MSFS. They were at Fransalianum upto April 30, 1955 when they shifted to the present Bethany Scholasticate. Msgr. Gonsalves blessed the new residence, bought from Mrs.Willstrop, the widow of Henry Willstrop. The first batch started their Philosophical training at DNC. When Papal Athanaeum was established in Puna on 11$^{th}$ June 1955 they became part of it. Upto February 1980, the number of priests who went through the portals of this house was 52. The number of Scholastics at present are 17.

**ജനറൽ ചാപ്റ്റർ 1980 ഏപ്രിൽ 15-ാം തീയതി മുതൽ കോട്ടയം ജനറലേറ്റ് ഹൗസിൽവച്ച്**

15-ാം തീയതി ചൊവ്വാഴ്ച ചാപ്റ്റർ അംഗങ്ങൾക്ക് ധ്യാനം. 16-ാം തീയതി ബുധനാഴ്ച ചർച്ചകൾ. രാത്രി ജനറൽ ഇലക്ഷൻ.

താഴെപ്പറയുന്നവർ തെരഞ്ഞെടുക്കപ്പെട്ടു.

| | | |
|---|---|---|
| Superior General | - | Fr. Berchmans |
| Ist Councillor | - | Fr. Jerome |
| IInd Councillor | - | Fr. Bernard |
| IIIrd Councillor | - | Fr. Augustine |
| IVth Councillor | - | Fr. Pachomios |
| Procurator General | - | Fr. Ignatius |
| Secretary General | - | Fr. Sebastian |

18-ാം തീയതി വൈകിട്ട് ചാപ്റ്റർ നിറുത്തിവച്ചു.

ശനി, ഞായർ ദിവസങ്ങളിൽ ചാപ്റ്റർ യോഗങ്ങൾ ഉണ്ടായിരിക്കയില്ല. പലർക്കും ഇടവകകളിൽ വി.കുർബാനയ്ക്കു പോകേണ്ടതുള്ളതുകൊണ്ട്. ഇനി തിങ്കളാഴ്ച മുതലേ ചാപ്റ്റർ യോഗം നടക്കുകയുള്ളു.

●

# ഭാഗം രണ്ട്

## യാക്കോബ് മാർ തിയോഫിലോസ് തിരുമേനി

കോട്ടയം പട്ടണത്തിൽ നിന്നു് മൂന്നു മൈൽ വടക്കോട്ടു പോയാൽ മൂസ്സതുമാരുടെ ആസ്ഥാനമായ ഉളശയിലെത്താം. അവിടെയുള്ള ക്രൈസ്തവ കുടുംബങ്ങളിൽ പുരാതനത്വം കൊണ്ടും, കുലീനകുടുംബങ്ങളോടുള്ള വേഴ്ചകൊണ്ടും സുപ്രസിദ്ധമായ ഒന്നാണ് കളപ്പുരയ്ക്കൽ കുടുംബം. എക്കാലത്തും കേരള ക്രൈസ്തവരുടെ-പ്രത്യേകിച്ച് പുത്തൻകൂർ സമുദായത്തിന്റെ-ഭാഗധേയം നിർണ്ണയിക്കുന്നതിൽ ഗണനീയമായ ഒരു പങ്ക് കളപ്പുരയ്ക്കൽ തരകന്മാർ വഹിച്ചിരുന്നു. (അടുത്തകാലത്ത് പാത്രിയാർക്കീസു ഭാഗത്ത് ധീരധീരം പോരാടി കാലയവനികയ്ക്കുള്ളിൽ മറഞ്ഞ ചാക്കോത്തരകനെപ്പറ്റി കേൾക്കാത്തവർ ചുരുക്കം.) ഈ വിധം പ്രശസ്ത പാരമ്പര്യത്തോടു കൂടിയ കളപ്പുരയ്ക്കൽ കുടുംബത്തിൽ അബ്രഹാം അച്ചാമ്മ എന്നീ ദമ്പതിമാരുടെ സീമന്ത പുത്രനായി നമ്മുടെ കഥാനായകൻ ക്രിസ്തുവർഷം 1891-ൽ ജാതനായി. മാമ്മോദീസായിൽ പൈതലിന് നല്കപെട്ട നാമം യാക്കോബ് എന്നായിരുന്നു. ഭക്തരായ മാതാപിതാക്കന്മാർക്ക്, നമ്മുടെ യാക്കോബിനെ കൂടാതെ മൂന്നു പുത്രന്മാരെയും മൂന്ന് പുത്രിമാരെയും ദൈവം പ്രദാനം ചെയ്തു. സ്നേഹമസൃണമായ സംരക്ഷണയിൽ, ആകുലലേശമെന്യേ, വളർന്നുവന്ന ഈ സഹോദരവൃന്ദത്തിന് ഏറെനാൾ കഴിയുന്നതിനു മുമ്പ് വിരഹദുഃഖം അനുഭവിക്കേണ്ടിവന്നു. അവരുടെ വാത്സല്യതാതൻ 1908-ൽ എന്നേക്കുമായി അവരെ വിട്ടു പിരിഞ്ഞു. കുടുംബഭാരം വിധവയായ മാതാവിന്റെ ക്ഷീണകരങ്ങളിൽ നിപതിച്ചു. ഇതിങ്കൽ ആദർദ്രവാന്മാരായ സഹോദരന്മാർ ദുഃഖാർത്തയായ കുടുംബത്തെ കളപ്പുരയ്ക്കൽ നിന്ന് പരിപ്പിലുള്ള തങ്ങളുടെ ഭവനമായ നാലാത്രയിലേക്കു കൂട്ടിക്കൊണ്ടുപോയി. ഇങ്ങനെ നമ്മുടെ ചാക്കോച്ചനും സഹോദരീസഹോദരന്മാരും മാതൃഭവനത്തിൽ താമസിച്ച് മാതുലന്മാരുടെ പ്രത്യേകനോട്ടത്തിൽ കാലോചിതമായി വിദ്യാഭ്യാസം കഴിച്ചുപോന്നു.

ഓരോ തലത്തിലും സുപ്രസിദ്ധനായി തീർന്നിരുന്ന മി. എൻ.ഐ. പോത്തൻ പില്ക്കാലത്ത് നാലാത്ര പീലിപ്പോസ് ശെമ്മാശൻ തിരുമേനിയുടെ ഒരു മാതുലനായിരുന്നു. തിരുമേനിയുടെ സ്വഭാവ

സംസ്കരണത്തിൽ ഈ മാതുലന്റെ ശ്രദ്ധ പ്രത്യേകം പതിഞ്ഞിരുന്നു എന്നത് നിസ്തർക്കമത്രെ.

യാക്കോബായ സഭാന്തരീക്ഷം കക്ഷിവഴക്കിനാൽ പ്രക്ഷുബ്ദമായിരിക്കുന്ന കാലഘട്ടം. മുടക്കും മുടക്കിന്മേൽ മുടക്കും. കോട്ടയം പട്ടണം പാത്രിയർക്കീസ് - കാതോലിക്കോസ് കക്ഷികളുടെ ബലപരീക്ഷണത്തിനു രംഗമായിത്തീർന്നു. കാതോലിക്കോസ് കക്ഷിയുടെ നേതാവായ വട്ടശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനിയുടെ വലങ്കയ്യായി റവ.ഫാ.ഗീവറുഗീസ് എം.എ. അവർകൾ എം.ഡി.സ്കൂൾ പ്രിൻസിപ്പാളായി പരിലസിക്കുന്നു. പാത്രിയർക്കീസു ഭാഗത്തിന്റെ ചരടു വലിക്കാരിൽ പ്രധാനി കഥാനായകന്റെ ഇളയപ്പനായ കളപ്പുരയ്ക്കൽ ചാക്കോ തരകനത്രേ. അന്നത്തെ പ്രക്ഷുബ്ദമായ അന്തരീക്ഷത്തിൽ എന്തെല്ലാം ക്രൂരതകൾ നടന്നിട്ടില്ല. രംഗം അല്പമൊന്നു ശാന്തമായപ്പോൾ സമുദായാഭിവൃദ്ധിക്ക് യഥാർത്ഥത്തിൽ സഹായകരമാകുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് നേതാക്കന്മാർ ചിന്തിക്കുവാൻ തുടങ്ങി. ആദർശസമ്പന്നനും തീക്ഷ്ണബുദ്ധിയുമായ റവ.ഫാ. പി.റ്റി. ഗീവറുഗീസ് അവറുകൾ സുദീർഘമായ ആലോചനയുടെയും പ്രാർത്ഥനയുടെയും ഫലമായി ഒരു നിഗമനത്തിൽ എത്തിച്ചേർന്നു. വൈദികലോകത്തെ ഉന്നതബിരുദധാരികളാക്കുന്നതത്രേ സമുദായ അഭിവൃദ്ധിക്കുള്ള ഒരു മാർഗമെന്ന് അദ്ദേഹം കണ്ടുപിടിച്ചു. അതിനുള്ള മാർഗങ്ങൾ അദ്ദേഹം ആരായുകയുണ്ടായി. ഈ കാലഘട്ടത്തിൽ സെറാമ്പൂർ കോളജിലെ ഒരു പ്രൊഫസർ സ്ഥാനത്തേക്ക് അദ്ദേഹത്തിനു ലഭിച്ച ക്ഷണത്തെ ദൈവനിശ്ചയമായി പരിഗണിക്കുകയും, എം. ഡി. സ്കൂൾ പ്രിൻസിപ്പാൾ ഉദ്യോഗം രാജിവച്ചിട്ട്, സെറാമ്പൂരിലേയ്ക്ക് പോകുവാൻ തയ്യറാകുകയും ചെയ്തു. വൈദിക ജീവിതത്തിന് ആഗ്രഹവും, തന്നോടുകൂടെ ഉത്തര ഇൻഡ്യയിലേയ്ക്ക് പുറപ്പെടുവാൻ സന്മനസ്സുമുള്ള ഏതാനും ദൈവഭക്തരായ യുവാക്കന്മാരെ അദ്ദേഹം തേടിപ്പിടിച്ചു. ചെറുപ്പം മുതല്ക്കേ ദൈവഭക്തിയിൽ പരിശീലിക്കപ്പെട്ടവനും, സുശീലനുമായ നമ്മുടെ കളപ്പുരയ്ക്കൽ ചാക്കോച്ചനും അക്കൂട്ടത്തിൽ ഉൾപ്പെട്ടിരുന്നു. നാട്ടിൽ നിന്നും പുറപ്പെടുന്നതിനു മുമ്പ് ചാക്കോച്ചൻ ശെമ്മാശ്ശപ്പട്ടമേറ്റിരുന്നു. യഥാകാലം ഉത്തരേന്ത്യയിലെത്തി, വിവിധ കോളേജിൽ പഠിത്തമാരംഭിച്ചു. നമ്മുടെ കഥാനായകൻ ഓണേഴ്സ് ക്ലാസ്സിൽ പ്രവേശനമാരംഭിച്ചു. സമുദായോന്നമനത്തെ ലാക്കാക്കി പഠനം നടത്തുന്ന യുവജന വൃന്ദം, ഒരു സന്യാസംഘത്തിന്റ ജീവിത

www.malankaralibrary.com

രീതിയത്രേ അവലംബിച്ചിരുന്നത്. കൂട്ടപ്രാർത്ഥന, മൗനം, അരമണിക്കൂർ ഇടവിട്ട് ദൈവസന്നിധി ബോധം പാലിക്കുന്നതിനുള്ള മണിക്കിലുക്കം ഇവയെല്ലാം ഒരു സാധാരണ സന്യാസ സംഘങ്ങളിലെ അവരുടെ ഹോസ്റ്റലിലും നിലവിലിരുന്നു. ഭാഗ്യവശാലോ നിർഭാഗ്യവശാലോ ഈ സംഘത്തിന്റെ പ്രാധാന ചുമതലകളെല്ലാം, നമ്മുടെ ഓണേഴ്സ് വിദ്യാർത്ഥിതന്നേ വഹിക്കേണ്ടിവന്നു. തീക്ഷ്ണമായ നിയമപരി പാലനം, അക്ഷരം പ്രതിയുള്ള അനുസരണം, കൃത്യനിഷ്ഠ എന്നിവ ഒരുത്തമ പ്രകൃതിപോലെയായി തീർന്നിരുന്ന ഒരു ആത്മീയ വിദ്യാർത്ഥിക്ക്, ഹോസ്റ്റൽ വാർഡൻ മുതൽ മണികിലുക്കുകാരൻ വരെയുള്ള ചുമതലകളെല്ലാം കൂടെ വഹിക്കേണ്ടിവന്നാൽ, അദ്ദേഹത്തിന്റെ ആരോഗ്യത്തിന്റെ ഗതി എങ്ങോട്ടായിരിക്കുമെന്ന് ഊഹിക്കുവാൻ പ്രയാസമില്ലല്ലോ. അവസാന പരീക്ഷയ്ക്കുള്ള അവസരമായപ്പോഴേയ്ക്കും യാക്കോബുശെമ്മാശ്ശൻ രോഗുതുരനായി തീർന്നു. പഠനം നിർത്തിവച്ചിട്ട് അദ്ദേഹം വിശ്രമാർത്ഥം നാട്ടിലേയ്ക്ക് തിരിച്ചിരുന്നു. ഏതാനും നാളത്തെ വിശ്രമവും ചികിത്സയും കഴിഞ്ഞ് ശെമ്മാശ്ശന്റെ ആരോഗ്യം പൂർവ്വസ്ഥിതി പ്രാപിച്ചു. അടുത്ത രണ്ടുകൊല്ലത്തോളം വീയപുരം കോളജിൽ അദ്ധ്യാപകനായി ജോലിനോക്കി. ഇന്നും തദ്ദേശവാസികൾ യാക്കോബ് ശെമ്മാശ്ശന്റെ പേരു കേൾക്കുമ്പോൾ ആനന്ദാശ്രുക്കൾ പൊഴിക്കാറുണ്ട്. അത്രയ്ക്ക് ശെമ്മാശൻ അവരുടെ ഹൃദയങ്ങളെ കവർന്നിരുന്നു.

ഇത്രയുമായപ്പോഴേയ്ക്കും ഒരു സന്യാസാശ്രമം സ്ഥാപിക്കണമെന്നുള്ള മാർ ഈവാനിയോസ് തിരുമേനിയുടെ നിശ്ചയം പ്രവർത്തിപഥത്തിലെത്തിയിരുന്നു. കാട്ടുമൃഗങ്ങളുടെ ആവാസ കേന്ദ്രമായ പെരുനാട്ടിലെ മുണ്ടൻമല സന്യാസി സങ്കേതമായി ഭവിച്ചു. മലയുടെ അടിവാരത്തിൽ അതിഥിമന്ദിരം, ആതുരശാല മുതലായ ഏതാനും കെട്ടിടങ്ങളും, മലയുടെ ഉപരിതലത്തിൽ ഏതാനും താല്ക്കാലിക ഷെഡുകളും സജ്ജമായി. കാലക്രമേണ ഈ താല്ക്കാലിക ഷെഡ്ഡുകളിൽ സന്യാസാർത്ഥികളായ യുവജനങ്ങൾ താമസമാരംഭിച്ചു. കാലാതാമസമെന്യേ നമ്മുടെ യാക്കോബു ശെമ്മാശ്ശനും, മുണ്ടൻ മലയിലെ സന്യാസാശ്രമത്തിൽ ചേർന്നു. അവിടെ അദ്ദേഹത്തെ പ്രതീക്ഷിച്ചിരുന്നത് സന്യാസാർത്ഥികളുടെ ഗുരുപദമായിരുന്നു. ശിഷ്യന്മാരെ സത്പന്ഥാവിൽ നയിക്കുവാൻ ആഗ്രഹിക്കുന്നവർ, ഒന്നാമതായി അവർക്ക് ഉത്തമമാതൃകകളായിരിക്കേണ്ടതാണല്ലോ. സന്യാസാർത്ഥികളെ ആശ്രമനിയമങ്ങളും

www.malankaralibrary.com

സന്യാസനിഷ്ഠകളും അഭ്യസിപ്പിക്കുക എന്നതാണ് ഗുരുവിന്റെ ചുമതല. ഏതെങ്കിലും നിയമം മറന്നുപോയാൽ ഗുരുവിനെ നോക്കിയാൽ മതിയാകും എന്നു പറയത്തക്കവണ്ണം അത്ര തീക്ഷ്ണ മായി അദ്ദേഹം തപോജീവിതം അനുഷ്ഠിച്ചുവന്നു. പരിചയമില്ലാത്ത ആർക്കെങ്കിലും ആശ്രമഗുരുവിനെ കാണണമെങ്കിൽ ആശ്രമത്തിൽ അധികം പ്രയാസമുള്ളതും ദുർഘടകരവും, മനുഷ്യദൃഷ്ടിയിൽ ഹീനവുമായ ജോലി ചെയ്തുകൊണ്ടിരിക്കുന്ന ആളിനെ നോക്കിയാൽ മതിയാകുമായിരുന്നു.

ആശ്രമമുറിയിലും പാചകശാലയിലും യാക്കോബ് ശെമ്മാശ്ശൻ തന്നേ ഗുരു. ശാസ്ത്രീയമായ രീതിയിലുള്ള പാചകവൃത്തി പഠിക്കണമെങ്കിൽ ശെമ്മാശ്ശനെ സമീപിക്കണം. ആരാധനാഗീതങ്ങൾ ശാസ്ത്രീയമായി പഠിക്കേണ്ടതിനും അദ്ദേഹത്തെതന്നെ ശരണം പ്രാപിക്കണം. ക്രമവും ചിട്ടയും എക്കാലത്തും ഗുരുവിന്റെ കൂട്ടുസഖികളാണ്. കാൽമുട്ടുകൾ മടക്കി ധ്യാനനിരതനായി സക്രാരിയിൽ ദൃഷ്ടി പതിപ്പിച്ചുകൊണ്ട് സ്ഥിതി ചെയ്യുന്ന ശെമ്മാശനെ ഒരു നോക്കുകാണുന്നവർ പിന്നീട് ഒരിക്കലും ആ കാഴ്ച വിസ്മരിക്കുകയില്ല. പരിസരങ്ങളിലേയ്ക്ക് ഭക്തിസ്ഫുലിംഗങ്ങളെ പ്രസരിപ്പിക്കുന്ന ഭക്തിഗോളമത്രേ ധ്യാനനിരതനായ 'ഗുരു'വരൻ. ഈശോമിശിഹായുടെ വളർത്തു പിതാവായ വി.യൗസേപ്പ് പിതാവിനോട് ഗുരുവച്ചന് ഒരു പ്രത്യേക ഭക്തിയുണ്ടായിരുന്നു. ആ പുണ്യപിതാവിനെ ഒരു വിധം അനുകരിക്കുന്നതിനദ്ദേഹം നിശ്ചയിച്ചു. അല്പം ഒഴിവുകിട്ടിയാൽ ഗുരുവച്ചനെ ഉളിയും കൊട്ടുപിടിയുമായി കാണാം. ആശാരിപ്പണി അദ്ദേഹത്തിന്റെ പ്രിയംകരമായ ജോലിയായി. യഥാസമയം യാക്കോബ് ശെമ്മാശന് കശീശാപട്ടം നല്കപ്പെട്ടു. പൂർവാധികം തീക്ഷ്ണതയോടെ സന്യാസനിഷ്ഠകളും വൈദിക കൃത്യങ്ങളും ഗുരുവച്ചൻ അനുഷ്ഠിച്ചു തുടങ്ങി. ഇങ്ങനെ വർഷങ്ങൾ കുറേ മുമ്പോട്ടു നീങ്ങി. സന്യാസത്തിന്റെ വിവിധ പടികൾ കടന്ന് മഹദ് വ്രതത്താൽ യാക്കോബ് കശീശാ തന്നെത്തന്നെ എന്നന്നേക്കുമായി ദൈവത്തിനു ഹോമയാഗമായി അർപ്പിച്ചു. അതോടെ ഗുരുവച്ചൻ റമ്പാൻ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു. അധികനാൾ കഴിയുന്നതിനുമുമ്പ് വന്ദ്യ റമ്പാച്ചൻ തിരുവല്ലാ ബഥനിപ്പള്ളിയിൽ താമസമാക്കി. അക്കാലത്ത് 'പരമഭക്ത'നായ റമ്പാച്ചന്റെ അനുഗ്രഹം പ്രാപിപ്പാനായി നാനാജാതി മതസ്ഥരായ സ്ത്രീപുരുഷന്മാർ ദൈനംദിന തിരുവല്ലാ ബഥനിപ്പള്ളിയി

ലേക്കു വന്നുകൊണ്ടിരുന്നു. ബ്രാഹ്മണസ്ത്രീകൾപോലും അനുഗ്രഹം അഭ്യർത്ഥിച്ചുകൊണ്ട് പള്ളിവാതില്ക്കൽ കാത്തുനില്ക്കുന്ന കാഴ്ച അപൂർവമായിരുന്നില്ല.

വന്ദ്യ റമ്പാച്ചന്റെ ബഥനി പള്ളിയിലെ താമസം ചുരുങ്ങിയ കാലത്തേക്കേ ഉണ്ടായിരുന്നുള്ളുവെങ്കിലും, തിരുവല്ലായിലും പരിസരങ്ങളിലും അത് സ്ഥായിയായ ഫലങ്ങളെ പുറപ്പെടുവിച്ചു എന്ന് സംശയലേശമെന്യേ പറയാം. 1928 ധനു മാസം 5-ാം തീയതി എപ്പിസ്കോപ്പ സ്ഥാനത്തേയ്ക്ക് തിരഞ്ഞെടുക്കപ്പെടുകയും 1929 കുംഭം 3-ാം തീയതി മാർ തിയോഫിലോസ് എന്ന അഭിധാനത്തിൽ ബഥനി യുടെ എപ്പിസ്കോപ്പായായി വാഴിക്കപ്പെടുകയും ചെയ്തു. കൊച്ചു തിരുമേനി തന്റെ അധികാരത്തിൻ കീഴിലുള്ള ബഥനിപള്ളികൾ സ്വതസിദ്ധമായ കൃത്യനിഷ്ഠയോടെ എന്നാൽ ആർഭാടരഹിതമായി ഭരിച്ചു വന്നു. കഴിഞ്ഞ ഏതാനും കൊല്ലങ്ങളായി എഴുത്തു കുത്തി ലിരുന്ന കത്തോലിക്ക പുനരൈക്യപ്രസ്ഥാനം ഇക്കാലത്തോടെ ഏതാണ്ട് സാധിതപ്രായമായി. പക്ഷേ, ഫലം ആശിച്ചതുപോലെയായിരു ന്നില്ല. വട്ടിപ്പണക്കേസിൽ വിജയലഹരിയിൽ മുഴുകി പുനരൈക്യ ആലോചനയിൽ ഉൾപ്പെട്ടിരുന്ന പല മെത്രാന്മാരും അൽമേനി പ്രമാണി കളും പിന്മാറുകയാണുണ്ടായത്. ഇതുകൊണ്ടൊന്നും മാർ ഈവാനിയോസ് തിരുമേനിയും മാർ തിയോഫിലോസ് തിരുമേനിയും ഭഗ്നാശരായില്ല. ദൈവമഹത്വത്തെയും ആത്മാക്കളുടെ രക്ഷയെയും മാത്രം ലാക്കാക്കി ഇതുവരെ അവർ വർത്തിച്ചു. ആ പരിശുദ്ധ നിയോഗം ഇപ്പോഴും അവരെ പ്രവൃത്യുന്മുഖരാക്കി. മാർ തിയോഫിലോസ് തിരുമേനി, തന്റെ മെത്രാപ്പോലീത്തയോടും, ഒരു പട്ടക്കാരൻ ഒരു ശെമ്മാശ്ശൻ, ഒരു അൽമേനി എന്നിവരോടുംകൂടെ 1930 സെപ്റ്റംബർ 20-ാം തീയതി കൊല്ലം ബിഷോപ്പ് ഹൗസിൽ വച്ച് അഭിവന്ദ്യ ബൻസിഗർ തിരുമേനിയുടെ സന്നിധാനത്തിൽ വിശ്വാസപ്രതിജ്ഞ ചെയ്യുകയും തിരുസഭാമാതാവിന്റെ വിസ്തൃതമായ മടിയിൽ സാഹ്ലാദം സ്വീകരിക്കപ്പെടുകയും ചെയ്തു.

തുടർന്ന് 1933-ൽ തിരുവല്ല രൂപത ഔദ്യോഗികമായി സ്ഥാപിക്ക പ്പെടുകയും അഭിവന്ദ്യ തിയോഫിലോസു തിരുമേനി അതിന്റെ പ്രഥമ ബിഷോപ്പായി അവരോധിക്കപ്പെടുകയും ചെയ്തു. പുനരൈക്യ പ്രസ്ഥാനത്തിന്റെ പ്രാരംഭകാലത്തു വന്ദ്യതിരുമേനി അനുഭവിച്ചിട്ടുള്ള ക്ലേശങ്ങൾ വാചാമഗോചരമത്രേ. ബന്ധുക്കൾ ശത്രുക്കളായി.

എവിടെയും ബഥനിക്കാർക്കെതിരായി ദോഷങ്ങളെ കേൾക്കുവാനുള്ളൂ. ഈ എതിർപ്പിന്റെ കേന്ദ്രമായ തിരുവല്ലാ നഗരിയത്രേ തിരുമേനിയുടെ ആസ്ഥാനം. ഈ സാഹചര്യത്തിലും പരമകാരുണ്യവാനായ ദൈവത്തിലുള്ള വിശ്വാസം തിരുമേനിയെ അക്ഷോഭ്യനായി നിലനിറുത്തി. അവിടുത്തെ സൗമ്യതയും വിനയശീലവും എതിരാളികളുടെ ക്രൗര്യത്തെ ശമിപ്പിയ്ക്കും. ഭക്തി പ്രചുരിമ അനേകരെ തങ്കലേക്ക് ആകർഷിക്കുകയും ചെയ്തു. തന്നെ സമീപിക്കുന്ന ഏവരിലും ഭക്തിയും ബഹുമാനവും ഉദ്ദീപിപ്പിക്കുവാൻ പര്യാപ്തമായ വർണ്ണനാരീതി ഈ കാലത്ത് അവിടത്തേക്ക് എത്രമാത്രം സഹായകമായിരുന്നു എന്നു പറഞ്ഞറിയിക്കേണ്ടതില്ല. ദൈവാനുഗ്രഹത്താലും വന്ദ്യതിരുമേനിയുടെ നിസ്തന്ദ്ര പരിശ്രമത്താലും തിരുവല്ലാ രൂപത ദൈനംദിനം അഭിവൃദ്ധി പ്രാപിച്ചുവന്നു. തിരുവല്ലാ, നിരണം, കവിയൂർ, കല്ലൂപ്പാറ, അയിരൂർ ആദിയായ പ്രധാന കേന്ദ്രങ്ങളിലെല്ലാം പള്ളികൾ സ്ഥാപിക്കപ്പെട്ടു. ബഥനിമഠം, ബഥന്യാശ്രമം, വൈദികസിമ്മനാരി, സെന്റ് ജോസഫ് പ്രസ്സ്, സ്കൂളുകൾ ആദിയായ പൊതുസ്ഥാപനങ്ങളും തിരുമേനിയുടെ അവിശ്രമപരിശ്രമത്തിനു സാക്ഷികളായി നിലകൊണ്ടു. തിരുവല്ലാ രൂപതയുടെ ബാലാരിഷ്ടതകൾ ഏതാണ്ട് പരിഹരിക്കപ്പെട്ടു. ഇനി തിരുമേനിയുടെ കടമയായി ശേഷിക്കുന്നത് നിത്യനഗരമായ റോമായിലെത്തി പരിശുദ്ധ പിതാവിനെ മുഖംകാണിക്കുകയാണ്. കൃത്യവിലോപം എന്തെന്നറിഞ്ഞിട്ടില്ലാത്ത തിരുമേനി ശരീര ക്ഷീണം വകവയ്ക്കാതെ അതിനു പുറപ്പെട്ടു കഴിഞ്ഞു. ഇറ്റലി, ഫ്രാൻസ്, ബൽജിയം, ഇംഗ്ലണ്ട്, മുതലായ രാജ്യങ്ങളെല്ലാം സന്ദർശിച്ചു. വിജ്ഞാനസമ്പന്നനായി തന്റെ രൂപതയിലേക്ക് പ്രത്യാഗമിച്ചു. ഉന്മേഷത്തോടെ തിരുമേനി രൂപതാ ഭാരം കയ്യേറിയെങ്കിലും അധികം താമസിയാതെ രോഗാതുരനാവുകയാണുണ്ടായത്.

സന്ന്യാസനിഷ്ഠകളും പരിത്യാഗജീവിതവും നയിച്ചിരുന്ന വന്ദ്യപിതാവ് ബഥനി ആശ്രമത്തിൽ താമസിക്കുന്ന കാലത്ത് വർഷത്തിലൊരിക്കൽ ആയുർവ്വേദചികിത്സ നടത്താറുണ്ടായിരുന്നു. എന്നാൽ പുനരൈക്യപ്പെട്ടതിനുശേഷം അതിനുള്ള അവസരം അദ്ദേഹത്തിനു കിട്ടിയില്ല. വിശ്രമമില്ലാത്ത അധ്വാനം അദ്ദേഹത്തെ അനാരോഗ്യവാനാക്കിത്തീർത്തു. വിദേശയാത്ര കഴിഞ്ഞുവന്നപ്പോൾ ആരോഗ്യനില മെച്ചമായിരുന്നില്ല. തുടർന്ന് നടത്തിയ ആയുർവ്വേദ ചികിത്സ അത്ര ഗുണം ചെയ്തില്ല. അതിനുശേഷം ബാംഗ്ളുരിൽ സെന്റ് മർത്താസ് ആശുപത്രിയിൽ ചികിത്സയ്ക്കും വിശ്രമത്തിനുമായി

പോയെങ്കിലും രൂപതാഭരണം മുമ്പോട്ടുകൊണ്ടുപോകുവാൻ സാധിക്കാത്തവിധം അദ്ദേഹം രോഗാതുരനാകുകയും ദൈവഹിതത്തിന് വിധേയപ്പെട്ട് തന്നെയും രൂപതയെയും ദൈവപരിപാലനയ്ക്ക് സമർപ്പിച്ചുകൊണ്ട് ചികിത്സയിൽ പ്രവേശിക്കുകയും ചെയ്തു.

തിരുവല്ലാ രൂപതയെയും പുനരൈക്യപ്രസ്ഥാനത്തെയും വളർത്തി വലുതാക്കാൻ സ്വയം സമർപ്പിച്ച നാൽപ്പത്തിനാലുകാരനായ ഈ തിരുമേനിയെക്കുറിച്ചുള്ള ദൈവഹിതം 'സഹനത്തിലൂടെ ദൈവത്തെ മഹത്വപ്പെടുത്തുക' എന്നുള്ളതായിരുന്നു. ഗോത്ര പിതാവായ ജോസഫിന്റെയും തോബിത്തിന്റെയും ജോബിന്റെയുമൊക്കെ സഹനം ദൈവവിശ്വാസിക്ക് എന്നും ഒരു പ്രഹേളികയാണ്. ദൈവപുത്രന്റെ പീഡാനുഭവവും കുരിശുമരണവും ഉത്ഥാനവും മിശിഹാനുകരണത്തിന്റെ അനിവാര്യമായ ഘടകമാണെന്നു തിരിച്ചറിയുന്നതുവരെ സഹനം ചോദ്യമായി അവശേഷിക്കും. പ്രാർത്ഥനയും തപോജീവിതവും പ്രശാന്തമായ സഹനവും വഴി സന്ന്യാസജീവിതം നയിച്ചിരുന്ന തിരുമേനി മെത്രാനായ ശേഷവും അത് നിലനിർത്തിയിരുന്നതിനാൽ തന്റെ രോഗാവസ്ഥയിലും ആ ആദ്ധ്യാത്മികാരൂപി നിലനിർത്തി. 21 വർഷം രോഗാവസ്ഥയിൽ കഴിഞ്ഞ തിരുമേനിയെക്കുറിച്ച് 1956 മെയ് മാസം 9-ാം തീയതി രൂപതാദ്ധ്യക്ഷനായിരുന്ന സക്കറിയാസ് മാർ അത്തനാസ്യോസ് തിരുമേനി എഴുതിയ ഒരു കാര്യം പിതാവിന്റെ ആത്മീയ ഉയർച്ചയെ സൂചിപ്പിക്കുന്നുണ്ട്. "ഒരു ചികിത്സ കൂടി നടക്കുന്നത് നല്ലതാണെന്ന വിശ്വാസത്തിൽ ശ്രീ കാക്കു വൈദ്യന്റെ പ്രകൃതിചികിത്സ ആരംഭിച്ചിട്ടുണ്ട്. പ്രതീക്ഷക്കു വിപരീതമായി വളരെ സന്തോഷത്തോടെ തിരുമേനി ഈ ചികിത്സമുറയ്ക്ക് സ്വയം വിധേയനായിരിക്കുകയാണ്. വളരെ അനുസരണയോടും കൃത്യനിഷ്ഠയോടും കൂടെയാണ് വന്ദ്യ തിരുമേനി ചികിത്സകൾ നടത്തുന്നത്. അതു തന്നെ പ്രാർത്ഥനയുടെ ഒരു ഫലമാണ്." തിരുമേനിയുടെ രോഗാവസ്ഥയെക്കുറിച്ചും സഹനത്തോടുള്ള അദ്ദേഹത്തിന്റെ സമീപനത്തെക്കുറിച്ചും മനസ്സിലാക്കുന്നതിന് ബഹു.പക്കോമിയോസ് അച്ചന്റെ വാക്കുകൾ സഹായകമാണ് : "സദാ സൗമ്യനായിരുന്ന തിരുമേനി ഒരിക്കൽ പോലും ക്ഷോഭിച്ചു കണ്ടിട്ടില്ല. എത്രയും മിതഭാഷിയായിരുന്ന തിരുമേനിയിൽ നിന്നാശ്വസിപ്പി ക്കുന്ന വാക്കുകളല്ലാതെ വിഷമിപ്പിക്കുന്ന ചോദ്യങ്ങളോ വിമർശിക്കുന്ന സംസാരമോ ഉണ്ടായിരുന്നില്ല. ഉദരത്തിൽ ദുസ്സഹമായ വേദന അനുഭവിച്ചിരുന്നപ്പോഴും അതു പുറമേ പ്രത്യക്ഷപ്പെടുത്താതി

രിപ്പാനും മറ്റുള്ളവരെ അറിയിക്കാതിരിപ്പാനും സ്വതസിദ്ധമായ പ്രസന്നതയോടും ഒരു താപസന്റെ സഹിഷ്ണുതയോടും കൂടെയാണ് സഹിച്ചത്."

37 വർഷം സന്ന്യാസിയായും 27 വർഷം മേൽപ്പട്ടക്കാരനായും ഈ ലോകത്തിൽ ജീവിച്ച തിരുമേനി 21 വർഷം രോഗത്തിലും, ചികിത്സയിലും, സഹനത്തിലും കഴിച്ചുകൂട്ടി. 4 വർഷം മാത്രം രൂപതാഭരണം നടത്തി. രൂപതയുടെ ആത്മീയവും ഭൗതികവുമായ വളർച്ചയ്ക്ക് ഉറപ്പുള്ള അടിസ്ഥാനമിട്ട തിരുമേനി ശേഷിച്ച 21 കൊല്ലവും ആരോഗ്യവാനായിരുന്നെങ്കിൽ എത്രമാത്രം അഭിവൃദ്ധി രൂപതയ്ക്കും പുനരൈക്യപ്രസ്ഥാനത്തിനും ഉണ്ടാകുമായിരുന്നുവെന്ന് ആരും ചോദിച്ചുപോകും! ദൈവഹിതം വേറൊന്നായിരുന്നു.

'ഞങ്ങളെക്കുറിച്ച് അങ്ങേക്ക് വ്യക്തമായ ഒരു പദ്ധതി ഉണ്ടെന്നും അതിലുൾക്കൊള്ളുന്നതാണ് ഞങ്ങളുടെ സുഖദുഃഖങ്ങളൊക്കെയും എന്ന് ഞങ്ങൾക്ക് അനുഭവവേദ്യമാക്കണമെ' എന്ന് ദീർഘകാലം പ്രാർത്ഥിച്ച മാർ തെയോഫിലോസ് തിരുമേനി ദൈവഹിതം മനസ്സിലാക്കി സഹനത്തിന്റെ അനുഭവം പ്രത്യാശയോടു കൂടി സ്വീകരിച്ചു. 1956 ജൂൺ 27ന് തന്റെ രോഗകിടക്കയ്ക്ക് ചുറ്റും പ്രാർത്ഥിച്ചു കൊണ്ടിരുന്നവരെ തന്റെ വലതുകരം ഉയർത്തി ആശീർവദിച്ചനുഗ്രഹിച്ച തോടെ കണ്ണുകളടച്ച് തന്റെ പാവനാത്മാവിനെ താൻ കാത്തിരുന്ന കർത്താവിന്റെ കരങ്ങളിൽ ഭരമേൽപ്പിച്ചു.

ഭൗമീകപറുദീസായിൽ മാലാഖമാർക്കടുത്ത ജീവിതം നയിച്ച തെയോഫിലോസ് തിരുമേനി യഥാർത്ഥ പറുദീസായുടെ അവകാശി യായിരിക്കുന്നു. ഈ ലോകത്തിൽ താൻ സ്നേഹിക്കുകയും സേവിക്കുകയും ആരാധിക്കുകയും സ്തുതിക്കുകയും ചെയ്ത നാഥനെ മാലാഖമാരോടും രക്തസാക്ഷികളോടും വിശുദ്ധരോടും സ്വർഗ്ഗ രാജ്ഞിയായ പരിശുദ്ധ ദൈവമാതാവിനൊടുമൊത്ത് സ്തുതിച്ച് മഹത്വപ്പെടുത്താനുള്ള ഭാഗ്യത്തിന്റെ അവകാശി. ദൈവസന്നിധിയി ലായിരിക്കുന്ന തിരുമേനി തന്റെ സ്വന്തമായ ബഥനിയ്ക്കുവേണ്ടിയും മലങ്കരസഭയ്ക്കുവേണ്ടിയും പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നുവെന്ന് ഈ രണ്ടു പ്രസ്ഥാനങ്ങളും പ്രാപിച്ചുകൊണ്ടിരിക്കുന്ന കൃപകൾ തന്നെ സ്ഥിരീകരിക്കുന്നു. താപസനായ ഈ വന്ദ്യപിതാവിന്റെ ആഴമായ ആദ്ധ്യാത്മികത ഓരോ ക്രിസ്ത്യാനിക്കും പ്രചോദനമാകട്ടെ.

www.malankaralibrary.com

# ഭാഗം മൂന്ന്

**അഭിവന്ദ്യരായ മാർ ഈവാനിയോസ്, മാർ തിയോഫി ലോസ്, മാർ സേവേറിയോസ് എന്നീ തിരുമേനിമാർ ബഥനി സന്യാസി സമൂഹത്തിന് എഴുതിയ കത്തുകളുടെയും ആ കത്തുകൾക്ക് സമൂഹാദ്ധ്യക്ഷന്മാർ എഴുതിയിട്ടുള്ള മറുപടികളുടെയും പകർപ്പ്.**

## 1

Archbishop's House
Trivandrum
5 April 1935

My Lord,

I write with reference to your request for some members of Bethany Ashram; Do you still desire it? Are you prepared to give them accommodation and maintenance so that they may form a Branch house? The Brothers that come from here will be subject to your authority as local ordinary in all Diocesan matters; but they will be subject to the Superior General at Trivandrum in all matters pertaining to the Religious life.

If you are agreeable to this arrangement, I shall let you have them. I am sending the Rev. Fr. Joshua and the Rev. Fr. Abraham to talk over details so as to effect a speedy settlement on this matter.

With profound veneration, I remain
Yours in our Blessed Lord,
(Sd) Mar Ivanios

To

His Lordship Mar Theophilos
Bishop of Thiruvalla

www.malankaralibrary.com

# 2

No. 372/35
Catholic Bishop's House

Thiruvalla
15 May 1935

May it please Your Grace,

I am in receipt of Your Grace's letter per Fr. Joshua. Much work remains to be done for the Rule and Constitution (Part I as well as Part II) of the Congregation of the Imitation of Christ. Fr. Placid has only made his remarks as whatever clauses were proposed to him. We have not engaged his attention with a view to codifying the Rule and Constitution. Many details have to be defined and some more arrangements of the matter already written remain to be done.

I am trying to the engage Fr. Marcelus or Fr. Ephrem of Pulinkunnu along with Fr. Casianos, the Novice master of the Ashram here. If Fr. Joshua or Fr. John also sit with them, the work can be prepared better and sooner.

Since the giving of the Rule is a very solemn act, we should prepare the Rule with the best care possible.

Let the Brothers come immediately to Thiruvalla. They may use the present Rule and Constitution till the solemn giving of it takes place.

I shall be grateful if Your Grace will allow the brothers to stay for a while at the house at Thirumoolapuram till the arrangements at Thachamat is complete for their stay.

With profound veneration and in union of prayers,

I beg to remain.

Your Grace's most beloved servant

(Sd) Mar Theophilos

PS: May I remind Your Grace to bring along with you the Liturgy of laying of the foundation stone of churches which has been sent back to Trivandrum.

## 3

Mar Ivanios OIC MA
Archbishop of Trivandrum

Archbishop's House
Trivandrum
16.5.1938

Rev and Dear Father,

തിരുവനന്തപുരത്തും തിരുവല്ലായിലുമുള്ള മിശിഹാനുകരണ പ്രഥമ സമൂഹങ്ങൾക്കുള്ള വിശുദ്ധ നിയമങ്ങൾക്കും ആചാരങ്ങൾക്കും ഏകീകരണം വരുത്തുവാനായി ഒരു കരടു നിയമവും ആചാരഗ്രന്ഥവും എഴുതിയുണ്ടാക്കി അതിരൂപതയിലേയും രൂപതയിലേയും അദ്ധ്യക്ഷന്മാരുടെ അടുക്കൽ സമർപ്പിക്കുന്നതിലേക്ക് തന്നെയും ഫാദർ ബർസ്ലീബായെയും അതിരൂപതയിൽനിന്നും, ഫാദർ അബ്രഹാമിനെയും ഫാദർ ജോണിനെയും രൂപതയിൽനിന്നും നിയമിച്ചിരിക്കുന്നു. അവർ മൂവരും ഉടനെ അവിടെ എത്തുന്നതാണ്. നിങ്ങൾ നാലുപേരും കൂടി ആശ്രമത്തിൽ താമസിച്ച് മേൽപറഞ്ഞ ജോലി നിർവഹിക്കുമല്ലോ.

To
Fr. Joshua OIC

God bless you
(Sd) Mar Ivanios

## 4

തിരുവല്ലാ രൂപതയുടെ വികാരി ജനറളായ പെ.ബഹു. മോൺസിഞ്ഞോർ വാച്ചാപറമ്പിൽ അവർകളുടെ മുമ്പാകെ മ്ശിഹാനുകരണ സന്യാസ സമൂഹത്തിലുൾപ്പെട്ടിരിക്കുന്നവർ ബോധിപ്പിച്ചുകൊള്ളുന്നത്.

അവിടുത്തെയും തിരുവനന്തപുരം അതിരൂപതയുടെ ആർച്ചുബിഷപ്പ് നി.വ.ദി.മ. ശ്രീ. മാർ ഈവനിയോസ് മെത്രാപ്പോലീത്താ

തിരുമനസ്സി ലെയും കല്പന പ്രകാരം തയ്യാറാക്കിയ മ്ശഹാനുകരണ സന്യാസ സഭയുടെ കരടു നിയമം. ഇതോടൊന്നിച്ചു സമർപ്പിക്കുന്നു. അതു സ്വീകരിച്ച് ആശിർവദിക്കണമെന്ന് അപേക്ഷിക്കുന്നു.

ഫാദർ അബ്രഹാം
ഫാദർ ബർസ്ലീബാ
ബഥന്യാശ്രമം ഫാദർ യോശുവാ
തിരുവനന്തപുരം ഫാദർ ജോൺ

Copy to Mar Ivanios

# 5

The Most Rev. Dr. Mar Ivanios OIC M.A.
Archbishop of Trivandrum
No. 496/40

Archbishop's House
Trivandrum
16 May 1940

ദൈവത്തിനു സ്തുതി

(മുദ്ര)

ദൈപകൃപയാലും തിരുസിംഹാസനത്തിന്റെ അനുഗ്രഹത്താലും തിരുവനന്തപുരം അതിരൂപതയുടെ ആർച്ചു ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായിൽ നിന്നും നമ്മുടെ വാത്സല്യ ഭാജനങ്ങളായ അതിരൂപതയിലെ മ്ശിഹാനുകരണ സമൂഹാംഗങ്ങൾ എല്ലാവർക്കും എഴുതുന്നത്.

വാത്സല്യ മക്കളേ,

ഈ സമൂഹം ഇപ്പോൾ ഒരു ഡയോസിസൻ സന്യാസ സമൂഹമാകുന്നു. ഡയോസിസൻ സന്യാസ സമൂഹത്തെ നയിക്കുന്നതായ തിരുസഭയുടെ കാനോനുകൾക്ക് ഈ സമൂഹം അധീനമാകുന്നു. എന്നാൽ ഭാവിയിൽ ഏതെങ്കിലും കാലത്ത് സമൂഹത്തിലെ അംഗങ്ങളുടെ പുണ്യാഭി വൃദ്ധിയും സംഖ്യാപരവുമായ സ്ഥാപനങ്ങളുടെ വളർച്ചയും കണ്ടിട്ട് തിരുസിംഹാസനത്തിൽ നിന്നും ഇതിനെ ഡയോസിസൻ എന്ന നിലയിൽ നിന്ന് ഉയർത്തുന്നതിന് ഇഷ്ടപ്പെടുന്ന

പക്ഷം അതനുസരിച്ച് തിരുസിംഹാസനത്തിൽ നിന്നും ചെയ്യുന്ന വ്യവസ്ഥകൾക്ക് ഈ സമൂഹം അപ്പോൾ മുതൽ അധീനമായിരിക്കും.

തിരുവല്ലാ ഡയോസിസൻ മ്ശിഹാനുകരണ സമൂഹത്തിന് 1939 സെപ്റ്റംബർ 12-ാം തീയതി അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്കാ തിരുമനസ്സുകൊണ്ട് 375/39-ാം നമ്പർ കല്പനപ്രകാരം കൊടുത്തിട്ടുള്ള നിയമസംഹിതയും പ്രസ്തുത കല്പനയുമനുസരിച്ചു "രൂപതാദ്ധ്യക്ഷൻ" എന്ന് പ്രസ്താവിച്ചിരിക്കുന്നത് അതിരൂപതാദ്ധ്യക്ഷൻ എന്ന് തിരുത്തി ടി കല്പനയുടെ കാലാവധി അവസാനിക്കുന്ന 1942 സെപ്റ്റംബർ 12-ാം തീയതി വരെ നിങ്ങൾ ഇവയെ സ്വീകരിച്ചും അനുഷ്ഠിച്ചും നടന്നുകൊള്ളാൻ ഇതിനാൽ നാം അനുവദിച്ചിരിക്കുന്നു.

മാർ സേവേറിയോസ് തിരുമേനിയുടെ ഒപ്പും മുദ്രയും വച്ചുകൊടുത്തിട്ടുള്ള നിയമസംഹിതയും ടി കല്പനയും മുകളിൽ പറഞ്ഞ ഭേദഗതികളോടുകൂടെ പകർത്തിയെഴുതി നമ്മുടെ ഒപ്പും മുദ്രയും പതിച്ച് സമൂഹാംഗങ്ങൾ എല്ലാവർക്കും കൊടുക്കുന്നതിന് റവ. ഫാദർ യോബിനെ, പ്രത്യേകം ചുമതലപ്പെടുത്തിയിരിക്കുന്നു.

ഈ സമൂഹത്തിന്റെ ഇപ്പോഴത്തെ നിലയ്ക്ക് അപ്രായോഗികമായി ടി നിയമസംഹിതയിലുള്ള ഭാഗങ്ങളെ സംബന്ധിച്ച് നമ്മുടെ ആജ്ഞപ്രകാരം ചെയ്തുകൊള്ളേണ്ടതാകുന്നു.

ദൈവമായ കർത്താവിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരുടെമേലും ഈ സമൂഹത്തിന്റെമേലും സദാ വർദ്ധിച്ചിരിയ്ക്കുമാറാകട്ടെ.

1940 മേയ് 16 -ാം തീയതി തിരുവനന്തപുരം അതിമെത്രാസന അരമനയിൽ നിന്ന്,

തിരുവനന്തപുരം ആർച്ചുബിഷപ്പു മാർ ഈവാനിയോസ് മെത്രാപ്പോലീത്താ

To

Rev. Fr. Job OIC
(Sd Mar Ivanios)

Bethany Ashram
Trivandrum

# 6

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അനുഗ്രഹത്താലും തിരുവല്ലാ ഭദ്രാസന ഇടവകയുടെ അപ്പസ്തോലിക അഡ്മിനിസ്ട്രേറ്റർ മാർ ജോസഫ് സേവേറിയോസ് മെത്രാപ്പോലീത്തായിൽ നിന്ന്.

(മുദ്ര)

നമ്മുടെ വാത്സല്യഭാജനങ്ങളായ ടി ഭദ്രാസന ഇടവക മ്ശിഹാനുകരണ സഭാംഗങ്ങൾ എല്ലാവർക്കും ഓരോരുത്തർക്കും ആയി എഴുതുന്നത്.

വാത്സല്യമക്കളെ,

സന്യാസ ജീവിതത്തെയും സന്യാസിമാരെയും കത്തോലിക്കാ തിരുസഭ വലിയ കാര്യമായിട്ടാണ് എപ്പോഴും വിലമതിച്ചുപോരുന്നത്. തിരുസഭയുടെ വളർച്ചയ്ക്കും സ്ഥൈര്യത്തിനും സന്യാസിമാർ വളരെയധികം പരിശ്രമിച്ചിട്ടുണ്ടെന്നും പരിശ്രമിക്കുന്നുണ്ടെന്നും അവരുടെ മൂല്യങ്ങൾ ഫലപ്രദങ്ങളാണെന്നും തിരുസഭാചരിത്രം സാക്ഷ്യം വഹിക്കുന്നുണ്ട്. ലോകത്തെ മുഴുവൻ പരിത്യജിച്ച് ദൈവത്തിനായി മാത്രം ജീവിക്കുന്ന സന്യാസിമാരെപ്പോലെയുള്ള വരുടെ നിസ്വാർത്ഥസേവനം സഭയെ പണിതുറപ്പിക്കാതിരിക്കുക അസാദ്ധ്യമാണെന്ന് സ്വയം വ്യക്തവുമാണ്.

ബഥനി മ്ശിഹാനുകരണ സമൂഹത്തിന്റെ ആരംഭം യാക്കോബായ സഭയിൽ ആണെന്നും നമ്മുടെ റീത്തുപ്രസ്ഥാനം മുഖേന സത്യസഭയു മായുള്ള രക്ഷാകരമായ പുനരൈക്യത്തിന് ഈ സമൂഹമാണ് വഴിതെളിച്ചതെന്നും എല്ലാവരും അറിഞ്ഞിരിക്കുന്ന സംഗതികളാണ്. ആകയാൽ മലങ്കര അന്ത്യോക്യാ സുറിയാനി സഭയിൽ ഈ സമൂഹ ത്തിനുള്ള സ്ഥാനം അന്യാദൃശ്യവും ഈ സമൂഹം സകലരുടെയും പ്രശംസക്കു പാത്രീഭൂതവും ആണ് എന്നതിൽ രണ്ടുപക്ഷമില്ല. ഇങ്ങനെയുള്ള ഒരു സന്യാസസമൂഹത്തെ ആദരിയ്ക്കേണ്ടതും നിയമസംഹിതകൾകൊണ്ട് അതിനെ അഭിവൃദ്ധി പ്പെടുത്തേണ്ടതും മലങ്കര അന്ത്യോക്യാ സുറിയാനി സഭാദ്ധ്യക്ഷ ന്മാരുടെ ഒഴുച്ചുകൂടാത്ത ഒരു കടമയായി നാം കരുതുന്നു. നിയമങ്ങൾ പ്രകാരമുള്ള വ്രതാനു ഷ്ഠാനവും സന്യാസപരമായ ജീവിതവുമാണ് ഒരു സന്യാസിയെ പുണ്യപൂർണ്ണനാക്കി തിരുസഭാമാതാവിന്റെ പ്രശംസാ പാത്രമാക്കി

ലോകത്തിനു വെളിച്ചവും ഭൂമിക്ക് ഉപ്പുമാക്കിത്തീർക്കുന്നത്. ആകയാൽ വിശ്വസ്തതയോടെ നമ്മുടെ ഈ സമൂഹവും അതിന്റെ അംഗങ്ങളേവരും സ്വീകരിച്ചനുസരിക്കുന്നതിനായി തിരുവല്ലാ ഭദ്രാസന ഇടവകയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ എന്ന നിലയിൽ ഈ കഴിഞ്ഞ ഓഗസ്റ്റു മാസം 24-ാം തീയതി ഒരു നിയമസംഹിത പ്രസ്തുത തീയതിയിൽ മൂന്ന് വത്സരത്തേക്കായി നാം നിങ്ങൾക്കു പ്രദാനം ചെയ്യുകയും ചെയ്തു.

കൂലങ്കഷമായി അതിന്റെ രണ്ടാം ഭാഗത്തു പ്രതിപാദിച്ചിരിക്കുന്ന സംഗതികൾ സമൂഹത്തിന്റെ താല്ക്കാലിക സ്ഥിതിയ്ക്ക് പ്രായോഗിക ങ്ങളല്ലെങ്കിലും ഈ സമൂഹം ഏതു ലക്ഷ്യത്തെ ലാക്കാക്കി പ്രവർത്തിക്കണമെന്ന് അവ നിർദ്ദേശം നൽകിക്കൊണ്ടിരിക്കുന്നു.

സമൂഹത്തിന്റെ താല്ക്കാലിക നിലയെ മുൻനിർത്തിയും എന്നാൽ ഈ നിയമസംഹിതയുടെ പൂർണ്ണതയ്ക്ക് ഹാനി തട്ടാതെയും താല്ക്കാലിക വ്യവസ്ഥയായി താഴെ കാണുന്നപ്രകാരം നാം തീരുമാനിച്ചിരിക്കുന്നു. ഇപ്രകാരം ഈ സമൂഹത്തിന്റെ വളർച്ചയിൽ അപ്പപ്പോഴത്തെ താല്ക്കാലിക നിലയെ പരിഗണിച്ച് അവശ്യം ആവശ്യമായ വ്യവസ്ഥകൾ നാം ചെയ്തുവരുന്നതുമായിരിക്കും.

വെറെ ഒരു നിശ്ചയം ചെയ്യുന്നതുവരെ ഈ സമൂഹത്തിന്റെ ഫാദർ ജനറൽ രൂപതാദ്ധ്യഷൻ തന്നെയാകുന്നു. ഈ നിയമ സംഹിതയനു സരിച്ച് ഫാദർ ജനറലിനു പ്രത്യേകമായി വച്ചിരിക്കുന്ന ചുമതലകളും അധികാരങ്ങളും അവകാശങ്ങളും രൂപതാദ്ധ്യക്ഷനിൽ തന്നേയോ ഒരു സുപ്പീരിയർ ജനറൽ മുഖാന്തിരമോ പ്രയോഗത്തിൽ കൊണ്ടുവരുന്ന തായിരിക്കും. അങ്ങനെയുള്ള കാര്യങ്ങളിൽ ആശ്രമാദ്ധ്യക്ഷനും അദ്ദേഹത്തിന്റെ കൗൺസിലേഴ്സും രൂപതാദ്ധ്യക്ഷന്റെ പ്രത്യേക ആലോചനക്കാരായിരിക്കും.

ആശ്രമത്തിന്റെ അംഗങ്ങളും നിത്യവ്രതസ്ഥരുമായ എല്ലാവരും ചേർന്ന് ആശ്രമാദ്ധ്യക്ഷനെയും അദ്ദേഹത്തിന്റെ കൗൺസിലേഴ്സി നെയും തിരഞ്ഞെടുക്കുന്നു. രൂപതാധ്യക്ഷൻ ആശ്രമാധ്യക്ഷനെ നിയമിച്ചു കല്പന കൊടുക്കുന്നു. തിരഞ്ഞെടുപ്പു സ്വീകാര്യമല്ലെങ്കിൽ വീണ്ടും ഒരു തിരഞ്ഞെടുപ്പു നടത്താൻ രൂപതാധ്യക്ഷൻ ആജ്ഞാപി ക്കുന്നതും വേണ്ടിയിരുന്നാൽ രൂപതാധ്യക്ഷൻ തന്നേ 'ഒരാളെ നോമിനേറ്റു ചെയ്ത് അശ്രമാധ്യക്ഷനായി നിയമിക്കുന്നതുമാകുന്നു.

നാം ആവശ്യപ്പെട്ടതനുസരിച്ച് ആഗസ്റ്റ് മാസം 24-ാം തീയതി നിങ്ങൾ യോഗം കൂടി ആശ്രമാധ്യക്ഷനായി തിരഞ്ഞെടുത്തിരിക്കുന്ന ബഹു. ഗീവർഗ്ഗീസ് കത്തനാരെത്തന്നെ ഈ സന്യാസസമൂഹത്തിന്റെ അധ്യക്ഷനും ആശ്രമ സുപ്പീരിയറും നമ്മുടെ വികാരിയുമായി ഇതിനാൽ നാം നിയമിക്കുന്നു.

ഇന്നു തന്നെ യോഗം കൂടി, ഈ കല്പന പരസ്യമായി വായിച്ച് ബഹു. ഗീവർഗ്ഗീസ് കത്തനാർ മേല്പറഞ്ഞ സ്ഥാനം സ്വീകരിക്കേണ്ടതും, ശേഷം ആശ്രമാംഗങ്ങൾ നിയമപ്രകാരമുള്ള അനുസരണവും ബഹുമാനവും അദ്ദേഹത്തിനു കൊടുക്കേണ്ടതുമാകുന്നു.

നമ്മുടെ പുനരൈക്യ പ്രസ്ഥാനത്തെയും ഈ സന്യാസ സമൂഹത്തെയും ഇന്നും എന്നും സഹായിച്ചുകൊണ്ടിരിക്കുന്ന കർമ്മലീത്താ സഭയോടു പൊതുവെയും അതിന്റെ പ്രിയോർ ജനറാളിനോടും, നമ്മുടെ ആശ്രമത്തിന്റെ സുപ്പീരിയറായി 1935 സെപ്റ്റംബർ മാസം മുതൽ നാളിതുവരെ ജോലി നോക്കിയിരുന്ന ബ. അംബ്രോസ് അച്ചൻ അവർകളോടും പ്രത്യേകമായുമുള്ള കൃതജ്ഞതയ്ക്കായി അവർക്കു വേണ്ടി അടുത്ത അവസരത്തിൽ തന്നേ നമ്മുടെ ആശ്രമത്തിന്റെ അധ്യക്ഷനായി ഇപ്പോൾ നിയമിതനായിരിക്കുന്ന ബ. ഗീവർഗ്ഗീസു കത്തനാർ ഒരു കുർബാന ചൊല്ലണം.

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും ഈ സമൂഹത്തിന്റെ മേലും നിങ്ങൾ ഓരോരുത്തരുടെ മേലും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ആയത് ദൈവമാതാവിന്റെയും ഈ സമൂഹത്തിന്റെ സംരക്ഷകരായിരി ക്കുന്ന മറ്റ് എല്ലാ ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നേ.

എന്ന് 1939 സെപ്റ്റംബർ മാസം 12-ാം തീയതി തിരുവല്ലാ ചെറുപുഷ്പഗിരി മന്ദിരത്തിൽ നിന്നും

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ ഇത്യാദി

+ (Sd) Mar Severios
Administrator Apostolic

# 7

The Most Rev. Mar Ivanios OIC MA

No. 496/41

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ ആനുകൂല്യത്താലും തിരുവനന്തപുരം ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായിൽ നിന്നും.

നമ്മുടെ വാത്സല്യഭാജനങ്ങളായി തിരുവനന്തപുരം അതിരൂപതയിലെ മ്ശിഹാനുകരണ (പ്രഥമ) സമൂഹാംഗങ്ങൾ എല്ലാവർക്കും എഴുതുന്നത്.

വാത്സല്യമക്കളെ,

1940 മേയ് 16-ാം തീയതി 496/40-ാം നമ്പർ കല്പനയോടു കൂടി നാം നിങ്ങൾക്കു തന്നിട്ടുള്ളതായ വി. നിയമ സംഹിതയിൽ താഴെപ്പറയുന്ന ഭേദഗതി വരുത്തി വായിച്ചു കൊള്ളണം. 21-ാം അദ്ധ്യായത്തിൽ 'പരിശുദ്ധ സിംഹാസനം' എന്നതിനുപകരം 'തിരുവനന്തപുരം അതിരൂപതാധ്യക്ഷൻ' എന്നുവായിക്കണം. ഈ ഭേദഗതി സമൂഹാംഗങ്ങൾ ഏവരെയും അറിയിക്കുന്നതിന് അധ്യക്ഷനായ റവ. ഫാദർ യോബിനെ ചുമതലപ്പെടുത്തിയിരിക്കുന്നു.

ദൈവമായ കർത്താവിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരുടെയുംമേൽ, വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവ മാതാവിന്റെയും സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനകളിൽ തന്നേ. ആമ്മീൻ

(Sd) Mar Ivanios

# 8

The Most Rev. Mar Ivanios OIC M.A.
No. 496/41

21.8.'42

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ ആനുകൂല്യത്താലും തിരുവനന്തപുരം ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായിൽ നിന്നും.

നമ്മുടെ വാത്സല്യഭാജനങ്ങളായ മ്ശിഹാനുകരണ ബഥനി പ്രഥമസമൂഹാംഗങ്ങൾ എല്ലാവർക്കും വാഴ്വ്.

ബഥനി ആശ്രമത്തിന്റെ അനുഷ്ഠിപ്പാനായി നല്കിയിട്ടുള്ള നിയമസംഹിതയുടെ കാലാവധി 1945 ഡിസംബർ 31-ാം തീയതി വരെയും നീട്ടിയിരിക്കുന്നു.

ദൈവമായ കർത്താവിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരുടെയുംമേൽ, വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവ മാതാവിന്റെയും സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനകളാൽ തന്നേ. ആമ്മീൻ

(Sd) Mar Ivanios

# 9

## ആശ്രമം സംയോജിപ്പിക്കുന്നതിനുള്ള കല്പന

From

The Most Rev.
Archbishop Mar Ivanios OIC
Metropolitan of Trivandrum
&
The Most Rev. Joseph Mar Severios
Administrator Apostolic of Thiruvalla

Archbishop's House
Trivandrum
Travancore. S. India

12 September 1948

ബഥനി ആശ്രമം എന്ന പേരുള്ള മ്ശിഹാനുകരണ പ്രഥമ സമൂഹത്തിലെ അംഗങ്ങളായി തിരുവനന്തപുരം അതിരൂപതയിലും തിരുവല്ലാ രൂപതയിലും അധിവസിക്കുന്നവരായ ആശ്രമസ്ഥന്മാർ എല്ലാവർക്കും വാഴ്വ്.

ഏക സമൂഹമായി ആരംഭിച്ചതും ഇപ്പോൾ ചില സാഹചര്യങ്ങളുടെ ഫലമായി രണ്ടു രൂപതകളിലും രണ്ടു സമൂഹമായി വർത്തിക്കുന്നതുമായ ഈ സമൂഹം പൊതുവായ ഒരു സുപ്പീരിയർ ജനറലിന്റെ കീഴിൽ ഏക സമൂഹമായി ഭാവിയിൽ നിലനിന്നു പോകുന്നതിന് വേണ്ട ആനുകൂല്യങ്ങൾ നിങ്ങൾക്കു ചെയ്തു തരണമെന്ന് നിങ്ങൾ ഞങ്ങളുടെ അടുക്കൽ ചെയ്തിട്ടുള്ള അപേക്ഷയെ ഞങ്ങൾ സ്വീകരിച്ചിരിക്കുന്നു. ഞങ്ങൾ ഇരുവരുടെയും അനുമതിയോടുകൂടി നിങ്ങൾക്കു തരുന്നതായ

www.malankaralibrary.com

നിമയസംഹിതയനുസരിച്ച് ഈ സമൂഹം മേലിൽ ജീവിക്കേണ്ട താകുന്നു. നിങ്ങളെല്ലാവരും ഒരു ദിവസത്തെ ധ്യാനമെടുക്കുകയും നിത്യവ്രതസ്ഥരായ എല്ലാ കശീശ്ശന്മാരും കൂടി ഒരു അധ്യക്ഷനെ തിരഞ്ഞെടുത്ത് ചാപ്റ്റർ യോഗം കൂടുകയും ആ യോഗത്തിൽ വച്ച് ഒരു സുപ്പീരിയർ ജനറലിനെയും അദ്ദേഹത്തിന്റെ ആലോചനക്കാരായി നാലു ജനറൽ കൗൺസിലറന്മാരെയും രഹസ്യ ബാലറ്റിൻ പ്രകാരം തിരഞ്ഞെടുക്കേണ്ടതുമാകുന്നു.

ഇങ്ങനെ തിരഞ്ഞെടുക്കപ്പെടുന്ന ആളുകളുടെ പേരുകൾ ഞങ്ങളുടെ അംഗീകാരത്തിനു സമർപ്പി ക്കേണ്ടതും ഞങ്ങളുടെ അംഗീകാരം ലഭിക്കുമ്പോൾ സമൂഹക്കാര്യ ങ്ങളെ നിയമാനുസരണം നടത്തിക്കൊള്ളുന്നതിനുള്ള അധികാരം തിരഞ്ഞെടുക്കപ്പെട്ടവർ പ്രാപിക്കുകയും ചെയ്യുന്നതാണ്. അനന്തരം അവർ വന്ന് ഞങ്ങളിൽ നിന്ന് ആശീർവാദം പ്രാപിച്ചുകൊണ്ട് ജോലിയിൽ പ്രവേശിച്ചു കൊള്ളേണ്ടതുമാകുന്നു.

ഈ കല്പന നടപ്പിൽ വരുത്തുവാനായി വെരി. റവ. ഫാദേഴ്സ് സെറാപ്യോനെയും, ജോണിനെയും ചുമതലപ്പെടുത്തിയിരിക്കുന്നതു മാകുന്നു.

സമൂഹത്തിന്റെ സ്ഥാപനോദ്ദേശ്യത്തിനനുസൃതമാം വണ്ണം സമൂഹാംഗങ്ങളുടെ ആധ്യാത്മിക സംശുദ്ധിയും പരിപൂർണ്ണതയും, ആത്മാക്കളുടെ രക്ഷയും ദൈവത്തിന്റെ മഹത്വവും മുൻനിറുത്തി എല്ലാ കാര്യങ്ങളും നിർവഹിക്കാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നിങ്ങളെ പ്രാപ്തരാക്കിത്തീർക്കട്ടെ.

ആയതു ദൈവമാതാവായ കന്യക മറിയാമ്മിന്റെയും സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനകളാൽ തന്നേ ആമ്മീൻ.

+ (Sd) Archbishop of Trivandrum

+ (Sd) Administrator Apostolic of Thiruvalla

# 10

## ജനറൽ കൗൺസിൽ തിരഞ്ഞെടുപ്പ് അംഗീകരണം

Archbishop's House
Trivandrum

25th September 1948

From

The Most Rev.
Archbishop Mar Ivanios OIC M.A. DD.LLD
Metropolitan of Trivandrum
&

The Most Rev. Joseph Mar Severios
Administrator Apostolic of Thiruvalla.

മ്ശിഹാനുകരണ സന്യാസ സമൂഹത്തിന്റെ സുപ്പീരിയർ ജനറലായ ഫാദർ ജോണിനു വാഴ്വ്.

പ്രിയനേ,

1948 സെപ്റ്റംബർ 12-ാം തീയതി ബഥനി സമൂഹാംഗങ്ങൾക്ക് ഞങ്ങൾ അയച്ച സംയുക്ത കല്പനപ്രകാരം സമൂഹ ജനറൽ ചാപ്റ്റർ കൂടി പൊതു ഉദ്യോഗവാഹികളെ തിരഞ്ഞെടുത്തതിന്റെ റിപ്പോർട്ട് സെപ്റ്റംബർ 21-ാം തീയതി ഞങ്ങളുടെ പക്കൽ സമർപ്പിക്കുകയുണ്ടായല്ലോ. ഈ തിരഞ്ഞെടുപ്പനുസരിച്ച് ഫാദർ ജോണിനെ സുപ്പീരിയർ ജനറലായും, ഫാദർ ഗീവർഗീസ്, ഫാദർ അബ്രഹാം, ഫാദർ സെറാഫിയോൻ, ഫാദർ പക്കോമിയോസ് എന്നിവരെ യഥാക്രമം ഒന്നാം കൗൺസിലർ, രണ്ടാം കൗൺസിലർ, മൂന്നാം കൗൺസിലർ, നാലാം കൗൺസിലർ എന്നീ സ്ഥാനങ്ങളിലും റവ. ഫാദർ സെറാഫിയോനെ സെക്രട്ടറി ജനറലായും റവ. ഫാദർ റഫായേലിനെ ഗീസബ്രാ ജനറലായും ഞങ്ങൾ അംഗീകരിച്ചു സ്ഥിരപ്പെടുത്തുന്നു.

നിയമപ്രകാരം പൊതു ഉദ്യോഗവാഹികളുടെ കാലാവധി ആറു വർഷത്തേക്കാണെങ്കിലും തല്ക്കാല സാഹചര്യങ്ങളിൽ ഇപ്പോഴത്തെ ഉദ്യോഗവാഹികളുടെ കാലാവധി ഒരു വർഷത്തേക്ക് ആക്കിയാൽ കൊള്ളാമെന്നുള്ള സമൂഹാംഗങ്ങളുടെ സെപ്റ്റംബർ 24-ാം

www.malankaralibrary.com

തീയതിയിലെ അപേക്ഷയേയും ഈ കല്പന മുഖാന്തിരം ഞങ്ങൾ അനുവദിച്ചിരിക്കുന്നു.

ദൈവം അനുഗ്രഹിക്കട്ടെ
+ Mar Ivanios OIC
Archbishop

+ Mar Severios
Administrator Apostolic of Thiruvalla

# 11

## തെരഞ്ഞെടുപ്പ് അംഗീകരണം

Archbishop's House
Trivandrum

5th October 1949

From

The Most Rev.
Archbishop Mar Ivanios OIC M.A. DD.LLD
Metropolitan of Trivandrum
&
The Most Rev. Joseph Mar Severios

നമ്മുടെ സ്നേഹഭാജനമായ ഫാദർ ജോഷ്വായ്ക്ക് വാഴ്വ്.

കർത്താവിൽ പ്രിയനേ,

ബഥനി മ്ശിഹാനുകരണ പ്രഥമ സമൂഹത്തിന്റെ സുപ്പീരിയർ ജനറളായി താങ്കളെ പ്രസ്തുത സമൂഹത്തിലെ ജനറൽ ചാപ്റ്റർ കൂടി തിരഞ്ഞെടുത്ത് അംഗീകാരത്തിനായി ഞങ്ങളുടെ അടുക്കൽ സമർപ്പിച്ചിരിക്കുന്നതിനെ ഞങ്ങൾ സന്തോഷപൂർവ്വം അംഗീകരിച്ച് താങ്കളെ ഈ കല്പനമൂലം അടുത്ത രണ്ടു വർഷക്കാലത്തേയ്ക്കായി നിയമിച്ചിരിക്കുന്നു. ഈ കാലത്ത് താങ്കളുടെ ആലോചനക്കാരായിരിക്കുവാൻ തക്കവണ്ണം ഒന്നാം കൗൺസിലറായി ഫാദർ പക്കോമിയോസി

നെയും രണ്ടാം കൗൺസിലറായി ഫാദർ ജോണിനെയും മൂന്നാം കൗൺസിലറായി ഫാദർ ഗീവർഗീസിനെയും നാലാം കൗൺസിലറായി ഫാദർ യോബിനെയും ചാപ്റ്റർ തിരഞ്ഞെടുത്തിരിക്കുന്നതിനെയും ഞങ്ങൾ അംഗീകരിച്ച് ആ സ്ഥാനങ്ങളിലേയ്ക്ക് നിയമിക്കുന്നു. സെക്രട്ടറി ജനറളായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഫാദർ ജോണിനെയും, പ്രൊക്യുറേറ്റർ ജനറളായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഫാദർ സെറാഫിയോനെയും ഈ കല്പനമൂലം നിയമിക്കുന്നു.

കഴിഞ്ഞയാണ്ടിൽ സുപ്പീരിയർ ജനറലിനെ തിരഞ്ഞെടുക്കുന്ന തിനു മുമ്പ് സമൂഹത്തിന്റെ വിശുദ്ധ നിയമാവലി ഞങ്ങൾ തന്നിട്ടുള്ളതു നിർദ്ദേശങ്ങൾക്കനുസരണമായി നിങ്ങൾ തന്നേ തയ്യാറാക്കി ഞങ്ങളുടെ അംഗീകാരത്തിന് സമർപ്പിക്കണമെന്നു ഞങ്ങൾ ആജ്ഞാപിച്ചിരുന്നുവെ ങ്കിലും ആ കാര്യം ഇതുവരെ നിർവഹിച്ചിട്ടില്ല. ഇന്നു മുതൽ നാലു മാസത്തിനകം ഈ നിയമാവലി തയ്യാറാക്കി ഞങ്ങളുടെ അംഗീകാരത്തി നായി സമർപ്പിക്കേണ്ടതാണ്.

നിങ്ങളുടെയും കൗൺസിലേഴ്സിന്റെയും സ്നേഹം, അനു സരണം, മാതൃകാപരമായ ജീവിതം എന്നിവയെല്ലാം നിമിത്തം ഈ സന്യാസ സമൂഹത്തിനും തന്നിമിത്തം മലങ്കര സുറിയാനി കത്തോ ലിക്കാ സഭയ്ക്കും തിരുസഭയ്ക്കും പൊതുവായും അനുഗ്രഹവും ദൈവത്തിന് വലുതായ മഹത്വവും ഉണ്ടാകുവാൻ ദൈവം നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ദൈവമായ കർത്താവിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളുടെ എല്ലാവരുടെ മേലും വർദ്ധിച്ചിരിക്കുമാറാകട്ടെ!

ആയതു ദൈവമാതാവായ വി. കന്യകമറിയാമിന്റെയും പ്രത്യേ കിച്ച് ബഥനിയുടെ സംരക്ഷക വിശുദ്ധനായ മാർ ബസേലിയോസി ന്റെയും സകല ശുദ്ധിമാന്മാരുടെയും പ്രാർത്ഥനകളാൽ തന്നേ-അമ്മീൻ.

+ (Sd) Mar Ivanios

+ (Sd) Mar Severios

www.malankaralibrary.com

# 12

## വി. നിയമം അംഗീകരണത്തിനു സമർപ്പിക്കുന്നു

Holy Redeemer's Monastery
Thiruvalla
November 25, 1949

തിരുവനന്തപുരം അതിരൂപതയുടെ അർച്ചുബിഷോപ്പായ നി.വ.ദി.മ. ശ്രീ മാർ ഈവാനിയോസു മെത്രാപ്പോലീത്താ തിരുമനസ്സിലെ സന്നിധാനത്തിൽ, മ്ശിഹാനുകരണ സന്യാസസമൂഹത്തിന്റെ സുപ്പീരിയർ ജനറൽ ഫാദർ ജോഷ്വാ ബോധിപ്പിച്ചുകൊള്ളുന്ന അപേക്ഷ.

തിരുമനസ്സുകൊണ്ട് കല്പിച്ചനുവദിച്ചിട്ടുള്ളതും മ്ശിഹാനുകരണ സമൂഹത്തിൽ നിലവിലിരിക്കുന്നതുമായ നിയമസംഹിതയിൽ, 5–10–49–ലെ വന്ദ്യതിരുമേനിമാരുടെ സംയുക്ത കല്പനപ്രകാരം അത്യാവശ്യമായ ഭേദഗതികൾ ചെയ്തു തയ്യാറാക്കിയിട്ടുള്ള പുതിയ നിയമ സംഹിത അംഗീകരണത്തിനായി തിരുമുമ്പാകെ സമർപ്പിച്ചു കൊള്ളുന്നു. വന്ദ്യ തിരുമേനിമാരുടെ നിർദ്ദേശപ്രകാരം ആവശ്യമില്ലാത്ത ഏതാനും അദ്ധ്യായങ്ങൾ വി. നിയമം രണ്ടാം ഭാഗത്തിൽ നിന്നു നീക്കം ചെയ്തിട്ടുണ്ട്. മറ്റ് അദ്ധ്യായങ്ങളിൽ നിസ്സാര ഭേദഗതികൾ മാത്രമേ വരുത്തിയിട്ടുള്ളു. തിരുസഭയിൽ നിലവിലിരിക്കുന്ന കാനൻ നിയമങ്ങൾക്കനുസൃതമായ വി. നിയമം രൂപീകരിക്കുവാൻ ജനറൽ ചാപ്റ്റർ പ്രത്യേകം ശ്രദ്ധിച്ചിട്ടുള്ളതാകുന്നു. കരുണാപുരസ്സരം നിയമസംഹിത അംഗീകരിച്ചുതന്ന് സമൂഹത്തെ ആശീർവദിപ്പാറാകണമെന്ന് സവിനയം അഭ്യർത്ഥിച്ചുകൊള്ളുന്നു.

ആശീർവാദങ്ങൾക്കായി അപേക്ഷിച്ചുകൊള്ളുന്നു.

വിനീതവിധേയൻ

ഒപ്പ്

ഫാദർ ജോഷ്വാ
(സുപ്പീരിയർ ജനറൽ)

Copy sent to His Grace the Most Rev. Joseph Mar Severios BA. BD., Ad. Apo. of Thiruvalla

# 13

(തിരുവല്ലാ രൂപതയുടെ അഡ്മിസ്ട്രേറ്റർ അപ്പസ്തോലിക് നി.വ.ദി.മ. ശ്രീ ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ സന്നിധാനത്തിൽ)

1951 ജനുവരി 22-ൽ തിരുവല്ലാ ദിവ്യരക്ഷകാശ്രമത്തിൽ വച്ചുകൂടിയ ജനറൽ ചാപ്റ്റർ ചെയ്ത നിശ്ചയം 22-1-1951ൽ തന്നേ തിരുവനന്തപുരം ആർച്ചുബിഷോപ്പു തിരുമേനിക്കും തിരുവല്ലാ മെത്രാൻ തിരുമേനിക്കും അയച്ചുകൊടുത്തു. തിരുവനന്തപുരം ആർച്ചു ബിഷപ്പ് നി.വ.ദി.മ. ശ്രീ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ സന്നിധിയിൽ ബോധിപ്പിച്ചുകൊള്ളുന്നു. വന്ദ്യപിതാക്കന്മാരുടെ 17-12-1950-ലെ കല്പനയോടുകൂടെ നലകപ്പെട്ടിട്ടുള്ള പുതിയ നിയമാവലി സംബന്ധിച്ച് ആലോചിക്കുവാനായി 1951 ജനുവരി 22-ാം തീയതി തിരുവല്ലാ ദിവ്യരക്ഷകാശ്രമ ത്തിൽ വച്ച് ജനറൽ ചാപ്റ്റർ കൂടി. ഈ വിഷയത്തിൽ ചാപ്റ്റർ അംഗങ്ങൾക്കുള്ള അഭിപ്രായങ്ങൾ തിരുമനസ്സറിയിച്ചു കൊള്ളുന്നു.

1. നിലവിലിരിക്കുന്ന തിരുസഭാനിയമങ്ങൾക്ക് അനുയോജ്യമല്ലാത്തതും അപ്രായോഗികവും, പരസ്പരവിരുദ്ധവും ദീർഘകാലമായി സമൂഹത്തിൽ നടപ്പിലിരിക്കുന്ന രീതികളെ പാടെ വ്യത്യാസപ്പെടുത്തുന്നതും ആയ പലവകുപ്പുകളും ഈ നിയമാവലിയിൽ ഞങ്ങൾ കാണുന്നു. ദയാപുരസ്സരം അവ നിയമാവലിയിൽ നിന്നു മാറ്റി തരണമെന്നഭ്യർത്ഥിക്കുന്നു.

2. സമൂഹ സംയോജനത്തിനുശേഷം പലപ്പോഴും വന്ദ്യപിതാക്കന്മാർ നിർബന്ധമായി ആജ്ഞാപിച്ചിട്ടുള്ളതനുസരിച്ച് 5-10-1949-ൽ നൽകിയിട്ടുള്ള സംയുക്ത കല്പനപ്രകാരവും സമൂഹ ചാപ്റ്റർ കൂടി, വന്ദ്യപിതാക്കന്മാരുടെ കല്പന സഹിതം ഞങ്ങൾക്ക് അനുവദിച്ചു തന്നിട്ടുള്ളതും നാളിതുവരെ നിലവിലിരിക്കുന്നതുമായ നിയമാവലിയെ അസ്പദമാക്കി അനേക ദിവസങ്ങൾ പ്രയത്നിച്ച് രൂപീകരിച്ച് വന്ദ്യപിതാക്കന്മാരുടെ അംഗീകരണത്തിന് ഞങ്ങൾ സമർപ്പിച്ചിട്ടുള്ളതുമായ നിയമസംഹിതയിൽ നിന്ന് വളരെ വിഭിന്നമായ ഒന്നായിട്ടാണ് പുതിയ നിയമാവലിയെ ഞങ്ങൾ കാണുന്നത്. അതിൽ ഞങ്ങൾക്ക് അപാരമായ സങ്കടമുണ്ട്.

സമൂഹജീവിതത്തിൽ അവശ്യം നടക്കേണ്ട പലകാര്യങ്ങളും നടക്കാതെ കുഴയുന്നതിനാൽ ഞങ്ങൾ അത്യന്തം ഉൽകണ്ഠാകുല

രായിരിക്കുന്നു. വന്ദ്യപിതാക്കന്മാരുടെ കാരുണ്യമുണ്ടായി ഇവയ്ക്കെല്ലാം ഒരു ഉപശാന്തി വരുത്തി ഞങ്ങളെ അനുഗ്രഹിക്കണമെന്ന് അപേക്ഷിക്കുന്നു.

അനുഗ്രഹങ്ങളഭ്യർത്ഥിച്ചുകൊള്ളുന്നു.

ജനറൽ ചാപ്റ്ററിനുവേണ്ടി

Fr. Joshua (Sd)

## 14

### തിരുമേനിമാർ നിയമാവലി നല്കുന്നു

Archbishop's House
Trivandrum

The Most Rev.
Archbishop Mar Ivanios OIC M.A. DD.LLD
Metropolitan of Trivandrum
and
The Most Rev. Joseph Mar Severios
Bishop of Thiruvalla

Very Rev and Dear Father

ബഥനി ആശ്രമം എന്നറിയപ്പെടുന്ന മ്ശിഹാനുകരണ പ്രഥമ സമൂഹത്തിന്റെ വി.നിയമം ഇതോടൊന്നിച്ച് താങ്കളെ ഏല്പിക്കുന്നു. സമൂഹാംഗങ്ങൾ ഓരോരുത്തർക്കും ഈ വിശുദ്ധ നിയമത്തിന്റെ പ്രതി ആവശ്യമാകയാൽ ആയതിലേക്ക് കുറേ പ്രതികളും താങ്കളെ ഏല്പിക്കുന്നു.

ഈ വിശുദ്ധ നിയമം സമൂഹാംഗങ്ങൾ എല്ലാവർക്കും കൊടുക്കുകയും വിശുദ്ധ നിയമത്തിലെ ആമുഖോപന്യാസത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം 1951 ഏപ്രിൽ മാസം 15–ാം തീയതി മുതൽ ഈ വിശുദ്ധ നിയമം അനുസരിച്ചു നടക്കുകയും നടത്തിക്കുകയും ചെയ്തുകൊള്ളണം.

സമൂഹാംഗങ്ങളിൽ പുണ്യാഭിവൃദ്ധിയും സമൂഹത്തിന് ഐശ്വര്യവും കൈവരുത്തുവാൻ ഈ വിശുദ്ധനിയമം നിങ്ങളെ സഹായിക്കട്ടെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും ഈ സമൂഹത്തിന്റെ മേൽ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ആയതു ദൈവമാതാവായ വിശുദ്ധ കന്യകാമറിയാമിന്റെയും സകല ശുദ്ധിമാന്മാരുടെയും പ്രാർത്ഥനകളാൽ തന്നേ. ആമ്മീൻ

+ Mar Ivanios OIC
Archbishop of Trivandrum

+ Mar Severios
Bishop of Thiruvalla.

To
Fr. Joshua,
Superior General

## 15

### നിയമാവലി നടപ്പിലാക്കുവാനുള്ള പ്രയാസം അറിയിക്കുന്നു

Fr. Joshua,
Superior General

St. Thomas Betany Ashram
Chengannoor
10-4-1951

തിരുവനന്തപുരം അതിരൂപതയുടെ ആർച്ചുബിഷപ്പായ നി.വ.ദി. ശ്രീ. മാർ ഈവാനിയോസ് മെത്രാപ്പോലീത്താ മുമ്പാകെ ബോധിപ്പിച്ചു കൊള്ളുന്നത്.

അഭിവന്ദ്യ പിതാവേ,

1919 ൽ മിശിഹാനുകരണ സമൂഹത്തിലെ പ്രഥമാംഗങ്ങളായ അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനി (അന്നത്തെ ദിവ്യശ്രീ ഫാദർ പി.റ്റി.ഗീവറുഗീസ്) ഉൾപ്പെടെയുള്ള നാലുപേർ എഴുതി പിടിപ്പിച്ച നിയമാവലി മുതൽ തുടർച്ചയായി നിലനിന്നുവരുന്ന നിയമാവലിയുമായി സാരമായ വ്യത്യാസമുള്ള ഒരു പുതിയ നിയമാവലിയത്രേ ഇന്നു വന്ദ്യപിതാക്കന്മാർ എന്നെ ഏല്പിച്ചിട്ടുള്ളത്. അതു പാലിക്കാൻ സമൂഹാംഗങ്ങൾക്ക് കടമയില്ല. ആ സ്ഥിതിക്ക് വന്ദ്യതിരുമേനിമാരുടെ സംയുക്ത കല്പന പ്രകാരം പുതിയ നിയമാവലി അനുസരിച്ച് 1951 ഏപ്രിൽ 15-ാം തീയതി മുതൽ സമൂഹത്തെ നടത്തിച്ചുകൊള്ളാമെന്ന് ഏല്ക്കുവാൻ എനിക്ക് നിർവാഹമില്ല. വന്ദ്യ തിരുമേനിമാരുടെ

താല്പര്യപ്രകാരം പുതിയ നിയമാവലിയുടെ കോപ്പികൾ ആശ്രമത്തിൽ എത്തിച്ചുകൊള്ളാം. ആശീർവാദങ്ങൾക്കായി അപേക്ഷിച്ചുകൊള്ളുന്നു.

വിനീത വിധേയൻ,
Fr. Joshua

*Copy to*

Mar Severios with the following addition.

NB: ആശ്രമത്തിൽ നിന്നു വിട്ടുനില്ക്കുന്ന ബ.അച്ചന്മാർക്ക് നിയമാവലി അയച്ചു കൊടുക്കണമെന്നുള്ള പക്ഷം അവരുടെ മേൽവിലാസം അയച്ചുതരുവാൻ അപേക്ഷിക്കുന്നു.

Fr. Joshua OIC

## 16

Archbishop's House
Trivandrum
April11, 1951

The Most Rev.
Archbishop Mar Ivanios OIC M.A. DD.LLD
Metropolitan of Trivandrum

and

The Most Rev. Joseph Mar Severios
Bishop of Thiruvalla

Very Rev. and Dear Father

1951 ഏപ്രിൽ 10-ാം തീയതി ഞങ്ങൾ താങ്കളെ ഏല്പിച്ചതും ഏപ്രിൽ 15-ാം തീയതി മുതൽ നടപ്പിലാക്കണമെന്ന് ആജ്ഞാപിച്ചിട്ടുള്ളതുമായ വി.നിയമാവലി 139 a വകുപ്പിൽ 'ഇതേവരെ പ്രാബല്യത്തിലിരുന്ന നിയമ സംഹിത ഇതിനാൽ പിൻവലിച്ചിരിക്കുന്നു' എന്ന് ചേർത്തിട്ടുണ്ടല്ലോ.

ഇപ്പോൾ തന്നിട്ടുള്ള വി. നിയമത്തിൽ ജനറൽ കൗൺസിലറന്മാരുടെ സംഖ്യ രണ്ടായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതുകൊണ്ട് ഇപ്പോൾ 4 കൗൺസിലേഴ്സ് ഉള്ളതിൽ മൂന്നാമത്തെയും

നാലാമ ത്തെയും കൗൺസിലറന്മാർ രാജിവച്ചുകൊള്ളേണ്ടതും സുപ്പീരിയർ ജനറലും ഒന്നാമത്തെയും രണ്ടാമത്തെയും കൗൺസിലറന്മാരുംകൂടി ജനറൽ കൗൺസിലറന്മാരായി വർത്തിച്ചുകൊള്ളേണ്ടതുമാകുന്നു എന്ന് ഞങ്ങൾ ആജ്ഞാപിക്കുന്നു (വി.നിയമം 111 D, 124 A).

ഹൗസ് സുപ്പീരിയർമാർ മുതലായി ബാക്കിയുള്ള ഉദ്യോഗവാഹികൾ എല്ലാവരും അവരവരുടെ ഉദ്യോഗത്തിൽ തുടർന്നു പോകേണ്ടതും ഇപ്പോൾ തന്നിട്ടുള്ള വി.നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് അവരുടെ ചുമതലകൾ നിർവ്വഹിച്ചുകൊള്ളേണ്ടതുമാകുന്നുവെന്ന് ഞങ്ങൾ ആജ്ഞാപിക്കുന്നു.

ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും ഈ സമൂഹത്തിന്റെ മേൽ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

+ Mar Ivanios OIC
Archbishop of Trivandrum
+ Mar Severios
Bishop of Thiruvalla.

# 17

## സമൂഹ കാനോനിക സ്ഥാപന കല്പന

Archbishop’s House
Trivandrum
11 April, 1951

The Most Rev.
Archbishop Mar Ivanios OIC M.A. DD.LLD
Metropolitan of Trivandrum

നമ്മുടെ സ്നേഹഭാജനങ്ങളായ വെരി.റവ.ഫാദർ ജോഷ്വായ്ക്കും ബഥനി ആശ്രമാംഗങ്ങളെല്ലാവർക്കും വാഴ്വ്. ബഥനി ആശ്രമം എന്നറിയപ്പെടുന്ന മിശിഹാനുകരണ സന്ന്യാസി സമൂഹം 1919 ആഗസ്റ്റ് 15-ാം തീയതി നാം കശീശാ ആയിരുന്ന കാലത്ത് റാന്നി പകുതി, പെരുനാട് മുറി മുണ്ടൻമലയിൽവച്ച് ആരംഭിക്കുകയും 1920 സ്വർഗ്ഗാരോഹണതിരുനാളിൽ ഇദംപ്രഥമമായി അംഗങ്ങളുടെ സന്ന്യാസവ്രതം സ്വീകരിക്കുകയും കപ്പദോഷ്യയിലെ മെത്രാ

പ്പോലീത്താ ആയിരുന്ന വി.മാർ ബസേലിയോസിന്റെ നിയമസംഹിതയെ ആസ്പദമാക്കിയുള്ള സന്ന്യാസ നിയമങ്ങൾ നാം തരികയും ചെയ്തിട്ടുള്ളതാണ്. അനന്തരം 1930 സെപ്റ്റംബർ 20-ാം തീയതി നാം കാതോലികവും അപ്പസ്തോലികവും ഏകവും വിശുദ്ധവുമായ റോമൻ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടതിനെ തുടർന്ന് സമൂഹാംഗങ്ങൾ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുകയും സമൂഹത്തിന്റെ മാതൃമന്ദിരം തിരുവനന്തപുരത്തേക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തിട്ടുള്ളതാണ്. അനന്തരം സമൂഹത്തിന് അഭിവൃദ്ധിയും വളർച്ചയും ഉണ്ടായിട്ടുണ്ടെങ്കിലും, സമൂഹത്തെ കാനോനികമായി സ്ഥാപിക്കുന്നതിന് നമുക്ക് ഇതുവരെ സൗകര്യപ്പെട്ടിട്ടില്ല. സമൂഹം വളർന്ന് ഇപ്പോൾ ഒരു ഇന്റർ ഡയോസിസൻ സമൂഹമായി തീർന്നിരിക്കുന്നു. സമൂഹത്തിന്റെ സ്ഥാപനോദ്ദേശ്യത്തിന് അനുയോജ്യമായ വിധത്തിലും സമൂഹം സർവ്വോപരി അഭിവൃദ്ധിപ്പെടണമെന്ന് ആഗ്രഹിച്ചുകൊണ്ടും 1951 ഏപ്രിൽ 15-ാം തീയതി മുതൽ ഈ സമൂഹത്തെ ബാധ്യതപ്പെടുത്തുന്ന നിയമാവലി നാമും നമ്മുടെ എത്രയും ബഹുമാനപ്പെട്ട തിരുവല്ലാ രൂപതാദ്ധ്യക്ഷൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ തിരുമേനിയും കൂടി നിങ്ങൾക്കു തന്നിട്ടുള്ളതാകുന്നു. അതനുസരിച്ച് ഈ സമൂഹത്തെ കാനോനികമായി നാം സ്ഥാപിക്കുന്നു. ഈ നിയമാവലി പ്രാബല്യത്തിൽ വരുന്ന ഏപ്രിൽ 15-ാം തീയതി മുതൽ ഈ കാനോനിക സ്ഥാപന കല്പനയും പ്രാബല്യത്തിൽ വരുന്നതാണ്.

ദൈവമായ കർത്താവിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളുടെ മേൽ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

+ Mar Ivanios

Archbishop of Trivandrum

## 18

### ജനറൽ കൗൺസിൽ രാജിക്കത്ത്

30.4.1951

തിരുവനന്തപുരം അതിരൂപതയുടെ ആർച്ചുബിഷപ്പ് നി.വ.ദി. ശ്രീ. മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമുമ്പാകെയും

തിരുവല്ലാ രൂപതയുടെ ബിഷപ്പ് നി.വ.ദി.ശ്രീ മാർ സേവേറിയോസ് മെത്രാപ്പോലീത്താ തിരുമുമ്പാകെയും

താഴെ പേരെഴുതി ഒപ്പിട്ടിരിക്കുന്ന ബഥനി മിശിഹാനുകരണ സമൂഹ ജനറൽ കൗൺസിൽ അംഗങ്ങൾ സമർപ്പിച്ചുകൊള്ളുന്ന രാജിക്കത്ത്.

1. അഭിവന്ദ്യ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമേനിയുൾപ്പെടെയുള്ള ബഥനി പ്രഥമാംഗങ്ങൾ ഭക്ത്യാദരപൂർവ്വം എഴുതിപ്പിടിപ്പിച്ച് ഒപ്പിട്ടു സൂക്ഷിച്ചിട്ടുള്ള സമൂഹത്തിന്റെ പ്രഥമ നിയമാവലിയിൽ താഴെക്കാണുന്ന പ്രകാരം കാണുന്നു:-

"We have accepted the Constitution detailed below reserving for the General Chapter the complete right to revise the said Constitution according to the Rules laid down here below:

1. If at the end of the term of office (of the Superior Rev. Fr. P.T.Geevarghese) a new superior is elected, the retiring superior returns to his former place in the community and lives under obedience to the new superior like the rest of the brethren.

   The General Chapter consisting of all the fully professed brothers governs the community and regulates its work. The decisions of the General Chapter are final for all the brethren in all matters affecting the community.

1. വന്ദ്യ തിരുമേനിമാർ അംഗീകരിച്ചു തന്നിട്ടുള്ളതും ഞങ്ങൾ ചുമതലയേറ്റപ്പോൾ ആചരിപ്പാൻ, ഭരമേല്പിച്ചിട്ടുള്ളതും 1951 ഏപ്രിൽ 15-ാം തീയതിവരെ പ്രാബല്യത്തിൽ ഇരുന്നതുമായ നിയമാവലിയിൽ താഴെ വരുന്ന പ്രകാരം കാണുന്നു:-

   i. രൂപതാദ്ധ്യക്ഷനെയോ പരിശുദ്ധ സിംഹാസനത്തെയോ അറിയിക്കേണ്ട എല്ലാ കാര്യങ്ങളും

   ii. രൂപതാദ്ധ്യക്ഷന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതായി ഇപ്പോഴത്തെ ഭരണഘടനയിൽ വരുത്തേണ്ട ഏതേതു ഭേദഗതിയും

1. Canon 495.2. If the change involved is substantial, the Holy See must be consulted; for other matters tantamount to founding a new congregation, which right, according to canon 492.2 is reserved exclusively to the Holy See.

മേൽപറഞ്ഞ നിയമങ്ങളിൽനിന്ന് പുതിയ പുതിയ നിയമങ്ങൾ നല്കാനുള്ള അധികാരം സമൂഹസ്ഥാപകനെന്ന നിലയിൽ ആർക്കും തന്നെ ഇല്ലായെന്നും പരി.സിംഹാസനത്തിന്റെ അംഗീകരണത്തോടുകൂടി മാത്രമേ നിയമാവലിയിൽ കാതലായ ഭേദഗതികൾ വരുത്താവൂ എന്നും വ്യക്തമാണ്.

എന്നാൽ ഈയിടെ സമൂഹത്തിൽ നടന്നിട്ടുള്ള കാര്യങ്ങൾ മേൽപ്പറഞ്ഞ നിയമങ്ങൾക്ക് അനുസൃതമായിരിക്കുന്നില്ല.

1. സമൂഹത്തിന്റെ ജനറൽ ചാപ്റ്റർ പല പ്രാവശ്യം സമ്മേളിച്ച് രണ്ടു തിരുമേനിമാരുടെയും അംഗീകരണത്തോടെ 1951 ഏപ്രിൽ 15 വരെ നിലവിലിരുന്ന നിയമാവലിയിൽ അത്യാവശ്യമായ ചില ചില്ലറ ഭേദഗതികൾ വരുത്തിക്കൊണ്ട് അംഗീകരണത്തിനായി സമർപ്പിച്ച നിയമവലിക്ക് എന്തുപറ്റിയെന്ന് ആർക്കും ഒരു രൂപവുമില്ല.

2. 1951 ഏപ്രിൽ 15 മുതൽ നടപ്പിൽ വരുത്തുവാനായി വന്ദ്യതിരുമേനിമാർ അധികാരം പ്രയോഗിച്ച് നൽകിയിട്ടുള്ള നിയമാവലി, നാളിതുവരെ നിലവിലിരുന്ന നിയമാവലിയിൽ നിന്ന് സമൂഹാദർശം, സഭാവസ്ത്രം, ഭക്ഷണം, അംഗങ്ങൾക്ക് സുപ്പീരിയേഴ്സിനോ ടുള്ള ബന്ധം, സമൂഹവും മേലധികാരികളുമായുള്ള ബന്ധം എന്നിങ്ങനെയുള്ള കാതലായ അനേക കാര്യങ്ങളിൽ പാടേ വിഭിന്നമാണ് എന്ന് പ്രഥമദൃഷ്ടിയിൽ തന്നെ വ്യക്തമാണ്. അഭിവന്ദ്യ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തന്നേ പ്രസിദ്ധീകരിച്ചിട്ടുള്ള പ്രബന്ധങ്ങളും ഇതിനെ സാംശീകരി ക്കുന്നു. 22.1.1951, 15.2.1951 ഈ തീയതികളിൽ കൂടിയ ജനറൽ ചാപ്റ്ററുകൾ പ്രസ്തുത വിവരം അഭിവന്ദ്യപിതാക്കന്മാരെ അറിയിച്ചിട്ടുള്ളതുമാണ്.

3. സമൂഹനിയമാവലി സംബന്ധിച്ച് കാതലായ വ്യത്യാസങ്ങൾ പരിശുദ്ധ സിംഹാസനം അംഗീകരിച്ചു തന്നിട്ടുള്ളതായി നാളിതുവരെ ഞങ്ങൾക്ക് യാതൊരു അറിവുമില്ല. എങ്കിലും വന്ദ്യപിതാക്കന്മാർ പുതിയ നിയമാവലി നടപ്പിൽ വരുത്തുവാൻ ഊർജ്ജിതമായ ശ്രമങ്ങൾ തിടുക്കത്തിൽ നടത്തുകയും കല്പനകൾ പുറപ്പെടുവിക്കയും ചെയ്തുകൊണ്ടിരിക്കുന്നു.

ഈ സാഹചര്യത്തിൽ ഇനിയും സമൂഹത്തിന്റെ ചുമതലക്കാരായി തുടരുവാൻ ഞങ്ങൾ യാതൊരു സാധ്യതയും കാണുന്നില്ല. അങ്ങനെ തുടരുന്നതു സമൂഹത്തോട് ചെയ്യുന്ന ഒരു ദ്രോഹമായിരിക്കുമെന്ന് മനസ്സാക്ഷി ഞങ്ങളെ കുറ്റപ്പെടുത്തുകയും ചെയ്യുന്നു. അതിനാൽ സമൂഹത്തിന്റെ നന്മയെയും മനസ്സാക്ഷിയുടെ പ്രേരണയെയും പുരസ്കരിച്ച് താഴെ പേരെ ഴുതി ഒപ്പിട്ടിരിക്കുന്ന സമൂഹത്തിന്റെ ജനറൽ കൗൺസിൽ അംഗങ്ങളായ ഞങ്ങൾ ഏവരും ഞങ്ങളുടെ ഈ ഉദ്യോഗം രാജി വച്ചുകൊള്ളുന്നു. ഞങ്ങളുടെ രാജി സ്വീകരിച്ച് അനുഗ്രഹിപ്പാറാ കണമെന്ന് ഞങ്ങൾ വിനയപൂർവ്വം അപേക്ഷിക്കുന്നു.

നാളിതുവരെ വന്ദ്യതിരുമേനിമാർ ഉദ്യോഗനിർവ്വഹണത്തിൽ ഞങ്ങൾക്കു നൽകിയിട്ടുള്ള സകല സഹായ സഹകരണങ്ങൾക്കും വേണ്ടി ഹൃദയപൂർവ്വം നന്ദി പറകയും, അപ്പസ്തോലികാശീർവാദങ്ങൾക്കായി അഭ്യർത്ഥിക്കയും ചെയ്തുകൊള്ളുന്നു.

എന്ന്

വിനീതവിധേയൻ,

1. ഫാ. ജോഷ്വാ ഒ.ഐ.സി. (Sd) 30.4.51 — Superior General
2. ഫാ. പക്കോമിയോസ് ഒ.ഐ.സി. (Sd) 30.4.51 — First Councillor
3. ഫാ.ജോൺ ഒ.ഐ.സി. (Sd) 30.4.51. — Second Councillor

## 19

### രാജി അംഗീകരണ കല്പന

Archbishop's House
Trivandrum
19 May, 1951

The Most Rev. Archbishop Mar Ivanios OIC M.A. DD.LLD
Metropolitan of Trivandrum
And
The Most Rev. Mar Severios
Bishop of Thiruvalla

www.malankaralibrary.com

To

The Rev. Fathers Joshua OIC, Pachomios OIC and Fr. John OIC

Dear Rev. Fathers,

ബഥനി ആശ്രമത്തിലെ സുപ്പീര്യർ ജനറലും ജനറൽ കൗൺസിലേഴ്സുമായ നിങ്ങൾ മൂവരും കൂടി 30.4.51ൽ ഒപ്പിട്ടയച്ച രാജിക്കത്ത് കിട്ടി. സമൂഹാംഗങ്ങളുടെ അഭിപ്രായം ആരാഞ്ഞതിൽ ഈ രാജി സ്വീകരിക്കേണ്ടതാണെന്നു ഭൂരിപക്ഷം അംഗങ്ങൾ ഞങ്ങളെ അറിയിച്ചിട്ടുണ്ട്. നിങ്ങളുടെ പുണ്യാഭിവൃദ്ധിക്കും സമൂഹത്തിന്റെ ശ്രേയസ്സിനും നിങ്ങളുടെ രാജി സ്വീകരിക്കുന്നത് ആവശ്യമാണെന്നു ഞങ്ങൾ തീരുമാനിച്ചിരിക്കുന്നു. നിങ്ങളുടെ രാജി ഞങ്ങൾ സ്വീകരിച്ചിരിക്കുന്നു.

ഞങ്ങൾ ഇരുവരുംകൂടി 18.4.51 ൽ അയച്ച കല്പനയിൽ ഒരു കാനോനിക സന്ദർകനെ നിയമിക്കുന്നതിന് ഞങ്ങൾ തീരുമാനിച്ചിരിക്കുന്ന വിവരം ഞങ്ങൾ ഫാദർ ജോഷ്വായെ അറിയിക്കുകയും ഫാദർ ജോഷ്വാ സമൂഹാംഗങ്ങൾ എല്ലാവരെയും ആ വിവരം തെര്യപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണല്ലോ. കാനോനിക സന്ദർശകനായും, സമൂഹത്തിന്റെ സുപ്പീരിയർ ജനറലായും വെ.റവ.ഫാദർ സാലസ് T.O.C.D. യെ ഞങ്ങൾ നിയമിച്ചു കല്പന കൊടുത്തിരിക്കുന്നു. സമൂഹം വകയായ സർവ്വ റിക്കാർഡുകളും കണക്കും പണവും ഉടൻതന്നെ അദ്ദേഹത്തെ ഏല്പിച്ചുകൊള്ളണം.

നിങ്ങൾ അനുസരണത്തോടും വിനയത്തോടും ദൈവാശ്രയത്തോടും നിങ്ങളുടെ സ്വന്ത പുണ്യാഭിവൃദ്ധിക്കായി പരിശ്രമിക്കണമെന്ന് നിങ്ങളോടു ഞങ്ങൾ ഗുണദോഷിക്കുന്നു.

God bless you

Sd (Mar Ivanios

Sd. Mar Severios

●◆●

www.malankaralibrary.com

# ബഥനി പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ

| BP No. | | | |
|---|---|---|---|
| 64. | സീറോ മലങ്കര സഭ | - | മോറാൻ മോർ സിറിൾ മാർ ബസേലിയോസ് |
| 78. | യാക്കോബിന്റെ അനാഫുറ ഒരു പഠനം | - | ഫാ. ലൂയീസ് മൂലവീട്ടിൽ ഒ.ഐ.സി. |
| 129. | ആരാധനയിലെ അമ്മ | - | ഫാ. വർഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി. |
| 137 | വി.കുമ്പസാരം | - | മാർ ഈവാനിയോസ് |
| 138. | പുനരൈക്യരേഖകൾ | - | ഫാ. സി. കാഞ്ഞിരമുകളിൽ ഒ.ഐ.സി. |
| 141. | ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് Vol.1& II | - | ഫാ. ഇഞ്ചയ്ക്കലോടി |
| 142. | To Smile Cry to Ponder Vol.1 | - | Fr. Jose Mariadas O.I.C |
| 144. | വിശുദ്ധ കുർബ്ബാന | - | മാർ ഈവാനിയോസ് |
| 147. | മുറിവുകളുടെ സുവിശേഷം | - | ഫാ. ജോസ് മരിയദാസ് ഒ.ഐ.സി. |
| 148. | വചനവസന്തം | - | ഫാ. മാർട്ടിൻ പ്രേമാനന്ദ് ഒ.ഐ.സി. |
| 149. | പരിസ്ഥിതി വിചാരങ്ങൾ | - | ഫാ. ജോസ് മരിയദാസ് ഒ.ഐ.സി. |
| 153. | മലങ്കരസഭയുടെ വിശ്വസ്ത കാര്യസ്ഥൻ | - | ഫാ. ജോസ് മരിയദാസ് ഒ.ഐ.സി. |
| 158. | ക്രിസ്തീയ സഭാസംവത്സരം | - | മാർ ഈവാനിയോസ് ഒ.ഐ.സി. |
| 163. | സന്ന്യാസഭാഷ്യം ഒരു ഈവാനിയൻ ദർശനം | - | ഫാ. മത്തായി കടവിൽ ഒ.ഐ.സി. (ed.) |
| 164. | To Smile Cry to Ponder Vol.II | - | Fr. Jose Mariadas O.I.C |
| 165. | സന്ന്യാസജീവിത സഹായി | - | മാർ ഈവാനിയോസ് |
| 166. | ബഥനിയുടെ ബനഡിക്ട് | - | ഫാ. വി.തൈക്കൂട്ടത്തിൽ ഒ.ഐ.സി. (ed.) |
| 167. | ജ്വലിക്കുന്ന വചനം | - | ഫാ. വി.തൈക്കൂട്ടത്തിൽ ഒ.ഐ.സി. (ed.) |
| 168. | രണ്ടാമത്തെ ഉടുപ്പ് | - | ഫാ. ജോസ് മരിയദാസ് ഒ.ഐ.സി. |
| 169. | ജീവജലത്തിന്റെ അരുവികൾ | - | പീറ്റർ സി. എബ്രഹാം |
| 170. | History of the St.Thomas Christians in India | - | Fr. Sylvester Kanjiramukalil OIC |
| 172. | അനുഗ്രഹത്തിന്റെ ഗിരിശൃംഗങ്ങൾ | - | ഫാ. തോമസ് പ്രമോദ് ഒ.ഐ.സി. |
| 173. | ചാൾസ് ഡി ഫുക്കോ | - | ഫാ.ജ്ഞാനദാസ് ഒ.ഐ.സി. |
| 174. | ബഥനിയുടെ ഇന്നലെകൾ | - | ഫാ.സന്തോഷ് മഠത്തിൽ ഒ.ഐ.സി. |
| 175. | സൗഖ്യത്തിന്റെ സങ്കീർത്തനം (4-ാം പതിപ്പ്) | - | ഫാ. സജി ജോർജ്ജ് ഒ.ഐ.സി. |
| 176. | ബഥനി ഭരണസമിതി യോഗങ്ങളുടെ റിപ്പോർട്ടുകൾ | - | ഫാ. ജോഷ്വാ താവളത്തിൽ ഒ.ഐ.സി. |
| 177. | ബഥാനിയൻ ധ്യാനം | - | ഫാ. വില്യം നെടുമ്പുറത്ത് ഒ.ഐ.സി |
| 178. | വിശ്വാസത്തിന്റെ പ്രഭാനാളം | - | ശ്രീ. ജോമി തോമസ് കലയപുരം |
| 179. | ഗിരിദീപം (7-ാം പതിപ്പ്) | - | മാർ ഈവാനിയോസ് |
| 180. | മൂന്നക്ഷരം | - | ഫാ. പൊസേന്തി ഒ.ഐ.സി. |
| 181. | ബഥനി ആശ്രമത്തിന്റെ നാൾവഴികളിലൂടെ | - | ഫാ. ജെയിംസ് പുതുപ്പറമ്പിൽ ഒ.ഐ.സി. & ഫാ. എബി എബ്രഹാം ഒ.ഐ.സി. |

BP. No. 181
Bethany Publications, Kottayam
08 January 2018